Carmel Monastery,
P.O. Vazhakulam.
Kerala State

343

[illegible]

[illegible]

# സെറാഫ

# അമ്മംരംശൊടെത്രെസ്യ

എന്ന പുണ്ണ്യവാളത്തിയുടെ ചരിത്ര

സംക്ഷെപം.

ഇത കർമ്മലീത്താ സഭയിൽ ഉൾപ്പെട്ട
മിസ്സ്യൊനാരിമാരിൽ ഒരുത്തനാൽ ഇത്താല്യഭാഷയിലുള്ള
ചരിത്രങ്ങളിൽ നിന്ന സംക്ഷെപമായി എടുത്ത മലയാഴ്മ
പരിഭാഷപ്പെടുത്തപ്പെട്ടു

എത്രയും പെരികെപ്പെരികെ ബഹുമാനപ്പെട്ട
മലയാളമൊക്കയുടെയും വികാരി അപ്പസ്തൊലിക്ക ആയ

# പ്രെബണ്ദിനൊസ

# ദെസാന്തത്രെസ്യ

എന്ന നാമധെയം വിളങ്ങുന്ന
പാർസല്യ എന്നദിക്കിന്റെ മെത്രാപ്പൊലീത്ത
അവർകളുടെ കല്പനപ്രകാരം
മാന്നാനത്ത മാർയൌസെപ്പപുണ്ണ്യവാളന്റെ ആശ്രമത്തിൽ
ചെന്നഅച്ചുക്കൂട്ടത്തിൽ അടിക്കപ്പെട്ടത.

൧൲൮൱.

CARMEL CONVENT.

ൟശോ: മ: യ:

കെരള രാജ്യത്തിലെ അ: മാതാവിന്റെ

ശുശ്രൂഷികളായ കമ്മെലീത്ത ദെസ്കാൾസു

മൂന്നാം സഭക്കാരരുടെ

# പ്രിയൊരായിരിക്കുന്ന

വെ: ബ: കുറിയാക്കൊസ ഏലിയാസച്ചന്ന

കാഴ്ചകൊടുക്കപ്പെട്ടത.

കമ്മെലീത്ത സഭയൊക്കയുടെയും അലംകാരവും ദെസ്കാൾസു സഭയുടെ ഗുരുനാഥയും മാതാവും ആയിരിക്കുന്ന സെറാഫയ്ക്കൊത്ത അമ്മത്രെസ്യാ പുണ്യവാളത്തിയുടെ ൟ ചരിത്ര സംക്ഷെപം എല്ലാ ന്യായങ്ങളാൽ തങ്ങൾക്കുള്ളതായിരിക്കുന്നു. ൟ ശുദ്ധമാകപ്പെട്ട അമ്മയുടെനെരെ തങ്ങൾക്കുണ്ടായിരിക്കുന്ന വിശെഷ പക്ഷവും വണക്കവും, മക്കൾക്കടുത്ത പ്രിയവും ൟ അമ്മയുടെ നെരെയുള്ള വണക്കവും പക്ഷവും വൎദ്ധിപ്പിക്കുന്നതിന്നും പരപ്പിക്കുന്നതിന്നും തങ്ങൾക്കുള്ള ശുഷ്കാന്തിയും മതിയാകുന്ന ന്യായങ്ങൾ ആയിരുന്നാലും ഇവറ്റകളുടെമെൽ മിണ്ടടങ്ങിക്കൊണ്ടു എല്ലാവൎക്കും പ്രസിദ്ധമായിരിക്കുന്നതുകളെ മാത്രം ഇവിടെ ജ്ഞാപകപ്പെടുത്തുവാൻ ന്യായമായിരിക്കുന്നു: അതെന്തെന്നാൽ നമ്മുടെശുദ്ധമാകപ്പെട്ടഅമ്മ ഭൂമിയിങ്കൽ സഞ്ചരിച്ചിരുന്നനാളുകളിൽ ഇന്ത്യ ദെശത്തുകാരുടെ രക്ഷയ്ക്കുവെണ്ടി ചിന്തിയ കണ്ണുനീരുകൾ ൟ കെരള രാജ്യത്തിലും പൂൎണ്ണമായി ഫലിക്കുന്നതിന്ന സൎവ്വെശ്വരൻ നിശ്ചയിച്ച കാലം വന്നപ്പൊൾ ൟ അമ്മയുടെസങ്കെതം മഹാ ഏറിവൊടുകൂടെ തെടിയവനാര? ൟസങ്കെതത്തിൽ ക്രൂ

ട്ടപ്പെട്ടുന്നതിന്ന പിൻവാങ്ങാത്ത അപെക്ഷകളാൽ സാധിച്ചവനാര? ൟ ഭാഗ്യത്തിന്ന സംഗതിവന്നനാൾമുതൽ ഇന്നാൾവരെയും ൟ ശുദ്ധമാകപ്പെട്ടഅമ്മയ്ക്കു സന്തൊഷവും തൃപ്തിയും വരുവാൻ തക്കവണ്ണം ബഹു ശുഷ്കാന്തിയൊടുകൂടെ വെലചെയ്കയും ചെയ്യിക്കയും ചെയ്യുവനാര? ൟ ശുദ്ധമാകപ്പെട്ടഅമ്മയുടെ മക്കളായിരിക്കുന്ന കെരളത്തിലെ മൂന്നാം സഭക്കാര പിറന്ന ദിവസത്തിൽ തന്നെ അവരെ പിതാവായിട്ടും ഇടയനായിട്ടും തീററിവളൎത്തുന്നതിന്ന ചുമതല എററവനാര? തങ്ങൾതന്നെ ആയിരിക്കുന്നു. അപ്പഴൊ ഉചിതമായന്യായങ്ങളാൽ തങ്ങൾക്കുള്ളതായിരിക്കുന്ന തങ്ങളുടെ ഹൃദയത്തിന്ന എററം ഇൻപമുള്ള ൟ കാഴ്ച, നല്ല മനസ്സൊടെ കൈക്കൊണ്ടു ഇതിൻെറ വായനയാലുള്ളഫലങ്ങൾ അനുഭവിക്കുന്നതിന്ന തങ്ങളുടെ മക്കളായ സന്ന്യാസികൾക്കും കൂടപ്പിറപ്പുകളായ കെരളത്തിലെ സത്യവെദികൾക്ക എല്ലാവൎക്കും ഇടവരുത്തുവാനും, പാപി ആയ ഇനിക്കുവെണ്ടി അനുദിന അപെക്ഷകളിൽ പ്രാൎത്ഥിപ്പാനും അപെക്ഷിച്ചുകൊണ്ടു നിറുത്തുന്നു.

എന്ന ൧൮൭൭, കാലം കന്നിമാസം ൨൨ നു.

കൎമ്മലീത്ത ദെസ്കാൾസു സഭയിലുൾപ്പെട്ട മിസ്സ്യൊനാരിമാരിൽ ഒരുത്തൻ.

ഈ: മ: യ:

ഈശൊടെ ത്രെസ്യാ എന്ന
സെറാഫെയ്ക്കുട്ടത്തകപുണ്യവാളത്തിയുടെ
ചരിത്രം.

# ഒന്നാംകൂറ.

## ൧ാം അദ്ധ്യായം.

ത്രെസ്യാപുണ്യവാളത്തിയുടെ പിറവിയും, ചെറുപ്രായവും, പുണ്യവാളത്തിയുടെ മാതാപിതാക്കന്മാരുടെ അവസ്ഥയും, പുണ്യവാളത്തിയുടെ അമ്മയുടെ മരണവും, താൻ അപ്പൊൾ ചെയ്തതും.

കത്തൊലീക്ക തിരുസ്സഭയുടെ വീരന്മാർ എന്ന പെര വിളിക്കപ്പെടുന്ന പുണ്യവാളന്മാൎക്ക സ്തുതിയും മഹിമയും ഉണ്ടാകുന്നത അവരുടെ തറവാട്ടിന്റെ ശ്രെഷ്ഠതയാലല്ല പിന്നെയൊ ശുദ്ധമാകപ്പെട്ടവരുടെ തലവനും ഉടയനാഥനുമായിരിക്കുന്ന ഈശൊമിശിഹായുടെ പിന്നടിയിൽ നടന്ന പരമസമ്പത്തായിരിക്കുന്ന ദൈവീകപുണ്യങ്ങളെ അവര സമ്പാദിക്കുന്നതിൽനിന്ന അത്രെ, എന്നുവരികിലും പുണ്യവാളന്മാര തങ്ങളുടെ തറവാട്ടിന്റെ മഹിമ, സമ്പത്ത സൌഖ്യഭാഗ്യങ്ങൾ മുതലായ അനിത്യവാഴ്വുകളെ വെറുത്ത ഈശൊമിശിഹായുടെ കുരിശിനെ തെരിഞ്ഞെടുത്തതിനെ കൊണ്ട അവരുടെ എളിമ എററം ശൊഭിക്കുന്നതാകയാൽ അവരുടെ ചരിത്രമെഴുതുമ്പൊൾ അവരുടെ തറവാട്ടിന്റെ മഹിമ ചുരുക്കമായിട്ടെങ്കിലും അറിയിക്കുന്നത യുക്തമായിരിക്കയുംചെ

ള്ളുന്നു: എന്നാൽ ഇതുതന്നെ നമ്മുടെ പുണ്ണ്യവാളത്തിയുടെ പക്കൽ അതിശയിച്ചുകൊണ്ട കാണ്മാൻ ഇടയായിരിക്കുന്ന മഹിമയും അലങ്കാരവുമായിരിക്കുന്നു, അതായത: ശ്രെസ്സാപുണ്ണ്യവാളത്തി ദാരിദ്ര്യ അന്തസ്ഥിലും, എളിമയിലും തന്റെ ദിവ്യമണവാളന്റെ പിന്നടിയിൽ നടപ്പാനുള്ളതിന്ന തന്റെ തറവാട്ടിന്റെ ശ്രെഷ്ടതയും ബഹുമാനം സമ്പത്തുമുതലായ സുഖങ്ങളെയും അതിശയമായ മനൊധൈര്യത്തൊടുകൂടെ വെറുത്തതെന്നിയെ, അത്ഭുതമായ എളിമയെന്നപുണ്യത്താൽ അലങ്കരിക്കപ്പെട്ടവരായിരുന്നു. ഇതു ഹെതുവായിട്ട പിന്നത്തെ കാലങ്ങളിൽ പുണ്യവാളത്തി സ്ഥാപിച്ച കമ്മെലീത്ത ദെസ്കാൾസു സഭയുടെ ഒന്നാമത്തെ പ്രൊവിൻസ്യാൾ ആയ ഇറാണിമൊസു ഗ്രസ്യാനൊ, എന്ന ദെഹം ആവില പട്ടണത്തിൽ ചെന്ന നമ്മുടെ പുണ്യവാളത്തിയുടെ തറവാട്ടിന്റെ മഹിമകളെയും ശ്രെഷ്ടതയെയും അറിഞ്ഞ എഴുതുന്നതിന്ന അനെ്വഷം ചെയ്തുവരികയിൽ നമ്മുടെ എത്രയും എളിമയുള്ള പുണ്യവാളത്തി കുറെസങ്കടത്തൊടുകൂടെ പ്രൊവിൻസ്യാളിനൊട പറഞ്ഞതായത: ,,എന്റെ അച്ചാ! ഞാൻ ക
,,ത്തൊലീക്കാ തിരുസ്സഭയുടെ മകൾ ആയിരിക്കുന്നതിനാ
,,ലുള്ള മഹിമയിനിക്ക മതിയായിരിക്കുന്നു ഈ ലൊകത്തി
,,ൽ ഉണ്ടായിരിക്കുന്നതിൽ എററം നീചന്മാരായിരിക്കു
,,ന്ന മാതാപിതാക്കന്മാരിൽനിന്ന ഞാൻ പിറന്നിട്ടുള്ള
,,വളായിരുന്നാൽ എന്നതിനെകായിലും ഒരുപാവദൊ
,,ഷം ഞാൻപിഴെച്ചത എററം എന്നെ സംകടപ്പെടുത്തു
,,കയും ദുഃഖിപ്പിക്കയും ചെയ്യുന്നു,,

നമ്മുടെപുണ്യവാളത്തിയുടെ അപ്പൻ അലൊൻസൊ അല്ലെങ്കിൽഅല്ലൊൻസൊ, സാന്ക്കെസ്, ദെ ചെബെദ, എന്ന പെരുവിളിക്കപ്പെട്ടിരുന്നു: എന്നാൽ ഹിസ്പാന്യരാജ്യത്തിൽ സ്വന്ത തറവാട്ടുപെരിനൊടുകൂടെ, സാന്ക്കെസ് എന്നുകൂട്ടുന്ന തറവാട്ടുകാര കസ്റ്റില്ല്യ അല്ലെങ്കിൽ

ലെയൊനെ എന്ന രാജ്യത്തിലെ സാന്ക്ക്റ്റ്സ് രാജാ
വിൻെറ വംശക്കാരായ തറവാട്ടുകാരാകുന്നതിനെകൊ
ണ്ടായിരിക്കുന്നു: ഇതിനാലെയും, ചെബെദ എന്ന മഹി
മയുള്ള വിട്ടുപെരാലയും നമ്മുടെ പുണ്യവാളത്തിയുടെ
കുലശ്രെഷ്ഠത തിരിച്ചറിയപ്പെട്ടുകയുമ്മെയ്യുന്നു. പുണ്യവാ
ളത്തിയുടെ അമ്മ, ദൊന്ന, ബെഅത്രീച്ചെ, ദാവില, ദെന്ന
മാദ, എന്ന കുലശ്രെഷ്ടതയിൽ ഭർത്താവിനൊടു ഒത്തുനി
ല്പാൻ യൊഗ്യമുള്ളവളായ ഉത്തമ സ്ത്രീയായിരിക്കുന്നു: ഇ
വരിരുവരും മാനുഷമക്കളുടെമുമ്പാകെ തറവാട്ടിൻെറ
മഹിമയാലും സർവ്വെശ്വരൻെറ തിരുമുമ്പാകെ പുണ്യ
ങ്ങളാലും ബഹുമാനമുള്ളവരും പുകഴ്ചയ്ക്കു യൊഗ്യമുള്ള
വരുമായിരുന്നു.

(നമ്മുടെ പുണ്യവാളത്തിയുടെ വചനങ്ങളാ
കുന്നു) „എൻെറ അപ്പൻ ദാരിദ്ര്യക്കാരരുടെ നെ
„രെ മഹാ ഉപവിയും ദീനക്കാരരുടെ നെരെ വലി
„യ അനുഗ്രഹവുമുള്ളവനായിരുന്നു: അടിമക്കാരരുടെ
അവസ്ഥ ഒത്താൽ വളരെ അലിവും ദയയും തൊന്നിയി
„രുന്നതിനാൽ ചിററാഴ്മക്കാരരായിട്ട അവരെ നിർത്തുന്ന
„തിന്ന ഒരുനാളും അപ്പനെ സമ്മതിപ്പിപ്പാൻ ആർക്കും ഇ
„ടവന്നില്ല: ഇതു ഹെതുവായിട്ട അപ്പൻെറ സഹൊദര
„ൻെറ ഒരടിമക്കാരത്തി കുറെനാളത്തെക്ക ഞങ്ങളുടെ
„വീട്ടിൽ പാർക്കുന്നതിന്ന സംഗതി വന്നതിനാൽ അവ
„ളെ അപ്പൻ ആദിവസങ്ങളിൽ മകളെ പൊലെ വി
„ചാരിച്ച അവളൊടു പെരുമാറിയതുകൂടാതെ അവളു
„ടെ അവസ്ഥ ഒത്ത അവളെ സങ്കടംകൂടാതെ കാണ്മാ
„ൻ പാടില്ല എന്ന ഞങ്ങളൊടു പറഞ്ഞിരുന്നു: പട്ടാങ്ങ
„യെവളരെസ്നെഹിച്ചിരുന്ന ആണയെങ്കിലും പ്രാക്കെങ്കി
„ലും ഒരിക്കലും അപ്പൻെറ വായിൽനിന്ന പുറപ്പെട്ടിട്ടി
„ല്ല അപ്പൻെറ വ്യാപാരമൊക്കയിലും വളരെസ്തുതിപ്പാ
„ൻ തക്കകാര്യങ്ങൾ അല്ലാതെ കുററമായിട്ടയാതൊന്നു

,,മില്ലാഞ്ഞു,,

,,എന്റെ അമ്മയും വളരെ പുണ്യമുള്ളവളായിരുന്നു ,,അവളുടെ ജീവിതം ചടപ്പുതന്നെ: ഒരു ദീനത്തിന്ന ഭെ ,,ദം വന്നാൽ വെറിട്ടൊരു ദീനം തുടങ്ങും: അപൂൎവ് അ ,,ടക്കമവൾക്കുണ്ടായിരുന്നു: എത്രയും അഴകുള്ളവളായിരു ,,ന്നുവെങ്കിലും അതിനെ ഒരിക്കലും കൂട്ടാക്കിയില്ല എന്നു ,,തൊന്നുന്നു: മരിച്ചപ്പൊൾ അമ്മയ്ക്കു ൩൩ വയസ്സുണ്ടാ ,,യിരുന്നു എന്നുവരികിലും മരിക്കുന്നതിന്ന പലകാലം മു ,,മ്പുതുടങ്ങി വയസ്സികളായ യജമാനസ്ത്രീകളുടെ മുറയ്ക്കു ,,ഉടുത്തു വന്നിരുന്നു: അവരുടെശീലം ബഹുമധുരമുള്ള ,,തായിരുന്നു, ബൊധം വളരെ തെളിവുള്ളതും വിസ്താ ,,രമുള്ളതുമായിരുന്നു, ജീവിതകാലത്തിൽ ഇടവിടാതെ ,,എന്നപൊലെ അവര അനുഭവിച്ച പാടുകൾ വളരെ ,,യായിരിക്കുന്നു: കടശി അമ്മ പുണ്യവാളത്തിയെപൊ ,,ലെ മരിക്കയും ചെയ്തു,,

അപ്പഴൊനമ്മുടെപുണ്യവാളത്തി ഇങ്ങനെയുള്ള ഉത്തമ മാതാപിതാക്കന്മാരിൽ നിന്ന ൧൫൧൫ാം കാലം മീന മാസം ൨൮ാം൹-ബുധനാഴ്ചനാളിൽ പഴെയ: കസ്തീല്യ എന്ന നാട്ടിന്റെ എത്രയും കീൎത്തിപെട്ട പട്ടണമാകുന്ന ആവില എന്ന പട്ടണത്തിൽ പിറന്നു: അന്ന ശുദ്ധ·- പ ള്ളിയിൽ ൧൦ാമത്തെ ലെഒനെന്നശുദ്ധ·- മാർപാപ്പായും, ഹിസ്പാന്യ രാജ്യത്തിൽ ൫ാമത്തെ കർളൊസു എമ്പ്രദൊ രിന്റെ അമ്മയായ, ദൊന്ന, ജൊവാന്ന, എന്നരാജസ്ത്രീ യുടെപെക്ക ൫ാമത്തെ പെദ്രീനാൻദൊസും, കൎമ്മലീ ത്ത സഭയിൽ ജെനരാളായിട്ട ലൊകത്തിൽ പുണ്യംകൊ ണ്ടും, ശാസ്ത്രംകൊണ്ടും കീൎത്തിപെട്ടവനായിരിക്കുന്ന ജൊവംബപ്തീസ്ത, മന്ത്രൊവാനൊ എന്നദെഹവും വാ ണിരുന്നു·

നമ്മുടെ പുണ്യവാളത്തിയുടെ ചരിത്രക്കാരൻ തന്റെ പിറവിയുടെകാലം സംബന്ധമായിട്ട എഴുതിയതായത:

അലെമാന്ന്യ രാജ്യത്തിൽ ലുത്തെരു മുതലായ അന്തിക്രിസ്തുവിന്റെ പുരൊഗാമികൾ സൎവെശ്വരന്റെ മണവാട്ടിയായായിരിക്കുന്ന കത്തോലിക്ക തിരുസ്സഭയെ വളരെ ദുഃഖിപ്പിച്ചു ഇപ്പൊഴും ദുഃഖിപ്പിക്കുന്നവെന്ന നരകത്തിന്നടുത്ത ഇടത്തൂട്ടുകളെ രഹസ്യമായിട്ടു പഠിപ്പിപ്പാൻ തുടങ്ങിയ കാലത്തിൽ തിരുസ്സഭയെ വളരെ ആശ്വസിപ്പിപ്പാനിരുന്ന നമ്മുടെ വീരപതിയെ അനുഗ്രഹങ്ങളുടെ പിതാവായ സൎവെശ്വരൻ ഹിസ്പാന്ന്യ രാജ്യത്തിൽ പിറപ്പിക്കയും ചെയ്തു.

നമ്മുടെ പുണ്യവാളത്തിയുടെ വീട്ടിന്ന സമീപമായിരുന്ന മാർയൊഹന്നാൻ പുണ്യവാളന്റെ ഇടവകപള്ളിയിൽ മാമ്മൊദീസായെന്ന ദിവ്യക്രുദാശയാൽ ജ്ഞാനപ്രകാരമായി പിറക്കയും ചെയ്തു: ആ സമയത്ത വിശെഷ ദൈവാധീനത്താൽ പ്രത്യക്ഷക്കാരത്തിയെന്ന അൎത്ഥമായിരിക്കുന്ന തെരെസ്സ്യാ എന്ന പെരിട്ടുകയും ചെയ്തു: ത്രെസ്സ്യാ നന്നാ ചെറുപ്പമായിരുന്നപ്പൊൾക്രുടെയും അതായത നാലുവയസ്സ പ്രായംമുതൽ മുഖത്തിന്റെ വിശെഷ അഴകിനെ ആൎക്കെങ്കിലും ഇഷ്ടംതൊന്നിപ്പാൻ തക്ക ഗുണലക്ഷണങ്ങളാലും, മാലാഖാമാൎക്കൊത്ത അടക്കത്താലും, കുലശ്രെഷ്ഠതയ്ക്കൊത്ത ആചാരത്താലും മനൊധൈൎയ്യത്താലും അലങ്കരിപ്പിച്ചതിനെകൊണ്ട എല്ലാവൎക്കും ബഹു ഇഷ്ടമുള്ളവളായിരുന്നു: നമ്മുടെപുണ്യപ്പെട്ട പൈതലിന്റെ പക്കൽ പുണ്യമായിട്ടുള്ള നിരൂപണകളും, ചാഷ്ടിലുകളും, വിശെഷ ആചാരമുറകളും, പുണ്യവ്യാപാരവും, അഭ്യാസങ്ങളുമല്ലാതെ സാമാന്യ പൈതങ്ങൾക്കുടുത്തതായിട്ട യാതൊന്നുമില്ലാഞ്ഞു. ഇത ഹെതുവായിട്ട ഉത്തമ മാതാപിതാക്കന്മാൎക്കും ആങ്ങളമാൎക്കും ശെഷം വീട്ടുകാൎക്കും പുണ്യവാളത്തിയുടെമെൽ ബഹു പക്ഷവും ഇഷ്ടവുമുണ്ടായിരുന്ന തെന്നിയെ എറ്റം ബഹുമാനവും കുലശ്രെഷ്ഠതയുമുള്ള ആളുകൾക്ക ത്രെസ്സ്യായൊട്ട സം

സാരിപ്പാനും പെരുമാറുവാനും വളരെ താല്പൎയ്യമുണ്ടാ
യിരുന്നു, ആയവര എത്രയും വിവെകവും ബുദ്ധിസാമ
ൎത്ഥ്യവുമുള്ള അമ്മയെന്ന പെരായിട്ടു നമ്മുടെ പുണ്യവാള
ത്തിയെ വിളിക്കുമാറായിരുന്നു: ബുദ്ധിയുടെ ഉഷഃകാല
ത്തിൽതന്നെ ലൊകബഹുമാന സമ്പത്തുമുതലായ അനി
ത്യവാഴ്ചകളുടെമെൽ വെറുപ്പും പരമനന്മകളുടെമെൽ
ആഗ്രഹവും നമ്മുടെ പുണ്യവാളത്തിയുടെ ഹൃദയത്തി
ൽ നന്നാ വെരുപിടിച്ചിരുന്നതുകൂടാതെ ലൊകവൎത്തമാ
നങ്ങളെ കെൾക്കുന്നതിന്ന മനസ്സില്ലാതെ ധ്യാനം മിണ്ടാ
ട്ടക്കം എകാന്തം, പരിശുദ്ധ ദെവമാതാവിന്റെ മെലു
ള്ള ഭക്തി ഇവമുതലായ സൽകൃത്യങ്ങൾ തന്റെ ആ
ത്മാവിന്ന രുശിയുള്ള യാവനകൾ ആയിരുന്നു. എന്നാ
ൽ വിശെഷമായിട്ടുള്ള ആശയൊടും ഇമ്പത്തൊടും കൂ
ടെ പുണ്യവാളന്മാരുടെ ചരിത്രങ്ങളെ വായിച്ചു വന്നി
രുന്നു: ഈ വായനയാൽ എഴുവയസ്സു തികയുന്നതിന്നു മു
മ്പിൽ ദൈവസ്നെഹത്തിൽ വൎദ്ധിച്ചു, സൎവ്വെശ്വരനെ പ്ര
ത്യക്ഷ ദൎശനമായി കണ്ടനുഭവിക്കുന്നതിന്ന വെഗം മരി
പ്പാൻ ആഗ്രഹിച്ചു സൎവ്വെശ്വരനൊട തന്നെ മരിപ്പിപ്പാൻ
ദിവസംപ്രതി അപെക്ഷിച്ചു വന്നിരുന്നു. ഇങ്ങനെയുള്ള
പ്രായത്തിൽ അരൂപിക്കടുത്ത പുസ്തകങ്ങളെ വായിക്കുന്ന
തിന്ന ഇത്രതാല്പൎയ്യം വരുവാനുള്ള കാരണം നാം ശൊ
ധനചെയ്തു അന്വെഷിക്കുന്നുവെങ്കിൽ മാതാപിതാക്കന്മാ
രുടെ കണ്ടുപഠിത്വം ഇതിന്ന പ്രധാനകാരണമെന്നബൊ
ധിക്കയുമാം. നമ്മുടെപുണ്യവാളത്തി ഇതിന്മെൽ എഴുതി
സാക്ഷിച്ചിരിക്കുന്നതായത "എന്റെ അപ്പന്റെ പൂൎണ്ണ
„സന്തൊഷവും ഇഷ്ടവും നല്ല പുസ്തകങ്ങളുടെ വായന
„യിലായിരുന്നു: തന്റെ മക്കളും ആ പുസ്തകങ്ങളെ വാ
„യിക്കുന്നതിന്ന വശമാകുവാൻ നാട്ടുപെച്ചിൽ എഴുത
„പ്പെട്ട പുസ്തകങ്ങളെ വിശെഷ താല്പൎയ്യത്തൊടു കൂടെ
„അപ്പൻ പെരുമാറിവന്നിരുന്നു: ഇങ്ങനെയുള്ള വായന

,,കളും, നമസ്കാരത്തിലും, ദൈവമാതാവിന്റെ മെലും
,,മറ്റുചില പുണ്യവാളന്മാരുടെമെലും ഉള്ള ഭക്തിയി
,,ലും ഞങ്ങളെ അഭ്യസിപ്പിക്കുന്നതിന്ന അമ്മയ്ക്കുണ്ടായിരു
,,ന്ന താല്പൎയ്യവും ഇനിക്ക ഏററ ഏഴ വയസ്സായപ്പൊൾ
,,നന്മയ്ക്കായി എന്നെ ഉണൎത്തുകയും ചെയ്തു: അപ്പന്റെ
,,പക്കലും അമ്മയുടെപക്കലും പുണ്യത്തെ കുറിച്ചല്ലാതെ
,,മററ യാതൊരു താല്പൎയ്യം കാണ്മാനില്ലാഞ്ഞതിനാൽ പു
,,ണ്യത്തിൽ വൎദ്ധിക്കുന്നതിന്ന ഇനിക്ക വലിയ സഹായ
,,മായിരുന്നു,, ഇങ്ങനെയുള്ള പുണ്യദൃഷ്ടാന്തങ്ങളാലും മെ
ൽചൊല്ലിയ വായനകളാലും ആകാശമൊക്ഷത്തിന്റെ
യും നരകവെദനകളുടെയും അറുതിയില്ലായ്കയെ അതി
ശയമായ പ്രകാരത്തിൽ ഗ്രഹിച്ച ധ്യാനത്തിന ജീവിത
കാലം മുഴുവനും ചിലവഴിച്ച മഹാത്മാക്കൾക്ക സംഭ
വിക്കുന്നതുപൊലെ പരവശമായതിൻവണ്ണം എല്ലാ
പ്പൊഴും എന്നന്നെക്കും, എല്ലാപ്പൊഴും എന്ന നിലവിളി
കുമാറായിരുന്നു. എന്നാൽ ഠരംവൎത്തമാനമെല്ലാം പുണ്യ
വാളത്തിയുടെ പരമാൎത്ഥപ്പെട്ട വായിൽനിന്ന കെൾക്കു
ണം. "ഞാൻ എന്റെകൂടപ്പിറപ്പുകളെ എല്ലാവരെയും
,,വളരെ സ്നെഹിച്ചിരുന്നു അവരാൽ സ്നെഹിക്കപ്പെട്ടവ
,,ളായിരുന്നു എന്നുവരികിലും എകദെശം എന്റെ പ്രാ
,,യക്കാരനായിരുന്ന ആങ്ങളമാരിൽ ഒരുത്തനെ വിശെ
,,ഷാൽ ഞാൻസ്നെഹിച്ചിരുന്നു: അവനൊടുകൂടെ പുണ്യ
,,വാളന്മാരുടെ ചരിത്രങ്ങളെ വായിച്ചിരുന്നു, ആ വാ
,,യനയാൽ സഹദെന്മാര തമ്പുരാന്റെ സ്നെഹത്തെ പ്ര
,,തി സഹിച്ച വെദനകളെ കണ്ടറിഞ്ഞ അവര മൊക്ഷ
,,ഭാഗം എററം വിലസഹായമായിട്ട വാങ്ങിച്ചിട്ടുണ്ടാ
,,യിരുന്നുവെന്ന ഇനിക്കതൊന്നിയിരുന്നു, ഇതുനിമിത്തമാ
,,യിട്ട ഞാനും സഹദാട്ടിയായിട്ട മരിപ്പാൻആഗ്രഹിച്ചിരു
,,ന്നു: തമ്പുരാന്റെമെൽ ഇനിക്കുണ്ടായിരുന്ന സ്നെഹ
,,ത്തെപ്രതിയല്ല പിന്നെയൊ ആകാശമൊക്ഷത്തിൽ ഉ

,,ണ്ടെന്ന ഞാൻ വായിച്ചിരുന്ന വലിയ നന്മകളെ ചുരു
,,ക്കെ അനുഭവിപ്പാൻവെണ്ടി അത ഞാനാഗ്രഹിച്ചിരുന്നു:
,,മെൽചൊല്ലിയ ആങ്ങളയൊട്ടകൂടെ തനിച്ചുള്ള സ്ഥല
,,ത്തിൽ ചെന്ന എന്റെ ആഗ്രഹം നിറവെറുന്നതിന്ന
,,എന്തൊരു വഴിയുള്ളു എന്നതിന്മെൽ അവനൊട ആ
,,ലൊചിച്ചിരുന്നു ൟവണ്ണം ആലൊചിച്ചുവരികയിൽ
,,തമ്പുരാന്റെ സ്നെഹത്തെപ്രതി ധൎമ്മം തെണ്ടികൊണ്ടുത
,,ല വെട്ടപ്പെട്ട സഹദെന്മാരായിട്ട മരിക്കുന്നതിന്ന കാ
,,പ്പിരിദെശത്തിൽ പൊകുവാൻ ഞങ്ങൾ നിശ്ചയിച്ചു:
,,ഇത്ര ചെറുപ്പമായിരുന്നുവെങ്കിലും തമ്പുരാനെപ്രതി
,,എന്തെങ്കിലും സഹിപ്പാൻ മതിയാകുന്ന ധൈൎയ്യം തമ്പു
,,രാൻ ഞങ്ങൾക്ക തന്നിരുന്നുവെന്ന എനിക്ക തൊന്നുന്നു:
,,എന്നാൽ മാതാപിതാക്കന്മാര ജീവിച്ചിരുന്നതുകൊണ്ടു
,,ഇത വലിയവിഘ്നമാകുന്നുവെന്ന തൊന്നിയിരുന്നു അറു
,,തിയില്ലാത്ത മൊക്ഷ ഭാഗ്യവും അറുതിയില്ലാത്ത നരക
,,ദുഃഖങ്ങളും ഉണ്ടെന്ന പുസ്തകങ്ങളിൽ വായിച്ചിരുന്ന
,,തിനെകൊണ്ട വളരെഭയം ഇതിന്മെൽ തൊന്നിയിരു
,,ന്നു: ഇങ്ങിനെയുള്ള കാൎയ്യങ്ങളുടെമെൽ സംസാരിക്കുന്ന
,,തിന്ന എറിയനെരം ഞങ്ങൾ ചിലവഴിച്ചുവന്നിരുന്നു:
,,അതിന്നിടയിൽ എല്ലാപ്പൊഴും, എന്നന്നെക്കും, എല്ലാ
,,പ്പൊഴും എന്ന ൟമൊഴികളെ കൂടക്കൂടെ ചൊല്ലുമാ
,,റായിരുന്നു ഇങ്ങിനെയുള്ള മൊഴികളെ ചൊല്ലിവന്നതി
,,ന്നിടയിൽ ആ ചെറുപ്രായത്തിൽ തന്നെ പട്ടാങ്ങയുടെ വ
,,ഴിയെ നടപ്പാനുള്ള ആഗ്രഹം എന്റെ ഹൃദയത്തിൽ സ്ഥി
,,രപ്പെടുത്തുവാൻ സൎവ്വെശ്വരൻ തിരുമനസ്സായി,, ഇവി
ടത്തൊളം നമ്മുടെ പുണ്യവാളത്തി എന്നാൽ സഹദാട്ടി
യായിട്ട മരിപ്പാനുള്ളതിന്ന കാപ്പിരിദെശങ്ങളിൽ പൊ
കുന്നതിന്ന തന്റെ ആങ്ങളയൊട നിശ്ചയിച്ച വിവരം
അറിയിക്കുന്നുവെങ്കിലും ൟശ്രെഷ്ഠ്യപ്രവൃത്തിനിറവെറു
വാൻ തക്കവണ്ണം യാത്രക്കു പുറപ്പെട്ട വിവരം തന്റെ

ആഴപ്പെട്ട എളിമയാൽ മറെക്കയും ചെയ്തു. അപ്പൊഴാ
നമ്മുടെ വീരപതി പിറന്ന മാസത്തിലും തീയതിയിലും
നാലുവരുഷം മുമ്പിൽ പിറന്നിരുന്ന, റൊദ്രീഗൊ, എന്ന
കൊച്ചാങ്ങളയൊടു കൂടെ അഫ്രീക്ക എന്നദിക്കിൽ ധൎമ്മം
തെണ്ടികൊണ്ട പൊകുവാനും, ആ ദിക്കിലെ ക്രൂരമാനു
ഷരെ സത്യവെദത്തിൽ കൂട്ടുവാനും, അവരാൽ സത്യ
വെദത്തെപ്രതി കൊല്ലപ്പെട്ടുവാനും ആഗ്രഹിച്ച ആകാ
ശത്തിലെ മാലാഖാമാർകൂടെയും അതിശയപ്പെട്ടുവാൻ
തക്ക ധൈൎയ്യത്തൊടും വിശ്വാസത്തൊടും കൂടെ ഇതാ
നമ്മുടെ രണ്ടുകൊച്ചു പൈതങ്ങൾ ആരും അറിയാതെ
വീട്ടിൽനിന്ന ഇറങ്ങി നിയൊഗിച്ച ദെശത്തിലെക്ക യാ
ത്രപുറപ്പെട്ടുകയും ചെയ്യുന്നു: അവരുടെനടപ്പ ആ ചെറി
യ ഹൃദയങ്ങളിൽ കത്തിയിരുന്ന ദൈവസ്നെഹത്തിന്റെ
എരിവിന്നു തക്കതിൻവണ്ണം ആയിരുന്നതിനെ കൊണ്ടു
എത്രയും വെഗത്തിൽ ആവില പട്ടണവും അതിന്നു ചു
റ്റുമുള്ള കൊത്തളവും വലിയ കൊട്ടവാതിലും കട
ന്ന, അദാജ്യ, എന്ന ആററിൻ അക്കരെ പററുകയും ചെ
യ്തു: അവരെ എത്രയുംസ്നെഹിച്ചിരുന്ന അമ്മ അവരെ വീ
ട്ടിൽകാണാഞ്ഞതിനാൽ ദുഃഖിച്ച നാലുദിക്കിലെക്ക ആ
ളയച്ച അന്വെഷിച്ചിരുന്നു: എന്നാൽ സവ്വെശ്വരൻ മറെറ
പരാക്രമ പ്രവൃത്തികൾക്ക നമ്മുടെ വീരപതിയെ നിയ
മിച്ചിരുന്നതിനെകൊണ്ട പ്രൻസിസ്സൊ, ആല്വരെസ്, ചെ
ബെദ, എന്ന അവരുടെ ഇളയപ്പൻ ആ വഴിയിൽ കൂ
ടെ പൊകുവാനും അവരെ കാണ്മാനും ഇടവരുത്തുക
യും ചെയ്തു പ്രൻസിസ്സൊസു രണ്ടുകൊച്ചു മരുമക്കളെ ക
ണ്ടപ്പൊൾ അതിശയപ്പെട്ട അവരെ നിറുത്തി എങ്ങൊട്ടു
പൊകുന്നുവെന്ന അവരൊട്ട ചൊദിച്ചപ്പൊൾ കള്ളംപ
റവാൻ പഠിച്ചിട്ടില്ലാത്ത ആചാരമുറയുള്ള പൈതങ്ങൾ
തമ്പുരാനെപ്രതി സഹദെന്മാരായിട്ട മരിക്കുന്നതിന്ന ആ
ഫ്രീക്ക ദെശത്തിലെക്ക പൊകുന്നുവെന്ന പരമാൎത്ഥത്തെ

ട്ടുകൂടെ ഉത്തരിക്കയും ചെയ്തു: ഇളയപ്പൻ അവരെ ശാ
സിച്ച അവരെ വീട്ടിലെക്ക കൊണ്ടുപൊരികയുംചെയ്തു:
വീട്ടിൽ ചെന്നപ്പൊൾ ദുഃഖത്തിൽ മുഴുകിയിരുന്ന അവ
രുടെ അമ്മ അവരെകുററപ്പെടുത്തി ശാസിപ്പാൻ തുടങ്ങി
യതിനാൽ കൊച്ചു റൊദ്രീഗൊ, പൈതൽ സ്വഭാവത്തി
ന്ന തക്കതിൻവണ്ണം ശാസനയിൽനിന്നും ശിക്ഷയിൽ നി
ന്നും ഒഴിയുന്നതിന്നവെണ്ടി കുററമെല്ലാം അവനെകായി
ല്യം ചെറുപ്പമായിരുന്ന പെങ്ങളുടെമെൽ ചുമത്തുകയും
ചെയ്തു, ആയതിൽ അവൻ കള്ളം ഒന്നുംപറഞ്ഞില്ല അ
തെന്തെന്നാൽ പരാക്രമപ്രവൃത്തിക്ക അവനെ മനസ്സാക്കി
യത നമ്മുടെപുണ്യവാളത്തിയായിരിക്കുന്നു: എന്നതിനെ
കൊണ്ട അമ്മയുടെ ശാസനയ്ക്കു ശുദ്ധമാകപ്പെട്ടവൾ എ
ന്തൊര ഒഴിവുപറവാൻ വശമാകും? നമുക്ക പ്രയാസമു
ള്ള കാൎയ്യം തൊന്നുന്നുവെങ്കിലും പുണ്യവാളത്തിക്ക യാ
തൊരുപ്രയാസംതൊന്നിയില്ല എന്തെ? നീയൊളിച്ചുപൊ
യി എന്ന അമ്മ ചൊദിച്ചതിന്ന പുണ്യവാളത്തി വെഗം
,,സൎവ്വെശ്വരനെ കാണ്മാൻ ഞാനാഗ്രഹിക്കുന്നു എന്നാൽ
,,ഞാൻ മരിക്കുന്നില്ല എങ്കിൽ തന്നെകാണ്മാൻ ഞാൻവ
,,ശമാകുന്നില്ല എന്നതുകൊണ്ടത്രെ ഒളിച്ചുപൊയത,, എ
ന്നുത്തരിക്കയും ചെയ്തു. ആഃ അളവില്ലാത്ത നന്മ സ്വരൂ
പിയായ സൎവ്വെശ്വര! ഇപ്പൊൾ നിന്നൊടുകൂടെ ഭാഗ്യ
പ്പെടുന്ന ഒരുനിൻെറ മണവാട്ടി, എത്രയൊ നിൻെറ മ
നൊഗുണത്തെ സ്തുതിക്കും!!! അതെന്തെ ദീനങ്ങളാലും,
തപസ്സുകളാലും, ഞെരുക്കങ്ങളാലും, വിരൊധങ്ങളാ
ലും, മനൊവ്യാകുലങ്ങളാലും എററം ദീൎഘമായ സഹ
ദെന്മാക്കൂടാത്ത പാടുകളെ അനുഭവിച്ചിട്ട ദിവ്യ സ്നെഹാ
ഗ്നിയുടെ സഹദാട്ടിയായിട്ട മരിക്കുന്നതിന്നും, നിൻെറ സു
വിശെഷത്തെ കുറിച്ച സഹദെന്മാരായി മരിപ്പാനിരുന്ന
പെരിയ കൎമ്മലീത്ത ദെസ്കാൾസു സന്യാസികളുടെ ഗുരു
നാഥയും അമ്മയുമാകുന്നതിന്നും നീ ആ പ്രായത്തിൽ മ

രണത്തിൽ നിന്ന അവളെ രക്ഷിച്ചുവെന്ന ഇപ്പൊൾ കണ്ടറികയും ചെയ്യുന്നു.

നമ്മുടെ പുണ്ണ്യവാളത്തിയുടെ ആങ്ങള കൊച്ചുറൊദ്രിഗൊസ്സു ഈ പ്രായത്തിൽ അവന്റെ ശുദ്ധമാകപ്പെട്ടുവെങ്ങളൊടുണ്ടായിരുന്ന പക്ഷവും അന്ന്യൊന്ന്യവും മരണത്തൊളം കുറയാതെ ഉണ്ടാകയും ചെയ്തു. ആദ്ദെഹം മൂന്നിന്റെശെഷം സരച്ചെനിക്കാരരൊട യുദ്ധം ചെയ്യുണ്ടുന്നതിന്ന മഹാ വീരകപ്പിത്താനായിട്ടു യാത്രപുറപ്പെടുന്നതിന്നുമുമ്പിൽ അയാളുടെ അവകാശം നമ്മുടെപുണ്ണ്യവാളത്തിക്ക ഒഴിഞ്ഞു കൊടുക്കയും ചെയ്തു. ആ യുദ്ധത്തിൽ മരിക്കയിൽ വെദത്തെപ്രതി മരിച്ചതിൻ വണ്ണം ചെറുപ്പത്തിൽ തമ്പുരാനെകുറിച്ച കാണിച്ച ശുഷ്കാന്തിക്കും ധൈര്യത്തിന്നും സർവ്വെശ്വരൻ ആ യുദ്ധത്തിൽ സമ്മാനം കൊടുത്തുവെന്ന നമ്മുടെപുണ്ണ്യവാളത്തി പറഞ്ഞു വന്നിരുന്നു. എന്നാൽ മെൽചൊല്ലിയതിൻവണ്ണം നമ്മുടെപുണ്ണ്യവാളത്തി ആഗ്രഹിച്ചിരുന്ന സഹദെന്മാക്കടുത്ത വിരുത പൊയ്പ്പൊയി എന്നുകണ്ടു വളരെദുഃഖിച്ചിരുന്നു: ഈ നഷ്ടം ഒരുവിധത്തിലെങ്കിലും തീക്കുന്നതിന്ന മറ്റൊരൊരു പുണ്ണ്യാഭ്യാസങ്ങളെ ചെയ്യാനും മുനികൾക്കടുത്ത തനി ജീവിതം കഴിക്കുന്നതിന്ന എന്നും പറഞ്ഞു വീട്ടിനൊടു ചെന്ന തൊട്ടത്തിൽ ചില മുനിമുറികളെ പണിയാനും തുടങ്ങി, ഇതിന്മെൽ പുണ്ണ്യവാളത്തിയുടെ വചനങ്ങളാകുന്നതെന്തെന്നാൽ: "സഹദെന്മാരായിട്ടു മരിക്കുന്നതി
,,ന്ന ദൂരദെശങ്ങളിൽ പൊകുവാൻ അസാധ്യമെന്ന ഞാ
,,ൻകണ്ടപ്പൊൾ മുനികളായിട്ടു ജീവിതംകഴിപ്പാൻ ആ
,,ങ്ങളയൊടു നിശ്ചയിച്ചു ഉടനെ വീട്ടിനൊടുചെന്ന ഞ
,,ങ്ങളുടെ തൊട്ടത്തിൽ ഞങ്ങളാൽ കഴിഞ്ഞ വിധത്തിൽ
,,കല്ലിന്മെൽകല്ലുക്കൂട്ടി ചില മുനികൾക്കടുത്ത മുറികളെ
,,പണിതു എന്നാൽ അതിന്ന വെണ്ടുന്ന ഉറപ്പില്ലാഞ്ഞതി
,,നാൽ വീണിരുന്നു എന്നതിനെ കൊണ്ടു ഈ അഗ്രഹ

,,വും പൂൎത്തിവരുത്തുന്നതിന്ന കഴിഞ്ഞില്ല,,

ആ പ്രായത്തിൽ നമ്മുടെ പുണ്യവാളത്തിയുടെ അഴ
കുള്ള ആത്മാവിൽ മുളച്ചിരുന്ന പുണ്യത്തിന്റെ ഫലങ്ങ
ൾ മെലെഴുതിയതുതന്നെയായിരുന്നുവെന്ന വിചാരിക്കെ
ണ്ടു, ഇതാ പുണ്യവാളത്തി കുമ്പസാരക്കാരന്റെ കല്പന
യാൽ എഴുതിയ വചനങ്ങൾ: "എന്റെവശംപൊലെ
,,പിച്ചക്കാൎക്ക ധൎമ്മംകൊടുത്ത വന്നിരുന്നു, കുറെ അധിക
,,മായിരുന്ന എന്റെ നമസ്കാരങ്ങളെ എത്തിക്കുന്നതിന്ന
,,എകാന്തത്തെ ഞാൻ അന്വെഷിച്ചിരുന്നു പ്രത്യെകം എ
,,ന്റെ അമ്മ ബൽഹ എരിവൊട്ടു കൂടെ എന്റെ ഹൃദയ
,,ത്തിൽ മുളെപ്പിച്ചിരുന്ന താല്പൎയ്യത്താൽ കൊന്തനമസ്കാ
,,രം എത്തിക്കുന്നതിന്ന ഇനിക്ക വളരെ ശുഷ്കാന്തിയുണ്ടാ
,,യിരുന്നു: എന്റെ പ്രായക്കാരായിരുന്ന പെണ്ണുങ്ങളു
,,ളൊടുകൂടെ കന്യാസ്ത്രീകൾ എന്നുള്ള ഭാവം കാണിച്ച
,,കന്യാസ്ത്രീയാശ്രമങ്ങളിൽ ചെയ്തുവരുന്നതൊക്കയും ഞ
,,ങ്ങൾ ഒപ്പിച്ച ചെയ്യാൻ പ്രയാസപ്പെട്ടിരുന്നു അത എ
,,ന്റെ പൂൎണ്ണ സന്തൊഷമായിരുന്നു,, സൎവ്വെശ്വരൻ നി
യൊഗിച്ചിരുന്ന കാൎയ്യങ്ങൾക്ക താൻ തെരിഞ്ഞെടുത്തിരിക്കു
ന്ന ആത്മാവുകളെ ചെറുപ്പം മുതൽ ആസ്ഥമാക്കിവരു
ന്ന വഴികളുടെമെൽ അതിശയപ്പെടാത്തവനാര? നമ്മു
ടെ മഹാപുണ്യവാളത്തി പിന്നത്തെ കാലങ്ങളിൽ സ്ഥാ
പിപ്പാനിരുന്ന ആശ്രമങ്ങളുടെ സാദൃശ്യമത്രെ മെൽചൊ
ല്ലിയ മുനിഭവനങ്ങളായത: അതിൻ വണ്ണം തന്നെ ധ്യാ
നത്തിന്റെഗുരുനാഥയായി സൎവ്വെശ്വരനാൽ തെരിഞ്ഞെ
ടുക്കപ്പെട്ടവരായിരുന്നതിനാൽ ആപ്രായത്തിൽ തന്നെ എ
റിയനെരം ചിലവഴിച്ച അതിന്റെ അഭിരുചി കിട്ടീട്ടുണ്ടാ
യിരുന്നു: കിണററ്റത്തുകൽ ശമറായക്കാരത്തിയൊട സംസാ
രിച്ചുകൊണ്ടിരുന്ന ഭാഷയായി മിശിഹാകൎത്താവിന്റെ ഒ
രു സ്വരൂപം നമ്മുടെ പുണ്യവാളത്തിയുടെ മുറിയിൽ ഉ
ണ്ടായിരുന്നു, ആ സ്വരൂപത്തിൻ മുമ്പാകെ ത്രെസ്യ മുട്ടു

കുത്തി ധ്യാനിച്ചു, തന്നെ ആഗ്രഹിക്കുന്ന ആത്മാവുകളെ, സൎവ്വെശ്വരൻ കുടിപ്പിക്കുന്ന ദിവ്യവെള്ളത്തിന്നു ദാഹിച്ചു, കൎത്താവെ! ഈ വെള്ളം ഇനിക്കു താ എന്നു മിശിഹാ തമ്പുരാനൊടു നമ്മുടെ പുണ്യപ്പെട്ട പെണ്ണിന്തൽ അപെക്ഷിക്കുന്നതു പലപ്പൊഴും കെൾക്കപ്പെട്ടു: ഇപ്രകാരമുള്ള പുണ്യത്തൊടുകൂടെ നമ്മുടെ വീരപതി ഒമ്പതു വയസ്സൊളം നടന്നു. എന്നാൽ ക്രമെണ അത്ഭുതമായ പുണ്യസുഖത്തിന്റെ പദവിയിൽ കരെറുവാൻ തക്കപ്രകാരത്തിൽ ദിവസംപ്രതി പുണ്യത്തിൽ വൎദ്ധിച്ചുവന്നിരുന്നതിനെകൊണ്ട ആത്മാവുകളുടെജ്ഞാനഗുണത്തിന്മെൽ മഹാവൈരാഗ്യക്കാരനാകുന്ന നരകപിശാച നമ്മുടെപുണ്യപ്പെട്ട പെണ്ണിന്തലിനെ നശിപ്പിക്കുന്നതിന്നു പലകണ്ണികളെ വെക്കയും ചെയ്തു: അതെങ്ങനെയെന്നാൽ ഇത്രചെറുപ്പമായിരിക്കയിൽ എല്ലാവരും തന്നെ പുകഴ്ത്തുന്നു തന്നൊടുകൂടെ സംസാരിപ്പാൻ എല്ലാവരും ആഗ്രഹിക്കുന്നുവെന്നു കണ്ടതിനാലും, അമ്മയും ചിലപ്പൊൾ വായിക്കുന്നതിനെ കണ്ടതിനാലും നല്ലവാചകവും സംസാര വിശെഷവും ഉണ്ടാകുവാൻ കെട്ടുകഥകളായിട്ടുള്ള പുസ്തകങ്ങളെ വായിപ്പാൻ ആവശ്യമാകുന്നുവെന്നു പിശാചിന്റെ തൊന്നിപ്പാലെ വിചാരിക്കയും പെങ്ങളെ പൊലെ പരമാൎത്ഥിയായിരുന്നു, റൊദ്രീഗൊ, അതിന്നു സഹായിക്കയും ചെയ്തു: ആയതിൻവണ്ണം നല്ലപുസ്തകങ്ങളുടെ വായനയിൽനിന്നു പുണ്യവാളത്തിയുടെ ഹൃദയത്തിൽ മുളെച്ചിരുന്ന മെൽചൊല്ലിയ വിശെഷഗുണങ്ങൾ, മാടമ്പികൾക്കടുത്ത പുസ്തകങ്ങൾ എന്നു ആ കാലത്തിൽ അബദ്ധമായിട്ടു പറഞ്ഞുവന്ന കഥപുസ്തകങ്ങളുടെ വായനയാൽ ക്രമെണ കുറകയും ചെയ്തു: എന്നാൽ സൎവ്വെശ്വരന്റെ വിശെഷകൃപയാൽ ലൊകസ്നെഹം നമ്മുടെ പുണ്യവാളത്തിയുടെ ഹൃദയത്തിൽ കൎത്തവ്യം നടത്തുന്നതിന്നു ഇടവന്നില്ല എന്നുതന്നെയുമല്ല പിന്നെയൊ താൻ ആ പുസ്തകങ്ങളെ വാ

യിക്കുന്നതിന്ന കരുതിയിരുന്ന ലാക്ക സൂക്ഷിക്കുമ്പൊൾ ഇ
ങ്ങനെയുള്ള അബദ്ധത്തെ കുറിച്ച ഒഴിവുകഴിവു പറക
യും ചെയ്യാം: അതെന്തെന്നാൽ വാക്കുസാമൎത്ഥ്യമുണ്ടാകു
മ്പൊൾ പാപങ്ങളുടെ ദുഷ്ടതമെല്ലും ദുൎഗ്ഗുണങ്ങളുടെ നാ
ശത്തിന്മെല്ലും മാനുഷമക്കളൊട സംസാരിക്കെണ്ടി വരു
മ്പൊൾ ആത്മാവിന്ന ഉപകാരം വരുവാൻതക്കവണ്ണം
വൎണ്ണിച്ചുപറയാമെന്നും, ഠരംവായനയാൽ ആത്മാവിന്ന
ഫലം എടുക്കാമെന്നും പുണ്യവാളത്തി കരുതി യിരുന്നു.
ഇതുതന്നെ പിശാചിൻെറ എത്രയും നെൎമ്മയുള്ള തട്ടിപ്പ,
അതെന്തെ ഠരം വായനയാൽ വാക്കുസാമൎത്ഥ്യവും സം
സാരവിശെഷതയുംതനിക്കുണ്ടായിയെങ്കിലും അതിന്നുമു
മ്പിൽ ഉണ്ടായിരുന്ന വിശെഷ ഭക്തിയും ദൈവസ്നെഹ
ത്തിൻെറ എരിവും കുറകയും ചെയ്തു. വെടിപ്പിന്മെല്ലും
അലങ്കാര വസ്ത്രങ്ങളെ ധരിക്കുന്നതിന്മെല്ലും തലമുടിമുത
ലായത ക്രമപ്പെടുത്തുന്നതിന്മെല്ലും ഉണ്ടായ താല്പൎയ്യത്തി
ന്ന കാരണവും ആരംഭവും ഠരംവായനയത്രെ ആയതു:
ഇങ്ങനെയുള്ള ലൊകമായത്തിന്നടുത്ത താല്പൎയ്യം നമ്മുടെ
പുണ്യവാളത്തിയുടെ ഹൃദയത്തിൽ മുളച്ചുയെങ്കിലും ത
ൻെറ പല വിശെഷമായ ഗുണങ്ങളും പുണ്യത്തിന്മെല്ലു
ള്ള താല്പൎയ്യവും എപ്പൊഴും തൻെറ ഹൃദയത്തിൽ ഉയിരു
ള്ളതായിരുന്നുവെന്ന ആയിടയിൽ സംഭവിച്ച ഒരുകാൎയ്യം
ഉറെപ്പുള്ള സാക്ഷിയായിരിക്കുന്നു ആതാകുന്നതെന്തെന്നാ
ൽ: നമ്മുടെ പുണ്യവാളത്തിക്കു എറക്കുറയ പന്ത്രണ്ട വ
യസ്സു നടക്കുമ്പൊൾ ദൊന്ന, ബെ യത്രീച്ചെ, ദെന്നമാദ,
എന്ന പുണ്യവാളത്തിയുടെ ഉത്തമ അമ്മ പുണ്യപ്പെട്ട മ
രണമായിട്ടു മരിക്കയും ചെയ്തു: ശുദ്ധമാകപ്പെട്ടവൾ അ
മ്മയുടെ മരണത്താൽ ഠരം അലസിഭാഗത്തിൽ തനിക്കു
തുണയും, വഴികാട്ടിയും, പുണ്യങ്ങളുടെ ഉയിരുള്ള മാ
തൃകയും പൊയ്പ്പൊയി എന്നുകണ്ട വളരെ ദുഃഖിച്ച കര
ഞ്ഞുംകൊണ്ട ത്രിലൊക രാജ്ഞസ്ത്രീയായദെവ മാതാവി

ൻെറ ഒരു സ്വരൂപത്തിൻ മുമ്പാകെ ചെന്ന സാഷ്ടാംഗ
മായിവീണ മരിച്ചുപൊയ തൻെറ അമ്മയ്ക്കു പകരമായി
ട്ടു തനിക്ക അമ്മയും സങ്കെതവു മാകുവാൻ ദെവമാതാ
വിനൊട അപെക്ഷിച്ചു: പരമാൎത്ഥപ്പെട്ടതും മക്കൾക്കടു
ത്തതുമായ ഈ അപെക്ഷ പരിശുദ്ധ ദെവമാതാവ എ
ത്ര തികവായിട്ടു കൈക്കൊണ്ടുവെന്ന ഈ ചരിത്രത്തിൽ
പല ദൃഷ്ടാന്തങ്ങളാൽ ബൊധിക്കുന്നതിന്ന ഇടവരും, ന
മ്മുടെ പുണ്യവാളത്തി ഈവചനങ്ങളാൽ ഇതിനെ സാ
ക്ഷിക്കയും ചെയ്യുന്നു. അതായത: "അമ്മയുടെ മരണത്താ
"ൽ എനിക്കുണ്ടായ ചെതം കണ്ടു ബൊധിച്ചവുടനെ വള
"രെ ദുഃഖിച്ച കണ്ണുനീരുകളെ ചിന്തി ദെവ മാതാവി
"ൻെറ ഒരുരൂപത്തിൻ മുമ്പാകെചെന്ന സാഷ്ടാംഗമായി
"വീണുകൊണ്ട ഞാൻ എനിക്ക അമ്മയാകുവാൻ എറിയ
"കണ്ണുനീരുകളൊടുകൂടെ തന്നൊടുഞാൻ അപെക്ഷിച്ചു,
"ഇത ഞാൻ പൈതങ്ങൾക്കടുത്ത പരമാൎത്ഥത്തൊടു കൂ
"ടെ ചെയ്തുവെങ്കിലും എനിക്ക വളരെ ഉപകരിച്ചുവെ
"ന്ന എനിക്കുതൊന്നുന്നു അതെന്തെ ഈ പരിശുദ്ധ കന്യാ
"സ്ത്രീയൊടുഞാൻ അപെക്ഷിച്ചപ്പൊഴൊക്കയും എത്രയും
"പക്ഷമുള്ള മാതാവിനെ പൊലെ ഞാൻ കണ്ടെത്തുക
"യുണ്ടെല്ലൊ: കടശി തൻെറ വീട്ടിൽഅതായത, തൻെറ
"സഭയിൽ എന്നെ വലിക്കയും ചെയ്തു" അപ്പഴൊ മെ
ലെഴുതിയ കെട്ടുകഥകളുടെ വായനകളാൽ ഭക്തിക്കുറ
ച്ചിലും ലൊക ന്യായത്തിന്ന തക്കതിൻവണ്ണമുള്ള ആചാ
രം, വെടിപ്പുമുതലായ ലൊക മായങ്ങളൊടു കൂടെ പു
ണ്യവാളത്തിയുടെ സംബന്ധക്കാരത്തി യായിരുന്ന ഭക്തി
യില്ലാത്ത ഒരുപെണ്ണിനെതലിൻെറ ഗുണദൊഷങ്ങളും അ
വളൊടുകൂടെ ഉണ്ടായ സ്നെഹവും ഈ ഭക്തിയില്ലാത്ത
സ്നെഹക്കാരത്തി വഴിയായിട്ടു മൂന്ന മാസത്തൊളം ഒരു
വാലിഭക്കാരനൊട ഉണ്ടായ വ്യൎത്ഥമായ സംസാരങ്ങളും
നമ്മുടെ പുണ്യവാളത്തിയുടെമുഴുവൻ കുമ്പസാരമായിരി

കകന്നു. എന്നാൽ താൻ തന്നെ സാക്ഷിച്ചിരിക്കുന്നതിൻ വ
ണ്ണം വലിയകുററമായിട്ട പിഴെക്കുന്നതിന്ന ഇടവന്നില്ല
എങ്കിലും മെലെഴുതിയ യൊഗ്യങ്ങളെ ഒൎക്കുമ്പൊൾ ത
ന്റെ കണ്ണുകളിൽനിന്ന കണ്ണുനീരുകളെ ബഹുവായിട്ട
ചിന്തി സൃഷ്ടിപ്പുകളിൽ വെച്ച എററം അയൊഗ്യ സൃഷ്ടി
പ്പും, പാപികളിൽവെച്ച എററംവലിയ ദൊഷത്താള
ത്തിയും എന്ന തന്നെ താൻ വിളിപ്പാനും അതിശയിപ്പാൻ ത
ക്ക പ്രകാരത്തിൽ തന്നെതാൻ താഴ്ത്തുവാനും കാരണമാക
യും ചെയ്തു. തനിക്കുനെരിട്ട യൊഗ്യംകൊണ്ട എത്രയൊ എ
റിവൊട്ടുകൂടെ ക്രിസ്ത്യാനി മാതാപിതാക്കന്മാൎക്കവെണ്ടി
വിശെഷ ഗുണദൊഷങ്ങളെ എഴുതി വെച്ചിരിക്കുന്നു: അ
തായത, തന്റെ ഉത്തമമാതാപിതാക്കന്മാര മക്കളെ പു
ണ്യമായിട്ട വളൎത്തുന്നതിന്ന മഹാ ജാഗ്രത യുള്ളവരായി
രുന്നിട്ടും, അവരുടെ പുണ്യമാതൃകയാൽ മക്കൾക്ക വി
ശെഷ കണ്ണാടിയായിരുന്നിട്ടും മാംസ സംബന്ധക്കാര ഒ
ഴികെ മററയാതൊരുത്തനും അവരുടെ വീട്ടിൽ കെറി
കൂടായെന്ന ചട്ടംവെച്ചിരുന്നിട്ടും പുണ്യപ്പെട്ട അപ്പൻ പ
ല കാൎയ്യങ്ങളിൽ എല്പെട്ട മക്കളെ ദിവസം മുഴുവനും
സൂക്ഷിപ്പാൻ പാടില്ലാഞ്ഞതിനാലും അമ്മ മഹാപുണ്യവ
തിയായിരുന്നാലും അവരുടെ ഇടവിടാതുള്ള ദീനങ്ങളി
ൽ കുറെ അശ്വാസമുണ്ടാകുവാനും മക്കൾക്ക ഒരഭ്യാസ
മുണ്ടാകുവാൻ വെണ്ടീട്ടും മെൽചൊല്ലിയ കെട്ടുകഥയാ
യിട്ടുള്ള പുസ്തകങ്ങളെ ചിലപ്പൊൾ വായിച്ചിരുന്നതിനെ
പുണ്യവാളത്തി കണ്ടിട്ട താനും ആ പുസ്തകങ്ങളെ വാ
യിപ്പാനും, മെൽചൊല്ലിയ ആളുകളൊട വെറുതെ സം
സാരിച്ച നെരം വ്യൎത്ഥമായി കളവാനും സൎവ്വെശ്വരനി
ൽനിന്ന അകന്ന ലൊകത്തിന്നടുത്ത മായങ്ങളിൽ മുഴുകു
ന്നതിന്ന യൊഗ്യപ്പെട്ട പൊകുവാനും സംഗതിയായിയെ
ങ്കിൽ മെൽചൊല്ലിയ ക്രമവും സൂക്ഷവുമില്ലാത്ത വീട്ടുക
ളിൽ വന്നുകൂടുവാൻ യൊഗ്യമായിരിക്കുന്ന നാശങ്ങളുടെ

മെൽ മാതാപിതാക്കന്മാൎക്ക എത്രയൊ ഭയമുണ്ടായിരിപ്പാ
ൻ ന്യായമായിരിക്കുന്നു. രാവണ്ണം വലിയദൊഷം ചെ
യ്യാതെ ഇരുന്നുവെങ്കിലും മുമ്പിലത്തെ വിശെഷഭക്തിയു
ടെ മധുരം അനുഭവിക്കാതെയും പുണ്യവഴിയിൽ മുന്നൊ
ട്ടു നടക്കാതെയും അതിനെ മുഴുവനും വിട്ടു ലൊകമായ
ങ്ങളെ സ്നെഹിക്കുന്ന മനുഷ്യിയായി തീരുന്നതിന്ന തക്കയൊ
ഗ്യത്തൊട്ടുകൂടെ പതിനാലവയസ്സ കഴിഞ്ഞ പതിനഞ്ചവ
യസ്സ നടപ്പായതുവരെ താൻകഴിച്ചു· എന്നാൽ ആ കാ
ലത്തിൽ തന്നെ വല്ല അല്പമായകുററം ചെയ്യുാൽ സൎവ്വെ
ശ്വരൻ അതിന്മെൽ തൊന്നിച്ചിരുന്ന വെറുപ്പു കൊണ്ടും
തന്റെ ദൈവനീതിയുടെമെൽ കൊട്ടുത്തിരുന്ന ഭയത്താ
ലും കുമ്പസാരമെന്ന കൂദാശവഴിയായിട്ടു ആ കുററത്തെ
ആത്മാവിൽനിന്ന ഉടനെ നീക്കുവാൻ പ്രയാസപ്പെട്ടുവ
ന്നിരുന്നു· എന്നാൽ സൎവ്വെശ്വരൻ തന്റെ സന്തൊഷങ്ങ
ളുടെ ഇരിപ്പിടമായിട്ടു നമ്മുടെ പുണ്യവാളത്തിയുടെ അ
ഴകുള്ള ആത്മാവിനെ തെരിഞ്ഞെടുത്തിരുന്നതിനെകൊണ്ടു
പിശാചിന്റെ മെൽചൊല്ലിയ കണ്ണികളെ എല്ലാംപൊ
ട്ടിച്ചദൈവപെടിയില്ലാത്തവരുടെ സംസൎഗ്ഗത്തിൽ നിന്നു
വെറുതിരിച്ച പുണ്യപ്പെട്ട ആത്മാവുകളുടെ ഗുണദൊഷ
ങ്ങളെ കെൾക്കുന്നതിന്ന ഇടവരുത്തിയപ്രകാരം വരുന്നു
അദ്ധ്യായത്തിൽ കാണുകയ്യാം ആം·

൨ാം അദ്ധ്യായം.

പെണ്ണെുങ്ങളെ വളൎത്തിവന്നിരുന്ന മാർ അഗുസ്തീനൊസിന്റെ കന്യാസ്ത്രീമഠത്തിൽ നമ്മുടെ പുണ്യവാളത്തി ആക്കപ്പെട്ടുന്നു: തന്റെ അതിശയമായ പുണ്യസുഖത്തെ മുമ്പിൽകൂട്ടി അറിയിപ്പാൻ ഉണ്ടായ ഒരു അതിശയം: പുണ്യവാളത്തിയുടെ ആത്മാവിൽ ഉണ്ടായ പകൎച്ചയും, ആ മഠത്തിൽനിന്ന വീട്ടിലൊട്ടു പിന്തിരിഞ്ഞ വിവരവും, കൎമ്മെലിത്ത സഭയിൽ കൂടുവാൻ നിയൊഗിച്ച വിവരവും.

---

നമ്മുടെ പുണ്യവാളത്തിക്ക പതിനഞ്ച വയസ്സു തികഞ്ഞപ്പൊൾ സൎവ്വെശ്വരനെ സ്നെഹിക്കുന്ന ആത്മാവുകൾ രസിക്കുമാറാകുന്ന ജ്ഞാനമധുരവും ആത്മതെളിവും വീണ്ടും അനുഭവിച്ചുതുടങ്ങി. എത്രയും വിവെകമുള്ളവനായിരുന്ന നമ്മുടെ പുണ്യവാളത്തിയുടെ അപ്പൻ ൦രം മകളുടെമെൽ മഹാ പ്രിയമുള്ളവനും മകളിൽനിന്ന വെർതിരിയുന്നതിന്ന ഒട്ടും മനസ്സില്ലാത്തവനുമായിരുന്നുവെങ്കിലും, പിതാക്കന്മാൎക്കുത്തകടങ്ങളെ വെണ്ടുംവണ്ണം ബൊധിച്ചിരുന്നതിനെ കൊണ്ടു തന്റെ സന്തൊഷത്തെയും ഇഷ്ടത്തെയും കൂട്ടാക്കാതെ മകളെ യൊഗ്യങ്ങൾ കൈയിൽനിന്ന രക്ഷിപ്പാനും, ആത്മാവിന്ന ഗുണം വരുത്തെണ്ടുന്നതിന്നും, മുഖ്യപ്പെട്ട തറവാട്ടുകാരായ പെണ്ണെുങ്ങളെ വളൎത്തിരുന്ന മാർ അഗുസ്തീനൊസ പുണ്യവാളന്റെ കന്യാസ്ത്രീമഠത്തിൽ തന്റെ ഉമനമകളായ ത്രെസ്യായെ ആക്കുന്നതിന്ന നിയൊഗിച്ച നിശ്ചയിക്കയും ചെയ്തു. ആയതിന്നിടവന്നത എങ്ങിനെയന്നാൽ, ൧൫൩൧ാം കാലത്തി

ന്റെ ആരംഭത്തിൽ പുണ്ണ്യവാളത്തിയുടെ ജെഷ്ഠത്തിയും അപ്പന്റെ വീട്ടുപെര ധരിച്ചവളും (*) ആയ, ദൊന്ന, മറിയം ചെബെദ കല്ല്യാണം കഴിക്കയും ചെയ്തു· എന്നാൽ നമ്മുടെപുണ്ണ്യവാളത്തി മരിച്ചിരുന്നപുണ്ണ്യപ്പെട്ട അമ്മയുടെ തുണെയും സൽ ഗുണദൊഷങ്ങളും ഇല്ലാതായപ്പൊൾ പുണ്ണ്യപതിയായിരുന്ന ദൊന്ന, മറിയം, എന്ന ജെഷ്ഠത്തിയുടെ തുണെയും ഗുണദൊഷങ്ങളും ശെഷിച്ചിരുന്നു; ജെഷ്ഠത്തി വിവാഹം കഴിച്ചിട്ട നമ്മുടെ പുണ്ണ്യവാളത്തിയുടെ വളൎച്ചയ്ക്കും പുണ്ണ്യസാംഗൊപാംഗത്തിന്നും ആവശ്യമായിരുന്നതിൽ യാതൊരു കുറവും വരാതെ യിരിപ്പാൻ അപ്പൻ മെൽചൊല്ലിയ കീൎത്തിപെട്ട അശ്രമത്തിൽ അവരെ ആക്കി കന്ന്യാസ്ത്രീകളുടെ സൂക്ഷത്തിന്ന എല്പിക്കയുംചെയ്തു·

എന്നാൽ നമ്മുടെപുണ്ണ്യവാളത്തി മെൽചൊല്ലിയ ആശ്രമത്തിൽ പൊകുന്നതിന്ന എതാനും ദിവസം മുമ്പിൽ തന്റെ അതിശയമായ പുണ്ണ്യത്തിന്റെ ഒരടയാളം ആയാശ്രമത്തിൽ കാട്ടുവാൻ സൎവ്വെശ്വരൻ തിരുമനസ്സായി അതെങ്ങിനെയെന്നാൽ ഒരുദിവസം കന്ന്യാസ്ത്രീകൾ എല്ലാവരും പ്രാൎത്ഥന മുറിയിൽ കൂടി ധ്യാനിച്ചിരുന്ന സമയത്തിൽ എത്രയും ശൊഭയുള്ള നക്ഷത്രം പൊലെ ഒരുവെട്ടം കാണപ്പെട്ട ചുററിതിരിഞ്ഞ മറിയം ബ്രിഗെസ്സ്ഞൊ എന്ന പെരുള്ള കന്ന്യാസ്ത്രീയുടെ അരികിൽ ചെന്നപ്പൊൾ അവളുടെ മടിയിൽ സങ്കെതം പിടിക്കുന്ന പ്രകാരം ഒളിച്ചു കാണാതായിപ്പൊകയും ചെയ്തു. എന്നാൽ മെൽചൊല്ലിയ കന്ന്യാസ്ത്രീആശ്രമത്തിൽ വളൎത്തപ്പെട്ടിരുന്ന അമ്മെനി പെണ്ണുങ്ങളുടെ ഗുരുത്തിയായിരുന്നതുകൂടാതെ അവിടത്തെ ശ്രെഷ്ഠത്തി പ്രത്യെകമുള്ള പ്രകാരത്തിൽ നമ്മുടെ. പുണ്ണ്യവാളത്തിയെ അവളുടെ സൂക്ഷത്തിന്ന എല്പിക്ക

* മക്കളിൽ ചിലര അപ്പന്റെ വീട്ടുപെരും, ചിലര അമ്മയുടെ വീട്ടുപെരും ധരിക്കുന്നത ഹിസ്പാന്യയിൽ നടപ്പായിരിക്കുന്നു.

യും ചെയ്തു. അപ്പൊഴൊ മെൽചൊല്ലിയ അതിശയമായി ട്ടുള്ള വെട്ടത്തിന്റെ ജ്ഞാനാർത്ഥം എളുപ്പത്തിൽ കണ്ടുപി ടിക്കയും ആം: അതെങ്ങിനെയെന്നാൽ, സർവ്വെശ്വരന്റെ നിത്യപെരിമ്പ ഭാഗ്യത്തിന്റെ വീട്ടിൽ എത്രയും ശൊഭയു ള്ള നക്ഷത്രംപൊലെ പ്രകാശിപ്പാനിരുന്ന ഒരുപെണ്ണി തൽ ആകന്യാസ്ത്രീയുടെ സൂക്ഷത്തിന്നും വിചാരണെക്കും എല്പിക്കപ്പെട്ടുവാനിരുന്നുവെന്ന സർവ്വെശ്വരൻ ആയത്തു തംകൊണ്ട തെളിവായിട്ടു കാട്ടുകയും ചെയ്തു. നമ്മുടെ പുണ്യവാളത്തി ആയാശ്രമത്തിൽ പ്രവെശിച്ചവുടനെ മ റ്റു പെണ്ണുങ്ങളുണ്ടായിരുന്നുവെങ്കിലും ആ മഠത്തി ന്റെ മുറയ്ക്കു നല്ല അടക്കവും മിണ്ടടക്കവും എകാന്തവും കാത്തു വന്നിരുന്നതിനെ കൊണ്ടും താൻ ഉപെക്ഷിച്ച ഉ ല്ലാസങ്ങളും വിനൊദമായ സംസാരങ്ങളും നീങ്ങിയതു കൊണ്ടും ഹൃദയത്തിൽ കലക്കവും മനൊവിഷാദവുംപൂ ണ്ട എട്ടുദിവസത്തെക്ക വ്യസനപ്പെട്ടിരുന്നുവെങ്കിലും എ ട്ടുദിവസംകഴിഞ്ഞപ്പൊൾ എത്രയും ദയയുള്ള പിതാവാ യ സർവ്വെശ്വരൻ ത്രെസ്യായുടെ ഹൃദയത്തിന്ന സമാധാ നം കല്പിച്ചരുളിയതെന്നിയെ ജ്ഞാന മധുരവും സന്തൊ ഷവും കൊണ്ട തന്റെ ഒരം മണവാട്ടിയെ കന്യാസ്ത്രീജീ വിതത്തിന്ന ആസ്ഥമാക്കി വരികയും ചെയ്തു. ത്രെസ്യ ത ന്റെ വിശെഷ ഗുണലക്ഷണങ്ങളാലും പ്രിയപ്പെടത്ത ക്ക സ്വഭാവത്താലും വെഗത്തിൽ ആ കന്യാസ്ത്രീകളുടെ പക്ഷം തനിക്ക നെടുകയും ചെയ്തു. ഇതിന്മെൽ നമ്മുടെ പുണ്യവാളത്തിതന്നെ എഴുതിയ വചനങ്ങളാകുന്നത എ ന്തെന്നാൽ: "കന്യാസ്ത്രീകൾക്ക എല്ലാവൎക്കും ഞാൻ ഇഷ്ട
„മുള്ളവളായിരുന്നു, അതെന്തെ ഞാൻ പെരുമാറിവന്നി
„രുന്ന ആളുകളൊക്കയും പ്രസാദിപ്പിക്കുന്നതിന്നും അവൎക്ക
„ബൊധിക്കുന്നതിന്നും സർവ്വെശ്വരൻ ഇനിക്കുമനൊഗുണം
„ചെയ്തിരുന്നു, ഇതുനിമിത്തമായിട്ടു അവരാൽ ഞാൻ വ
„ളരെ സ്നെഹിക്കപ്പെട്ടിരുന്നു; അന്ന സന്യാസജീവിതത്തി

,,ന്മെൽ ഇനിക്ക അത്രെ പക്ഷമില്ലാതിരുന്നുവെങ്കിലും ആ
,,മഠത്തിലെ കന്യാസ്ത്രീകൾ വളരെ ഗുണാധികാരവും
,,ദൈവഭക്തിയും ക്രമവുമുള്ളവരായിരുന്നതിനെകൊണ്ട
,,അവരൊട്ടു പെരുമാറുവാനും അവരെ കാണ്മാനും ഇ
,,നിക്ക ബഹുഇഷ്ടവും സന്തൊഷവും ഉണ്ടായിരുന്നു: എ
,,ന്റെ ആത്മാവ ക്രമെണ ചെറുപ്പത്തിലെ നല്ല ആഗ്ര
,,ഹങ്ങൾക്കും നല്ലബുദ്ധികൾക്കും പിന്തിരികയും ചെയ്തു:
,,നല്ല പുണ്യവും ക്രമവുമുള്ള ആളുകളുടെ ഇടയിൽ ജീ
,,വിക്കുന്നതിന്ന സർവ്വെശ്വരൻ ഒരുത്തനെ വിളിക്കുമ്പൊ
,,ൾ അവന്നചെയ്യുന്നഅളവില്ലാത്തമനൊഗുണംവെണ്ടും
,,വണ്ണം ഞാൻബൊധിക്കയും ചെയ്തു: സർവ്വെശ്വരൻ എ
,,ന്നെ തന്റെപക്കൽ വീണ്ടുവിളിക്കുന്നതിന്ന പൊംവഴി
,,യെല്ലാം പ്രയൊഗിച്ചിരുന്നുവെന്ന ഇനിക്ക തൊന്നിയിരു
,,ന്നു. സർവ്വെശ്വര! ഇത്രനാളത്തെക്ക എന്നെ സഹിക്കയും
,,എന്നൊട്ടുക്ഷമിക്കയുംചെയ്തതിനാൽ നിനക്ക സ്തുതിസ്തൊ
,,ത്രവുമുണ്ടായിരിക്കട്ടെ,, അപ്പഴൊ നമ്മുടെ മഹാപുണ്യ
വതി ആയാശ്രമത്തിൽ പൊയിട്ടും മെലെഴുതിയ ഗുണ
ങ്ങളൊക്കയും തന്റെ ആത്മാവിന്ന സിദ്ധിച്ചിട്ടും അന്ത
സ്ഥിനെ തെരിഞ്ഞെടുക്കുന്ന സംഗതിയിൽവെച്ച ഉറപ്പുവ
രാതെ ചഞ്ചലപ്പെട്ടിരുന്നു, എന്നതന്നെ.യുമല്ല പിന്നെയൊ
താൻതന്നെ സാക്ഷിക്കുന്നതിൻ വണ്ണം അന്തസ്ഥിനെ തെ
രിഞ്ഞെടു ക്കുന്നതിൽ വെച്ച തെറ്റുവരാതെ സർവ്വെശ്വര
ന്റെ തിരുമനസ്സിന്നൊത്തപൊലെ അതിനെ തെരിഞ്ഞെ
ടുക്കുന്നതിന്ന ദൈവവെളിവും സഹായവുമുണ്ടാകുവാൻ
കന്യാസ്ത്രീകളൊട തനിക്കുവെണ്ടി പ്രാർത്ഥിപ്പാൻ എല്ലാവ
രൊട്ടും അപെക്ഷിച്ചിരുന്നുവെങ്കിലും കന്യാസ്ത്രീയന്തസ്ഥാ
കരുതെന്ന തന്റെഹൃദയത്തിൽ കെൾക്കപ്പെട്ടിരുന്ന ഒരു
സ്വരംഅത്രുവരെ കന്യാസ്ത്രീയന്തസ്ഥിന്മെൽ വെറുപ്പായി
രിപ്പാൻ കാരണമായിരുന്നു. നമ്മുടെപുണ്യവാളത്തി വീ
രന്മാക്കൊത്ത കാര്യങ്ങളെ നിറവെറ്റുന്നതിന്ന വിളിക്ക

പ്പെട്ടതാകുന്നവെങ്കിലും ആ കാൎയ്യങ്ങളെ നിറവെററുന്ന
തിന്നുള്ള വഴി അറിയുന്നില്ല എന്ന ഒരാത്മാവിനെ പൊ
ലെയായിരുന്നു: എന്നാൽ ഇങ്ങിനെയുള്ള ഉറപ്പില്ലാച്ചയെ
സ്ഥിരപ്പെടുത്തു ന്നതിന്നും, തന്റെ വിഷാദങ്ങളുടെ രഹ
സ്യം കണ്ടുപിടിച്ച അവയൊക്കയും നീക്കുന്നതിന്നും, ലൊ
കത്തിന്നടുത്ത ആത്മാവായിരുന്ന പുണ്യവാളത്തിയുടെ സം
ബന്ധക്കാരത്തിയെന്ന പെണ്ണെതലിന്റെ സംസാരങ്ങളാ
ൽ തന്റെ ഹൃദയിത്തിൽ പതിഞ്ഞിരുന്ന ലൊക ന്യായങ്ങ
ളെയെല്ലാം നിൎമ്മൂലമാക്കുന്നതിന്നും തക്കാത്രാണിയുള്ള ആ
ത്മാവിനെ ആയാശ്രമത്തിൽ കണ്ടെത്തുകയും ചെയ്തു. ഇ
തിന്മെൽ പുണ്യവാളത്തി എഴുതിയതായത: "ആയാശ്ര
„മത്തിൽ വളൎത്തപ്പെട്ടിരുന്ന അള്ളെമനി പെണ്ണെതങ്ങളു
„ടെ കൂട്ടത്തിൽ വസിച്ചിരുന്ന ഒരുകന്യാസ്ത്രീ (അതായത
മെൽ ചൊല്ലിയ ദൊന്ന മറിയംബ്രിസ്സെഞ്ഞാ എന്ന ഉ
ത്തമ കന്യാസ്ത്രീ) „വഴിയായിട്ട എന്റെ കണ്ണുകളെ തു
„റപ്പാൻ തമ്പുരാൻ തിരുമനസ്സായി എന്ന ഇനിക്കുതൊന്നു
„ന്നു: ൟ കന്യാസ്ത്രീയുടെ നല്ലതും വിവെകമുള്ളതുമായ
„സംസൎഗ്ഗം ഇനിക്കിഷ്ടമുള്ളതായി തുടങ്ങി: വിവെകവും
„പുണ്യവും ഉള്ളവളായിരുന്ന ആ കന്യാസ്ത്രീ തമ്പുരാനെ
„കുറിച്ച സംസാരിച്ചിരുന്നതിനെ കെൾക്കുന്നത എന്റെ
„പൂൎണ്ണ സന്തൊഷമായിരുന്നു: വിളിക്കപ്പെട്ടവര പലര
„തെരിഞ്ഞെടുക്കപ്പെട്ടവര ചുരുക്കം എന്ന ൟ തിരുവാ
„ക്യം ശുദ്ധ.- സുവിശെഷത്തിൽ അവൾ വായിച്ചതിനാ
„ൽ ലൊകത്തെ ഉപെക്ഷിപ്പാനും, കന്യാസ്ത്രീ അന്തസ്ഥി
„നെ തെരിഞ്ഞെടുപ്പാനും നിശ്ചയിക്കയുണ്ടായ്തു എന്ന ൟ
„വിവരവും, തന്നെപ്രതി സൎവ്വത്തെയും ഉപെക്ഷിക്കുന്നവ
„ൎക്ക സൎവ്വെശ്വരൻ ആസ്ഥമാക്കി വെച്ചിരിക്കുന്ന സമ്മാന
„ങ്ങളുടെ വലിപ്പവും എന്നൊട ആ കന്യാസ്ത്രീ പറഞ്ഞി
„രുന്നു, ഇങ്ങിനെയുള്ള ഭക്തിക്കടുത്ത സംസാരങ്ങൾ കൊ
„ണ്ട എന്റെ ഹൃദയം ലൊക ചങ്ങാത്തങ്ങളിൽനിന്ന ധ

,,രിച്ചിരുന്ന തഞ്ഞ്യതഴക്കങ്ങളെ മാററുവാൻ തുടങ്ങി നിത്യ
,,പരമ കാൎയ്യങ്ങളുടെമെലുള്ള ആഗ്രഹം പിന്തിരിഞ്ഞു വ
,,രികയും ചെയ്തു· സന്ന്യാസ അന്തസ്ഥിന്മെൽ ഇനിക്കുണ്ടാ
,,യിരുന്ന വിരൊധവും വെറുപ്പും കെട്ടുപൊയി· നമസ്കാ
,,രനെരത്തിൽ ഒരു കന്ന്യാസ്ത്രീ കണ്ണുനീരു ചിന്തുന്നതിനെ
,,കാണുകയൊ, മററുകന്ന്യാസ്ത്രീ വല്ലപുണ്ണ്യപ്രവൃത്തിയിൽ
,,അഭ്യസിക്കുന്നതിനെ കാണുകയൊ ചെയ്താൽ ഇനിക്കുട
,,നെ ആ പുണ്ണ്യങ്ങളുടെമെൽ വലിയപൈശുന്യം തൊ
,,ന്നിയിരുന്നു: അതെന്തെ ആകാലത്തിൽ ഞാൻ ഒരു കണ്ണു
,,നീരുപൊലും ചിന്താതെകണ്ട കൎത്താവിന്റെ പങ്കപ്പാ
,,ടുമുഴുവനും ഒൎത്തു ചിന്തിച്ചെന്നെ, എന്റെ ഹൃദയം ഇത്ര
,,കടുപ്പമായിരുന്നു, എന്നാൽ ഇത എത്രയൊ എന്നെ വ്യ
,,സനപ്പെടുത്തിയിരുന്നു: ൨൦ ആശ്രമത്തിൽ ഒന്നര വരു
,,ഷം ഞാൻപാൎത്തു അതിൽ പ്രവെശിച്ചപ്പൊഴത്തെ കാ
,,യിലും എററം ഞാൻ നന്നാകയും ചെയ്തു,, എന്നാൽന
മ്മുടെ പുണ്ണ്യവാളത്തിയുടെ ഹൃദയം കൊടുങ്കാററിനാൽ
ഇളകപ്പെട്ട കടൽപൊലെ ആയിരുന്നതിനെകൊണ്ട കൂ
ടക്കൂടെ തന്റെ സ്വരങ്ങളെ ആകാശത്തൊട്ട ഉയൎത്തി
വന്നതുകൂടാതെ മെൽചൊല്ലിയിരിക്കുംവണ്ണം അന്തസ്ഥ
തെരിഞ്ഞെടുക്കുന്ന സംഗതിയിങ്കൽവെച്ച തെററുവരാതെ
സൎവ്വെശ്വരൻ തന്റെ തിരുമനസ്സ തന്നൊടറിയിക്കുന്നതി
ന്ന പ്രാൎത്ഥിപ്പാൻ ശെഷം കന്ന്യാസ്ത്രീകളൊട താല്പൎയ്യമാ
യിട്ട താൻ അപെക്ഷിച്ചു വന്നിരുന്നു: പുണ്ണ്യവാളത്തിയു
ടെ ഉണ്ണമുള്ള സ്വഭാവത്തൊടുകൂടെ ൨൦ ജ്ഞാനയുദ്ധങ്ങ
ളും വിഷാദങ്ങളും കൂടിയപ്പൊൾ ശരീരം വീണു, ബലം
കെട്ടു, കഠിനമായ ദീനത്തിൽ അകപ്പെട്ടതിനാൽ ഉട
നെ അവരുടെ അപ്പൻ വീട്ടിലൊട്ട കൂട്ടികൊണ്ടപൊ
രികയും ചെയ്തു· എന്നാൽ ഇവിടെ ദൈവ വിചാരണ
യുടെ അതിശമായ വഴികളെ കണ്ടുകൊണ്ട സൎവ്വെശ്വര
നെ സ്തുതിപ്പാൻ തക്ക ഒരുസംഗതി ഒപ്പിപ്പാനുണ്ടായിരിക്കു

ന്നു; അതായത, നമ്മുടെശുദ്ധമാകപ്പെട്ടവൾ മെൽചൊല്ലിയ ആശ്രമത്തിൽ നിന്ന കന്ന്യാസ്ത്രീ മഠത്തിൽ കൂടി കന്ന്യാസ്ത്രീയായി സൎവ്വെശ്വരന്ന ചിററാഴ്മ ചെയ്യെണമെന്നുള്ള മനസ്സൊടുകൂടെ പുറപ്പെട്ടുവെങ്കിലും തന്റെ ആത്മാവിന്ന വളരെഗുണങ്ങൾ സാധിപ്പാൻ കാരണമായ മെൽചൊല്ലിയ കന്ന്യാസ്ത്രീമഠത്തിൽ നടന്നിരുന്ന തപസ്സും കട്ടപ്പവും സഹിപ്പാൻ തന്നാൽ കഴിയുന്നതല്ല എന്നുതൊന്നിയിരുന്നതിനാലും കന്ന്യാസ്ത്രീകളിൽ ചിലര അവിടെ കൂടിയതിനാൽ അവൎക്ക കുറെ ക്ലെശമായിരുന്നപ്രകാരം നമ്മുടെ പുണ്ണ്യവാളത്തിയൊട ചിലപ്പൊൾ പറഞ്ഞിരുന്നതിനെകൊണ്ടും ആ മഠത്തിൽകൂടുവാൻ കഴികയില്ല എന്നുള്ള ഉറപ്പൊടുകൂടെ നമ്മുടെ പുണ്ണ്യവാളത്തി അവിടെ നിന്ന പുറപ്പെട്ടുകയും ചെയ്തു. കൎമ്മെലൊ സഭയുടെ ഗുരുനാഥയും മാതാവുമാകുവാൻ സൎവ്വെശ്വരനാൽ തെരിഞ്ഞെടുക്കപ്പെട്ടവളായിരുന്നതു കൊണ്ടത്രെ സൎവ്വെശ്വരൻ അതിൻവണ്ണം തൊന്നിച്ചത എന്ന വിചാരിപ്പാൻ ന്ന്യായമായിരിക്കുന്നു; അതെന്തെ കൎമ്മെലീത്ത സഭയിൽ സ്ഥാപിച്ച തപസ്സും കട്ടപ്പവും മെൽ ചൊല്ലിയ മഠത്തിൽ തന്നെപെടിപ്പിച്ച തപസ്സിനെയും കട്ടപ്പത്തെയും കാൾ അധികമായിരുന്നു.

അപ്പഴൊ ദൊൻ അലൊൻസൊ എന്ന നമ്മുടെ പുണ്ണ്യവാളത്തിയുടെ അപ്പൻ ബഹു താല്പൎയ്യത്തൊടുകൂടെ മകളെ ചികിത്സിപ്പിച്ചതിനെ കൊണ്ട താമസംകൂടാതെ കുറെ ആശ്വാസം വരികയും ചെയ്തു. എന്നാൽ ദിക്കുമാറി കുറെ നാളത്തെക്ക വെറിട്ടൊരു ദിക്കിൽ പാൎത്താൽ മുഴുവൻ സൌഖ്യം വരുമെന്ന സ്നെഹമുള്ള അപ്പൻബൊധിച്ച, പുണ്ണ്യവാളത്തിയെ വളരെ സ്നെഹിച്ചിരുന്ന മറിയം ചെബെദ എന്ന ജെഷ്ഠത്തി പാൎത്തിരുന്ന കസ്തെല്ല്യാനൊ ദെല്ല, കഞ്ഞാദ, എന്ന ദിക്കിലെക്ക അവരെ അയക്കയും ചെയ്തു. നമ്മുടെ പുണ്ണ്യവാളത്തി ജെഷ്ഠത്തിയുടെ വീട്ടി

ലൊട്ടു പൊകുന്ന വഴിമദ്ധ്യെ തന്റെ പെരപ്പനായിരു
ന്ന പത്രൊസു, സാന്റ്ക്കസ്, ചെബെദ, എന്ന പുണ്യദെഹ
ത്തിന്റെ വീട്ടിൽകെറി പെരപ്പനെ ഒരുവിസിത്ത കഴി
ക്കയും ചെയ്തു· ധ്യാനത്തിന്മെലും പുണ്യസാംഗൊപാംഗ
ത്തിന്മെലും മഹാ താല്പൎയ്യക്കാരനായിരുന്ന ഠരം ദെഹം
മരുമകളൊട കുറെനാളത്തെക്കയെങ്കിലും പുണ്യകാൎയ്യങ്ങ
ൾകൊണ്ടു സംസാരിപ്പാനും, ആലൊചിപ്പാനും ആഗ്രഹി
ച്ചു ഉടനെ അവരെ വിടാതെ കുറെനാളത്തെക്ക വൈധ
വിയായിരുന്ന തന്റെപക്കൽ താമസിപ്പിക്കയുംചെയ്തു: ആ
യത ഇരുവൎക്കും എത്രയും ജ്ഞാനൊപകാരമുള്ളതായിതീ
ൎന്നു· പത്രൊസു അതിന്നുമുമ്പിൽ വെണ്ടുംവണ്ണംഗ്രഹിച്ചിരു
ന്ന ലൊകമായയം എററം നല്ല തെളിവൊടു കൂടെ ഗ്രഹി
പ്പാനും ലൊക വസ്തുക്കളൊക്കയുടെമെൽ എററം വെറു
പ്പവരുന്നതിന്നും സംഗതിയായതുകൂടാതെ നമ്മുടെ നാളാ
ഗമ ചരിത്രക്കാരൻ എഴുതിസാക്ഷിച്ചിരിക്കുന്നതിൻവണ്ണം
സന്യാസിമഠത്തിൽ കൂടി അതിൽ മരണത്തൊളം പുണ്യ
മായിട്ടു ജീവിക്കുന്നതിന്ന സംഗതിയാകയും ചെയ്തു· അതി
ൻവണ്ണം തന്നെ നമ്മുടെ പുണ്യവാളത്തിയുടെ ആത്മാവി
ന്ന സിദ്ധിച്ച ഗുണം എത്രയും എററിക്കപ്പെട്ടതാകയുംചെ
യ്തു: പെരപ്പന്റെ കണ്ടുപഠിതപംകൊണ്ടും ഗുണദൊഷം
കൊണ്ടും, വായിക്കുന്നതിന്നുകൊടുത്ത പുസ്തകങ്ങളുടെവാ
യനയാലും പുണ്യത്തിൽ ഉറെക്കുന്നതിന്നും, നിയൊഗിച്ചി
രുന്ന പരാക്രമ കാൎയ്യങ്ങളെ നിറവെററുന്നതിന്ന മനസ്സു
സ്ഥിരപ്പെടുന്നതിന്നും സംഗതി വരികയും ചെയ്തു· എന്നാ
ൽ പ്രത്യെകമായിട്ടു റൊമ്മയിലെ പാബ്യൊ, പെനലൊ
എമീലി, മച്ചെല്ലി എന്ന കീൎത്തിപെട്ട പ്രഭുക്കന്മാരുടെ
വംശക്കാരായ ഉത്തമ സ്ത്രീകളെ ലൊകസമ്പത്ത ബഹു
മാനം മുതലായ അനിത്യവാഴ്ചകളെ ഉപെക്ഷിച്ച സീരി
യ ദെശത്തിലെ വനവാസങ്ങളിൽ ചെന്ന ആകാശമൊ
ക്ഷത്തിൽ കരെറുന്ന ഗൊവണി ഉയൎത്തുവാൻ മനസ്സാക്കി

യ ദിവ്യ തീയാൽ എരിഞ്ഞിരുന്ന ബെസ്ലെഹം മുനി എന്ന
പെരുവിളിക്കപ്പെട്ട മാർ ഇറാണിമൊസ്സ മല്പാൻ മെലെ
ഴുതിയ, ഉത്തമ പെണ്ണുങ്ങൾക്ക എഴുതിയ കുറികളു
ടെ അസ്ത്രം പൊലെ കൂൎമ്മയുള്ളതും, തീ പൊലെ ചൂടുള്ള
തുമായ വായനയാൽ നമ്മുടെ പുണ്യപതിയുടെ ബൊധ
വും ഹൃദയവും സമ്മതിച്ച ഒരു സമയത്ത ലൊകത്തെ ഉ
പെക്ഷിപ്പാൻ നിശ്ചയിക്കയും ചെയ്തു. ഇങ്ങിനെയുള്ള ജ്ഞാ
ന സമ്പാദ്യങ്ങളൊടുകൂടെ പെരപ്പന്റെ വീട്ടിൽനിന്ന
പുറപ്പെട്ട ജെഷ്ഠത്തിയുടെ വീട്ടിൽ പൊകയും ചെയ്തു. അ
വിടെയും എത്രയും മഹാ പക്ഷത്തൊടു കൂടെ കൈക്കൊ
ള്ളപ്പെട്ടതു കൂടാതെ പുണ്യത്തിന്ന വെണ്ടുന്ന സഹായവും
പൊംവഴികളും തനിക്കുണ്ടാകയും ചെയ്തു. ൟവണ്ണം
പുണ്യത്തൊടു കൂടെ കുറെ നാളത്തെക്ക ജെഷ്ഠത്തിയുടെ
വീട്ടിൽ താമസിച്ചാറെ അപ്പന്റെവീട്ടിൽ പൊരികയും
ചെയ്തു. അവിടെ ചെന്നതിന്റെ ശെഷം തന്റെ ഹൃദയ
ത്തിൽ ഉണ്ടായ ജ്ഞാന യുദ്ധങ്ങൾ നമ്മുടെ പുണ്യ വാള
ത്തിയുടെ വായിൽ നിന്ന കെട്ടാൽ നമുക്കെററം രുചിയു
ള്ളതായിത്തൊന്നുന്നതാകയാൽ ഇതിന്മെൽ പുണ്യ വാള
ത്തി യെഴുതിയത ഇവിടെ പെൎക്കയും ആം അതാകുന്ന
തെന്തെന്നാൽ:,, ഞാൻ മൂന്നമാസംവരെ ൟന്ന്യായത്താൽ
,,എന്നൊടുതന്നെയുദ്ധം ചെയ്തിരുന്നു അതായത: കന്യാസ്ത്രീ
,,യന്തസ്ഥിലെ ഞെരുക്കങ്ങളും, പാടുകളും വെസ്പക്കാനാ
,,യിലെ ദുരിതങ്ങളെക്കാൾ അധികം വലിയതാകുവാൻ
,,വഹിയ, എന്നാൽ ഞാൻ നരകത്തിന്ന യൊഗ്യമുള്ള വ
,,ളായതിനെ കൊണ്ട ഞാൻ ശരണപ്പെട്ടിരുന്നതിൻ വ
,,ണ്ണം ൟഭൂമിയിൽ നിന്ന ചൊവ്വെ ആകാശമൊക്ഷത്തി
,,ലെക്ക പൊകുന്നതിന്ന എന്റെ ചുരുങ്ങിയ ആയുസ്സിന്റെ
,,കാലം വെസ്പക്കാനായിലെ പൊലെ കഴിച്ചാൽ അത്ര
,,വലിയ കാൎയ്യമല്ല എന്ന ഞാൻ വിചാരിച്ചിരുന്നു. എ
,,ന്നാൽ ഞാൻ സെന്യാദികളുടെ ഇടയിൽ വളൎന്ന വള

,,യിരുന്നതിനാലും എററം മൃദുവായ ശരീരാവസ്ഥക്കാര
,,ത്തിയായിരുന്നതിനെ കൊണ്ടും കന്യാസ്ത്രീമഠത്തിന്റെ
,,ഞെരുക്കങ്ങളെ സഹിപ്പാൻ വശമാകയില്ല എന്നപിശാ
,,ച എന്റെ ബൊധത്തിൽ തൊന്നിച്ചിരുന്നു; അപ്പൊൾ
,,ഞാൻ മിശിഹാ കൎത്താവിന്റെ പാടുകളെ ഒൎത്തതന്റെ
,,സ്നെഹത്തെപ്രതി ഞാൻ വല്ലഞെരുക്കം അനുഭവിച്ചാൽ
,,അത്രെ വലിയകാൎയ്യമാകയില്ല എന്നു തന്നെയുമല്ല പിന്ന
,,യൊ? മിശിഹാ തമ്പുരാൻ അവകളെ ക്ഷമിപ്പാൻ എ
,,ന്നെ സഹായിക്കുമെന്ന എന്നൊടുതന്നെ ഞാൻ പറഞ്ഞു
,,കൊണ്ടു മെൽ ചൊല്ലിയ പരീക്ഷയൊടു മറുതലിച്ചിരു
,,ന്നു. ആദിവസങ്ങളിൽ ഞാൻ വലിയ പരീക്ഷകളെ
,,സഹിച്ചു ഇനിക്കു നല്ല സൌഖ്യം ഒരിക്കലും ഉണ്ടാ
,,യിട്ടില്ലായെങ്കിലും ആയുധത്തിന്റെ ദിവസങ്ങളിൽ വി
,,ശെഷാൽ പനിയൊടു ക്രൂടെ ചില വലിയ മൊഹാല
,,സ്യങ്ങൾ വരികയും ചെയ്തു. നല്ലപുസ്തകങ്ങളുടെ സ്നെ
,,ഹക്കാരത്തിയായി ചമഞ്ഞിരുന്നതിനാൽ ഇനിക്ക വലിയ
,,ഉപകാരവും രക്ഷയുമാകുയും ചെയ്തു. എന്നാൽ വി
,,ശെഷപക്ഷത്തൊടു ക്രൂടെ മാൎഇറാണിമൊസു പുണ്യ
,,വാളന്റെ കുറികളെ വായിച്ചിരുന്നു: എന്റെ നിയൊ
,,ഗം അപ്പനൊടു പറവാൻ തക്ക ധൈൎയ്യം ആ വായന
,,യാൽ ഇനിക്ക ഉണ്ടാകുയും ചെയ്തു. എന്നാൽ അപ്പ
,,ന്റെ സമ്മതം കിട്ടുവാൻ മററാളുകളെ കൊണ്ടു അപ്പ
,,നൊടു പറയിപ്പിക്കയും അപെക്ഷിപ്പിക്കയും ചെയ്തുവെ
,,ങ്കിലും അത ഇനിക്ക കിട്ടുവാൻ കഴിഞ്ഞില്ല അത്രെ എ
,,ന്നെസ്നെഹിച്ചിരുന്നു: അയാളുടെമരണത്തിന്റെ ശെഷം
,,എന്റെ ഇഷ്ടംപൊലെ എങ്ങനെയെങ്കിലും ചെയ്യാൻ
,,മാത്രം സമ്മതിച്ചു എന്നാൽ ഞാൻ എന്റെ ക്ഷീണവും
,,അവസ്ഥയും ഒൎത്തിട്ടു എന്റെ നല്ലപ്രതിജ്ഞകളിൽനിന്ന
,,പിൻവാങ്ങുന്നതിന്ന ഇടവരുമൊ എന്ന ഞാൻ വിചാ
,,രിച്ച ഭയപ്പെട്ടിരുന്നു: ഇത്ര ദീൎഘമായിട്ടു താമസിക്കുന്നത

,,ശരിയല്ല എന്നുകണ്ടു മററ വഴിയായിട്ടു എന്റെ പ്രതി
,,ജ്ഞകളെ നിറവെററുവാൻ നിശ്ചയിക്കയും ചെയ്തു.

മെലെഴുതിയ വചനങ്ങളെ നാം വെണ്ടും വണ്ണം സൂക്ഷിക്കുന്നു യെങ്കിൽ ദൈവസ്നെഹം നമ്മുടെ പുണ്യവാളത്തിയുടെ ഹൃദയത്തിൽ എത്രയും ശക്തിപ്പെട്ടു വന്നിരുന്നുവെന്ന ബൊധിക്കയും ആം: എന്നാൽ നമ്മുടെ ശുദ്ധമാകപ്പെട്ടവൾ നിശ്ചയിച്ചിരുന്നതിൻവണ്ണം തന്നെ മുഴുവനും ദൈവത്തിന്ന ബലിയായിട്ടു പൂജിക്കുന്നതിന്ന ആശ്രമം തെരിഞ്ഞെടുക്കുന്ന സംഗതിയിങ്കൽ വെച്ച ആലൊചന കഴിച്ചുവെങ്കിലും ആ കാലത്തിൽ ആവില പട്ടണത്തിൽ വിശെഷ പുണ്യസാംശൊ പാംഗത്താലും ക്രമത്തിന്റെ സൂക്ഷ്മമുള്ള കാപ്പുകൊണ്ടും കീൎത്തിപെട്ടിരുന്നകൎമ്മലീത്ത കന്യാസ്ത്രീകളുടെ ഇൻകാൺസ്യൊനിന്റെ ആശ്രമം വെഗത്തിൽ തെരിഞ്ഞെടുക്കയും ചെയ്തു: ഠരം തെരിഞ്ഞെടുപ്പിന്ന ആ മഠത്തിൽ ഉണ്ടായിരുന്ന പുണ്യവാളത്തിയുടെ വലിയ സ്നെഹക്കാരത്തിയായ ജൊവാന്നസ്വാരസ് എന്ന ഉത്തമ കന്യാസ്ത്രീയുടെ ഗുണദൊഷവും സഹായിച്ചുവെങ്കിലും പ്രത്യെകം ദൈവ വിചാരണയാൽ ഇത സംഭവിച്ചുവെന്ന വിചാരിപ്പാൻ എത്രയൊ ന്യായങ്ങൾ ഉണ്ടായിരിക്കുന്നു. എന്നാൽ ഠരം ചരിത്രത്തിൽ ക്രമെണ എഴുതുവാനുള്ളതിന്മെൽ ഇപ്പൊൾ മിണ്ടടങ്ങിക്കൊണ്ടു നമ്മുടെ പുണ്യവാളത്തി ആ യാശ്രമത്തിൽ കൂടുന്നതിന്ന കുറെകാലം മുമ്പുണ്ടായിട്ടുണ്ടായിരുന്ന ഒരു നിറവ്യസുഖം ഇതിന്ന ഉറപ്പുള്ള സാക്ഷിയായിരിക്കുന്നു. അതെന്തെന്നാൽ: മെൽ ചൊല്ലിയ ഇൻക്കാൺസ്യൊനിന്റെ കൎമ്മലീത്താശ്രമം ആവില നഗരിക്കു പുറത്ത ഒരു വെളിമ്പറമ്പിൽ പണിചെയ്യപ്പെട്ടതാകുന്നതിനെ കൊണ്ട ഒരു ദിവസം അറിയാത്തതിൽ ഒരു പുരുഷൻ ആ പറമ്പിൽ ചെന്ന ഒരു നിക്ഷെപം അന്വെഷിക്കുന്നുവെന്നപറഞ്ഞു ആക്കൊവെന്തയിലെ ഒരൊരു ഇടങ്ങളിൽ നൊക്കിശൊ

ധനചെയ്യുമാറെ അന്വെഷിച്ചിരുന്ന നിക്ഷെപം കണ്ടെത്തുന്നതിന്ന ഇടവന്നില്ല: എന്നാൽ അവിടെനിന്ന പൊകുന്നതിന്നുമുമ്പിൽ കന്യാസ്ത്രീകളൊട്ടു നിവ്യ സുഖമായിട്ടു ,,പറഞ്ഞതായത: ,,ഒരം വീട്ടിൽ ത്രെസ്യ എന്ന പെരുവി ,,ളിക്കപ്പെട്ടുമെന്ന ഒരു പുണ്യവാളത്തി വസിക്കും,, നമ്മുടെപുണ്യവാളത്തി ആ യാശ്രമത്തിൽ കൂടീട്ടു ഒരം നിവ്യ സുഖം കന്യാസ്ത്രീകളുടെ ഒമ്മയിൽ ഉണ്ടായിരുന്നതിനെ കൊണ്ട പുണ്യവാളത്തിയും അതിനെഅറിവാൻ സംഗതി വരികയും ചെയ്തു: എന്നാൽ താൻ എത്രയും എളിമയുള്ളവളും സംസാരത്തിൽ പ്രസാദബുദ്ധി പറയുന്നതിന്ന സാമൎത്ഥ്യപ്പെട്ടവളും ആയിരുന്നതിനെകൊണ്ടെ ചിലവെളയിൽ ഇൻ കൎന്നസ്യൊനിന്റെ ആശ്രമത്തിൽ ത്രെസ്യ എന്ന പെരായിട്ടു ഉണ്ടായിരുന്ന വെറിട്ടൊരു കന്യാസ്ത്രീയൊട്ടു നിവ്യസുഖം ഇരുവരിൽ ആരിൽ തികയപ്പെട്ടുമെന്ന താൻ കളിവിനൊദമായട്ടു ചൊദിക്കുമാറായിരുന്നു എന്നാൽ പുണ്യവാളത്തി കളിവിനൊദ വാക്കായിട്ടും ഒരം വണ്ണം പറഞ്ഞിരുന്നുവെങ്കിലും ആ നിവ്യസുഖം തന്നിൽ മുഴുപനാകും വണ്ണം തികയപ്പെട്ടതായി നാം കാണുകയും ചെയ്യുന്നു.

## ൩ാം അദ്ധ്യായം.

ത്രെസ്യ കമ്മെലൊ ദെവമാതാവിന്റെ ആശ്രമത്തിൽപൊയി കൂട്ടുന്നതിന്ന അപ്പന്റെ വീട്ടിൽ നിന്ന ഒടിപ്പൊയതും, മരിച്ചവരുടെ ദിവസത്തിൽ കമ്മെലീത്ത സഭയുടെ തിരുവസ്ത്രങ്ങളാൽ അലങ്കരിക്കപ്പെട്ടിട്ട പരീക്ഷയുടെകാലം എതിരൊട്ടുകൂടെ കഴിച്ചതും, പറഞ്ഞൊപ്പ ചെയ്ത വിവരവും.

മഹാധൈൎയ്യക്കാരത്തി ആയിരുന്ന നമ്മുടെ ശുദ്ധമാക്ക

പ്പെട്ടവൾ കന്യാസ്ത്രീമഠത്തിൽ കൂടുന്നതിന്ന ഇളക്കം വ
രുവാൻ വഹിയാത്തപ്രകാരത്തിൽ നിശ്ചയിച്ചതിനെ നി
റവെറ്റുന്നതിന്ന സംബന്ധക്കാര പ്രത്യെകം അവരുടെ
അപ്പൻ ചെയ്യാനിരുന്ന വിരൊധങ്ങളെ കണ്ട അവരുടെ
സ്നെഹക്കാരത്തി ജൊവാന്ന സപാരസ് എന്ന കന്യാസ്ത്രീ
യുടെ സഹായത്താൽ എററം എളുപ്പത്തിൽ എല്ലാവിഷമ
ങ്ങളിൽനിന്ന ഒഴിവാൻവെണ്ടി താൻ അപ്പന്റെ വീട്ടിൽ
നിന്ന ഒടിയൊളിപ്പാൻ നിശ്ചയിച്ച വിവരം മെൽചൊ
ല്ലിയ കന്യാസ്ത്രീയൊട്ട പറഞ്ഞതുകൂടാതെ ആശ്രമത്തിൽ
ചെന്നാൽ ഉടനെ വാതിൽ ഉറന്ന തന്നെകൂട്ടുവാൻ തക്ക
വണ്ണം സകലവും ആസ്ഥമായിരിപ്പാൻ ചട്ടം കെട്ടുക
യും ചെയ്തു: ഇങ്ങനെയൊക്കയും ആസ്ഥമായതിന്റെ ശെ
ഷം ഒരുദിവസം വെളുപ്പിന്ന തന്റെ ഗുണദൊഷങ്ങളാ
ൽ ലൊകമായം അറിഞ്ഞ ലൊകത്തെ ഉപെക്ഷിപ്പാൻ
നിശ്ചയിച്ചിരുന്ന അന്തൊന്യൊ ദെന്നമാദ എന്ന ആങ്ങള
യൊട്ടുകൂടെ വീട്ടിൽ നിന്ന ഒളിവാലെ ഇറങ്ങി ഇൻകാൻ
സ്യൊനിന്റെ ആശ്രമത്തിലെക്ക ഒടിപ്പൊകയും ചെയ്തു:
നാം രണ്ട വചനം കൊണ്ട എഴുതിയറിയിക്കുന്ന ഈ സം
ഗതി നമ്മുടെ വീരപതിക്ക എത്രയൊ കൈപ്പും സങ്കട
വും നിറഞ്ഞതും, നിറവെറ്റുന്നതിന്ന എത്രയൊ വിഷമമു
ള്ളതും, നിറവെററിയതാൻ കഠിനമായ മനൊവ്യാകുല
മനുഭവിക്കുന്നതിന്ന കാരണവുമായ ഒരു സംഗതി ആതാക
യും ചെയ്തു: പുണ്യവാളത്തി തന്നെ ഇതിന്മെൽ എഴുതി
സ്സാക്ഷിച്ചതായത: ,, ഞാൻ എന്റെ അപ്പന്റെ വീട്ടിൽ
,,നിന്ന പുറപ്പെട്ടിറങ്ങിയ നെരത്ത അനുഭവിച്ച വ്യാകുലം
,,എത്രയൊ എററിക്കപ്പെട്ടത: ഞാൻ മരിക്കുമ്പൊൾ അ
,,തിനെക്കാൾ എററം വലിയ വ്യാകുലവും സങ്കടവു മ
,,നുഭവിക്കുമെന്ന തൊന്നുന്നില്ല എന്റെ ശരീരത്തിന്റെ
,,അസ്ഥികൾ എല്ലാം പിരിഞ്ഞുപൊകുന്ന പ്രകാരം ഇനി
,,ക്ക തൊന്നിയെന്ന ഇപ്പൊഴും നല്ലഒൎമ്മ ഇനിക്കുണ്ടായിരി

ക്ഷെന്നു,, എന്നാൽ ഒരം കഠിനമായ യുദ്ധത്തിന്ന കാരണ
മായ നരകപിശാചിന്ന എന്നുപകാരം· നമ്മുടെ പുണ്യ
വാളത്തിയുടെ ഹൃദയത്തിൽ എരിഞ്ഞിരുന്ന ഉപവി മര
ണത്തെക്കാൾ എററം ശക്തിയുള്ളതായിരുന്നതിനെ
കൊണ്ട സകലത്തെയും മനൊധൈൎയ്യത്തൊടുകൂ
ടെ ചവുട്ടി കൊണ്ട പിശാചിനൊടും, ലൊകത്തൊടും
മാംസത്തൊടും അതിശയമുള്ള ജയംകൊണ്ടവളായി ഇ
ൻകൺസ്യൊനിന്റെ ആശ്രമത്തിൽ എത്തുകയും ചെ
യ്തു: കാൎയ്യമറിഞ്ഞിരുന്ന കന്യാസ്ത്രീകൾ ഉടനെ ആശ്ര
മത്തിന്റെ വാതിൽതുറന്ന അവരുടെ കൂട്ടത്തിൽ കൈക്കൊ
ള്ളുകയും ചെയ്തു: നമ്മുടെപുണ്യവാളത്തി ആശ്രമത്തിൽ
പ്രവെശിച്ചപ്പുടനെ തൊററുപൊയ പിശാച നാണിച്ചു
പൊയതിനാൽ തന്റെ ബൊധത്തെ കലക്കിയിരുന്ന വി
ഷാദങ്ങളും ഇരിട്ടുള്ള രാത്രിയും നീങ്ങിയതിനെ കൊണ്ട
പറഞ്ഞൊപ്പിക്കരുതാത്ത സന്തൊഷവും ആത്മതെളിവും
അനുഭവിക്കയും ചെയ്തു: ശെഷം കന്യാസ്ത്രീകളെ കാര
ണവന്മാരെ പൊലെ വിചാരിച്ച എല്ലാവൎക്കും കീഴ്വഴ
ങ്ങി അവരുടെ കൂട്ടത്തിൽ തന്നെകൈകൊണ്ടതിനാൽ എ
ററം നന്ദിയുള്ള ഹൃദയത്തൊടുകൂടെ അവൎക്കസ്തുതിസ്തൊ
ത്രവും താൻചെയ്തിരുന്നു കന്യാസ്ത്രീകളൊ എന്നാൽ അ
വരുടെ പുതുകന്യാസ്ത്രീയുടെ വിശെഷ ഗുണങ്ങളെയും,,
ആചാരക്രമത്തെയും കണ്ട വളരെ സന്തൊഷിച്ച തന്റെ
നെരെ മഹാ പ്രിയംകാട്ടി തന്നെവളരെ പുന്നാരിച്ചിരു
ന്നു· എന്നാൽ മകളുടെ വീരന്മാൎക്കടുത്ത പ്രവൃത്തിയും മ
നസ്സും പിതാവിനൊട്ടു അറിയിപ്പാൻ ന്യായമെന്ന കണ്ട
എഴുതിയറിയിക്കയും ചെയ്തു: ദൊൻ അലൊൻ സൊ
മകൾ ഒടിയൊളിച്ചതിനെകൊണ്ട കുറെ സങ്കടമനുഭവി
ച്ചുവെങ്കിലും മഹാ വിവെകവും മൎയ്യാദയുമുള്ള ആൾ
ആയിരുന്നതിനെകൊണ്ട മകളുടെ വീരപ്രവൃത്തിയെ സ്തു
തിച്ച അതിന്മെൽ അതിശയപ്പെടുകയും ചെയ്തു: വിശെ

ഷിച്ച ആക്ഷണത്തിൽതന്നെ ആശ്രമത്തിൽ ചെന്ന സ്ത്രീധ
നം മുതലായ തൊക്കയും കൊണ്ടു കന്യാസ്ത്രീകളൊടു പ
റഞ്ഞ നിശ്ചയം വരുത്തി മാടമ്പികൾ കൂട്ടത്ത ധാരാള
ത്തൊടുകൂടെ ഉറപ്പിക്കയും ചെയ്തു: ഇങ്ങനെയുള്ളതെല്ലാം
തീൎന്നതിന്റെശെഷം നമ്മുടെ പുണ്യവാളത്തി ൲൫൱൩൰൬ാ
കാലം വൃശ്ചികമാസം ൨ാം തിയ്യതി സകല മരിച്ചവരു
ടെ തിരുനാളിൽ കൎമ്മെലൊദെവ മാതാവിന്റെ ശുദ്ധ
മാന വസ്ത്രങ്ങളാൽ അലങ്കരിക്കപ്പെട്ടുകയും ചെയ്തു: ഇ
താ സൎവ്വെശ്വരൻ തമ്പുരാൻ തന്റെ ദിവ്യ മാതാവി
ന്റെ സഭയുടെനെരെ കാണിച്ച മനൊഗുണവും കടാ
ക്ഷവും എത്ര ഏററിക്കപ്പെട്ടതായിരിക്കുന്നു: അതായത,
ലൊക മൊക്കയും അറിഞ്ഞിരിക്കുന്ന ന്യായങ്ങളാൽ തിരു
സ്സഭയൊടു മത്സരിച്ചിരുന്ന എട്ടാമത്തെ എൻറിക്കൊ സു
എന്നഇംക്ലാണ്ടുരാജാവമെൽ ചൊല്ലിയ ൲൫൱൩൰൬ാം ആ
ണ്ടിൽ അയാളുടെ രാജ്യത്തിൽ പുരുഷന്മാരുടെയും കന്യാ
സ്ത്രീകളുടെയും ആയിട്ടു തന്നെ ആശ്രമങ്ങളെ നിൎമ്മൂല
മാക്കുകയും ചെയ്തു: ആയതിൽ കൎമ്മെലീത്ത സന്യാ
സികളുടെ കൊവെന്തുകൾ ൲൫ന്നു ആയിരുന്നു എന്നതി
നെക്കൊണ്ടു കൎമ്മെലൊ ദെവ മാതാവിന്റെ സഭ ശെ
ഷം സഭകളെക്കാളിലും വലിയ ചെതങ്ങളെ അനുഭവി
ക്കയും ചെയ്തു: എന്നാൽ സ്നെഹംനിറഞ്ഞ പിതാവായി
രിക്കുന്നതാൻ ആ ചെതങ്ങളൊക്കയും തീൎത്ത മുമ്പിലത്തെ
തിൽ എന്നിയെ എററം വലിയ അലങ്കാരത്തൊടു കൂടെ
അതിനെ പുത്തനാക്കുവാൻ തക്ക ത്രാണിയും പുണ്യസുഖ
വുമുള്ള അത്ഭുതമക്കളെ ൨൰ം സഭക്കു ആ യാണ്ടിൽ തന്നെ
കൊടുപ്പാൻ തിരുമനസ്സായി.

അപ്പൊഴൊ നമ്മുടെ പുണ്യവാളത്തി കൎമ്മെലൊദെ
വമാതാവിന്റെ തിരു വസ്ത്രങ്ങളെ ധരിച്ച വുടനെ പറ
ഞ്ഞൊപ്പിപ്പാൻ വഹിയാത്ത സന്തൊഷമനുഭവിക്കയും
ചെയ്തു: മനൊദുഃഖങ്ങൾ എല്ലാം നീങ്ങി ആശ്രമത്തി

ലെ അഭ്യാസങ്ങളും കടങ്ങളും എററം ലഘുവും രുചിയുമുള്ള കൂട്ടങ്ങളായി തിരിയപ്പെട്ടു ആശ്രമത്തിൽ കൂടുന്ന തിന്നമുമ്പിൽ കരെറുവാൻ വഹിയാത്ത ഉന്നതമായ പാറകൾ എന്നതനിക്ക തൊന്നിയിരുന്ന വിഷമങ്ങളൊക്കയും എററം എളുപ്പമുള്ള വെട്ടുവഴികൾ എന്നു തൊന്നിതുടങ്ങി, ആശ്രമത്തിന്റെ തപസ്സുജീവിതവും എകാന്തവും തനിക്ക സഹിപ്പാൻ വഹിയാത്ത ദുരിതങ്ങളാകുന്നവെന്ന ദൂരത്തിൽ നിന്ന വിചാരിച്ചിരുന്നു, എന്നാൽ ആശ്രമത്തിൽ കൂടിയപ്പൊടനെ മധുരവും ഉല്ലാസവുമായി പകരപ്പെട്ടു: ആത്മാവ ലൊകസന്തൊഷങ്ങളെ അനുഭവിച്ചുവരികയിൽ ഭക്തിയുടെ വെള്ളങ്ങൾ പററിഉണങ്ങിയതുപൊലെ തൊന്നിയിരുന്നു, എന്നാൽ ആ തിരുവസ്ത്രങ്ങളെ ധരിച്ചപ്പൊടനെ ഭക്തിയുടെ വെള്ളങ്ങൾ പെരുകി സർവ്വെശ്വരന്റെ പക്കലൊട്ടുള്ള ആഗ്രഹങ്ങൾ എരികയും ചെയ്തു: പ്രത്യെകമായിട്ടു സമുദ്രത്തിന്റെ നടുവിൽ കൊടുങ്കാററിൽ അകപ്പെട്ടു അങ്ങൊട്ടു മിങ്ങൊട്ടും തള്ളപ്പെടുന്ന കപ്പലിനെ നടത്തുന്ന മാലുമി ആ വെള്ളങ്ങളിൽ മുങ്ങി ചാകുമെന്ന വിചാരിച്ച ഭ്രമിച്ചിരിക്കുന്ന സമയത്ത കരയിൽ ചെന്നു യൊഗ്യത്തിൽനിന്ന രക്ഷപെട്ടുവെന്നുകണ്ടാൽ അനുഭവിക്കുന്ന സന്തൊഷത്തെക്കാൾ അധികം സന്തൊഷം നമ്മുടെ പുണ്യവാളത്തി അനുഭവിക്കയും ചെയ്തു. അതായത, തന്റെ ബൊധം കൊണ്ടു ലൊകാവസ്ഥ അതിന്റെ മായം അതിന്റെ യൊഗ്യങ്ങൾ മുതലായ നിർഭാഗ്യങ്ങൾ ഒക്കയിൽനിന്നും സർവ്വെശ്വരൻ തന്നെ സൂക്ഷിച്ച ഉറമ്പത്തിൽ ചെത്തതിൻ വണ്ണം തനിക്ക തൊന്നിയിരുന്നതിനാൽ അനുഭവിച്ചിരുന്ന സന്തൊഷം ഇന്ന പ്രകാരമെന്ന പറവാൻ വഹിയ: എറിയ വൎഷം കഴിഞ്ഞിട്ടും ആശ്രമത്തിൽ കൂടിയപ്പൊൾ അനുഭവിച്ച സന്തൊഷത്തെ ഒൎത്താൽ വീണ്ടും അതിനെ അനുഭവിക്കമാറായിരുന്നുവെന്ന പുണ്യവാളത്തി ഒരംവചനങ്ങളാൽ

സാക്ഷിക്കുന്നു. അതായത: "ആശ്രമത്തിൽ കൂടുന്നതിന്റെ
,,മുമ്പിൽ ഉല്ലാസങ്ങൾക്കും മായങ്ങൾക്കും ചിലവഴിച്ചുവ
,,ന്ന നെരങ്ങളിൽ ആശ്രമത്തിൽ കൂടീട്ട പലപ്പൊഴും
,,ചൂലെടുത്ത അടിച്ചിരുന്നു, ആ സമയത്ത എന്റെല്ലാം അ
,,രിഷ്ടങ്ങളിൽ നിന്ന ഞാൻ രക്ഷപെട്ടുവെന്ന ഒൎമ്മതൊ
,,ന്നിയിരുന്നു, ഉടനെ സന്തൊഷത്തിന്റെ ആധിക്യത്താ
,,ൽ പരവശമായി പൊകുന്നതിന്വണ്ണമായിരുന്നു: ഇ
,,ത്ര അധികമായ സന്തൊഷം എവിടെനിന്ന ഇനിക്ക
,,വന്നിരുന്നുവെന്ന ഇനിക്ക അറിയാമെലാഞ്ഞു,, സൎവ്വെ
ശ്വരൻ ധാരാളമായിട്ട കൊടുത്തരുളിയ നന്മകൾക്ക
നമ്മുടെ എറിവുള്ള പുണ്യവാളത്തി ഉത്തരിപ്പാൻ തക്ക
വണ്ണം ഉത്സാഹിച്ചു, ആശ്രമത്തിൽ കല്പിച്ചിരിക്കുന്നതെ
ല്ലാം എറിവൊട്ടുകൂടെയും കുറവുകൂടാതെയും നിറവെ
റ്റുന്നുണ്ടെന്ന സ്ഥിരമുള്ള പ്രതിജ്ഞകളെ ചെയ്തുകൂടാ
തെ ധ്യാനത്തിന്റെ ഗുരുനാഥയാകുവാൻ ദൈവവിചാ
രണയാൽ നിയമിക്കപ്പെട്ടവളായിരുന്നതിനെ കൊണ്ടു
പ്രത്യെകം ധ്യാനത്തിന്മെൽ താല്പൎയ്യംവെച്ച അതിന്ന എ
റിയനെരം ചിലവഴിച്ചുതുടങ്ങി, അന്നുതന്നെ കൈക്കൊ
ണ്ടു ദൈവ വരങ്ങളിൽവെച്ച അത്രുപിക്കൂട്ടത്ത മല്പാന്മാ
ര കണ്ണുനീരുകളുടെ ദാനം എന്നുപറയുന്ന വരം ഒന്നാ
യിരിക്കുന്നു. അത്രുപിക്കൂട്ടത്ത വായനമെലും പ്രത്യെകം
പുണ്യവാളന്മാരുടെ ചരിത്രങ്ങളെ വായിക്കുന്നതിന്മെ
ലും, കീഴ്വഴക്കം, തപസ്സുമുതലായ പുണ്യങ്ങളുടെമെലും
വളരെ താല്പൎയ്യമുള്ളവരായിരുന്നു. എന്നാൽ വിശെഷമാ
യിട്ട കൂടപ്പിറപ്പുകളുടെ നെരെയുള്ള ഉപവിയെന്ന പു
ണ്യം നമ്മുടെ ശുദ്ധമാക്കപ്പെട്ട പുതുകന്യാസ്ത്രീയുടെപക്ക
ൽ പ്രകാശിച്ച പുണ്യമായിരിക്കുന്നു: ശെഷം കന്യാസ്ത്രീ
കൾക്ക വല്ല ചിറ്റാഴ്മ ചെയ്വാൻ മഹാജാഗ്രതയൊട്ടുകൂ
ടെ തരം നൊക്കിയിരുന്നു: ചില സമയങ്ങളിൽ പ്രാൎത്ഥ
നസ്ഥലത്തിൽ ചെന്ന കന്യാസ്ത്രീകൾ ഇട്ടെച്ചിരുന്ന വെ

ള്ള കാപ്പയെല്ലാം ക്രമത്തുംവഴി മടക്കി ചട്ടമാക്കുകയും, ശെഷം കന്യാസ്ത്രീകൾ അനുകൂലത്തിന്നും ഉറക്കത്തിന്നും ചിലവഴിച്ചിരുന്ന നെരത്തിൽ നമ്മുടെ പുണ്യവാളത്തി ആശ്രമത്തിലെ ഒരൊരൊ സ്ഥലങ്ങളെ അടിച്ചു വെടിപ്പാക്കുകയും മററ എളിമപ്പെട്ട വെലകൾ പ്രത്യെകം മററ കന്യാസ്ത്രീകളുടെമെൽ ചുമതലയായിരിക്കുമ്പൊൾ താൻ അവരുടെ പെർക്കായിട്ടു ചെയ്കയും ചെയ്തിരുന്നു; രാത്രി സമയങ്ങളിൽ വെട്ടം കയ്യിലെടുത്ത ആവശ്യക്കാർക്കു വിളക്കു കത്തിച്ചുകൊടുക്കയും, ചിലരെ വെട്ടം കാട്ടികൊണ്ടു മുറിയിൽ കൂട്ടികൊണ്ടു പൊകയും ചെയ്യുമാറായിരുന്നു; എന്നാൽ തന്റെ വീരമ്മാക്കുത്ത ഉപവി പ്രത്യെകം പ്രകാശിച്ചത താഴെ എഴുതുവാൻ പൊകുന്നസംഗതിയിൽ ആയിരിക്കുന്നു; അതാകുന്നതെന്തെന്നാൽ, ഇൻകൺസ്യൊനിന്റെ ആശ്രമത്തിൽ മഹാവ്യാധിക്കാരത്തി ആയിരുന്ന ബഹുക്ഷമയുള്ള ഒരു കന്യാസ്ത്രീക്കു വയററിൽ ഉണ്ടായിരുന്ന പുണ്ണുങ്ങൾ വഴിയായിട്ടു തിന്നുന്ന യാവനകൾ എല്ലാം പുറത്തിറങ്ങിയിരുന്നതിനെകൊണ്ടു ശെഷം കന്യാസ്ത്രീകൾക്കു വളരെ വെറുപ്പായിരുന്നതിനാൽ എല്ലാവരാൽ ഉപെക്ഷിക്കപ്പെട്ടു, എന്നാൽ ശുദ്ധമാകപ്പെട്ടവൾക്കു വളരെ അനുഗ്രഹവും ആ കഠിനപ്പെട്ട പാടുകളെ സഹിച്ചിരുന്ന നല്ല കന്യാസ്ത്രീയുടെ അതിശയമായ ക്ഷമമെൽ പൈശുന്യവുംതൊന്നി അവളുടെ മരണംവരെ തന്നാൽ കഴിഞ്ഞ ചിററാഴ്മ ചെയ്തുകൂടാതെ ആ വെദനകളെ കുറപ്പാനും ആ കന്യാസ്ത്രീയെ ആശ്വസിപ്പിപ്പാനും വളരെ പ്രയാസപ്പെടുകയും ചെയ്തു; ഇത്ര എരിവുള്ള ഉപവിക്കു സർവ്വെശ്വരൻ സമ്മാനം കല്പിച്ചരുളുവാൻ തിരുമനസ്സായി; അതെങ്ങനെയെന്നാൽ, തന്നെപ്രതി വളരെ പാടുപെടുവാൻ എറിക്കപ്പെട്ട ഒരു ആഗ്രഹം പുണ്യവാളത്തിയുടെ ഹൃദയത്തിൽ ചിന്തിയതു കൂടാതെ ആ കന്യാസ്ത്രീയനുഭവിച്ചി

രുന്ന വ്യാധിയൊ, അല്ലെങ്കിൽ സൎവ്വെശ്വരന്ന ഏററം ഇഷ്ടമായിരുന്ന മററ വ്യാധി എതെങ്കിലും കൊടുത്തയപ്പാൻ തന്നൊടു പ്രാൎത്ഥിക്കുന്നതിന്ന മനൊധൈൎയ്യംനൽകുകയും ചെയ്തു: പുണ്യവാളത്തിയുടെ അപെക്ഷ സൎവ്വെശ്വരൻ കൈക്കൊണ്ടു പുതു കന്യാസ്ത്രീ യായിരിക്കുമ്പൊൾതന്നെ പലവിധമായ ചടപ്പുകളെ സഹിപ്പാൻ സംഗതി യായി എന്നാൽ പറഞ്ഞൊപ്പ ചെയ്യുതിൽ പിന്നെ അപെക്ഷ മുഴുവനാകുംവണ്ണം നിവൃത്തി യാകയും ചെയ്തു: ആ യാണ്ടിൽ സൎവ്വെശ്വരൻ കൊടുത്തയച്ച ശരീര സൌഖ്യകെടുകൾ പൊരാഞ്ഞിട്ടു, ആശ്രമത്തിൽ കൂടിയവുടനെ അനുഭവിച്ചിരുന്ന മധുരവും ജ്ഞാനതെളിവും സൎവ്വെശ്വരൻ കുറെച്ച മനൊവിഷാദങ്ങളുടെയും ആത്മദുഃഖങ്ങളുടെയും എത്രയും കൈപ്പുള്ള കാസായും തന്നെ കുടിപ്പിപ്പാൻ തിരുമനസ്സാകയും ചെയ്തു: അനുഗ്രഹങ്ങളുടെ പിതാവായ സൎവ്വെശ്വരൻ ഠരംമഹാത്മാവിനെ വിശെഷമായിട്ടു ശുദ്ധീകരിക്കുന്നതിന്ന കന്യാസ്ത്രീകളിൽപലരും നമ്മുടെപുണ്യവാളത്തിക്കു വിരൊധികളായിതീരുവാൻ ഇടകൂട്ടുകയും ചെയ്തു: അതെങ്ങനെയെന്നാൽ ശുദ്ധമാക്കപ്പെട്ടവൾ സൎവ്വെശ്വരനിൽ നിന്നകൈക്കൊണ്ടിരുന്ന കണ്ണുനീരുകളുടെ ദാനത്തിന്റെ വിവരം കന്യാസ്ത്രീകൾ അറിഞ്ഞിട്ടില്ലാഞ്ഞതിനാൽ കഴിഞ്ഞിരുന്ന നെരങ്ങളിൽ എകാന്തത്തിൽ ഇരുന്ന കരയുന്നതിനെകണ്ടു കന്യാസ്ത്രീഅന്തസ്ഥിന്മെൽ വെറുപ്പാകുന്ന വെന്നും, സ്വാഭാവത്താൽ സന്തൊഷ കെടുള്ളവളെന്നും കൎമ്മെലിത്തസഭയ്ക്കു കൊള്ളുകയില്ലായെന്നുംചിലര മഹാആചാരമുള്ളവളായി ശെഷംപെര ചെയ്യെണ്ടുന്ന വെലകളെ മുമ്പിൽക്കൂട്ടി ചെയ്യുന്നവെന്നകണ്ടു എല്ലാകാൎയ്യങ്ങളിൽ എപ്പെട്ടുന്നവളെന്ന മററ ചിലരും കുററംപറഞ്ഞുവന്നിരുന്ന നമ്മുടെ പുണ്യപതി ആദിയിങ്കൽ ന്യായംകൂടാതെ തന്നെകുററപ്പെടുത്തുന്നപ്പൊൾ ഉള്ളിൽകുറെസങ്കടം അനുഭവിച്ചി

രുന്നുവെങ്കിൽ ഒഴിവും കഴിവും ഒന്നും പറയാതെ എല്ലാം ക്ഷമയൊടു കൂടെ സഹിച്ചിരുന്നു, എന്നാൽ ദിവസംപ്രതി പുണ്യ സാംഗൊ പാംഗത്തിൽ ഉറച്ചു വന്നതിനാൽ ക്രമെണ കററപ്പാടുകൾ തനിക്ക ഏററം രുചിയുള്ള യാവനകളായി തീരുകയും ചെയ്തു. ൟവണ്ണം നമ്മുടെ മഹാപുണ്യപതി അതിശയിപ്പാൻ തക്ക എരിവൊടു കൂടെ വലിയ പറഞ്ഞൊപ്പുകൾക്ക ആസ്ഥപ്പാടായിരിക്കുന്ന സംവത്സരത്തെ കഴിച്ചു വന്നിരുന്നുവെങ്കിലും: പറഞ്ഞൊപ്പു ചെയ്യുണ്ടുന്ന കാലം അടുത്തപ്പൊൾ ഒരു കൊട്ടയെ പിടിച്ചടക്കുവാൻ പലപ്പൊഴും പ്രയാസപ്പെട്ടിട്ടു സാധിക്കാതെ ഇരിക്കുമ്പൊൾ പടത്തലവൻ കൊപിച്ചു കഴിയുന്ന പ്രയത്നമൊക്കയും ചെയ്യുന്നതിൻവണ്ണം പിശാചു നമ്മുടെ പുണ്യവാളത്തിയുടെ അഴകുള്ള ആത്മാവു എന്നുള്ള കൊട്ടയെ പിടിച്ചടക്കുന്നതിന്ന പലപ്പൊഴും പ്രയാസപ്പെട്ടാറെ തൊലി ഏററു കൊണ്ടു നാണിച്ചുപൊയതിനാലയും, പറഞ്ഞൊപ്പു ചെയ്തു കഴിഞ്ഞാൽ പിടിച്ചടക്കുവാൻ വശമില്ലാത്ത കൊട്ടയെപൊലെ ഉറപ്പുള്ളവളാകുമെന്ന കണ്ടതുകൊണ്ടും കൊപിച്ചു അവനാൽ കഴിഞ്ഞ ആയുധങ്ങൾ എല്ലാം പ്രയൊഗിച്ചു നമ്മുടെവീരപതിയെ തൊല്പിപ്പാൻ പ്രയാസപ്പെടുകയും ചെയ്തു. സംശയങ്ങളും, ആ തപസ്സ ജീവിതത്താൽ വെഗത്തിൽ മരിക്കുമെന്നീവിചാരവും, അല്ലെങ്കിൽ അതിനെ ഉപെക്ഷിച്ചു ദൈവ ദ്രൊഹിയായിട്ടു ആശ്രമത്തിൽ നിന്നപൊകെണ്ടിവരുമെന്നുള്ള തൊന്നിപ്പുകളും, മരണത്തൊളം ഒരു നാഴികന്നു ആശ്വാസം അനുഭവിപ്പാൻ ഇടവരാതെ കഷ്ടപ്പെട്ടുമെന്നിതും, ലൊകത്തിലുണ്ടായിരുന്ന സമ്പത്ത ബഹുമാനം മുതലായ സന്തൊഷങ്ങളുടെ ഓൎമ്മയും ഇങ്ങനെ ഒരൊ ഉപായങ്ങളെയും നിരൂപണകളെയും പടപട പൊലെ പുണ്യവാളത്തിയുടെ ബൊധത്തിൽ കെററി കലക്കി വളരെ കഷ്ടപ്പെടുത്തുകയും ചെയ്തു. എന്നാൽ മെ

ലിൽ നിന്നുള്ള പ്രകാശത്തിന്റെ ഒരു കതിര നമ്മുടെ പു
ണ്ണ്യവാളത്തിയുടെ ബൊധത്തെ തെളിയിച്ച നരകശത്രു
വിന്റെ കണ്ണികളൊക്കയിൽ നിന്നും രക്ഷിക്കയും ചെ
യ്തു. ആശ്രമത്തിൽ കൂടിയപ്പൊൾ സഹിച്ച ഭയങ്കരമായ
യുദ്ധങ്ങളെയും, അതുകളൊട്ടു ജയിച്ചവുടനെ സർവ്വെശ്വ
രൻ തനിക്ക കല്പിച്ചരുളിയ പരമസന്തൊഷം മുതലായ
ദൈവീക വരങ്ങളെയും ഒത്ത മഹാ ധൈൎയ്യം കൊണ്ടു
മാലാഖമാരുക്കൂടെയും അതിശയിപ്പാൻതക്ക എരിവൊ
ട്ടും മനൊ ധൈൎയ്യത്തൊട്ടുംകൂടെ ൧൭൩൦ാം കാലം വൃ
ശ്ചികമാസം ൩ നു— വലിയ പറഞ്ഞൊപ്പുകളെ ചെയ്തു
ഈശൊ മിശിഹായുടെ തിരു ഹൃദയത്തിന്ന എററം പ
രിമളമുള്ള ബലിയായിട്ട തന്നെമുഴുവനും സർവ്വെശ്വരന്ന
പൂജിക്കയും ചെയ്തു. ആസമയത്ത താൻ അനുഭവിച്ച പ
രമസന്തൊഷവുംജ്ഞാനമധുരവും പറഞ്ഞൊപ്പിക്കരുതാ
ത്തതായിരിക്കുന്നു: തന്റെ മരണം വരെ മറന്നുപൊകു
വാൻ വഹിയാത്തതിൻവണ്ണം ആകയും ചെയ്തു. ഇതാ
പുണ്ണ്യവാളത്തിതന്നെ എറിയ സംവത്സരം കഴിഞ്ഞിട്ടു
സർവ്വെശ്വരനെ നൊക്കി ആത്മ തെളിവൊട്ടുക്കൂടെ പറ
യുന്ന വചനങ്ങൾ "സർവ്വെശ്വര! എന്റെ പറഞ്ഞൊപ്പു
„കളെയും അവകളെ ഞാൻ ചെയ്തപ്പൊൾ ഇനിക്കു
„ണ്ടായിരുന്ന മനൊ ധൈൎയ്യത്തെയും, അപ്പൊൾ ഞാൻ
„അനുഭവിച്ച സന്തൊഷത്തെയും, നിന്നൊട്ടു ഞാൻ ചെ
„യ്ത ജ്ഞാനവിവാഹത്തെയും ഞാൻ ഒൎക്കുമ്പൊൾ ഇതി
„നെവിട്ടെച്ച മററു യാതൊരു കാൎയ്യത്തിന്മെൽ ഒൎമ്മ വ
രുവാൻ വഹിയ.

# നാലാം അദ്ധ്യായം.

നമ്മുടെ പുണ്ണ്യവാളത്തിയുടെ ദീനങ്ങൾ വൎദ്ധിച്ച ചികിത്സയ്ക്കായിട്ട ആശ്രമത്തിൽ നിന്ന പുറപ്പെട്ട വെറിട്ട ഒരുനഗരിയിൽ പൊയതും, അവിടെവെച്ച സംഭവിച്ച ചില സംഗതികളും, ദീനങ്ങൾ ഭെദംവരുന്നതിന്ന പകരം വൎദ്ധിച്ചപ്രകാരവും, അപ്പൻെറ വീട്ടിൽ പിന്തിരിഞ്ഞിട്ട ഉണ്ടായ അത്ഭുതമായ കാൎയ്യവും, ആശ്രമത്തിൽ പിന്തിരിഞ്ഞിട്ട മൂന്ന സംവത്സരം വരെ പാട്പെട്ട പ്രകാരവും, കടശി മാർയൌസെപ്പ പുണ്ണ്യവാളൻെറ മദ്ധ്യസ്ഥത്താൽ സ്വസ്ഥാനമാക്കപ്പെട്ട വിവരവും.

നമ്മുടെ പുണ്ണ്യവാളത്തി ആശ്രമത്തിൽ കൂടുന്നതിന്ന മുമ്പിൽതന്നെ സൌഖ്യക്കെടുകാരത്തിയായിരുന്നതിനാൽ കൎമ്മലീത്ത സഭയുടെ തപസ്സാൽ തൻെറ ശരീരം എററം മെലിഞ്ഞ ഒരൊരു ദീനങ്ങൾക്ക സ്വഭാവത്താലെ ആസ്ഥമായിരുന്നുവെന്നുപറയാം: എന്നാൽ തൻെറ ചെറുപ്രായത്തിൽ ചെയ്ത അല്പമായ കുററങ്ങൾക്കസംപൂൎണ്ണമായിട്ടുത്തരിപ്പാൻ വളരെ ആഗ്രഹിച്ചിരുന്നതിനെ കൊണ്ട പാട്പെടുവാൻ അധികമായിട്ട ആഗ്രഹിച്ച കഴിഞ്ഞ അദ്ധ്യായത്തിൽ എഴുതിയിരിക്കുംവണ്ണം പുതു കന്ന്യാസ്ത്രീ ആയിരുന്നപ്പൊൾ സങ്കടമുള്ള വ്യാധികളെ അവൾക്കല്പിച്ചരുളുവാൻ സൎവ്വെശ്വരനൊട പ്രാൎത്ഥിക്കയും ചെയ്തു എന്നാൽ സൎവ്വെശ്വരൻ ത്രെസ്സ്യായുടെ ആത്മാവിനെ തൻെറ ദിവ്യ സ്നെഹത്തിൻെറ ഇരിപ്പിടമാക്കുവാൻ തിരുമനസ്സായിരുന്നതിനെകൊണ്ട അതിനെശുദ്ധീകരിക്കുന്നതിന്നവെണ്ടി മെല്പെഴുതിയ അപെക്ഷ എത്രയൊസംപൂൎണ്ണ

മായിട്ട നിറവെററി കൊടുത്തുവെന്ന ൰ം അദ്ധ്യായം തെളിവായിട്ട കാട്ടുകയും ചെയ്യും: അപ്പഴൊ പുണ്യവാളത്തി വറയൊലൊപ്പ ചെയ്യുമ്പൊടനെ അതായത: [illegible] കാലത്തിൽ ഒരൊരു ക്ഷണനെരങ്ങളിൽ മരിക്കുമെന്ന വിചാരിപ്പാൻ തക്കവണ്ണം തന്റെ ചടപ്പുകളൊക്കയും എണ്ണത്തിലും, കടുപ്പത്തിലും വദ്ധിക്കയും ചെയ്തു: നമ്മുടെ പുണ്യവാളത്തിയുടെ ഒരു ചരിത്രക്കാരൻ എഴുതിയതിൻവണ്ണം സവ്വെശ്വരൻ വെസ്സുക്കാനായിൽ ദുരിതപ്പെടുന്ന ആത്മാവുകളൊട പെരുമാറുന്നതു പൊലെ തന്റെ ൰ം പ്രിയമുള്ള മണവാട്ടിയൊട പെരുമാറുവാൻ തിരുമനസ്സായി എന്ന തൊന്നുന്നു, അതായത വെസ്സുക്കാനായിലെ ആത്മാവുകളെ ദുരിതപ്പെടുത്തുന്ന തീ, എത്ര ദീൎഘമുള്ളതും ചൂടുള്ളതുമായിരുന്നാലും ആയാത്മാവുകളെ ശുദ്ധീകരിക്കുന്നതല്ലാതെ ഇല്ലാഴ്മയാക്കുന്നില്ല എന്നതിൻവണ്ണം ദൈവസ്നെഹം ഏററം കഠിനമുള്ളതും, ദീൎഘമുള്ളതുമായ ദീനങ്ങളാൽ നമ്മുടെ പുണ്യവാളത്തിയെ ശുദ്ധീകരിച്ചുവെങ്കിലും ജീവനൊടെ കാത്തുരക്ഷിക്കയുംചെയ്തു: ഏററം ദീൎഘമായ മൊഹാലസ്യങ്ങളും, എത്രയും കഠിനമായ ശങ്കകുത്തുകളും, പലപ്പൊഴും ബൊധക്ഷയം വരുവാൻ തക്കതിൻവണ്ണം ശരീരമൊക്കയിലും കഠിനമായ നൊമ്പരങ്ങളും നമ്മുടെ പുണ്യവാളത്തിയുടെ ക്ഷീണിക്കപ്പെട്ടതും, ഏററം മൃദുവായുള്ളതുമായ ശരീരത്തിന്ന ഇടവിടാതുള്ള യാവനയായിരുന്നു: ഇതു പൊരാഞ്ഞിട്ട തന്റെ നൊയമ്പുകളെയും, ദിവ്യ സ്നെഹത്തിന്റെ എതിവാൽ ഇടവിടാതുള്ള കണ്ണുനീരുകളെയും നെടുവീൎപ്പുകളെയും, ദീൎഘമായ ധ്യാനങ്ങളെയും മെൽചൊല്ലിയ ദീനങ്ങളൊടുചെൎത്തുനൊക്കുമ്പൊൾ ആ മൃദുവായ ശരീരം എങ്ങിനെയായി തിരിയപ്പെട്ടിട്ടുണ്ടായിരിക്കുമെന്ന ബൊധംകൊണ്ട വിചാരിച്ചാൽ തിരിയും. പല ദൊക്കെതൊരന്മാര അവരുടെ അറിവൊക്കയും ഫലംകൂടാതെ പ്രയൊ

ശിക്കയും ചെയ്തു. ഇതു ഹെതുവായിട്ടു പുണ്യവാളത്തിയുടെ അപ്പൻ പെരപ്പൻ കന്യാസ്ത്രീകൾ മുതലായവരൊക്കയും അവരെ വളരെ സ്നെഹിച്ചിരുന്നതിനാൽ എത്രയും സങ്കടപ്പെട്ടിരുന്നു: നമ്മുടെ പുണ്യവാളത്തിയൊ എന്നാൽ എല്ലാവരെയും അതിശയിപ്പാൻ തക്ക ക്ഷമയൊടും ദൈവ തിരുമനസ്സിനൊടുള്ള കീഴ്വഴക്കത്തൊടും സന്തൊഷത്തൊടുംകൂടെ ആ വ്യാധികളൊക്കയും സഹിച്ചിരുന്നു. ദൊൻ അലെശാൻഡ്രൊ മകളുടെമെൽ പിതാവിന്നടുത്ത ദയയും സ്നെഹവും കൊണ്ട ആശ്രമത്തിൽനിന്ന പുറത്താക്കി എഗ്രയ ദീനങ്ങളെ പൊറുപ്പിപ്പാൻ വശമുള്ളവൾ എന്ന പെരുധരിച്ചിരുന്ന ബെസാദ നഗരിയിലെ ഒരു സ്ത്രീയുടെ പക്കൽ കൂട്ടിക്കൊണ്ടു പൊകുന്നതിന്ന നിശ്ചയിച്ചു: കന്യാസ്ത്രീകൾ തക്ക ദീനംവന്നാൽ ആശ്രമങ്ങളിൽ നിന്ന പുറപ്പെട്ട ചികിത്സിപ്പാൻ പൊകുന്ന മുറ ആ കാലത്തിൽ നടപ്പായിരുന്നു: എന്നാൽ രണ്ട മൂന്ന വരുഷം കഴിഞ്ഞെപ്പൊൾ ത്രെന്തൊസ സൂന്നഹദൊസ ഈ പെരുമാററം കഠിനമായിട്ട മുടക്കുകയും ചെയ്തു. അപ്പൊഴാ നമ്മുടെ പുണ്യവാളത്തി തന്റെ മഹാ സ്നെഹക്കാരത്തിയായിരുന്ന ജൊവാന്ന സപാരസ എന്ന കന്യാസ്ത്രീയൊടു കൂടെ ൧൫൩൫ാം കാലത്തിലെ വെനൽകാലം കഴിഞ്ഞിട്ട ആശ്രമത്തിൽനിന്ന പുറപ്പെട്ടു. എന്നാൽ വരുഷകാലം അടുത്തിരുന്നതിനാലും. വസന്തകാലം ആരംഭിച്ചിട്ട ചികിത്സ തുടങ്ങിയതായിരുന്നതിനെ കൊണ്ടും അതുവരെ പത്രൊസ സാന്തൊസ ചെബെദ എന്ന പെരപ്പന്റെവീട്ടിലും ദൊന്ന മറിയം ചെബെദ എന്ന ജെഷ്ഠത്തിയുടെ വീട്ടിലുമായിട്ട താമസിപ്പാൻ തക്കവണ്ണം ചട്ടംകെട്ടി പൊകയും ചെയ്തു. നമ്മുടെ ശുദ്ധമാക്കപ്പെട്ട ദീനക്കാരത്തി മെൽ ചൊല്ലിയ താമസത്തിന്റെ ഇടയിൽ മടിയായിട കാലക്ഷെപം ചെയ്യുവെന്ന വിചാരിക്കേണ്ട. പ

ൟതവണായും മരുമകളുടെ പുണ്യസാംഗൊപാംഗത്തെ കണ്ട അതിന്ന തന്നാൽകഴിഞ്ഞിരുന്ന സഹായങ്ങളെ ചെയ്യു ഒരൊരുജ്ഞാനപുസ്തകങ്ങളെ വായിപ്പാൻ കൊടുക്കയും ചെയ്തു: അതിൽവെച്ച ഒസ്മന എന്ന 'പ്രസ്സ്' ബെസ്കാസഭക്കാരൻ മൂപ്പൻ പാദ്രി എഴുതിയുണ്ടാക്കിയ ധ്യാനത്തിന്റെ മൂന്നാം പുസ്തകം പെരപ്പൻ കൊടുത്ത വായിക്കുന്നതിന്ന ഗുണദൊഷിക്കയും ചെയ്തു. നമ്മുടെ പുണ്യവാളത്തി ൟ പുസ്തകം ധ്യാനത്തിന്റെവഴിയിൽ ഗുരുവായിട്ട അനുസരിച്ച കസ്സെല്ല്യാനൊ എന്ന നഗരിയിൽ ജെഷ്മത്തിയുടെ വീട്ടിൽ പൊയപ്പൊൾ ൟ പുസ്തകം കൊണ്ടുപൊകയും, അതിന്റെ പഠനത്തിന്ന തക്കതിൻവണ്ണം ധ്യാനിപ്പാനും പുണ്യങ്ങളിൽ അഭ്യസിപ്പാനും പ്രയാസപ്പെട്ടുവന്നിരുന്നു, ആ ഇടയിൽ പുണ്യസാംഗൊപാംഗത്തിൽ എത്രമാത്രം വൎദ്ധിച്ചുവെന്ന ഒൎക്കുമ്പൊൾ നാം അതിശയപ്പെടുന്നു: താൻ പിന്നത്തെ കാലങ്ങളിൽ എഴുതിയുണ്ടാക്കിയ പുസ്തകങ്ങളിൽ അതിശയമായ തെളിവൊടുകൂടെ അതതിന്റെ കാതലും പ്രകാരവും പഠിപ്പിച്ചുവെന്ന അനുകൂലത്തിന്റെധ്യാനവും, ദൈവത്തൊടുള്ള ഒന്നിപ്പിന്റെ ധ്യാനവും എന്ന അരൂപിക്കടുത്ത തെയൊലൊഗിയ മല്പാന്മാരു പറയുന്ന രണ്ടുവക മെല്പട്ട ധ്യാനത്തിന്റെ ദാനം ആ കാലത്തിൽ സൎവ്വെശ്വരൻ കല്പിച്ചു കൊടുത്ത പ്രകാരം പുണ്യവാളത്തി തന്നെ സാക്ഷിക്കയും ചെയ്യുന്നു. എന്നാൽ ശുദ്ധമാക്കപ്പെട്ടവരുടെ ആത്മാവ മെല്ക്കുമെൽ പുണ്യത്തിൽ വൎദ്ധിച്ചു വരികയിൽ, മഹാ പക്ഷത്തൊടെ അവരെ സ്നെഹിച്ചിരുന്ന ജെഷ്മത്തി ശരീര സൌഖ്യക്കെടുകളെ ഭെദം വരുത്തുന്നതിന്ന ചെയ്യാത്ത വെലയൊന്നുമില്ലയെങ്കിലും ഭെദം വരാതെ ബെസാദ നഗരിയിലെ വൈദ്യസ്ത്രീയുടെ ചികിത്സ ആരംഭിക്കെണ്ടുന്ന കാലം അടുക്കയും ചെയ്തു, അപ്പനും ജെഷ്മത്തിയും, ജൊവാന്ന സപാരസ് എന്നകന്ന്യാസ്ത്രീയും

കൂട്ടായിട്ട പുണ്യവാളത്തിയൊട്ട കൂടെ മാനുഷമക്കളെ ചികിത്സിക്കുന്നതിന്നെ കായില്ലം മൃഗങ്ങളെ കൊല്ലുവാൻ എററം വശമുള്ളവളായിരുന്ന വൈദ്യസ്ത്രീയുടെ പക്കൽ പൊകയും ചെയ്തു·

നമ്മുടെ മഹാപുണ്യപതി മാനുഷ ഔഷധികളിൽ നിന്നും ചികിത്സയിൽ നിന്നും തനിക്ക സൌഖ്യം വരികയില്ല എന്ന മുമ്പിൽക്കൂട്ടി അറിഞ്ഞതുപൊലെ ആ നഗരിയിൽ ചെന്നവുടനെ ശരീര ചികിത്സയെ കുറിച്ച വിചാരപ്പെടാതെ, വിവെകവും ശാസ്ത്രവും പുണ്യവുമുള്ള ഒരാത്മഗുരുവിനെ കണ്ടെത്തുവാൻ വിചാരപ്പെട്ട അന്വെഷിക്കയും ചെയ്തു: എന്നാൽ കടശി അവിടെയുണ്ടായിരുന്ന എകപട്ടക്കാരനെ തന്നെ തെരിഞ്ഞെടുക്കെണ്ടിവന്നു: വൈദ്യസ്ത്രീയുടെ ചികിത്സയാൽ ശരീരത്തിൽ പറഞ്ഞൊപ്പിക്കരുതാത്ത പാടുകളെ അനുഭവിക്കുന്ന ഇടയിൽ ആത്മഗുരുവിൽനിന്ന കുറെ ആശ്വാസമുണ്ടാകുമെന്ന വിചാരിച്ചിരിക്കയിൽ ഠരംവശത്തിൽനിന്നും എററം മൂർച്ചയുള്ള ജ്ഞാനവ്യാകുലങ്ങളെ അനുഭവിപ്പാൻ സംഗതിയാകയും ചെയ്തു: അതെന്തുകൊണ്ടെന്നാൽ ആദെഹം അന്തസ്ഥിന്നടുത്ത പുണ്യത്തൊടുകൂടെ വ്യാപരിപ്പാൻ എത്രയും വലിയ കടമുണ്ടെന്ന മറന്നതുപൊലെ നടന്നിരുന്ന പ്രകാരം നമ്മുടെ പുണ്യവാളത്തിയുടെ മഹാ പുണ്യസുഖം കണ്ടിട്ട അവർമെൽ വെച്ചിരുന്ന പക്ഷംകൊണ്ട പറകയും ചെയ്തു· ശുദ്ധമാകപ്പെട്ടവൾ അയാളുടെ നിർഭാഗ്യം അയാളുടെ വായിൽനിന്ന കെട്ടവുടനെ അനുഭവിച്ച വ്യാകുലവും, ആയാത്മാവിനെ രക്ഷിക്കുന്നതിന്നു ചെയ്ത നമസ്കാരങ്ങളും തപസ്സുകളും, പെട്ടപ്രയാസവും സർവ്വും പ്രസിദ്ധമാക്കപ്പെടുന്ന ദിവസത്തിൽ മാത്രം അറിവാൻ സംഗതിയാകും· നമ്മുടെ പുണ്യവാളത്തിയൊട്ട പെരുമാറിവരികയിൽ ഉണ്ടായ പകച്ചയും, ആദെഹം മരിച്ച പ്രകാരവും പുണ്യവാളത്തിയുടെ വചനങ്ങളാൽ

നാം ഇവിടെ ചുരുക്കികൊണ്ട അറിയിക്കാം: അവയാകു
ന്നതെന്തെന്നാൽ: “ . . . . . . . . .

“വലിയ ഉറക്കത്തിൽനിന്ന ഉണരുന്നവനെപൊലെ
,,ആ പട്ടക്കാരൻ ചെയ്തതിന്മയെ ഒൎത്ത, തന്റെവ്യാപാ
,,രത്തിന്മെൽ അതിശയിച്ച എല്ലാററിന്മെൽ വളരെമന
,,സ്താപപ്പെട്ട നാശത്തിന്നടുത്ത അവകാശങ്ങളൊക്കയും
,,ഉപെക്ഷിക്കയും ചെയ്തു: ആദെഹം അമലൊത്ഭവിമാ
,,താവിന്റെ വലിയഭക്തിക്കാരനായിരുന്നതിനാൽ ആ
,,ണ്ടുതൊറും ധനുവമാസം ൮ാം തിയ്യതിയിലെ തിരുനാ
,,ൾ വലിയ ഘൊഷത്തൊടു കൂടെ കഴിച്ചു വന്നിരുന്നു,
,,ൟ ഭക്തിക്കു പ്രതിക്രിയയായിട്ട നമ്മുടെ നാഥ കന്യാ
,,സ്ത്രീമറിയം അയാൾക്ക വളരെ സഹായം ചെയ്തുവെ
,,ന്ന ഇനിക്കതൊന്നുന്നു: ഇത്രവലിയ വെളിവ അയാൾ
,,ക്ക കല്പിച്ചരുളിയ സൎവ്വെശ്വരന്ന ഇടവിടാതെ സ്തുതി
,,സ്തൊത്രവും ചെയ്തിരുന്നു: ഇങ്ങിനെ ആദെഹം മനസ്സു
,,തിരിഞ്ഞിട്ട ഒരുവരുഷം കഴിഞ്ഞപ്പൊൾ തമ്പുരാന്റെ
,,ഫിറാഴ്മയ്ക്കായിട്ട വളരെ കാൎയ്യങ്ങളെ ചെയ്തിരുന്നിട്ട
,,മരിക്കയും ചെയ്തു, രക്ഷയ്ക്കടുത്ത സ്ഥലത്തിൽ പൊയി
,,രിക്കുന്നുവെന്ന ഞാൻ ഉറപ്പായിട്ട വിശ്വസിക്കുന്നു, അ
,,തെന്തെ ദൊഷത്തിന്നടുത്ത അവകാശങ്ങളുടെ മെൽ
,,വലിയ വെറുപ്പൊടും നല്ല അനുസ്ഥപ്പാടൊടും കൂടെ മ
,,രിക്കയും ചെയ്തു· ഇങ്ങനെയുള്ള വഴിയായിട്ട അയാൾ
,, രക്ഷപെടുവാൻ തമ്പുരാൻ തിരുമനസ്സായി.,,

അപ്പഴൊ നമ്മുടെ ശുദ്ധമാകപ്പെട്ടവൾ ദൈവ സ്തു
തിയെയും, ആത്മാവുകളുടെ രക്ഷയെയും ശ്ലീഹന്മാൎക്കടു
ത്ത ശുഷ്കാന്തിയൊടു കൂടെ അന്വെഷിച്ച വരികയിൽ ത
ന്റെ മൃദുവായിട്ടുള്ള ശരീരത്തിൽ പറഞ്ഞൊപ്പിക്കരുതാ
ത്ത പാടുകളെ അനുഭവിച്ചിരുന്നു: മൂന്നമാസത്തൊളം ഒ
രു സഹദാട്ടിയെ പൊലെ ഒരൊരു ഞെരുക്കങ്ങളെയും
പാടുകളെയും അനുഭവിച്ചിട്ട ആ നഗരിയിൽ ചികിത്സി

ഷ്ടിക്കുന്നതിന്ന തന്നെ കൊണ്ടുപൊകുവാൻ പ്രധാന കാരണമായിരുന്ന ശങ്കുവ്യാധിക്ക ഭെദം വരുന്നതിന്ന പകരമായിട്ട കാണുന്നവൎക്കുകൂടെയും സങ്കടം തൊന്നുവാൻ തക്കവണ്ണം വൎദ്ധിക്കയും ചെയ്തു: വല്ല ദുഷ്ടമൃഗം ഇടവിടാതെ തന്റെ ശങ്കിനെ കടിക്കുന്നതുപൊലെയുള്ള പീഡകളും, ശരീരം നൊമ്പരങ്ങളാൽ നുറുക്ക നുറുക്കായിട്ട കണ്ടിക്കപ്പെടുന്നതു പൊലെയുള്ള പാടുകളെയും അനുഭവിച്ചിരുന്നതുകൂടാതെ ശസ്ത്ര ചികിത്സയാൽ ശരീരം ശൊഷിച്ച മലിച്ചതിൻവണ്ണം കരുവാളിക്കയും, അസ്ഥികളുടെ ഉള്ളിൽകൂടെയും തീ കത്തിയെരിയുന്ന വെന്ന തൊന്നുവാൻ തക്ക കഠിനമായിട്ടുള്ള പനി വിശെഷാൽ പുണ്യവാളത്തിക്ക പിടിക്കയുംചെയ്തു. ഇവയൊക്കയും പൊറാഞ്ഞിട്ട രാപകലും ഉറങ്ങുവാനും, അനുകൂലപ്പെടുവാനും സംഗതി വരുത്താത്തതിൻ വണ്ണമുള്ള ഞരമ്പുവലികളും, എത്രയും കഠിനമായ നൊവുപീഡകളും വന്നുകൂടുകയുംചെയ്തു, അവറ്റുകളുടെ ശക്തിയാൽ ശരീരമൊക്കയും വലിഞ്ഞ ഞരമ്പ എല്ലാം ചുരുങ്ങി പുണ്യവാളത്തിയുടെ ശരീരം ഒര ഉണ്ടപൊലെയായി തിരിയപ്പെട്ടു, ഇങ്ങിനെയുള്ള അവസ്ഥയിൽ വീരന്മാൎക്കടുത്ത തന്റെ ക്ഷമ എത്രയൊ പ്രകാശിച്ചു: നമ്മുടെ ശുദ്ധമാകപ്പെട്ടവളുടെ വായിൽനിന്ന ദൈവസ്തുതിക്കടുത്ത വചനങ്ങൾ അല്ലാതെ സങ്കടമായിട്ട യാതൊരു വചനം ഒരിക്കലും പുറപ്പെട്ടിട്ടില്ല. എന്നതന്നെയുമല്ല പിന്നെയൊ മാർഗ്രെഗൊരിയൊസു മല്പാന്റെ പുസ്തകങ്ങളിൽ യൊബ നിവ്യായുടെ ചരിത്രം വായിച്ചറിഞ്ഞിട്ടുണ്ടായിരുന്നതിനെ കൊണ്ട, ആ നീതിമാനെ പൊലെ: "സൎവ്വെശ്വരന്റെ തൃ
„കൈകളിൽനിന്ന ചെറിയനന്മകളെ നാം കൈക്കൊ
„ണ്ടുവെങ്കിൽ തിന്മകൾ എന്നുവിളിക്കപ്പെടുന്ന ഈ കൂ
„ട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വലിയ നന്മകളെ നല്ലമ
„നസ്സൊടുകൂടെ നാം കൈക്കൊൾവാൻ ന്യായമല്ലയൊ,,

എന്ന ചില സമയങ്ങളിൽ പറയുമാറായിരുന്നു.

എന്നാൽ ദൊൻ അലൊൻസൊ തന്റെഒമനമകൾ ആ ദീനത്തിന്നടുത്ത ചികിത്സയാൽ എങ്ങിനെയായി തിരിയപ്പെട്ടുവെന്നുകണ്ട വളരെ ദുഃഖത്തൊടുകൂടെ മകളെ കൂട്ടികൊണ്ട ആവില നഗരിയിലെക്ക പിന്തിരിഞ്ഞ തന്റെ വീട്ടിലെക്ക പൊകയും ചെയ്തു: അവിടെ ചെന്നവുടനെ എററം കീൎത്തിപെട്ട ദൊക്കെതാരന്മാരെ ആലൊചനയ്ക്കായിട്ടുവിളിച്ചു, അവര പുണ്യവാളത്തിയുടെ അവസ്ഥ കണ്ടതിന്മെൽ ആലൊചിച്ചതിന്റെ ശെഷം ഇനി ശരണമില്ല ഭെദംവരാത്ത ക്ഷയരൊഗക്കാരത്തിയാകുന്നുവെന്നതിച്ചയായിവിധിക്കയുംചെയ്തു. ഈവിധി പുണ്യവാളത്തിയുടെഅപ്പനും ശെഷംസംബന്ധക്കാൎക്കും സ്നെഹിതൎക്കും എത്രയുംസങ്കടമുള്ളതായിഎങ്കിലും,ശുദ്ധമാകപ്പെട്ടവൾ അതുകെട്ടപ്പൊൾവളരെസന്തൊഷിക്കയുംചെയ്തു: തന്റെ പ്രിയപ്പെട്ട അമ്മ ദെവ മാതാവിന്റെ കരെററം എന്ന ചിങ്ങമാസം ൧൫ തിയ്യതിയിലെ പെരുനാൾ അടുത്തിരുന്നതിനെ കൊണ്ട ആ പെരുനാളിന്നും മരണത്തിന്നും ആസ്ഥപ്പാട്ട ചെയ്യുന്നതിന്ന ഒരുകുമ്പസാരക്കാരനെ വിളിപ്പാൻ വീട്ടുകാരരൊട പറകയും ചെയ്തു: എന്നാൽ പുണ്യവാളത്തി സാക്ഷിക്കുന്നതിൻവണ്ണം കൂടക്കൂടെ കുമ്പസാരിപ്പാൻ തനിക്ക താല്പൎയ്യവും മുറയും ഉണ്ടായിരുന്ന എന്നുവരികിലും മരണത്തിന്മെലുള്ള ഭയം കൊണ്ട കുമ്പസാരിപ്പാൻ താനാഗ്രഹിക്കുന്നുവെന്ന വീട്ടുകാരു വിചാരിച്ച സെന്ന്യക്കെട വൎദ്ധിക്കാതെയിരിപ്പാൻ കുമ്പസാരിക്കുന്നതിന്ന ഇടകൂട്ടിയില്ല: മഹാ ദൈവപെടിയുള്ളവനും വിവെകിയുമായിരുന്ന അപ്പൻ, ലൊകന്ന്യായത്തെ പററി തന്റെ പ്രിയപ്പെട്ടമകൾ കുമ്പസാരമെന്ന ദിവ്യ കൂദാശയെ കൈക്കൊള്ളുന്നതിന്ന വിരൊധം ചെയ്തതിന്മെൽ ആ രാത്രിയിൽതന്നെ വളരെ ദുഃഖിപ്പാനും, കരവാനും സംഗതി വരികയും ചെയ്തു: അതെങ്ങിനെയെ

ന്നാൽ പരിശുദ്ധ ദെവമാതാവിന്റെ കരെറ്റത്തിന്റെ
തിരുനാളിന്ന തലെരാത്രിയിൽ നാലു ദിവസത്തെക്കു നി
ളിക്കപ്പെട്ടുവെന്ന മരണത്തിന്നടുത്ത സന്നി പുണ്യവാള
ത്തിക്ക പിടിച്ച ജീവന്റെ യാതൊര അടയാളം കൂടാ
തെകിടന്നു, ശങ്കിന്ന നാഡിനിന്നു, ശരീരംതണുത്ത കുത്തുക
ൾക്കുകൂടയും ഇളക്കമില്ലാതെ ചത്ത ശവംപൊലെയായി
തിരിയപ്പെട്ടു, ശ്വാസം മുട്ടി, കണ്ണുരണ്ടും ഇളക്കം കൂടാ
തെ ചത്തതായി കാണപ്പെട്ടുകയും ചെയ്തു: മരിച്ചുവെന്ന
പലരും പറഞ്ഞിരുന്നു: നാഡിക്ക നല്ല സൂക്ഷ്മമുള്ളവനായി
രുന്ന അലൊൻസൊ ദ ചബെദ എന്റെ മകൾ മരിച്ചി
ല്ല എന്നുപറഞ്ഞ അടക്കുന്നതിന്ന കൊണ്ടുപൊകുവാൻ അ
നുവദിക്കാഞ്ഞതിനാൽ കൊണ്ടുപൊയില്ല എന്നെപറയാ
വു: ഇൻകണ്ണസ്യൊനിന്റെ ആശ്രമത്തിൽ കവറുതുറന്ന
ആസ്ഥമാക്കിയിരുന്നു: കമ്മെലീത്ത സന്ന്യാസികളുടെ ഒ
രുപള്ളിയിൽ തങ്ങളുടെ കൂടപ്പിറപ്പമരിച്ചുവെന്നുറച്ച ശെ
ഷക്രിയകളെ കഴിച്ചു: ആ കാലങ്ങളിലെ മുറപൊലെ
സന്ന്യാസികളിൽ ഒരുത്തൻ പുണ്യവാളത്തിയുടെ പുക
ഴ്ച്ചായിട്ട പ്രസംഗം പറകയും ചെയ്തു: കന്ന്യാസ്ത്രീകൾ
കാപ്പയിട്ട ആ കാലങ്ങളിൽ വീരൊധമില്ലാഞ്ഞതിനാൽ
പുണ്യവാളത്തിയുടെ ശവം എടുക്കുന്നതിന്ന പുറപ്പെട്ടുക
യും ചെയ്തു. എന്നാൽ ഇതാ നാലാം ദിവസത്തിൽ നമ്മു
ടെ ശുദ്ധമാകപ്പെട്ടവൾ വലിയ ഉറക്കത്തിൽ നിന്ന ഉ
ണരുന്നവളെ പൊലെ കണ്ണുതുറന്ന അങ്ങൊട്ടും ഇങ്ങൊ
ട്ടും, കരയുന്ന അപ്പനെയും ആങ്ങളമാരെയും നൊക്കിപ
റഞ്ഞതായത: "എന്നെ വിളിച്ചതെന്തെ? ഞാൻ ആകാ
,,ശ മൊക്ഷത്തിലായിരുന്നു, നരകത്തെയും കണ്ടു, എ
,,ന്റെ അപ്പനും, ജൊവാന്ന സ്വാരസ് എന്ന കന്ന്യാസ്ത്രീ
,,യും രക്ഷപെടും: ഞാൻ സ്ഥാപിപ്പാനിരിക്കുന്ന ആശ്ര
,,മങ്ങളെയും കണ്ടു: ഞാൻമുഖാന്തരമായിട്ട എറിയ ആ
,,ത്മാവുകൾ രക്ഷപെടും: പുണ്യവാളത്തിയായി ഞാൻ

,,മരിക്കും: എന്റെ ശവം അടക്കപ്പെടുന്നതിന്ന മുമ്പിൽ
,,കസവുള്ള പൂപ്പട്ടു പുതപ്പുകൊണ്ട മൂടപ്പെടും,,

ചുറ്റും നിന്നിരുന്നവരൊക്കയും അവരുടെ ചെവികൾകൊണ്ട കെൾക്കുന്നതിനെയും കണ്ണുകൊണ്ട കാണുന്നതിനെയും വിശ്വസിക്കാതെ വിസ്മയിച്ചിരുന്നു, നമ്മുടെശുദ്ധമാകപ്പെട്ടവൾ ജിവിച്ചിരിക്കുന്നതും അതിൻവണ്ണംപറയുന്നതും വലിയ പ്രത്യക്ഷമെന്ന അവൎക്ക തൊന്നിയിരുന്നു: എന്നാൽ കുറെനെരം കഴിഞ്ഞപ്പൊൾ അവരുടെപരിഭ്രമം തീൎന്നു, പുണ്യവാളത്തിക്ക നല്ല ഒൎമ്മയും തിരിച്ചറിവും ഉണ്ടാകയും ചെയ്തു. അപ്പൊൾ താൻ പറഞ്ഞ വചനങ്ങളാൽ നിവൃസുഖത്തിന്നടുത്ത കാൎയ്യങ്ങൾ പരസ്യമായി എന്നുകണ്ട ലജ്ജിച്ച ദീനത്തിന്റെശക്തിയാൽ പറഞ്ഞ സ്ഥിരമില്ലാത്ത വൎത്തമാനങ്ങളാക്കി തീൎക്കുന്നതിന്ന പ്രയാസപ്പെട്ടുവെങ്കിലും, നെരല്ലാത്തതാകുന്നുവെന്ന പറവാൻ പാടില്ലാഞ്ഞതിനാൽ ഇല്ലാത്തതാക്കുവാൻ കഴിഞ്ഞില്ല: വിശെഷിച്ച പിന്നത്തെകാലങ്ങളിൽ തന്റെ ആത്മ ഗുരുക്കളായ ദൊമ്മിനിക്കൊസ ബാഞ്ഞസ് എന്ന ദെഹത്തിനൊടും, ബ്രൈ ഗൊ ദീയെപ്പസ് എന്ന ദെഹത്തിനൊടും പട്ടാങ്ങയായിട്ട കണ്ടകാൎയ്യങ്ങൾ ആകുന്നുവെന്ന പറകയും ചെയ്തു. വിശെഷിച്ച മാനുഷകണ്ണുകളാൽ കാണ്മാൻ തക്കതായിരിക്കുന്നതെല്ലാം പൂൎണ്ണമായിട്ട തികയപ്പെട്ടുവെന്ന ലൊകമൊക്കെക്കും പ്രസിദ്ധമായിരിക്കുന്നു. തന്റെ അപ്പനും, തന്റെ സ്നെഹക്കാരത്തിയായിരുന്ന ജൊവാന്ന സ്വാരസ് എന്ന കന്യാസ്ത്രീയും രക്ഷപെട്ടകാൎയ്യം മാത്രം നമ്മുടെ കണ്ണാൽ കാണ്മാൻ പാടില്ലാത്തതായിരിക്കുന്നുവെങ്കിലും, അവരുടെ പുണ്യജീവിതവും ഭാഗ്യപ്പെട്ട മരണവും സൂക്ഷിക്കുമ്പൊൾ മാനുഷരാൽ അറിവാൻ കഴിയുന്ന വിധത്തിൽ അതിന്മെൽ ഉറപ്പുവരികയും ചെയ്യുന്നു: ഇതു പൊരാഞ്ഞിട്ടു നമ്മുടെ ശുദ്ധമാകപ്പെട്ടവളുടെ ചരിത്രത്തിൽ വായിക്കപ്പെടുന്നതു പൊലെ

സാരസ് എന്ന കന്ന്യാസ്ത്രീ മരിച്ചതിന്റെ ശെഷം നമ്മു
ടെ പുണ്ണ്യവാളത്തിക്കു കാണപ്പെട്ടു "നിമിഷാന്തരമായി
„ട്ടു ഞാൻ രക്ഷപ്പെട്ടു„ എന്നു പറകയും ചെയ്തു.
മെലെഴുതിയതു സൂക്ഷിച്ചാൽ സർവ്വെശ്വരൻ തന്റെ റെസപ്രീ
യപ്പെട്ട മണവാട്ടിയുടെ നെരെ കാണിച്ച വിശെഷ പ്രിയവും
മനൊഗുണവും ഗ്രഹിക്കയും ആം: അതെന്തെ പുണ്ണ്യവാ
ളത്തിയുടെ ശരീരം മരണത്തിന്നടുത്ത ജ്വരത്താൽ ചത്ത
തിൻവണ്ണം കിടക്കയിൽ അനുഗ്രഹങ്ങളുടെ പിതാവായി
രിക്കുന്ന സർവ്വെശ്വരൻ അവരുടെ ആത്മാവിനെ എത്ര
യും എകരപ്പെട്ട പരവശത്തിൽ കെററി എററം ഇൻപ
മായ കാഴ്ചകളാൽ ആശ്വസിപ്പിക്കയും, നരകത്തിന്റെ
ഫലമുള്ള കാഴ്ചയാൽ പഠിപ്പിക്കയും മററനെകം ദീർഘദ
ശനത്തിന്നടുത്ത കാഴ്ചകൾ കൊണ്ടു അവരുടെ ബൊധ
ത്തെ തെളിയിക്കയും ചെയ്തു. നമ്മുടെ പുണ്ണ്യവാളത്തി
ദൈവ ധാരാളത്തിൽ നിന്ന കൈക്കൊണ്ട ഒരൊ വിശെ
ഷവരങ്ങൾ കൊണ്ടും നന്മകൾ കൊണ്ടും നികളിക്കാതെ
എററം എളിമപ്പെട്ടവളായി വീണ്ടും കുമ്പസാരം അപെ
ക്ഷിച്ച ആയതും, ശുദ്ധ.- കുർബ്ബാനയുടെ കൈക്കൊള്ളപ്പാ
ടും അനുവദിക്കപ്പെട്ടതിനാൽ രണ്ടും, സെറാഫമാലാഖമാ
രൊക്കടുത്ത ഭക്തിയൊടും, വളരെത്തൊടും എറിയ കണ്ണുനീരു
കളെ ചിന്തികൊണ്ടും കൈക്കൊള്ളുകയും ചെയ്തു.

എന്നാൽ ആ ദിവസങ്ങളിൽ താനനുഭവിച്ച വെദന
കളുടെ അവസ്ഥ പുണ്ണ്യവാളത്തിയുടെ വായിൽ നിന്നു
നാം കെൾക്കുന്നു. അതെങ്ങനെയെന്നാൽ "എന്റെ അ
„പ്പൻ കുമ്പസാരിപ്പാൻ ഇനിക്കു ഇടക്കൂട്ടാഞ്ഞതിനാൽ വ
„ളരെ വ്യാകുലപ്പെട്ടിരുന്നു, അയാൾ ഇടവിടാതെ നെ
„ടുവീർപ്പുകളെയും അപെക്ഷകളെയും തമ്പുരാന്റെ പക്ക
„ലൊട്ടു യാത്രയാക്കിയിരുന്നു. ആ നെടുവീർപ്പുകൾക്കും അ
„പെക്ഷകൾക്കും ചെവികൊടുപ്പാൻ തിരുമനസ്സായ ത
„മ്പിക്കു സ്തുതി സ്തൊത്രവുമുണ്ടായിരിക്കട്ടെ. . . . ആ കാ

,,ലത്തിൽ എന്തൊരു സഹിക്കാംമെലാത്ത നൊമ്പരങ്ങ
,,ളെയും ദുരിതങ്ങളെയും ഞാൻ അനുഭവിച്ചുവെന്ന ദൈ
,,വത്തിന്നമാത്രം അറിയാം എന്റെ നാവ കടികളാൽ
,,നുറുക്കിയിട്ടിരുന്നതിൻവണ്ണം ആയിരുന്നു, തൊണ്ട ത്ര
,,ദിവസങ്ങളിൽ തീൎത്ഥംകൂടിയും അനുഭവിക്കാഞ്ഞിട്ടും നെ
,,ടുവീൎപ്പും ശ്വാസവും വിടുവാൻ കൂടെയും വഹിയാത്ത
,,തിൻവണ്ണമുള്ള ക്ഷീണംകൊണ്ടും അടയപ്പെട്ടു, വെള്ളം
,,കൂടെയും ഇറക്കുവാൻ പാടില്ലാഞ്ഞു. എന്റെ അസ്ഥി
,,കൾ എല്ലാം ഉളുക്കിയതിൻവണ്ണം ഇനിക്ക തൊന്നിയി
,,രുന്നു. എന്റെശരീരം ഒരു ഉണ്ടപൊലെ വളഞ്ഞുപൊ
,,യി: (ആ നാല ദിവസങ്ങളിൽ) ഞാൻ അനുഭവിച്ച ദു
,,രിതങ്ങൾ മുഖാന്തരമായിട്ടു ശരീരം തളൎന്ന എല്ലാം
,,നൊമ്പരമായി, വലത്തെ കൈയ്യുടെ ഒരുവിരൽമാത്രം
,,സ്വാധീനമുണ്ടായിരുന്നുവെന്ന ഒൎക്കുന്നു: ശെഷംപെർ ഒ
,,രു വിരൽകൊണ്ടുമാത്രം എന്നെ തൊട്ടാൽ എന്നെ വ
,,ളരെ നൊമ്പരം അനുഭവിപ്പിച്ചിരുന്നതിനെ കൊണ്ടു മ
,,റുഭാഗത്തൊട്ടു തിരിയെണ്ടി വന്നാൽ രണ്ടുപെര ഒരുപു
,,തപ്പിന്റെ നാല അററം പിടിച്ചു കൊണ്ടു എന്നെ മറി
,,ക്കും, ഇതിൻ വണ്ണം അമ്പതാം പെരുനാൾ വരെ കിട
,,ന്നു. എന്നാൽ ഇനിക്ക യാതൊരു സന്തൊഷക്കെടും സ
,,ങ്കടവും ഉണ്ടായിരുന്നില്ല,,

നമ്മുടെ ശുദ്ധമാക്കപ്പെട്ടവളുടെ ദീനങ്ങൾക്ക ചികി
ത്സകൊണ്ടു ഒരു ഫലവുമില്ല എന്ന പരീക്ഷയാൽ എല്ലാ
വൎക്കും ബൊധമാകയുംചെയ്തു. എന്നാൽ നമ്മുടെ പുണ്യ
വാളത്തി തന്റെ ശരീരക്ഷീണം വൎദ്ധിച്ചിരുന്ന അളവി
ന്നതക്കതിൻവണ്ണം ആത്മാവുബലപ്പെട്ടിരുന്നതിനെകൊ
ണ്ടു അമ്മെനിക്കാരരുടെ വീട്ടുകളിൽ പിന്നെയും പാൎക്കു
ന്നതിന്മെൽ വെറുപ്പായി തന്റെ ആശ്രമത്തിൽ പിന്തി
രിയുന്നതിന്ന അനുവാദം അപെക്ഷിക്കയും ചെയ്തു: അ
പ്പൊഴാ ശെഷമുള്ളവരും സമ്മതിച്ച ആശ്രമത്തിൽ കൊ

ങ്ങളെപായാക്കകയും ചെയ്തു. ആയതിൻവണ്ണം അവിടെ
നിന്നുപുറപ്പെട്ടിട്ട ഏകദേശം ഒരുവരുഷംകഴിഞ്ഞപ്പൊ
ൾ ഇൻക്കണ്ണ്യൊൻ ആശ്രമത്തിലെ കന്ന്യാസ്ത്രീകൾ മ
രിച്ചുവെന്ന വിചാരിച്ചിരുന്ന അവരുടെ ശുദ്ധമാകപ്പെട്ട
കൂടപ്പിറപ്പിനെ ജീവനൊടെ കൈക്കൊൾകയും ചെയ്തു:
എന്നുവരികിലും എല്ലുംതൊലിയുമായിട്ടും വ്രണ്ണങ്ങളാൽ
നിറഞ്ഞതായിട്ടും തളൎന്നതായിട്ടുമുള്ള പ്രകാരം കണ്ടപ്പൊ
ൾ, എല്ലാവൎക്കും മഹാ സങ്കടവും ദുഃഖവും തൊന്നുകയും
ചെയ്തു. നമ്മുടെപുണ്ണ്യപതി ആശ്രമത്തിൽ പിന്തിരിഞ്ഞ
തിന്റെശെഷവും വളരെ കഷ്ടപ്പെട്ടു: എട്ടുമാസം വരെ
ഭെദവും കുറവും കൂടാതെ പാടു പെട്ടതിന്റെ ശെഷം
മാത്രം നൊമ്പരങ്ങൾക്ക അല്പ കുറവുണ്ടായി എങ്കിലും
ക്ഷീണത്തിന്നും തളൎച്ചയ്ക്കും ഭെദംവരാതെ മൂന്നു സംവത്സ
രത്തൊളം കിടന്നു: ചിലപ്പൊൾ സ്ഥലംമാറുവാൻ എ
ങ്കിലും നടപ്പാൻ തൊന്നിയാൽ കാലുകളുടെ മുട്ടുകളും
കൈയുംകൊണ്ട അനങ്ങുവാൻ പ്രയാസപ്പെട്ടമാറായിരു
ന്നു. വ്യാധിക്കാൎക്ക ചിലവെളയിൽ നെടുവീൎപ്പുകളും ക
ണ്ണുനീരുകളും കുറെ ആശ്വാസം വരുത്തുന്ന കുററമില്ലാ
ത്ത ദുഃഖത്തിന്നടുത്ത അടയാളങ്ങളായിരുന്നാലും നമ്മുടെ
പുണ്ണ്യവാളത്തിയുടെ പക്കൽ ഒരിക്കലും കാണപ്പെട്ടിട്ടി
ല്ല: മരണത്തൊളം അതിൻവണ്ണം പാടുപെടുവാൻ താ
ൻ ആസ്ഥമായിരുന്നുവെന്ന എല്ലാവരും അതിശയിപ്പാൻ
തക്ക മനൊതെളിവൊടും സന്തൊഷത്തൊടും കൂടെ പ
റഞ്ഞിരുന്നു. എന്നുവരികിലും സൌഖ്യമുണ്ടായിരുന്നാൽ
സൎവ്വെശ്വരന്റെ സ്തുതിക്കായിട്ടും ചിററാഴ്മ്മയ്ക്കായിട്ടും പ
ലകാൎയ്യങ്ങളെയും പുണ്ണ്യപ്രവൃത്തികളെയും ചെയ്യാമെന്നു
ള്ള ന്യായത്താൽ മാർ യൌസെപ്പ പുണ്ണ്യവാളന്റെ മ
ദ്ധ്യസ്ഥം വഴിയായിട്ട മഹാ എരിവൊടുകൂടെ ആഗ്രഹി
ക്കപ്പെട്ട ശരീര സൌഖ്യം അപെക്ഷിച്ചുതുടങ്ങി, കടശി
തന്റെ സ്തുതിക്കായിട്ടും മനുഷ്യരുടെ ആത്മാവുകളുടെ

രക്ഷയ്ക്കായിട്ടും ഏറിയ പരാക്രമവെലകളെ നടത്തുവാൻ പുണ്യവാളത്തിയെ തെരിഞ്ഞെടുത്തിരുന്ന സൎവ്വെശ്വരൻ തന്റെ വളൎത്തു പിതാവിന്റെ മദ്ധ്യസ്ഥം വഴിയായിട്ടു താൻ അവരെ തെരിഞ്ഞെടുത്തിരുന്ന വെലകൾക്കു മതിയാകുന്ന സ്വസ്ഥാനം അവൾക്കു കല്പിച്ചരുളുവാൻ തിരുമനസ്സാകയും ചെയ്തു. നമ്മുടെ പുണ്യവാളത്തി മാർ യൌസെപ്പു പുണ്യവാളന്റെ മദ്ധ്യസ്ഥം വഴിയായിട്ടു ഈ മനൊഗുണം കൈക്കൊണ്ടതിനാൽ ഈ മഹാ പുണ്യവാളന്റെ നെരെ എത്ര പക്ഷമുള്ള ഭക്തിക്കാരത്തിയും എത്ര നന്ദിയുള്ളവളുമായി ഇവിടെ എഴുതിയറിയിപ്പാൻ ന്യായമായിരുന്നു: എന്നാൽ ഈ ചരിത്രം മുഴുവനും തെളിവുള്ള ദൃഷ്ടാന്തങ്ങളാൽ നിറഞ്ഞിരിക്കുന്നതാകയാൽ ഈ സംഗതിമെൽ മിണ്ടാതടങ്ങിക്കൊണ്ടു മാർ യൌസെപ്പു പുണ്യവാളന്റെമെൽ ഭക്തിയായിരുന്നാൽ വരുന്ന ആത്മൊപകാരവും നന്മകളും എത്രമാത്രമെന്ന നമ്മുടെ പുണ്യവാളത്തി എത്രയും ഉചിതമായ വചനങ്ങളാൽ എഴുതി സാക്ഷിച്ചിരിക്കുന്നതാകയാൽ, ആ വചനങ്ങളെ എല്ലാവരുടെ ആത്മൊപകാരത്തിന്നായിട്ടും, നമ്മുടെ അൻപുള്ള പിതാവിന്റെ സ്തുതിക്കായിട്ടും ഇവിടെ മൊഴിക്കുമൊഴിയായി പൊരുൾതിരിക്കയും ആം. അവയാകുന്നതെന്തെന്നാൽ: "എന്റെ അപെക്ഷക്കാരനായിട്ടു മദ്ധ്യസ്ഥനായിട്ടും മാർ യൌസെപ്പു പുണ്യവാളനെ ഞാൻ തെരിഞ്ഞെടുത്ത ഹൃദയത്തൊടുകൂടെ വളരെ ആന്നൊടു ഞാൻ അപെക്ഷിച്ചു: എന്നാൽ എന്റെ ഈ പിതാവും ഈ നാഥനും ഈ ദീനത്തിൽനിന്നും ഇതിനെകായിലും മററനെകം ആവശ്യങ്ങളിൽനിന്നും, ആത്മനാശത്തിൽനിന്നും എന്നെ രക്ഷിച്ചവെന്ന ഞാൻ തെളിവായിട്ടു കാണുകയും ചെയ്തു: ഞാൻ തന്നൊടു അപെക്ഷിപ്പാൻ അറിഞ്ഞിരുന്നതിനെ കായിലും ഏററം നല്ലവണ്ണം എന്നെ രക്ഷിക്കയും സഹായിക്കയും ചെയ്തു: ഇ

„നാൾവരെ തന്നൊട ഞാൻ അപെക്ഷിച്ചതിൽ ഒരു
„കാൎയ്യം സാധിച്ചു തരാത്ത പ്രകാരം ഞാൻ ഒൎക്കുന്നില്ല:
„ൟ വന്ദിക്കപ്പെട്ട പുണ്യവാളൻ വഴിയായിട്ടു സൎവ്വെ
„ശ്വരൻ എനിക്കു ചെയ്തു വലിയ നന്മകളും, അവകളി
„ൽനിന്നു എന്നെ രക്ഷിച്ചുവെന്ന ആത്മത്തിനും ശരീരത്തി
„നുമടുത്ത യൊഗ്യങ്ങളും ഒൎത്താൽ അതിശയിപ്പാൻ തക്ക
„കാൎയ്യമായിരിക്കുന്നു: മറ്റ പുണ്യവാളന്മാൎക്ക ഒരു പ്ര
„ത്യെകമുള്ള ആവശ്യത്തിന്ന മാത്രം സഹായിപ്പാൻ സ
„ൎവ്വെശ്വരൻ വരം കൊടുത്തുവെന്ന തൊന്നുന്നു, എന്നാ
„ൽ ൟ ഭാഗ്യപ്പെട്ട പുണ്യവാളന്ന ഞാൻ അനുഭവസി
„ദ്ധിയാൽ അറിഞ്ഞിരിക്കുന്നതുപൊലെ എല്ലാ ആവശ്യ
„ങ്ങളിലും സഹായിപ്പാൻ വരം കൊടുത്തു. സൎവ്വെശ്വര
„ൻ ഇതിനാൽ നമ്മൊട അറിയിപ്പാൻ തിരുമനസ്സായ
„താകുന്നതെന്തെന്നാൽ ൟ ഭൂമിയിങ്കൽ താൻ സഞ്ചരി
„ച്ച നാളുകളിൽ ൟ പുണ്യവാളന്ന പിതാവിന്റെ നാ
„മധെയം ഉണ്ടായിരുന്നതിനാൽ തന്നൊട കല്പിപ്പാൻ മു
„ഖ്യത്വം ഉണ്ടായിരുന്നതുകൊണ്ട ൟ പുണ്യവാളന്ന കീ
„ഴ്പഴങ്ങുവാൻ തിരുമനസ്സായതുപൊലെ ഇപ്പൊൾ ആ
„കാശമൊക്ഷത്തിൽ ൟ പുണ്യവാളൻ തന്നൊടപെ
„ക്ഷിക്കുന്നതെല്ലാം താൻ ചെയ്യുന്നു എന്ന. . . . ൟ ഭാ
„ഗ്യപ്പെട്ട പുണ്യവാളന്റെമെൽ ഭക്തിയായിരിപ്പാൻ
„എല്ലാവരെയും മനസ്സാക്കുവാൻ ഞാൻ വശമുള്ളവളാ
„യിരുന്നാൽ കൊള്ളായിരുന്നു: എത്രമാത്രം നന്മകളെ ത
„മ്പുരാനൊട അപെക്ഷിച്ച തരുവിക്കുന്നുവെന്ന അധിക
„പരിചയം കൊണ്ടു ഞാൻ അറിഞ്ഞിരിക്കുന്നു: ൟ പു
„ണ്യവാളന്റെമെൽ പട്ടാങ്ങയുള്ള ഭക്തിയുണ്ടായി ത
„നിക്ക വിശെഷ വണക്കം ചെയ്യുന്ന ആളുകളിൽ മെ
„ല്ക്കുമെൽ പുണ്യത്തിൽ വൎദ്ധിക്കാത്ത ഒരാളിനെ ഞാന
„റിഞ്ഞിട്ടില്ല: അതെന്തെ ൟ പുണ്യവാളൻ തന്നൊട
„അപെക്ഷിക്കുന്ന ആത്മാവുകളെ വളരെ സഹായിക്ക

„ന്നു: ഏറിയവരുഷമായിട്ട ൟ പുണ്യവാളന്റെ പെ
„രുനാൾ ദിവസത്തിൽ ഒരൊ നന്മ ഞാനപെക്ഷിച്ചുവ
„രുന്നു, അതയത ഇനിക്ക കിട്ടുകയും ചെയ്യുന്നു. എന്റെ
„അപെക്ഷ അത്രെ ചൊവ്വുള്ളതല്ലയെങ്കിൽ പുണ്യവാള
„ൻ എന്റെ എറ്റം വലിയ ഗുണത്തിന്നായിട്ട അതിനെ
„ചൊവ്വാക്കി തരുവിക്കയും ചെയ്യുന്നു എഴുതുവാൻ ഇ
„നിക്ക അനുവാദം ഉണ്ടായിരുന്നുവെങ്കിൽ ൟ പുണ്യ
„വാളൻ ഇനിക്കും മറ്റാളുകൾക്കും ചെയ്ത നന്മകളെ
„വിവരമായിട്ട എഴുതുവാൻ എത്രയൊ നല്ലമനസ്സ ഇ
„നിക്കുണ്ടായിരുന്നു; എന്നാൽ എന്നൊട കല്പിക്കപ്പെട്ടതി
„ൽ അധികം എഴുതാതെയിരിപ്പാൻ കടശി ഇത്രമാത്രം
„തമ്പുരാന്റെ സ്നെഹത്തെപ്രതി ഞാനപെക്ഷിക്കുന്നു; അ
„തായത: എന്നെ വിശ്വസിക്കാത്തവൻ പരീക്ഷിക്കണം,
„എന്നാൽ ൟ ഭാഗ്യപ്പെട്ട പിതാവിനൊട അപെക്ഷി
„ക്കുന്നതും തന്റെ ഭക്തിക്കാരനാകുന്നതും എത്ര വലിയ
„നന്മയാകുന്നുവെന്ന അവൻ അനുഭവസിദ്ധിയാൽ കണ്ടു
„ബൊധിക്കയുഞ്ചെയ്യും. പ്രത്യെകം ധ്യാനിക്കുന്ന ആത്മാ
„വുകൾക്ക ൟ പുണ്യവാളന്റെമെൽ വിശെഷ പക്ഷ
„മുണ്ടാകുവാൻ ന്യായമായിരിക്കുന്നു . . . അവനെ ധ്യാ
„നം പഠിപ്പിപ്പാൻ ഗുരുവിനെ കണ്ടെത്താത്തവൻ ഗുരു
„വായിട്ട ൟ പുണ്യവാളനെ തെരിഞ്ഞെടുക്കട്ടെ, എ
„ന്നാൽ വഴിതെറ്റിപൊകയില്ല„

മെലെഴുതിയ കഠിനമായിട്ടുള്ള ദീനങ്ങളെ എല്ലാവരും അതിശയിപ്പിപ്പാൻ തക്ക ക്ഷമയൊടുകൂടെ ശുദ്ധമാക്കപ്പെട്ടവൾ സഹിച്ചുവന്നതുകൂടാതെ മെലെഴുതിയിരിക്കുംവണ്ണം നാനാവിധമായ ദീനങ്ങളെ അനുഭവിച്ചുവരികയിൽ കൂടെയും ധ്യാനത്തെ ഉപെക്ഷിക്കാതെ അതിൽ ബഹു താല്പൎയ്യത്തൊടും എറിവൊടും കൂടെ അഭ്യസിച്ചിരുന്നു. എന്നാൽ ദീനമായി കിടന്നാൽ രൊഗക്കാൎക്കുള്ള മുറികളിൽ കിടക്കെണ്ടതാകയാലും, ആ സ്ഥലത്തിൽ പല ദി

ന്മാരത്തികളും, ചിററാഴ്മ ചെയ്യുന്ന പല കന്യാസ്ത്രീകളും ഉള്ളതാകകൊണ്ടും തന്റെ മനസ്സിന്റെ ആഗ്രഹത്തിന്ന തക്കതിൻവണ്ണം ധ്യാനിപ്പാൻ ഒച്ചപാട കൊണ്ട പാങ്ങില്ലായ്കകൊണ്ടും ദിവസത്തിന്റെ ഏറിയപങ്കും തനിയെ ഇരുന്ന തമ്പുരാനൊടു ചെൎന്നകൊണ്ട പ്രാൎത്ഥനസ്ഥലത്തിന്റെ ഒരുമൂലയിലെങ്കിലും ആശ്രമത്തിൽ ആരുംസഞ്ചരിക്കാത്ത ഇടത്തിൽ എങ്കിലും കഴിക്കാമെന്നുള്ള നിയൊഗത്താലും, മെൽചൊല്ലിയിരിക്കുംവണ്ണം സൎവ്വെശ്വരന്റെ സ്തുതിക്കായിട്ടും ആത്മാവുകളുടെ രക്ഷയ്ക്കായിട്ടും വലിയകാൎയ്യങ്ങളെ ചെയ്യുന്നതിന്നും ഏററം വലിയ പുണ്യത്തൊടുകൂടെ നടക്കുന്നതിന്നും പുണ്യവാളത്തി ശരീരസൌഖ്യം ആഗ്രഹിച്ചിരുന്നു.

എന്നാൽ പുണ്യവഴിയിലും ധ്യാനത്തിന്റെ രഹസ്യവഴികളിലും രാജാളി പക്ഷിയെപൊലെ പാറന്നിരുന്ന നമ്മുടെ പുണ്യവാളത്തിക്ക കിട്ടിയ ശരീരസൌഖ്യം ധ്യാനത്തിന്മെലും പുണ്യത്തിന്മെലും താല്പൎയ്യക്കുറവ വരുവാനും, താൻ മഹാ പ്രയാസത്തൊടുകൂടെ കെറിയ പുണ്യസാംഗൊപാംഗത്തിന്റെ മലയുടെ അടിവാരത്തിൽ വീണ്ടും ഇറങ്ങുവാനും ഒരവകാശമായി എന്നു പറഞ്ഞാൽ വിശ്വസിപ്പാൻ വഹിയാത്ത കഥ തൊന്നുന്നുവെങ്കിലും പട്ടാങ്ങയായിട്ട സംഭവിച്ച ഒരുകാൎയ്യമാകുന്നു എന്ന, വരുന്ന അദ്ധ്യായം തെളിവായിട്ട കാട്ടുകയും ചെയ്യും.

## അഞ്ചാം അദ്ധ്യായം

നമ്മുടെ പുണ്യവാളത്തിക്കുണ്ടായ ഒടുക്കത്തെ മന്ദതയും, പുണ്യവാളത്തിയുടെ അപ്പന്റെ മരണവും, തന്നെത്താൻ സൎവ്വെശ്വരന്ന മുഴുവനും കയ്യാളിക്കുന്നതിന്ന പുണ്യവാളത്തി ചെയ്ത അന്തരംവരാത്ത പ്രതിജ്ഞയും.

നമ്മുടെ ശുദ്ധമാക്കപ്പെട്ടവൾ കൂടിയിരുന്ന ഇൻകൂൺ

സ്യൊനിന്റെ ആശ്രമം ആവില പട്ടണത്തിൽ ഉണ്ടാ
യിരുന്നതിൽ എററം കീൎത്തിപെട്ടതും ക്രമമുള്ളതും, എറി
യ പുണ്യമായിട്ടുള്ള ചട്ടങ്ങളുള്ളതു മായിരുന്നാലും ആ
കാലത്തിലെ അവസ്ഥസ്ത്യതക്കതിൻവണ്ണം ലൊകത്തിൽ
ജീവിക്കുന്ന മാനുഷമക്കൾ അനുസരിച്ചിരിക്കുന്ന ആചാര
മുറകൾ റൊംശൊ മിശിഹായ്ക്കു തങ്ങളെ നെൎന്നിരിക്കുന്ന
റൊംശൊ മിശിഹായുടെ മണവാട്ടികളായ കന്യാസ്ത്രീക
ൾക്കടുത്തതല്ല എന്ന ഒൎക്കാതെ, പിശാചിന്റെ തന്ത്രത്താ
ൽ ആ ലൊകമുറകൾ ആശ്രമങ്ങളിൽ നടത്തിവന്നതി
നാൽ അജ്ഞാനികളൊടുള്ള സംസാരങ്ങൾക്കു ഇടവരു
ത്തുന്ന കൂടക്കൂടെയുള്ള അജ്ഞാനികളുടെ കണ്ടുകാഴ്ചകൾ
അധികമായിരുന്നു: റൊം കൊള്ളരുതാത്ത ചട്ടത്തിന്മെൽ
പിന്നത്തെ കാലങ്ങളിൽ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ
എത്രയൊ സങ്കടപ്പെടുകയും ദുഃഖിക്കയും കരകയും ചെ
യ്തു. റൊം സംഗതിമെൽ താൻ അരുളിചെയ്തു കനപ്പെട്ട
വാക്യമാകുന്നത എന്തെന്നാൽ: ഒരു കന്യാസ്ത്രീ മഠത്തി
ന്റെ വാതിലുകളും സംസാരമുറികളും ആകെക്കിലും തു
റന്നിരിക്കുമ്പൊൾ പെണ്ണുങ്ങൾ ആ മഠങ്ങളിൽ കൂടു
ന്നതിനെ കായിലും അവരുടെ വീടുകളിൽ ഇരുന്നാൽ
എററം യൊഗ്യംകൂടാതെ ഇരിക്കുമെന്നു.

മെൽചൊല്ലിയ കൊള്ളരുതാത്ത ചട്ടം ഹെതുവായി
ട്ടു നമ്മുടെ പുണ്യവാളത്തിക്കു നെരിട്ട യൊഗ്യങ്ങൾ ആ
കുന്നതെന്തെന്നാൽ സംസാരമുറികളിൽ കൂട്ടക്കൂടാതെ ഇരു
ന്ന പുറമെയുള്ള ആളുകളൊട സംസാരിക്കുന്നതിന്നു ന
ന്നാ പ്രായംചെന്ന കന്യാസ്ത്രീകൾക്കു മാത്രമെ അനുവദി
പ്പാറുണ്ടായിരുന്നൊള്ളു: എന്നാൽ നമ്മുടെപുണ്യവാളത്തി
യുടെ വിവെകവും പുണ്യവും ഹെതുവായിട്ട താൻ ചെ
റുപ്പക്കാരത്തി ആയിരുന്നവെങ്കിലും ഇങ്ങനെയുള്ള അനു
വാദമുണ്ടായിരുന്നു. മഹാപുണ്യപതിയെന്നുള്ള ശ്രുതി ആ
വില പട്ടണത്തിൽ പരന്ന പുണ്യവാളത്തിയെ കാണ്മാ

ന്നും തന്നൊടു സംസാരിപ്പാനും എല്ലാവൎക്കും താല്പൎയ്യമാ
യിരുന്നതിനെ കൊണ്ടു തന്നെ കാണ്മാനുള്ളതിന്ന ചെല്ലുന്ന
ആളുകൾ വളരെ പെരായിരുന്നതെന്നിയെ പുണ്യവാ
ളത്തിയുടെ പക്കൽ പല വിശെഷ ലക്ഷണങ്ങൾ അതാ
യത, പരമാൎത്ഥപ്പെട്ട സ്വഭാവത്തൊടു കൂടിയ ബുദ്ധികൂ
ൎമ്മതയും വിശെഷജ്ഞാനവും മഹാചാരത്തൊടു കൂടിയ
പെരുമാററവും എല്ലാവരാൽ സ്നെഹിക്കപ്പെടുവാൻ ത
ക്ക ശീലവും ഉണ്ടായിരുന്നതിനെകൊണ്ടു തന്നൊടുകൂടെ
സംസാരിപ്പാനും സ്നെഹത്തിന്നടുത്ത ൦രം സംസൎഗ്ഗവും ക
ണ്ടുകാഴ്ചകളും മുടക്കാതെ അവൎക്ക ഇഷ്ടമാകും പൊഴൊ
ക്കെയും ചെന്നു കാണുന്നതിന്നും സംസാരിക്കുന്നതിന്നും അ
നുവാദം കൊടുപ്പാനും പലരും നമ്മുടെ പുണ്യവാള
ത്തിയൊട അപെക്ഷിക്കമാറായിരുന്നു. പുണ്യവാളത്തി
സ്വഭാവത്താൽ മഹാനന്ദിയുള്ളവളും ആചാര ക്രമമുള്ള
വളു മായിരുന്നതിനാൽ അവരുകാണിച്ചിരുന്ന ദൊഷമ
ല്ലാത്ത പക്ഷത്തിന്ന പ്രതിക്രിയ ചെയ്യാൻ വെണ്ടി ദീൎഘ
മായിട്ടുള്ള സംസാരങ്ങൾക്ക എറിയനെരം ചിലവഴിച്ചു
വന്നിരുന്നു: ഇങ്ങനെയുള്ള സംസാരങ്ങൾ നമ്മുടെ ശുദ്ധ
മാകപ്പെട്ട അമ്മതന്നെ സാക്ഷിക്കുന്നതു പൊലെ, ചില
പ്പൊൾ അരൂപിക്കും ഭക്തിക്കുമടുത്തതാ യിരുന്നുവെങ്കി
ലും പലപ്പൊഴും സന്തൊഷത്തിന്നും നെരംപൊക്കിന്നുമ
ടുത്തതായിരുന്നു, എന്നാലും അടക്കത്തിന്നും കൊള്ളരുതാ
ത്ത കാൎയ്യത്തിന്നും അടുത്തതായിട്ടു ഒരിക്കലും സംസാരിച്ചി
ട്ടില്ലാ അതെന്തെ ഇപ്രകാരമുള്ള സംസാരങ്ങളുമ്മെൽ ത
നിക്ക ചെറുപ്പംമുതൽ അത്യന്ത വെറുപ്പുണ്ടായിരുന്നു. ന
മ്മുടെ പുണ്യവാളത്തിയുടെ സംബന്ധക്കാരത്തിയായിരുന്ന
ഒരു വയസ്സുള്ള കന്യാസ്ത്രീ നെരം ൦രംവണ്ണം വ്യൎത്ഥമാ
യി ചിലവഴിക്കുന്നതിന്മെൽ പലപ്പൊഴും പുണ്യവാള
ത്തിയെ കുറെപ്പെടുത്തിവന്നിരുന്നു. എന്നാലും നമ്മുടെ അ
മ്മ നല്ല പുണ്യമില്ലാത്ത കന്യാസ്ത്രീകളുടെ ഗുണദൊഷങ്ങ

ളാൽ തട്ടിപ്പീലകപ്പെട്ടിരുന്നതിനാലയും കുമ്പസാരക്കാരൻ
വെണ്ടുംവണ്ണം തന്നെ കുറെപ്പെടുത്താഞ്ഞുകൊണ്ടും മെൽ
ചൊല്ലിയ കന്ന്യാസ്ത്രീയുടെ ഗുണദൊഷങ്ങൾക്ക ചെവി
കൊടുക്കാതെ സന്തൊഷത്തിന്നടുത്ത ആ സംസാരങ്ങളി
ൽതന്നെ പെരുമാറികൊണ്ടു വന്നിരുന്നു, എന്നുവരികി
ലും ദൈവപെടിയും ദൈവ സ്നെഹത്തിന്നുള്ള വലിച്ചി
ലും ഹൃദയത്തിന്റെ അടിയിൽ കാത്തു വന്നിരുന്നതിനാ
ൽ ചിലസമയത്ത ഉള്ളിന്നടുത്ത വിഷാദങ്ങളെയും ഹൃദ
യകടികളെയും അനുഭവിച്ചിരുന്നു.

മെലെഴുതിയ സംസാരങ്ങളിൽനിന്ന നമ്മുടെ പുണ്ണ്യ
വാളത്തിക്കുണ്ടായ എല്ലായിലും വലിയദൊഷവും ചെ
തവും, ധ്യാനത്തിന്മെലുള്ള വെറുപ്പും മടിയുമത്രെ ആയ
ത: പിശാചും കൂടി എത്രയും മൂടപ്പെട്ട ഒരുചതിവു പ്ര
യൊഗിച്ച ഒന്നരവത്സരത്തെക്ക ധ്യാനം മുഴുവനും ഉപെ
ക്ഷിപ്പാൻ ഇടവരുത്തുകയും ചെയ്തു: അതായത മാനുഷ
മക്കളൊടുള്ള സംസാരങ്ങളിൽ ഒന്നവണ്ണം മുഴുകിയിരിക്കു
മ്പൊൾ ധ്യാനം വഴിയായിട്ട സ്നെഹിതന്മാരുടെ മുറസ്സു
സവെശപരനൊട പെരുമാറുന്നത വലിയ തുനിവും അ
ഹങ്കാരവു മാകുന്നുവെന്ന പിശാച പുണ്ണ്യവാളത്തിക്ക
തൊന്നിച്ച അവളെ സമ്മതിപ്പിക്കയും ചെയ്തു. സാമാന്ന്യ
വഴിയിൽനടന്ന കനൊനാനമസ്കാരം എത്തിക്കയും സപ
രത്താലെയുള്ള മറെറ നമസ്കാരങ്ങളെ ചൊല്ലുകയും ചെ
യ്താൽ മതിയെന്ന പുണ്ണ്യവാളത്തിക്ക തൊന്നുകയും ചെ
യ്തു: ഇങ്ങനെയുള്ള അജ്ഞാനമന്ദത നമ്മുടെ പുണ്ണ്യ അമ്മെക്കു
ഉണ്ടായ കാലത്തിൽ തന്നെ പലവിശെഷമായ ഗുണങ്ങ
ൾ തന്റെ പക്കലുണ്ടായിരുന്നു. അതായത, ആശ്രമത്തി
ൽ കല്പിച്ചിരുന്ന ആകമാനത്തിന്നടുത്ത കർമ്മങ്ങൾക്കും പ്ര
ല്പത്തികൾക്കൊക്കെക്കും മഹാതാല്പൎയ്യത്തൊടുകൂടെ കൂടി
വന്നിരുന്നു. എളിമയുള്ളവളും എല്ലാവരൊടും മഹാസാ
ധുശീലമുള്ളവളും ആയിരുന്നു. മറെറാരുത്തരെ കൊണ്ടു

കുററം പറയുന്നതിന്മെൽ മഹാ വെറുപ്പും വിരൊധവും പുണ്യവാളത്തിക്കുണ്ടായിരുന്നതു കൂടാതെ എല്ലാവരും മഹാ എരിവൊട്ടും പുണ്യ സാംഗൊപാംഗത്തൊട്ടുംകൂടെ സൎവെശ്വരന്ന ശുശ്രൂഷ ചെയ്യുന്നതിന്മെൽ വളരെ ആഗ്രഹമായിരുന്നതിനാൽ പുണ്യവാളത്തി പറയുന്നതിൻവണ്ണം മറെറല്ലാവരും തനിക്ക പകരമായിട്ട സൎവെശ്വരനെ സ്നെഹിപ്പാൻ വെല ചെയ്തിരുന്നു. മററനെകം ആളുകൾക്ക ധ്യാനിക്കുന്നതിന്ന ബുദ്ധി ചൊല്ലി കൊടുക്കയും അതിന്നവെണ്ടിയ പുസ്തകങ്ങൾ മുതലായതൊക്കയും വശംപൊലെ കൊടുക്കയും ചെയ്തിരുന്നു. ൟ ഭാഗ്യപ്പെട്ട ആളുകളിൽവെച്ച നമ്മുടെ പുണ്യവാളത്തിയുടെ മഹാ ഭക്തിയുള്ള അപ്പൻ ഒന്നായിരുന്നു, ആ ദെഹം അരൂപിക്കടുത്ത കാൎയ്യങ്ങൾകൊണ്ട മക്കളൊട സംസാരിക്കുന്നതിന്ന മഹാ ആശയായിരുന്നു: എന്നാൽ പുണ്യവാളത്തി തന്റെ അപ്പനെ അരൂപിയുടെ വഴിയിൽ നടത്തി സാമാന്യമല്ലാത്ത സാംഗാപാംഗത്തിന്ന കരെററുകയും ചെയ്തു.

ൟ മഹാ പുണ്യവാളത്തി എഴുതി സാക്ഷിച്ചതിൻവണ്ണം കള്ളഭക്തിയും തട്ടിപ്പും കാട്ടുന്ന കാൎയ്യത്തിൽവെച്ച സൎവെശ്വരനൊട ഒരിക്കല്ലും ഉപദ്രവിച്ചിട്ടില്ല, പിശാച ചില വെളയിൽ ൟ പരീക്ഷ മനസ്സിൽ കെററുന്നതിന്ന തുടങ്ങിയെങ്കിൽ മുമ്പിലത്തെ ക്ഷണത്തിൽ തന്നെ അവൻ തൊലി എററുകൊണ്ടുപൊകയും ചെയ്തു: ൟ പരമാൎത്ഥപ്പെട്ട അരൂപിക്ക തക്കതിൻവണ്ണം അപ്പനെ ധ്യാനത്തിന്റെവഴിയിൽ നടത്തിവരുമ്പൊൾ താൻധ്യാനത്തിൽ മിന്നൊട്ട നടക്കുന്നുവെന്ന വിചാരിക്കെണ്ടയെന്നം ധ്യാനത്തെ ഉപെക്ഷിച്ചിരിക്കുന്നുവെന്നും അപ്പനൊട തെളിവായിട്ട പറകയും ചെയ്തു.

ഉണ്ടായിരുന്ന ചടപ്പുകളും സൌഖ്യക്കെടുകളും കൊണ്ട ആകമാനത്തിന്നടുത്ത നമസ്കാരങ്ങൾക്കും ശെഷം കൎമ്മങ്ങൾക്കും ഉപെക്ഷകൂടാതെ കൂടിവന്നിരുന്നതു തന്നെ

മതിയാകുന്ന പ്രയത്നമാകുന്നുവെന്ന പുണ്യവാളത്തി അപ്പനൊട പറഞ്ഞ ഠരം ന്യായത്താൽ അപ്പൻ അടങ്ങിയെങ്കിലും അയാളുടെ കണ്ടുപഠിതംകൊണ്ടും നല്ലഗുണദൊഷംകൊണ്ടും സംസാരമുറികളിൽനിന്ന അകന്നിരിപ്പാൻ പുണ്യവാളത്തിയെ നിബ്ബന്ധിച്ചിരുന്നു: അത എങ്ങിനെയെന്നാൽ ആദെഹം മകളുടെമെൽ മഹാ പക്ഷമുള്ള അപ്പനായിരുന്നാലും മകളൊട പുണ്യകാൎയ്യങ്ങൾ കൊണ്ടു മാത്രം സംസാരിച്ചുവരുമാറുള്ളു എന്നുവരികിലും കുറെനെരം കഴിയുമ്പൊൾ അപ്പൻ എഴുന്നെററ, അധികം താമസിച്ചാൽ നഷ്ടമായിപ്പൊകുന്ന നെരമെന്നുപറഞ്ഞ പിരിഞ്ഞു പൊകുമാറായിരുന്നു.

പ്രിയം നിറഞ്ഞ പിതാവായ സൎവ്വെശ്വരൻ നമ്മുടെ പുണ്യവാളത്തിയെ തന്റെ മണവാട്ടിയായിട്ട തെരിഞ്ഞെടുത്ത അവൾ മുഴുവനും തനിക്കുള്ളവളാകണമെന്ന തിരുമനസ്സായിരുന്നതിനാൽ മെൽചൊല്ലിയ വ്യൎത്ഥമായ സംസാരങ്ങളിൽ നിന്ന അവളെ അകററുവാൻ പല ഉപായങ്ങളെ താൻ പ്രയൊഗിച്ചു: അതെന്തെന്നാൽ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ ഒരുദിവസം വെറിട്ടൊരാളിനൊടുകൂടെ വെറുതെ സംസാരിച്ച നെരംപൊക്കിവരികയിൽ എവിടെനിന്ന എന്നുണ്ടായില്ല, ആകൃത്യമായ ഒരു വിഷത്തവള പുറപ്പെട്ട അവരിരുവരുടെ നെരെ ഒടിവരുന്നതിനെ കണ്ടുമനസ്സിൽ കുറെ ചഞ്ചലവും പെടിയും തൊന്നി: പ്രത്യെകം ഠരം വിരൂപജന്തു പുറപ്പെട്ടുവാൻ തക്ക സ്ഥലം അവിടെയില്ലായ്കകൊണ്ടും ശരീരവലിപ്പം സാമാന്യമുള്ളതിൽ എന്നിയെ അധികം വലുതായിരുന്നാലും ഒട്ടത്തിന്ന ആവക ജന്തുക്കൾക്കില്ലാത്ത വെഗതയുണ്ടായിരുന്നതിനെ കൊണ്ടും അതിശയപ്പെട്ട ഭ്രമിച്ചിരുന്നു, എന്നാൽ നമ്മുടെ പുണ്യവാളത്തിക്ക ഇതിനാൽ വളരെ കലക്കമുണ്ടായതെന്നിയെ ഇത അതിശയമായിട്ടുണ്ടായതാകുന്നുവെന്ന പിന്നത്തെ കാലങ്ങളിലും വിശ്വ

സിച്ച വരികയും ചെയ്തു.

വെറ്റെട്ടൊരു വെള്ളയിൽ ഇപ്പൊൾ പറഞ്ഞ ആളിനൊട്ടു തന്നെ സംസാരിച്ചിരിക്കയിൽ ബൊധത്തിന്നട്ടുത്ത കാഴ്ചയായിട്ടു മുറിവുകളാൽ നിറഞ്ഞ ൟശൊമിശിഹാ കാണപ്പെട്ടു, ആ മുറിവുകളിൽവെച്ച വലത്തെ കൈയ്യുടെ മുട്ടിന്റെ അരികിൽ അതിൽനിന്ന ഒരുതുണ്ടുമാംസം തുങ്ങിയിരുന്ന ഒരുമുറിവ ഉണ്ടായിരുന്നതിനാൽ വിശെഷഭക്തി പുണ്യവാളത്തിക്ക തൊന്നിയിരുന്നു: ൟകാഴ്ചയാൽ നമ്മുടെ പുണ്യമ്മ ഭ്രമിച്ച വിറെച്ചു എന്നവരികിലും മെൽ ചൊല്ലിയ വ്യൎത്ഥമായ സംസാരങ്ങളെ മുഴുവനൊക്കുംവണ്ണം ഉപെക്ഷിപ്പാൻ മതിയാകുന്ന ഉറപ്പൊട്ടു കൂടെ പ്രതിജ്ഞചെയ്യാതെ ചഞ്ചലപ്പെട്ടിരുന്നു.

ൟ ഇടയിൽ സംഭവിച്ച തന്റെ അപ്പന്റെ പുണ്യപ്പെട്ട മരണം പുണ്യവഴിയിൽ പിൻവാങ്ങാതെ മുന്നൊട്ടു നടക്കുന്നതിന്ന വെണ്ടിയ ഉത്സാഹം തൊന്നിപ്പാൻ തക്കതിൽ ഒരുകാരണം അതാകയും ചെയ്തു: അതെന്തെ ഒരുമാലാഖായെപൊലെ മരിച്ചുവെന്ന ആ ദിനത്തിൽ അപ്പന്ന ചിററാഴ്മ ചെയ്തിരുന്ന പുണ്യവാളത്തി കണ്ടതുമെന്നിയെ അപ്പന്റെ കുമ്പസാരക്കാരൻ ആയിരുന്ന ദൊമ്മിനിക്കൊസു പുണ്യവാളന്റെ സഭക്കാരൻ, വറൊനെമല്ലാൻ എന്ന പെർപെട്ട മൂപ്പൻ പാദ്രി, മരിച്ച ദെഹത്തിന്റെ മനസ്സാക്ഷിയുടെ പരിശുദ്ധതയെ നൊക്കുമ്പൊൾ അയാളുടെ ആത്മാവ ചൊവ്വെ ആകാശ മൊക്ഷത്തിൽ പൊയി എന്നുറപ്പായി വിശ്വസിച്ചിരുന്ന പ്രകാരം പുണ്യവാളത്തിയൊട പറകയും ചെയ്തു.

നമ്മുടെപുണ്യവാളത്തി അപ്പന്റെ കുമ്പസാരക്കാരനായ മെൽചൊല്ലിയ ദെഹത്തിനൊട കുമ്പസാരിപ്പാൻ നിശ്ചയിച്ച തന്റെ ആത്മാവിന്റെ കിടപ്പും അവസ്ഥയും ആദെഹം അറിവാൻ തക്കവണ്ണം വിവരമായി കെൾപ്പിക്കയും ചെയ്തു.

ആ ദെഹത്തിന്റെ ഗുണദൊഷങ്ങളാൽ അതിന്റെശെഷം ധ്യാനത്തെ ഉപെക്ഷിക്കാതെയിരിപ്പാൻ വെണ്ടിയ വെളിവും സ്ഥിരതയും പുണ്യ്യവാളത്തിക്കു സിദ്ധിക്കയും ചെയ്തു. ആ വെളയിൽ ആ ദെഹം പുണ്യ്യവാളത്തിയൊട പറഞ്ഞ ചില ന്യായങ്ങളെ പുണ്യ്യവാളത്തി നിത്യ ഒർമ്മയ്ക്കായിട്ട എഴുതി നമ്മൊടറിയിക്കയുംചെയ്തു. അതായത "ഒരം ആയുസ്സിന്റെ അന്ധകാരങ്ങളുടെ ഇടയിൽ „ജപധ്യാനത്തെയും ഉപെക്ഷിക്കുന്നവൻ രാത്രി സമയ „ത്തിൽ കുന്നുകളിലും കൊടുംകാടുകളിലും നടക്കയിൽ „ലന്തെൺ ഊതി വഴികാട്ടിയെ വിട്ടു നടക്കുന്നവനൊ „ടസമമാകുമെന്നും, ഇടവിടാതെ നമസ്കരിപ്പാൻ കല്പി „ച്ച നമ്മുടെ ദിവ്യ രക്ഷനാഥൻ ജപധ്യാനവും ആളുക „ളുടെ എല്ലാ അന്തസ്ഥകൾക്കും തരങ്ങൾക്കും ആവശ്യ „മുള്ളതാകുന്നുവെന്ന വെളിപ്പെടുത്തുകയുംചെയ്തുവെന്നും„ ആ ദെഹം സ്ഥിരമുള്ള ന്യായങ്ങളാൽ പുണ്യ്യവാളത്തിയെ ബൊധപ്പെടുത്തുകയും ചെയ്തു. ആ കാലത്തിൽ നമ്മുടെ പുണ്യ്യവാളത്തിക്കു മുപ്പത വയസ്സുണ്ടായിരുന്നു. എന്നാൽ അന്നുമുതൽ മരണപര്യ്യന്തം ധ്യാനാഭ്യാസത്തിൽ എറിയ ജ്ഞാനയുദ്ധങ്ങളും അവളെ എത്രയും പീഡിപ്പിച്ചജ്ഞാനദുഃഖങ്ങളും അനുഭവിക്കെണ്ടി വന്നുവെങ്കിലും ആയഭ്യാസത്തെ ഉപെക്ഷിക്കാതെ തന്നെമുഴുവനും അതിന്നുകയ്യാളിപ്പാനും, വ്യർത്ഥമായ എല്ലാ മാനുഷ സംസാരങ്ങളിൽനിന്ന വെർതിരിവാനും എത്രയും സാമർത്ഥ്യപ്പെട്ട മെൽചൊല്ലിയ ജ്ഞാനഗുരുവിന്റെ ഗുണദൊഷങ്ങൾ കാരണമാകയും ചെയ്തു.

മെലെഴുതിയ വിവരമൊക്കയും നമ്മുടെ പുണ്യ്യ അമ്മയുടെ വായിൽനിന്നുകെട്ടാൽ പല ന്യായങ്ങളാൽ പുണ്യ്യവഴിയിൽ നടക്കുന്ന ആത്മാവുകൾക്കു ജ്ഞാന തൃപ്തിയും ഫലവും സിദ്ധിക്കുമെന്ന നാം വിചാരിക്കകൊണ്ടു, പുണ്യ്യവാളത്തി ചൊല്ലുവിളിയെക്കുറിച്ചെഴുതിയ തന്റെ

ചരിത്രത്തിൽ എഴാം അദ്ധ്യായത്തിൽ എഴുതി സാക്ഷിച്ചി
രിക്കുന്ന ൟ വിവരം മൊഴിക്കു മൊഴിയായി ഇവിടെ
പെരത്തെഴുതുവാൻ നിശ്ചയിച്ചിരിക്കുന്നു അതെന്തെന്നാൽ:

"ൟ ഇടയിൽ സൎവ്വെശ്വരൻ എന്റെ അപ്പന്ന ആ
,,യുസ്സറുതിയായ ഒരുദീനം യാത്രയാക്കി, അപ്പന്ന ചിററു
,,ഴ ചെയ്യാൻ ഞാൻ അപ്പന്റെ വിട്ടിൽ പൊകയും ചെ
,,യ്തു. ഞാൻ മുഴുകിയിരുന്ന പല ലൊക മായങ്ങളാൽ
,,അപ്പന്റെ ശരീര രൊഗത്തെക്കാൾ എന്റെ ആത്മരൊ
,,ഗം പരിഛെദം എററം വലിയതായിരുന്നു. ആ ദെഹ
,,ത്തിന്റെ ദീനത്തുംകൽ എറിയ അധൈൎയ്യങ്ങളെയും ബു
,,ദ്ധിമുട്ടുകളെയും സഹിക്കെണ്ടിവന്നു: ഇനിക്കു ചെറുപ്പായി
,,രുന്നപ്പൊൾ അപ്പൻ അനുഭവിച്ചിട്ടുണ്ടായിരുന്ന ബുദ്ധിമു
,,ട്ടുകൾക്കും സങ്കടങ്ങൾക്കും ഞാൻ പ്രതിപകരം ചെയ്യു
,,വെന്ന വിചാരിച്ചിരിക്കുന്നു: ഞാൻ വളരെ പാട്ടപെട്ടു
,,സങ്കടപ്പെട്ടിരുന്നു വെങ്കിലും ധൈൎയ്യംകാട്ടുവാൻ ശ്രമി
,,ച്ചിരുന്നു. എന്റെ അപ്പൻ ഇനിക്കു സകലവുമായിരുന്ന
,,തിനെകൊണ്ടു ആദെഹം മരിച്ചാൽ എല്ലാഗുണവും ആ
,,ശ്വാസവും ഇനിക്കു പൊയ്പ്പൊകുമെന്ന ഞാൻ വെണ്ടും
,,വണ്ണം ബൊധിച്ചിരുന്നു വെങ്കിലും, അയാളുടെമെൽ ഇ
,,നിക്കുണ്ടായിരുന്ന പ്രിയത്താൽ എന്റെ മനൊവ്യാകുല
,,ത്തെ അയാളുടെ ദൃഷ്ടിയിൽനിന്ന മറെപ്പാനും ആദെഹ
,,ത്തിന്ന മരണമടുത്തുവെന്ന കണ്ടപ്പൊൾ എന്റെ ആ
,,ത്മാവ ശരീരത്തിൽ നിന്ന പിരിയുന്നതു പൊലെയുള്ള
,,വെദന ഞാനനുഭവിച്ചിരുന്നു വെങ്കിലും ആ ദെഹത്തി
,,ന്റെ മരണംവരെ നല്ല ധൈൎയ്യമായി നിലനില്ക്കുന്നതി
,,ന്നും വെണ്ടിയ മനൊശക്തി ഇനിക്കുണ്ടായി,,

,,അപ്പന്റെ മരണവും ൟ ഭൂമിയെ ഉപെക്ഷിപ്പാ
,,ൻ അയാൾക്കു ണ്ടായിരുന്ന ആശയും, ഒടുക്കത്തെ ഒരു
,,ക്രമമാകെകൊണ്ടതിൽ പിന്നെ ഞങ്ങൾക്കു ചൊല്ലിത
,,ന്ന നല്ലബുദ്ധികളും ഒത്താൽ സൎവ്വെശ്വരനെ സ്തുതിപ്പു

,,ൻ തക്ക സംഗതിതന്നെ യായിരിക്കുന്നു: അയാൾക്കുവെ
,,ണ്ടി തമ്പുരാനൊട പ്രാൎത്ഥിക്കണമെന്നും, സൎവ്വത്തിന്നും അ
,,മതിയുണ്ടാകുമെന്ന എപ്പൊഴും ഒൎക്കണമെന്നും ഞങ്ങ
,,ളൊട മഹാ താല്പൎയ്യത്തൊട്ടു കൂടെ ഗുണദൊഷിക്കയും
,,ചെയ്തതുകൂടാതെ, ഏറിയ കണ്ണുനീരുകളെ ചിന്തിക്കൊ
,,ണ്ട കടംപൊലെ സൎവ്വെശ്വരന്ന ചിറവാഴ്മചെയ്യാഞ്ഞ
,,തുകൊണ്ടും അന്നുണ്ടായിരുന്ന സന്ന്യാസിസ്സഭകളിൽ ഏ
,,റം തപസ്സും പുണ്യക്രമവുമുള്ളതിൽ കൂടാഞ്ഞതു കൊ
,,ണ്ടും മഹാ ദുഃഖമനുഭവിച്ചിരുന്ന പ്രകാരം കാട്ടുകയും
,,ചെയ്തു.
,,മരിക്കുന്നതിന്ന പതിനഞ്ചുദിവസം മുമ്പിൽ സൎവ്വെശ്വ
,,രൻ മരണത്തിന്റെ ദിവസം അയാൾക്ക വെളിപ്പെടു
,,ത്തിയെന്ന ഞാൻ ഉറപ്പായിട്ട വിശ്വസിക്കുന്നു: അതെ
,,ന്തുകൊണ്ടെന്നാൽ അതിന്നുമുമ്പിൽ ദീനം കലശലായിരു
,,ന്നുവെങ്കിലും മരണം സമീപിച്ചില്ലയെന്ന അപ്പൻ വി
,,ചാരിച്ചിരുന്നു, പതിനഞ്ചു ദിവസമായിട്ട മരണമടുത്ത
,,പ്പൊൾ വൈദ്യന്മാരുടെ വിധിക്ക സൌഖ്യമായി വരു
,,ന്നുവെന്ന പറഞ്ഞാലും, വൈദ്യന്മാരു തന്നെ നല്ല ഉറ
,,പ്പായിട്ടുള്ള ന്യായങ്ങളെ അയാളെ കെൾപ്പിച്ചാലും ഒ
,,ന്നും പ്രമാണിക്കാതെ ആത്മകാൎയ്യങ്ങളെ ഒക്കയും ക്രമപ്പെടു
,,ത്തി മരണത്തിന്ന ആസ്ഥമായിരിപ്പാൻ മാത്രം താല്പൎയ്യ
,,പ്പെട്ടിരുന്നു. അപ്പന്റെ പ്രത്യെകമുള്ള ദീനം ഉരത്ത
,,ൽ മാറാത്ത ഒരു നൊമ്പരമത്രെ ആയിരുന്നത, ആയത
,,ചിലവെളയിൽ മരണ വെദനകളെ അനുഭവിപ്പിപ്പാ
,,ൻ തക്കവണ്ണം കടുക്കമാറായിരുന്നു: ഈശൊ മിശിഹാ
,,തന്റെ ദിവ്യ തൊളിന്മെൽ കുരിശിനെ ചുമന്നുവെന്നു
,,ള്ള രഹസ്യത്തിന്മെൽ അപ്പൻ മഹാ ഭക്തിക്കാരനായി
,,രുന്നതിനെകൊണ്ട അതിനാൽ ഈശൊമിശിഹാ അനു
,,ഭവിച്ച വ്യാകുലത്തിന്റെ ഒരുകുറ അയാളെ അനുഭവി
,,പ്പിപ്പാൻ തിരുമനസ്സായിരിക്കുന്നുവെന്ന ഞാൻ അപ്പ

,,നൊടു പറഞ്ഞു, ററം വചനങ്ങൾ അയാളെ എത്രയും
,,ആശ്വസിപ്പിക്കയും ചെയ്തു· അതിന്റെശെഷം സംകട
,,ത്തിന്റെ സ്വരം ഒന്നുംതന്നെ ഞാൻ കെട്ടിട്ടില്ല എന്ന
,,ഇനിക്കതൊന്നുന്നു· മൂന്നുദിവസം ബൊധമില്ലാതെ കിട
,,ന്നു, എന്നാൽ മരണത്തിന്റെ ദിവസത്തിൽ ഞങ്ങൾ
,,അതിശയിപ്പാൻ തക്കവണ്ണം ബൊധവും വെളിവും കു
,,റവില്ലാത്തവിധത്തിൽ വീണ, മരിച്ചപ്പൊൾ ചൊല്ലിയി
,,രുന്ന വിശ്വാസ പ്രമാണത്തിന്റെ പാതിയൊളം നല്ല
,,സുബൊധത്തൊടുകൂടെ ഇരിക്കയും ചെയ്തു· മരിച്ചിട്ട ഒ
,,രു മാലാഖായെപ്പൊലെ ആയിരുന്നു, ആത്മാവിൽ അ
,,തിൻവണ്ണംതന്നെ ആയിരുന്നുവെന്ന ഇനിക്കതൊന്നുന്നു·
,,അപ്പന്റെ കുമ്പസാരക്കാര നായിരുന്ന എത്രയും വലി
,,യ ശാസ്ത്രീയായ ദൊമ്മിനിക്കൊസ പുണ്യവാളന്റെ
,,സഭയിലുൾപ്പെട്ടതിൽ ഒരുത്തൻ, ചൊവ്വെ മൊക്ഷത്തി
,,ൽ പൊയതിന്മെൽ തനിക്ക യാതൊരു സംശയവുമില്ല
,,എന്ന പറഞ്ഞിരുന്നു: ആദെഹം എറിയ കാലമായിട്ട
,,അപ്പന്റെ കുമ്പസാരങ്ങളെ കെട്ടു വന്നിരുന്നയാൾ ആ
,,കകൊണ്ട അപ്പന്റെ മനസ്സാക്ഷിയുടെ ശുദ്ധതയെ വെ
,,ണ്ടുംവണ്ണം അറിഞ്ഞിരുന്നു, എകദെശം ഇരുപതു സം
,,വത്സരം വരെ എന്റെ വീഴ്ചകളാൽ മൂടപ്പെട്ട വെ
,,ശരിയുള്ള സമുദ്രത്തിൽ ഞാൻ അലഞ്ഞു നടന്നിരുന്നു,
,,ചിലപ്പൊൾ മുഴുവനാകും വണ്ണമല്ല എങ്കിലും ഒരുവി
,,ധത്തിൽ ചൊവ്വെനടന്നിരുന്നു എന്നാൽ പിന്നെയും വി
,,ണിരുന്നുപാവദൊഷങ്ങളെകൂട്ടാക്കാതെനടന്നിരുന്നതെ
,,ന്നിയെ ചാവുദൊഷങ്ങളുമ്മെൽ പെടിയാ യിരുന്നാലും
,,അതിന്റെ യൊഗ്യങ്ങളിൽനിന്ന ഒഴിവാൻതക്കവണ്ണം
,,ഭയമായിരുന്നുമില്ല: ഇങ്ങനെ പുണ്യസാംഗൊപാംഗത്തി
,,ൽനിന്ന എററം അകന്നതായ ഒരുജീവിതം ഞാൻകഴി
,,ച്ചിരുന്നു: ഇത എന്റെ അഭിപ്രായത്തിന്ന വിചാരിപ്പാൻ
,,പാങ്ങുള്ളതിൽ എററം സങ്കടമുള്ള ഒര അവസ്ഥയായി

„രുന്നു: അതെന്തെ ൟരംവണ്ണമുള്ള നടപ്പടിയാൽ സൎവ്വെശ്വരന്ന ചിററാഴ്മ ചെയ്യുന്നതിനാലുള്ള സന്തൊഷവും തൃപ്തിയും അനുഭവിക്കാതെ ഇരുന്നതെന്നിയെ ലൊകമായങ്ങളിൽ നിന്നുള്ള സന്തൊഷവും തെളിവും രസിക്കാതെ ഇരിക്കയും ചെയ്തിരുന്നു. ലൊക സന്തൊഷങ്ങളെ അനുഭവിച്ചിരുന്ന നെരത്ത സൎവ്വെശ്വരനൊടുള്ള കടങ്ങളുടെ ഒൎമ്മ സംകടമുള്ളതായിരുന്നു. എന്നാൽ തമ്പുരാനൊടുകൂടെ ഇരുന്ന സമയത്തിൽ ലൊകത്തിന്നടുത്ത പക്ഷങ്ങൾ എന്നെ കലക്കുകയും ചെയ്തിരുന്നു. ഇരുപത വൎഷത്തെക്കല്ല പിന്നെയൊ ഒരുമാസത്തെക്ക തന്നെ സഹിപ്പാൻ ഞാൻ വശമായതെങ്ങനെ എന്ന അതിശയിപ്പാൻതക്ക വിധത്തിൽ എത്രയും സംകടവും വെറുപ്പുമുള്ള ഒരുയുദ്ധം അതായിരുന്നു.

നമ്മുടെ പുണ്യവാളത്തി എഴുതി അറിയിച്ച യുദ്ധത്തിന്റെകാലത്തിൽ എഴുതിയുണ്ടാക്കിയ ഒരു കവിത വായിക്കുമ്പൊൾ ആ ഹൃദയത്തിൽ കത്തിയെരിഞ്ഞിരുന്ന ദൈവസ്നെഹാഗ്നിയും ദൈവഭക്തിയും എത്രയൊ വിശെഷമുള്ളതായിരുന്നു വെന്ന തിരികയും ചെയ്യും. അതെങ്ങനെയെന്നാൽ:

൧: എന്റെ സൎവ്വെശ്വരാ! നിന്നെ തെടുന്നതിന്ന എന്റെ സ്നെഹത്തിന്നടുത്ത ആഗ്രഹത്തെ എരിയിക്കുന്നത നീ പറഞ്ഞൊത്തിരിക്കുന്ന ആകാശ മൊക്ഷമല്ല. പാപത്തെ വെറുത്തുപെക്ഷിക്കുന്നതിന്ന എന്നെ മനസ്സാക്കുന്നത എവരും എത്രയും ഭയപ്പെടുന്ന നരകമല്ല.

൨: എന്നാൽ എന്റെ ദൈവമെ! ഒരുകുരിശിന്മെൽ തറെക്കപ്പെട്ടതിനെയും നിന്റെ തിരുമെനിയെല്ലാം ചിതറപ്പെട്ടതിനെയും ദുഷ്ടരാൽ നിന്ദിക്കപ്പെട്ടതിനെയും വ്യാകുലങ്ങളാൽനിറയപ്പെട്ട നിന്റെ മരണത്തെയും ഞാൻ കാണുന്നതത്രെ നിന്നെ തെടുവാനും ആഗ്രഹിച്ച സ്നെഹിപ്പാനും എന്നെ എരിയിക്കുന്നത.

ജ: കടശി ആകാശമൊക്ഷം ഇല്ലയെന്നുവെച്ചാലും ഞാൻ നിന്നെ സ്നേഹിക്കയും, നരകമില്ലായെന്നു വെച്ചാലും നിന്നെ ഭയപ്പെടുകയുംചെയ്യാൻ തക്കവണ്ണം നിന്റെ സ്നേഹം എന്നെ ഇളക്കിയെരിയിക്കയും ചെയ്യുന്നു.

ര: നിന്നെ ഞാൻ തെടിയാഗ്രഹിക്കുന്നതിന്നു ഇനിക്കു തരുവാൻ നിനക്കു ഒന്നുമില്ല, അതെന്തുകൊണ്ടെന്നാൽ ഞാൻ ശരണമായി പാർത്തിരിക്കുന്നത ശരണം പാർക്കുന്നില്ല യെന്നുവെച്ചാലും ഞാൻ നിന്നെ തെടിയാഗ്രഹിക്കുന്നതു പൊലെ നിന്നെഞാൻ തെടിയാഗ്രഹിക്കുമായിരുന്നു.

## ആറാം അദ്ധ്യായം.

### നമ്മുടെ പുണ്യവാളത്തിയുടെ ആതനമായിട്ടുള്ളതും പുണ്യവീരന്മാക്കടുത്തതുമായ വ്യാപാര ക്രമം.

ഏററം ഉയരപ്പെട്ട പുണ്യ സാംഗൊപാംഗത്തിന്റെ വിഷമമുള്ള വഴികളിൽ ശീഘ്രമായി നടപ്പാൻ ആ കാലത്തിൽ നമ്മുടെ പുണ്യവാളത്തി മനസ്സായിരുന്ന മഹാ ധൈര്യമുള്ള പരാക്രമിയെ പ്പൊലെ ഒരൊരുദിവസത്തിൽ ധ്യാനത്തിന്ന പലമണിനെരം മഹാ എരിവൊടും ഉറപ്പൊടുംകൂടെ ചിലവഴിച്ചുതുടങ്ങി. പുണ്യവാളത്തിയുടെ ക്രമത്തിന്നു തക്കതിൻവണ്ണം സർവ്വെശ്വരൻ അവളെ മെല്പെട്ട ധ്യാനത്തിന്റെ ഏററംഉയരപ്പെട്ട അന്തസ്ഥിൽ കെറുവാനും അവളുടെ ഹൃദയം ദൈവീക ഉപവിയാൽ എരിയപ്പെട്ട ദൈവത്തിന്ന എത്രയും പ്രസാദമുള്ള ബലിയായി തന്നെ മുഴുവനും സർവ്വെശ്വരന്ന കയ്യാളിപ്പാനും ഇടകൂട്ടുന്നതിന്ന തിരുമനസ്സാകയും ചെയ്തു. ആയതെങ്ങനെ

യെന്നാൽ ൧൭൭൬ാം കാലം നമ്മുടെ പുണ്യവാളത്തിയു
ടെ ആശ്രമത്തിൽ കഴിച്ചുവന്നിരുന്ന ഒരുപെരുനാളിന്നാ
യിട്ട വാങ്ങിവാങ്ങിച്ചിരുന്ന, മുറിവുകളാൽ നിറഞ്ഞ ൟശൊ
ശൊമിശിഹായുടെ ഒരു സ്വരൂപം പ്രാൎത്ഥനസ്ഥലത്തിൽ
വെച്ചിരുന്നു: ആ ഇടയിൽ നമ്മുടെ പുണ്യമ്മ ധ്യാനത്തി
ന്നായിട്ട പ്രൎത്ഥന സ്ഥലത്തിൽ പ്രവെശിക്കയിൽ ഇവരു
ടെനൊട്ടം ആ സ്വരൂപത്തിന്മെൽ ആയി അതുകണ്ടാൽ
ഉടനെ സങ്കടം തൊന്നുവാൻതക്കതിൻവണ്ണം അതിന്റെ
മുറിവുകളെയും അതിൽനിന്ന ഒഴുകിയിരുന്ന പ്രകാരമെൊ
ലെയുള്ള രക്ത ഛായവും മഹാ സാമൎത്ഥ്യത്തൊട്ടു കൂടെ
പിന്താരിക്കപ്പെട്ടതായിരുന്നു, ത്രെസ്യാ ആ സ്വരൂപത്തി
ന്റെ കാഴ്ചയാൽ തന്റെ കഴിഞ്ഞ ജീവിതത്തിലെ മന്ദ
തമെൽ മഹാ ദുഃഖവും പരിഭ്രമവും പൂണ്ടു, ആ ക്ഷണ
ത്തിൽ ആ സ്വരൂപത്തിന്റെ മുമ്പാകെ വെറിട്ടൊരു മ
റിയം മഗ്ദലെനായെ പൊലെ സാഷ്ടാംഗമായി വീണ
എറിയ കണ്ണുനീരുകളെ ചിന്തിക്കൊണ്ടും മെൽചൊല്ലിയ
ദൊഷത്താളത്തിയായ പുണ്യവാളത്തിയുടെ മദ്ധ്യസ്ഥവും
അപെക്ഷയും കൂട്ടിക്കൊണ്ടും, തന്നൊട ഇനിമെലിൽ ഉ
പദ്രവിക്കാതെയിരിപ്പാൻ വെണ്ടുന്ന ധൈൎയ്യം കൊടുത്ത
രുളുവാൻ നമ്മുടെ പുണ്യവാളത്തി ൟശൊമിശിഹാ
യൊട അപെക്ഷിച്ച ൟ മനൊഗുണം അവൾക്കതാൻകൊ
ടുത്തരുളുന്നതുവരെ അവിടെനിന്ന മാറുകയില്ലെന്ന പ്രതി
ജ്ഞയും ചെയ്തു സാദ്ധ്യപ്പെട്ട പ്രാൎത്ഥിക്കയും ചെയ്തു.

എന്നാൽ സൎവ്വെശ്വരൻ നമ്മുടെ പുണ്യമ്മയുടെ അ
പെക്ഷ കൈക്കൊണ്ടുവെന്ന പിന്നത്തെ അനുഭവസിദ്ധി
യാൽ അറിയപ്പെട്ടതാകയും ചെയ്തു: അതെന്തെ പുണ്യ
വാളത്തി സാക്ഷിച്ചിരിക്കുന്നതു പൊലെ അന്നുമുതൽ മെ
ലിലെക്ക പുണ്യത്തിൽ വൎദ്ധിച്ചു വരികയും ചെയ്തു. ആ
കാലത്തിൽ നമ്മുടെ പുണ്യവാളത്തി ചൊദിക്കാത്തതും
അറിയാത്തതുമായ ഒരു പുസ്തകം വായിക്കുന്നതിന്ന കൊ

ട്ടക്കപ്പെട്ടു, ആയത മാർ ആഗുസ്തീനൊസ്സ മല്പാന്റെ കുമ്പസാരങ്ങൾ എന്ന പുസ്തകമാകുന്നു. നമ്മുടെ പുണ്യ അമ്മ ഉള്ളിൽ സഹിച്ചിരുന്ന യുദ്ധം ഒരുകണ്ണാടിയിൽ എന്നതിൻവണ്ണം ആ പുസ്തകത്തിൽ കണ്ടിരുന്നു: മാർ ആഗുസ്തിനൊസു മല്പാൻ മുഴുവനും മനസ്സു തിരിഞ്ഞ വൎത്തമാനം എഴുതപ്പെട്ടിരിക്കുന്ന എന്ന ആ പുസ്തകത്തിന്റെ എട്ടാം പുസ്തകത്തിലെ ൧൨-ാം അദ്ധ്യായത്തിൽ ചെന്നപ്പൊൾ എടുത്തുവായിക്ക എടുത്തുവായിക്ക എന്ന മാർ ആഗുസ്തീനൊസു പുണ്യവാളൻ കെട്ട മൊഴികളെ തന്നെ നമ്മുടെ പുണ്യവാളത്തിക്ക കെൾക്കുന്നതുപൊലെ തൊന്നി, എറിയ കണ്ണുനീരുകളെ ചിന്തിക്കൊണ്ട ആ പുണ്യവാളന്റെ മൊഴികളായിട്ട തമ്പുരാനൊട അപെക്ഷിച്ചതായത: കൎത്താവെ! എത്ര നാളത്തെക്ക? എത്ര നാളത്തെക്ക? നാളെ, നാളെ, ഇപ്പൊഴില്ല യെന്നതെന്തെ? എന്റെ ദുഷ്ടതയുടെ അറുതി ഇന്ന, ആകാത്തതെന്തെ? എന്നുചൊല്ലികൊണ്ട കീഴുനാളുകളിൽ ചെയ്തിരുന്നകുററങ്ങളുമെൽ ഉണ്ടായ മനസ്താപത്തിന്റെ ആധിക്യത്താൽ മരിക്കാഞ്ഞതുകൊണ്ട പിന്നത്തെ കാലങ്ങളിൽ അതിശയപ്പെട്ടമാറായിരുന്നു. മനസ്താപത്തിന്റെ കണ്ണുനീരുകളാൽ നനെച്ചരം വൎത്തമാനമൊക്കയും നമ്മുടെ പുണ്യവാളത്തി എത്രയും രുചിയുള്ള മൊഴികളാൽ എഴുതി കഴിഞ്ഞവുടനെ സൎവ്വെശ്വരന്റെ അളവില്ലാത്ത കാരുണ്യത്തിന്ന സ്തുതിയായിട്ട നന്ദിയറിഞ്ഞ മനസ്സിൽനിന്ന പുറപ്പെടുന്ന ഒരു സംഗീതംപൊലെ എഴുതുകയും ചെയ്തു.

ആ സൎവ്വെശ്വര! കൎത്താവെ! എന്ന നമ്മുടെ പുണ്യവാളത്തി ഉടയതമ്പുരാനെ നൊക്കി ചൊല്ലുന്നു: "ആ
,,സൎവ്വെശ്വര! കൎത്താവെ! ഒരുരാജസ്ത്രീയെപ്പൊലെ എ
,,ല്ലാ ശുഷ്കാന്തിയൊട്ടുകൂടെ കാക്കേണ്ടുന്ന നിന്റെമക്കൾ
,,ക്കടുത്ത സ്വാതന്ത്ര്യം അതിന്നു പൊരെല്ലായി എന്ന ഒരാ
,,ത്മാവ കാണുമ്പൊൾ എത്രയൊ വ്യസനപ്പെടുന്നു, എ

,,എത്രയൊ വ്യാകുലങ്ങളെയും ദുഃഖങ്ങളെയും ൟ ആ
,,ത്മാവ അനുഭവിക്കയുംചെയ്യുന്നു. ഇത്രകഠിനമായ വെദ
,,നകളെ അനുഭവിച്ചു കൊണ്ടു ഇത്ര നാളത്തെക്ക ഞാൻ
,,ജീവിച്ച തെങ്ങനെയെന്ന ഇപ്പൊൾ ഇനിക്കു തിരിയുന്നി
,,ല്ല: ഇത്ര അറെക്കപ്പെട്ട മരണ അവസ്ഥയിൽ നിന്ന ഒ
,,ഴിവാൻ വഴിയുണ്ടാക്കിത്തന്ന സൎവ്വെശ്വരന്ന നിത്യ സ്തു
,,തി സ്തൊത്രവുമുണ്ടായിരിക്കട്ടെ. എന്റെ നിലവിളിക
,,ളെയും കെട്ടു. എന്റെ കണ്ണുനീരുകളുടെ സംപൂൎണ്ണത
,,മെൽ അനുഗ്രഹിച്ച സൎവ്വെശ്വരൻ ഉടനെ എന്റെആ
,,ത്മാവിൽ മഹാധൈൎയ്യം പൊഴിക്കയും ചെയ്തു,, (*)

ൟ വലിയ ഇളക്കത്തിന്റെ ശെഷവും, ചെയ്ത വാ
യനകളുടെ ശെഷവും നമ്മുടെ പുണ്യവാളത്തി എററം
ഉയരപ്പെട്ട ദൈവീകകാൎയ്യങ്ങളുടെ കാഴ്ചയ്ക്കു ഉയൎത്തപ്പെ
ട്ടുകയും ചെയ്തു. ആ കാലത്തിൽ നടപ്പാൻ തുടങ്ങിയ വ
ഴിയിൽക്കൂടെ നടന്ന പുണ്യവാളത്തിയെ പിന്തുടരുവാൻ
ലൊകത്തിന്നടുത്ത കാലുകൾക്ക വഹിയ. കീഴ്പുഴക്കത്തി
ന്റെ ശക്തിയാൽ എഴുതിയ തനതുചരിത്രത്തിൽ ൧൦ാം
അദ്ധ്യായം മുതൽ ൨൧ാം അദ്ധ്യായം വരെ നമ്മെ പഠി
പ്പിച്ച ദൈവീക പഠനങ്ങളെ പെൎത്ത പഠിപ്പിക്കുന്നതിന്ന
തന്റെതിനെപൊലെ ഒരു ശുദ്ധമുള്ള നാവുവെണ്ടിയിരു
ന്നു. ആ ദിവ്യ ഭവനത്തിൽ ചെന്ന അനുകൂല പ്പെടുന്നതി
ന്ന ൟ ശുദ്ധമുള്ള മാടപ്രാവിന്റെ വെണ്മയുള്ള ചിറകു
കൾ വെണ്ടിയതായിരുന്നു.

എന്നാൽ അനുഗ്രഹങ്ങളുടെ പിതാവായ സൎവ്വെശ്വര
ന്റെ തൃക്കയ്യുടെ മെലെഴുതിയ രണ്ടേടികളുടെ ശെഷം ന
മ്മുടെ പുണ്യവാളത്തി കൈക്കൊണ്ട ദൈവാനുഗ്രഹങ്ങ
ളുടെശെഷം അധികമധികം അറിഞ്ഞു വന്നതിനാൽമു
മ്പിലത്തെതിൽ എന്നിയെ അധികമധികം മനസ്താപപ്പെ
ട്ടു ഇടവിടാതെ യെന്നപൊലെ കണ്ണുനീരുകളെ ചിന്തി

(*) പുണ്യ: എഴുതിയ സ്വ: ചരിത്രം ൯ അദ്ധ്യായത്തിൽ.

ഭൂമിമെൽ സഞ്ചരിക്കുന്നതിന്ന യൊഗ്യമില്ലയെന്നുറെച്ച എ ണ്ണമില്ലാത്ത കുററങ്ങളെ ചെയ്ത ദൊഷത്താളത്തിയെന്ന തന്നെത്താൻ വിചാരിച്ച അവററകൾക്ക പകരംവീട്ടുന്ന തിന്ന സൃഷ്ടിതാവിന്റെ നാമത്താൽ സൃഷ്ടിപ്പുകളെ യെ ല്ലാം തന്നെ ശിക്ഷിപ്പാൻ വിളിക്കുമാറായിരുന്നു. ആയിട യിൽ ത്രെസ്യായുടെ ആത്മാവിൽ കത്തി എരിഞ്ഞ വി ശെഷ ദൈവസ്നെഹാഗ്നി ഇന്നപ്രകാരമെന്ന വചനത്താ ൽ പറഞ്ഞറിയിപ്പാൻ വഹിയ. അതുവരെ നടന്ന ജീ വിതക്രമം തനതുനടപടിയെന്ന പറയാം: അതുമുതൽമ രണത്തൊളം നടന്നത ദൈവീകജീവിതമെന്ന പറവാ ൻ ന്യായമായിരിക്കുന്നു, നമ്മുടെ പുണ്യവാളത്തി തന്നെ തന്നിൽ സംഭവിച്ച ജീവിതപ്പകച്ച ബൊധിക്കയുഞ്ചെയ്തു.

പലവിചാരങ്ങൾക്കുള്ള കാരണങ്ങളെയെല്ലാവറെറ യും സൎവ്വെശ്വരനൊടുള്ള ഒന്നിപ്പിന്ന വിഘ്നമായ തൊക്ക യും ഭെദംവരാത്തവണ്ണം തന്നിൽനിന്ന അകററുവാൻതു ടങ്ങി: ലൊകാചാരത്താൽ കല്പിക്കപ്പെട്ടതെല്ലാം നിറ വെററുന്നതിന്ന തനിക്കുണ്ടായിരുന്ന സ്വഭാവത്തിന്നടുത്ത ചാച്ചിൽ തന്നിൽ ശെഷിച്ചിരുന്ന ചിലകുററങ്ങൾക്ക കാ രണവും മൂലവും ആകുന്നുവെന്ന അറിഞ്ഞ അതും തന്നി ൽനിന്ന നീക്കി കളയുന്നതിന്ന ദിവസംതൊറും സൃഷ്ടിതാ വായ ഉഹാദക്കദശായെ നീവരിക എന്നസംഗീതഞ്ചൊ ല്ലി ഉഹാദക്കദശാതമ്പുരാനൊട സഹായം അപെക്ഷിച്ചു തുടങ്ങി, ഇതാ കുറെനാൾ കഴിഞ്ഞിട്ട ഒരു ദിവസം ഒരു ജ്ഞാന പരവശമുണ്ടായി, അതിന്നിടയിൽ മാനുഷമക്ക ളൊടുള്ള സംസൎഗ്ഗം മാററി മെലാൽ മാലാഖാമാരൊടു മാത്രം സംസൎഗ്ഗം കൂട്ടണമെന്ന എന്റെമനസ്സ, എന്ന ത മ്പുരാൻ തന്നൊടുകല്പിച്ച ൟ വചനങ്ങളെ കെൾക്കയും ചെയ്തു. സൎവ്വെശ്വരനെ സാംഗൊപാംഗമായി സ്നെഹി ക്കുന്നതിന്ന എത്രയും വലിയ ദാഹം നമ്മുടെ പുണ്യവാ ളത്തി അനുഭവിച്ചിരുന്നതിനെകൊണ്ടു സൎവ്വെശ്വരനെത്തു

ത്തി തന്റെ ചോര ചിന്തുവാൻ വളരെ ആഗ്രഹിച്ചിരുന്നു എന്നാൽ തന്റെ ഈ ആഗ്രഹങ്ങളെ തൃപ്തിവരുത്തുവാൻ പാങ്ങില്ല യെന്നുകണ്ടു നാനാവിധമായ ദുരിതങ്ങളാൽ തന്റെ നിർമ്മലശരീരത്തെ ഞെരുക്കുവാൻ നിശ്ചയിക്കയുഞ്ചെയ്തു. ഉടമ്പെല്ലാം വ്രണമാക്കുവാൻ തക്കതായിട്ടു ഇരിമ്പുപലകതുളച്ച വസ്ത്രാങ്കിപൊലെ ഉടുക്കയും ചെയ്തു.

ശരീരത്തെസങ്കടപ്പെടുത്തി ചൊര പുറപ്പെടുത്തുവാൻ തക്കവണ്ണം ചിലപ്പൊൾ ആനച്ചൊറിയണക്കൊട്ടു ചിലപ്പൊൾ മുള്ളകൊമ്പുകൾ ചിലപ്പൊൾ പിരിഞ്ഞകയറുകൾ ചിലപ്പൊൾ താക്കൊലുകളുടെ കൂട്ടം പെരുമാറികൊണ്ടു കൈയുടെ ശക്തിയൊക്കയൊട്ടും കൂടെ അടിക്കുമാറായിരുന്നു: എന്നാൽ പലപ്പൊഴും ദയകൂടാതെ മുമ്പിലത്തെ മുറിവുകളുമ്മെൽ പിന്നെയും അടിച്ചു വരുമാറായിരുന്നതിനാൽ ആ മുറിവുകളിൽനിന്നു ചൊരയും ചലവും അധികമായി ഒഴുകിയിരുന്നു. ചിലപ്പൊൾ ചില മുള്ളുക്കൊട്ടു കൂട്ടി വസ്ത്രംമാററി മൃദുവായിട്ടുള്ള കട്ടിലിന്മെൽ ലൊകസന്തൊഷികൾ കിടക്കുന്നതുപൊലെ നമ്മുടെ പുണ്യവാളത്തി ആ മുള്ളുകളുമ്മെൽ കിടന്നുരുളുകയുഞ്ചെയ്തുകൊണ്ടു തന്റെ കന്യകയ്ക്കടുത്ത ശരീരം ഭയങ്കരമായ പ്രകാരത്തിൽ കീറിക്കൊണ്ടുവന്നിരുന്നു, ഈ പാടുകളൊക്കയും പകലെ ശരീരത്തെ അനുഭവിപ്പിച്ചതിന്റെ ശെഷം രാത്രിസമയത്തിൽ വൈക്കൊലിന്മെൽ കിടന്നു ചിലപ്പൊൾ രണ്ടു എറിയാൽ ചിലപ്പൊൾ നാലു മണിനെരത്തെക്ക ഉറങ്ങുകയും ചെയ്യും. ഇങ്ങനെയുള്ള തപസ്സുകൾ പൊരാഞ്ഞിട്ടു ശരീരായുസ്സിന്നു ആവശ്യമായിരിക്കുന്ന യാവന അനുഭവിക്കാതെ നിത്യമായി ഒരുനെരം നൊറെതിൻവണ്ണം തിന്നുവരുമാറായിരുന്നു: ചില ദിവസങ്ങളിൽ നമ്മുടെ പുണ്യവാളത്തിയുടെ യാവന ഒരു മൊട്ടുയായിരുന്നു, ചിലദിവസങ്ങളിൽ കുറെ പുല്ലു അല്ലെങ്കിൽ കുറെ സൈത്തുകൂട്ടിയ ചൊളത്തിന്റെ പൊടി, എന്നാ

ൽ മററുവല്ലതും ക്രുടിയെ കഴിവു എന്നു വന്നാൽ കുറെ നൈസെത്ത ഒഴിച്ച പൊരിച്ച കുറെ അപ്പം ക്രുട്ടിതിന്നുമാററായിരുന്നു, കർമ്മലീത്ത സഭയുടെ റെഗുലയിലും ന്യായപ്രമാണങ്ങളിലും കല്പിച്ചിരിക്കുന്ന നൊയമ്പെല്ലാം കുറവുക്രുടാതെ കാക്കയും ചെയ്തു: എന്നാൽ ൨ രംവക നൊയമ്പ പുണ്യവാളത്തി പുത്തനാക്കിയ സഭയിൽ ആണ്ടിന്നിടയിൽ ഉള്ളതുക്രുടാതെ കന്നിമാസം ൧൪ാം തിയ്യതിമുതൽ ഉയിൎപ്പിന്റെ ഞായറാഴ്ചവരെ അതായത എകദെശം ൭ മാസത്തോളം നീളിക്കപ്പെട്ടതായിരിക്കുന്നു· ഒരൊരു കൊൻവെന്തകളെ സ്ഥാപിക്കുന്നതിന്ന അവിടവിടെ സഞ്ചരിച്ചവരികയിൽ പന്നികളുടെ യാവനയാകുന്ന എതാനും കരുവെലക കായ, അല്ലെങ്കിൽ മുന്തിരിങ്ങാവള്ളിയുടെ എതാനും ഇളയ കൊമ്പുകൾ മാത്രമെ തിന്നുന്നതിന്ന ഉണ്ടായിരുന്നൊള്ളു. വീഞ്ഞ ഒരിക്കലും കുടിച്ചിട്ടില്ല· കർമ്മലീത്ത സഭയെ പുത്തനാക്കി സ്ഥാപിച്ച നാൾമുതൽ മരണത്തൊളം തക്ക ദീനവും കല്പനയും ഉണ്ടായിട്ടല്ലായെങ്കിൽ ഇറച്ചി തിന്നരുതെന്ന വിലക്കുന്ന റെഗുല കടന്നിട്ടില്ല· ഒരിക്കൽ എത്രയും കഠിനമായ പനിയും മററു ദീനങ്ങളുമുണ്ടായിട്ട ശരീരദിക്ഷതി പൊക്കുന്നതിന്ന പുഴുങ്ങിയ കുറെ കൊഴിയും സബൊളയും മാത്രം അനുഭവിക്കയും ചെയ്തു· ഇവകളും മററനെകം തപസ്സുകളും നമ്മുടെ പുണ്യമ്മ ചെയ്തുതുടങ്ങിയതു ക്രുടാതെ എറക്കുറെ ൩൦ സംവത്സരം വരെ അതായത മരണത്തൊളം ചെയ്കയും ചെയ്തു: എന്നുവരികിലും ചെറുപ്പവും നെൎമ്മയുള്ള ശരീര പ്രക്രുതിയും എത്രയും ശ്രെഷ്ഠതയുള്ള തന്റെ തറവാട്ടിലെ സുഖങ്ങളിൽ വളൎന്നുതുമായ ഒരു പെണ്ണായിരുന്നു: ഇതു തന്നെയുമല്ല പിന്നെയൊ എപ്പൊഴും ചടപ്പും ഇടവിടാതെയുള്ള നൊമ്പരങ്ങളും കൊണ്ടു കഷ്ടപ്പെട്ടു വരുമ്പൊൾ അത്രെ ആയിരിക്കുന്നു മെൽചൊല്ലിയ തപസ്സുകൾ എല്ലാം ചെയ്തുകൊണ്ടുവന്നത· നമ്മുടെ പുണ്യവാള

ത്തി പാടുകളെയും ദീനംമുതലായ സങ്കടങ്ങളെയും എത്രയും വിലയെറിയതായി മതിച്ചിരുന്നതിനെക്കൊണ്ട സങ്കടങ്ങളാൽ ഞെരുങ്ങപ്പെട്ടിരിക്കുംപൊൾ അത്യന്ത സന്തൊഷം അനുഭവിച്ചു വന്നതു കൂടാതെ അവയൊക്കയും മരണത്തൊളം അനുഭവിപ്പാൻ ആസ്ഥമായിരുന്നു. ഇത ഹെതുവായിട്ടു ചൊല്ലിക്കൊണ്ടു വന്നതായത: "നമ്മുടെ ,,ജീവിതം നമുക്കുവെണ്ടി അന്തമില്ലാത്ത പാടുകളെ അ,,നുഭവിച്ച സൎവെശ്വരന്റെ സ്നെഹത്തെപ്രതി പാടുപെ,,ടുവാനല്ലാതെ മറ്റു യാതൊന്നിന്നും കൊള്ളുകയില്ല,, പുണ്ണ്യവാളത്തിയുടെ ഹൃദയത്തിൽ കത്തിയെരിഞ്ഞിരുന്ന ദൈവ സ്നെഹത്തിന്റെ ആധിക്യംകൊണ്ട ഠരം ശരീരത്തിന്റെ കെട്ടുകൾ അഴിയപ്പെട്ടു സൎവെശ്വരനൊട നിതമായി ഒന്നിച്ചിരിപ്പാൻ മഹാ എരിവൊടുകൂടെ ആഗ്രഹിച്ചിരുന്നു. ആയത അപ്പൊൾതന്നെ സാധിപ്പാൻ പാങ്ങില്ലായെന്നുകണ്ടിട്ടു തന്റെ സ്നെഹത്തെ പ്രതി അധികമായി പാടുപെട്ടുകൊണ്ടെങ്കിലും ഠരംശൊ മിശിഹായെ പിന്തുടരുന്നതിന്ന മനൊഗുണം ചെയ്യുരുളുവാൻ സൎവെശ്വരനൊട പ്രാൎത്ഥിച്ചുവന്നിരുന്നു. ഇതു ഹെതുവായിട്ടു കൂടക്കൂടെ സൎവെശ്വരനൊട പ്രാൎത്ഥിച്ചിരുന്നതായത, സൎവെശ്വര! എനിക്കായിട്ടു ഒന്നുകിൽ പാടുപെടുവാനും അല്ലെങ്കിൽ മരിപ്പാനും എന്നീ മനൊഗുണം അല്ലാതെ മറ്റു യാതൊന്നും ഞാൻ അപെക്ഷിക്കുന്നില്ല.

## ഏഴാം അദ്ധ്യായം.

നമ്മുടെ പുണ്യവാളത്തി എത്രയും എകരപ്പെട്ട ധ്യാനത്തിന്ന സൎവ്വെശ്വരനാൽ കരെററപ്പെടുന്നു, പല മഹാത്മാവുകളാൽ പിശാചിനാൽ തട്ടിക്കപ്പെട്ടിരിക്കുന്ന പ്രകാരം വിധിക്കപ്പെടുന്നു.

---

നമ്മുടെ പുണ്യഅമ്മയുടെ ഹൃദയത്തിൽ കത്തിയെരിഞ്ഞിരുന്ന ദൈവസ്നെഹാഗ്നി എത്രയും ശുദ്ധമുള്ളതായിരുന്നതിനെ കൊണ്ട ഉള്ളിന്നടുത്ത ആശ്വാസങ്ങളെയും ജ്ഞാനമാധുൎയ്യങ്ങളെയും ആഗ്രഹിക്കാതെ സൎവ്വെശ്വരനെ അധികമധികം സ്നെഹിപ്പാൻ പ്രയാസപ്പെട്ടുവന്നിരുന്നു: ഇതുഹെതുവായിട്ട ൦ര൦വക നന്മകൾക്ക എററം യൊഗ്യമുള്ളവളായിരുന്നതെന്നിയെ തന്റെ ദിവ്യ മണവാളൻ എററം സംപൂൎണ്ണമായിട്ട അവകളാൽ പുണ്യവാളത്തിയുടെആത്മാവിനെ പൂരിക്കുന്നതിന്ന മണവാളന്റെ തിരുഹൃദയത്തെ നിൎബ്ബന്ധിച്ചിരുന്നു. ആ കാലത്തിൽ നമ്മുടെ പുണ്യവാളത്തിയുടെ ധ്യാനം സാമാന്യം പങ്കപ്പാട്ടിന്മെലായിരുന്നു, അതായത നമ്മുടെ ദിവ്യരക്ഷനാഥനീശൊ മിശിഹാ നമ്മുടെ രക്ഷയ്ക്കായിട്ടും, നമ്മിൽനിന്ന തനിക്ക സ്നെഹം ലഭിപ്പാൻ വെണ്ടീട്ടും, എത്രയൊ സ്നെഹത്തൊടുകൂടെ കുരിശിന്റെ മരണത്താലുള്ള വ്യാകുലങ്ങളെയും മെനിക്ഷയങ്ങളെയും അനുഭവിച്ചുവെന്ന ചിന്തിച്ചുവന്നിരുന്നു: എന്നാൽ ഇങ്ങനെയുള്ള ചിന്തകളുമെൽ അധികം താമസിപ്പാൻ പാങ്ങില്ലാഞ്ഞു. അതെന്തുകൊണ്ടെന്നാൽ പുണ്യവാളത്തിയുടെ ബൊധം ദൈവാന്യൊന്യസ്നെഹത്തിന്റെ ശക്തിയാൽ ചിന്തകളാകുന്ന അതിന്റെ പ്രവൃത്തികൾ മുടങ്ങി സംസാരമുറയ്ക്കുള്ള ധ്യാന

ത്തിന്റെ ബുദ്ധിമട്ടുകൂടാതെ ദിവ്യ വിഷയങ്ങളെ കണ്ടു വിസ്മയിച്ചിരിക്കുന്നതു പൊലെയുള്ള എകരപ്പെട്ട യൊഗത്തിന്ന എടുക്കപ്പെട്ടിരുന്നു· ഇതിന്റെ ശെഷം പഞ്ചെന്ദ്രിയങ്ങളുടെ മയക്കത്തൊടു കൂടിയുള്ള വിശെഷ ധ്യാനവും തൊന്നലിനും ബൊധത്തിന്നും അടുത്ത കാഴ്ചകളും, എത്രയും ഉന്നതമായ അനുക്രൂലം എന്നപറയുന്ന വിശെഷയൊഗവും, അരൂപിയുടെ പറച്ചിലുകളും, സര്വ്വെശ്വരനിലെയ്ക്കുള്ള എരിവുള്ള ആശകളും കൂടക്കൂടെയുള്ള വിവശതകളും, ദിവ്യ ഉപവിയുടെ എത്രയും മൂര്ച്ചയുള്ള മുറിവുകളും ദിവ്യ സ്നെഹത്തിന്റെ എത്രയും ശക്തിയുള്ള ഇളക്കങ്ങളും, സര്വെശ്വരനൊടുള്ള എത്രയും മധുരിക്കപ്പെട്ട സംഭാഷണങ്ങളും, കടശിയിൽ അരൂപിക്കുടുത്ത തെയൊളൊഗിയ ശാസ്ത്രക്കാര പഠിപ്പിക്കുന്നതു പൊലെ തമ്പുരാനിലെയ്ക്കുള്ള ആത്മാവിന്റെ ഒരുഐകമത്യ പകൎച്ചയും അതിനൊടുകൂടെയുള്ള ജ്ഞാന വിവാഹവും അതിനൊടുകൂടെ നാനാവിധമായ ദൈവെഷ്ട പ്രസാദങ്ങളും വരങ്ങളും മാർപൗലൊസുശ്ലീഹാ സാക്ഷിക്കുംവണ്ണം നമ്മുടെ ബുദ്ധിയിലടങ്ങാത്ത ഉള്ളിന്നടുത്തതുംവാക്കിനാൽ പറഞ്ഞറിയിപ്പാൻ വഹിയാത്തതുമായ ദിവ്യ ആശ്വാസങ്ങളും, ഇവമുതലായ ദൈവനിക്ഷെപങ്ങളിൽനിന്ന വിശെഷപുണ്യ സാംഗൊപാംഗത്തെ സമ്പാദിച്ചിരിക്കുന്ന ആത്മാക്കളിൽ പൊഴിയുന്ന ദൈവ നന്മകളും കൊണ്ട നമ്മുടെപുണ്യവാളത്തിയുടെ ആത്മാവ പൂരിക്കപ്പെട്ടു·

എന്നാൽ ൟ വിശെഷമായ ദൈവ നന്മകളെ കയ്ക്കൊള്ളുവാൻ തുടങ്ങിയ കാലങ്ങളിൽ എത്രയുംവലിയ ഭയവും കലഹവും അനുഭവിച്ചിരുന്നു· അതെന്തുകൊണ്ടെന്നാൽ ലൊകത്തിൽ ഉണ്ടായ പാപികളിൽ എററം വലിയ ദൊഷത്താളത്തി താനാകുന്നുവെന്ന പുണ്യവാളത്തി ഉറച്ചിരുന്നതിനെക്കൊണ്ട ഇത്രവലിയ ദൊഷത്താളത്തിക്ക ൟ വിശെഷ നന്മകളെ സര്വ്വെശ്വരൻ ചെയ്യുമൊ

ൻ തിരുമനസ്സായിരിക്കുന്നതെങ്ങനെ? ഇത അസാദ്ധ്യമെ
ന്ന പുണ്യവാളത്തി വിചാരിച്ച, ആ കാലത്തിൽ പിശാ
ച മററനെകം സ്ത്രീകളെ ചതിച്ചിരുന്നതിൻവണ്ണം ത
ന്നെയും ചതിച്ചിരിക്കുന്ന എന്ന വിശ്വസിച്ച എത്രയും ദുഃ
ഖിച്ചിരുന്നു. പലപ്പൊഴും തന്റെ ഹൃദയത്തിൽ ചൊല്ലി
വന്നിരുന്നതായത: "ഈ വിശെഷ നന്മകളെ കയ്ക്കൊ
"ള്ളാത്ത എന്നെക്കാളിലും എററം നല്ലവരായിരിക്കുന്ന
,,ആത്മാവുകൾ എത്ര മാത്രമുണ്ടായിരിക്കുന്നു, അപ്പഴൊ
,,ഇവയൊക്കയും ഇനിക്കു കിട്ടുന്നതെന്തെ? ആരിൽനിന്ന
,,ഇവയൊക്കയും വരും? ഞാൻ ശിക്ഷകൾക്കുമാത്രം പാ
,,ത്രമായിരിക്കുന്നവെന്ന അറിഞ്ഞിരിക്കുന്ന സർവ്വെശ്വരനി
,,ൽനിന്ന വരുന്നതല്ല നിശ്ചയം: അപ്പഴൊ തന്റെ നീ
,,തിയുള്ള കുറിമാനങ്ങളെ കുറിച്ച സർവ്വെശ്വരൻ അനുവ
,,ദിച്ചിട്ട ഞാൻ പിശാചിനാൽ തട്ടിക്കപ്പെട്ടവളാകുന്നു,,

ഈ ദിവ്യ സ്നെഹത്തിന്റെ രഹസ്യങ്ങളെ കുമ്പസാ
രക്കാരൊടുപറഞ്ഞാൽ അവരുവിശ്വസിക്കും, അപ്പൊൾ
അവളെ പുണ്യവാളത്തിയെന്ന വിശ്വസിക്കുമായിരിക്കും
എന്നുവിചാരിച്ച ഭയപ്പെട്ട ചഞ്ചലപ്പെട്ടിരുന്നു, എന്നാൽ
ഭയവും വിഷാദങ്ങളും അധികമായിട്ട വൎദ്ധിച്ചതിനാൽ
അത്രുപികെട്ടത്ത കാൎയ്യങ്ങളിൽ കീൎത്തിപെട്ട മല്പാന്മാരാ
യിരുന്ന പല ശാസ്ത്രികളൊട തന്റെ ധ്യാനത്തിന്റെ
പ്രകാരങ്ങളെയും ദൈവ നന്മകളെയും അറിയിച്ചു, എ
ന്നാറെയും തന്റെ വിഷാദങ്ങൾക്കും ഭയങ്ങൾക്കും ആ
ശ്വാസം വരുന്നതിനുപകരം അധികം വൎദ്ധിക്കയത്രെയുള്ളൂ.
അവരിൽ ചിലര തീൎപ്പായ വിധി ഒന്നുംവിധിക്കാതെ എ
റിയനാളത്തെക്ക കഠിനമായ ശൊധനകളെ കഴിച്ചിരു
ന്നു: മററു ചിലര പല പരീക്ഷകളെ കഴിച്ചാറെയും ത
മ്മിൽ തമ്മിൽ ആലൊചിച്ചാറെയും തന്റെ തൊന്നലി
ന്റെശക്തിയാൽ ചതിക്കപ്പെട്ടവളെന്ന പുണ്യവാളത്തി
യെ വിധിക്കയും ചെയ്തിരുന്നു: മററുചിലര നരകപിശാ

ചിനാൽബാധിക്കപ്പെട്ടവളെന്നും ശുദ്ധ.—പള്ളിയുടെമെന്ത്രിയാന്തൃസ എന്ന, പിശാചിനെ ഒഴിക്കുന്നതിന്നകല്പിക്കപ്പെട്ട കൎമ്മങ്ങളെ പ്രയൊഗിപ്പാൻ ആവശ്യമെന്ന വിധിച്ചിരുന്നു. ഇങ്ങനെ പല സംവത്സരത്തെക്ക മനൊ ദുഃഖ സമുദ്രത്തിൽ മുഴുകിയതുപൊലെ കഷ്ടപ്പെട്ടിരുന്നു. ഇവ ഒക്കയും പൊരാഞ്ഞിട്ട അവളെ പതിവായിട്ട കുമ്പസാരിപ്പിച്ചുവന്ന പട്ടക്കാരനൊട അവളിൽനിന്ന സൂക്ഷിക്കണമെന്നും എകാന്തവും കുബ്ബാനയുടെ കൈക്കൊള്ളപ്പാട്ടും ധ്യാനവും അവളൊട വിലക്കിക്കൊള്ളണമെന്നും ഗുണദൊഷിച്ചതിൻവണ്ണം കുമ്പസാരക്കാരൻ വിലക്കുകയും ചെയ്കയിൽ നമ്മുടെ പുണ്യപതി സകലവും കുറവില്ലാത്ത ചൊല്പവിളിയൊട്ടു കൂടെ കാക്കയും ചെയ്തു. ഠരം മഹാപുണ്യവാളത്തി എത്രയും എളിമയുള്ളവളായിരുന്നതിനാൽ ദൈവതിരുമനസ്സിന്ന കീഴ്പ്പെട്ടു ഴങ്ങികൊണ്ട താൻ അവൾക്ക കല്പിച്ചരുളിയ കുരിശിനെ നല്ലമനസ്സൊട്ടു കൂടെ ചുമന്ന മാനുഷ സ്വഭാവത്തിന്നും ശരീരത്തിന്നു കൂടെയും പരിഛെദം സങ്കടമായിരുന്ന ഠരം ചഞ്ചലവും ദുഃഖവും നല്ല എളിമയൊട്ടും തെളിവൊട്ടും കൂടെ സഹിച്ചിരുന്നു.

ഠരംവണ്ണം വ്യസനപ്പെട്ടിരിക്കുമ്പൊൾ ചെയ്യുന്ന കുറവില്ലാത്ത കീഴ്പ്പെട്ടു ഴക്കത്തിന്ന സമ്മാനമായിട്ട സ്വൎഗ്ഗത്തിൽനിന്ന അവളെ ആശ്വസിപ്പിച്ച ഠരം തിരുവചനങ്ങളെ കെൾക്കയുഞ്ചെയ്തു. അതായത: "മകളെ പെടിക്കെ„ണ്ട ഞാൻതന്നെയാകുന്നു, നിന്നെഞാൻ ഉപെക്ഷിക്കയി„ല്ല, ഭയപ്പെടണ്ട„ നമ്മുടെ പുണ്യമ്മ ഠരം തിരു വചനങ്ങളെ കെട്ടാറെ: ഒരു ചെറിയ കുരിശിനെ കൈയിലെടുത്തുകൊണ്ട നരകപിശാചുക്കളൊക്കയും തന്നൊട്ടുയുദ്ധത്തിന്ന വരുന്നതിന്ന വിളിപ്പാൻ തക്കതിൻവണ്ണമുള്ള ആശ്വാസവും ധൈൎയ്യവും പ്രാപിക്കയും ചെയ്തു. ചിലവെളയിൽ നരക പിശാചുക്കൾ ഭയങ്കരരൂപത്തൊട്ടുകൂടെ

പുണ്യവാളത്തിയുടെ പക്കൽ അണഞ്ഞു കാണപ്പെട്ടാലും പുണ്യവാളത്തി അവരെ കൂട്ടാക്കാതെ നിന്ദിച്ച ഈച്ചകളെപൊലെ ഒടിക്കുമാറായിരുന്നു.

ഇപ്രകാരമുള്ള ധൈര്യവും ആശ്വാസവും പ്രാപിച്ചുവെങ്കിലും പിശാചിന്റെ കണ്ണികളിൽ നിന്ന തന്നെ രക്ഷിപ്പാൻ മാർ പത്രൊസും പൌലൊസും എന്ന ശ്ലീഹന്മാരുടെ മദ്ധ്യസ്ഥം വഴിയായിട്ട സർവ്വെശ്വരനൊട മുട്ടിപ്പായിട്ട അപെക്ഷിച്ചിരുന്നു. മെൽചൊല്ലിയ രണ്ടു ശ്ലീഹന്മാരുടെ പെരുനാൾ ദിവസങ്ങളിൽ പല വിശെഷ നന്മകൾ പുണ്യവാളത്തിക്കു ലഭിച്ചതെന്നിയെ ഒരു ദിവസം ആ രണ്ടു ശ്ലീഹന്മാര അവൾക്കുകാണപ്പെട്ട പിശാചിന്റെ തട്ടിപ്പുകൾ ഒക്കെയിൽനിന്നും അവളെ കാത്തുരക്ഷിക്കുമെന്ന വാക്കുകൊടുത്തു ഉറപ്പു വരുത്തിവെക്കയുംചെയ്തു. ഈ പറഞ്ഞൊപ്പിന്ന തക്കതിൻ വണ്ണം നമ്മുടെപുണ്യവാളത്തി ഒരിക്കലും പിശാചിന്റെ ചതിവിൽ അകപ്പെടാതെ ജീവിതം കഴിക്കയും ചെയ്തു. തന്റെ ദിവ്യമണവാളൻ ഈശൊമിശിഹാ പലവിധമായ കാഴ്ചകളായിട്ട തനിക്കു കാണപ്പെട്ടപ്പൊൾ കുരിശിന്റെ അടയാളം വരെക്കണമെന്നും കർത്താവിന്റെ നെരെതിരിഞ്ഞ പലനിന്ദ അടയാളങ്ങളാൽ കർത്താവിനെ ധിക്കരിക്കണമെന്നും കുമ്പസാരക്കാര പുണ്യവാളത്തിയൊട കല്പിച്ചിരുന്നു: എന്നാൽ പ്രിയംനിറഞ്ഞ കർത്താവ തന്റെ ഈമണവാട്ടിയുടെ കീഴ്പ്പെഴക്കം തനിക്കു ഏററവും ഇഷ്ടമുള്ളതെന്ന സ്നേഹമെറുന്നവചനങ്ങളാൽ പുണ്യവാളത്തിയൊടുപറഞ്ഞു ഉറപ്പുവരുത്തി വന്നിരുന്നു, എന്നു തന്നെയുമല്ല പിന്നെയൊ ഒരുവെളയിൽ നമ്മുടെ പുണ്യവാളത്തി പിശാചിനൊട എതൃക്കുന്നതിന്ന കൈയിൽ പിടിച്ചുവന്നിരുന്ന മരകുരിശിനെ ഈശൊമിശിഹാ പുണ്യവാളത്തിയുടെ കയ്യിൽനിന്ന പറിച്ചെടുത്തു, തന്റെ പങ്കപ്പാട്ടിൽ താൻ മാ അക്ഷ സ്നെഹത്തെപ്രതി എററ അഞ്ചു തിരുമുറിവുകൾ വ

തിഞ്ഞിരുന്ന നാല പരമാഭരണങ്ങളാൽ ആ കുരിശിനെ അലങ്കരിപ്പിച്ചിട്ട തിരിയെ പുണ്ണ്യവാളത്തിക്ക കൊടുക്കുയും ചെയ്തു· ഠരം കുരിശു വഴിയായിട്ട പിന്നത്തെ കാലങ്ങളിൽ വളരെ പ്രത്ത്യക്ഷങ്ങൾ സംഭവിക്കയും ചെയ്തു·

അപ്പഴൊ നമ്മുടെ പുണ്ണ്യവാളത്തി പരിക്ഷകളുടെയും മനൊവിഷാദങ്ങളുടെയും ഒരു സമുദ്രത്തിൽ മുഴുകിയതിൻവണ്ണം ഏകദെശം ഇരുപത സംവത്സരം വരെ കഴിച്ചു, അതിന്റെ ശെഷമെ മാത്രം തന്നിൽ പ്രവൃത്തിക്കുന്ന അരൂപി ദൈവത്തിന്റെ അരൂപി യാകുന്നുവെന്നും പിശാചിന്റെ തട്ടിപ്പ ലവലെശമെങ്കിലും ഇല്ലയെന്നും തനിക്ക ഉറപ്പ വരുവാൻ തക്ക വിധിയുണ്ടാകയും ചെയ്തു· ഇപ്രകാരമുള്ള ഉറെപ്പുവരുത്തി കൊടുത്തത മാർ ദൊമ്മനിക്കൊസു പുണ്ണ്യവാളന്റെ ചില സഭക്കാര ഒഴികെ ഠരംശൊസഭക്കാരിൽ പലരും മാർ പ്രൻസീസ്സ്കൊസു ബൊർജ്ജിയ എന്ന പുണ്ണ്യവാളനും മാർ പത്രൊസു ദൽക്കാന്തര എന്ന പുണ്ണ്യവാളനും അന്ന മഹാ കീൎത്തിപെട്ടവനായിരുന്ന ആവില എന്ന ദെഹവും, പുണ്ണ്യസുഖത്തിലും ജ്ഞാനപഠിനത്തിലും കീൎത്തിപെട്ട മററനെകം മല്പാന്മാരാകുന്നു· അവരൊക്കയും നമ്മുടെ പുണ്ണ്യവാളത്തിയുടെ മനസ്സാക്ഷിയുടെമെലും ശുദ്ധതമെലും അരൂപിക്ക കിട്ടിയ അതിശയമായ വരങ്ങളുമെലും സർവ്വെശ്വരൻ അവൾക്ക നൽകിയിരുന്ന മഹാ പ്രത്ത്യക്ഷമായ ദൈവെഷ്ടപ്രസാദങ്ങളുടെമെലും അതിശയിച്ച ആരംഭിച്ച പുണ്ണ്യ സാംശൊപാംശമാൎഗ്ഗത്തിൽ തന്നെ മുന്നൊട്ടു നടപ്പാൻ നമ്മുടെ പുണ്ണ്യവാളത്തിയെ ധൈൎയ്യപ്പെടുത്തുകയും ദിവ്യ രക്ഷിതാവിന്റെ പങ്കപ്പാട്ടിന്മെൽ ധ്യാനം ആരംഭിപ്പാനും അതിനെ ഠരംവണ്ണം ആരംഭിച്ചതിന്റെ ശെഷം സർവ്വെശ്വരൻ തന്റെ തിരുമനസ്സുപൊലെ അവളെ നടത്തുന്നതിന്ന അനുസരിപ്പാനും ആ മല്പാന്മാര ഗുണദൊഷിക്കയും ചെയ്തു· നമ്മുടെ പുണ്ണ്യവാളത്തി ഠരം ശാസ്ത്രവും പുണ്ണ്യസുഖവും ഏറ്റ

ന്ന മല്പാന്മാര ചൊല്ലികൊടുത്ത ഗുണദൊഷങ്ങളാൽ തൃപ്തിയായി അവരുടെ ഗുണദൊഷങ്ങളെ കുറവില്ലാത്ത കീഴ്പ്പെഴക്കത്തൊട്ടു കൂടെ കാത്തു വരികയും ചെയ്തു. ഇതിനാൽ എറ്റം ഉയരപ്പെട്ട എവൻഗെലിക്കടുത്ത പുണ്യ സാംഗൊപാംഗ മാൎഗ്ഗത്തിൽ അതിശയിപ്പാൻ തക്കവണ്ണം ശീഘ്രമായിട്ടു മുന്നൊട്ടു നടക്കയും ചെയ്തു.

---

## ൮ാം അദ്ധ്യായം.

### ത്രെസ്യാ ദൈവ സ്നെഹാഗ്നിയാൽ അത്ഭുതമാംവണ്ണം എരിഞ്ഞിരിക്കയിൽ ഒരു സെറാഫ മാലാഖാ ഒരുകുന്തത്താൽ അവളുടെ ശങ്കിനെ കുത്തുകയും ചെയ്യുന്നു.

---

തിരുസ്സഭയിലുണ്ടായ പരാക്രമപുണ്യവാളന്മാരുടെ കൂട്ടത്തിൽ നമ്മുടെപുണ്യവാളത്തിയെ ഒരുവിശെഷിക്കപ്പെട്ട നന്മയാൽ വിശെഷതപ്പെടുത്തുവാൻ സൎവ്വെശ്വരൻ തിരുമനസ്സായി: അതെന്തെന്നാൽ തന്റെ തിരുമുമ്പാകെ ദിവ്യസ്നെഹാഗ്നിയാൽ ജ്വലിക്കുന്ന സെറാഫ മാലാഖാമാരിൽ ഒരുത്തനെ തന്റെ ഈ മണവാട്ടിയുടെ പക്കൽ യാത്രയാക്കി ഇവരുടെശങ്കിൽ കാണപ്പെടത്തക്കതായിട്ടു പ്രത്യക്ഷമായ ഒരു കുത്ത കുത്തിക്കയും ചെയ്തു: ഈ മുറിവിനെ മാംസകണ്ണുകൊണ്ടുമാത്രം നൊക്കിയാൽ സാമാന്യമല്ലാത്ത ക്രൂരത തൊന്നുകയും ചെയ്യും: എന്നാൽ ജ്ഞാന കണ്ണാൽ അതിനെ നൊക്കി അതിന്റെ ജ്ഞാന അൎത്ഥം ഗ്രഹിക്കുന്നുവെങ്കിൽ എറ്റം ആഴപ്പെട്ടതായിരിക്കുന്ന രഹസ്യങ്ങളാൽ നിറഞ്ഞതായിരിക്കുന്നുവെന്ന ബൊധിക്കയും ചെയ്യും. നമ്മുടെ ദിവ്യ രക്ഷനാഥൻ തന്റെ

തിരുവിലാവ തുറക്കപ്പെട്ടുവാൻ തിരുമനസ്സായതിനാൽ നമ്മുടെമെൽ തനിക്കുണ്ടായിരിക്കുന്ന അളവില്ലാത്ത സ്നെഹത്തെ കാട്ടുന്നവെങ്കിൽ മാലാക്കാസ്സുട്ടത്ത കൈയാൽ മുറിവെൽക്കപ്പെട്ട ത്രെസ്സ്യ ശരീരത്തിന്നടുത്ത അടയാളത്താൽ കൂടെയും ആ ഹൃദയത്തിൽ കത്തിയെരിഞ്ഞിരുന്ന അത്ഭുതമായ ദൈവസ്നെഹത്തെ കാണിക്കയുംചെയ്യുന്നു. ഈ മനൊഗുണത്തിന്റെ ശെഷം നമ്മുടെ പുണ്യവാളത്തിയുടെ നിരൂപണങ്ങളും പക്ഷമൊക്കയും ആഗ്രഹങ്ങളെല്ലാവും അറുതിയില്ലാത്ത സ്നെഹത്തിന്ന യൊഗ്യനായിരിക്കുന്ന സർവ്വെശ്വരന്റെമെലുള്ള സ്നെഹത്തിന്നടുത്തതായിരുന്നു. ഈ മഹാ പുണ്യവാളത്തി എഴുതി സാക്ഷിച്ചിരിക്കുന്നതുപൊലെ ദൈവ സ്നെഹാഗ്നിയാൽ മുറിവെൽക്കപ്പെട്ട ആത്മാവുകളൊട്ടു കൂടെയല്ലാതെ മാനുഷമക്കളൊട്ടു സംസാരിപ്പാനും പെരുമാറുവാനും മഹാ പ്രയാസമായിരുന്നു: ചിലവെളയിൽ സ്നെഹത്തിന്റെ ശക്തിയായിട്ടുള്ള ഇളക്കങ്ങൾ മുഖാന്തരമായിട്ട യാതൊരുകാൎയ്യംകൊണ്ടും തൃപ്തിവരായ്കകൊണ്ടും ആത്മാവു ശരീരത്തിൽനിന്ന വെർതിരിയുന്നപ്രകാരംപൊലെ തൊന്നിയിരുന്നതിനെകൊണ്ടും എന്തുചെയ്യെണ്ടു എന്ന പുണ്യവാളത്തി അറിഞ്ഞിരുന്നില്ല. അപ്പൊഴൊ നമ്മുടെപുണ്യമ്മ സർവ്വെശ്വരന്റെനെരെ എത്രയും എരിവുള്ള ഉപവിയാൽ ആത്മാവിൽ എറെറം ആഴമായിട്ട കുത്തപ്പെട്ടതിന്റെ ശെഷം സർവ്വെശ്വരൻ തന്റെ ഈ പ്രിയപ്പെട്ട മണവാട്ടിക്ക മെൽ ചൊല്ലിയ എത്രയും വിശെഷമായ നന്മ ചെയ്കയും ചെയ്തു. അതെന്തെന്ത്രെസ്യാപുണ്യവാളത്തിയുടെജ്ഞാനമക്കളിൽ കടിഞ്ഞൂൽപുത്രനായിരിക്കുന്ന യൊഹന്നാൻ ആക്രൂസെന്ന മഹാപുണ്യവാളന്റെ സ്നെഹത്തിന്റെ ഉയിരുള്ള ജ്വാല,, എന്ന പെരായിട്ട എഴുതിയ പുസ്തകത്തിൽ ബൊധജ്ഞാനമായിട്ട എഴുതിസാക്ഷിച്ചിരിക്കുന്നതിൻവണ്ണം "സർവ്വെ
,,ശ്വരൻ തമ്പുരാൻ മുമ്പ ആത്മാവിന്ന പ്രത്യെകമായി

,,ട്ടുള്ള പ്രകാരത്തിൽ ഒരു വിശെഷ നന്മ ചെയ്യാതെയും
,,ഒരു വിശെഷിക്കപ്പെട്ട വരം കൊടുക്കാതെയും ശരീര
,,ത്തിന്ന കൊടുക്കയും ചെയ്കയും ചെയ്കയില്ലയെന്ന,, എ
ന്നാൽ മെൽ ചൊല്ലിയ വിശെഷ മനൊഗ്രഹം നമ്മുടെ
പുണ്യവാളത്തി ചൊല്ലുവിളിയെ കുറിച്ച എഴുതിയ ത
ന്റെ ചരിത്രത്തിൽ ൨൯ാം അദ്ധ്യായത്തിൽ ഈ വണ്ണം
വിവരിച്ചിരിക്കുന്നു: "എന്റെ അരികിൽ മാനുഷരൂപമാ
,,യിട്ട ഒരു മാലാക്കായെ ഞാൻ കണ്ടിരുന്നു ആ മാലാക്കാ
,,വലിയ ആളിന്റെ ഭാഷയായിട്ടല്ല പിന്നെയൊ ഒരു
,,കൊച്ചു പൈതലിന്റെ ഭാഷയായിട്ടായിരിക്കുന്നു ഇനി
,,ക്ക കാണപ്പെട്ടത വളരെ സൌന്ദൎയ്യമുള്ളതും മുഖം അ
,,ഗ്നിയാൽ എരിയുന്ന വണ്ണമുള്ളതു മായിരുന്നു, സെറാഫ
,,മാലാക്കാമാരിൽ ഒരുത്തനെന്ന ഇനിക്ക തൊന്നിയിരുന്നു
,,ഈ മാലാക്കാ അതിന്റെ മുനയിൽ കുറെ തീയുള്ള ഒ
,,രു അസ്ത്രം കൈയിൽ പിടിച്ചിരുന്നു ആയതുകൊണ്ട ചി
,,ലപ്പൊൾ എന്റെ ശങ്കിനെ കുത്തി അതിന്റെ ഉള്ളിൽ ക
,,ടന്ന അടിയൊളം എത്തുന്നതു പൊലെയും ശങ്കിന്റെ
,,സാരമായ അംശങ്ങളിൽ കുറെച്ചെ പുറത്ത എടുത്തുകൊ
,,ണ്ടുപൊകുന്ന പ്രകാരം ഇനിക്ക തൊന്നിയിരുന്നു: അതി
,,നാൽ സൎവ്വെശ്വര ന്റെമെലുള്ള വലിയ സ്നെഹാഗ്നി
,,യാൽ ഞാൻ കത്തി യെരിഞ്ഞിരുന്നു എന്നാൽ അതിനാ
,,ൽ ഞാൻ അനുഭവിച്ചിരുന്ന നൊമ്പരം ചില വ്യാകുല
,,നിലവിളികൾ പുറപ്പെടുത്തുവാൻ തക്കവണ്ണം മൂൎച്ചയുള്ള
,,തായിരുന്നു എന്നാൽ ഈ എത്രയും വലിയ നൊമ്പരത്താ
,,ൽ ഞാൻ അനുഭവിച്ചിരുന്ന മാധുൎയ്യം ആത്മാവ സൎവ്വെ
,,ശ്വരനെ അനുഭവിച്ചല്ലാതെ തൃപ്തിയാകയില്ല എന്നതിന്ന
,,തക്കതിൻവണ്ണമായിരുന്നു, ആ നൊമ്പരം ശരീരത്തിന്ന
,,ടുത്തതല്ല പിന്നെയൊ അരൂപിക്കടുത്ത താകുന്നുവെങ്കി
,,ലും ശരീരംകൂടെയും അതിന്റെ ഒരു വലിയപങ്ക അ
,,നുഭവിക്കയും ചെയ്യുന്നു അത തമ്പുരാനും ആത്മാവും ത

,,മ്മിലുള്ള സ്നെഹത്തിന്നടുത്ത തഴുകലത്രെ ആകുന്നതു:
,,ഞാൻ പട്ടാങ്ങ പറയുന്നില്ലയെന്ന വിചാരിക്കുന്നവരെ
,,അനുഭവിപ്പിപ്പാൻ സവെശ്വരനൊട ഞാൻ പ്രാൎത്ഥിക്കു
,,ന്നു. ഇത ഞാൻ അനുഭവിച്ചിരുന്ന നെരത്ത യാതൊരുത്ത
,,നെ കാണാതെയും യാതൊരുത്തനൊട്ടു സംസാരിക്കാ
,,തെയും ഇരിപ്പാനും ലൊകത്തിലുണ്ടായിരിക്കുന്ന സക
,,ലമാന സന്തൊഷങ്ങളെക്കാൾ എററംവലിയസന്തൊ
,,ഷവും ആനന്ദവും ഇനിക്കായിരുന്ന ആ മധുരിക്കപ്പെ
,,ട്ട വ്യാകുലത്തെ പിടിച്ചു തഴുകി കൊണ്ടിരിപ്പാനും മാ
,,ത്രംഞാനാഗ്രഹിച്ചിരുന്നു,,

ൟ സംഗതിയുടെ പട്ടാങ്ങ ൟശൊ മിശിഹായുടെ പ്രിയമുള്ള ൟ മണവാട്ടിയുടെ സാക്ഷികൊണ്ടു സ്ഥിരമായിരിക്കുന്നതു കൂടാതെ ഇന്നൊളവും അഴിയാതെ യിരിക്കുന്ന പുണ്യവാളത്തിയുടെ ശങ്ക ഭെദംവരാത്ത സാക്ഷിയായിരിക്കയും ചെയ്യുന്നു. ൟ അത്ഭുതമായ ശങ്ക ഹിസ്പാന്യ രാജ്യത്തിലെ പട്ടണമാകുന്ന ആൽവെദ തൊൎമ്മസ് എന്ന നഗരിയിൽ ഉണ്ടായിരിക്കുന്ന ദിസ്കാൾസ കൎമ്മലീത്ത എന്ന കന്യാസ്ത്രീകളുടെ ആശ്രമത്തിൽ കാക്കപ്പെടുന്നു: പലപ്പൊഴും ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിലെ കല്പനയാൽ നീതിമുറപ്രകാരം വൈദ്യന്മാരും ശസ്ത്രവൈദ്യന്മാരും നിന്നുകൊണ്ടു പരിശൊധന ചെയ്യപ്പെട്ടു, പ്രത്യെകം പതിനാലാമത്തെ ബെൻദിക്തൊസു എന്ന ശുദ്ധ.- മാർപ്പാപ്പ തെ ഒ ദൊസ്യാ മെത്രാപ്പൊലീത്തായും വിശ്വാസ വൎദ്ധിപ്പിൻെറ വിചാരിപ്പുകാരനുമായിരുന്ന കാലത്തിൽ ശൊധനചെയ്യപ്പെട്ടപ്പൊൾ മുമ്പശൊധനചെയ്യപ്പെട്ടപ്പൊഴൊക്കയും കണ്ടിരുന്ന അത്ഭുതങ്ങളെ എല്ലാം കാണുകയുണ്ടായി. പ്രത്യെകം അതിൻെറ അതിശയമായ അഴിവില്ലായ്കയും രണ്ടുപുറത്തും കാണപ്പെട്ടുവാൻ തക്കവിധത്തിലുള്ള മുറിവും മുറിവിൻെറ വക്ക തീയാൽചുട്ടുപ്രകാരവും എല്ലാവരും കാണുകയും ചെയ്തു.

ഈ മനൊഗുണം ഒരുപ്രാവശ്യമല്ല നമ്മുടെ പുണ്യവാളത്തിക്കകിട്ടിയത പിന്നെയൊ പുണ്യവാളത്തിതന്നെ സാക്ഷിച്ചിരിക്കുന്നതിൻ വണ്ണം പലപ്പൊഴും കിട്ടുകയും ചെയ്തു. എന്നാൽ മുമ്പിലത്തെ ഉ൩ഴം ഫഭമൻ കാലത്തിൽ അതായത ഭാഗ്യപ്പെട്ട തന്റെ മരണത്തിന്ന ൨൩ സംവത്സരം മുമ്പിൽ സംഭവിച്ചതാകുന്നുവെങ്കിലും മരിച്ചില്ല പിന്നെയൊ, മാർ പീലിപ്പൊസു നെരിയെന്ന പുണ്യവാളൻ നെഞ്ചിലെ രണ്ടു വാരിയെല്ലു പൊങ്ങി ഒടിഞ്ഞിട്ടു അത്ഭുതമായിട്ട ജീവിച്ചതുപൊലെ, നമ്മുടെ മഹാപുണ്യവാളത്തി പ്രത്യക്ഷത്താൽ ൨൩ സംവത്സരംവരെ ജീവിക്കയും ചെയ്തു. ത്രെസ്യായുടെ ഈ മുറിവ പുണ്യവാളത്തിക്കു ജീവിതകാലത്തിൽ സൎവ്വെശ്വരന്റെ മെലുണ്ടായിരുന്ന അത്ഭുതമായ സ്നെഹത്തിന്റെ അടയാളമായിരുന്നുവെങ്കിലും ഒരിക്കലും കെട്ടിട്ടില്ലാത്ത പ്രത്യക്ഷത്താൽ മരണത്തിന്റെ ശെഷവും അതിനെ കാട്ടുകയും ചെയ്യുന്നു: അതെങ്ങിനെയെന്നാൽ ഈ അത്ഭുതമായ ശങ്ക ആകാശത്തിന്നടുത്ത ഒരുപരിമളം വീശുന്നതും സ്വന്തമായിട്ടുള്ള ഭാഷമാറി പല ഭാഷകളായിട്ടു കാണപ്പെടുന്നതും, അതിൽ പല പരമകാഴ്ചകൾ കാണപ്പെടുന്നതും കൂടാതെ സ്നെഹത്തിന്നടുത്ത ജ്വാലകളെ ഇന്നാൾവരെയും വീശുന്നത വിസ്മയിപ്പാൻ തക്കതും ഇടവിടാതുള്ളതുമായ ഒരു പ്രത്യക്ഷംതന്നെയായിരിക്കുന്നു: ഭക്തിയുള്ളവിശ്വാസികൾ അതിനെ കാണ്മാൻ തക്കതിൻ വണ്ണം അതിനെ ഒരു അരുളിക്കയിൽ വെച്ച അരുളിക്ക വിശെഷമായ പളുങ്കുമണിയുടെ താഴെ വെക്കയും ചെയ്യാറെ പലതിനെയും പൊട്ടിച്ചു. ഈ അതിശയം കണ്ടിട്ട മെലററത്തിൽ ഉറന്നതായിട്ട ഒരുപളുങ്കുമണി വാങ്ങിച്ച അതിന്റെ താഴെ വെച്ചപ്പൊൾ ദിവ്യസ്നെഹാഗ്നിയാൽ നിറഞ്ഞ ആ ശങ്കിന്ന അതിന്റെ ജ്വാലകളെ വീശുന്നതിന്ന ഇടം കിട്ടിയതിനാൽ അതിന്റെ ശെഷം പളുങ്കുമണിയെ പൊട്ടിച്ചി

ില്ല. എന്നാൽ നമ്മുടെ പുണ്ണ്യവാളത്തിയുടെ ഈ അത്ഭുതം അനുഭവസിദ്ധിയാൽ എററം സ്ഥിരപ്പെടുകയുഞ്ചെയ്തു, അതെന്നെ ആ പളുങ്കമണിയുടെ മുകളിൽ റൂഹാദക്കുദശായെ കാട്ടുന്ന വെള്ളികൊണ്ടുള്ള ഒരു ചെറിയ മാടപ്രാവിന്റെ രൂപം വെച്ചാറെ ആ ശങ്കിൽനിന്ന ഇടവിടാതെ പുറപ്പെടുന്ന നന്നാ നെരിയതായിരിക്കുന്ന ആവിയാൽ ആ മാടപ്രാവിന്റെ കീഴഭാഗം മാത്രം കറുത്തതായി കാണപ്പെടുകയും ചെയ്തിരിക്കുന്നു.

ഈ മഹാ പുണ്ണ്യവാളത്തിയുടെ ശങ്കിൽ സംഭവിച്ചിരിക്കുന്ന ഇത്രവിശെഷങ്ങളെ പ്രത്യക്ഷമായ പ്രത്യെകമുള്ളപെരുന്നാൾകൊണ്ട കൊണ്ടാടപ്പെടുവാൻ ന്യായമായിരുന്നു: ഈ ന്യായത്തിന്ന തക്കതിൻവണ്ണം പള്ളിക്കടുത്ത കർമ്മങ്ങളുടെ കാര്യങ്ങളെയും പുണ്ണ്യവാളന്മാരെ പെരുവിളിക്കുന്ന സംഗതികളെയും വിചാരിക്കുന്ന സഭ, ൧൭൨൬ാം ആണ്ടിൽ ത്രെസ്യപുണ്ണ്യവാളത്തിയുടെ ശങ്കകുത്ത എന്നപെരായിട്ട ചിങ്ങമാസം ൧൬ന്നു കർമ്മലീത്ത സഭയൊക്കയിലും ഹിസ്പാന്യ രാജ്യങ്ങളൊക്കയിലും എബ്രദൊരിന്നടുത്ത പട്ടണമാകുന്ന വിയെന്ന പട്ടണത്തിലും മററ ഇടങ്ങളിലും ൨ാം തരം പെരുന്നാളായിട്ട കൊണ്ടാടുന്നതിന്ന അനുവദിച്ച അതിനടുത്ത കാനൊനാ നമസ്കാരവും കുർബാനയും കല്പിച്ചതെന്ന്യെ അന്നവാണിരുന്ന ൧൩ാമത്ത ബെൻദീക്തൊസെന്ന ശുദ്ധം- മാർപാപ്പ ആ ദിവസത്തിൽ കർമ്മലീത്ത സഭയുടെ പള്ളികളിൽ ചെന്നുകൂടുന്നവർക്ക മുഴുവൻ ദൊഷപൊറുതി കല്പിക്കയും ചെയ്തു.

## ഒൻപതാം അദ്ധ്യായം.

### ത്രെസ്യ പുണ്യത്തിൽ വൎദ്ധിച്ച ഏററം സാംഗൊപാംഗമുള്ളതിനെ പ്രവൃത്തിക്കുന്നുണ്ടെന്ന പറഞ്ഞൊപ്പു ചെയ്യുന്നു, കൎമ്മലീത്താസഭയെ പുത്തനാക്കുവാൻ നിശ്ചയിക്കയും ചെയ്യുന്നു.

---

നമ്മുടെ പുണ്യവാളത്തി എവൻഗെലിക്കടുത്ത പുണ്യസാംഗൊപാംഗത്തിൻെറ വിഷമമുള്ള വഴിയിൽ എത്ര ശീഘ്രമായിട്ടു നടന്നിരുന്നു വെന്നും തൻെറ ദിവ്യ മണവാളനെ പ്രസാദിപ്പിക്കുന്നതിന്ന എത്ര പരാക്രമ ലാക്കുകളെ നൊക്കിയിരുന്നുവെന്നും, ൧൫൬൦ാം ആണ്ടിൽ ആയുസ്സിൻെറ ൪൫ാം കാലത്തിൽ ചെയ്ത എത്രയും വിഷമമുള്ള പറഞ്ഞൊപ്പു തെളിവായിട്ടു കാണിക്കയും ചെയ്യുന്നു.

ആ കാലത്തിൽ നമ്മുടെ പുണ്യപതി ദൈവസ്നെഹാഗ്നിയാൽ അത്ഭുതമാംവണ്ണം കത്തിയെരിഞ്ഞിരുന്നതിനാലയും സൎവ്വെശ്വരൻ ഇടവിടാതെ എന്നപൊലെ നൂതനമായിട്ടുള്ളതും അതിശയമായിരിപ്പാൻ തക്കതുമായ തൻെറ നന്മകളെ ധാരാളമായിട്ടു പുണ്യവാളത്തിയുടെ ആത്മാവിൽ പൊഴിയിച്ചു വന്നതിനാലയും പുണ്യവാളത്തി വല്ലപരാക്രമ പുണ്യപ്രവൃത്തി ചെയ്തുകൊണ്ടു സൎവ്വെശ്വരന്ന നന്ദികാട്ടുന്നതിന്ന ഹൃദയത്തിൽ എരിഞ്ഞിരുന്ന തൻെറ ആഗ്രഹങ്ങളെ നിറവെററുവാനുള്ള വഴിയെ തെടിയിരുന്നു: താൻ ചെയ്തിരുന്ന തപസ്സുകളും സഹിച്ചിരുന്ന പലവിധമായ രൊഗങ്ങളും തൻെറ സ്നെഹിക്കപ്പെട്ട തമ്പുരാനെപ്രതി പാടുപെടുന്നതിന്ന തനിക്കുണ്ടായിരുന്ന ദാഹത്തെ തീൎപ്പാൻ മതിയാകുന്ന ഉറവുകൾ അല്ല: എന്ന നമ്മുടെ മഹാപുണ്യപതിക്ക തൊന്നിയിരുന്നു: എന്നതി

ന്നെക്കൊണ്ട തന്റെ കണ്ടെത്തിപ്പാലെ അല്ലെങ്കിൽ, എററം സൂക്ഷമായി പറയണമെങ്കിൽ, സവ്വെശ്വരന്റെ തൊന്നിപ്പാലെ തനെളുസ്വാതന്ത്ര്യമുള്ള മനസ്സിനെ കീഴടക്കുന്നതിന്ന എററംവലിയ പുണ്യസാംഗൊപാംഗമായിരിക്കുന്നതിനെ എല്ലാപ്പൊഴും പ്രവൃത്തിക്കുന്നുണ്ടെന്നുള്ള പറഞ്ഞൊപ്പുചെയ്യു: ഒരം പറഞ്ഞൊപ്പ മൂന്നനാല വചനം കൊണ്ട നാം പറയുന്നു: എന്നാൽ അതിന്റെ വിഴമവും വിസ്താരവും അതിന്റെവിശെഷവും നന്നായിപരിശൊധനചെയ്യാൽ അതിൽ പലതരമായിട്ടുള്ളതും പ്രത്യെകമുള്ളതുമായ കടങ്ങൾ അടങ്ങിയിരിക്കുന്നുവെന്ന ബൊധിക്കയും ആം. ശെഷംപറഞ്ഞൊപ്പുകളിൽ വല്ല വിശെഷ പുണ്യത്തിന്റെ എററംസാരമായ വല്ലക്രൂട്ടം അടങ്ങിയിരിക്കുന്നു എന്നാൽ നമ്മുടെ പുണ്യമ്മയുടെ പറഞ്ഞൊപ്പിൽ പുണ്യവാളത്തിയുടെ അന്തസ്ഥിന്ന എററം നല്ലതും എല്ലാവകപുണ്യങ്ങളുടെ എററംനല്ലതുമായിരിക്കുന്ന എന്നത അടങ്ങിയിരിക്കുന്നു.

ഒരം പറഞ്ഞൊപ്പുചെയ്യുന്നതിന്ന നമ്മുടെപുണ്യവാളത്തിക്ക എത്രയൊ അതിശയമായ മനൊധൈര്യം വെണ്ടിയിരുന്നു: എന്നാൽ മഹാവിവെകിയായിരുന്നതിനാൽ ചാവുദൊഷത്തിൻകീഴ കടപ്പെടുത്തുന്ന നെച്ചയാൽ തന്നെത്താൻ കെട്ടുന്നതിന്നമുമ്പിൽ ദൊഷത്തിൻകീഴ കടപ്പെടുത്താത്ത ഒരുപ്രതിജ്ഞമാത്രംചെയ്തു പരീക്ഷിച്ചു ആ പരീക്ഷയാൽ ദൈവസഹായംകൊണ്ട അതിനെകാപ്പാൻ വശമാകുമെന്ന കണ്ടിട്ട ചെയ്യുകയും ചെയ്തു: എന്നാൽ പുണ്യവാളത്തിയുടെ കുമ്പസാരക്കാര സാക്ഷിച്ചിരിക്കുന്നതുപൊലെയും പുണ്യവാളത്തിയെന്നപെരു അവളെവിളിപ്പാൻ തിരുസ്സഭയിൽ ചെയ്യപ്പെട്ട നിതിമുറസ്സുള്ള വിസ്താരങ്ങളിൽ വായിക്കപ്പെടുന്നതുപൊലെയും ൨൨ സംവത്സരം അതായത മരണംവരെ അതിനെകുറവില്ലാത്തവണ്ണം കാപ്പാൻതക്ക എരിവൊട്ടുക്രൂടെ ചെയ്യുകയും ചെ

ശ്ശു: ഇതിൽ പ്രത്യെകം അതിശയ മായിരിക്കുന്ന തെന്തെ
ന്നാൽ നമ്മുടെ പുണ്യവാളത്തിക്ക മുമ്പിൽ മററ യാതൊ
രു പുണ്യ ആത്മാവു ൟപറഞ്ഞൊപ്പ ചെയ്തപ്രകാരം യാ
തൊരു ചരിത്രത്തിലും വായിക്കപ്പെടുന്നില്ല: എന്നതിനെ
കൊണ്ടു ശ്രെഷ്ട്യ തന്റെശൊഭയുള്ള ദൃഷ്ടാന്തത്താൽ മററ
പുണ്യാത്മാക്കൾതന്നെ കണ്ടുപഠിപ്പാൻ സംഗതി വരുത്തി
എന്നുള്ളസ്തുതിതനിക്ക ലഭിക്കയുംചെയ്തു: ൟപറഞ്ഞൊപ്പ
മുഖാന്തരമായിട്ട നൂതനമായിട്ടുള്ളതും എററംവിശെഷ
മായിട്ടുള്ളതുമായ പുണ്യ സാംഗൊപാംഗത്തിന്റെ ആഗ്ര
ഹം അധികമായിട്ട പുണ്യവാളത്തിയുടെ ഹൃദയത്തിൽ
എരിഞ്ഞിരുന്നതിനാൽ തന്റെ പ്രിയം നിറഞ്ഞ തമ്പുരാ
ന്ന എററം നന്ദിയുള്ളവളായി തന്നെകാണിപ്പാൻ ആയി
രംകണ്ടെത്തിപ്പുകളെ മനസ്സിൽ ഒത്തിരുന്നു. ൟചരിത്ര
സംഗ്രഹത്തിന്റെ നാലാം, അദ്ധ്യായത്തിൽ കാണിച്ചിരി
ക്കുന്നതിൻവണ്ണം നമ്മുടെ പുണ്യവാളത്തി മൊക്ഷഭാഗ്യ
ത്തിന്റെയും, നരകവെദനകളുടെകഠൊരത്തിന്റെയും
മററദിവ്യരഹസ്യങ്ങളുടെയും, കണ്ടുകാഴ്ച, ൟകാലത്തി
ൽ തന്റെമനസ്സിൽ വീണ്ടു ശക്തിപ്പെട്ട പ്രകാരത്തിൽ
തൊന്നപ്പെടുകയുംചെയ്തു.

നരകവാസികളുടെ വെദനകളെ കൂടക്കൂടെ ഒത്തി
രുന്നു: പ്രത്യെകം തന്റെ ചെറുപ്പത്തിൽ ആ യൊഗ്യ മാ
യിട്ടുള്ള അവകാശങ്ങളെയും സ്നെഹിപ്പാൻ തുടങ്ങിയിരു
ന്ന മായങ്ങളെയും ഉപെക്ഷിച്ചില്ലയെങ്കിൽ അതിന്നപാ
ത്രമായിപ്പൊയെനെ എന്ന സൎവ്വെശ്വരൻ കാണിച്ചുകൊ
ടുത്ത നരകവെദനകളുമ്മെൽ ധ്യാനിച്ചിരുന്നു: സൎവ്വെശ്വ
രൻ തനിക്കചെയ്ത ൟ എററിക്കപ്പെട്ട മനൊഗുണത്തിന്ന
വെണ്ടിയനന്ദികാട്ടിയില്ലായെന്നുംതന്റെചെറുപ്പത്തിലെ
കുററങ്ങൾക്ക വെണ്ടിയ പ്രായശ്ചിത്തം എടുത്തില്ലാഎന്നാ
തൊന്നി വനവാസങ്ങളിൽചെന്ന വിശെഷതപസ്സ ചെ
യ്തുകൊണ്ടു ആ കുററങ്ങളൊക്കയും മാച്ചുകളയുന്നതിന്നു

ഹാ യെറിവായിട്ടുള്ള ആഗ്രഹങ്ങൾ ഹൃദയത്തിൽ കത്തി
യിരുന്നു.

എന്നാൽ സൎവ്വെശ്വരൻ മഹാ പരാക്രമ കാൎയ്യങ്ങൾ
ക്കു നമ്മുടെപുണ്യവാളത്തിയെ അനാദിതൊട്ടു തെരിഞ്ഞെടു
ത്തിരുന്ന തിനെകൊണ്ടു വിശെഷവെളിവാലെ പുണ്യ
വാളത്തിക്കു തൊന്നിച്ചതായത, ചെയ്യപറഞ്ഞൊപ്പുകൾ
ക്കടുത്ത പുണ്യസാംഗൊപാംഗത്തെ സമ്പാദിക്കുന്നതിന്നും
പൂൎവ്വ റെഗുലയുടെകാപ്പു സ്ഥാപിച്ചുകൊണ്ടു കൎമ്മെലീത്ത
സഭയ്ക്കു പൂൎവ്വഅലങ്കാരം വീണ്ടു വരുത്തുന്നതിന്നും പ്രയാ
സപ്പെട്ടാൽ എല്ലാവറെറക്കാൾ തനിക്കു എററം ഇഷ്ടമു
ള്ളകാൎയ്യം ചെയ്യുമെന്ന സൎവ്വെശ്വരൻ തൊന്നിക്കയും
ചെയ്തു. ആകാലത്തിൽ ലുത്തെരു എന്ന പതിതമതത്തി
ന്റെ തലവൻ നടത്തിയ നരകത്തിന്നടുത്ത എടത്തുടു
കൊണ്ടു എണ്ണമില്ലാത്ത ആത്മാവുൾക്കു ഭവിച്ചിരുന്ന മഹാ
ദുഃഖം തൊന്നിപ്പാൻതക്ക നാശത്തിന്മെലുള്ള വിചാരം
പ്രത്യെകമായിട്ടു നമ്മുടെ പുണ്യവാളത്തിയെ ഠരംപരാ
ക്രമപ്രവൃത്തിക്കു ഉത്സാഹിപ്പിച്ച എരിയിക്കയും ചെയ്തു: ഇ
ത്തുഹെതുവായിട്ടു നമ്മുടെപുണ്യഅമ്മ ദൈവീക ശുഷ്കാന്തി
യാൽ എരിഞ്ഞു തന്റെ കൈവശത്തിൽ ഉണ്ടായിരുന്ന
പൊം വഴികളാൽ ഇത്രഅധികമായ ചെതങ്ങളെ പൊ
ക്കുവാൻ ആഗ്രഹിച്ചിരുന്നു. പുണ്യവാളത്തി സ്ത്രീ ആയിരു
ന്നതിനെ ക്കൊണ്ടു ആത്മാവുകളെ നല്ലവഴിക്കു തിരിപ്പി
ക്കുന്നതിന്ന സിംഹാസനത്തിന്മെൽ കെറിതക്കിപ്പാനും പ
ള്ളങ്ങളിൽനിന്ന പ്രസംഗിപ്പാനും ഇതുപൊലെയുള്ള വെ
ലകളെ നടത്തുവാനും തനിക്കു പാങ്ങില്ലെന്ന കണ്ടു ക
ൎമ്മെലീത്ത സഭയുടെ പൂൎവ്വ റെഗുല സൂക്ഷമായി കാത്തു:
പുണ്യസാംഗൊപാംഗമുള്ളവരായി ജീവിച്ച എരിവുള്ളജ
പ ധ്യാനങ്ങളെയും ചെയ്തു ഇടത്തുടുകളുടെ നശിപ്പും ളു:
കത്തൊലിക്ക വിശ്വാസത്തിന്റെ വൎദ്ധനയും ആത്മാവു
കളുടെ മനസ്സുതിരിവും രക്ഷയും സൎവ്വെശ്വരനൊടു ഇട

വിടാതെ പ്രാൎത്ഥിക്കുന്നതിന്ന ഒരുകന്യാസ്ത്രീമഠം സ്ഥാപിപ്പാൻ നിയോഗിക്കയും ചെയ്തു.

## പത്താം അദ്ധ്യായം.

### നമ്മുടെ പുണ്യവാളത്തി കൎമ്മലീത്ത സഭയെ പൂൎവ്വ അലങ്കാരത്തോടുകൂടെ സ്ഥാപിച്ചതിന്റെ ആരംഭങ്ങളും അതിനാൽ അനുഭവിച്ചസങ്കടങ്ങളും.

ശുദ്ധമാകപ്പെട്ട സഭയായിരിക്കുന്ന കൎമ്മലീത്ത സഭയുടെ ഉപകാരത്തിന്നും അലങ്കാരത്തിന്നുമായിട്ടു നമ്മുടെ പുണ്യവാളത്തി ചെയ്തവേലകളുടെ അവസ്ഥ ഗ്രഹിക്കുന്നതിന്ന ൟ സഭയുടെ ആരംഭവും ഇതിന്റെ ക്രമചട്ടങ്ങളും ആദിമുതൽ നമ്മുടെ പുണ്യവാളത്തിയുടെ കാലം വരെ സംഭവിച്ച പകൎച്ചകളും വിവരമായിട്ടു അറിവാൻ ആവശ്യമായിരിക്കുന്നു വെങ്കിലും, ൟ സംഗ്രഹത്തിന്റെ അവസ്ഥയ്ക്കു തക്ക കാൎയ്യമല്ല: എന്നാൽ ൟ സഭയുടെ ആരംഭം ചെന്നതായി സ്പൊണ്ടാനൊ എന്ന കീൎത്തിപ്പെട്ട ശാസ്ത്രി എഴുതിയുണ്ടാക്കിയ തിരുസ്സഭയുടെ ചരിത്രത്തിൽ എഴുതി സാക്ഷിച്ചിരിക്കുന്ന വചനങ്ങളെ പൊരുൾ തിരിച്ചാൽമതി: അതാകുന്നതെന്തെന്നാൽ "കൎമ്മലീത്തസഭ എ
,,ലീയാസ, എലീശാ എന്ന ശുദ്ധമാകപ്പെട്ട ദീൎഘദൎശിക
,,ളിൽനിന്ന ആരംഭിച്ചുവെന്നതിന്മേൽ ൟ സംഗതി എ
,,ററം സൂക്ഷ്മമായി ശൊധനചെയ്തുവെന്ന വരൊക്കെ
,,യും സമ്മതിച്ചിരിക്കുന്നു:,, എന്നാൽ നമ്മുടെ കാൎയ്യത്തിന്ന എററം ഉപയൊഗിക്കുന്നതായത, ഇത്താലിയ ദെശത്തിൽ വെച്ചെല്ലി എന്ന പട്ടണത്തിന്റെ മെത്രാനായിരുന്ന മാർ അൽബെൎത്താസു എന്ന പുണ്യവാളൻ മൂന്നാമത്തെ

ഇന്നൊച്ചെന്റ്സൊ എന്ന ശുദ്ധ: മാർപാപ്പായാൽ ഒറെശ്ലം പുരിയുടെ പാത്രിയക്കീസായി നിയമിക്കപ്പെട്ടു, എന്നതിന്റെ ശെഷം കൎമ്മെലൊമലയിൽ വസിച്ചിരുന്ന കൎമ്മലീത്ത സന്ന്യാസികളുടെ ശ്രെഷ്ഠനായിരുന്ന ബ്രൊകാൎദ്ദൊപുണ്യവാളൻ ആ ദെഹത്തിനെ ബൊധിപ്പിച്ച അപെക്ഷിക്ക കൊണ്ട ആ ദെഹം ഒരു റെഗുല അതായത, ഒരുക്രമചട്ടം ഉണ്ടാക്കി അതിനെ കാപ്പാൻ കൎമ്മെലൊമലയിലെ സന്ന്യാസികൾക്ക കൊടുക്കയും ചെയ്തു: ഈ റെഗുലയെ ൧൨൨൬ാം കാലത്തിൽ ശുദ്ധ. പള്ളിയിൽ വാണിരുന്ന മൂന്നാമത്തെ ഒനൊരിയൊ എന്ന ശുദ്ധ: മാർ പാപ്പാ എത്രയും ഭാഗ്യപ്പെട്ട കന്ന്യാസ്ത്രീ ദൈവമാതാവിന്റെ പ്രത്യെക്ഷമായ കടാക്ഷത്താൽ കൈക്കൊണ്ട അതിനെ ശ്ലീഹാസ്ഥാനത്ത അധികാരത്തൊടുകൂടെ സ്ഥിരപ്പെടുത്തുകയും ചെയ്തു: ഇതിന്റെ ശെഷം ൧൨൪൭ാം കാലത്തിൽ ശെമൊൻ സ്തൊക്കെന്നപുണ്യവാളൻ സഭയുടെ ശ്രെഷ്ഠനായിരിക്കയിൽ നാലാമത്തെ ഇന്നൊചെന്റ്സൊ എന്ന ശുദ്ധ. മാർപ്പാപ്പാ റെഗുലയിൽ മറപൊരുളായിട്ടുണ്ടായിരുന്ന ചിലസംഗതികളെ വെളിപ്പൊരുളാക്കി തിട്ടംവരുത്തി വീണ്ടും ഉറപ്പിക്കയും ചെയ്തു: മാനുഷന്റെ കെല്പുക്ഷയം ക്രമെണ വൎദ്ധിച്ചു വരികയിൽ ൧൪൩൨ാം കാലത്തിൽ ആ റെഗുലയിൽ എററം കഠിനമായിരിക്കുന്ന മൂന്നുകടങ്ങൾ അതായത ഒരിക്കലും മാംസം തിന്നരുതാ എന്നുള്ളതും കന്നിമാസം കുരിശിന്റെ പെരുനാൾ തുടങ്ങി ഉയിൎപ്പിന്റെ ഞായറാഴ്ചവരെ നൊമ്പു നൊല്ക്കണം എന്നുള്ളതും മുറികളിൽ തനിച്ചുള്ള വെലകളെ ചെയ്തുകൊണ്ട എകാന്തവും മിണ്ടടക്കവും കാക്കണമെന്നുള്ളതും നീക്കിക്കൊണ്ട അതിന്റെ കടുപ്പത്തെ കുറെക്കയും ചെയ്തു. ഇതിൻവണ്ണം റെഗുലയുടെ കടുപ്പം കുറഞ്ഞിട്ട ഈ സഭയിൽ എത്രയൊ പുണ്യാത്മാക്കളും എല്ലാവരാൽ വന്ദിക്കപ്പെട്ട സന്ന്യാസികളും എല്ലാ കാലങ്ങളിലും ഉണ്ടായിട്ടുണ്ട

എന്നവരികിലും മെൽ ചൊല്ലിയ പകച്ചയും പ്രത്യെകം
പതിനാലാം യുഗത്തിന്റെ കടശി തിരുസ്സഭയെ എററം
സങ്കടപ്പെടുത്തിയ ശീസ്മയും മുഖാന്തരമായിട്ട സന്ന്യാസി
സഭകളിൽ എരിവും ക്രമവും കുറഞ്ഞു എന്നതിനെകൊ
ണ്ടു കർമ്മലൊ സഭയ്ക്കു മുമ്പിൽ ഉണ്ടായിരുന്ന ശൊഭയും
വിശെഷ അത്രുപിയും മങ്ങിപ്പൊകയും ചെയ്തു എന്നവരി
കിലും ദൈവ അത്രുപിയാൽ നിറഞ്ഞ പുണ്യ സാംഗൊ
പാംഗത്താലും ശാസ്ത്ര വിദ്യകളാലും അലങ്കരിക്കപ്പെട്ട
പല മഹാത്മാക്കൾ ശുദ്ധമാകപ്പെട്ട ഈ മലയിൽ എ
ല്ലാക്കാലങ്ങളിലും മുളെച്ചുണ്ടായ വിശെഷഫലങ്ങളാക
ന്നു: ഇപ്രകാരമൊക്കയും ആയതിന്റെശെഷം മഹാ ശു
ദ്ധാന്തിക്കാരായ പല പുണ്യാത്മാക്കൾ പൂൎവ്വ അലങ്കാര
വും മുമ്പിലത്തെ എരിവും വരുത്തുന്നതിന്ന ഉത്സാഹിച്ചു
അവരിൽവെച്ച തൊസ്കാന ദെശത്തിൽ അഞ്ചെല, മ
സീക്കി എന്ന ഭാഗ്യപ്പെട്ടവനും, ജെനൊവ പട്ടണത്തി
ലും ആ ദെശത്തിലും ഉഗൊലീനൊ ഉഗൊലീനി എന്ന
മൂപ്പൻ പാദ്രീയും പ്രത്തുക്കാൽ രാജ്യത്തിൽ പിന്നത്തെ
കാലങ്ങളിൽ പ്രാക എന്നദിക്കിന്റെ മെത്രാപ്പൊലീത്ത
ആയ ബൽദസ്സാരെലീമ്മൊ എന്ന മൂപ്പൻപാദ്രിയും മ
ററ ചിലരൊക്കയും വിയെമൊന്തെ, സിച്ചില്യ എന്നദെ
ശങ്ങളിലും മററുചില ഇടങ്ങളിലും ചിലകൊവെന്തുക
ളെ പൂൎവ്വ കട്ടപ്പത്തൊട്ടുകൂടെ സ്ഥാപിച്ചുവെങ്കിലും അവ
യൊക്കയും വൎദ്ധിക്കാതെ വെഗത്തിൽ കെട്ടുപൊകയും
ചെയ്തു: അതിൻവണ്ണംതന്നെ സഭയുടെ പ്രധാന തലവ
ന്മാരായ ജെനരാളന്മാർ ൨ാമത്തെ എവുജെന്യൊ എ
ന്ന ശുദ്ധ.- മാർപ്പാപ്പായുടെ കാലം മുതൽ നമ്മുടെ പു
ണ്യവാളത്തിയുടെ കാലം വരെ ഈ സഭയെ ഗുണപ്പെ
ടുത്തുന്നതിന്ന പലപ്രകാരത്തിലുള്ള വെലകളെ കഴിക്ക
യും ചെയ്തു. എന്നാൽ ഒരുസഭയെ നൂതനമായിട്ട സ്ഥാ
പിക്കുന്നതിനെക്കാളും മുൻ സ്ഥാപിക്കപ്പെട്ടതിന്ന പൂ

വ് അലങ്കാരവും പുണ്യത്തിന്റെ അഭ്രുപിയും വരുത്തുന്നത അധികം വിഷമമായിരിക്കുന്നതിനെക്കൊണ്ടു ഇത്ര കീൎത്തിപെട്ട പുണ്യാത്മാക്കൾ കരുതിയ പുണ്യപ്പെട്ട വെലയെ നിറവെറ്റുവാൻ വശമായില്ല: ഈ വിഷമമുള്ളതും കഷ്ടിനാൽ ദെൽമൊൻത്തെ എന്നദെഹം അസാദ്ധ്യമെന്ന വിധിച്ചതുമായ ഈ പരാക്രമ പ്രവൃത്തിക്ക സൎവ്വെശ്വരൻ ക്ഷീണവും രൊഗവുമുള്ളതും എല്ലാവരാൽ വിരൊധിക്കപ്പെട്ടതും പീഡിപ്പിക്കപ്പെട്ടതുമായ ഒരു സ്ത്രീയെ തെരിഞ്ഞെടുപ്പാൻ തിരുമനസ്സായി അതായത നമ്മുടെ അമ്മ ത്രെസ്യ പുണ്യവാളത്തി ഈ അതിശയമായ വെലക്കു ദൈവാധീനത്താൽ തെരിഞ്ഞെടുക്കപ്പെട്ടവളായിരിക്കുന്നു.

കഴിഞ്ഞ അദ്ധ്യായത്തിന്റെ കടശിയിങ്കൽ നാം കാണിച്ച ആഗ്രഹങ്ങളെ നമ്മുടെ പുണ്യവാളത്തി തന്റെ ഹൃദയത്തിൽ പുലൎത്തിവന്ന കാലത്തിൽ ആയാഗ്രഹങ്ങളെ നിറവെറ്റുന്നതിന്ന ഉണ്ടാകുവാനിരുന്ന വിഷമങ്ങളെയും വിരൊധങ്ങളെയും ഇതിനാൽ ഉണ്ടാകുവാനിരുന്ന കലഹവും മുമ്പുകൂട്ടി കണ്ടുബൊധിക്കയും ചെയ്തിരുന്നു എന്നുവരികിലും ധൈൎയ്യം കുറയുന്നതിന്നു പകരമായിട്ട വൎദ്ധിച്ചു വരികയും ഈ പരാക്രമ പ്രവൃത്തിയെ നിറവെറ്റുന്നതിന്ന ആവശ്യമായതൊക്കയും സൎവ്വെശ്വരൻ തന്നെ ഉണ്ടാക്കി കൊടുക്കുമെന്നുള്ള വിചാരത്താൽ തന്റെ ശരണം അധികമധികം സ്ഥിരപ്പെട്ടുവരികയുംചെയ്തിരുന്നു.

അല്പമായ ആരംഭങ്ങളിൽനിന്ന അതിശയമായകാൎയ്യങ്ങളെ മുളെപ്പിച്ചുനടത്തുന്ന ദിവ്യബൊധജ്ഞാനം എത്രയൊ അതിശയമുള്ളതായിരിക്കുന്നു. ഇതാ നമ്മുടെ പുണ്യവാളത്തി പാൎത്തിരുന്ന കൊവെന്തയിൽ വളൎത്തപ്പെടുന്ന പെണ്ണുങ്ങളുടെ കൂട്ടത്തിൽ ശ്രെഷ്ഠ തറവാട്ടിൽ പിറന്ന ത്രെസ്യായുടെ സംബന്ധക്കാരത്തിയായമറിയംഒകൊ

മ്പൊ എന്ന പെണ്ണെൻ്റതല്ലും എകാന്തത്തിന്മെലും മിണ്ടാ ട്ടക്കത്തിന്മെലും എററം താല്പൎയ്യമായിരുന്നതിൽ ചില കന്യാസ്ത്രീകളും ഒരുരാത്രിയിൽ നമ്മുടെ പുണ്യവാളത്തിയുടെ മുറിയിൽ കൂട്ടുകയും ചെയ്തു: ഇങ്ങനെ കൂടിയിരിക്കയിൽനമ്മുടെപുണ്യവാളത്തിആയാശ്രമത്തിൽഎറക്കുറെ പ്രെറകന്യാസ്ത്രീകളുണ്ടായിരുന്നതിനാൽപലവിചാരങ്ങളുണ്ടാകുന്നതിന്ന എളുപ്പമെന്നും നല്ലമിണ്ടാട്ടക്കവുംഎകാന്തവുംകാക്കുന്നതിന്ന വിഷമമെന്നും സങ്കടമായിട്ടെന്നപൊലെ മെല്ലറഞ്ഞ പെണ്ണെതലിനൊട പറഞ്ഞു സംസാരിച്ചിരുന്നു, ദൊന്നമറിയംകൊമ്പൊ ഇങ്ങനെയുള്ളവചനങ്ങൾകെട്ടാറെആലൊചിച്ചുവിചാരിക്കാതെപെട്ടെന്നന്നെ പൊലെ ചൊല്ലിയതായത, എററം നല്ല ഒതുക്കവും എകാന്തവുമുള്ള ജീവിതം കഴിക്കുന്നതിന്നും കമ്മെലീത്ത സഭയുടെ പൂൎവ്വ റെഗുലയെ സൂക്ഷമായികാക്കുന്നതിന്നും മാർ പ്രൻസീസ്ക്കാസു പുണ്യവാളന്റെ ദിസ്ക്കാൾസു കന്യാസ്ത്രീകളെപൊലെ ഒരുപുത്തൻ ആശ്രമത്തെ സ്ഥാപിച്ചാൽ കൊള്ളായിരുന്നു, ഇതുസംഭവിച്ചു എന്നുവന്നാൽ ഇനിക്കവരുവാനുള്ള അവകാശത്തിൽ നിന്നആയിരം സ്കുദി അതായത രണ്ടായിരം രൂപാ ഞാൻ ൧൦൦൦ വകയ്ക്കായിട്ടു കൊടുക്കുന്നുണ്ടെന്ന പറകയും ചെയ്തു. നിനച്ചിരിയാതുണ്ടായ ഈ വചനങ്ങൾ നമ്മുടെ പുണ്യവാളത്തിയുടെ ശങ്കിന്ന ഒരുവലിയ കുത്തുപൊലെയാകയും ചെയ്തു കൊണ്ടു ആ രാത്രി സംസാരം നിറുത്തി അവിടെനിന്ന പിരിഞ്ഞു പൊകുന്നതുവരെ നമ്മുടെപുണ്യമ്മ ബഹു താല്പൎയ്യത്തൊടുകൂടെ ആ കാൎയ്യത്തിന്മെൽതന്നെ സംസാരിക്കയുംചെയ്തു.

അതിന്റെശെഷം തനിക്കുണ്ടായിരുന്ന ആഗ്രഹങ്ങൾ അധികമധികം എരിഞ്ഞുവന്നതിനാൽ ഹൃദയത്തിൽ വിചാരിച്ചിരുന്നത പ്രസ്ഥാപിപ്പാൻ നിശ്ചയിച്ച തന്റെസ്നെഹകാരത്തിയായിരുന്ന ദൊന്ന ഉയൊമാർ ഉല്ലൊആ എന്ന ബഹുമാനമുള്ള സ്ത്രീയൊട പറഞ്ഞ ഈ കാൎയ്യംകൊ

ണ്ടു ആലൊചിക്കയും ചെയ്തു: ഈ സ്ത്രീ സമ്പത്തും കുലശ്രെഷ്ഠതയുമുള്ള ഒരു വൈധവിയായിരുന്നു: നമ്മുടെ പുണ്യവാളത്തിയുടെ നിയൊഗം കെട്ടവുടനെ കൊള്ളാമെന്ന പറഞ്ഞ ഉറപ്പിച്ചതെന്നിയെ ഈ ദൈവീകവെലയ്ക്കു തന്നാൽ കഴിയുന്ന സഹായമൊക്കയും ചെയ്യുന്നുണ്ടെന്ന വാക്കുകൊടുക്കയും ചെയ്തു. എന്നാൽ ഈ കറിമാനത്തിന്നായിട്ടു നല്ല എറിവുള്ള നമസ്കാരങ്ങളെ ചെയ്വാൻ ഇരുവരും നിശ്ചയിച്ച തുടങ്ങുകയും ചെയ്തു. ഇപ്രകാരമൊക്കയും നടന്നുവരുന്നതിന്നിടയിൽ ഈശൊ മിശിഹാ പലപ്പൊഴും ത്രെസ്യ പുണ്യവാളത്തിക്ക കാണപ്പെട്ടു ഈ പരാക്രമകാര്യത്തിന്ന കഴിയുന്ന പ്രയാസവും ബുദ്ധിമുട്ടുംചെയ്വാൻ നമ്മുടെ പുണ്യവാളത്തിയൊട തിരിച്ച പ്രമാണിച്ചുതൂക്കുടാതെ ആശ്രമം പരിഷെദം സ്ഥാപിക്കപ്പെട്ടുമെന്നും കല്പിച്ച പുണ്യവാളത്തിയെ ഉറപ്പിക്കയുംചെയ്തു. ഈ സംഗതിബന്ധിച്ച നമ്മുടെപുണ്യപതി എഴുതിയതിൽ ചില മൊഴികളാകുന്നതെന്തെന്നാൽ: "താൻ അതായത ,,ഈശൊമിശിഹാ വലിയപറഞ്ഞാപ്പുകളെ എന്നൊ,,ട്ടുചെയ്തു, കൊവെന്ത സംശയം ക്രുടാതെകണ്ടു സ്ഥാപി,,ക്കപ്പെട്ടുമെന്നും അതിൽ തന്റെ വിശ്വാസമുള്ള ശുശ്രൂ,,ഷികൾ ഉണ്ടാകുമെന്നും കൊവെന്ത മാർ യൌസെപ്പ ,,പുണ്യവാളന്റെ നാമധെയത്തിൽ സ്ഥാപിക്കെണ്ടതാകു,,ന്നുവെന്നും ഈ മഹാ പുണ്യവാളൻ ആശ്രമത്തിന്റെ ,,ഒരുവാതില്ക്കൽ നില്ക്കുമെന്നും, മറെറ വാതില്ക്കൽ നമ്മു,,ടെ ഉടയനാഥന്റെ പരിശുദ്ധ കന്യാസ്ത്രീമാതാവ നി,,ല്ക്കുമെന്നും, താൻ എപ്പൊഴും നമ്മൊട്ടുക്രുടെ ഇരിക്കുമെ,,ന്നും, ആ ൭കാവെന്ത എത്രയും ശൊഭിക്കുന്ന നക്ഷത്രം ,,പൊലെ ആകുമെന്നും എന്നൊട്ടു പറഞ്ഞാക്കയും ചെ,,യ്തു,, ഈ ദിവ്യവചനങ്ങളുടെ കെൾവിയാൽ നമ്മുടെ പുണ്യവാളത്തി പ്രാപിച്ച ധൈര്യവും ഇതിനാൽ ഉണ്ടായ ശരണത്തിന്റെ വൎദ്ധനയും ഇന്ന പ്രകാരമെന്ന പറ

വാൻ വഴിയാ. എന്നാൽ ംരംശൊ മിശിഹാ ംരം കാ
ഴ്ചയിൽ തന്നൊട്ടു കല്പിച്ചതു പൊലെ ഭാവിച്ചിരുന്ന കാൎയ്യ
ങ്ങളെയെല്ലാം കുമ്പസാരക്കാരനൊട പറഞ്ഞറിയിപ്പാൻ
ആവശ്യമായിരുന്നു, എന്നാൽ വചനത്താൽ പറയുന്ന
തിന്ന വെണ്ടുന്ന ധൈൎയ്യം പുണ്യവാളത്തിക്ക തൊന്നായ്ക
കൊണ്ട എഴുത്താൽ അറിയിക്കയും ചെയ്തു: ആ പ്രദെ
ശത്തിലെ കൎമ്മലീത്ത സഭക്കാരരുടെ പ്രൊവിൻസ്യാ
ളിനൊട പറഞ്ഞ ആ ദെഹത്തിന്റെ കല്പനപ്രകാരം ന
ടക്കുന്നതിന്ന കുമ്പസാരക്കാരൻ പുണ്യവാളത്തിക്ക മറുപ
ടി എഴുതുകയും ചെയ്തു. എന്നാൽ നമ്മുടെപുണ്യവാളത്തി
ംരം സംഗതികളെ പ്രൊവിൻസ്യാൾ എന്ന പ്രദെശ
ശ്രെഷ്ഠനെ ബൊധിപ്പിക്കുന്നതിന്നുമുമ്പിൽ ആ കാലത്തിൽ
ജീവിച്ചിരുന്ന രണ്ടു പുണ്യവാളന്മാരൊട്ടു ഗുണദൊഷം
ചൊതിപ്പാൻ നിശ്ചയിക്കയും ചെയ്തു. അതായത മാർപ
ത്രൊസ ദൽക്കാന്തര എന്ന പുണ്യവാളനൊടും ദൊമ്മി
നിക്കൊസു പുണ്യവാളന്റെ സഭയിലുൾപ്പെട്ട ലുവിസ
ബെൽത്രാണ്ടൊ എന്ന പുണ്യവാളനൊടും, എന്നാൽ നമ്മു
ടെ എത്രയും വിവെകമുള്ള പുണ്യപതി ംരംശൊ മിശി
ഹാതനിക്ക കാണപ്പെട്ടവൎത്തമാനവും ംരംആശ്രമത്തെ
സ്ഥാപിപ്പാൻ തന്നൊട തിരിച്ചുകല്പിച്ച സംഗതിയും കൊ
ണ്ടു ഒന്നുപറയാതെ താൻ ഭാവിച്ചിരുന്നത മാത്രം കെൾ
പ്പിച്ചു ഗുണദൊഷം ചൊതിക്കയും ചെയ്തു: മാർ പത്രൊ
സു ദൽക്കാന്തര എന്ന പുണ്യവാളൻ കാൎയ്യങ്ങളുടെ വി
വരം കെട്ടവുടനെ കൊള്ളാമെന്ന വിധിച്ചു ഉറപ്പിക്കയും
ഉത്തമ ഫലങ്ങളെ കൊള്ളുമെന്ന തമ്പുരാന്റെ നാമത്താ
ൽ പുണ്യവാളത്തിയൊട പറകയുംചെയ്തു. ലുവിസബെൽ
ത്രാണ്ടൊ പുണ്യവാളനൊ എന്നാൽ മൂന്ന നാലുമാസം
കഴിഞ്ഞിട്ടു മാത്രം മറുപടി എഴുതി എന്നാൽ മറുപടി
യായിട്ടു എഴുതിയ എഴുത്ത ഒരു നിവ്യസുഖമത്രെ ആയ
ത അതാകുന്ന തെന്തെന്നാൽ: "അമ്മ ത്രെസ്യായെ! എഴു

,,തികൊടുത്തയച്ച എഴുത്ത ഇനിക്കകിട്ടി: എന്നാൽ അതി
,,നാൽ എന്നൊടുളള ദൊഷം ചൊദിക്കുന്ന കാൎയ്യം സ
,,ൎവ്വെശ്വരന്റെ സ്തുതിക്കും ബഹുമാനത്തിന്നും വളരെ അ
,,ടുത്തതാകകൊണ്ട, അതിനെകുറിച്ചഎന്റെ പാവപ്പെട്ട
,,നമസ്കാരങ്ങളിൽ തന്നൊടു വെളിവ അപെക്ഷിപ്പാൻ
,,ആവശ്യമെന്നുകണ്ടു, ഇതുഹെതുവായിട്ടത്രെ ആകുന്നു മ
,,റുപടി എഴുതുവാൻ ഞാൻ താമസിച്ചത: എന്നാൽ ഇ
,,പ്പൊൾ ൟ പരാക്രമ വെലയ്ക്കു സൎവ്വെശ്വരൻ സഹാ
,,യിക്കുന്നതാകയാൽ ധൈൎയ്യത്തൊടു കൂടെ ഉത്സാഹിക്ക
,,ണമെന്നും ൫൦ വരുഷം കഴിയുന്നതിന്നു മുമ്പിൽ നിങ്ങളു
,,ടെ സഭ സൎവ്വെശ്വരന്റെ തിരുസ്സഭയിലുള്ളതിൽ കീൎത്തി
,,പ്പെട്ടതാകുമെന്നും തമ്പുരാന്റെ നാമത്തിൽ നിങ്ങളൊ
,,ടുഞാൻ പറയുന്നു, എന്ന വല്ലെൻസ്യ പട്ടണത്തിൽ നി
,,ന്നും ഫ്രെ ലൂവീസ,,

സൎവ്വെശ്വരന്റെ അരൂപിയാൽ നിറഞ്ഞ ൟ ശുദ്ധമാകപ്പെട്ടവരാൽ നമ്മുടെപുണ്യവാളത്തി ൟവണ്ണം ഉറപ്പിക്കപ്പെട്ടതിന്റെ ശെഷം തന്റെ പ്രൊവിൻസ്യാൾ ശ്രെഷ്ഠനെ ൟ കാൎയ്യം ബൊധിപ്പിപ്പാൻ നിശ്ചയിച്ചു അന്നു വിശെഷ പുണ്യശൊഭയാൽ പ്രകാശിച്ചിരുന്നആഞ്ചെലൊ ദെസാലർ എന്നദെഹം പ്രദെശ ശ്രെഷ്ഠനായിരുന്നു, ൟ സംഗതിമെൽ താല്പൎയ്യപ്പെട്ട മനസ്സു വെക്കുമൊ എന്ന നമ്മുടെ പുണ്യവാളത്തി സംശയിച്ചിരുന്നതിനെകൊണ്ടു മെലെഴുതിയ ഗ്രെയൊമാർ എന്ന വൈധവി വഴിയായിട്ട ഇരുവരുടെ പെൿ ആദെഹത്തിനൊട പറഞ്ഞിപ്പിക്കയും ചെയ്തു.

പ്രൊവിൻസ്യാൾ ൟ കാൎയ്യം കെട്ടാറെ എളുപ്പമായിട്ട സമ്മതിക്കുന്നതിന്നും, തക്കസമയംവരുമ്പൊൾ ൟ ഉത്തമകാൎയ്യത്തിന്ന വെണ്ടിയ അനുവാദങ്ങളെയും ഉത്തരവുകളെയും കൊടുക്കുന്നതിന്നും ആസ്ഥമായിരിക്കുന്നുവെന്ന ഒന്ന ഗ്രെയൊമാർ എന്ന ഉത്തമവൈധവിയൊടുപ

റകയും ചെയ്തു. പക്ഷെ താഴെ പറവാനിരിക്കുന്നതുപൊലെ ൟ ആശ്രമം ഹെതുവായിട്ട എറിയ കലഹങ്ങളെ ഉണ്ടാക്കിയതിനാൽ തക്ക സമയം വന്നപ്പൊൾ ആ ദെഹം അനുവാദവും സമ്മതവും കൊടുത്തില്ല: എന്നാലീവണ്ണം ബൊധിപ്പിച്ചാറെ സകലവും നിവൃത്തിയായി എന്ന അവൎക്ക തൊന്നിയിരുന്ന നമ്മുടെ പുണ്യവാളത്തി ആശ്രമമായിട്ട പകൎത്തുവാൻ തക്ക ഒരു വീടുവാങ്ങിക്കുന്നതിന്ന രഹസ്യമായിട്ടെങ്കിലും മഹാ ജാഗ്രതയൊടുകൂടെ താല്പൎയ്യപ്പെട്ടിരുന്ന എന്നാൽ ഇതാ ഒരു ക്ഷണനെരംകൊണ്ട സകലവും അറ്റുപൊകയുഞ്ചെയ്തു: പുത്തൻ ആശ്രമത്തിന്റെ വൎത്തമാനം കുറെ നാളത്തെക്ക രഹസ്യത്തിലിരുന്നുവെങ്കിലും കുറെനാൾ കഴിഞ്ഞപ്പൊൾ എങ്ങനെയൊ പരസ്യമായി, ആ ക്ഷണത്തിൽ നരകം മുഴുവനും ഇളകിയതിൻവണ്ണം വിരൊധങ്ങളൊക്കയും പുറപ്പെടുകയുഞ്ചെയ്തു. നമ്മുടെപുണ്യവാളത്തിയെ കൊണ്ടും ദൊന്ന ഗുയൊമാരെ കൊണ്ടും പറയപ്പെട്ട ദൂഷണങ്ങൾക്കും ഇവരിരുവരൊടു ചെയ്യപ്പെട്ട നിന്ദകൾക്കും കണക്കില്ല: ഇതസാമാന്യം സ്ത്രീജനങ്ങൾ കാണിക്കുന്ന അബദ്ധങ്ങളിൽ ഒന്നാകുന്നവെന്നും വിവെകമറ്റ എരിവാകുന്നവെന്നും വൈത്യംപിടിച്ച തലകൾ കണ്ടക്ലാവാകുന്നവെന്നും ഒരൊരുത്തര പറഞ്ഞുവന്നിരുന്നു, പ്രത്യെകം ത്രെസ്യ അഹങ്കാരത്താലും വാഴുന്നതിന്നുള്ള ദുരാശയാലും ഇവയൊക്കയും ചെയ്യുന്നുവെന്നും വഴികളിൽ ചുറ്റിത്തിരിയുന്നതിന്ന പുത്തൻ കൊവെന്തകളെ സ്ഥാപിക്കുന്ന ഉപായം പറയാതെ തനതു കൊവെന്തയിൽ എകാന്തമായിരുന്നാൽ എറ്റം നന്നായിരിക്കുമെന്നും ൟ സംസാരം എല്ലാവരുടെ നാവിന്മെൽ നടപ്പായി: നമ്മുടെപുണ്യവാളത്തിയുടെസഹൊദരികളായ കന്യാസ്ത്രീകൾ കൂടെയും വിരൊധികളായി തനിക്ക സ്വന്ത കൊവെന്തയുടെ ഗുണത്തിന്മെൽ താല്പൎയ്യമില്ലയെന്നും സ്വന്ത കൊവെന്തയുടെ ദിക്കുതിക

ളെ. നടത്തുന്നതിന്ന പണംകൊണ്ടുള്ള വല്ലസഹായം അ
നെപെക്ഷിച്ചാൽ ഏററം നന്നായിരിക്കു മെന്നും പുണ്യവാള
ത്തിയൊടുകൂററപ്പാടായി പറഞ്ഞുവന്നതെന്നിയെ അവരു
ടെ ആശ്രമത്തിൽ പുണ്യ വാളത്തിയെ കായിലും നല്ലപു
ണ്യപ്പെട്ട കന്യാസ്ത്രീകൾ ഉണ്ടെങ്കിലും ഇങ്ങിനെയുള്ള
പൈത്യങ്ങൾ അവൎക്കില്ല യെന്നും ൟ പൈത്യം അവൎക്കു
മാനക്കെടാകുന്ന വെന്നും പാറാവിൽ ആക്കപ്പെട്ടുവാനും
ഇൻക്വിസിസിയൊനെ എന്ന ഇടത്തുട്ടുകാരരെ ശൊധന
ചെയ്യു ശിക്ഷിക്കുന്ന സഭയിൽ ഏല്പിക്കപ്പെട്ടുവാനും യൊ
ഗ്യമുള്ളവളെന്നും ശാസിച്ച പറഞ്ഞുവരികയുഞ്ചെയ്തിരുന്നു.

ദൊന്ന ഗ്രയൊമാർ കുമ്പസാരിക്കുന്നതിന്ന പല കുമ്പ
സാരക്കാരുടെപക്കൽ പൊയാറെ യാതൊരുത്തനും ദൊ
ഷംപൊക്കാതെ നിറുത്തിയിരുന്നു, വിശെഷാൽ കൎത്താവി
ന്റെ പിറവിയുടെ ദിവസത്തിൽ ഒരു കുമ്പസാരക്കാരൻ
ൟ പുത്തൻ കൊവെന്ത സ്ഥാപിപ്പാൻ വെലചെയ്യുന്ന
തിനാൽ ലൊകൎക്കു വലിയ ഉതെപ്പായി തീൎന്നിരിക്കുന്നവെ
ന്ന പറഞ്ഞ ൟവെലയിൽനിന്ന മാറി സകലവും ഉപെ
ക്ഷിച്ചില്ലയെങ്കിൽ ദൊഷംപൊക്കിക്കൂടായെന്ന കല്പിച്ചപ
റഞ്ഞയക്കയും ചെയ്തു. ൟകുമ്പസാരക്കാരൻപറഞ്ഞ ന്യാ
യം ശരിയായിട്ടുള്ളതായിരുന്നാൽ കുരിശിന്മെൽ തൂങ്ങിമരി
ച്ച ലൊകരക്ഷനാഥന്റെ സുവിശെഷം ശ്ലീഹന്മാരറി
യിച്ചു വരുമ്പൊൾ യൂദന്മാൎക്കു ഉതെപ്പായിരുന്നതുകൊണ്ടും
കാവ്യൎക്കു നിന്ദയായിരുന്നതു കൊണ്ടും ആ ദിവ്യ അറിയി
പ്പിൽനിന്ന ശ്ലീഹന്മാര മാറെണ്ടിയിരുന്നു.

ൟവണ്ണം എല്ലാവരാൽ നിന്ദിക്കപ്പെട്ട ൟ രണ്ടുസ്ത്രീ
കൾ പുത്തൻ ആശ്രമം പരിഷെദം സ്ഥാപിക്കപ്പെട്ടുമെ
ന്ന വിശ്വസിച്ചിരുന്നാലും എല്ലാവരാൽ തള്ളപ്പെട്ടു വെ
ന്നുകണ്ട യാതൊരു മാനുഷാശ്രയം കൂടാതെ ആയിതീൎന്ന
പ്പൊൾ ജപധ്യാനത്താൽ സൎവ്വെശ്വരന്റെ സഹായവും
ആദരവും ലഭിപ്പാൻ തക്കവണ്ണം അതിന്നമഹാഎതിർവൊ

ട്ടക്കൂടെ നെരം ചിലവഴിച്ചു വന്നിരുന്നു, അതിന്നിടയിൽ കാൎയ്യം സാധിക്കുന്നതിന്ന തക്ക പൊംവഴികളെ തെടിവന്നിരുന്നു, എന്നതിനെക്കൊണ്ട നമ്മുടെ പുണ്യവാളത്തിക്കുണ്ടായ ദൈവവെളിപ്പാടും കല്പനയും കൊണ്ട മിണ്ടാതെ ആ കാലത്തിൽ ആവില പട്ടണത്തിൽ ഉണ്ടായിരുന്ന ഏറ്റംകീൎത്തിപെട്ട ശാസ്ത്രിയും, ത്രെസ്യ സാക്ഷിക്കുന്നതുപൊലെ വലിയ പുണ്യവാളനും ദൈവഭക്ത ശ്രെഷ്ഠിയുമായിരുന്ന പത്രൊസു ഇവാഞ്ഞെസ് എന്ന ദൊമ്മിനിക്കൊസു പുണ്യവാളന്റെ സഭക്കാരനൊട ഗുണദൊഷം ചൊദിച്ചു ആ ദെഹം എട്ടുദിവസം എന്ന അവധിക്കകം ഉത്തരം പറയാമെന്ന പറഞ്ഞ ആ എട്ടുദിവസത്തിന്നകത്ത കാൎയ്യത്തിന്മെൽ വെണ്ടുന്ന ആലൊചന കഴിച്ചാറെ നീതിയും ന്യായവുമുള്ളതായി കണ്ടതിനാൽ അവരുടെ ശരണമൊക്കെയും സൎവ്വ വല്ലഭനായിരിക്കുന്ന തമ്പുരാന്റെമെൽ വെച്ചു മനൊധൈൎയ്യത്തൊടു കൂടെ ഈ കാൎയ്യത്തിന്ന ശ്രമിക്കുന്നതിന്ന ഗുണദൊഷിച്ചു ധൈൎയ്യപ്പെടുത്തുകയും ചെയ്തു. എന്നാൽ ഏറ്റം നല്ല ഉറപ്പുണ്ടാകെണ്ടീട്ടു മറ്റുചില മഹാത്മാക്കളൊടും പ്രത്യെകം ഈശൊസഭയിലുൾപ്പെട്ടചില മൂപ്പൻപാദ്രിമാരൊടും ഗുണദൊഷം ചൊദിക്കയും ചെയ്തു: അവര എല്ലാവരും ഈ വെലയ്ക്കു ഉത്സാഹിക്കുന്നതിന്ന ത്രെസ്യായൊട വിലക്കിക്കൂടായെന്ന തീൎച്ചയായി നിശ്ചയിക്കയും ചെയ്തു.

ഇങ്ങിനെയുള്ള മഹാത്മാക്കളുടെ വിധിയാൽ സഭെശ്വരന്റെ പ്രമാണങ്ങൾക്കു വിരൊധമൊന്നും ചെയ്യുന്നില്ലയെന്ന നമ്മുടെ പുണ്യവാളത്തിക്കു നിശ്ചയം വന്നാറെ ൧൫൬൨ാം ആണ്ടിൽ ഇടവമാസം ൨൦ നു നമ്മുടെ പുണ്യവാളത്തി കന്യാസ്ത്രീമഠത്തിൽ വളൎത്തിവന്ന വളരെ സ്നെഹിച്ചിരുന്ന ജൊവാന്ന ദെനമാദ എന്ന അനുജത്തിയുടെ ഭൎത്താവ ജൊവാന്നി ദൊവാല്ലൊ എന്ന അനുജനെ ആവില പട്ടണത്തിൽ വരുത്തി അയാൾ കുഡുംബ

ത്തോട് പാൎക്കുന്നതിന്ന എന്ന ഭാവം കാണിച്ചുകൊണ്ട ഒ
രുവീടുവാങ്ങിച്ചു ആയാണ്ടിൽതന്നെ ചിങ്ങമാസം ൧൦ന്ന-
അനുജത്തിയും വരികകൊണ്ട നമ്മുടെ പുണ്യവാളത്തി
അനുജത്തിയുടെ വീട്ടിൽ പൊകുന്നു എന്നുള്ള ന്യായത്താ
ൽ ആരും അറിയാതെ ആ വീട കന്യാസ്ത്രീമഠത്തിന്റെ ര
ക്ഷയാക്കി വന്നിരുന്നു, ആ കാലത്തിൽ തന്നെ ശ്ലീഹ.-
സിംഹാസനത്തിൽനിന്ന വെണ്ടുന്ന അനുവാദങ്ങളും കല്പ
നകളും കിട്ടുന്നതിന്ന റൊമ്മയ്ക്കു എഴുതുകയും ചെയ്തു. എ
ന്നാൽ സവെംശപരൻ നമ്മുടെ ശുദ്ധമാക്കപ്പെട്ട അമ്മയുടെ
നെരെ കാണിച്ച സ്നെഹവും എല്ലാ കാൎയ്യങ്ങളിൽ പുണ്യ
വാളത്തിയെ നടത്തിയ പ്രകാരവും സൂക്ഷിക്കുമ്പൊൾ ഒ
രല്ഭുതം തന്നെ തൊന്നുകയും ചെയ്യുന്നു: ഈ കാൎയ്യത്തിന്ന
വെണ്ടിയിരുന്ന ശ്ലീഹ.- മാർപ്പാപ്പായുടെ അനുവാദത്തി
ന്ന എഴുതണമെന്നും, എന്നാൽ എഴുത്ത ചൊല്ലെ എഴുതു
ന്നതിന്ന ഏതു വഴിയായിട്ട കൊടുത്തയക്കണമെന്നും ഇ
ങ്ങനെ ഉള്ളൊരു അല്പമായ കാൎയ്യങ്ങളെക്കൂടെയും താൻത
ന്നെ പുണ്യവാളത്തിയെ പഠിപ്പിക്കയും ചെയ്തു, ഇതിന്മെ
ൽ പുണ്യവാളത്തി എഴുതിയ വചനങ്ങൾ ആകുന്നത എ
ന്തെന്നാൽ; "ഈ ആശ്രമം നമ്മുടെ സഭയുടെ ശ്രെഷ്ഠ
,,ന്മാരുടെ അധികാരത്തിൻ കീഴല്ലാതെ മെത്രാന്റെ അ
,,ധികാരത്തിൻ കീഴായിട്ടു സ്ഥാപിക്കുന്ന കാൎയ്യം എനിക്കു
,,വളരെ സങ്കടമുള്ളതായിരുന്നു. എന്നാൽ സവെംശപരൻ
,,ന്യായങ്ങളെ കാണിച്ച തുടക്കത്തിൽ സഭയുടെ ശ്രെഷ്ഠ
,,ന്മാൎക്ക അതിനെ വഴക്കുന്നത ശരിയല്ല എന്ന എന്നൊടു
,,പറകയും ചെയ്തു. ഇന്നവഴിയായിട്ട റൊമ്മയ്ക്കു എഴുതി
,,കൊടുത്തയക്കണമെന്നും, അതുവഴിയായിട്ടുതന്നെ എനി
,,ക്ക ഉത്തരവുവരുവാൻ താൻ ചട്ടംകെട്ടുമെന്നും എന്നൊ
,,ട കല്പിച്ചു: ആയതിൻവണ്ണംതന്നെ സംഭവിച്ചു അതായ
,,ത സവെംശപരൻ എന്നൊട കല്പിച്ച വഴിയായിട്ടു ഞങ്ങ
,,ൾ എഴുത്ത റൊമ്മയ്ക്കു കൊടുത്തയച്ചു ഉത്തരവ അതുവ

,,ഴിയായിട്ട വരികയും ചെയ്യു. ഇതിൻവണ്ണം ചെയ്യില്ല
,,എങ്കിൽ ഒരൊ കാൎയ്യത്തിന്ന അവസാനം വരാഞ്ഞതനെ:
,,ഇതിൻവണ്ണം സകലവും നടത്തി നിവൃത്തിയാക്കിയ സ
,,ൎവ്വെശ്വരന്ന സ്തുതിയുണ്ടായിരിക്കട്ടെ ആമ്മെൻ.
ചിലസമയങ്ങളിൽ നമ്മുടെ പുണ്യവാളത്തി മെൽചൊ
ല്ലിയ വീട്ടിൽ നടത്തെണ്ടുന്നപണികൾക്ക പണമില്ലാതെ
സങ്കടപ്പെട്ടുവരികയിൽ സൎവ്വെശ്വരനൊട സങ്കടമായിട്ട
എന്നപൊലെ "എന്റെകൎത്താവെ അസാധ്യമെന്ന തൊ
,,ന്നുന്ന കാൎയ്യങ്ങളെ എന്നൊടുകല്പിക്കുന്നതെന്തെ?,, എന്ന
കണ്ണുനീരുകളെ ചിന്തി കൊണ്ട അപെക്ഷിച്ചിരുന്നു. ത
ന്റെമെൽ ശരണപ്പെടുന്ന നീതിമാന്മാരുടെ കണ്ണുനീരു
കളുടെമെൽ മഹാകൃപയായിരിക്കുന്ന സൎവ്വെശ്വരൻ മാ
ർ യൌസെപ്പ പുണ്യവാളൻ വഴിയായിട്ട തന്റെ ഒരൊ
മണവാട്ടിയെ ആശ്വസിപ്പിപ്പാൻ തിരുമനസ്സായി: അതെ
ങ്ങനെയെന്നാൽ മെൽചൊല്ലിയതിൻവണ്ണം ഉണ്ടായിരു
ന്ന ചിലപണികളെ പണമില്ലാഞ്ഞിട്ട നിറുത്തുകയുണ്ടെ
യ്യാറെ മാർ യൌസെപ്പ പുണ്യവാളൻ ശുദ്ധമാകപ്പെട്ട
അമ്മയ്ക്കു കാണപ്പെട്ടു, കല്പണിക്കാരരെ വരുത്തി ആ പ
ണികളെ എടുപ്പിക്കുന്നതിന്ന സംശയിക്കെണ്ട അതെന്തെ
പണം നിനക്ക പൊരാതായി വരികയില്ല എന്ന പുണ്യ
വാളത്തിയൊട അരുളിചെയ്കയും ചെയ്തു. "അതിൻവ
,,ണ്ണം ഞാൻ ചെയ്തു (എന്ന പുണ്യവാളത്തി സാക്ഷിക്കു
,,ന്നു) ഒരുചെമ്പുകാശുപൊലും ഇനിക്കില്ലാഞ്ഞു എന്നാൽ
,,എല്ലാവരും അതിശയിപ്പാൻ തക്ക വഴികളായിട്ട ഇനി
,,ക്ക ആവശ്യമായിരുന്ന ക്രുട്ടങ്ങളൊക്കയും സൎവ്വെശ്വര
,,ൻ കൊടുത്തയച്ചിരുന്നു,, നമ്മുടെ പുണ്യവാളത്തിയുടെ
ജീവിതം നല്ലവണ്ണം സൂക്ഷിക്കുമ്പൊൾ ഒരൊരൊതമ്പുരാ
ൻ തന്റെ ഒരൊ മണവാട്ടിയെ മഹിമപ്പെടുത്തുവാൻ ഇ
വര ഒരൊശൊമിശിഹായുടെ സ്തുതിയും രാജിതവും വൎദ്ധി
പ്പിപ്പാനും പ്രയാസപ്പെട്ട തമ്മിൽ മത്സരിച്ചിരുന്നു വെന്നു

ത്താനുകയ്യും ചെയ്യുന്നു.

എന്നാൽ മെൽ പറഞ്ഞവീട ആശ്രമ ഭാഷയായി നന്നാക്കുന്നതിന്ന വെല ചെയ്തു വരികയിൽ സംഭവിച്ച ഒരു കാര്യ്യം ഇവിടെ അറിയിപ്പാൻ ന്യായമായിരിക്കുന്നു: അതെന്തെന്നാൽ നമ്മുടെ പുണ്യ്യവാളത്തിയുടെ അനുജത്തിയുടെ അഞ്ചു വയസ്സുള്ള ഒരു മകൻ ഗൊൻസാല്ലൊ ദെവാല്ലൊ, കല്ലണിക്കാര പണിയുന്നെടത്ത കളിച്ചിരിക്കയിൽ ഒരു ചുവര അവന്റെമെൽ ഇടിഞ്ഞു വീണതിനാൽ ചാകയും ചെയ്തു: അവന്റെ അപ്പൻ ഒരു കാര്യ്യത്തിന്നായിട്ട പുറത്തുപൊയിവന്നാറെ ഒമനമകനായിട്ടു വളത്തിവരുന്ന ചെറുക്കനെ ശവമായിട്ട കാണുകയും ചെയ്തു: വെഗം അതിനെ എഴുന്നെല്പിച്ച കരങ്ങളിൽ പിടിച്ചു തഴുകി മുത്തി വിളിക്കുന്നു, എന്നാൽ പിതാവിന്നടുത്ത മുത്തല്പുകളും വിളികളും മകനെ ഉയില്പിക്കുന്നില്ല: വ്യാകുലത്താൽ ഭ്രമിച്ചിരിക്കുന്ന അപ്പൻ പ്രവൃത്തിക്കുന്നത ഇന്നതെന്ന തിരിയാതെ ഒടി നമ്മുടെ പുണ്യ്യവാളത്തിയുടെ കൈകളിൽ എല്പിക്കയും ചെയ്യുന്നു: പൈതലിന്റെ അമ്മ അവളെ കാണ്മാനായിട്ട വന്നിരുന്ന എററം ബഹുമാനമുള്ളതിൽ ഒരുസ്ത്രീയൊട സംസാരിച്ചിരുന്നതിനെ കൊണ്ട ചിററാളുകാരുടെ ഒച്ചവും കലുക്കവും കെൾക്കുന്നു എങ്കിലും ആചാരത്തെകുറിച്ച കുറെനെരത്തെക്ക സംഭവിച്ചകാര്യ്യം എന്തെന്ന ചൊദിക്കാതെ അടങ്ങിനിന്നു എന്നുവരികിലും അമ്മയ്ക്കുടുത്ത ഹൃദയം സംഭവിച്ച കാര്യ്യത്തിന്മെൽ സംശയിച്ചു തുടങ്ങിയതിനാൽ അധികം സഹിപ്പാൻ വശമില്ലാതെ എഴുന്നെററ പ്രലാപിച്ച കണ്ണുനീരാൽ മുഖം നനഞ്ഞ ജെഷ്ഠത്തിയായ പുണ്യ്യവാളത്തിയുടെ പക്കൽ ഒടിച്ചെല്ലുന്നു, നമ്മുടെ പുണ്യ്യവാളത്തി അനുജത്തിയുടെ പ്രാണസങ്കടത്തെ കണ്ട അടങ്ങിയിരിപ്പാൻ കല്പിച്ചു, മുമ്പാകെ നിന്നിരുന്ന എറിയ ആളുകൾ കാര്യ്യത്തിന്റെ കലാശം കാണ്മാനായിട്ട മൌനമായിരുന്നു, അപ്പൊൾ ത്രെസ്യ്യ ചത്ത

പൈതലിനെ മടിയിൽ കിടത്തി കന്ന്യാസ്ത്രീകളുടെ മുഖം മൂടുന്നമുട്ടാക്കിനെ ഇറക്കി തന്റെമുഖം പൈതലിന്റെ മുഖത്തൊടുചെൎത്തു കൊണ്ട കുറെനെരം നിന്ന ആ സമയത്ത എത്രയും എരിവുള്ള നെടുവീൎപ്പുകളെ ആകാശത്തിലെക്ക യാത്രയാക്കി ൟ പുത്തൻ ആശ്രമത്തെ സ്ഥാപിക്കുന്നതിന്ന തെരിഞ്ഞെടുപ്പാൻ തിരുമനസ്സായ ആയാളുകളെ ൟ വലിയ ദുഃഖത്തിൽ നിന്ന രക്ഷിക്കണമെന്ന ൟശൊ മിശിഹായൊട പുണ്ണ്യവാളത്തി പ്രാൎത്ഥിച്ചു, ആ ക്ഷണത്തിൽ തന്നെ കൊച്ചു ഗൊൻസാല്ലൊ മരണത്തിന്റെ നിഴലിൽനിന്ന ഉയിൎത്ത വലിയമ്മയായ ത്രെസ്യായുടെ മുഖത്തൊട്ടു ചെറിയ കൈകളെനീട്ടി സന്തൊഷം കാട്ടുന്നപ്രകാരം നമ്മുടെ പുണ്ണ്യവാളത്തിയുടെ മുഖത്തെ തപ്പുകയും ചെയ്തു: അപ്പൊൾ പുണ്ണ്യവാളത്തി മരുമകൻ സാമാന്ന്യ ഉറക്കത്തിൽനിന്ന ഉണൎന്നതിൻവണ്ണം അനുജത്തിയെനൊക്കി പറഞ്ഞതായത, എന്റെ അനുജത്തിയെ എന്തെ ഇതിൻവണ്ണം വ്യാകുലത്തിന്ന നിന്നെത്തന്നെനീ കയ്യാളിക്കുന്നു, ഇതാ പൈതൽ നിന്റെമകനെ പിടിച്ചു തഴുകികൊൾക: ൟ ബ്രഹ്മാണ്ഡമായ പ്രത്യക്ഷം കണ്ട എല്ലാവരും വിസ്മയിച്ചിരുന്നു. പിന്നത്തെകാലങ്ങളിൽ ചില ആളുകൾ നമ്മുടെപുണ്ണ്യവാളത്തിയെ ൟ പ്രത്യക്ഷം ഒൎപ്പിപ്പാൻ ആ സംഗതികൊണ്ട സംസാരിക്കുംപൊൾ നമ്മുടെ പുണ്ണ്യവാളത്തി ഒരുപുഞ്ചിരി മാത്രം കാട്ടിവന്നതല്ലാതെ ആ കാൎയ്യത്തിന്മെൽ ഒരു വചനം പൊലും മിണ്ടുകയില്ല. ഉയിൎപ്പിക്കപ്പെട്ട മരുമകനും കുറെമൂത്തിൎന്നതിന്റെ ശെഷം നമ്മുടെ പുണ്ണ്യവാളത്തിയെ നൊക്കി സംകടമായിട്ട എന്നപൊലെ പറഞ്ഞുവന്നതായത, ആ പ്രായത്തിൽ ഞാൻ ആകാശ രാജ്യത്തിൽ പ്രവെശിച്ച മാലാഖമാരൊട്ടുകൂടെ സൎവ്വെശ്വരനെ സ്തുതിപ്പാൻ ഇനിക്ക തടവുചെയ്തുകൊണ്ട എന്റെ നിത്യരക്ഷയുടെ കാൎയ്യം വിചാരിപ്പാൻ വലിയമ്മയ്ക്ക കടമുണ്ടായിരിക്കകൊണ്ട ഞാ

ൻ നിത്യാനന്ദ ഭാഗ്യം പ്രാപിക്കുന്നതിന്നു വെണ്ടിയ നന്മകളെ ഃക്കയും നമസ്കാരങ്ങളാൽ തമ്പുരാനിൽ നിന്ന ലഭിച്ച തരുവിക്കുന്നതിന്ന വിചാരപ്പെടണം എന്ന പലപ്പൊഴും പറഞ്ഞിരുന്നു. നമ്മുടെ പുണ്യവാളത്തിയും മരണത്തൊളം ഠരം മരുമകന്റെ മെൽ മഹാപക്ഷം കാണിക്കയും ചെയ്തു. പുണ്യവാളത്തി മരിച്ചിട്ട മൂന്നാംവൎഷത്തിൽ ഠരം മരുമകനും പുണ്യങ്ങളാലും മൊക്ഷ സമ്മാനത്തിന്നടുത്ത യൊഗ്യതകളാലും അലങ്കരിക്കപ്പെട്ടവനായി മരിക്കയും ചെയ്തു.

ആറാം മാസം കഴിഞ്ഞപ്പൊൾ ശുദ്ധ.- മാർപ്പാപ്പായുടെ തിരുവെഴുത്ത കൎത്താവ പുണ്യവാളത്തിയൊട മുമ്പുകൂട്ടി പറഞ്ഞിരുന്ന വഴിയാൽ തന്നെ വന്നു. ആ തിരുവെഴുത്തിന്റെ ശക്തിയാൽ നമ്മുടെ പുണ്യവാളത്തിക്കു മെത്രാന്റെ അനുവാദത്തൊടും മുഷ്കരത്വത്തൊടും കൂടെ കൎമ്മലീത്ത സഭയുടെ പൂൎവ്വ റെഗുലയ്ക്കടുത്ത ആശ്രമങ്ങളെ സ്ഥാപിപ്പാനും താനും മററ എതാനും കന്യാസ്ത്രീകളും പുത്തൻ ആശ്രമത്തിൽ പൊയി പാൎക്കുന്നതിന്നും അനുവാദം കിട്ടുകയും ചെയ്തു.

---

## പതിനൊന്നാം അദ്ധ്യായം.

ത്രെസ്യ പുത്തൻ ആശ്രമത്തിൽ പൊയി പൂൎവ്വറെഗുലയുടെകാപ്പ സ്ഥാപിക്കുന്നു. മുൻ സഹിച്ചതിൽ എററം വലിയതും നൂതനമായിട്ടുള്ളതുമായ സങ്കടങ്ങളെ അനുഭവിക്കയും ചെയ്യുന്നു.

---

കൎമ്മെലൊ പൂൎവ്വ പുഷ്പങ്ങളാൽ പൂത്ത നമ്മുടെപുണ്യവാളത്തിയുടെ പരാക്രമമുള്ളതും എരിവുള്ളതുമായ ആ

ഗ്രഹങ്ങൾ നിവൃത്തിയാകെണ്ടുന്നതിന്ന ആഗ്രഹിക്കപ്പെട്ടദിവസം കടശി ഉദിച്ചു.

൧൮൬൬ാം കാലം ചിങ്ങമാസം ൨൯ാം നു– അനുജനം അനുജത്തിയും വീട്ടിൽനിന്ന മാറി വെടിപ്പ വരുത്തിനമ്മുടെപുണ്യ്യവാളത്തി വെണ്ടുന്ന അനുവാദങ്ങളൊടുകൂടെ ക്രമെണ ലൊകമൊക്കയിലും പരന്ന കർമ്മലീത്തസഭയുടെ പുത്തനാക്കിപ്പിന്റെ ഒന്നാമത്തെ ആശ്രമത്തെ സ്ഥാപിക്കയും ചെയ്തു. തന്റെ മഹാമദ്ധ്യസ്ഥന്റെ നാമധെയത്തിൽ പണി ചെയ്യപ്പെട്ട പള്ളി ദാരദ്ര്യ വാസിക്കുത്തതാകണമെന്ന പുണ്യ്യവാളത്തിക്ക താല്പൎയ്യമുണ്ടായിരുന്നാലും നല്ല വെടിപ്പുള്ളതാകുവാൻ തക്കവണ്ണം താല്പൎയ്യപ്പെടുകയും ചെയ്തു. ആ കാലത്തിൽ ആവില പട്ടണത്തിൽ തന്നെയല്ല പിന്നെയൊ കത്തൊലിക്ക പട്ടണങ്ങൾ മിക്കതിലും ൟ മഹാ പുണ്യ്യവാളന്റെ നാമധെയത്തിൽ പണിചെയ്യപ്പെട്ടതായിട്ട യാതൊരുപള്ളിയുമില്ലാഞ്ഞു, അന്നുമുതൽ നമ്മുടെ പുണ്യ്യ പിതാവിന്റെ നെരെ വിശ്വാസികളുടെ ഹൃദയങ്ങളിൽ ഭക്തി അതിശയമായിട്ട വൎദ്ധിച്ചുവന്നതിനൊടുകൂടെ ഒരൊരൊ പട്ടണങ്ങളിൽ ൟ പുണ്യ്യവാളന്റെ നാമധെയത്തിൽ വിശെഷമായ ദെവാലയങ്ങൾ പണിചെയ്യപ്പെടുകയും ചെയ്തു.

അപ്പഴൊ മെലെഴുതിയ ദിവസത്തിൽ നമ്മുടെപുണ്യ്യവാളത്തി ഇൻകൎണ്ണെസ്യൊനെന്ന തന്റെമുമ്പിലത്തെ ആശ്രമത്തിന്റെ രണ്ടുകന്യാസ്ത്രീകളൊടുകൂടെ പുത്തൻ ആശ്രമത്തിൽ ചെന്ന മെത്രാന്റെവെക കൎമ്മങ്ങളൊക്കയും കഴിക്കുന്നതിന്ന നിയമിക്കപ്പെട്ടിരുന്ന ഗാസ്പരൊ ദാസാ എന്ന മല്പാനെ കൊണ്ട പള്ളി ഘൊഷമായിട്ട കൂദാശ ചെയ്യിച്ചതിന്റെശെഷം ആ ദെഹം കുൎബ്ബാനചൊല്ലി ശുദ്ധ.– കുൎബ്ബാന എഴുന്നെള്ളിച്ചു വെക്കയും ചെയ്തു. കടശി പുത്തൻ ആശ്രമത്തിൽ കൂടുന്നതിന്ന ആസ്ഥമായിരുന്ന നാല പെണ്ണെങ്ങൾക്ക കൎമ്മലീത്ത സഭയുടെ ക്രമ

പുസ്തകത്തിൽ കല്പിച്ചിരിക്കുന്ന ക്രമംപൊലെ മെൽചൊല്ലിയ ദെഹത്തിൻെറ കൈയാൽ ഉറ്പ്പു കൊട്ടപ്പിക്കയും ചെയ്തു: ൨൦ നാല വെളെണ്ടതങ്ങൾ ലൊക സമ്പത്തില്ലാത്തവരാ യിരുന്നു വെങ്കിലും പരലൊക നന്മകളാൽ സമ്പത്തുള്ളവരാ യിരുന്നതെന്നിയെ മാലാഖാമാക്കടുത്ത പുണ്യങ്ങളിൽ നന്നാ അഭ്യസിച്ചിട്ടുള്ള വരായിരുന്നു. അവര രാമത്തെ ഇന്നൊച്ചെൻസൊ എന്ന ശുദ്ധ.- മാർപ്പാപ്പാ സ്ഥിരപ്പെടുത്തിയ കർമ്മെലിത്ത സഭയുടെ പ്രൂവ്റെഗുലയെ അതിൻെറ മുഴുവൻ കട്ടപ്പത്തൊടുകൂടെ കാക്കുന്നുണ്ടെന്ന മഹാ ധൈര്യത്തൊടുകൂടെ പറഞ്ഞൊക്കയും ചെയ്തു. നമ്മുടെപുണ്യവാളത്തി ത്രീഹായ്ക്കടുത്ത സിംഹാസനത്തിൽനിന്നകിട്ടിയിരുന്ന അനുവാദത്താൽപ്രൂവ് ഉടുപ്പു മാററി തൻെറ എററം പ്രിയമുള്ള ൨൦ നാല്വ ജ്ഞാന മക്കളൊടുകൂടെ കൂടായിരുന്നു വെങ്കിലും, പ്രൊവിൻസ്യാളിൻെറ അനുവാദവും പാൎത്തിരിപ്പാൻ നിശ്ചയിക്കയും ചെയ്തു. ൨൦ പുത്തൻ ആശ്രമത്തിൽ അതിനൊടുചെൎന്ന ചെറിയ പള്ളിയിലെ പൊലെ സകലവും ദാരിദ്ര്യവും ഞെരുക്കവും അറിയിച്ചിരുന്നു, മുറികളിലും ഉടുപ്പുകളിലും ആകമാനമുറികളിലും അതിൽ പെരുമാററത്തിന്നുണ്ടായിരുന്ന സകലമാന കൂട്ടങ്ങളിലും കുരിശിന്മെൽ തറെക്കപ്പെട്ട മിശിഹാ കൎത്താവിൻെറ അനുഗാമികൾക്കടുത്ത ദാരിദ്ര്യം വിളങ്ങി പ്രകാശിച്ചിരുന്നു. നമ്മുടെ മഹാ പുണ്യവതി ഉടനെ ആശ്രമത്തിൻെറ പണിയും ക്രമവും ദാരിദ്ര്യവാസികൾക്കടുത്ത വണ്ണമെങ്കിലും നല്ലവെടിപ്പൊടുകൂടെ മെൽചൊല്ലിയവണ്ണം സ്ഥാപിച്ചിരിക്കയിൽ ഇപ്പൊൾ കറെ നെരത്തെക്ക ആ വിചാരം വിട്ടെച്ച ജ്ഞാന വീടായിരിക്കുന്ന തൻെറ മക്കളുടെ ആത്മ ഗുണത്തിന്മെൽ വിചാരമായി, അവര ഉപെക്ഷിച്ച ലൊകം മുഴുവനും മറന്നു പൊകുന്നതിന്ന ലൊകത്തിൽ അവൎക്ക ഉണ്ടായിരുന്ന പെരും കീൎത്തിപെട്ട തറവാട്ടുപെരുകൂടെയും മാററവാ

ൽ കല്പിച്ച താൻ അവൾക്ക നല്ല ദൃഷ്ടാന്തമാകെണ്ടുന്നതിന്നു താൻ ധരിച്ചിരുന്ന എത്രയും കീൎത്തിപെട്ട തൻെറ അമ്മയുടെ തറവാട്ടുപെരു ദെന്നമാദ മാററി തൻെറ പ്രിയം നിറഞ്ഞ മണവാളൻെറനെരെ തനിക്കുണ്ടായിരുന്ന സ്നെഹത്തിൻെറ ആധിക്യത്താൽ ഈശൊടെ ത്രെസ്യ എന്നു വിളിക്കപ്പെടുവാൻ നിശ്ചയിക്കയും ചെയ്തു. ഇതിനാൽ ക്രിസ്ത്യാനി പെണ്ണുങ്ങൾക്കുണ്ടായ ഉചിതമായ കണ്ടുപരിതാപം ഇന്നാൾവരെയും ശുദ്ധ - പള്ളിയിൽ നടപ്പായിരിക്കയും ചെയ്യുന്നു, എഴുത്തുകൾക്ക മുദ്ര ഇടുന്നതിന്നു പെരുമാറി വന്ന മുദ്രികയിൽ കൂടെയും ഈശൊ എന്നു തിരുനാമം കൊത്തിക്കയും ചെയ്തു. ഇപ്രകാരമൊക്കയും നടന്നതിൻെറശെഷം നമ്മുടെ ശുദ്ധമാക്കപ്പെട്ട അമ്മ ആ ദിവസത്തിൽ ചെയ്ത ബുദ്ധിമുട്ടുകളാൽ നന്നാ ക്ഷീണിച്ചിരുന്നുവെങ്കിലും സൎവ്വെശ്വരൻെറ സ്തുതിക്കായിട്ടും തൻെറ പരിശുദ്ധ അമ്മ മറിയത്തിൻെറ സഭയുടെ അലങ്കാരത്തിന്നും ഉപകാരത്തിന്നും എത്രയും അടുത്തതായിരിക്കുന്ന ഈ പരാക്രമ പ്രവൃത്തി നിവൃത്തിയായി എന്നു വിചാരിച്ച അത്യന്ത സന്തൊഷത്താൽ നിറഞ്ഞിരുന്നു. പുണ്യവാളത്തി സാക്ഷിക്കുംവണ്ണം പുത്തനായിട്ട ഒരു ദെവാലയത്തിൽ ഈശൊമിശിഹാക്കു മനുഷ്യരുടെനെരെയുണ്ടായിരിക്കുന്ന അളവില്ലാത്ത സ്നെഹത്തിൻെറ അടയാളമാകുന്ന ശുദ്ധ - കുൎബാന എഴുന്നെള്ളിച്ചുവെച്ചിരിക്കുന്നുവെന്നും ഈ ദെവാലയം തൻെറ പ്രിയംനിറഞ്ഞ മദ്ധ്യസ്ഥൻ മാർയൌസെപ്പ പുണ്യപിതാവിൻെറ നാമധെയത്തിൽ പണിചെയ്യപ്പെട്ടതാകുന്നുവെന്നും വിചാരിച്ച ഒരു പറുദീസയിൽ ഇരിക്കുന്നതുപൊലെ പുണ്യവാളത്തിക്ക തൊന്നിയിരുന്നു. എന്നാൽ നമ്മുടെ പുണ്യപതി ഈ വലിയസന്തൊഷവും ഈ പറഞ്ഞൊപ്പിക്കരുതാത്ത ഹൃദയതെളിവും എത്രനെരത്തെക്ക അനുഭവിക്കും? അയ്യൊ! കൎമ്മങ്ങൾ എല്ലാം കഴിഞ്ഞിട്ട മൂന്നു നാലു മണിനെരമായി നമ്മുടെ എത്രയും

ധൈൎയ്യമുള്ള പുണ്യവാളത്തിചെയ്യ മഹാവിഷമമുള്ളപ്ര
വൃത്തിയുടെ കാഴ്ചകണ്ട ഭയപ്പെട്ട വിറെക്കുന്നു, എല്ലാനന്മ
പ്രവൃത്തികൾക്ക വിരൊധിയായിരിക്കുന്ന പിശാച പു
ണ്യവാളത്തിയുടെ ബൊധത്തെ കലക്കി കഠിനമായ യു
ദ്ധത്തിന്ന ഇതാ പുറപ്പെട്ടിരിക്കുന്നു, ആയാശ്രമത്തിൽസ്ഥാ
പിച്ചിരിക്കുന്ന ഉറക്കൊഴിവുകളും കഠിനമായ ഉപവാ
സങ്ങളും ചെരിപ്പില്ലാതെ നഗ്നമായ ആ കാല്പാദങ്ങളും
ഭയങ്കരമായ ആ തപസ്സചട്ടങ്ങളും ഇവമുതലായതൊക്ക
യും ഒൎത്തുവിചാരിച്ചാറെ ഭ്രമിച്ചു. അപ്പൊൾ (നമ്മുടെപു
ണ്യവാളത്തിയുടെ വചനങ്ങളാകുന്നു) അപ്പൊൾ സൎവ്വെ
ശ്വരൻ "എന്നൊടുകല്പിച്ചിട്ടുണ്ടായിരുന്നതൊക്കയും ചൊ
,,ദിച്ച ഗുണദൊഷങ്ങളും ചെയ്യ നമസ്കാരങ്ങളും രണ്ടുവ
,,ൎഷമായിട്ട എന്റെ തുണയും ഉറപ്പുമായിരുന്നിട്ട ആ ദി
,,വസത്തിൽ സകലവും ഒരിക്കലും ഒന്നും ഉണ്ടായിട്ടില്ലാ
,,ത്തതുപൊലെ എന്റെഒൎമ്മയിൽനിന്ന മാച്ചുപ്പെട്ടു, എ
,,ന്റെ ഇല്ലാഴ്മയുടെ ഒൎമ്മ മാത്രം എന്നിൽ ശെഷിച്ചിരു
,,ന്നു: പുണ്യങ്ങൾ എല്ലാം വിശ്വാസം കൂടെയും എന്നി
,,ൽ ഉണങ്ങിയതുപൊലെ യാതൊന്നും ചെയ്യാൻ വശ
,,മില്ലാതെയും ഠരം പിശാചിന്റെ എതിൎപ്പിൽനിന്ന ഒ
,,ഴിയുന്നതിന്നുകൂടെയും ധൈൎയ്യവും വശവും ശെഷിക്കാ
,,തെയും സങ്കടപ്പെട്ടിരുന്നു, അതിന്റെശെഷം ഞാൻഇ
,,ത്ര വലിയ രൊഗക്കാരത്തി യായിരുന്നിട്ട ഇത്ര ഞെരു
,,ങ്ങപ്പെട്ട വീട്ടിൽ എന്നെത്തന്നെ അടെക്കാൻ ഭാവിക്കു
,,ന്നതെങ്ങനെയെന്നും ഇത്രകഠിനമായ തപസ്സുകളെ ഞാ
,,ൻ സഹിപ്പാൻ എങ്ങനെ വശമാകുമെന്നും, എത്രയും
,,സുഖമുള്ളതും വിലാസമുള്ളതും ഇനിക്ക ഏറിയ സ്നെ
,,ഹിക്കപ്പെട്ട കന്യാസ്ത്രീകളുള്ളതും അവിടെ ഞാൻ എ
,,പ്പൊഴും സന്തൊഷത്തൊടുകൂടെ പാൎത്തതുമായ മുമ്പില
,,ത്തെ ആശ്രമത്തെ വിട്ടുപെക്ഷിപ്പാൻ നിശ്ചയിച്ചത എ
,,ങ്ങനെയെന്നും പിശാച എന്നൊടു ചൊദിക്കയായിരു

,,ന്നു. പിന്നെയും പുത്തൻ ആശ്രമത്തിൽ കൂടിയ കന്യാ
,,സ്ത്രീകളുടെ അഭിപ്രായങ്ങളും എന്റെതും ഒരുനാളും
,,ചെരാതെ എല്ലാപ്പൊഴും തമ്മിൽ വിപരീതമാകുമെ
,,ന്നും, എത്രയും ഭയങ്കരമായ ഒരു കാൎയ്യത്തിൽ ഞാൻ എ
,,ല്പെട്ടു പൊയിയെന്നും പക്ഷെ ശരണക്കെട്ടിലുൾപ്പെട്ട
,,മെന്നും, എനിക്കുണ്ടായിരുന്ന സമാധാനവും അനുകൂല
,,വും നീക്കികളയുന്നതിന്ന നരകപിശാച തൊന്നിച്ചകാ
,,ൎയ്യമായിരിക്കുമൊ എന്നും ഇതിൻവണ്ണം കലങ്ങപ്പെട്ടി
,,രിക്കയിൽ ധ്യാനിപ്പാൻ വശമാകയില്ലയെന്നും, പക്ഷെ
,,നരകത്തിൽ നശിച്ചുപൊകുമെന്നും, ഇങ്ങനെ പടപട
,,പൊലെ ആയിരംകൂട്ടം കാൎയ്യങ്ങൾ പിശാച എന്റെ
,,തൊന്നലിൽ തൊന്നിച്ചിരുന്നു: എന്നാൽ ൟ കാൎയ്യങ്ങ
,,ളിൽനിന്ന എന്റെ വിചാരം മാറ്റിവെറിട്ടൊരു കാൎയ്യ
,,ത്തിന്മെൽ വിചാരിപ്പാൻ വശമില്ലായിരുന്നു, ഇവയൊ
,,ക്കയും പൊരാഞ്ഞിട്ട ഹൃദയത്തിൽ വചനത്താൽ പറ
,,ഞ്ഞറിയിപ്പാൻ വഹിയാത്ത ആധിയും ബൊധത്തിൽ കൂ
,,രിരുട്ടും അന്ധകാരവുമായിരുന്നു ഇപ്രകാരമുള്ള സങ്കട
,,ത്തിൽ അകപ്പെട്ടിരിക്കയിൽ ശുദ്ധ.- കുർബാനയിൽ എ
,,ഴുന്നെള്ളിയിരിക്കുന്ന ൟശൊമിശിഹായുടെ തിരുമുമ്പാ
,,കെ ഓടിചെന്നിരുന്നു എന്നാൽ എന്റെ സഹായത്തിന്ന
,,ൟശൊമിശിഹായെ വിളിപ്പാൻ കൂടെയും വശമില്ലാ
,,ഞ്ഞു: മരണവെദനകളെ അനുഭവിക്കുന്ന ആളിനെ
,,പൊലെ ഞാനായിരുന്നുവെന്ന എനിക്കതൊന്നുന്നു,, പി
ന്നെയും ഹൃദയത്തിന്റെ മുഴുവൻ സങ്കടത്തൊടുകൂടെ ന
മ്മുടെ പുണ്യവാളത്തി സൎവ്വെശ്വരനെനൊക്കി ചൊല്ലുന്ന
തായത.

,,ഓ! എന്റെസൎവ്വെശ്വരാ കൎത്താവെ! ൟ ജീവിതം
,,എത്രയൊ അരിഷ്ടങ്ങളാൽ നിറഞ്ഞതായിരിക്കുന്നു! ൟ
,,ജീവിതകാലത്തിൽ ഉറപ്പുള്ള സന്തൊഷമില്ല പകച്ച
,,യില്ലാത്തകൂട്ടം ഒന്നുമില്ല, ഭൂമിയുടെ എല്ലാ വസ്തുക്കൾ

,,ക്ക പകരമായിട്ട ഞാൻ കൊടുക്കയില്ലാഞ്ഞു എന്ന എ
,,ന്റെ ഹൃദയത്തിന്റെ മഹാ സന്തൊഷത്തെ പകൎത്തി
,,ഞാനെന്തുചെയ്യെണ്ടു എന്ന അറിവാൻ വഹിയാത്തപ്ര
,,കാരത്തിൽ എന്നെ ഞെരുക്കി കഷ്ടപ്പെടുത്തുന്ന ദുരിതങ്ങ
,,ളിൽ ആക്കിയത ഒരു ക്ഷണനെരമത്രെ ആയത: ആ:
,,നമ്മുടെ ജീവിതം എന്താകുന്നു എന്ന നാം ഒരൊരുത്ത
,,ര ഉന്നി നിരുപിച്ചിരുന്നാൽ ഇതിന്റെ സന്തൊഷങ്ങ
,,ളും ദുഃഖങ്ങളും കൂട്ടാക്കുന്നതിന്ന തക്ക കാൎയ്യമല്ല എന്ന
,,അവനവൻ തനതുബൊധം കൊണ്ടും അനുഭവ സിദ്ധി
,,യാലയും ഗ്രഹിക്കുമായിരുന്നു,,

നമ്മുടെ പുണ്യവാളത്തി തന്റെ ക്ഷീണങ്ങളൊക്കയും ഇത്ര പരമാൎത്ഥത്തൊടുകൂടെ അറിയിക്കുന്നുവെല്ലൊ എന്ന നാം ഒൎക്കുമ്പൊൾ മഹാ അലിവ നമ്മുടെ ഹൃദയത്തിൽ തൊന്നുകയും ചെയ്യുന്നു: എന്നാൽ ഒരം തന്റെ പരാക്രമശ്രമത്തിന്ന നെരിട്ടിരിക്കുന്ന വിരൊധങ്ങളും എണ്ണമില്ലാത്ത വിഘ്നങ്ങളും ഹെതുവായിട്ട നമ്മുടെ പുണ്യവതി അനുഭവിപ്പാനിരിക്കുന്ന സങ്കടങ്ങളുടെ ഭാരത്തിൻ കീഴ വീഴുമൊ എന്ന വിചാരിച്ച നാം ഭയപ്പെടുന്നു അതെന്തുകൊണ്ടെന്നാൽ പുത്തൻ അശ്രമം സ്ഥാപിക്കപ്പെട്ടു എന്നീവൎത്തമാനം പട്ടണത്തിൽ കെൾവിപ്പെട്ടപ്പൊൾ കൊവെന്തകൾ കലങ്ങുന്നു, സന്യാസികൾ നമ്മുടെ പാവപ്പെട്ട കന്യകയ്ക്കു വിരൊധമായിട്ട ഒരുമ്പെടുന്നു, പറാൎത്ഥക്കാരപുള്ളങ്ങളിൽനിന്ന പുത്തൻസഭക്കൂട്ടത്തിന്ന വിരൊധമായിട്ട പറാൎത്ഥപറയുന്നു, ചതിവിൽ അകപ്പെട്ട മെല്ലട്ടക്കാരത്തിന്നും കന്യാസ്ത്രീകൾക്കും വലിയമഹറൊൻ ചൊല്ലുവാറായിരിക്കുന്നു, രണ്ടുമൂന്ന മണിനെരം മുമ്പിൽ ഒരംആശ്രമത്തെ കുറിച്ച സവിശെഷമായ സ്തുതിയായിട്ട സംഗിതങ്ങളെ പാടിയിരുന്ന നഗരിവാസികൾ ഇരിക്കയിൽ നിന്ന ആ പാട്ടുകളെ നിറുത്തി ഒരം ആശ്രമത്തെ ഇടിച്ചുകളയാഞ്ഞാൽ വെഗത്തിൽ അവരുടെനഗരിക്ക നാശം ഭ

വിക്കമെന്ന എല്ലാ അന്തസ്ഥകാരും കൂടി കലഞ്ഞി നില
വിളിക്കയും ചെയ്യുന്നു, നമ്മുടെ പുണ്യവാളത്തി മുമ്പിൽ
പാൎത്തിരുന്ന കൊവെന്തയിലെ കന്യാസ്ത്രീകളും വൎത്തമാ
നം കെട്ടാറെ അവരും കലഞ്ഞി ശെഷം പെരുടെമെൽ
വാഴുവാനുള്ള ദുരാശയാൽ ത്രെസ്യ ഈ പുത്തൻആശ്ര
മത്തെ സ്ഥാപിച്ചുവെന്നും അവരുടെ എത്രയും കീൎത്തി
പെട്ട ആശ്രമത്തിന്ന മാനക്കെടാകുന്നുവെന്നും എത്രയും
കഠിനമായ ശിക്ഷകൾക്ക ത്രെസ്യ പാത്രമാകുന്നുവെന്നും
നിലവിളിച്ചു തുടങ്ങി, ഈ കലഹങ്ങളൊക്കയും നിറുത്തു
ന്നതിന്ന ഇൻക്കൺസ്യൊനിന്റെ ആശ്രമമൂപ്പത്തി ശ
ക്തിയായിട്ടുള്ളകല്പനയാൽ നമ്മുടെപുണ്യവാളത്തിയൊ
ട പ്രമാണിച്ചതായത, കല്പന കണ്ടാലുടനെ പുത്തൻ ആ
ശ്രമത്തെവിട്ട മുമ്പിലത്തെ ആശ്രമത്തിൽ ചെന്നുചെരു
വാൻ കീഴ്വഴക്കത്തിന്റെ കീഴ പ്രമാണിക്കുന്നുവെന്നു· ന
മ്മുടെ പുണ്യപതി ആ കല്പനകൈപ്പററിയവുടനെ ദുഃഖ
സമുദ്രത്തിൽമുഴുകിപൊയി തന്റെ നാലു പുതുകന്യാസ്ത്രീ
കളൊട സലാഞ്ചൊല്ലി അവരിൽ ഒരുത്തിയെ ആശ്രമ
പ്രമാണിയായിട്ട നിശ്ചയിച്ച മുമ്പിലത്തെ ആശ്രമത്തിൽ
ചെന്നുചെരുകയും ചെയ്തു· അവിടെചെന്നാറെ പ്രവൃത്തി
ച്ചതെല്ലാം മൂപ്പത്തിയെ ബൊധിപ്പിച്ചു, എന്നതിന്റെ ശെ
ഷം മൂപ്പത്തിക്ക ഉണ്ടായിരുന്ന ഇഷ്ടക്കെട്ടും പുണ്യവാള
ത്തിയുടെനെരെ അവൾക്കതൊന്നിയിരുന്ന മുഷിച്ചിലും ഒ
ന്നുകുറഞ്ഞു, എന്നാൽ പ്രൊവിൻസ്യാൾ എന്ന ദെഹം
സംഭവിച്ച കാൎയ്യവും പട്ടണവാസികളുടെ അമിളിയും
കെൾക്കകൊണ്ട ഇൻക്കൺസ്യൊനിന്റെ ആശ്രമത്തി
ൽ ചെന്നിരുന്നതിനെകൊണ്ട ആ ദെഹത്തിന്റെ മുമ്പാ
കെ ഈ കാൎയ്യമൊക്കയും വിസ്തരിക്കെണ്ടതാകുന്നുവെന്ന
കന്യാസ്ത്രീകൾ പറഞ്ഞ ആദെഹത്തിന്റെമുമ്പാകെ ചെ
ല്ലുകയും ചെയ്തു: നമ്മുടെപുണ്യവാളത്തി എഴുതിസാക്ഷി
ക്കുന്നതുപൊലെ മാനുഷരെല്ലാവരും തമ്പുരാന്റെ ന്യാ

യ സിംഹാസനത്തിൻ മുമ്പാകെ വിധിക്ക നിറുത്തപ്പെട്ടമ്പൊൾ താൻ നിറുത്തപ്പെട്ടുവാൻ പൊകുന്ന വിധിയെകായിലും ഭയങ്കരപ്പെട്ടതാകുന്നുവെന്ന ആ സമയത്ത വിചാരിച്ചിരുന്നു. പ്രദെശത്തലവന്റെ മുമ്പാകെ ചെന്നപ്പൊൾ കുറ്റക്കാരത്തിയെ പൊലെ എന്റെ പിഴയെന്നു ചൊല്ലി കഴിഞ്ഞിട്ട ആ ദെഹം കൎശനമായിട്ട അവളെ കുറ്റപ്പെടുത്തിയെംകിലും തന്റെമെൽ ചുമത്തപ്പെട്ടിരുന്ന കുറ്റങ്ങളുടെ അവസ്ഥയ്ക്കു തക്കതിൻവണ്ണം കുറ്റപ്പെടുത്തിട്ടില്ല എന്ന നമ്മുടെ പുണ്യവാളത്തിതന്നെ സാക്ഷിക്കയും ചെയ്യുന്നു. അതിന്റെശെഷം ഒന്നുവണ്ണം പ്രവൃത്തിപ്പാനുള്ളതിന്ന തനിക്കുണ്ടായിരുന്ന ന്യായങ്ങളെ എല്ലാവരുടെമുമ്പാകെ പറഞ്ഞു കെൾപ്പിക്കുന്നതിന്ന പ്രൊവിൻസ്യാൾ പുണ്യവാളത്തിയൊട പ്രമാണിച്ചു, അപ്പൊൾനമ്മുടെപുണ്യവതി തനിക്ക സ്വഭാവത്താൽ ഉണ്ടായിരുന്ന പരമാൎത്ഥത്തൊടും തെളിവൊടും മഹിമയൊടുംകൂടെ തന്റെന്യായങ്ങളെയെല്ലാം കെൾപ്പിച്ചു, എന്നാറെ പ്രൊവിൻസ്യാൾ എങ്കിലും ശെഷം കന്യാസ്ത്രീകൾ എങ്കിലും നമ്മുടെ പുണ്യവാളത്തിയെ കുറ്റം എല്പിക്കുന്നതിന്ന യാതൊരു ന്യായവും സംഗതിയും കാണായ്കകൊണ്ട വിസ്താരം നിറുത്തുകയും ചെയ്തു. നമ്മുടെപുണ്യമ്മ ശെഷം കന്യാസ്ത്രീകൾ പിരിഞ്ഞതിന്റെ ശെഷം ഏറിയ നെരമായിട്ട പ്രൊവിൻസ്യാളിനൊട സ്വകാൎയ്യമായിട്ട സംസാരിക്കയും ചെയ്താറെ ആ ദെഹത്തിന്ന മഹാ തൃപ്തിയായി, പട്ടണത്തിലുണ്ടായിരുന്ന കലഹത്തിന്ന അടക്കം വരികയും സ്ഥാപിച്ച ആശ്രമം ഉറപ്പാകയുംചെയ്യുമ്പൊൾ ആ പുത്തൻ ആശ്രമത്തിൽ പൊയി കൂടുന്നതിന്ന വെണ്ടുന്ന അനുവാദങ്ങളൊക്കയും തരാമെന്ന പുണ്യവാളത്തിയൊട പറഞ്ഞാകയും ചെയ്തു.

പട്ടാങ്ങയായിട്ട ആവില പട്ടണവാസികൾ എല്ലാവരും കലങ്ങി ഒരു കൊട്ടപിടിക്കുന്നതിന്ന ശത്രുക്കാരുടെ

സെനകൾ ചെന്ന കൊട്ടയെ വളയുമ്പൊൾ അകത്തിരി
ക്കുന്നവക്ക ഉണ്ടാകുന്ന ബുദ്ധിഭ്രമവും ഭയവും എങ്ങനെ
യായിരിക്കുന്നൊ എന്നാൽ അതിനെകായിലും നാല പാ
വപ്പെട്ട കന്യാസ്ത്രീകൾ കൂടിയിരുന്ന ആശ്രമം ഹെതു
വായിട്ട ആവില പട്ടണവാസികൾക്ക വലിയ ഭയവും
കലക്കവുമുണ്ടാകയും ചെയ്തു. പട്ടണത്തിന്റെ രാജ അ
ധികാരിയും പ്രമാണപ്പെട്ടവരും, തെയൊലൊഗിയ മ
ല്പാന്മാരും വക്കീൽമാരും ഒരം കാൎയ്യം നിദാനംവരുത്തു
ന്നതിന്ന സംഘമായിട്ട കൂട്ടുകയും ചെയ്തു: എന്നാൽ ആ
ബുദ്ധിമാന്മാരുടെ സമൂഹം വിശ്വസിപ്പാൻ പാങ്ങില്ലാത്ത
ബുദ്ധിമയക്കത്താൽ പുത്തൻ ആശ്രമത്തിലെ പള്ളിയിൽ
നിന്ന ശുദ്ധ — കുൎബാന മാററിട്ട അതിനെ പൊളിച്ചല്ലാ
തെ ആവില പട്ടണത്തിന്ന രക്ഷയുണ്ടാകയില്ല എന്ന തി
ല്പായ വിധി നിശ്ചയിക്കയും ചെയ്തു. ആ സംഘത്തിൽ കൂ
ടിയതിൽ അന്ന മഹാ കീൎത്തിപെട്ട മല്പാൻ ആയിരുന്ന
ദൊമ്മിനിക്കൊസു പുണ്യവാളന്റെ സഭക്കാരൻ ദൊമ്മി
നിക്കൊ ബാഞ്ഞസ് എന്ന ദെഹം ആ സംഘശാലയിൽ
എഴുന്നെററ മഹാധൈൎയ്യത്തൊട്ടും മൂൎച്ചയുള്ള തന്റെവാ
ക്കുസാമൎത്ഥ്യത്തൊട്ടുംകൂടെ മെൽചൊല്ലിയ വിധിതിപ്പിന്ന
വിരൊധമായിട്ട ഒരുപഠാൎഥ പറഞ്ഞതുകൊണ്ട ആ തി
ല്പുംപ്രകാരം നടത്തിയില്ല. ഒരംദെഹം അന്നകമ്മെലീത്ത
ദെസ്കാൾസു സഭയ്ക്കു ചെയ്ത വുപകാരം കമ്മെലീത്തസ
ഭക്കാര എന്നന്നെക്കും നന്ദിയൊട്ടു കൂടെ ഒൎപ്പാൻ കടമാ
യിരിക്കുന്നു. എന്നാൽ ആദെഹം പറഞ്ഞ ന്യായങ്ങളിൽ
എതാനുമെങ്കിലും അറിവാൻ ആഗ്രഹിക്കു നവക്കായിട്ട
കഴിയുന്നെടത്തൊളം അതിനെ മൊഴിക്കു മൊഴിയായി
പൊരുൾതിരിച്ച ഇവിടെ ചെൎത്തിരിക്കുന്നു: അതെങ്ങനെ
യെന്നാൽ, "ഇത്രവന്ദിക്കപ്പെട്ട ആളുകളുടെ അഭിപ്രായ
,,ത്തിന്നും, വിശെഷ ബുദ്ധിയൊട്ടും വിവെകത്തൊട്ടുംകൂ
,,ടെ ചെയ്യപ്പെട്ട ആലൊചനകൾക്കും വിരൊധിക്കുന്ന

Carmel Monastery,
P. O. Vazhakulam.
Kerala State

„ത പരിഛെദം കൊള്ളരുതാത്തതുനിവ്വും അഹങ്കാരവ്വുമ
„ുന്നിക്ക തൊന്നുന്നു: എന്നാൽ ഇപ്പൊഴത്തെ ൦രം നമ്മു
„ടെ ആലൊചനയെപൊലെ സ്വാതന്ത്ര്യമുള്ള വ്യവ
„ഹാരങ്ങളിലും, ആലൊചനകളിലും ശെഷമുള്ളവരു
„ടെ മനസ്സാക്ഷികളെകാൾ സ്വന്തമനസ്സാക്ഷി ഏററം
„ഉറച്ചശബ്ദത്തൊടെനിലവിളിച്ച സ്വരം കെൾപ്പിക്കുന്നു
„യെന്നത നെരാകുന്നയെങ്കിൽ എന്റെ മനസ്സാക്ഷി ദെ
„സ്സാൾസു കമ്മെലീത്ത കന്ന്യാസ്ത്രീകളുടെ ആശ്രമത്തെ
„കാത്തു രക്ഷിക്കുന്നതിന്ന എന്നെ കടപ്പെട്ടുത്തുന്നുവെന്ന
„പ്രസിദ്ധമായിട്ട തങ്ങളെ തിരിയപ്പെടുത്താതെയിരിപ്പാ
„ൻ പാടില്ല: എന്നാൽ എങ്ങനെയായാലും എന്റെ വ
„ചനങ്ങൾ പക്ഷഭെദവും മുഖ ദാക്ഷിണ്യവും ഇല്ലാത്ത
„തായി തങ്ങളുടെ ചെവിയിൽ കെൾക്കപ്പെടുകയുംചെ
„യ്യും: അതെന്തുകൊണ്ടെന്നാൽ ഇന്നാൾവരെഅതിന്റെ
„അടിസ്ഥാനക്കാരത്തിയെ ഞാൻ കണ്ടിട്ടില്ല, അവരുടെ
„അഭിപ്രായങ്ങളെയും കറിമാനങ്ങളെയും എന്നൊട്ട പ
„റഞ്ഞറിയിച്ചിട്ടുമില്ല, ഒരുപ്രകാരത്തിലും അവരെഞാൻ
„അറിഞ്ഞിട്ടുമില്ല, അപ്പഴൊ ൦രം ആശ്രമത്തിന്റെസ്ഥാ
„പനം പുത്തനായിട്ടുള്ളതാകുന്നു ഇത നെരുതന്നെ ഞാ
„നും അനുസരിക്കയും ചെയ്യുന്നു: പുത്തനായിട്ടുള്ളതാക
„കൊണ്ട ബുദ്ധിയും വിവെകവുമില്ലാത്ത ഇളയ ജനങ്ങ
„ളുടെ ഇടയിൽ നൂതന കാര്യ്യങ്ങളാലുണ്ടാകുന്ന ഫലം
„അതായത കലക്കം ഇതിനാൽ ഉണ്ടാകയും ചെയ്യു: എ
„ന്നാൽ നൂതനമായ കാര്യ്യങ്ങൾ എല്ലാം കൊള്ളരുതാ
„ത്ത തല്ലായ്കയാൽ ഇത്ര വന്ദിക്കപ്പെട്ട സംഘമായിരിക്കു
„ന്ന ൦രം നമ്മുടെ സംഘത്തിലും അതിനാൽ കലക്കമു
„ണ്ടാകുവാൻ യാതൊരു ന്യായവുമില്ല, പക്ഷെ ശെഷം
„സന്ന്യാസി സഭകൾ ൦രംവണ്ണമല്ലായിരിക്കുമൊ സ്ഥാപി
„ക്കപ്പെട്ടത ? ഇപ്പൊൾനമ്മുടെ കൺമുമ്പാകെ ചെയ്യപ്പെ
„ടുന്ന മററ സന്ന്യാസി സഭകളുടെ പുത്തനാക്കിപ്പുകളും

,,നമ്മുടെ കാരണവന്മാരുടെ കാലങ്ങളിൽ ചെയ്യപ്പെ
,,ട്ടതും ആരും വിചാരിക്കാത്തപ്പൊൾ അല്ലയൊ പ്രസി
,,ദ്ധമായത? നമ്മുടെ കൎത്താവ ൟശൊമിശിഹാ തന്നെ
,,ക്രിസ്ത്യാനി തിരുസ്സഭയെ പുത്തനാക്കിയില്ലയൊ? പുതിയ
,,താകുന്നുവെന്ന ൟ ന്യായത്താൽ നാം മനൊധൈൎയ്യ
,,മററ ഭയമുള്ളവരായി എല്ലാററിന്നും വിരൊധംചെയ്യാ
,,ൽ യാതൊരുകാൎയ്യം എത്ര നല്ലതും ഉപകാരമുള്ളതുമാ
,,യിരുന്നാലും ചെയ്യാനും, നടത്തുവാനും ഒരുനാളും ഇ
,,ടവരികയില്ല: സൎവ്വെശ്വരന്റെ എററം വലിയ സ്തുതി
,,ക്കായിട്ടും മാനുഷമക്കളുടെ വ്യാപാരത്തിന്റെ നന്നാക്കി
,,പ്പിന്നായിട്ടും സ്ഥാപിക്കുന്ന കൂട്ടങ്ങൾ പുതിയ കാൎയ്യങ്ങ
,,ൾ എന്നും, നൂതനമായ കണ്ടെത്തിപ്പുകൾ എന്നും അ
,,ല്ലവിളിക്കെണ്ടുന്നത പിന്നെയൊ പുണ്യത്തിന്റെ പുത്ത
,,നാക്കിപ്പ എന്നുവിളിപ്പാൻ ന്യായം എന്നാൽ പുണ്യംപു
,,ത്തൻ കൂട്ടമല്ല പിന്നെയൊ പഴയതായിരിക്കുന്നു: ആ
,,ണ്ടിന്നകത്ത സകലവും കിളുക്കുന്ന കാലംവരുമ്പൊൾ
,,വൃക്ഷങ്ങൾ പുതിയ ഇലകളാലും പുഷ്പങ്ങളാലും അല
,,ങ്കരിക്കപ്പെട്ടുന്നതിനെ കൊണ്ട പുതിയവൃക്ഷങ്ങളെന്നുപ
,,റയണമൊ? ആദിത്യൻ അനുദിനമായി ഉദിക്കുന്നതിനാ
,,ൽ ഒരൊദിവസത്തിൽ അതിനെ പുത്തൻ വസ്തുവായി
,,ട്ട വിചാരിക്കുന്നവരുണ്ടൊ? ഇല്ല. അപ്പഴൊ സന്ന്യാസി
,,സഭകളിൽ ഇങ്ങനെയുള്ള പുത്തനാക്കിപ്പുകൾ കൊള്ള
,,രുതാത്തതായി കുററം വിധിപ്പാൻ ഭാവിക്കുന്നത എങ്ങ
,,നെ? ഒരു സന്ന്യാസി സഭയിൽ കുററപ്പാടിന്ന എററം
,,യൊഗ്യമുള്ളതായി തങ്ങൾ കാണുന്നതെന്താകുന്നു? അ
,,തിന്റെ പൂവ് അലങ്കാരം നശിച്ചു പൊകുന്നതൊ, അ
,,തിനെ വീണ്ടും ലഭിക്കുന്നതൊ? എന്നാൽ മുമ്പിലത്തെത
,,ങ്ങളെ ഭയപ്പെടുത്തുന്നില്ല യെങ്കിൽ രണ്ടാമത്തെത ത
,,ങ്ങളെ ഇത്ര ഉതെപ്പിക്കുന്നതെന്തെ? പുണ്യത്തിന്നും സ
,,ൎവ്വെശ്വരന്റെ എററം വലിയ സ്തുതിക്കും വിരൊധിക്കു

„ന്നകാൎയ്യം അത കുറെറംപറയപ്പെടുവാൻ തക്ക കാൎയ്യമാ
„യിരിക്കുന്നു: ഇപ്പൊൾസ്ഥാപിക്കപ്പെട്ട കൎമ്മലീത്ത ക
„ന്യാസ്ത്രീകളുടെ ആശ്രമം പൂവ് സഭയുടെ ഒരുപൂത്തനാ
„ക്കിപ്പായിരിക്കുന്നു, അതിനാൽ പൂവ് അലങ്കാരത്തിൽനി
„ന്ന വീണിരുന്നത മുമ്പിലത്തെ അവസ്ഥയിൽ ആക്കപ്പെ
„ടുകയും ചെയ്യുന്നു: നമ്മുടെ ശുദ്ധ- വെദത്തിന്റെ വ
„ൎദ്ധിപ്പിനും ക്രിസ്ത്യാനികളൊക്കയുടെ നല്ലകണ്ടുപഠിത്വ
„ത്തിനും അടുത്തതായിരിക്കുന്ന ഒരുകാൎയ്യമിതായിരിക്കുന്നു
„ഠരം ന്യായങ്ങളെ നൊക്കിച്ചാൽ ഠരം കൊവെന്തിന്ന സ
„ഹായവും ഉപകാരവും ചെയ്യാനുള്ള കടം കാണാത്ത
„വനാര? പ്രത്യെകം കത്തൊലിക്ക സംഘങ്ങളിൽ തല
„വന്മാരായി നില്ക്കുന്നവൎക്ക ഉണ്ടായിരിക്കുന്ന കടം കാ
„ണാത്തവനാര? ഇത്ര സ്തുതിക്കപ്പെടുവാൻ തക്കതായി
„രിക്കുന്ന വെലകളെ ചെയ്യാനും, ചെയ്യപ്പെടുന്ന തുക
„ളെ ആദരിച്ച രക്ഷിപ്പാനും മെൽ ചൊല്ലിയവൎക്ക കടമു
„ണ്ടായിരിക്കുന്നുവെന്നതിന്ന സംശയമില്ല.

„പലരും ത്രെസ്യായെകണ്ടുപഠിക്കുന്നതിന്ന സൎവെശ്വ
„രൻ ഇടക്കൂട്ടിയെങ്കിൽ നന്നായിരുന്നു: ഹെ! ഇങ്ങിനെയു
„ള്ളവര ആവില പട്ടണത്തിന്ന എത്രയൊ ബഹുമാനം
„വരുത്തുമായിരുന്നു, നാമും ഠരം ധൈൎയ്യമുള്ള കന്യാസ്ത്രീ
„യുടെ പിന്നടിയിൽ നടന്നാൽ നമ്മുടെരാജാക്കന്മാൎക്കും
„തിരുസ്സഭയ്ക്കും എത്രയൊ ബഹുമാനവും എത്രയൊ പുക
„ഴ്ചയും! എന്നാൽ സന്യാസി സഭകൾ അളവു കടന്നിട്ടു
„ള്ള പ്രകാരമായി പെരുകിയാൽ കൊള്ളാമെന്ന പറ
„വാൻ അല്ല ഞാൻ ഭാവിക്കുന്നത, എന്നാൽ മതിയെന്ന
„പറഞ്ഞ ഒരളവു നിശ്ചയിക്കുന്നത അത്ര എളുപ്പമുള്ള
„കാൎയ്യമല്ല: അതെന്തെ ദുഷ്ടമാനുഷരും അഹങ്കാരികളും
„അധികമായി എന്ന ആരും ഒരിക്കലും വിചാരിക്കാതെ
„അവരുടെമനസ്സപൊലെ പെരുകാമെങ്കിൽ, സാധൊ
„പാംഗ മാൎഗ്ഗത്തിൽ നടക്കുന്നവര അധികമായി എന്ന

„നാം എന്തൊരു ന്യായത്താൽ പറയുന്നു, ഇങ്ങിനെയുള്ള
„വരെ സംകടപ്പെടുത്തിക്കൊരുക്കുന്നതെന്തെ? യാതൊരു
„വെദമില്ലാത്ത ആളുകളാൽ നഗരികൾ നിറഞ്ഞിരിക്കു
„ന്നു, നഗരികളുടെ തെരുവീഥികളിൽ തെമ്മാടികളും
„നാണംകെട്ടവരും മടിയന്മാരും കഴുത്തൊളം ദുഷ്ട്ടണ
„ങ്ങളിലും ദുഷ്ടതകളിലും മുഴുകിയിരിക്കുന്ന ആണും പെ
„ണ്ണും കൂട്ടമായിട്ടു സഞ്ചരിക്കുന്നു, അധികമായിയെന്ന പ
„റയുന്നവരാരുമില്ല. ഇത്ര വലിയ തിന്മയ്ക്കും നാശത്തി
„ന്നും ഒരു കുഴിവുണ്ടാകുന്നതിന്ന വെലചെയ്യാൻ ആരു
„മില്ല. എന്നിരിക്കുമ്പൊൾ ലൊകത്തിന്റെ ഒരു മൂലയി
„ൽ ഒളിച്ചിരുന്ന നമുക്കുവെണ്ടി സൎവ്വെശ്വരനൊട ഇട
„വിടാതെ പ്രാൎത്ഥിക്കുന്ന നാല പാവപ്പെട്ട കന്യാസ്ത്രീക
„ൾ, വലിയനാശത്തിന്നും നമ്മുടെനഗരിക്കു സഹിപ്പാൻ
„മെലാത്ത ഭാരത്തിന്നും കാരണമായി തീരുവാൻ പാടു
„ള്ള കാൎയ്യമാകുന്നതെങ്ങനെ? അപ്പൊഴൊ ഒരുപട്ടണത്തെ
„ഭ്രമിപ്പിക്കുന്നത ഇതാകുന്നൊ? അപ്പൊഴൊ ഒരു പട്ടണ
„ത്തെ കലക്കുന്നത ഇതാകുന്നൊ? വിശെഷാൽ ആലൊ
„ചനസംഘങ്ങളെ കൂട്ടുന്നതിന്നുള്ള കാരണമിതാകുന്നൊ?
„ആട്ടെ ഇതെന്താകുന്നു? നാം ഇവിടെ കൂടിയതെന്തെ? ന
„മ്മുടെപട്ടണത്തിന്റെ മതിലുകളുമ്മെൽ കെറി ൟ ന
„ഗരി കയ്യെററം ചെയ്യുന്ന ശത്രുക്കാരുടെ സെനകൾ എ
„ത? നമ്മുടെപട്ടണത്തെ കത്തിച്ച ഭസ്മമാക്കുന്ന തീ, എ
„ത? പട്ടണവാസികളെ ചുരുക്കമാക്കുന്ന വസന്ത എത?
„നമ്മെ ഭയപ്പെടുത്തുന്ന പഞ്ഞം എത? ൟ പട്ടണത്തി
„ന്നസമീപിച്ചിരിക്കുന്ന നാശം എത? അപ്പൊഴം നമ്മുടെ
„ആവില പട്ടണത്തിൽ ഇങ്ങനെയുള്ള ഇളക്കത്തിന്നും ക
„ലക്കത്തിന്നും കാരണം, ദാരിദ്ര്യപ്പെട്ടവരും സാധുശീ
„ലമുള്ളവരും പുണ്യമുള്ളവരുമായ നാലു ദെസ്താൾസു
„കന്യാസ്ത്രീകൾ ആകുന്നൊ? ഇത്ര ലഘുവായ കാൎയ്യം
„ഹെതുവായിട്ടു ഒരു ആലൊചനസംഘം കൂട്ടിയതും, ന

,,മ്മെ എല്ലാവരെയും ഇവിടെവിളിച്ചു വരുത്തിയതും,,
,,നമ്മുടെതിനെ പൊലെയുള്ള ഒരുപട്ടണത്തിന്റെ അ
,,ധികാരത്തിന്ന ബഹുമാനമുള്ള കാൎയ്യമല്ല എന്ന പറയു
,,ന്നതിന്ന അനുവദിക്കണം: ആ യാശ്രമം വരവുകൾ
,,കൂടാതെ ദാരിദ്ര്യപ്പെട്ട ആശ്രമമായിട്ട സ്ഥാപിക്കപ്പെ
,,ട്ടത നന്നായിയില്ല എന്ന ഞാനും അനുസരിച്ചിരിക്കുന്നു.
,,നമ്മുടെപട്ടണത്തിന്ന ആ കന്യാസ്ത്രീകളെ തീറ്റുവാൻ
,,ചുമതല വരുന്നതു കൊണ്ടല്ല ഇത തുലൊം ചെൎച്ചവായ
,,കാൎയ്യമാകുന്നു: പിന്നെയൊ? ആ പാവപ്പെട്ട കന്യാസ്ത്രീ
,,കൾനിശ്ചയമുള്ള വരവുകളും ചിലവുകളും കൂടാതെ
,,അവിടെ ഏകാന്തമായി അടയപ്പെട്ടിരിക്കയിൽ ഒരൊ
,,രു ക്ഷണത്തിൽ അവരുടെ ആയുസ്സിന്ന പ്രത്യെകം ആ
,,വശ്യമുള്ള കൂട്ടങ്ങൾ ഇല്ലാതായിപ്പൊകുവാനുള്ള യൊ
,,ഗ്യത്തിൽ ഇരിക്കുന്നതുകൊണ്ടത്രെ: അവൎക്കവന്നുകൂട്ടുവാ
,,ൻ പാട്ടുള്ളതായിരിക്കുന്ന തിന്മകളെ മുമ്പിൽ കൂട്ടിയറി
,,ഞ്ഞ അതിന്ന കഴിവുണ്ടാക്കുന്നത ഒരു പട്ടണത്തിന്റെ
,,നല്ലഭരിപ്പിന്നടുത്ത കാൎയ്യമാകുന്നു വെന്ന ഇനിക്ക സമ്മ
,,തംതന്നെ യായിരിക്കുന്നു: എന്നാൽ ഇത അല്ലെന്നി ക്കാ
,,ൎക്കും ലൊകത്തിന്ന മട്ടുത്ത കാൎയ്യങ്ങളെ കുറിച്ച ചൊല്ലി
,,യിരിക്കുന്നു വെന്ന ഒൎത്തുകൊൾവിൻ. അതെന്തെ? പ
ള്ളിക്കടുത്തകാൎയ്യങ്ങളെ ശൊധനചെയ്യുന്നതും തീൎച്ച വരു
ത്തുന്നതും മെത്രാന്മാൎക്കടുത്ത കാൎയ്യമായിരിക്കുന്നു. അപ്പ
,,ഴൊ, ആശ്രമങ്ങൾ സ്ഥാപിക്കപ്പെടുന്നതിന്ന അനുവ
,,ദിക്കുന്നത മെത്രാന്മാൎക്കടുത്ത അധികാര കാൎയ്യമായിരി
,,ക്കുന്നതുപൊലെ ആശ്രമങ്ങളുടെ ഗുണവും, നടപ്പും,
,,ഭരിപ്പും വിചാരിക്കുന്നത അവൎക്കടുത്ത തായിരിക്കയും
,,ചെയ്യുന്നു: എന്നാൽ റോം പുത്തൻ ആശ്രമം മെത്രാ
ന്റെ അനുവാദത്തൊടും സമ്മതത്തൊടുംകൂടെ സ്ഥാപി
,,ക്കപ്പെട്ട വെന്നതന്നെയുമല്ല: പിന്നെയൊ ശുദ്ധമാന
,,സിംഹാസനത്തിന്റെ ഒരു പ്രത്യെകമുള്ള തിരുവെഴു

,,ത്തിന്റെ ശക്തിയൊട്ടുകൂടെ സ്ഥാപിക്കപ്പെട്ടുകയും ചെ
,,യ്തു. എന്നിരിക്കുമ്പൊൾ രാജാധികാരം അതിൽ ഒരു
,,പ്രകാരവും പ്രവെശിക്കെണ്ടുന്നതല്ല എന്നതൊന്നുന്നു: എ
,,ന്റെ വചനം അവസാനിപ്പിച്ച നമ്മുടെ ൟ ആലൊ
,,ചനയുടെ വിഷെയമായിരിക്കുന്ന ആശ്രമം പട്ടണ
,,ത്തിന്റെ കല്പനയാൽ ഇടിച്ചു കളയപ്പെടുന്നതിന്ന ഇ
,,നിക്ക യാതൊരു പ്രകാരത്തിലും സമ്മതിപ്പാൻ പാങ്ങി
,,ല്ല എന്ന ഞാൻ തിരിച്ചറിയിക്കയും ചെയ്യുന്നു. പക്ഷെ
,,വല്ല ന്യായത്താൽ അങ്ങിനെ വെണമെന്ന തങ്ങൾ വി
,,ശ്വസിക്കുന്നുവെങ്കിൽ, ഞാൻ ഇതിന്നമുമ്പിൽ അറിയിച്ച
തുപൊലെ ഇതിന്റെ തീൎപ്പായ വിധിചെയ്യുന്നതിന്നമെ
,,ത്രാന്റെ അധികാരത്തൊടുചെൎന്ന കാൎയ്യമാകയാൽ
,, ആ ദെഹത്തിനൊടു അധികാരവും സമ്മതവും അപെ
,,ക്ഷിക്കയും വെണം.

ൟ കൊട്ടുങ്കാററ അടിച്ചകാലമൊക്കയിലും നമ്മുടെ
പുണ്യവാളത്തി വെറിട്ടൊരു മൂശെനിവ്യായെ പ്പൊലെ
ഇടവിടാതെ കൈകളെ ആകാശത്തൊട്ടു പൊക്കിസവെ്
ശ്വരനൊട നെട്ടുവീൎപ്പു കളാലയും കണ്ണുനീരു കളാലയും
പ്രാൎത്ഥിച്ചിരുന്നു: ചിലപ്പൊൾ "സൎവ്വെശ്വര! എന്റെക
,,ൎത്താവെ ൟയാശ്രമം എന്റെതല്ല, നിനക്കവെണ്ടി പ
,,ണിചെയ്യപ്പെട്ടതാകുന്നു: ഇപ്പൊൾ അതിനെ രക്ഷിക്കു
,,ന്നതിന്ന ആരുമില്ല: നീതന്നെ അതിനെ കാത്തു രക്ഷി
,,ക്കണമെ,, എന്ന തമ്പുരാനൊട്ടു പ്രാൎത്ഥിച്ചിരുന്നു: സ
വ്വെശ്വരൻ തന്റെപ്രീയപ്പെട്ട ൟമണമവാട്ടിയുടെസ
ങ്കടത്തെകണ്ടു അനുഗ്രഹിച്ച ഒരുവെളയിൽ മെൽചൊല്ലി
യവണ്ണം അപെക്ഷിച്ചിരിക്കയിൽ ൟശൊമിശിഹാ പു
ണ്യവാളത്തിക്ക കാണപ്പെട്ടു അരുളിച്ചെയ്തതായത,, ഞാ
,,ൻ സൎവ്വത്തും വശമാകുന്ന വനാകുന്നുവെന്ന നീ അറി
,,യുന്നുവല്ലൊ? എന്തിനു ഭയപ്പെടുന്നു,, ഇതിൻവണ്ണം പു
ണ്യവാളത്തി തന്റെ ദിവ്യമണവാളന്റെ തിരുഹൃദയ

ഒത്ത അനുഗ്രഹത്തിന്ന ചാൎത്തുന്നതിന്ന പ്രയാസപ്പെടുന്നതു പൊലെ തന്റെ നാലുമക്കൾ ഭയമുള്ള മാടപ്രാവുകളെപ്പൊലെ ൟശൊമിശിഹാ എഴുന്നെള്ളിയിരിക്കുന്ന ത്രൊണൊസ്സും ചുറ്റും കൂടി എറിയ കണ്ണുനീരുകളെ ഒഴുക്കികൊണ്ടു അവരുടെ ശുദ്ധമാക്കപ്പെട്ട അമ്മെനെ കൊട്ടപ്പാൻ ൟശൊമിശിഹായൊടു പ്രാൎത്ഥിച്ചുവന്നിരുന്നു: മെൽ ചൊല്ലിയ കൊട്ടക്കാററ ആറു മാസത്തെക്ക നീളിക്കപ്പെട്ടു എന്നുവരികിലും നമ്മുടെ പുണ്യവാളത്തിയുടെ മക്കൾക്ക ആത്മത്തിന്നും ശരീരത്തിന്നും വെണ്ടുന്ന സഹായങ്ങളൊക്കയും ആവില പട്ടണത്തിന്റെ മെത്രാന്റെ തുണയൊടുകൂടെ ദാസാ എന്നദെഹവും ജൂലിയാനൊദാവിലഎന്ന കീൎത്തിപെട്ട പട്ടക്കാരനും വഴിയായിട്ടു കിട്ടുകയും ചെയ്തു. എന്നാൽ മാനുഷമക്കളുടെ കാൎയ്യം അസാദ്ധ്യമെന്ന തൊന്നിയിരുന്ന കാലത്തിൽ നമ്മുടെ പുണ്യവാളത്തിയുടെ നാലമക്കളുടെ അപെക്ഷകൾ സൎവ്വെശ്വരന്റെപക്കൽ കൈക്കൊള്ളപ്പെട്ടു അവരുടെ അപെക്ഷപ്രകാരം മെൽചൊല്ലിയ വിരൊധങ്ങളും വഴക്കുകളും അടങ്ങി, വരുന്ന അദ്ധ്യായത്തിൽ പറവാനിരിക്കുന്ന പ്രകാരം നമ്മുടെ പുണ്യവാളത്തിക്ക പുത്തൻ ആശ്രമത്തിൽ പൊയി പാൎക്കുന്നതിന്ന അനുവാദമുണ്ടാകയും ചെയ്തു.

## പന്ത്രണ്ടാം അദ്ധ്യായം.

ത്രെസ്യ തന്റെ പുത്തൻ ആശ്രമത്തിന്റെ മൂപ്പത്തിയായി തെരിഞ്ഞെടുക്കപ്പെടുന്നു പുണ്യങ്ങളുടെ വീരന്മാൎക്കടുത്ത ദൃഷ്ടാന്തങ്ങളെ കാട്ടുകയുംചെയ്യുന്നു.

---

കഴിഞ്ഞ അദ്ധ്യായത്തിൽ എഴുതിയതിൻ വണ്ണം കലാപത്തിന്നും വഴക്കിന്നും അടക്കംവന്നാൽ പുത്തൻ ആശ്രമത്തിൽ പൊയിപാൎക്കുന്ന തിന്ന അനുവാദം തരാമെന്ന പ്രൊവിൻസ്യാൾ നമ്മുടെ പുണ്യവാളത്തിയൊടു പറഞ്ഞൊത്തിരുന്നു.

എന്നാൽ കഴിഞ്ഞ കൊടുങ്കാററ കൊണ്ട പ്രൊവിൻസ്യാളിന്ന കൊണ്ടിരുന്ന പരിഭ്രമം ഹെതുവായിട്ട പറഞ്ഞൊപ്പം പ്രകാരം അനുവാദം കൊടുക്കുന്നതിന്ന കുറെ താമസിച്ചു വന്നിരുന്നതിനെക്കൊണ്ട ഒരുദിവസം നമ്മുടെപുണ്യവാളത്തി മഹാ എറിവൊടുകൂടെ ,, അച്ചാ! റൂ
,,ഹാദക്കുദശായൊടു നാം മറുതലിക്കുന്നുവെന്ന ചിന്തി
,,ക്ക,, എന്ന പ്രൊവിൻസ്യാളിനൊടു പറകയും ചെയ്തു: ഈ മൊഴികൾ ദൈവ സ്നെഹാഗ്നിയാൽ കത്തി യെരിഞ്ഞിരുന്ന ആ ഹൃദയത്തിൽ നിന്ന പുറപ്പെട്ട നാവിൽ നിന്ന പ്രൊവിൻസ്യാളിന്റെ ചെവിയിൽ വീണ വുടനെ ആ ദെഹം ത്രെസ്യായെ പുണ്യവാളത്തിയെന്ന പെരുവിളിക്കുന്നതിന്ന പിന്നത്തെ കാലങ്ങളിൽ ചെയ്യപ്പെട്ട വിസ്താരങ്ങളിൽ സാക്ഷിച്ചതുപൊലെ അയാൾക്ക ഉണ്ടായിരുന്ന ഭയമൊക്കയും നീങ്ങി മഹാധൈൎയ്യമുണ്ടാകയുംചെയ്തു: ഇതുഹെതുവായിട്ടപറഞ്ഞൊപ്പംപ്രകാരം പുണ്യവാളത്തിക്ക പുത്തൻ ആശ്രമത്തിൽ പൊയി പാൎക്കുന്നതിന്ന അനുവദിച്ചതു കൂടാതെ ഇൻകൺസ്യാ നെന്ന മൂപ്പില

ത്ത ആശ്രമത്തിൽനിന്ന നാലുകന്യാസ്ത്രീകളെയും പുത്ര
കന്യാസ്ത്രീയും പുണ്യവാളത്തിയുടെ സംബന്ധക്കാരത്തിയു
മായ രണ്ടായിരം രൂപാ തരാമെന്ന പറഞ്ഞിരുന്ന പെ
ണ്ണെതലിനെയും കൂട്ടിക്കൊണ്ടു പൊകുന്നതിന്നും അനുവ
ദിക്കയും ചെയ്തു. അപ്പഴൊ ൧൮൩൯ാം കാലം ധനുവ
മാസത്തിൽ പഴയ ആശ്രമത്തെവിട്ടു തന്റെ പ്രിയപ്പെ
ട്ട മഹത്വമനായ മാർ യൌസെപ്പുപുണ്യവാളന്റെ ആ
ശ്രമത്തിൽ ദുഃഖിച്ചിരുന്ന തന്റെ പ്രിയപ്പെട്ടമക്കളെ ആ
ശ്വസിപ്പിപ്പാൻ പൊകയും ചെയ്തു: അവിടെ ചെന്നാ
റെ ആശ്രമത്തിൽ പ്രവെശിക്കുന്നതിന്ന മുമ്പിൽ പള്ളിയു
കത്ത നമസ്കരിക്കുന്നതിന്ന കുറെനെരം താമസിച്ചു എന്നാൽ
നമ്മുടെ പുണ്യപതി ആക്രൂദാശയിൽ എഴുന്നെള്ളിയിരി
ക്കുന്ന തന്റെ സ്നെഹപ്പെട്ടംരംശൊമിശിഹായ്ക്കു ആനന്ദ
സന്തൊഷത്താൽ നിറഞ്ഞ സ്തുതിസ്തൊത്രവും ചെയ്യുന്ന
നെരത്ത എരിവുവൎദ്ധിച്ച പരവശമാകയും ചെയ്തു: ഇ
ങ്ങനെ പഞ്ചെന്ദ്രിയങ്ങൾ സ്വാധീനമില്ലാതെ ആത്മാവു ശ
രീരത്തിൽനിന്ന പിരിഞ്ഞതിൻവണ്ണം സൎവ്വെശ്വരനൊടു
ഒന്നിച്ചിരുന്ന സമയത്ത ആയാശ്രമത്തെ സ്ഥാപിച്ചുറപ്പി
ക്കുന്നതിന്ന അനുഭവിച്ച ബുദ്ധിമുട്ടുകളും സങ്കടങ്ങളും എ
ത്രയൊ സൎവ്വെശ്വരനു പ്രസാദിച്ചുവെന്ന കണ്ടു ഗ്രഹിക്ക
യുംചെയ്തു: അതെന്നെ സൎവ്വെശ്വരൻ തന്റെ ഠരംപ്രിയപ്പെ
ട്ട മണവാട്ടിയുടെ ജയസന്തൊഷങ്ങളെ വാഴ്ത്തിക്കൊ
ണ്ടു ഇവളുടെതലയിൽ എത്രയും ശൊഭയുള്ളമുടിയെതാ
ൻ വെക്കയും ചെയ്തു.

ഇതിന്റെശെഷം ആശ്രമത്തിൽപുക്കു ആനെരത്തിൽ
തന്റെ മുമ്പിലത്തെ നാലുമക്കൾ അനുഭവിച്ച സന്തൊ
ഷം വചനത്തിൽ അടങ്ങാത്തതായിരിക്കുന്നു. നമ്മുടെ പു
ണ്യവാളത്തി ആക്ഷണത്തിൽതന്നെ പൂവ്വ്റെഗുലയുടെ
കാപ്പിന്ന ആവശ്യമായതൊക്കെയും ചട്ടം കെട്ടുന്നതിന്ന
തുടങ്ങുകയും ചെയ്തു: എന്നാൽ തന്റെ ദിവ്യ മണവാള

ന്റെ കണ്ടുപരിതാപത്തിന്ന തക്കതിൻവണ്ണം എളിമയുടെ എത്രയും ഉചിതമായ ഒരുപ്രവൃത്തിയാൽ ആരംഭിച്ചു അതായത, സ്ഥാനങ്ങളൊക്കയും ഒഴിഞ്ഞ പുതു കന്യാസ്ത്രീകളിൽ ഒരുത്തിയെ ആശ്രമ പ്രമാണി യായിട്ടു നിയമിക്കയും ചെയ്തു: ഈവൎത്തമാനം ആവില പട്ടണത്തിന്റെ മെത്രാനും മെൽചൊല്ലിയ പ്രൊവിൻസ്യാൾ മൂപ്പൻപാദ്രിയും കെട്ടാറെ പുണ്യവാളത്തിയുടെ എളിമമെൽ അതിശയപ്പെട്ടു വെങ്കില്ലും ഇത്രവളരെ ബുദ്ധിമുട്ടുകളെയും ദുഃഖങ്ങളെയും അനുഭവിച്ചിട്ടു താൻ വെട്ടിയുണ്ടാക്കിയ ഈതൊട്ടത്തെ താൻതന്നെ ആശ്രമ പ്രമാണി എന്നുള്ള സ്ഥാനത്തൊടുകൂടെ വിചാരിച്ച നടത്തുന്നതിന്ന ആവശ്യമെന്ന വിധിച്ച പുണ്യവാളത്തിയെ ഈസ്ഥാനത്തിന്ന വഴക്കിക്കയും ചെയ്തു.

നമ്മുടെ പുണ്യവാളത്തിയുടെ ഒരിപ്പുകൊണ്ടു ആയാശ്രമം എത്രയും വെഗത്തിൽ പുണ്യസുഖത്തിന്റെ ഒരു കണ്ണാടിയും, കൎമ്മലിത്താസഭയുടെ പൂൎവ്വസാംഗൊപാംഗത്തിന്റെ ഒരാചാരമായ ദൃഷ്ടാന്തവുമായി ചമഞ്ഞു, നല്ല ആരൊഗ്യമുള്ളപുരുഷന്മാരാൽ കാക്കപ്പെടുവാൻ അസാദ്ധ്യമെന്ന വിധിക്കപ്പെട്ടിരുന്ന പൂൎവ്വരെഗുലയുടെ ചിലസംഗതികൾ ശരീര സൌഖ്യമില്ലാത്തവരും മൃദുവായ ശരീര മുറ്റത്തവരുമായ കന്യാസ്ത്രീകളാൽ സാംഗൊപാംഗമായികാക്കപ്പെടുന്നു. വിശെഷിച്ച പൂൎവ്വരെഗുലയിൽ കല്പിച്ചിരിക്കുന്ന മാംസവിലക്കും, കഠിനമായ മിണ്ടടക്കവും എകാന്തവും ആണ്ടിന്നകത്ത എറക്കുറെ എട്ടുമാസത്തെക്കുള്ളനൊയമ്പും ഇവമുതലായ ഞെരുക്കങ്ങളും പൊരാഞ്ഞിട്ടു നമ്മുടെ പുണ്യവാളത്തി രെഗുലയുടെ എററം സാംഗൊപാംഗമായ കാപ്പിന്നായിട്ടു മററചില തപസ്സുകളെയും കൂട്ടികല്പിക്കയും ചെയ്തു: ഈവിശെഷ കൂട്ടങ്ങളെ മററുകന്യാസ്ത്രീ കളൊടുകൂടെ ഒത്തുബൊധിച്ച കാപ്പാനുള്ള കാരണം നമ്മുടെ പുണ്യവാളത്തിയുടെ നാവിൽ നി

ന്നകെൾക്കണം: അതെന്തെന്നാൽ·

,,ആ കാലത്തിൽ ഫ്രാൻസനാട്ടിൽ ലൂതെരു മതക്കാ
,,രവരുത്തിയ നാശങ്ങളുടെ വിവരവും ആഭ്രാക്ഷപെട്ട
,,ഇടങ്ങളൂട്ടു പരന്ന വന്നിരുന്ന പ്രകാരവും ഞാനറിഞ്ഞു:
,,ഠരംവൎത്തമാനങ്ങൾ ഇനിക്ക എററം കൈപ്പുള്ളതായിതീ
,,ൎന്നു എന്നാൽ ഞാൻവല്ലതും ചെയ്വാൻ വശമായിരുന്നാ
,,ൽ എന്നതുപൊലെ അല്ലെങ്കിൽ ഞാൻ വല്ല സാരമുള്ള
,,ആൾ ആയിരുന്നാൽ എന്നതുപൊലെ എന്റെ സൎവ്വെ
,,ശ്വരന്റെ തിരുമുമ്പാകെ വളരെ കരഞ്ഞു, ഇത്രവലി
,,യ തിന്മെക്കു ഒരുകഴിവുണ്ടാകുവാൻ കൈക്രൂപ്പിതന്നൊ
,,ട്ടു ഞാൻ പ്രാൎത്ഥിച്ചിരുന്നു· നശിച്ചുപൊകുവാൻ പൊയി
,,രുന്ന ആ എണ്ണമില്ലാത്ത ആത്മാവുകളിൽ ഒന്നിനെ ര
,,ക്ഷിപ്പാൻവെണ്ടി ആയിരം ആയുസ്സുകളെ കൊടുപ്പാൻ
,,ഞാൻ ആസ്ഥമായിരുന്നുവെന്ന ഇനിക്ക തൊന്നിയിരു
,,ന്നു: എന്നാൽ ഞാൻ ഒരു സ്ത്രീയല്ലാതെ മറെറാന്നു മല്ല
,,യെന്നും പൊരാഞ്ഞിട്ടു ഞാൻ ആഗ്രഹിച്ചിരുന്നതുപൊ
,,ലെ സൎവ്വെശ്വരന്ന വെണ്ടുന്ന ചിററൊഴ്മയും വെലക
,,ളും ചെയ്വാൻ വശമില്ലാത്ത ഒരു ദൊഷത്താളത്തിയാ
,,കുന്നുവെന്നും കണ്ടതിനാലയും സൎവ്വെശ്വരൻ തമ്പുരാ
,,ന്റെ എണ്ണമില്ലാത്ത ശത്രുക്കളുടെ ഇടയിൽ തനിക്കു
,,ണ്ടായിരിക്കുന്ന ചുരുങ്ങിയ സ്നെഹിതന്മാര മാനുഷകെല്ല
,,ക്ഷയത്തിന്ന കഴിയുന്നെടത്തൊളം പുണ്യസാംഗൊപാം
,,ഗമുള്ളവരാകുവാൻ മഹാ താല്പൎയ്യമുള്ളവളായിരുന്നു·
,,ഇപ്പൊഴും താല്പൎയ്യമുള്ള വളാകുന്നു: എന്നതിനെ കൊ
,,ണ്ടും എന്നാൽ കഴിഞ്ഞിരുന്നുവെന്ന അല്പമായിട്ടുള്ളതി
നെചെവാൻ ഞാൻനിശ്ചയിച്ചു അതായത, ഞാൻ വ
ശമാകുന്നതിൻവണ്ണം എവൻഗെലിക്കട്ടത്ത സൽബുദ്ധിഉ
ണ്ടാദൊഷങ്ങളെ നിറവെററുന്നതിന്നും എന്നൊടു കൂടെ
,,യുള്ള ചുരുങ്ങിയ കന്യാസ്ത്രീകളുടെകൂട്ടം ഒന്നവണ്ണം ത
,,ന്നെ നടത്തുന്നതിന്നും നിശ്ചയിക്കയും ചെയ്തു: ഠരംവൃ

,,ണ്ണും ചെയ്യാൽ ഒരുവിധത്തിൽ സവ്വെശ്വരനെ തൃപ്തിവ
,,രുത്താമെന്നും, നാമെല്ലാവരും ശുദ്ധ: പള്ളിക്കവെണ്ടിയു
,,ദ്ധചെയ്യുന്ന പ്രസംഗക്കാൎക്കുംമല്ലാന്മാൎക്കുംവെണ്ടിസവ്വെ
,,ശ്വരനൊട്ടു പ്രാൎത്ഥിച്ചാൽ നമ്മാൽകഴിയുന്നെടത്തൊളം
തമ്പുരാന്റെ കാൎയ്യത്തിന്ന സഹായം ചെയ്യുമെന്നും ശര
,,ണപ്പെട്ടിരുന്നു: ഇതാ സവ്വെശ്വരനിൽനിന്ന അധികം
,,നന്മകളെ കൈക്കൊണ്ടു എന്ന അവര അധികം നന്ദി
,,കെടുകളെ തന്നൊടുകാണിക്കയും ചെയ്യുന്നു. നാം കണ്ടെ
,,റിഞ്ഞിരിക്കുന്നതുപൊലെ ഈ ദ്രൊഹികൾ വീണ്ടും ത
,,ന്നെ കുരിശുമെൽ തറെപ്പാനും ആലസ്യപ്പെട്ടതന്റെ തി
,,രു ശിരസ്സിനെ ചായിക്കുന്നതിന്ന ഒരിടം ശെഷിപ്പിക്കാ
,,തെ ഇരിപ്പാനും ഭാവിക്കയും ചെയ്യുന്നു.,,

നമ്മുടെ പുണ്യവാളത്തിയുടെ ഈ വചനങ്ങളെ സൂക്ഷിച്ചാൽ സവ്വെശ്വരന്റെ മെൽ തനിക്കുണ്ടായിരുന്ന ശുദ്ധമുള്ള സ്നെഹവും ആത്മാവുകളുടെ രക്ഷമെൽ തനിക്കുണ്ടായിരുന്ന ശുഷ്ക്കാന്തിയും ശുദ്ധ - പള്ളിയുടെ വാഴ്ചമെലും വൎദ്ധിപ്പിന്മെലും തനിക്കുണ്ടായിരുന്ന എരിവും ഒരു പ്രകാരം തിരിയും ആശ്രമങ്ങളുടെ എകാന്തത്തിലും അനുക്രൂലത്തിലും വസിക്കുന്ന കന്യാസ്ത്രീകളുടെ കടം അതിശയമാകുംവണ്ണം താൻ ഗ്രഹിച്ചിരുന്നുവെന്ന ഈ വചനങ്ങളാൽ കാണിക്കയും ചെയ്യുന്നു. അതെന്തെ തങ്ങളുടെ ആത്മാവുകളെ രക്ഷിപ്പാൻ മാത്രം പ്രയാസപ്പെട്ടാൽ പൊരാ പിന്നെയൊ നശിച്ചു പൊകുന്ന ലൊകത്തിന്മെലും ശത്രു നാലുഭാഗത്തുനിന്ന യുദ്ധത്തിന്ന പുറപ്പെട്ടമൊമൊശാവരുത്തുവാൻ ഭാവിക്കുന്നുവെന്ന തിരുസ്സഭയുടെ യൊഗ്യത്തിന്മെലും ഉണൎന്നിരുന്നു കൊണ്ടു മൈതാനത്തിൽ യുദ്ധംചെയ്യുന്ന ഇസ്രായെലിന്റെ സെനാപതികൾ ആയ മെത്രാന്മാരും സൽഗുരുക്കളും ജയിക്കുന്നതു വരെ കന്യാസ്ത്രീകൾ ധ്യാനത്തിന്റെ മലമുകളിൽ കൈകളെ ആകാശത്തൊട്ടു പൊക്കിക്കൊണ്ടു സവ്വെശ്വരനൊ

ട്ടു പ്രാൎത്ഥിപ്പാനും കടപ്പെട്ടിരിക്കുന്നുവെന്ന നമ്മുടെ പുണ്യവതി വെണ്ടുംവണ്ണം ബൊധിച്ചിരുന്നു.

അപ്പൊഴൊ ത്രെസ്യ ആശ്രമമൂപ്പത്തി യായിതെരിഞ്ഞെടുക്കപ്പെട്ടവുടനെ സകലവും ക്രമപ്പെടുത്തുവാൻ തുടങ്ങി മുൻ ഉടുത്തുവന്നിരുന്ന നെരിയ ശീലകൊണ്ടുണ്ടാക്കപ്പെട്ട ഉടുപ്പുകളെ മാററി ദാരിദ്ര്യവാസികൾക്കടുത്തതായി മിനുസമില്ലാത്തതും കനമുള്ളതുമായ ഉടുപ്പുകളെ അവര ധരിക്കയും ചെയ്തു: കാൽമെശ ചെരിപ്പുകളും നീക്കി കയറു കൊണ്ടു തീൎത്ത വള്ളിച്ചെരിപ്പുകളെ ഇടുകയും ചെയ്തു: കിടക്കുന്നതിന്നു മൃദുവായ മെത്തകൾക്കു പകരമായിട്ടു വൈക്കൊൽകൊണ്ടു നിറഞ്ഞ ഒരു ചാക്കു കല്പിക്കയും ചെയ്തു: രുചികരമായ യാവനകൾക്കു പകരം രുചിയില്ലാത്ത സാമാന്യ യാവനകളെ കല്പിച്ചു: സന്യാസിമഠങ്ങളിൽ ലെലിയ എന്നരാത്രിലെ കാനൊനാ നമസ്കാരം സാമാന്യം വെക്കുമ്പൊൾ അല്ലെങ്കിൽ പാതിരാത്രി എത്തിച്ചു വരുമാറാകുന്നു: പാതിരാത്രി മൂന്നമണിനെരം മുൻപു സവെശ്വരൻ തമ്പുരാനെ സ്തുതിപ്പാൻ ആരുമില്ല എന്ന നമ്മുടെ പുണ്യവാളത്തി വിചാരിച്ച ആ സമയത്ത ലെലിയ എത്തിപ്പാൻ കല്പിച്ചു അതിന്റെ ശെഷം ആത്മശൊധനയും കഴിപ്പാനും പിറെറ ദിവസത്തിലെ ധ്യാനവും വായിപ്പാനും ഇങ്ങനെ പുണ്യ വിചാരങ്ങളാൽ ബൊധവും ഹൃദയവും നിറഞ്ഞ എറക്കുറെ പാതിരാത്രി ഒരു മണി നെരം മുമ്പു ഉറങ്ങുവാനും കല്പിക്കയും ചെയ്തു: ആശ്രമത്തിൽ അനാവശ്യമായിട്ടുള്ള അലങ്കാരങ്ങളും മിനുസമായിട്ടുള്ള കൂട്ടങ്ങളൊക്കയും മുടക്കി അതിൽ കാണപ്പെടുന്നതെല്ലാം കുറവില്ലാത്ത അഗതിത്വത്തിന്നു തക്കതാകുവാൻ തക്കവണ്ണം കല്പിക്കയും ചെയ്തു: മുറികളും അവകളുടെ തട്ടുകളും ചെറിയതായി പണിയിപ്പിച്ചതിന്നു നല്ല രസമുള്ള ബുദ്ധി ചൊല്ലിവന്നിരുന്നു: അതായത, പൊതു വിധി ദിവസത്തിൽ ദാരിദ്ര്യവാസികളുടെ വീട്ടുകൾ വീഴുമ്പൊൾ ഒച്ചയിടുന്നത ശരിയല്ല എന്ന, വെല

ചെയ്യുന്നതിന്ന ആകമാന മുറിക്കുളെ മുടക്കികൊണ്ട അവരവരുടെ സ്വന്തമുറിയിൽ ഏകാന്തമായി ഉള്ളിന്നടുത്ത അടക്കത്തൊട്ടും കർമ്മലീത്ത സഭയുടെ റെഗുല കല്പിക്കുന്ന ശുദ്ധമാകപ്പെട്ട മിണ്ടടക്കത്തൊട്ടും കൂടെ ഇരുന്ന വെലചെയ്യാൻ ചട്ടംകെട്ടുകയും ചെയ്തു: കർമ്മലീത്ത സഭയുടെ പൂർവ്വഅലങ്കാരത്തെ ധരിപ്പിച്ച മഹാപുണ്യ്യപതി മെലെഴുതിയവകളൊട്ടു കൂടെ മററനെകം ശുദ്ധമാകപ്പെട്ട ന്യായപ്രമാണങ്ങളെയും ചട്ടങ്ങളെയും കല്പിച്ച നടത്തുകയും ചെയ്തു: പക്ഷെ സകല പുണ്യ്യങ്ങളെ സമ്പാദിക്കുന്നതിന്നും പുണ്യ്യസാംഗൊപാംഗത്തൊടുകൂടെനടക്കുന്നതിന്നും ശെഷം കന്യാസ്ത്രീകളെ എറിയിക്കുന്നതിന്നതെൻറ എത്രയും ഉചിതമായ കണ്ടുപഠിതം മതിയായിരുന്നു. കർമ്മലീത്ത സഭയെ പുത്തനാക്കിയവളും ശുഷ്കത്തിയുമായിരുന്നാലും കൊവെന്തയെ അടിച്ചു വാരുന്നതിന്നും വസ്സികളെ കഴുകുന്നതിന്നും കുസീഞ്ഞയിലും ദീനക്കാരുടെ മുറികളിലും വെലയെടുക്കുന്നതിന്നും മുമ്പിലത്തവളും എററം ജാഗ്രതയുള്ളവളുമായിരുന്നു: എളിമ എന്നരംപുണ്യ്യത്തൊടുകൂടെ ശെഷംപുണ്യ്യങ്ങളെയും സാംഗൊപാംഗമായി സമ്പാദിച്ചിരുന്ന തിനാൽ അതതിന്നടുത്ത സംഗതിവരുമ്പൊൾ എത്രയും ഉചിതമായ ദൃഷ്ടാന്തങ്ങളെ കാട്ടിവരികയും ചെയ്തു: നമ്മുടെ പുണ്യ്യപതി തൻെറ എത്രയും സ്നെഹിക്കപ്പെട്ട മക്കളൊട എത്ര അധികം മധുരമുള്ളവളും ഇഷ്ടമുള്ളവളുമായി പെരുമാറുമൊ അത്ര അധികമായിട്ടുള്ള കടുപ്പത്തൊടുകൂടെ തന്നൊടുതന്നെ പെരുമാറിവരികയും ചെയ്തു: ഉടുത്തുവന്ന കമ്പിളി മുതലായ തപസ്സു ചട്ടകളും തൻെറ മൃദുവായ നിർമ്മല ശരീരത്തെ അടിച്ചുവന്ന ചമ്മട്ടി യടികളും എത്രയും കഠിനമായിട്ടുള്ള തായിരുന്നതിനാൽ ശരീരമൊക്കയും വ്രണങ്ങളാൽ നിറഞ്ഞു, തപസ്സിന്മെൽ തനിക്കുണ്ടായിരുന്ന എരിവിന്ന കുമ്പസാരക്കാര പ്രമാണം വെച്ചില്ല യെങ്കി

ൽ അതിനാൽ എററം ചെറുപ്രായത്തിൽ മരിക്കുന്നതിന്ന ഇടവന്നെന്നെ, ഇതുഹെതുവായിട്ട നമ്മുടെ പുണ്യവാളത്തിയുടെ ധ്യാനം ഇടവിടാതുള്ളതും എററം എകരപ്പെട്ടതുമായിരുന്നു: തന്റെ ഉപവി എത്രയും എരിവുള്ളതും തന്റെ വിവെകം എത്രയും വിശെഷമുള്ളതും, ശെഷം പുണ്യങ്ങളും പുണ്യ വീരന്മാർക്കടുത്തതുമായിരുന്നു. തെരിഞ്ഞെടുക്കപ്പെട്ടവരും വിവെകമുള്ളവരുമായിരുന്ന തന്റെ കന്യാസ്ത്രീകൾ അവരുടെ ശുദ്ധമാക്കപ്പെട്ട അമ്മയുടെ കണ്ട പഠിതപത്തിന്ന തക്കതിൻവണ്ണം അവരുടെ ദിവ്യമണവാളൻ ഈശൊമിശിഹായ്ക്ക വിശ്വാസമുള്ള മണവാട്ടികളായി ശുശ്രൂഷ ചെയ്തു വന്നിരുന്നതിനെ കൊണ്ടു നമ്മുടെ കൎത്താവിന്ന അവരുടെമെൽ ഉണ്ടായിരുന്ന പക്ഷമായ താല്പൎയ്യം പലസംഗതികളിൽ തിരിച്ചറിയപ്പെടുകയും ചെയ്തു. അതെങ്ങിനെയെന്നാൽ മെൽചൊല്ലിയിരിക്കുംവണ്ണം കലഹത്തിന്ന അടക്കംവന്നു. എന്നതന്നെയുമല്ല പിന്നെയൊ ആവില പട്ടണവാസികൾ ഈ ആശ്രമത്തിന്മെൽ ബഹു പക്ഷവും ഭക്തിയുമായിതുടങ്ങി. മററ ഏതാനും പുതുകന്യാസ്ത്രീകൾ അതിൽചെന്നു. വലിയ ദാന ധൎമ്മങ്ങളാൽ ഈ ആശ്രമത്തിന്ന ഉപകാരംചെയ്യാൻ സൎവ്വെശ്വരൻ പലആളുകളെ മനസ്സാക്കി കലഹത്തിന്റെ കാലത്തിൽ അതിന്ന വിരൊധം ചെയ്തു അതിനെ ഇടിച്ചു കളവാൻ ആഗ്രഹിച്ചിരുന്ന ആളുകളുടെ മനസ്സിന്ന പകച്ചവന്ന അതിന്റെവലിയ ഉപകാരികൾ ആയിതീരുകയും ചെയ്തു.

എന്നാൽ ഈ ശുദ്ധമാക്കപ്പെട്ട ആശ്രമത്തിന്ന ദാരിദ്ര്യംകൊണ്ടവന്നുകൂടിയ ഞെരുക്കങ്ങളിൽവെച്ച കുടിപ്പാൻതക്ക വെള്ളമില്ലായ്കയെന്നുള്ളത ആ പുണ്യപ്പെട്ട കന്യാസ്ത്രീകളെ വളരെ സങ്കടപ്പെടുത്തിയിരുന്ന ഒരു വലിയ ഞെരുക്കംതന്നെ ആയിരുന്നു. ഉണ്ടായിരുന്ന ഒരുകിണററിലെ വെള്ളം എത്രയും ദുൎഗ്ഗന്ധമുള്ളതായിരുന്നതിനെകൊ

ങ്ങ ഉഗങ്ങൾക്കായിട്ടു കൂടെയും കൊള്ളരുതാത്തതായിരു
ന്നു: വെള്ളം നന്നാക്കുവാനുള്ള വിദ്യ പഠിച്ചിട്ടുള്ളവര അ
തിനെ നന്നാക്കുന്നതിന്ന പലവഴികളെ ഫലം കൂടാതെ
നൊക്കി പരീക്ഷിക്കയും ചെയ്തു. നമ്മുടെ പുണ്യവാളത്തി
ക്ക തന്റെ മക്കളുടെ ൟ ഞെരുക്കത്തിന്മേൽ മഹാ അ
ലിവുതൊന്നി ചെയ്വാൻ പാടുള്ളതെന്താകുന്നുവെന്ന അ
വരൊടു താൻ ചൊദിച്ചു, ൟ ചൊദ്യത്തിന്ന നമ്മുടെ പു
ണ്യവാളത്തിയുടെ സംബന്ധക്കാരത്തി അതായത ൧൦ ാം
അദ്ധ്യായത്തിൽ എഴുതിയിരിക്കുന്നതുപൊലെ പൂവ്വറെഗു
ലയെ കാണ്മാൻ തക്കവണ്ണം ഒരു കൊവെന്ത സ്ഥാപിച്ചാ
ൽ രണ്ടായിരം രൂപാ കൊടുക്കാമെന്ന പറഞ്ഞ പെണ്ണു
ങ്ങളും ൟ അദ്ധ്യായത്തിൽ ത്രെസ്യ പുണ്യവാളത്തി മുമ്പി
ലത്തെ ആശ്രമത്തിൽനിന്ന പുത്തൻ ആശ്രമത്തിൽ കൂട്ടി
കൊണ്ടുപൊയ നാലു കന്യാസ്ത്രീകളിൽ ഒരുത്തി സംബന്ധ
ക്കാരത്തി യാകുന്നുവെന്ന ചൊല്ലിയിരിക്കുന്നവളും മെലെ
ഴുതിയ പുണ്യവാളത്തിയുടെ ചൊദ്യത്തിന്ന ഉത്തരം പറ
ഞ്ഞു അവൾ തന്നെയായിരിക്കുന്നു: അവൾ തന്റെ ദിവ്യമണ
വാളന്റെമെൽ മഹാ ശരണമായ്കൊണ്ടു പറഞ്ഞതായ
ത, സവ്വേശ്വരൻ ദയയൊടെ യാവന തരുന്നതുപൊലെ
വെള്ളവും തരും നിശ്ചയം എന്നു പറഞ്ഞു. പണിക്കാര എ
ല്ലാവരും പ്രത്യെകം ഉറവ വെള്ളങ്ങളുടെ കാൎയ്യത്തിൽ
മെസ്ത്രിയായിരുന്ന ഒരുത്തൻ ആ സ്ഥലത്തിൽ എന്തെല്ലാം
ചെയ്താലും എത്ര പണം ചിലവഴിച്ചാലും വെള്ളം നന്നാ
കയില്ലെന്ന തീൎച്ചയായി പറഞ്ഞിരുന്നതിന്ന വിരൊധമാ
യിട്ട പരീക്ഷിക്കുന്നതിന്ന ശുദ്ധമാക്കപ്പെട്ട അമ്മയൊടുഗു
ണദൊഷമായിട്ടും ഉത്തരമായിട്ടും പറകയും ചെയ്തു. ത്രെ
സ്യ താൻ മുഴുവനും ദൈവാനുഗ്രഹത്തിന്മെലും ദൈവാ
ധീനത്തിന്മെലും ആശ്രയിച്ച കിണറു വെട്ടിച്ചു, ഇതാ വി
സ്മയം! എത്രയും തെളിവും നല്ലതുമായ വെള്ളം ആശ്ര
മത്തിന്ന പൂൎണ്ണമായിട്ട ഉണ്ടാകയും ചെയ്തു. അല്പഷൊ

മ്മുടെ പുണ്യപതി എറിയകാലമായിട്ട ആഗ്രഹിച്ച എറി
വുള്ള അപെക്ഷകളായിട്ട സൎവ്വെശ്വരനൊട അപെക്ഷി
ച്ചുവന്നകാൎയ്യം എറിയ ബുദ്ധിമുട്ടുകളും ദുഃഖങ്ങളും നിന്ദ
കളും അനുഭവിച്ചിട്ടെങ്കിലും നിവൃത്തിയാക്കി കൊടുങ്കാ
റ്റും വിരൊധങ്ങളൊക്കയും നീങ്ങി മഹാ സമാധാന
ത്തൊടുകൂടെ എകരപ്പെട്ട ധ്യാനത്തിന്റെ മധുരം ഒരുവ
നവാസത്തിൽ എന്നപൊലെ മാർയൌസെപ്പപുണ്യവാ
ളന്റെ ആശ്രമത്തിൽ അനുഭവിക്കയും ചെയ്യുന്നു. ഇപ്ര
കാരമൊക്കയും ആയതിന്റെ ശെഷം തന്റെ പുത്തൻ
ആശ്രമത്തിന്നു വെണ്ടി തക്കതായ ന്യായ പ്രമാണങ്ങളെ
എഴുതിയുണ്ടാക്കുവാൻ തനിക്ക കടമെന്നു നിശ്ചയിച്ച എഴു
തിയുണ്ടാക്കി അതിനെ ശൊധനചെയ്യുന്നതിന്ന കൎമ്മലീ
ത്ത സഭക്കാര എപ്പൊഴും നന്ദിയൊടും വണക്കത്തൊടും
കൂടെ ഒൎക്കുന്ന ആളായ ആവില പട്ടണത്തിലെ മെ
ത്രാൻ ആല്പരൊ മെന്ദ്രൊ'സ എന്ന ദെഹത്തിനെയും ദൊ
മ്മിനിക്കൊ ബാഞ്ഞസ് എന്ന മൂപ്പൻപാദ്രിയെയും എല്പി
ച്ചു, അവര ശൊധന ചെയ്യാറെ റൊമ്മയിൽ കൊടുത്തു
യച്ച ൧൫൬൫ ാം കാലത്തിൽ കൎക്കടക മാസം ൧൭ ാം തി
യ്യതി, ൪ാമത്തെ പീയൂസെന്ന ശുദ്ധ - മാർപ്പാപ്പാ അവ
യെ കൈക്കൊണ്ട ശ്ലീഹാൎക്കടുത്ത അധികാരത്തൊടു കൂ
ടെ വാസ്തപ്പെടുത്തുകയും ചെയ്തു. ഇവയെല്ലാം നമ്മുടെ
പുണ്യ അമ്മയുടെ ശുഷ്കാന്തിക്ക പൊരാഞ്ഞിട്ട താൻ ആ
ഗ്രഹിച്ചിരുന്ന പുണ്യ സാംഗൊപാംഗത്തിന്റെ പദവിയി
ൽ തന്റെ പ്രിയപ്പെട്ട മക്കളെ കെറ്റുവാൻ, സാംഗൊ
പാംഗ മാൎഗ്ഗം, എന്ന പെരുവിളിച്ച അതിശയമായ പു
സ്തകം എഴുതിയുണ്ടാക്കി ആയതിന്റെ തലക്കെട്ടിൽ എ
ഴുതിയതായത "ആവില പട്ടണത്തിന്റെ മാർയൌസെ
„പ്പ പുണ്യവാളന്റെ ഠരം ആശ്രമത്തിലെ കൂടപ്പിറപ്പു
„കളായ കന്യാസ്ത്രീകൾ ഒരുവൎത്തമാനം അറിഞ്ഞു അതാ
„യത: ശുദ്ധമാക്കപ്പെട്ട മാർ ദൊമ്മിനിക്കൊസ പുണ്യ

,,വാളൻെറ സഭക്കാരനാകുന്ന ഇപ്പൊഴത്തെ എൻെറകു
,,മ്പസാരക്കാരൻ പ്രെ ദൊമ്മിന്നിക്കൊസു ബാഞ്ഞസ എ
,,ന്ന ദെഹം മഹാത്മക്കളായ പലആളുകളൊട ഇനിക്ക
,,പെരുമാററവും സംസൎഗ്ഗവും ഉണ്ടായതു കൊണ്ട ധ്യാന
,,ത്തിൻെറ കാൎയ്യംകൊണ്ട വല്ലതും ചൊവ്വായിട്ട എഴുതു
,,വാൻ പക്ഷെ ഞാൻ വശമാകും എന്നുള്ള ന്യായത്താ
,,ൽ വല്ലതും എഴുതുന്നതിന്ന അനുവാദം തന്നു എന്നിവ
,,ൎത്തമാനം അവര അറിഞ്ഞാറെ വല്ലതും ഒരു കാൎയ്യങ്കൊ
,,ണ്ട എഴുതികൊടുപ്പാൻ വളരെ സാദ്ധ്യമായിട്ട എന്നൊ
,,ട ആപെക്ഷിച്ചിരിക്കകൊണ്ട അവരുടെ അപെക്ഷ പ്ര
,,കാരം ചെയ്തുകൊടുപ്പാൻ നിശ്ചയിച്ചു: അവക്ക എൻെറ
,,മെലുണ്ടായിരിക്കുന്ന പക്ഷം നൊക്കുംപൊൾ മഹാത്മാ
,,ക്കൾ വിശെഷവാശകചെച്ചയായിട്ട ഒരു സംഗതി മെ
,,ലെഴുതിയ പുസ്തകങ്ങളെക്കായിലും മൊശമായിട്ട എഴു
,,തിയ ഒരു പുസ്തകം എററം കാൎയ്യമായിട്ട പ്രമാണിപ്പാ
,,ൻ മതിയാകും: അവരുടെ നമസ്കാരങ്ങളുടെമെൽ ഞാ
,,ൻ ശരണപ്പെട്ടിരിക്കുന്നു. ഒരു ആശ്രമത്തിലെ ജീവിത
,,മറിയു ചെരുവാൻതക്കവണ്ണം വല്ലതും എഴുതുന്നതിന്ന
,,സൎവ്വെശ്വരൻ അവരെപ്രതി ഇനിക്ക മനൊഗുണങ്ങ
,,ളുമെന്ന ഞാൻ ശരണപ്പെട്ടിരിക്കുന്നു. എന്നാൽ എഴു
,,തുന്നത ഒത്തില്ലയെങ്കിൽ അതിനെ ആദ്യം ശൊധനചെ
,,യ്യാനിരിക്കുന്ന ബാഞ്ഞസ മൂപ്പൻ പാദ്രി ഒന്നുകിൽ, അ
,,തിനെ നന്നാക്കെണ്ടിവരും അല്ലെങ്കിൽ അതിനെ തീയി
,,ലിട്ട ചുട്ടുകളയെണ്ടി വരും: ഞാനൊ എന്നാൽ ഒരു
,,ദൈവശുശ്രൂഷികൾക്ക കീഴ്പ്പഴങ്ങിയതുകൊണ്ട യാതൊ
,,രു ചെതം ഇനിക്ക വരികയില്ല, ആയതിൻവണ്ണം സ
,,ൎവ്വെശ്വരൻ ഇനിക്ക തുണയായിയില്ലയെങ്കിൽ ഞാൻ ത
,,ന്നെ എന്തിന്ന കൊള്ളാമെന്നവക്ക തിരികയുമെല്ലും,,
അപ്പഴൊ എല്ലാം കൊണ്ടും ഒരു ഒന്നാമത്തെ ആശ്രമ
ത്തെ സ്ഥാപിച്ച ഉറപ്പിച്ചതിൽവെച്ച നമ്മുടെപുണ്യവാള

ത്തിയുടെ പ്രവൃത്തികളിൽ സൎവ്വെശ്വരന്റെ വിശെഷപക്ഷവും ആദരവും പ്രകാശിച്ചു· എന്നാൽ ഇനി അറിയിപ്പാനിരിക്കുന്ന വീരന്മാൎക്കടുത്ത കാൎയ്യങ്ങളിൽ ത്രെസ്യ അത്ഭുതമായ ഒരുപുണ്യവാളത്തിയായി യെന്നും സ്ത്രീ അവസ്ഥയുടെ മെല്ലുള്ളതാകുന്ന തെന്നിയെ കീൎത്തിപെട്ട വീരന്മാരായ പുണ്യവാളന്മാരുടെ ധൈൎയ്യത്തെയും ബുദ്ധിക്രൂമ്മതയെയുംജയിച്ചുവെന്നും വരുന്ന അദ്ധ്യായങ്ങളിൽ തെളിവാകയും ചെയ്യും·

## പതിമ്മൂന്നാംഅദ്ധ്യായം·

നമ്മുടെ പുണ്യവാളത്തി പുരുഷന്മാരുടെ ഇടയിലും റൂവ് റെഗുലയുടെ കാല്പ സ്ഥാപിക്കുന്നതിന്ന വിചാരിച്ചിരിക്കുന്നു· കന്യാസ്ത്രീകളുടെ മററ ആശ്രമങ്ങളെ സ്ഥാപിപ്പാൻ സഭയുടെ തലവനായിരിക്കുന്ന ജെനെരാളിനൊട ഉത്തരവ വാങ്ങിക്കയും ചെയ്യുന്നു·

സൎവ്വെശ്വരൻ തമ്പുരാൻ ക്ഷീണിക്കപ്പെട്ട ഒരുസൃഷ്ടിപ്പുവഴിയായിട്ട വലിയ കാൎയ്യങ്ങളെ നടത്തുവാൻ തിരുമനസ്സാകുമ്പൊൾ തന്റെവല്ലഭത്തിന്റെ കരുവായിട്ടതെരിഞ്ഞെടുക്കുന്ന ആളിനൊട്ട താൻ ചെയ്യാൻ ഭാവിച്ചിരിക്കുന്ന കാൎയ്യങ്ങളുടെ വിവരവും അവകളുടെ വിസ്ത്രീൎണ്ണതയും ആദ്യം താൻ അറിയിക്കുന്നില്ല, ആയത എത്രയൊ വലിയ മനൊഗുണമാ യിരിക്കുന്നു: അതെന്തെ ഇതിൻവണ്ണം നമ്മുടെ കെല്പക്ഷയത്തിന്മെൽ താൻ അനുഗ്രഹിച്ചില്ലയെങ്കിൽ അതായത ആദ്യംതന്നെ ആ കാൎയ്യങ്ങളുടെ വിവരം മുഴുവനും അവകളെ നാം നടത്തുന്ന വഴിമദ്ധ്യെ എതിൎക്കും വിഷമങ്ങളെയും സഹിപ്പാനിരിക്കുന്ന യുദ്ധങ്ങ

ളെയും നമ്മെ തിരിയപ്പെടുത്തി എന്നവന്നാൽ നാം ഭ്രമിച്ചു പുറകൊട്ടു വാങ്ങുമായിരുന്നു.

നമ്മുടെ പുണ്യപതി തന്റെ ആശ്രമത്തിൽ എകാന്തത്തിൽ ചെന്നതിന്റെ ശെഷം പാടുപെടുവാൻ മാത്രം ആഗ്രഹിച്ചിരുന്നു. ൟ ഭൂമിയിങ്കൽ ആഗ്രഹിപ്പാൻ തക്കതായിട്ടു പുണ്യവും അതിന്റെ കൂട്ടുകാരത്തിയാകുന്ന പുണ്യസന്തൊഷവുമല്ലാതെ മറ്റു യാതൊന്നും കാണാതെ ഇരുന്നു, എന്നതിനെകൊണ്ടു ആയാശ്രമത്തിൽ തന്റെപുണ്യപ്പെട്ട മക്കളൊടുകൂടെ ദിവ്യമണവാളന്ന എരിവൊടെ ശുശ്രൂഷചെയ്തു മരണപൎയ്യന്തം അവിടത്തന്നെ സൌഖ്യമായിട്ടു ജീവിതംകഴിപ്പാൻ വിചാരിച്ചിരുന്നു. ആശുശ്രൂഷയാൽ ൟശൊമിശിഹായ്ക്കുണ്ടായിരുന്ന സന്തൊഷം താൻതന്നെ ത്രെസ്യാക്കു കാണപ്പെട്ട "ൟ ആശ്രമം എന്റെ സന്തൊഷങ്ങളുടെ പറുദീസായാകുന്നു" എന്നരുളിചെയ്തു വെളിപ്പെടുത്തുകയും ചെയ്തു: ഇതിൻവണ്ണം നമ്മുടെ പുണ്യപ്പെട്ട അമ്മ അനുകൂലപ്പെട്ടു വരികയിൽ സൎവ്വെശ്വരൻ തമ്പുരാൻ തന്റെമെലുള്ള സ്നെഹാഗ്നിയാൽ എരിഞ്ഞ ആത്മാവുകളുടെ നാശത്തിന്മെൽ ഇടവിടാതുള്ളകണ്ണുനീരുകളെ ചിന്തിവരുന്ന തന്റെ ൟ മണവാട്ടിയുടെ ഹൃദയത്തിൽ കൎമ്മലീത്താ സഭയുടെ പൂവ് സന്യാസമഠങ്ങളുടെ വിചാരം തൊന്നിച്ചു: ആയത സംഭവിച്ചതെന്തെന്നാൽ.

൧൫൬൬ാം കാലം കൎക്കടകമാസത്തിൽ മാർ പ്രൻസീസ്കൂസുപുണ്യവാളന്റെ സഭക്കാരനായ അല്ലൊന്സൊ മൽദൊനാത്തൊ എന്ന കീൎത്തിപെട്ട മൂപ്പൻപാദ്രി നമ്മുടെ പുണ്യപ്പെട്ട അമ്മയെ കാണ്മാനായിട്ടു ഇന്ദുദെശത്തിൽനിന്ന ആവില പട്ടണത്തിൽ എത്തുകയുംചെയ്തു, ൟ ദെഹം ദൈവ ബഹുമാനത്തിന്മെലുള്ള ശുഷ്കാന്തിയാലെയും, ആത്മാവുകളുടെ രക്ഷമെലുള്ള താല്പൎയ്യംകൊണ്ടും കൂടപ്പിറപ്പുസ്നെഹം കൊണ്ടും എരിഞ്ഞിരുന്നു, നടന്ന ദെ

ശങ്ങളിൽ സുവിശെഷത്തിൻെറ വെട്ടം ഒരുചെറിയ കതിരുമാത്രം വീഴുന്നതിനാൽ ഗാഢമാ മലയിൽ വീണ്ടുകൊള്ളപ്പെട്ട എണ്ണമില്ലാത്ത ആത്മാവുകൾ മരണത്തിൻെറ നിഴലാകുന്ന അജ്ഞാന അന്ധകാരങ്ങളിൽ മുഴുകി നിത്യമായി നശിച്ചുപൊകുന്നപ്രകാരവും എണ്ണമില്ലാത്ത ആളുകൾ അവരെ സൃഷ്ടിച്ച പട്ടാങ്ങയുള്ള സർവ്വെശ്വരനെ അറിയാതെ മൂഢ ഭക്തിയാൽ പിശാചിൻെറ വിഗ്രഹങ്ങളുടെ മുമ്പാകെ സാഷ്ടാംഗമായി വീണ ആരാധിക്കുന്നതിനെ കണ്ടവിവരവും കൂട്ടുപിടിച്ചിരുന്ന ആദെഹംന ന്നാ വർണ്ണിച്ചു പറഞ്ഞതിനാൽ നമ്മുടെ പുണ്യവാളത്തിയുടെ ശങ്ക മൂച്ചയുള്ള വാളാൽ കുത്തപ്പെട്ടതുപൊലെ ഏറ്റിക്കപ്പെട്ട വ്യാകുലം അനുഭവിക്കയുംചെയ്തു. ഈ വ്യാകുലത്തൊട്ടുകൂടെ കൊവെന്തയുടെ തൊട്ടത്തിൽ പണിയിപ്പിച്ചിരുന്ന കപ്പെളയിൽ ചെന്ന നെടുവീപ്പുകളൊടും കണ്ണുനീരുകളൊടുംകൂടെ ഇന്ത്യദെശത്തിലെ ആത്മാവുകളുടെ രക്ഷയ്ക്കു വെണ്ടി സർവ്വെശ്വരനൊടു പ്രാർത്ഥിച്ചു ആയാത്മാവുകളെ രക്ഷിപ്പാൻ ഒരുവഴി തനിക്ക വെളിപ്പെടുത്തുന്നതിന്ന തിരുമനസ്സാകുവാൻ തമ്പുരാനൊട അപെക്ഷിച്ചിരുന്നു: ഈവണ്ണം എരിവൊടുകൂടെ പ്രാർത്ഥിച്ചിരിക്കയിൽ "മകളെ! അല്പംകൂടെ താമസിച്ചു കൊൾക „എന്നാൽ വലിയകാര്യങ്ങളെ നീ കാണും„ എന്നീവചനങ്ങളെ തിരിച്ചു കെൾക്കയും ചെയ്തു. ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്ന ദൈവ പറഞ്ഞൊപ്പ നമ്മുടെ പുണ്യവാളത്തിയെ വളരെ ആശ്വസിപ്പിക്കയും ചെയ്തു.

ഇതിൻെറ ശെഷം ത്രെസ്യായുടെ വിചാരങ്ങൾ കർമ്മലീത്ത സഭയുടെ പൂവ് റെഗുലയെ കാക്കുന്ന പുരുഷന്മാരുടെ കൊവെന്തകളെ സ്ഥാപിപ്പാൻ കഴിയുന്നതായിരുന്നാൽ എത്രയൊ വലിയവുപകാരമെന്നായിരുന്നു. അതെന്തെ ഇങ്ങനെയുള്ള സന്യാസികൾ ദൈവസ്നെഹാഗ്നിയാൽ എരിഞ്ഞ ദൂര ദെശങ്ങളിൽ ചെന്ന അജ്ഞാന

യിരുളിൽ കിടക്കുന്ന എറിയ ആത്മാവുകളെ മൊക്ഷാന ന്ദ ഭാഗ്യത്തിന്ന പൊകുന്ന ദിവ്യ മാൎഗ്ഗത്തെ പഠിപ്പിക്കയും യൂറൊപ്പദെശങ്ങളിൽ പാൎക്കുന്നവര ആ കാലത്തിൽ ശ്ലു ദ്ധ.- പള്ളിയെ സങ്കടപ്പെടുത്തി വന്നിരുന്ന ലുത്തെരു, കു ൾവിൻ, എന്ന ഇടൎത്തുട്ടു തലവന്മാരുടെ ദുൎമ്മതങ്ങൾക്കു തടവുചെയ്യുകയും, കൎമ്മെലീത്ത സഭയുടെ പൂൎവ്വറെഗുലയു ടെ പട്ടാങ്ങയുള്ള അരൂപിയെ അവര ഗ്രഹിച്ചതിന്റെ ശെഷം തന്റെ കന്യാസ്ത്രീകളെ ആ വഴിയിൽ നടത്തു കയും ഇതിനാൽ കന്യാസ്ത്രീകളുടെ ഇടയിൽ എരിവും സാംഗൊപാംഗത്തിന്മെലുള്ളതാല്പൎയ്യവുംകുറയാതെ ഇരി ക്കുമ്പൊൾ ഇവര ഇട വിടാതുള്ള ജപ ധ്യാനങ്ങളാൽ അജ്ഞാനികൾക്കും ഇടൎത്തുട്ടുകാൎക്ക വെളിവും മനസ്സുതി രിയുന്നതിന്ന മനൊഗുണവും മാൎഗ്ഗഅറിയിപ്പുകാൎക്ക ശുഷ്കാ ന്തിയും ആത്മാവുകൾക്കു രക്ഷയും കത്തൊലിക്ക വിശ്വാ സത്തിന്റെ പരപ്പും ശുദ്ധ.- കത്തൊലിക്ക റൊമ്മ പ ള്ളിക്കു ജയ സന്തൊഷവും സൎവ്വെശ്വരനൊട പ്രാൎത്ഥിച്ച ലഭിക്കയുമെല്ലൊ എന്ന സൎവ്വെശ്വരന്റെ സ്തുതിക്കും ആ ത്മാവുകളുടെ രക്ഷക്കും എററവും അടുത്തതായിരിക്കുന്ന ൟ വിചാരങ്ങളെ പുണ്യവാളത്തി സന്തൊഷമായിട്ടു ഒൎത്ത ചിന്തിക്കുമാറായിരുന്നവെങ്കിലും തന്റെ എളിമ യാൽ പുറകൊട്ടുമാറി ഇത്രവലിയകാൎയ്യത്തിന്ന താൻ മ തിയാകയില്ല എന്ന വിചാരിച്ചിരുന്നു. നമ്മുടെ പുണ്യവാ ളത്തി തന്റെമനസ്സിൽ ൟവണ്ണം വിചാരിച്ചു വരിക യിൽ സംഭവിച്ച കാൎയ്യമാകുന്നതെന്തെന്നാൽ:

കൎമ്മെലീത്തസഭയുടെ തലവന്മാരായ ജെനരാളിമാ ര റൊമ്മയിൽ വസിക്കുമാറാ യിരുന്നു, ഹിസ്പാന്യ രാജ്യ ത്തിൽ പൊകപതിവില്ലാഞ്ഞു: ഇപ്രകാരമൊക്കയുമായി രിക്കയിൽ ൧൫൬൭ാം കാലം ആരംഭിച്ചപ്പൊൾ അന്ന സഭയുടെ ജെനരാളായിരുന്ന എത്രയും കീൎത്തിപെട്ട റ വെന്ന എന്ന ദിക്കിൽനിന്ന പിറന്ന ജ്യംഖത്തിസ്സ രുബെ

ള എന്ന മൂപ്പൻപാദ്രി ഒക്കാപ്പുറത്ത എന്നപൊലെ ആവില പട്ടണത്തിൽ എത്തുകയും ചെയ്തു: യദൃശ്ചയാലുള്ള ഒരു വരവ രണ്ടസംഗതിമുഖാന്തരമായിട്ട നമ്മുടെപുണ്യവാളത്തിയെയും മാർ യൗസെപ്പ പുണ്യവാളന്റെ കന്യാസ്ത്രീകളായ തന്റെകന്യാസ്ത്രീകളെയും പെടിപ്പിച്ചു, ൧ — മത്തെതിൽ പുണ്യവാളത്തി സ്ഥാപിച്ച പുത്തൻ ആശ്രമം സഭയുടെ ജെനെറാളായ ഒരുദെഹത്തിന്റെഅധികാരത്തിൻകീഴല്ലാതെ ആ ദിക്കിന്റെ മെത്രാന്റെഅധികാരത്തിൻ കീഴാക്കിയിരുന്നു. ൨ — മത്തെതിൽ പുണ്യവാളത്തി തന്റെ പ്രിയമുള്ള ആശ്രമത്തെവിട്ട തന്റെ മുമ്പിലത്തെ ആശ്രമത്തിൽ ചെന്നുചെരുവാൻ തന്നൊട്ട കല്പിക്കുമായിരിക്കും. എന്നാൽ നമ്മുടെ പുണ്യപതിയുടെ പുണ്യ വിവെകവും, ജെനരാളിന്റെ ഗുണവധികാരവും ഒരു ഭയങ്ങളൊക്കയും നീക്കുകയും ചെയ്തു.

ത്രെസ്യ ഉടനെ തക്കത്തിൽ ഒരാളിനെ ആ ദെഹത്തിന്റെ പക്കൽ യാത്രയാക്കി തന്റെ പാവപ്പെട്ട ആശ്രമത്തിൽ ചെല്ലുന്നതിന്ന അപെക്ഷിച്ചിരിക്കുന്ന വിവരം ബൊധിപ്പിച്ചു, എന്നാൽ ആദെഹം അമ്മത്രെസ്യായെ കുറിച്ച പല വിശെഷങ്ങളെയും വൎത്തമാനങ്ങളെയും പറഞ്ഞ കെട്ടിട്ടുണ്ടായിരുന്നതിനെകൊണ്ട തന്റെകണ്ണാലെ അവളെ കാണ്മാൻ വളരെ ആഗ്രഹിച്ചിരുന്നതിനാൽ അപെക്ഷയെ കൈക്കൊണ്ട മാർ യൗസെപ്പ പുണ്യവാളന്റെ ആശ്രമത്തിൽ ചെല്ലുകയും ചെയ്തു. നമ്മുടെ എത്രയും ബുദ്ധിയുള്ള പുണ്യവാളത്തി ജെനെരാൾ മൂപ്പൻ പാദ്രി അവിടെചെന്നാൽ ആ ദെഹത്തിന്റെ അധികാരത്തിൻകീഴുള്ള കൊവെന്തയായിരുന്നാൽ ചെയ്യെണ്ടുന്ന ആചാരക്രമങ്ങൾ മുതലായതൊക്കയും ഒരുദെഹത്തിനൊട്ടു ചെയ്വാൻ മെത്രാനൊട അനുവാദം വാങ്ങിച്ചിരുന്നതിനാൽ ആ കൎമ്മങ്ങളൊക്കയും ചെയ്തുകൊണ്ട ആ ദെഹത്തിനെ ആശ്രമത്തിൽ കെററുകയും ചെയ്തു. പു

ണ്യപ്പെട്ട കിളവനായിരുന്ന ജെനെരാൾ ആ ശ്ലാഘമാ
കപ്പെട്ട ആശ്രമത്തെയും അതിൽ വസിച്ചിരുന്ന പുണ്യപ്പെ
ട്ട കന്യാസ്ത്രീകളെയും കണ്ടാറെ പൂവ് കർമ്മല. സഭയു
ടെ പുണ്യ സാംഗൊപാംഗത്തിന്റെ നെരായ മാതൃക
എന്നബൊധിച്ച സന്തൊഷത്തിന്റെ ആധിക്യത്താൽ ക
രകയും ചെയ്തു. ഈ അതിശയമായ കാൎയ്യത്തിന്റെ നി
വൃത്തിക്ക സൎവ്വെശ്വരൻ ചെയ്ത അതിശയങ്ങളെയും, പു
ണ്യവാളത്തിയെ നടത്തിയ പ്രകാരവും, പുണ്യവാളത്തി
ക്ക നൽകിയ വിശെഷ മനൊഗുണങ്ങളെയും മറ്റുംവി
വരമായിട്ട പുണ്യവാള ത്തിയുടെ വായിൽനിന്ന കെട്ടാ
റെ അവരുടെനെരെ ആദ്ദെഹത്തിന്ന മഹാപക്ഷവും, മ
ഹാ പുണ്യപതി എന്നുള്ള വിശ്വാസവുമുണ്ടാകയുംചെയ്തു.
എന്നാൽ ഇങ്ങനെയുള്ള ആശ്രമം തന്റെ കീഴല്ലാത്ത
തിനാൽ തനിക്കുണ്ടായിരുന്ന സംകടം വെളിപ്പെടുത്തുക
യും ചെയ്തു, എന്നുവരികിലും നമ്മുടെപുണ്യവാളത്തി പ
റഞ്ഞ ന്യായങ്ങളെ യെല്ലാം കെട്ടതിന്റെശെഷം മറ്റു
പ്രകാരത്തിൽ ചെയ്വാൻ പാങ്ങില്ലാഞ്ഞിട്ടത്രെ മെത്രാ
ന്റെ കീഴാക്കിയത എന്ന ബൊധിച്ചടങ്ങുകയും ചെയ്തു.
പിന്നീട നമ്മുടെ പുണ്യവാളത്തിയുടെ പൂൎണ്ണ സന്തൊഷ
ത്തൊടു കൂടെ ഈ ആശ്രമത്തെയും ജെനെരാളിന്റെ
അധികാരത്തിൻകീഴിലാക്കുകയുംചെയ്തു. വിവെകിയായ
നമ്മുടെപുണ്യവാളത്തി അരുപിക്കടുത്ത കാൎയ്യങ്ങൾകൊ
ണ്ട തന്നൊടുസംസാരിപ്പാൻ ജെനെരാൾ മൂപ്പൻപാദ്രി
വളരെ ആഗ്രഹിച്ചമഹാതെളിവൊടുകൂടെ സംസാരിച്ചു
വരുന്നവെന്നും സഭയുടെ എററം സാരമായിട്ടുള്ള കാൎയ്യ
ങ്ങളെ തന്നൊട പറഞ്ഞ അതിന്നടുത്തതായിട്ട ചൊല്ലി
കൊടുക്കുന്ന ഗുണദൊഷങ്ങൾ കെൾക്കുന്നവെന്നും കണ്ട
ഈ നല്ലതരം പിടിച്ച, സഭയുടെകാൎയ്യംകൊണ്ട സംസാ
രിക്കുന്നയിടയിൽ പുരുഷന്മാരുടെ ഇടയിലും പൂവ് റെളു
ലയുടെ കാല്പ സ്ഥാപിച്ചാൽ കൊള്ളായിരുന്നവെന്ന പു

ണ്യവാളത്തി ജെനെരാളിനെ ബൊധിപ്പിക്കയും ചെയ്തു. നല്ല ശ്രെഷ്ഠനായിരുന്ന ആദെഹം വളരെ ആഗ്രഹിച്ചിരുന്ന ഒരുകാൎയ്യം ഇതായിരുന്നുവെങ്കിലും അതിന്റെ വൎഗ്ഗത്താൽ കട്ടുപ്പമുള്ളതായിരിക്കുന്ന കൎമ്മെലീത്ത സഭയുടെ പൂൎവ് റെഗുലയൊട്ടു ത്രെസ്യ ചെയ്തിരുന്ന തപസ്സ ചട്ടങ്ങളെയും ഞെരുക്കങ്ങളെയും സന്ന്യാസികളുടെ ഇടയിൽ സ്ഥാപിച്ചു നടത്തുവാൻ അസാദ്ധ്യമായ ഒരു കാൎയ്യമതായിരിക്കുന്നുവെന്ന ആദെഹത്തിന്ന തൊന്നിയിരുന്നതിനെകൊണ്ടും, സഭയിൽ വലുതായ വഴക്കും അടക്കുവാൻ വഹിയാത്ത വിരൊധങ്ങളും ഉണ്ടാകുമെന്ന ഭയമായിരുന്നതുകൊണ്ടും ൟ കാൎയ്യത്തിന്മെൽ അധികം മനൊചഞ്ചലതയും സംശയവും കാണിച്ചതല്ലാതെ സമ്മതമായിട്ടു യാതൊരു വാക്കും പറയാഞ്ഞതിനാൽ എത്രയും വിവെകമുള്ള നമ്മുടെ പരാക്രമി ആവെളയിൽ ൟ കാൎയ്യത്തിന്മെൽ സംസാരം നിറുത്തിയെങ്കിലും, ജെനെരാൾ ൟ പരാക്രമ കാൎയ്യത്തിന്ന സമ്മതിക്കുന്നതിന്ന മറ്റ ആളുകൾ വഴിയായിട്ടു വെല ചെയ്തുവെങ്കിലും ആ കാലത്തിൽ ഫലംകൂടാതെയാകയും ചെയ്തു, എന്നുവരികിലും പൂൎവ് റെഗുലയെ കാക്കുന്ന കൊവെന്തകൾ പെരുകുന്നതിന്മെൽ തനിക്കുണ്ടായിരുന്ന താല്പൎയ്യവും ത്രെസ്യായുടെ ആഗ്രഹങ്ങൾക്ക തന്നാൽ കഴിയുന്ന സഹായം ചെയ്വാൻ ആഗ്രഹിക്കുന്ന പ്രകാരവും കാട്ടുവാൻവെണ്ടി സ്ഥാപിക്കപ്പെട്ട മാർയൌസെപ്പ പുണ്യവാളന്റെ ആശ്രമംപൊലെ മറ്റുപല കന്ന്യാസ്ത്രീ ആശ്രമങ്ങളെ തന്റെ അധികാരത്തിൻ കീഴ സ്ഥാപിക്കുന്നതിന്ന എത്രയും വിസ്താരമായ അനുവാദങ്ങളെയും അധികാരങ്ങളെയും പല പത്രുന്തി വഴിയായിട്ടു പുണ്യവാളത്തിക്ക കൊടുക്കയുംചെയ്തു: ആദെഹം ഹൃദയത്തിന്റെ പൂൎണ്ണസന്തൊഷത്തൊടുകൂടെ മുട്ടിന്മെൽനിന്നിരുന്ന പുണ്യവാളത്തിക്കും ശെഷം തന്റെമക്കൾക്കും പിതാവിന്നടുത്ത വാഴ്വ കൊടുത്തതു

വില പട്ടണത്തെ വിട്ടു മദ്രീദെന്ന ഹിസ്പാന്യ രാജധാ
നിയിലെക്ക യാത്ര പുറപ്പെട്ടുകയും ചെയ്തു. ആ രാജധാ
നിയിൽ ചെന്നവുടനെ കത്തോലിക്കാ എന്ന നാമധെ
യം കൊണ്ട രണ്ടാമത്തെ പില്ലിപ്പൊസു രാജാവിന്റെ
സമുക്ഷമത്തിൽ പൊയി ആവില പട്ടണത്തിലെ മാർ
യൌസെപ്പ പുണ്യവാളന്റെ ആശ്രമത്തിൽ കൂടിയ ക
ർമ്മലീത്ത ദിസ്കാൾസെ കന്യാസ്ത്രീകളുടെ വിശെഷ പു
ണ്യങ്ങളുടെ വിവരങ്ങളെയും, പ്രത്യെകം ആ മഠത്തെ
സ്ഥാപിച്ച ഠരംരൊടെ ത്രെസ്യ എന്ന വലിയ അമ്മയു
ടെ അതിശയമായ പുണ്യ സാംഗൊപാംഗത്തിന്റെ വി
വരത്തെയും മഹാ രാജാവിനെ ബൊധിപ്പിക്കയും ചെ
യ്തു. പുണ്യപ്പെട്ട ആളായിരുന്ന രാജാവ ഇങ്ങനെയുള്ള
വൎത്തമാനങ്ങളെ കെട്ടാറെ മഹാസന്തൊഷം പൂണ്ട ത
ങ്ങൾക്കവെണ്ടിയും തങ്ങളുടെ രാജ്യങ്ങളുടെ ഗുണത്തിന്നു
വെണ്ടിയും സൎവ്വെശ്വരനൊടു പ്രാൎത്ഥിപ്പാൻ ത്രെസ്യ അ
മ്മയൊടു കല്പിക്കുന്നതിന്ന ജെനെരാളിനൊട ആ മഹാ
രാജാവ പ്രമാണിച്ചു. ജെനെരാൾ മൂപ്പൻപാദ്രി എത്ര
യും താല്പൎയ്യമായ ഒരെഴുത്ത എഴുതി നമ്മുടെ പുണ്യവാ
ളത്തിക്ക കൊടുത്തയച്ചു രാജാവിന്റെ കല്പന അറിയിച്ചു
ശുദ്ധമാകപ്പെട്ട അമ്മയൊ: എന്നാൽ ആ എഴുത്തുകൈ
പ്പറ്റിയവുടനെ തന്റെ മക്കളായ കന്യാസ്ത്രീകളെ കൂട്ടി
അതിനെ മഹാ എരിവൊടു കൂടെ വായിച്ചു കെൾപ്പിച്ച
രാജാവിന്നു വെണ്ടി അപെക്ഷിപ്പാൻ അവരെ താല്പൎയ്യ
പ്പെടുത്തിയതെന്നിയെ താൻ അന്നുമുതൽ തന്റെ മരണ
പൎയ്യന്തം തന്റെ എത്രയും എരിവുള്ള ജപധ്യാനങ്ങളി
ൽ മഹാ രാജാവിന്നു വെണ്ടി പ്രാൎത്ഥിച്ചു വരികയും
ചെയ്തു.

## പതിന്നാലാം അദ്ധ്യായം.

### ത്രെസ്യ മററ കന്യാസ്ത്രീ മഠങ്ങളെയും പുരുഷന്മാരുടെ ഒന്നാമത്തെ കൊവെന്തയെയും സ്ഥാപിക്കുന്നു.

നമ്മുടെ പരാക്രമ പുണ്യപതി കന്യാസ്ത്രീകളുടെ മററ ആശ്രമങ്ങളെ സ്ഥാപിക്കുന്നതിന്ന ജെനെരാളിൽനിന്ന കിട്ടിയ അനുവാദം കൊണ്ട തൃപ്തിയായില്ല: പുരുഷന്മാരുടെ ഇടയിലും പൂവ്വറെഗുലയുടെ കാല്പ്പ സ്ഥാപിപ്പാൻ എത്രയും വലിയ ആഗ്രഹത്തൊടുകൂടെ ഇരുന്നതിനാൽ അതിന്നടുത്ത അനുവാദവും മുഷ്ക്കരത്വവും ആഗ്രഹിച്ചിരുന്നു. ആയതിന്നുവെണ്ടി മഹാ എരിവൊടുകൂടെ സര്വ്വെശ്വരന്റെ സഹായം അപെക്ഷിച്ചാറെ മഹാ ധൈര്യം പൂണ്ട വിശെഷ ന്യായങ്ങളാൽ പ്രകാശിപ്പിച്ച ഒരെഴുത്ത ജെനെരാളിന്ന എഴുതുകയും ചെയ്തു: ആ ദെഹം വലെന്സ്യാ എന്ന ഹിസ്പാന്യ രാജ്യത്തിലെ പട്ടണത്തിൽ ആയിരിക്കുമ്പൊൾ ൟ എഴുത്ത കൈപ്പറ്റുകയും ചെയ്തു. ആ എഴുത്തിൽ കാണിച്ചിരുന്ന ന്യായങ്ങളുടെമെൽ ആലൊചിച്ചതിന്റെശെഷം ആ ദെഹം പുണ്യവാളത്തിയുടെ മനസ്സിന്ന സമ്മതിച്ച ആഗ്രഹിക്കപ്പെട്ട പതെന്തി ആ പട്ടണത്തിൽനിന്ന ത്രെസ്യാമ്മ യാത്രയാകുകയും ചെയ്തു. എന്നാൽ ൟ പതെന്തികൾകൊണ്ടും തനിക്കുണ്ടായിരുന്ന നല്ല ആഗ്രഹങ്ങൾകൊണ്ടും നമ്മുടെ പുണ്യവാളത്തിയെന്തു ചെയ്യും? കൊവെന്തകളെ പണിയിപ്പിക്കുന്നതിന്ന പണവുമില്ല, സര്വ്വെശ്വരന്റെ സഹായമൊഴികെ മാനുഷസഹായമൊന്നുമില്ല, ആ കൊവെന്തകളിൽകൂടി കര്മ്മെലീത്ത സഭയ്ക്കു പൂവ്വശൊഭയും അലങ്കാരവും വരുത്തുന്ന

ത്തിന്നും ആ തപസ്സ ജീവിതം പ്രാരംഭിക്കുന്നതിന്നും മനസ്സായിരിക്കുന്ന കൎമ്മലീത്ത സന്ന്യാസികൾ യാതൊരുത്തനെയും പുണ്യവാളത്തി അറിയുന്നില്ല, എന്നു വരികിലും നമ്മുടെ വീരപതി സാക്ഷിച്ചിരിക്കുന്നതിൻവണ്ണം ഈ പരാക്രമകാൎയ്യത്തിന്ന വെണ്ടുന്ന ധൈൎയ്യവും, ഒരുകാൎയ്യം നൽകിയ സൎവ്വെശ്വരൻ കാൎയ്യത്തിന്റെ നിറവെറ്റത്തിന്ന ആവശ്യമായ ശെഷമൊക്കയും നൽകുകയും ചെയ്യുമെന്നുള്ള ശരണവും തനിക്കുണ്ടായിരുന്നു. ഈ മനൊധൈൎയ്യം ഹെതുവായിട്ട അസാദ്ധ്യമായിട്ട തനിക്ക ഒന്നും തൊന്നുകയില്ല, എന്നതിനെകൊണ്ട താമസംകൂടാതെ കാൎയ്യത്തിന്ന പുറപ്പെട്ടുകയും ചെയ്തു.

എന്നാൽ പുരുഷന്മാരുടെ കൊവെന്തയെ സ്ഥാപിക്കുന്നതിന്ന ഒരുനിവൃത്തിയുണ്ടാകുന്നതിന്നിടയിൽ ആവിലപട്ടണത്തിൽനിന്ന ൨൦ നാഴിക ദൂരം മെദീന ദെൽകാമ്പൊ എന്ന നഗരിയിൽ കന്യാസ്ത്രീകളുടെ രണ്ടാമത്തെ ആശ്രമം സ്ഥാപിപ്പാൻ നിശ്ചയിച്ചു. ആ നഗരി പഴക്കം കൊണ്ടും, അതിൽ വസിച്ചിരുന്ന എറിയ കച്ചവടക്കാര മുഖാന്തരമായിട്ടും ഹിസ്പാന്യ രാജ്യത്തിൽ കീൎത്തിപെട്ടതിൽ ഒരു നഗരിയായിരുന്നു. ഈ ആശ്രമം സ്ഥാപിക്കുന്നതിന്ന ആവശ്യമായിരുന്ന ആ ദിക്കിന്റെ മെത്രാന്റെ അനുവാദം മുതലായതൊക്കയും, മുമ്പിൽ കൂട്ടി വാങ്ങിക്കുന്നതിന്ന പുണ്യവാളത്തിയുടെ കുമ്പസാരക്കാരനായിട്ടുണ്ടായിരുന്ന ഈശൊസഭക്കാരൻ ബൽദസ്സാരെ ആല്പരെസ എന്നദെഹം അന്ന മെദീന നഗരിയിൽ ആ സഭയുടെ കൊവെന്തയുടെ റെയിത്തൊരായിരുന്നു, എന്നിദെഹത്തിന്ന എഴുതിയതിനൊടുകൂടെ ഒരുവീടുവാങ്ങിക്കുന്നതിന്ന ആ നഗരിയിൽ തന്നെ കൎമ്മലീത്ത സന്ന്യാസിമഠത്തിന്റെ പ്രീയൊരായിരുന്ന അന്തൊന്യൊ ദെരെന്ത്യ എന്നദെഹത്തിന്ന എഴുതി കൊടുത്തയക്കയും ചെയ്തു: അവരിരുവരും പുണ്യവാളത്തിയുടെ ആഗ്രഹത്തിന്ന തക്ക

തിൻവണ്ണം വെഗത്തിൽ കാൎയ്യം നിൎവൃത്തി യാക്കുകയും ചെയ്തു. എന്നാൽ ൟ ആശ്രമം സ്ഥാപിക്കുന്നതിന്ന പ്രത്യെകം ആവശ്യമായിരുന്ന ചില കൂട്ടങ്ങൾ അതായത യാത്രച്ചിലവും, വീട വാങ്ങിക്കുന്നതിന്നും, ഇപ്രകാരമുള്ള കാൎയ്യങ്ങൾക്ക പുറപ്പെട്ടാൽ ചെയ്യെണ്ടി വരുന്ന എന്ന മറ്റനെകം ചിലവസ്തുകൾക്കും ആവശ്യമായിരുന്ന പണം അശെഷവും നമ്മുടെ ദാരിദ്ര്യപ്പെട്ട പുണ്യവാളത്തിയുടെ സ്വാധീനത്തിൽ ഇല്ലാഞ്ഞതെന്നിയെ വായിപ്പ വാങ്ങിപ്പാനും മറ്റ വാച്ചപ്രകാരത്തിൽ കുറെ പണമുണ്ടാക്കുന്നതിന്നും തനിക്ക യാതൊരു വഴിയുമില്ലാഞ്ഞു. ഇവയൊക്കയും പൊരാഞ്ഞിട്ട അന്തൊന്ന്യൊ ദെരെദ്യ എന്ന മെൽചൊല്ലിയ മൂപ്പൻ തെരിഞ്ഞെടുത്ത വിലപറഞ്ഞ നിറുത്തിയിരുന്ന വീട പൊളിഞ്ഞ വീഴാറാ യിരുന്നതിനാൽ നന്നാക്കി വരുന്നയിടയിൽ വെറിട്ടൊരുവിട കൂലിക്ക വാങ്ങിക്കൊണ്ടിവരികയും ചെയ്തു. സൎവ്വത്തും വശമാക്കുന്ന സൎവ്വെശ്വരൻ തന്റെ ൟ മണവാട്ടിക്ക ൟ പരാക്രമകാൎയ്യങ്ങൾക്ക പുറപ്പെടുന്നതിന്ന മനസ്സും ധൈൎയ്യവും കൊടുത്തരുളുകകൊണ്ട ൟ സമയത്തിലും അവരെ ഉപെക്ഷിക്കാതെ ഒരു പെണ്ണെതൽ വഴിയായിട്ട ൟ ഞെരുക്കത്തിന്ന ഒരു വിധത്തിൽ കഴിവുണ്ടാക്കി കൊടുക്കയും ചെയ്തു: അതെങ്ങനെയെന്നാൽ ആവില പട്ടണത്തിൽ സ്ഥാപിച്ച മുമ്പിലത്തെ ആശ്രമത്തിൽ കൂടുന്നതിന്ന പുണ്യമുള്ള ഒരുവാലിഭക്കാരത്തി അപെക്ഷിച്ചിട്ടുണ്ടായിരുന്നു, എന്നാൽ നമ്മുടെ പുണ്യപതി ഒരൊ കൊവെന്തയിൽ നിശ്ചയിച്ചിരുന്ന കന്യാസ്ത്രീകളുടെ എണ്ണം * ൧൩ തികഞ്ഞിരുന്നതിനെകൊണ്ട അവളെ കൂട്ടുവാൻ കഴിഞ്ഞില്ല, ൟ പെണ്ണെതൽ മെദീന ദെൽകാമ്പൊ എന്ന നഗരിയിൽ വെറിട്ടൊര ആശ്രമം സ്ഥാപിപ്പാൻ പൊകുന്ന വിവ

---

* പിന്നത്തെ കാലങ്ങളിൽ ൨൧ പെരുവരെ കൂട്ടുന്നതിന്ന വെച്ച ചട്ടം ഇന്നാൾവരെ കാക്കപ്പെടുകയും ചെയ്യുന്നു.

രം കഴിഞ്ഞാറെ ഉടനെ നമ്മുടെ പുണ്യവാളത്തിയുടെ
പക്കൽ ഒടിചെന്ന അതിൽ കൂട്ടപ്പെടുന്നതിന്ന അപെ
ക്ഷിച്ച അവൾക്കുണ്ടായിരുന്ന സൎവ്വത്തെയും കൊവെന്ത
യ്ക്കു കൊടുക്കാമെന്ന പുണ്യവാളത്തിയൊട പറകയുംചെ
യ്തു. നല്ല ഗുണവധികാരമുള്ളവളായിരുന്നതിനെകൊണ്ടു
ത്രെസ്യ അവളെ കൈക്കൊണ്ടു, പക്ഷെ അവൾക്കുണ്ടാ
യിരുന്ന വസ്തു നമ്മുടെ പുണ്യവാളത്തി എഴുതി സാക്ഷി
ച്ചിരിക്കുന്നതു പൊലെ ഒരുവീട വിലകൊടുത്തു വാങ്ങി
പ്പാൻ മതിയാകുന്ന പണമില്ലാഞ്ഞു, ഒരുവീടു കൂലിക്കുവാ
ങ്ങിപ്പാനും, യാത്രയ്ക്കു പ്രത്യെകം ആവശ്യമായ ചിലവി
നും മാത്രം തികഞ്ഞിരുന്ന കുറെ പണം ഇതത്രെ അവ
ളുടെ സമ്പത്തു: എന്നാൽ ചുരുങ്ങിയ ൦ര൦ സ്ത്രീധനംകൊ
ണ്ടു ഒര ആശ്രമം സ്ഥാപിക്കുന്നതിന്ന ആവശ്യമായിരിക്കു
ന്നതൊക്കയും സമ്പൂൎണ്ണമായിട്ടു കിട്ടിയതുപൊലെ നമ്മു
ടെ പുണ്യവാളത്തി തന്റെ ദെസ്കാൾസെ കന്യാസ്ത്രീക
ളിൽ രണ്ടു പെരെയും ഇൻകൎണ്ണാസ്യൊൻ ആശ്രമത്തിൽ
നിന്ന തന്റെ മക്കളാകുവാൻ മനസ്സായിരുന്ന നാലുപെ
രെയും കൂട്ടികൊണ്ടു ൧൫൬൨ാം കാലം ചിങ്ങമാസം ൧൬
അം— ജൂലിയാനൊ ദാവിലെന്ന നല്ല പട്ടക്കാരനൊടു
കൂടെ യാത്രയ്ക്കു പുറപ്പെടുകയും ചെയ്തു: എന്നാൽ ജ്ഞാ
ന സന്തൊഷത്താൽ നിറഞ്ഞ കാലങ്ങളെ കഴിച്ച ആ ശു
ദ്ധമാകപ്പെട്ട ആശ്രമത്തിൽനിന്ന പുറത്തിറങ്ങുവാറായ
പ്പൊൾ തന്റെ മക്കൾ ചുറ്റുംകൂടി അമ്മയെ വളഞ്ഞു
മഹാ കരച്ചിലൊടുകൂടെയെങ്കിലും ദൈവതിരുമനസ്സിന്നു
മുഴുവൻ കീഴ്വഴക്കത്തൊടുകൂടെ നല്ലയാത്രയ്ക്കടുത്ത വച
നങ്ങളെ പറയുന്നു, അവരുടെനെരെ പ്രിയം നിറഞ്ഞ
പുണ്യവാളത്തിയുടെ ഹൃദയം വ്യാകുലത്താൽ പിളൎന്നു
പൊകുന്നു, എന്നാൽ അനുഭവിക്കുന്ന സങ്കടം കാണിക്കാ
തെയിരിപ്പാൻവെണ്ടി തൊട്ടത്തിൽ പണിയിച്ചിരുന്ന കു
പ്പളകളിൽ ഉണ്ണിനൊടുചെൎത്തകെട്ടപ്പെട്ട൦ര൦ശൊഭി

ശിഹായുടെ ഒരുസ്വരൂപം വെച്ചിരുന്ന ഒരുകപ്പെളയിൽ
ചെന്ന അതിന്റെമുമ്പാകെ സാഷ്ടാംഗമായി വീണുകൊ
ണ്ടു ഉപെക്ഷിക്കുന്ന ആ മക്കളെയും ആശ്രമത്തെയും ത
ന്റെ യാത്രയെയും കൎത്താവിന്റെ സങ്കെതത്തിൽ എല്പി
ച്ചു, പൊകയും ചെയ്തു· എന്നാൽ വഴി വിഷമമുള്ളതാ
യിരുന്നതിനാൽ ആ ദിവസത്തിൽ വൈകിയപ്പൊൾ അ
രെവാല്ലൊ എന്നുപെരുവിളിക്കപ്പെട്ട ഒരു ചെറിയ നഗ
രിയിൽ എത്തി, അവിടെ കിടക്കുന്നതിന്ന കൎമ്മെലീത്ത
സഭയുടെ ഭക്തിക്കാരനായിരുന്ന ഒരു പട്ടക്കാരൻ ചില
പുണ്യപ്പെട്ട സ്ത്രീകളുടെ വീട്ടിൽ വെണ്ടുന്നമുറികൾ ആ
സ്ഥമാക്കീട്ടുണ്ടായിരുന്നു, പുണ്യവാളത്തി അടുത്തുവെന്ന
ആദെഹം കെട്ടപ്പൊൾ അവരെ എതിരെല്പാനായിട്ടു
നഗരിയിൽനിന്ന കുറെവഴിനടന്നു ആദെഹം പുണ്യവാ
ളത്തിയുടെ അരികിൽ ചെന്ന മററാരും കെൾക്കാതെ
എരെത്ത്യ മൂപ്പൻപാദ്രി നിറുത്തിയിരുന്ന വീട്ടിൽപൊയി
ആശ്രമം ആരംഭിക്കുന്നതിന്ന പാങ്ങില്ല എന്ന ത്രെസ്യാ
യൊടുപറഞ്ഞു, അതെന്തെ അതിന്റെ അരികിൽ ഉണ്ടാ
യിരിക്കുന്ന സന്ന്യാസിമഠത്തിന്റെ മൂപ്പൻ വീട്ടിന്റെ ഉ
ടയക്കാരന്റെ സ്നെഹിതനാകകൊണ്ടും, അവരുടെകൊ
വെന്തിന്നു സമീപം കന്യാസ്ത്രീമഠം ഉണ്ടാകുന്നതിന്മെൽ
അവൎക്ക സങ്കടമായിരിക്കകൊണ്ടും ൟവകക്കായിട്ടു വീ
ട്ടുകൊടുക്കരുതെന്ന ഉടയക്കാരനൊട സന്ന്യാസികൾവി
ലക്കിയതുകൊണ്ടു അവന്റെ മനസ്സുമറിഞ്ഞു: എന്നി വി
വരമൊക്കയും നമ്മുടെപുണ്യവാളത്തി കെട്ടപ്പൊൾ ത
ന്റെ ഹൃദയത്തിന്ന എത്രയും മുച്ചയുള്ളതായിപ്പൊയി
എങ്കിലും പുറമെ ഒന്നും കാണിക്കാതെ കൂടെയുണ്ടായിരു
ന്ന കന്യാസ്ത്രീകൾ ഇങ്ങിനെയുള്ള യുദ്ധങ്ങൾക്ക അഭ്യാസ
മില്ലാത്തവരായിരുന്നതിനാൽ ൟ വൎത്തമാനമറിഞ്ഞാ
ൽ കലങ്ങുമെന്നുവിചാരിച്ച കെട്ടതെല്ലാം രഹസ്യമായി
ട്ടു കാക്കയും ചെയ്തു, എന്നുവരികിലും മെൽ ചൊല്ലിയ

അരെവാല്ലൊ എന്ന നഗരിയിൽ ചെന്നാറെ അവരും ൟ വൎത്തമാനം അറിഞ്ഞതിനാൽ കലങ്ങി, അതു ഹെതുവായിട്ട പുണ്യവാളത്തി സാക്ഷിക്കുന്നതു പൊലെ ആ രാത്രി മഹാ കലക്കത്തൊടും സങ്കടത്തൊടുംകൂടെ കഴിക്കെണ്ടിവന്നു; എന്നാൽ അതിന്റെ പിറ്റെദിവസം വീടുവാങ്ങിച്ച അന്തൊന്ന്യൊ ദെരെത്ത്യ എന്ന പ്രിയൊര അവിടെചെന്ന വീട അത്രനല്ലതല്ലയെങ്കിലും മനസ്സപൊലെ പൊയിപാൎക്കുന്നതിന്ന യാതൊരു വിരൊധമുണ്ടാകയില്ല എന്ന ഉറപ്പായിട്ട പറഞ്ഞ ആ കലങ്ങിയ ആത്മാവുകളെ ആശ്വസിപ്പിക്കയും ചെയ്തു. ഉടനെ അവിടെനിന്ന യാത്രപുറപ്പെട്ട ൧൬൩൦ാം കാലം ദെവമാതാവ ആകാശമൊക്ഷത്തിൽ എഴുന്നെള്ളിയ കരെററത്തിന്റെ തിരുനാളിന്ന തലെദിവസം പാതിരായാ കാറായപ്പൊൾ മെദിനിയിൽ ചെല്ലുകയും ചെയ്തു.

നമ്മുടെ പുണ്യവാളത്തി വീട്ടിന്റെ അവസ്ഥ കണ്ടപ്പൊൾ മഹാ സംകടപ്പെട്ടുവെങ്കിലും ആ രാത്രി മുഴുവനും വെലയെടുത്ത വെടിപ്പുവരുത്തി, ഒരുവിധത്തിൽ വെടിപ്പായ ഒരുകൊച്ചു ത്രൊണൊസ സ്ഥാപിച്ചു, ഒരുമുറിത്തട്ടിൽ കൊച്ചായിട്ട ഒരുമണിതൂക്കി, ഇങ്ങനെ നെരം വെളുത്തപ്പൊൾ ആ നഗരിവാസികൾ അത്ഭുതമായിട്ട എന്നപൊലെ മുളെച്ച ആ കന്യാസ്ത്രീ മഠം കണ്ടാറെ അതിശയപ്പെട്ടു. കന്യാസ്ത്രീ മാതാവിന്റെ കരെററത്തിന്റെ ദിവസത്തിൽ തന്നെ ദിവ്യ ചെമ്മരിയാട്ടിൻകുട്ടിയുടെ ദൈവീക പൂജയാൽ ആ ഭവനം കൂദാശപ്പെട്ടു. ഇവിടെ ചുരുക്കി കൊണ്ടു നാം എഴുതിയ ൟ സംഗതി നിവൃത്തിയാകുന്നതിന്ന നമ്മുടെ പുണ്യവാളത്തി അനുഭവിച്ച ദുഃഖങ്ങളും ജയിച്ച വിരൊധങ്ങളും ചെയ്ത ബുദ്ധിമുട്ടുകളും എണ്ണമില്ലാത്തതുപൊലെയായിരിക്കുന്നു, എന്നാൽ ഇതിൻവണ്ണം ൟയാശ്രമം സ്ഥാപിക്കപ്പെട്ടവുടനെ ത്രെസ്യ സാക്ഷിച്ചിരിക്കുന്നതു പൊലെ ആ നഗരിവാസി

കൾ അതിന്മെൽ മഹാഭക്തിയും താല്പൎയ്യവുമായി എറി
യ ആളുകൾ ആ ചെറിയപള്ളിയിൽ ചെന്ന ശുദ്ധ.— കു
ൎബ്ബാനയും കുമ്പിട്ട മഹാ ഭക്തി അവൎക്ക തൊന്നിയിരുന്ന
തിനെ കൊണ്ട അവിടെ ജപധ്യാനത്തിന്ന ബഹു നെ
രം ചിലവഴിച്ചു വരികയും ചെയ്യുമാറാ യിരുന്നതെന്നി
യെ ദാനധൎമ്മങ്ങളാൽ വെണ്ടുന്ന സഹായം കന്യാസ്ത്രീ
കൾക്ക ചെയ്തിരുന്നു. ഇപ്രകാരമൊക്കയും ആയപ്പൊൾ
തന്റെ ദിവ്യമണവാളൻ വന്ദിക്കപ്പെടുവാൻ വിശെ
ഷാൽ ഒരുപള്ളി ൟലൊകത്തിലുണ്ടായി എന്നുവിചാരി
ച്ച നമ്മുടെപുണ്യപതി പറഞ്ഞൊപ്പിക്കരുതാത്ത സന്തൊ
ഷവും ജ്ഞാനതെളിവും അനുഭവിച്ചു: എന്നാൽ ഇങ്ങ
നെയുള്ള സന്തൊഷം എത്രയും വെഗത്തിൽ നീങ്ങിപൊ
യി ഉടനെ മനൊ വിഷാദങ്ങളും ഭയങ്ങളും അധികമാ
യിവൎദ്ധിച്ച താൻ സൎവ്വെശ്വരനെ നൊക്കി ഇപ്രകാരമു
ള്ളതൊക്കയും ചെയ്യാൻ തൊന്നിച്ചത താൻ തന്നെയൊ
എന്ന ചഞ്ചലപ്പെട്ട സൎവ്വെശ്വരനൊട ചൊദിക്ക യായി
രുന്നു. ഇതുപൊരാഞ്ഞിട്ട താൻ എഴുതിയതുപൊലെ പ
ള്ളിയാക്കി ശുദ്ധ.— കുൎബ്ബാന എഴുന്നെള്ളിച്ച വെച്ചിരിക്കു
ന്ന സ്ഥലത്തിന്റെ ചുവരുകളെ കുൎബ്ബാന കഴിഞ്ഞിട്ട സൂ
ക്ഷിച്ചുനൊക്കിയപ്പൊൾ ഭ്രമിച്ചു. എന്നാൽ ഇതിന്റെവി
വരം പുണ്യവാളത്തിയുടെ വായിൽനിന്ന കെൾക്കണം.

"കുൎബ്ബാനകഴിഞ്ഞിട്ട ഒന്നു ജനെലയിൽനിന്ന ചുവരു
„കളെ സൂക്ഷിച്ചു നൊക്കിയപ്പൊൾ ചിലെടത്ത മുഴുവ
„നും ഇടിഞ്ഞുകിടക്കുന്നതിനെയും അതിനെ പുത്തനായി
„ട്ട കെട്ടിപണിയുന്നതിന്ന എറിയദിവസങ്ങൾ വെണ്ടി
„വരുമെന്ന കണ്ടു, ആ! എന്റെദൈവമെ! ലുഥെരാനി
„ഇടത്തുകാരു മുഖാന്തരമായിട്ട ഇത്രയൊഗ്യമായ കാ
„ലമാകുന്ന ൟ കാലത്തിൽ നീ നാലുപുറത്ത തുറന്നിരി
„ക്കുന്ന ഒരുവഴിയിലിരിക്കുന്നതിനെ ഞാൻ കണ്ടപ്പൊൾ
„എന്റെ ഹൃദയം ഇരിമ്പുകൈയാൽ ഞെക്കപ്പെട്ടതിൻ

,,വണ്ണമുള്ള ആധിയും ദുഃഖവും അനുഭവിക്കയും ചെയ്തു.
,,ഇപ്രകാരമൊക്കയും ഞാൻകണ്ടാറെ ശുദ്ധ.— കുർബ്ബാന
,,യുടെ സൂക്ഷത്തിന്ന എതാനുംപുരുഷന്മാര ഇടവിടാതെ
,,ഉറക്കമൊഴിഞ്ഞ കാവൽ നില്പാൻതക്കവണ്ണം ഞാൻ
,,ചട്ടംകെട്ടിയെങ്കിലും രാത്രിസമയത്ത അവൎക്ക ഉറക്കം
,,വന്നെക്കുമൊഎന്നുള്ള ഭയംകൊണ്ട ഞാൻഎഴുന്നെറ്റ
,,ആദിവസങ്ങളിൽ നിലാവ നന്നായിട്ട പ്രകാശിച്ചിരു
,,ന്നതിനെകൊണ്ട ഒരുജെനെലവഴിയായിട്ട അവര ഉ
,,ണൎന്നിരിക്കുന്നൊ ഇല്ലയൊയെന്ന കാണായിരുന്നതിനാ
,,ൽ അവിടെ ചെന്ന നൊക്കി തിട്ടംവന്നിട്ട വീണ്ടുകിട
,,പ്പാൻ പൊയിരുന്നു. ആ ചെറിയപള്ളിയിൽ കുമ്പിടുന്ന
,,തിന്ന വന്നിരുന്ന ആളുകൾ ദിവസംപ്രതി വൎദ്ധിച്ചുവ
,,ന്നിരുന്നു, എന്നുതന്നെയുമല്ല പിന്നെയൊ സൎവ്വെശ്വരൻ
,,രണ്ടാമത്തെ ഒരുതൊഴുക്കൂട്ടിൽ എഴുന്നെള്ളിയിരുന്നതി
,,നെകണ്ട ഭക്തി തൊന്നിയിരുന്നു: സൎവ്വെശ്വരനും നമ്മു
,,ടെ സ്നെഹത്തെപ്രതി എല്ലാപ്പൊഴും തന്റെ ദിവ്യ മ
,,ഹിമയെ താഴ്ത്തുന്നതിന്ന തിരുമനസ്സായിരിക്കുന്നതിനെ
,,കൊണ്ട അവിടെനിന്ന മാറ്റുവാൻ തിരുമനസ്സാകുന്നില്ല
,,യെന്ന തൊന്നിയിരുന്നു,,

തന്റെ ഏറ്റം പ്രിയപ്പെട്ടമണവാട്ടിയുടെ ജയസന്തൊ
ഷങ്ങളെ എറ്റം ശൊഭിപ്പിപ്പാൻവെണ്ടി കുറെനെരത്തെ
ക്ക വിഷാദങ്ങൾ ഭയങ്ങൾ മുതലായ ജ്ഞാനപരീക്ഷക
ളൊക്കയും ഉണ്ടാകുന്നതിന്ന അനുവാദം കൊടുത്തിരുന്ന
സൎവ്വെശ്വരൻതന്നെ അവയെല്ലാം നീക്കി മഹാസന്തൊ
ഷം അവൎക്ക കല്പിച്ചരുളി പ്രവൃത്തിച്ചതെല്ലാം തന്റെ ദി
വ്യഹൃദയത്തിന്ന മഹാ ഇൻപമുള്ളതും തനിക്ക മഹാ ഇ
ഷ്ടമുള്ളതുമാകുന്നവെന്ന പുണ്യവാളത്തിക്ക ഉറപ്പവരുത്തി
വെക്കയും ചെയ്തു. ഒരാണ്ടുവട്ടം കഴിഞ്ഞപ്പൊൾ മെദീ
ന നഗരിയിൽ ഭക്തിയുള്ള ഒരു കച്ചവടക്കാരൻ പുണ്യ
വാളത്തിയുടെ പക്കൽ ചെന്ന മുമ്പിലത്തെ വീട്ടിന്റെ

കെട്ടും അററ കുററവും തീരുന്നതുവരെ തനിക്ക ഒരരമ
നപൊലെ യുണ്ടായിരുന്ന വീട പാതിഒഴിഞ്ഞ തരാമെ
ന്ന പുണ്ണ്യവാളത്തിയൊട പറകകൊണ്ട പുണ്ണ്യവാളത്തി
കന്ന്യാസ്ത്രീകളൊടുകൂടെ സ്ലൊസ്സ്യാ എന്ന പെരുള്ള ൟ
കച്ചവടക്കാരന്റെ വീട്ടിൽപൊയി അവിടെയുണ്ടായിരു
ന്ന ഒരുവലിയശാല പള്ളിയാക്കി ശെഷംമുറികളിൽ അ
വര പാൎത്തിരുന്നു. മുമ്പിലത്തെ വീട്ടിന്റെ അററകുററ
ങ്ങൾ തീൎത്ത കന്ന്യാസ്ത്രീമഠമാക്കുന്നതിന്ന പലരും ഉടനെ
സഹായത്തിന്നപുറപ്പെട്ടു, എന്നാൽ അവരിൽവെച്ച കപി
രൊഗ എന്ന കൎദ്ദിനാളിന്റെ മരുമകൾ എലെനദി കപി
രൊഗ എന്ന വൈധവി വിശെഷമായിട്ട സഹായിച്ചതു
കൂടാതെ അവളും അവളുടെ ഒരുമകളും ആ മഠത്തിൽ
കൂടുകയും ചെയ്തു. അപ്പൊഴാ മെദീന ആശ്രമം സ്ഥാപി
ക്കപ്പെട്ടു മാർ യൌസെപ്പ പുണ്ണ്യവാളന്റെ മഹിമയുള്ള
നാമധെയത്താൽ അലങ്കരിക്കപ്പെടുകയും ചെയ്തു. വിഷ
മങ്ങളൊക്കയും നമ്മുടെപുണ്ണ്യവാളത്തിയുടെ അതിശയ
മായ ക്ഷാന്തി യുടെയും ധൈൎയ്യത്തിന്റെയും മുമ്പാകെ
നിൎമ്മൂലമായി.

എന്നാൽ സൎവ്വെശ്വരന്റെ സ്തുതിക്കായിട്ടുള്ള വെല
കളിൽ ക്ഷീണംവരാത്ത നമ്മുടെ പരാക്രമി ൟ വെല
തീൎന്ന ഉറപ്പിച്ചവുടനെ പുരുഷന്മാരുടെകൊവെന്തുകളെ
സ്ഥാപിക്കുന്ന കാൎയ്യത്തിന്മെൽ വിചാരവും അന്വെഷവു
മായി, അതിനെ നിറവെററുവാൻ തക്ക പൊംവഴിക
ളെ തെടിവന്നിരുന്നു. ൟ പരാക്രമവെലയ്ക്കു പുറപ്പെടു
വാൻ തക്ക വീരനെ എവിടെ കണ്ടെത്തും? താൻ അറി
ഞ്ഞിരുന്ന കൎമ്മലീത്ത സന്ന്യാസികളിൽവെച്ച ൟ കാ
ൎയ്യത്തിന്ന വെണ്ടുന്ന ലക്ഷണങ്ങളാൽ അലംകരിക്കപ്പെട്ട
വനെ കാണായ്കയാൽ ൟ കാൎയ്യം കൊണ്ട ആരൊടും
മിണ്ടാതെ ശരണംപാൎത്തിരുന്നു: എന്നാൽ മെൽചൊല്ലി
യ അന്തൊന്ന്യൊ ദെരെദ്ധ്യ എന്നപ്രിയൊരിന്റെ ഗുണ

വധികാരം സൂക്ഷിച്ചാറെ ഗുണദൊഷം ചൊദിക്കുന്നതിന്ന എങ്കിലും ആ ദെഹത്തിനൊട ആലൊചിക്കാമെന്ന നിശ്ചയിച്ച ആ ദെഹത്തിനൊട ൟ കാൎയ്യം പറകയും ചെയ്തു: ആ ദെഹം ൟ വൎത്തമാനം കെട്ടപ്പൊൾ മഹാ സന്തൊഷം പ്രാപിച്ച താൻ ഒന്നാമത്തെ ദിസ്കാൽസുകൎമ്മലീത്ത യാകുന്നതിന്നും പൂവ് റെഗുലയെ കാക്കുന്നതിന്നും ആസ്ഥമായിരിക്കുന്നുവെന്ന പുണ്യവാളത്തിയൊട്ടു പറഞ്ഞു. പുണ്യവാളത്തി വിചാരിക്കാത്ത ൟ ഉത്തരം കെട്ടാറെ അതിശയപ്പെട്ടു, ആ ദെഹം കളിയായിട്ട പറയുന്നു എന്നു വിചാരിച്ചതിനെക്കൊണ്ട നല്ല പരമാൎത്ഥത്തൊടുകൂടെ തന്റെ ൟ വിചാരം ആ ദെഹത്തിന്ന വെളിപ്പെടുത്തി, അതെന്തെ നമ്മുടെ പുണ്യപതി അന്തൊന്യൊ ദെരെദ്ദ്യ എന്നീ ദെഹത്തെ നല്ലസന്ന്യാസിയെന്ന വിശ്വസിച്ചിരുന്നുവെങ്കിലും എകദെശം അറുപതുവയസ്സ അയാൾക്ക ഉണ്ടായിരുന്നതിനെക്കൊണ്ട പൂവ് റെഗുലയുടെ കടുപ്പത്തിന്നും, സ്ഥാപിപ്പാൻ താൻ ഭാവിച്ചിരുന്ന തപസ്സുജീവിതത്തിന്നും വഴങ്ങുവാൻ പ്രയാസമെന്ന വിചാരിച്ചിരുന്നു, തന്റെ ൟ വിചാരമൊക്കയും ആ ദെഹത്തിനൊട്ടു പറഞ്ഞു. എരെദ്ദ്യ മൂപ്പൻപാദ്രി മുമ്പിലത്തെ വചനം ഉറപ്പിച്ചതുകൂടാതെ കുറെനാളായിട്ട എറ്റം തപസ്സുള്ള ഒരു ജീവിതത്തിന്ന സൎവ്വെശ്വരൻ അയാളെ വിളിക്കുന്നപ്രകാരവും ചെത്തൊസീനി എന്ന മഹാതപസ്സികളായ സന്ന്യാസികളുടെ സഭയിൽ കൂടുവാൻ ഭാവിച്ചിരുന്നപ്രകാരവും പുണ്യവാളത്തിയൊടു പറകയും ചെയ്തു. ശുദ്ധമാകപ്പെട്ടവൾ ഇതുകെട്ടാറെ വളരെ തെളിഞ്ഞു: മുഴുവനും വിശ്വസിച്ചില്ലയെങ്കിലും എത്രയും വിവെകമുള്ളവളായിരുന്നതിനാൽ അപെക്ഷ കൈക്കൊള്ളുകയും ചെയ്തു. കുറെനാൾ കഴിഞ്ഞപ്പൊൾ മെദീന നഗരിയിൽ കൎമ്മലീത്ത സഭക്കാൎക്ക ഉണ്ടായിരുന്ന കൊവെന്തയിൽ കൎമ്മലീത്തസഭയിൽ മല്ലാനായിരുന്ന പത്രൊസു ദൊരൊരൊസ്സൂ

എന്നമൂപ്പൻപാദ്രിയും ഇയാളുടെ കൂട്ടുകാരനായിട്ട ചെറുപ്പക്കാരനായിരുന്ന വെറിട്ടൊരു സന്ന്യാസിയും സല്ലമാൻക്ക എന്ന നഗരിയിൽനിന്ന വന്നിരുന്നു, എങ്ങനെയെ പത്രൊസു ദൊരൊമെസ്സൊ എന്ന മൂപ്പൻപാദ്രിനമ്മുടെ പുണ്യവാളത്തിയെ കാണ്മാനും കൂടെസംസാരിപ്പാനും ഇട വന്നു· പൂവ്റെഗുലയ്ക്കുട്ടത്ത പുരുഷന്മാരുടെ കൊവെന്തകളെ സ്ഥാപിപ്പാൻ ഭാവിച്ചിരുന്നകാൎയ്യം രഹസ്യത്തിൽ കാത്തു വന്നിരുന്നുവെങ്കിലും, ൟദെഹത്തിനൊട്ട പറയണമെന്ന നമ്മുടെ പുണ്യമ്മയുടെ ഹൃദയത്തിൽ ഒരു സ്വരം കെട്ടതുപൊലെയുള്ള ഒരുതാല്പൎയ്യം തൊന്നിയതിനാൽ പറകയും ചെയ്തു· ബുദ്ധിമാനായിരുന്ന ദെഹം ത്രെസ്യയുടെനിയൊഗവുംമറ്റും കെട്ടാറെ പറഞ്ഞതായത·

സല്ലമാൻക്ക പട്ടണത്തിൽ നിന്ന എന്റെ കൂട്ടുകാരനായിട്ട വന്നിരിക്കുന്ന ഒരു സന്ന്യാസി ശാസ്ത്രപഠിനമൊക്കയുംകഴിഞ്ഞ ൟ ഇട പുത്തൻകുൎബാനചൊല്ലി, അയാൾ നിങ്ങളുടെ ലാക്കിനുകൊള്ളാകുന്ന ഒരുപുണ്യാത്മാവാകുന്നുവെന്ന ഇനിക്ക തൊന്നുന്നു, എന്നിതും മറ്റും ബഹുസ്തുതിയായിട്ടുള്ള വൎത്തമാനങ്ങളെയും ആ ചെറുപ്പക്കാരൻ സന്ന്യാസിയെ കുറിച്ച പത്രൊസു ദൊരൊമെസ്സൊ നമ്മുടെ പുണ്യവാളത്തിയൊട്ടപറഞ്ഞു· ശുദ്ധമാകപ്പെട്ടവൾ ആവൎത്തമാനം കെട്ടാറെ പിറ്റെദിവസം കന്ന്യാസ്ത്രീമഠത്തിൽ ആ സന്ന്യാസിവന്ന തന്നൊട്ടസംസാരിപ്പാൻ തക്കവണ്ണം,മൂപ്പൻപാദ്രിയൊട ചട്ടംകെട്ടിവരികയുംചെയ്തു· ശുദ്ധമാകപ്പെട്ടവൾ ആ രാത്രി മുഴുവനും എരിവുള്ള നമസ്കാരത്തിന്നചിലവഴിച്ച, പണിചെയ്യാൻ ഭാവിക്കുന്ന മാളികയ്ക്കു മൂലക്കല്ലാകുവാൻ തക്കവനായിരിക്കുന്ന ൟ മകനെ കൊടുത്തരുളുവാൻ സൎവ്വെശ്വരനൊട്ട പ്രാൎത്ഥിച്ചു, തന്റെപ്രാൎത്ഥന സൎവ്വെശ്വരൻ കൈക്കൊണ്ട അപെക്ഷ പ്രകാരം ആ മകനെ തരാമെന്ന സൎവ്വെശ്വരൻ പുണ്യവാളത്തിയൊട അരുളിചെയ്തു· പിറ്റെദി

വസം ഇതാ ആ ചെറുപ്പക്കാരൻ സന്ന്യാസിത്രേസ്യായെ
കാണ്മാൻ വന്നിരിക്കുന്നു, അയാളുടെപെര അന്ന സാൻമ
ത്തിയയുടെ യൊഹന്നാൻ, ഇപ്പൊൾ ലൊകമൊക്കയി
ലും ആകാശരാജ്യത്തിലും കുരിശിന്റെ മാർ യൊഹ
ന്നാൻ എന്ന നാമധെയംകൊണ്ടു സൂൎയ്യനെപ്പൊലെ പ്ര
കാശിച്ചു കീൎത്തിപ്പെട്ടുകയും ചെയ്തിരിക്കുന്നു. ത്രെസ്യ അ
യാളെ കണ്ടവുടനെ മാലാഖാൎക്കടുത്ത അയാളുടെ ദൃഷ്ടി
യാലയും ആളിന്റെമുഴുവനാകപ്പെട്ട അടക്കത്താലയും
ആയാത്മാവ എത്രയും വിശെഷമായ ദൈവദാനങ്ങളാ
ൽ അലങ്കരിക്കപ്പെട്ടിരിക്കുന്നുവെന്ന തിരിച്ചറികയും ചെ
യ്തു. യൊഹന്നാൻ സംസാരിപ്പാൻ തുടങ്ങി എന്നാൽ അ
യാളുടെഹൃദയം ദൈവസ്നെഹാഗ്നിയാൽ എരിഞ്ഞിരുന്ന
തിനെകൊണ്ടു പറയുന്നതെല്ലാം പുണ്ണ്യ സാംഗൊപാംഗ
ത്തിന്നടുത്ത തായിരിക്കയും ചെയ്യുന്നു, എന്നാൽ ഇപ്രകാ
രമുള്ള ദൈവീക സംസാര ങ്ങളാൽ താൻ ഭാവിക്കുന്ന
കാൎയ്യം കൊണ്ടു സംസാരിപ്പാൻ പുണ്ണ്യ വാളൻ ഇട
വരുത്തുമെന്ന നമ്മുടെ പുണ്ണ്യവാളത്തി വിചാരിച്ചിരു
ന്നു: ആയതിൻവണ്ണംതന്നെ യൊഹന്നാൻ പറയുന്നയിട
യിൽ എററംവലിയ സാംഗൊപാംഗത്തിന്നും തപസ്സിന്നു
മടുത്ത ഒരുജീവിതത്തിന്ന സൎവ്വെശ്വരൻ അയാളെവിളി
ക്കുന്നപ്രകാരവും, ൟ വിളിപ്പിന്നുതക്കതിൻവണ്ണം ചെ
ൎത്താസീനി എന്ന മഹാ തപസ്സികളായ സന്ന്യാസി സഭ
യിൽക്കൂട്ടുവാൻ വിചാരിച്ചുവരുന്നവൎത്തമാനവും പുണ്ണ്യ
വാളത്തിയൊട ആദെഹം പറക കൊണ്ടു, പുണ്ണ്യവാള
ത്തി ഉടനെ പ്രതിയുത്തരമായിട്ടു പറഞ്ഞതായത, അച്ച
ൻ ആഗ്രഹിക്കുന്ന കുറവില്ലാത്ത പുണ്ണ്യ സാംഗൊപാംഗ
വും തപസ്സു ജീവിതവും പുറമെ അന്വെഷിപ്പാൻ ആവ
ശ്യമില്ലല്ലൊ, കുറെതാമസിച്ചാൽ സൎവ്വെശ്വരൻ അച്ചനെ
വിളിച്ച സഭയിൽതന്നെ ൟആഗ്രഹങ്ങളെ പൂൎത്തിവരു
ത്തുകയും ചെയ്യാം. ശുദ്ധമാകപ്പെട്ടവളുടെ വായിൽനി

ന്ന പുറപ്പെട്ട ഈ ഗുണദൊഷ വാക്ക യൊഹന്നാന്റെ
ചെവിയിൽ വീണപ്പൊടനെ അയാൾക്ക ചെറുപ്പത്തിൽ ഉ
ണ്ടായ ഒരു ദൈവ അരുളപ്പാട്ടിനെ സൎവ്വെശ്വരൻ അ
യാളെ ഓൎപ്പിക്കയും ചെയ്തു: അതാകുന്നത നമ്മുടെപുണ്ണ്യ
വാളൻ സന്ന്യാസി സ്സഭയിൽ കൂടുന്നതിന്ന മുമ്പിൽ സൎവ്വെ
ശ്വരന്ന ശുശ്രൂഷ ചെയ്യുന്നതിന്ന തെരിഞ്ഞെടുക്കൊണ്ടുന്ന
അന്തസ്ഥിന്റെ കാൎയ്യത്തിൽവെച്ച ദൈവിക്കും അറിയുന്ന
തിന്ന മഹാഎതിരെവാട്ടു പ്രാൎത്ഥിച്ചിരിക്കയിൽ കെട്ട ദൈ
വ അരുളപ്പാട ഇതായിരിക്കുന്നു: അതായത "അതിന്റെ
"പൂൎവ്വ പുണ്ണ്യ സാംഗൊപാംഗത്തെ വീണ്ടു സ്ഥാപിക്കുന്ന
"തിന്ന നീ സഹായിക്കുമെന്ന ഒരുസന്ന്യാസി സഭയിൽ ഇ
"നിക്ക ചിറവാഴ്ച ചെയ്കയും വെണം."

ഈ തിരുവചനങ്ങളുടെഅൎത്ഥം പുണ്ണ്യവാളത്തിയൊ
ടുണ്ടായ ഈ മുമ്പിലത്തെ ആലൊചനയിൽ മാത്രം ഗ്ര
ഹിക്കയും ചെയ്തു· അപ്പൊൾ പുണ്ണ്യവാളത്തി ഭാവിച്ചിരു
ന്നകാൎയ്യം നിറവെറ്റുന്നതിന്ന അധികം താമസംവരിക
യില്ലയെങ്കിൽ താൻ അതിന്ന ആസ്ഥമായിരിക്കുന്നുവെന്ന
നമ്മുടെ പുണ്ണ്യപിതാവ ശുദ്ധമാകപ്പെട്ട അമ്മയൊട പ
റഞ്ഞൊക്കയും ചെയ്തു· ഇതിനാൽ നമ്മുടെശുദ്ധമാകപ്പെ
ട്ട അമ്മ പറഞ്ഞൊപ്പിക്കരുതാത്ത സന്തൊഷം അനുഭവി
ക്കയും ചെയ്തു· എന്നാൽ അന്തൊണ്ണ്യൊ ദെരെദ്യ മൂപ്പൻ
പാദ്രി ശരീരപൊക്കംകൊണ്ടും മുഖദൃഷ്ടിയാലും നല്ലആ
ളും, യൊഹന്നാൻ ആക്രൂസ ശരീരപൊക്കം കുറഞ്ഞവ
നും, തപസ്സിന്റെ കഠിനത്താൽ നന്നാ ശൊഷിച്ചിരുന്ന
വനുമായിരുന്നതിനെ കൊണ്ട നമ്മുടെ പുണ്ണ്യപതി ഒ
ന്നര സന്ന്യാസി കിട്ടീട്ടുണ്ടെന്ന വിനൊദ വാക്യമായിട്ട
പറഞ്ഞുവന്നിരുന്നു, എന്നുവരികിലും യൊഹന്നാന്റെ പു
ണ്ണ്യവും ശാസ്ത്രവും പറയുന്ന കാൎയ്യങ്ങളുടെ സാരവും
കൊണ്ട മഹാ പക്ഷമായ പ്രകാരത്തിൽ തന്റെ

* സെനെക്കിനൊഎന്നവിളിക്കമാറായിരുന്നു, നമ്മുടെപു
ണ്യവാളത്തിആഗ്രഹിച്ചിരുന്നകൎമ്മലീത്തസന്യാസികളുടെ
ഒന്നാമത്തെകൊവെന്തസ്ഥാപിക്കുന്നതിന്ന ഒരുസ്ഥലംകി
ട്ടുന്നതിന്നും മെദീന കന്യാസ്ത്രീയാശ്രമം ക്രമപ്പെടുത്തുന്ന
തിന്നും ആ നഗരിയിൽ താമസിച്ചുവരികയിൽ മല്ലഗൊ
നെ വലിയ ദൊലീദെന്ന രണ്ടു നഗരികളിൽ കന്യാസ്ത്രീ
ആശ്രമം സ്ഥാപിക്കുന്നതിന്ന മഹാ താല്പൎയ്യമായിട്ടു അ
ന്നൊടു അപെക്ഷയുണ്ടായിരുന്നതിനെകൊണ്ടു മെദിനന
ഗരിയിൽനിന്ന പുറപ്പെട്ടുപൊകയും ചെയ്തു. എന്നാൽ മ
ല്ലഗൊനെ നഗരിക്കു പൊകുന്നതിന്നുമുമ്പിൽ രണ്ടാമത്തെ
ഫീലിപ്പൊസുരാജാവിന്റെ പെങ്ങൾ ആയ ജൊവാന്നാ
പ്രഭൃത്തിയുടെ മനസ്സിന്ന കീഴ്വഴങ്ങി ഒരുകൊവെന്ത വി
സിത്തു കഴിക്കെണ്ടുന്നതിന്ന രാജധാനിയാകുന്ന മദ്രിദെ
ന്നു പട്ടണത്തിന്ന പൊകയും ചെയ്തു: പുണ്യവാളത്തി രാ
ജധാനിയിൽ ചെല്ലുവാനിരിക്കുന്നവൎത്തമാനവും തന്റെ
പുണ്യങ്ങളുടെയും വിശെഷഗുണലക്ഷണങ്ങളുടെയും ശ്രു
തിയും പുണ്യവാളത്തി ആ പട്ടണത്തിൽ ചെല്ലുന്നതിന്നു
മുമ്പിൽ പ്രസിദ്ധമായതിനാൽ എറിയ മുഖ്യപ്പെട്ട ആളു
കൾ തന്നെ എതിരെല്പാനായിട്ടു മദ്രിദെന്ന പട്ടണത്തി
ൽനിന്ന പുറപ്പെട്ടു കുറെവഴി നടക്കയും ചെയ്തു, എന്നാ
ൽ പലരും സാമാന്യമല്ലാത്തതും അതിശയമുള്ളതു മായ
കാൎയ്യങ്ങളെയും, സംസാരത്തിൽ ഒരിക്കലും കെട്ടിട്ടില്ലാ
ത്ത വാക്യങ്ങളെയും മറ്റും കാണുകയും കെൾക്കയുംചെ
യ്യാമെന്ന വിചാരിച്ചിരുന്നു. അവരുടെ ഒരു താല്പൎയ്യം ന

---

* സെനെക്ക എന്ന ശാസ്ത്രി സന്മാൎഗ്ഗ വാക്യങ്ങളാൽ
മഹാകീൎത്തിപെട്ടവനായിരുന്നു. യൊഹന്നാൻ ആക്രൂസു
എന്ന നമ്മുടെപിതാവ സംസാരിക്കുമ്പൊൾ മഹാസാരമു
ള്ളതുമാത്രം പറയുമെന്നതിനെ കൊണ്ടു എന്റെ കൊ
ച്ചു സെനെക്ക എന്ന അൎത്ഥമായിരിക്കുന്ന സെനെക്കിനൊ
പുണ്യവാളത്തി വിളിക്കുമാറായിരുന്നു.

ങ്ങുടെ പുണ്ണ്യപതി ഗ്രഹിച്ചതിനാൽ ചട്ടമായ ആചാരങ്ങ ളെകളെ കഴിച്ചവ്വടനെ പറഞ്ഞതായത, മദ്രിദെപട്ടണ ത്തിന്റെ തെരുവീഥികൾ എത്രയൊ നല്ലതായിരിക്കുന്നു, എന്നിട്ടും ഇതിന്ന സമമായിരിക്കുന്ന മററ സാരമില്ലാത്ത കാൎയ്യങ്ങൾ കൊണ്ടു സംസാരിക്കയും ചെയ്തു: എന്നവരി ക്കിലും ചില ബുദ്ധിമാന്മാര ത്രെസ്യായുടെ ഠരം പുണ്ണ്യപ്പെ ട്ട ഉപായം കണ്ടുപിടിച്ചതു കൂടാതെ വിശെഷമായ പു ണ്ണ്യങ്ങളാലും അത്ഭുതമായ ഗുണവധികാരങ്ങളാലും അ ലങ്കരിക്കപ്പെട്ടവ ളാകുന്നവെന്നും കണ്ടറിഞ്ഞ അതിശ യപ്പെടുകയും ചെയ്തു. രാജധാനിയിൽ ചെന്നതിൽ പി ന്നെ മെൽചൊല്ലിയ ജൊവാന്ന പ്രഭ്രത്തി ആ പട്ടണത്തി ൽ തങ്ങളുടെ പെക്ക പണിയിപ്പി ച്ചിരുന്ന മാർ പ്രൻസി സ്സൊസു പുണ്ണ്യവാളന്റെ ദിസ്കാൾസ കന്യാസ്ത്രീമഠത്തി ൽ പുണ്ണ്യവാളത്തിയെ കൂട്ടികൊണ്ടുപൊയി ൧൭ ദിവസ ത്തെക്ക ആയാശ്രമത്തിൽ പാൎപ്പിക്കയും ചെയ്തു അവിടെ നിന്ന മല്ലഗൊനെ നഗരിക്ക പൊകെണ്ടു ന്നതിന്ന യാത്ര പുറപ്പെട്ടുവാറായപ്പൊൾ ആയാശ്രമത്തിന്റെ മൂപ്പത്തി യായിരുന്ന മാർ പ്രൻസീസ്സൊസു ബൊൎജ്ജ്യ പുണ്ണ്യവാള ന്റെപെങ്ങൾ ശെഷം കന്യാസ്ത്രീകളെനൊക്കി പറഞ്ഞ തായത:

"സൎവ്വെശ്വരന്ന സ്തുതിയുണ്ടായിരിക്കട്ടെ, അതെന്തെ
„നാം എല്ലാവരും കണ്ടുപഠിപ്പാൻ വശമാകുന്ന വെന്ന
„ഒരു പുണ്ണ്യവാളത്തിയെ കണ്ടറിവാൻ നമുക്ക ഇടവരു
„ത്തി: ഇതാ ഠരം പുണ്ണ്യവാളത്തി നമ്മളെപൊലെ സം
„സാരിക്കയും ഉറങ്ങുകയും തിന്നുകയും ചെയ്യുന്നു, സംസാ
„രിക്കുമ്പൊൾ നിഗളവുമില്ല, അരൂപിയുടെ വിശെഷം
„കാണിക്കുന്നുമില്ല അവക്കുള്ളതൊക്കയും പരിഛെദംസ
„ൎവ്വെശ്വരനിൽനിന്നുള്ളതാകുന്ന അതെന്തെ എല്ലാം ചൊ
„വ്വുള്ളതും പരമാൎത്ഥപ്പെട്ടതുമാകുന്നു: ഠരംശൊ മിശിഹാ
„മാനുഷരുടെ ഇടയിൽ ജീവിച്ചതുപൊലെ ഠരം പുണ്ണ്യ

„വാളത്തി നമ്മുടെ ഇടയിൽ ജീവിക്കയും ചെയ്തു„ ഇപ്ര
കാരമുള്ള പുണ്യസാംഗൊപാംഗത്തൊടുകൂടെയായിരിക്കു
ന്നനമ്മുടെപുണ്യമ്മമാനുഷമക്കളൊടുള്ള പെരുമാററത്തി
ൽ നടന്നുവന്നത. എന്നാൽ ഒരൊരൊ ആശ്രമം സ്ഥാ
പിക്കുന്നതിന്നുമുമ്പിലും സ്ഥാപിക്കുന്നദിവസങ്ങളിലുംസ്ഥാ
പിച്ചതിൻെറശെഷവും നടന്നവൎത്തമാനങ്ങളും ത്രെസ്യ
സ്ഥാപിച്ച ഒരൊരു ആശ്രമത്തിൽ നടത്തിയ വിശെഷ
കാൎയ്യങ്ങളെയും കാണിച്ച പുണ്യ മാതൃകകളെയും ആയി
ടയിൽ മരിച്ച തൻെറ മക്കളിൽ ചിലരുടെപക്കൽ വിള
ങ്ങിയ പുണ്യങ്ങളെയും മരണത്തുങ്കലുണ്ടായ പ്രത്യക്ഷങ്ങ
ളെയും മററും വിവരമായിട്ട എഴുതണമെങ്കിൽ നാംഎ
ഴുതുവാൻ നിശ്ചയിച്ച ചരിത്രസംഗ്രഹം വലിയ പുസ്തക
മായി തീരുന്നതാകയാൽ ഇടയ്ക്കു ചിലതൊക്കയും മാത്രം
കാണിച്ച നമ്മുടെ പുണ്യവാളത്തിയുടെ വിശെഷ സംഗ
തികളിൽ ചിലതൊക്കയും തെരിഞ്ഞെടുത്ത വെഗത്തിൽ
തൻെറ മരണത്തൊളമുള്ള വ്യാപാരം സംഗ്രഹമായിട്ട
കാണിപ്പാൻ നിശ്ചയിച്ചിരിക്കുന്നു എന്നുവരികിലും മെൽ
ചൊല്ലിയ രണ്ടു ആശ്രമങ്ങളിൽവെച്ച വലിയദൊലീദ
എന്ന ആശ്രമം സംബന്ധിച്ച ഒരുകാൎയ്യം ഇവിടെ എഴു
തുവാൻ നിശ്ചയിച്ചിരിക്കുന്നു. അതായത മല്ലഗൊനെന്ന
നഗരിയിലെ ആശ്രമത്തെ സ്ഥാപിക്കുന്നതിന്ന നാലഞ്ചു
മാസം മുമ്പിൽ (എന്ന പുണ്യവാളത്തി സാക്ഷിക്കുന്നു) ആ
വിലപട്ടണത്തിലെ മെത്രാൻെറ അനുജൻ ബൎണ്ണീനൊ
മെന്ദൊസാ പുണ്യവാളത്തിയുടെപക്കൽചെന്ന അയാൾ
ക്കു വലിയദൊലീദെന്ന ദിക്കിലുണ്ടായിരുന്ന എററം വി
ലയെറിയതായ ഒരുവീടും ഒരുവലിയതൊട്ടവും, ഒരുക
ന്യാസ്ത്രീമഠം സ്ഥാപിക്കുന്നതിന്ന പുണ്യവാളത്തിക്കു ഒഴി
ഞ്ഞുകൊടുത്തു: ആയത പുണ്യവാളത്തിയുടെ യാതൊരു
അപെക്ഷയും ചൊദ്യവും കൂടാതെ അയാളുടെ നല്ലമന
സ്സായി ഒഴിഞ്ഞുകൊടുക്കയും ചെയ്തു. ത്രെസ്യ സാക്ഷിക്കു

ന്നതിൻവണ്ണം ആ സ്ഥലം പട്ടണത്തിൽനിന്ന എകദെ
ശം ഒരുനാഴിക ദൂരമായിരുന്നതു കൊണ്ട അവിടെ ഒരു
കന്ന്യാസ്ത്രീമഠം സ്ഥാപിക്കുന്നതിന്ന മനസ്സുകെടാ യിരുന്നു
വെങ്കിലും ദാനക്കാരന്റെനല്ലമനസ്സിന്നും ഭക്തിക്കും വി
രൊധം ചെയ്യാതെ യിരിപ്പാൻവെണ്ടി വാങ്ങിക്കയുഞ്ചെ
യ്യു. ഇതാ ൟമാടമ്പി നല്ലമനസ്സായിട്ട ൟ കാൎയ്യ നമ്മു
ടെശുദ്ധമാകപ്പെട്ടവൾക്ക കൊടുത്തിട്ട രണ്ടുമാസം കഴി
യുന്നതിന്നുമുമ്പിൽ കഠിനമായദീനത്തിൽ അകപ്പെട്ട സം
സാരിപ്പാൻ പാങ്ങില്ലാതെയും വെണ്ടുംവണ്ണം കുമ്പസാ
രിപ്പാൻ വഹിയാതെയും മരിക്കയും ചെയ്തു.

നമ്മുടെ ശുദ്ധമാകപ്പെട്ടവൾ ൟവൎത്തമാനം കെട്ടാ
റെ എത്രയുംവലിയ ദുഃഖമനുഭവിച്ചു, അയാളുടെ രക്ഷ
യ്ക്കായിട്ട എറിയ കണ്ണുനീരുകളെ ചിന്തിയ നമസ്കാരങ്ങ
ളെയും ചെയ്കയും ചെയ്തു, ഇങ്ങനെയുള്ള എതിവൊട്കൂ
ടെ ആയാത്മാവിന്നു വെണ്ടി നമസ്കരിച്ചിരിക്കുമ്പൊൾ സ
ൎവ്വെശ്വരൻ തന്റെ ൟ മണവാട്ടിയെ ആശ്വസിപ്പിപ്പാ
ൻവെണ്ടി അവൾക്കകാണപ്പെട്ട "ബെണ്ണദ്ദീനൊസ തന്റെ
"ദിവ്യ അമ്മയുടെ സഭയുടെ ഒരാശ്രമം സ്ഥാപിക്കുന്ന
"തിന്ന ആവീടും തൊട്ടവും നല്ലമനസ്സായിട്ട കൊടുത്തു
"തിനാൽ തന്റെ മാതാവിന്റെ സ്തുതിക്കായിട്ട ചെയ്ത
"ൟ പ്രവൃത്തിയെകുറിച്ച മരണനെരത്തിൽ അയാളുടെ
"മെൽ വളരെ അനുഗ്രഹിച്ച രക്ഷപെടുവാൻതക്ക മര
"ണമായിട്ട മരിപ്പാൻ ഇടവരുത്തിയെങ്കിലും ആത്മാവ
"വെസ്പുക്കൊനായിൽ ദുരിതപ്പെട്ടിരുന്നു വെന്നും എന്നാൽ
"അയാൾ കൊവെന്തയ്ക്കായിട്ട കൊടുത്തവീട്ടിൽ ഒന്നാ
"മത്തെ കുൎബ്ബാന ചൊല്ലുന്നതുവരെ അയാളുടെ ആത്മാ
"വ വെസ്പുക്കൊനായിൽ നിന്ന പുറപ്പെടുകയില്ല യെന്നും
"ആ കുൎബ്ബാനചൊല്ലിയാൽ ഉടനെ മൊക്ഷത്തിൽപൊക
"യും ചെയ്യുമെന്നും പുണ്യവാളത്തിയൊട അരുളിചെയ്ക
യും ചെയ്തു," ൟ തിരുവചനവും അറിയിച്ചും മഹത്വവും

യീട്ട, ഹിസ്പാന്യ രാജ്യത്തിൽ പ്രധാനപ്പെട്ട ഒരു പട്ടണ
മാകുന്ന തൊലെദൊ എന്നപട്ടണത്തിൽ ഒരു ആശ്രമം
സ്ഥാപിക്കുന്നതിന്ന പൊകുവാൻ ത്രെസ്യ ഒരുങ്ങിയിരുന്ന
തെന്നിയെ പല ന്യായങ്ങളാൽ നിബ്ബന്ധപ്പെട്ടിരുന്നു എ
ന്നു വരികിലും "ബെണ്ണൂർദ്ദീനൊസിന്റെ ആത്മാവ (നമ്മു
,,ടെ പുണ്യവാളത്തിയുടെ വചനങ്ങൾ ആകുന്നു) അനുഭ
,,വിച്ചിരുന്ന കഠിനമായ ദുഃഖമ്മങ്ങൾ നന്നായിട്ട എന്റെ
,,ഒമ്മയിൽ പതിഞ്ഞിരുന്നു എന്നതിനെകൊണ്ട തൊലെ
,,ദൊപട്ടണത്തിൽ ആശ്രമം സ്ഥാപിപ്പാൻ വളരെ ഞാ
,,ൻ ആഗ്രഹിച്ചിരുന്നുവെങ്കിലും അതെല്ലാംവിട്ടെച്ച എതു
,,പ്രകാരത്തിലെങ്കിലുംവെഗത്തിൽ വലിയദൊലീദെന്ന
,,ദിക്കിൽപൊയി സ്ഥാപിക്കുന്നതിന്നത്വരപ്പെട്ടിരുന്നു എ
,,ന്നുവരികിലും ഞാൻ ആഗ്രഹിച്ചിരുന്നതുപൊലെ ചുറു
,,ക്കെ സ്ഥാപിക്കുന്നതിന്ന ഇടവന്നില്ല അതെന്തെ ആവി
,,ല പട്ടണത്തിലെ മാർ യൌസെപ്പ പുണ്യവാളന്റെ
,,ആശ്രമം അതുവരെ എന്റെമെൽ ചുമതലപ്പെട്ടിരു
,,ന്നതിനാൽ അവിടെ എതാനും ദിവസം താമസിക്കെ
,,ണ്ടിവന്നു, അപ്രകാരം തന്നെ പൊകുന്നവഴിയിൽ മെ
,,ദീന ദെൽകാമ്പൊ എന്ന നഗരിയിൽ ക്രൂടെ പൊയതു
,,കൊണ്ട അവിടത്തെ മാർയൌസെപ്പുപുണ്യവാളന്റെ
,,ആശ്രമത്തിൽ കുറെ ദിവസങ്ങളും താമസിക്കെണ്ടി വ
,,ന്നു, ആ കൊവെന്തയിൽ വെച്ച ഒരുദിവസം ഞാൻ
,,ധ്യാനിച്ചിരിക്കയിൽ "മകളെ വെഗം, ത്വരപ്പെടണം
,,അതെന്തെ ആയാത്മാവ വളരെ ദുഃഖമ്മപ്പെടുന്നു,, എ
,,ന്ന തമ്പുരാൻ എന്നൊട്ട കല്പിച്ചു, ഇതു ഹെതുവായിട്ട
,,വെണ്ടുന്നകൊപ്പുകൾ ഇല്ലാഞ്ഞുവെങ്കിലും ഉടനെ യാ
,,ത്രയ്ക്കു പുറപ്പെട്ടു, മാർലെനരന്ത്യൊസുപുണ്യവാളന്റെ
,,തിരുനാൾദിവസത്തിൽ അവിടെഎത്തി വീടുകണ്ടപ്പൊ
,,ൾ വളരെ ദുഃഖംതൊന്നി അതെന്തെ വളരെ പണം
,,ചിലവക്കാതെ ആശ്രമ ഭാഷയാക്കുവാൻ പ്രയാസം

,,എന്നുകണ്ട വിശെഷിച്ച എത്രയും നല്ലതും അലങ്കാരമു
,,ള്ളതുമായ തൊട്ടമുണ്ടായിരുന്നതുകൊണ്ട നല്ല ഉല്ലാ
,,സമുള്ളതായിരുന്നുവെങ്കിലും അതിന്റെ അരികിൽ ഒ
,,ഴുകുന്ന ആറുകൊണ്ട കാററ സൌഖ്യത്തിന്ന കൊൾകു
,,യില്ല എന്നുകണ്ട എന്നുവരികിലും സവെശപരൻ മെൽ
,,ചൊല്ലിയതിൻവണ്ണം കല്പിച്ചതുകൊണ്ട എല്ലാററിന്നും
,,കഴിവുണ്ടാകുമെന്ന ശരണപ്പെട്ട എത്രയും രഹസ്യമാ
,,യിട്ട കല്പണിക്കാരരെ വരുത്തി കന്ന്യാസ്ത്രീകൾക്ക ആ
,,വശ്യമായ അടക്കത്തിന്നു വെണ്ടിയ ചില മതിലുകളെ
,,കെട്ടിച്ചു, ഞങ്ങളൊട്ടുകൂടെ ജുലിയാനൊ ദാവില പ
,,ട്ടക്കാരനും, യൊഹന്നാൻ ആക്രൂസെന്ന സന്ന്യാസി
,,യും ഉണ്ടായിരുന്നു, ഇയാളെ ൧൨ം ആശ്രമങ്ങളുടെ ജീ
,,വിതക്രമവും മററും ക്രമെണ ഞാൻ പഠിപ്പിച്ചു വരി
,,കയായിരുന്നു: മെല്പട്ടക്കാരന്റെ അനുവാദം കിട്ടുന്ന
,,തിന്ന കുറെ പ്രയാസമുണ്ടായിയെങ്കിലും പള്ളിക്കായിട്ട
,,ആസ്ഥമാക്കിയിരുന്ന സ്ഥലത്തിൽ കുബ്ബാനചൊല്ലുന്നതി
,,ന്ന വിഗാരിജനെരാൾ അനുവാദം തന്നിരുന്നതിനാൽ
,, (ജുലിയാനൊ ദാവില) കുബ്ബാന ചൊല്ലി എന്നാൽ
,,സവെശപരൻ എന്നൊട ബെന്നദീനൊസിന്റെ ആത്മാ
,,വിനെ കുറിച്ച കല്പിച്ചിരുന്നത ൧൨ം കുബ്ബാനയ്ക്കു തികയ
,,പ്പെട്ടുമെന്നുള്ള വിചാരംപൊലും ഇനിക്കില്ലാഞ്ഞു, അ
,,തെന്തെ ഒന്നാമത്തെ കുബ്ബാനയ്ക്കു മൊക്ഷത്തിൽ പൊ
,,കുമെന്ന തമ്പുരാൻ ഇനിക്കവെളിപ്പെടുത്തിയത ശുദ്ധ:
,,കുബ്ബാന എഴുന്നെള്ളിച്ചു വെക്കുന്ന കുബ്ബാനയ്ക്കാകുമെന്ന
,,ഞാൻ വിചാരിച്ചിരുന്നു, എന്നാൽ പട്ടക്കാരൻ ഞങ്ങ
,,ൾക്ക ശുദ്ധ.- കുബ്ബാന തരുവാനായിട്ട ഞങ്ങൾ ഇരു
,,ന്നെടത്ത അടുത്തുവന്നപ്പൊൾ മെൽചൊല്ലിയ മാടമ്പി
,,പട്ടക്കാരനൊട ഇണയായി നടന്ന എററം പ്രകാശ
,,വും സന്തൊഷവും കാട്ടുന്ന മുഖത്തൊടും കൈക്കൂപ്പി
,,കൊണ്ടും ഇനിക്ക കാണപ്പെട്ട അയാളുടെ ആത്മാവ

,,വെസ്സുക്കാനായിൽ നിന്ന വെഗത്തിൽ രക്ഷപെടുന്നതി
,,ന്ന ഞാൻ ചെയ്യുതിന്ന വളരെ ഉപകാരവും സ്തൊത്ര
,,ഞ്ചെയ്യിട്ട ആകാശമൊക്ഷത്തിൽ കരെറുകയും ചെയ്യും.
,,ആഃ തന്റെ ദിവ്യമാതാവിന്ന ചെയ്യുന്ന ചിററാഴ്മ
,,യൊക്കയും കൎത്താവിന്ന എത്രയൊ ഇഷ്ടമുള്ളതായിരി
,,ക്കുന്നു! തന്റെഅനുഗ്രഹവും എത്രയൊ എററിക്കപ്പെട്ട
,,ത! നമ്മുടെ പ്രവൃത്തികളുടെ നീചത്വത്തിന്ന പ്രതിപ
,,കരമായിട്ട നിത്യായുസ്സും മൊക്ഷാനന്ദ ഭാഗ്യവും കൊ
,,ടുക്കുന്നതിനെ കൊണ്ടും, അതിന്റെ വൎഗ്ഗത്താൽ സാര
,,മില്ലാത്തതായിരിക്കുന്ന ൟ പ്രവൃത്തികളെ താൻ വലി
,,യതാക്കുന്നതിനെ കൊണ്ടും തനിക്ക നിത്യസ്തുതി സ്തൊ
,,ത്രവും ഉണ്ടായിരിക്കട്ടെ,,

ശുദ്ധമാകപ്പെട്ടവൾ വിചാരിച്ചിരുന്നതിൻവണ്ണം
ആ സ്ഥലത്ത കന്യാസ്ത്രീകളുടെ സൌഖ്യത്തിന്ന വലിയ
വിരൊധമായിരുന്നതിനാൽ അവരുടെ ശരീരസൌഖ്യം
ദിവസംപ്രതി കുറഞ്ഞു വനികയായിരുന്നു: എന്നാൽ ആ
വില മെത്രാന്റെയും മെൽപറയപ്പെട്ട ബണ്ണട്ടീനൊസി
ന്റെയും പെങ്ങൾ ആയിരുന്ന ദൊന്ന മറിയം മെന്ദൊ
സാ എന്ന ഭക്തിയുള്ള സ്ത്രീ നല്ലതായിട്ട ഒരു വീട വലി
യദൊലിദ നഗരിയിൽതന്നെ വാങ്ങി ത്രെസ്യമ്മ മുമ്പില
ത്തെതിന്ന പകരമായിട്ടുകൊടുക്കയും ചെയ്തു. കന്യാസ്ത്രീ
കൾ ഉടനെ മുമ്പിലത്തെ വീട്ടിനെ വിട്ടെച്ച ദൊന്ന മ
റിയത്തിന്റെ വീട്ടിൽപൊയി കൊവെന്ത ഭാഷയാക്കി
സൌഖ്യമായിട്ട പാൎക്കയും ചെയ്തു. അവരുടെ പുണ്യ
ങ്ങളുടെ പ്രകാശം പട്ടണത്തിൽ കൂടെയും വീശിതുടങ്ങി
പ്രത്യെകം നമ്മുടെ പുണ്യമ്മയുടെ വചനങ്ങളും ഗുണ
ദൊഷങ്ങളും ആകാശത്തിൽ നിന്ന വരുന്ന അറിയിപ്പു
പൊലെ എല്ലാവരും വണങ്ങിവന്നിരുന്നു. അവിടെപാ
ൎത്തുവരികയിൽ ഒരുദിവസം അന്നകീൎത്തിപെട്ട പ്രസംഗ
ക്കാരൻ ആയിരുന്ന ഒരുപട്ടക്കാരൻ പുണ്യവാളത്തിയു

ഒടപക്കൽചെന്ന അമ്പതുനൊയമ്പിൽ ആ ദെഹം വല്ലെ
രെ ആഗ്രഹിച്ചിരുന്നതു പൊലെ ബഹുമാനമുള്ള ഒരു പ
ള്ളിയിൽ പ്രസംഗം പറയുന്നതിന്ന സാധിക്കായ്കകൊണ്ടു
പുണ്ണ്യവാളത്തിയൊട ആവലാധി പറകയായിരുന്നു:
ത്രെസ്യ ആദെഹത്തിനെ എതിരായ അൎത്ഥത്തൊടുകൂടിയ
അനുഗ്രഹത്തിന്റെ കണ്ണാലെ നൊക്കി "എന്റെ അച്ചാ,,
എന്നീ രണ്ടു മൊഴിമാത്രം പറഞ്ഞതിനൊടുകൂടെ ആപ
ട്ടക്കാരൻ തനതുഭൊഷത്വം കണ്ടുബൊധിച്ച, തന്റെ അ
ഹങ്കാരത്തിന്നടുത്ത ആഗ്രഹത്തിന്മെൽ തെറ്റുകയുംചെയ്തു·

എന്നാൽ നമ്മുടെപുണ്ണ്യവാളത്തി വലിയ ദൊലിദെ
ന്ന മെൽ ചൊല്ലിയ നഗരിക്ക പൊകുന്നതിന്ന ആവില
പട്ടണത്തിൽ ഒരുങ്ങിയിരിക്കയിൽ ദൊൻറപ്പായെൽമെ
ജ്യ വെലാസ്ക്വെസ് എന്ന ബഹുമാനമുള്ള ആൾ അതിന്നു
മുമ്പിൽ നമ്മുടെപുണ്ണ്യവാളത്തിയുമായിട്ട അറിവും പരി
ശയവുമില്ലാഞ്ഞു വെങ്കിലും ദിസ്കാൾസു കമ്മെലീത്ത സ
ഭക്കാരരുടെ കൊവെന്ത സ്ഥാപിപ്പാൻ ത്രെസ്യാവിചാ
രിച്ചിരിക്കുന്നുവെന്ന അയാൾ വൎത്തമാനം കെൾക്കകൊ
ണ്ടു, അയാൾക്ക ദ്ദെവെല്ലൊ എന്ന ഒരുദിക്കിലുണ്ടായിരുന്ന
ഒരുവീട ०രം വകെക്കായിട്ട ഒഴിഞ്ഞു കൊടുപ്പാനുള്ളതി
ന്ന ചെന്നിരുന്നു: നമ്മുടെ പുണ്ണ്യവാളത്തി ആ വീട, റ
പ്പായെലിന്റെ അവിടത്തെ പറമ്പുകളെ വിചാരിച്ചിരു
ന്ന കാൎയ്യക്കാരന്റെ പെരുമാററത്തിന്നുള്ള ഒരു വീടാകു
ന്നുവെന്ന കെട്ടപ്പൊൾ സാരമില്ലാത്തതാകുന്നുവെന്ന ഗ്ര
ഹിച്ചു വെങ്കിലും സന്തൊഷത്തൊടു കൂടെ കൈക്കൊണ്ടു
തെന്നിയെ അതിനെകുറിച്ച സവെശ്വരന്നും, ദൊൻറപ്പാ
യെലിന്നും സ്തുതിസ്തൊത്രവും ചെയ്കയും ചെയ്തു· വിശെ
ഷിച്ച വലിയദൊലീദെന്ന ദിക്കിന്ന പൊകും വഴിയിൽ
അവിടത്തിൽ ചെന്നകണ്ടുകൊള്ളാമെന്ന വാക്കുകൊടുക്ക
യും ചെയ്തു, അതിന്നുതക്കതിൻവണ്ണം അവിടെ ചെന്നുക
ണ്ടാറെ കൊയിത്തുകാര നിറച്ചവിടെ യുണ്ടായിരുന്നമ്മെ

ന്നിയെ വെടിപ്പില്ലായ്മ അധികമായിരുന്നതിനാൽ ആരാ
ത്രിയിൽ കിടക്കുന്നതിന്ന അടുത്ത പള്ളിയിൽ പൊകയും
ചെയ്തു, എന്നാൽ കുറെ വിസ്താരമുള്ള ഒരുമുഖപ്പും ഒരു
മുറിയും കൊച്ചായിട്ടുള്ള വെറെ മുറിയും ഒരുചെറിയ കു
ശിഞ്ഞയും, ഇതാകുന്നു കർമ്മലീത്ത ദിസ്കാൾസു ദൎശന
ക്കാരരുടെ മുമ്പിലത്തെ കൊവെന്തയ്ക്കായിട്ടു ത്രെസ്യാ പു
ണ്ണ്യവാളത്തിക്ക കിട്ടിയ വീട. നമ്മുടെപുണ്ണ്യമ്മ പള്ളിയി
ൽ ചെന്നാറെ ആ വീട്ടിനെ ബൊധംകൊണ്ട കൊവെ
ന്തയ്ക്കായിട്ട പകുക്കയായിരുന്നു, മുഖപ്പ പള്ളിക്കായിട്ട,
ചെറിയമുറി പ്രാൎത്ഥനസ്ഥലത്തിന്നായിട്ട, വലിയമുറി മു
റിത്തട്ടായിട്ടുനിശ്ചയിച്ചു: ഇപ്രകാരമുള്ള കാൎയ്യത്തിന്ന നെ
രം ചിലവഴിക്കുന്നുവെന്ന കൂടെയുണ്ടായിരുന്ന കന്ന്യാസ്ത്രീ
അവിടെ ഒരുകൊവെന്ത സ്ഥാപിപ്പാൻ പുണ്ണ്യവാളത്തി
വിചാരിക്കുന്നതിന്മെൽ അതിശയപ്പെട്ടു പുണ്ണ്യവാളത്തി
യെനൊക്കി പറഞ്ഞതായത "എന്റെഅമ്മെ! ഈ കാ
„ൎയ്യത്തിൽവെച്ച അമ്മയൊട്ടുചെരുന്ന ചൊവുള്ള ബുദ്ധി
ഉണ്ടാകയില്ലയെന്ന ഞാൻ വിശ്വസിച്ചിരിക്കുന്നു ഈ കാ
ൎയ്യംകൊണ്ടഇനി പറയല്ലെ„ എന്ന മൂഹാദക്കുദശായുടെ
അന്തൊന്ന്യ എന്നു പെരുള്ള ആ കന്ന്യാസ്ത്രീ പുണ്ണ്യമുള്ളവ
ളായിരുന്നാലും പുണ്ണ്യവാളത്തിയൊട്ടു പറകയും ചെയ്തു.
എന്നാൽ അനുഭവസിദ്ധി എന്നുള്ള ഇസ്കൊളയിൽ നന്നാ
അഭ്യസിച്ചിരുന്ന ത്രെസ്യ, ആരംഭത്തിൽകാണുന്ന വിരൊ
ധങ്ങളെ കൂട്ടാക്കാതെ ഭാവിച്ചിരിക്കുന്ന ദൈവ കാൎയ്യങ്ങ
ളെ നിവൃത്തിക്കുന്നതു വരെ ധൈൎയ്യം വെണ്ടിയിരിക്കുന്നു
വെന്ന വെണ്ടുംവണ്ണം ബൊധിച്ചിരുന്നു, എന്നു തന്നെയു
മല്ല പിന്നെയൊ സൎവ്വെശ്വരൻ മാനുഷമക്കളുടെ സ്നെ
ഹത്തെ പ്രതി ഈ ലൊകത്തിൽ പിറക്കുന്നതിന്ന തെരി
ഞ്ഞെടുത്ത വീട്ടിന്ന എകദെശം സമമായിരിക്കുന്ന ഒരു
വീട തന്റെ മുമ്പിലത്തെ മക്കൾക്ക ആസ്ഥമാക്കുവാൻ
തിരുമനസ്സാകുന്നുവെന്ന പുണ്ണ്യവാളത്തി വിചാരിച്ചു സ്വ

സന്തോഷിച്ചുകൊണ്ടു തന്റെ ബെസ്ലെഹം എന്ന ആ കൊവെന്തയെ വിളിക്കുമാറാ യിരുന്നു. അപ്പഴൊ എത്രയും വെഗത്തിൽ തന്റെ കൈയാൽ തന്നെ ദെസ്കാൾസു കൎമ്മലീത്തസഭക്കാൎക്കടുത്ത കുരുളൊവ തെച്ചിട്ടു അതിനെയും കുബ്ബാനയ്ക്കായിട്ടു ചില ഉടുപ്പുകളെയും യൊഹന്നാൻ ആ ക്രൂസ എന്ന പുണ്യപിതാവിന്ന കൊടുത്ത ആ വീട്ടിനെ കൊവെന്തമുറയ്ക്കാക്കുവാനുള്ളതിന്നും ദുവെല്ലൊ എന്ന ദിക്കിന്ന അയക്കയും ചെയ്തു: അമ്മയുടെ യൊഗ്യതയുള്ള മകനായിരുന്ന അയാൾ മഹാ സന്തൊഷത്തൊടു കൂടെ യാത്രയ്ക്കുപുറപ്പെട്ടു വെഗത്തിൽ അവിടെ എത്തുകയുഞ്ചെയ്തു. അവിടെ ചെന്നാറെ ആ വീട്ടിന്റെ ഞെരുക്കത്തിന്ന തക്കതിൻവണ്ണം ചെറിയപള്ളിയും, പ്രാൎത്ഥനസ്ഥലം മുറികൾ മുതലായതൊക്കയും വെൎതിരിച്ച ക്രമപ്പെടുത്തുകയും ചെയ്തു. മഹാതപസ്സിയായ ദെഹം നമ്മുടെ രക്ഷയുടെ അടയാളങ്ങളായ കുരിശുകളാലെയും നമ്മുടെ ഇല്ലാഴ്മയെ അറിയിക്കുന്ന തലയൊട്ടുകളാലെയും ചുവരുകളെ അലങ്കരിപ്പിക്കയും ചെയ്തിരുന്നു, ഇങ്ങനെ ക്രമപ്പെടുത്തിയതിന്റെ ശെഷം കാലത്ത കുബ്ബാന ചൊല്ലി കഴിഞ്ഞിട്ടു ത്രെസ്യാപുണ്യവാളത്തി അയാൾക്ക കൊടുത്തിരുന്ന ളൊവയെ ബെഞ്ചരിച്ചിട്ടു ഉടുക്കയും, ചെരിപ്പിടാതെ കാൽ നഗ്നമായി നടപ്പാൻ നിശ്ചയിച്ച ചെരിപ്പ കളകയും ചെയ്തു. ഇരംവണ്ണം മഹാവീരപതിയായ ത്രെസ്യപുത്തനാക്കിയ കൎമ്മലീത്ത സഭയുടെ ഒന്നാമത്തെ സഭക്കാരൻ ൧൫൬൮ാം കാലം തുലാമാസത്തിന്റെ ആരംഭത്തിൽ ലൊകത്തിൽ കാണപ്പെടുകയും ചെയ്തു. ആ ചുറ്റുമുള്ള പ്രദെശവാസികൾ ആ ചെറിയപള്ളിയിൽ നമസ്കരിപ്പാനും, അതിന്നുമുമ്പിൽ കണ്ടിട്ടില്ലാത്ത ആ തപസ്സ വസ്ത്രങ്ങളെയും കാണ്മാനും ചെന്നിരുന്നു, അവരുടെ ഉള്ളിൽ മഹാ ഇളക്കവും ഭക്തിയും തൊന്നി ആ ചെറിയ പള്ളിയിൽ എറിയനെരത്തെക്ക നമസ്കരിക്കയും, സാരമില്ലാ

ത്ത ഒരുവീട ക്ഷണംകൊണ്ട ഒരു സന്ന്യാസിമഠമായി തീൎന്നതിന്മെൽ അതിശയിക്കയും ചെയ്തിരുന്നു. ഠരം ശുദ്ധമാകപ്പെട്ടവൻ എകദെശം രണ്ടമാസംവരെ തനിയെ ആ കൊവെന്തയിൽ പാൎത്തു, ആരംഭിച്ചഠരം കാൎയ്യം തന്റെ ഇഷ്ടപ്രസാദത്തിന്റെ വല്ലഭമുള്ള വിശൽകൊണ്ട വലിയതാകുവാൻ മഹാ എരിവൊടുകൂടെ സൎവ്വെശ്വരനൊടു പ്രാൎത്ഥിച്ചിരുന്നു.

നമ്മുടെ ശുദ്ധമാകപ്പെട്ടവൾ മെദീന ദെൽകാമ്പൊ എന്നനഗരിയിൽ ചെന്നവുടനെ അന്തൊന്ന്യൊ ദെരെദ്യ എന്ന മൂപ്പൻപാദ്രിയൊട ആവീട്ടിന്റെ അവസ്ഥ നല്ല വിവരമായിട്ട പറഞ്ഞ അവിടെപൊയി പാൎക്കുന്നതിന്ന ധൈൎയ്യം തൊന്നുന്നുണ്ടൊ എന്നുചൊദിച്ചു: ആ ദെഹം ഒട്ടും ചഞ്ചലപ്പെടാതെ മഹാ ആത്മശക്തിയൊടു കൂടെ ആ വീട്ടിൽതന്നെയല്ല പിന്നെയൊ ഒരുതൊഴുത്തിൽ പാൎക്കെണ്ടി വന്നാൽ അതിന്ന ആസ്ഥമായിരിക്കുന്നുവെന്ന ഉത്തരമായിട്ട പറകയും ചെയ്തു: എന്നുവരികിലും ഠരംനല്ലമനസ്സിന്ന തക്കതിൻവണ്ണം അപ്പൊൾ തന്നെ നിറവെറ്റുവാൻ സംഗതിവരാതെ എകദെശം രണ്ടു മാസംവരെ താമസിക്കയും ചെയ്തു, അതെന്തുകൊണ്ടെന്നാൽ മെലെഴുതിയതിൻവണ്ണം മെദീന നഗരിയിൽ ഉണ്ടായിരുന്ന കല്സാദി കൎമ്മെലീത്തക്കാരുടെ കൊവെന്തയുടെ പ്രിയൊരായിരുന്നതിനാൽ ആ സ്ഥാനം ഒഴിയുന്നതിന്നും തന്റെ ഭരിപ്പിന്റെ ന്യായങ്ങളെയും കണക്കുകളെയും പ്രദെശത്തലവനെകെൾപ്പിക്കുന്നതിന്നും അത്രെതാമസിക്കെണ്ടിവന്നു, ഇതു നിറവെറ്റിയ ഉടനെ മെദീന കൊവെന്തയുടെ മറ്റ രണ്ടുസന്ന്യാസികളെയും കൂട്ടികൊണ്ട ദുവെല്ലൊ കൊവെന്തയിൽ പൊയി മെൽ ചൊല്ലിയ ആണ്ടിൽതന്നെ വൃശ്ചികമാസം ൨൮൹ സുവറാടെ ഒന്നാമത്തെ ഞായറാഴ്ചയിൽ കുൎബ്ബാനചൊല്ലീട്ട യൊഹന്നാൻ ആക്രൂസന്ന പുണ്ണ്യവാളനും ഠരംദെഹവും ശുദ്ധ.— കുൎബ്ബാനയു

ടെ തിരുമുമ്പാകെ സാഷ്ടാംഗമാശ്ശീണ കട്ടപ്പം കുറഞ്ഞ റെഗുലയെ ഉപെക്ഷിച്ച പൂൎവ്വറെഗുലയുടെ ന്യായത്തിന്ന തക്കതിൻവണ്ണം പറഞ്ഞൊപ്പു ചെയ്കയുമ്മെയ്തു. വിശെഷിച്ച അവരെ നടത്തുന്ന അമ്മയെ കണ്ടുപഠിച്ച അവരുടെ പെരിനെയും മാററുകയും ചെയ്തു. അതായത, യൊഹന്നാൻ ദെ സാൻമത്തീയ കുരിശിന്റെറ സ്നെഹക്കാരനം മഹാതപസ്സിയും ആയിരുന്നതു കൊണ്ടും, കൎമ്മലീത്ത ദെസ്സാൽസു സഭക്കാൎക്ക മാതൃകയും പിതാവുമായി തീരുവാനുള്ളവനമായിരുന്നതിനെകൊണ്ടും യൊഹന്നാൻ ആക്രൂസ അല്ലെങ്കിൽ കുരിശിന്റെറ യൊഹന്നാൻ എന്നം: അന്തൊന്ന്യൊ ദെരെല്ല്യ ഠരംശൊടെ അന്തൊന്ന്യൊ എന്നും വിളിക്കപ്പെട്ടു. എന്നാൽ ഠരംശൊടെ അന്തൊന്ന്യൊ എന്നിദെഹം കൂട്ടികൊണ്ടു വന്ന മററു രണ്ടു സന്യാസികൾ ആ തപസ്സ ജീവിതത്തൊടുകൂടെ ജീവിക്കാമൊ എന്ന പരീക്ഷിപ്പാൻ വന്നിരുന്നതിനെ കൊണ്ട അവരുടെ ശരീരസൈൗഖ്യവും അരുചിയുടെ ശക്തിയും അതിന്നമതിയാകയില്ല എന്നുകണ്ടിട്ട അവരുടെ മുമ്പിലത്തെ കൊവെന്തയിൽ തിരികെപൊകയും ചെയ്തു. അപ്പഴൊ കൎമ്മലീത്ത ദെസ്സാൽസൊ സഭയുടെ ഒന്നാമത്തെ ആശ്രമം മെലെഴുതിയതിൻവണ്ണം സ്ഥാപിക്കപ്പെട്ടു. ത്രെസ്യ പുണ്യവാളത്തി ഠരം പരാക്രമ പ്രവൃത്തി വിചാരിച്ചവളും അതിന്നുവെണ്ടിയിരുന്ന അനുവാദങ്ങളെയും മുഷ്കരതങ്ങളെയും ബൊധിപ്പിച്ച വാങ്ങിയവളും, മുമ്പിലത്തെ സന്ന്യാസികളെ ജീവിതക്രമം പഠിപ്പിച്ചവളും അവൎക്കുത്ത ഉടുപ്പിന്റെറ ഭാഷയും മററും നിശ്ചയിച്ചുകൊടുത്തവളും, അതിന്റെറ വൎദ്ധനമെൽ താല്പൎയ്യപ്പെട്ട വെല ചെയ്തവളും, ഞെരുക്ക കാലങ്ങളിൽ അവരെ ആദരിച്ച രക്ഷിച്ചവളും, ഗുണദൊഷിച്ചവളും. നടത്തിയവളു മായിരിക്കുന്നതിനെ കൊണ്ട കൎമ്മലീത്ത ദെസ്സാൽസു കന്ന്യാസ്ത്രീകളെ സ്ഥാപിച്ചവളും, അവരുടെ ഗുരുനാഥയും മാ

താവുമായിരിക്കുന്നതുപൊലെ കൎമ്മെലീത്ത ദെസ്കാൾസു സന്ന്യാസികളെ സ്ഥാപിച്ചവളും അവരുടെ ഗുരുനാഥയും മാതാവുമായിരിക്കയും ചെയ്യുന്നു.

## ൧൪-ാം അദ്ധ്യായത്തിന്ന അനുബന്ധമായിട്ട കൂട്ടി ചെൎത്ത ചില വാഴ്ത്തപ്പെട്ടവരുടെ വിവരം.

൧൪ാം ചരിത്രത്തിൽ ൧൪ാംശൊടെ അന്തൊന്ന്യൊ എന്ന വാഴ്ത്തപ്പെട്ടവന്റെ പെരും ജുല്ല്യാനൊ ദാവില എന്ന പട്ടക്കാരന്റെ പെരും അന്നാ എന്ന പെരായിരുന്ന മൂന്ന വാഴ്ത്തപ്പെട്ട കന്ന്യാസ്ത്രീകളുടെ പെരും കൂടക്കൂടെ കാണുന്നതാകയാൽ വായിക്കുന്നവൎക്ക വിവരവും തിരിച്ചറിവും ഉണ്ടാകുവാനും ശുദ്ധമാകപ്പെട്ട അമ്മെക്കു പ്രത്യെകം സഹായംചെയ്ത, ജുല്ല്യാനൊ ദാവില എന്നപട്ടക്കാരന്റെ നെരെ നമ്മുടെനന്ദികാട്ടുവാനും ചുരുക്കമായിട്ടെങ്കിലും അവരവരുടെ വിവരം ഇവിടെ എഴുതുവാൻ നിശ്ചയിച്ചിരിക്കുന്നു: ന്ന്യായമായിട്ട ഒന്നാമത്തെതിൽ മാർയൊഹന്നാൻ ആക്രൂസെന്ന നമ്മുടെ പുണ്ണ്യപിതാവിന്റെ വിവരം ഇവിടെ എഴുതെണ്ടതായിരുന്നു, എന്നാൽ യൊഗ്യമാകും വണ്ണം ചെയ്യെണമെങ്കിൽ ഒരു പുസ്തകം വെണ്ടിയിരിക്കുന്നതാകയാലും, സൎവ്വെശ്വരൻ തിരുമനസ്സായിയെങ്കിൽ താമസംകൂടാതെ കെരളത്തിലെ ക്രിസ്ത്യാനികളുടെ ആത്മൊപകാരത്തിന്നായിട്ട പുണ്ണ്യവാളന്റെ ചരിത്ര സംക്ഷെപം പൊരുൾ തിരിപ്പാൻ വിചാരിച്ചിരിക്കകൊണ്ടും ഇവിടെ പുണ്ണ്യവാളന്റെ വൎത്തമാനത്തിന്മെൽ മീണ്ടടങ്ങിക്കൊണ്ട മെലെഴുതിയവരുടെ വൎത്തമാനം കൊണ്ട തുടങ്ങുന്നു. അപ്പഴെ ൧൪ാംശൊടെ അന്തൊന്ന്യൊ എന്ന നമ്മുടെ വാഴ്ത്തപ്പെട്ടവൻ, ഹിസ്പാന്ന്യ രാജ്യത്തിൽ പഴയ, കസ്റ്റീല്ല്യ, എന്ന നാട്ടിലെ നഗരിയാകുന്ന, തെക്കുന, എന്നനഗരിയിൽ ൧൫൧൫ാം കാലം കീൎത്തിച്ചെപ്പട്ട

മാതാപിതാക്കന്മാരിൽനിന്ന പിറന്നു, ഇയാളുടെ അപ്പൻ
ദെരെദ്ദ്യ, എന്ന കുലശ്രെഷ്ഠത യുള്ളവനും, അമ്മ പ്രത്യ
ക്ഷക്കാരൻ എന്ന പെര ധരിക്കപ്പെട്ട വിഞ്ചെൻസ്സൊ പെ
റെറി എന്നപുണ്യവാളന്റെ സംബന്ധമുള്ളവളുമായിരു
ന്നു: സവ്വെശ്വരൻ നമ്മുടെ വാഴ്ത്തപ്പെട്ട വന്റെമെൽ
ചെറുപ്പത്തിൽതന്നെ വിശെഷപക്ഷം കാണിച്ച തന്റെ
ദിവ്യമനൊഗുണത്തിന്റെ വെളിവാൽ ലൊകവാഴ്ചക
ളുടെ നീചത്വം ബൊധിക്കുന്നതിന്ന ഇടക്കൂട്ടിയതുകൊണ്ട
പത്ത വയസ്സായപ്പൊൾ കർമ്മെലൊ മാതാവിന്റെ സ
ഭയിൽ കൂട്ടുകയും ചെയ്തു, താൻകൂടിയ സഭയുടെ പുണ്യ
സാംഗൊപാംഗത്തിന്ന തക്കതിൻവണ്ണം നടപ്പാനും ശെ
ഷംപെരിൽ അതിനെ മുഴുപ്പിച്ചനടത്തുന്നതിന്നും ബഹുതാ
ല്പര്യമുള്ളവനാ യിരുന്നതിനാൽ നന്നാ ഇളംപ്രായമായി
രിക്കുമ്പൊൾ തന്നെ ഒരൊരു സ്ഥാനങ്ങൾക്ക തെരിഞ്ഞെ
ടുക്കപ്പെടുകയും ചെയ്തു. എന്നാൽ നമ്മുടെശുദ്ധമാകപ്പെ
ട്ട അമ്മ ത്രെസ്യ ആവില മാർയൌസെപ്പ പുണ്യവാള
ന്റെ ആശ്രമം സ്ഥാപിച്ചകാലത്തിൽ നമ്മുടെംരംശൊ
ടെ അന്തൊന്ന്യൊ ആവില പട്ടണത്തിലെ കല്സാദി ക
മ്മലിത്ത ക്കാരരുടെ കൊവെന്തയുടെ പ്രിയൊരും അ
വിടത്തെ മെത്രാന്റെ കുമ്പസാരക്കാരനുമായിരുന്നു. ആ
യിടയിൽ നമ്മുടെ പുണ്യവാളത്തിയുമായി കണ്ടു പരിശ
യിക്കുന്നതിന്നും തന്നൊട ജ്ഞാനകാര്യങ്ങൾ കൊണ്ട കൂട
ക്കൂടെ ആലൊചിക്കുന്നതിന്നും പുണ്യവാളത്തി സ്ഥാപി
ച്ച മാർയൌസെപ്പ പുണ്യവാളന്റെ ആശ്രമത്തിൽ ന
ടന്നിരുന്ന വീരന്മാക്കുട്ടത്ത പുണ്യ ദൃഷ്ടാന്തങ്ങളെ കാൿ
ന്നതിന്നും ഇടക്കൂടിയതിനാൽ ഏറ്റം തപസ്സായ ഒരുജീ
വിതം കഴിപ്പാനും ധ്യാനത്തിന്ന അധികംനെരം ചിലവ
ഴിപ്പാനും നമ്മുടെവാഴ്ത്തപ്പെട്ടവന്നവളരെആശയും താ
ല്പര്യവുംഉണ്ടാകയുംചെയ്തു: എന്നാലാഗ്രഹംപൊലെ ജീവി
തംകഴിക്കുന്നതിന്ന നമ്മുടെ പുണ്യവാളത്തി തന്നെ പൂണ്ണ

നാക്കിയ സഭയിൽ ഇയാളെ കൈക്കൊണ്ടതിനാൽ ഇട ടുക്രുകയും ചെയ്തു.

നമ്മുടെ വാഴ്ത്തപ്പെട്ടവൻ കമ്മലത്തി ദെമ്സ്കാൾസു സഭയിൽ ക്രുടിയപ്പൊൾ എല്ലാവരും അതിശയിപ്പാൻ തക്ക മനൊധൈൎയ്യവും ലൊകനിന്ദയും കാണിക്കയും ചെയ്തു. അതെന്നെ മഹാശാസ്ത്രിയും തെഒലൊഗിയാ ശാസ്ത്രത്തിൽ പ്രെസെന്താത്തൊ എന്നു പറയുന്ന മഹിമയുള്ള നാമധെയത്താൽ അലങ്കരിക്കപ്പെട്ടവനും ആയിരുന്നതു ക്രുടാതെ മഹാ വിവെകിയെന്ന എല്ലാവരാൽ മതിക്കപ്പെട്ടവനായിരുന്നതിനാൽ ഇരുപത്താറു വയസ്സായപ്പൊൾ തന്നെ പ്രിയൊരായിട്ടു നിയമിക്കപ്പെടുകയും ചെയ്തു: ഇതു പൊരാഞ്ഞിട്ടു ൧൭൬൨ാം കാലത്തിൽ റൊമ്മാ നഗരിയിൽ ക്രുടിയ കമ്മലീത്താക്കാരുടെ പൊതുസംഘത്തിന്ന ആലൊചനസംഘക്കാരനായിട്ടു നിയമിക്കപ്പെട്ട ആ സംഘത്തിൽ ക്രുടിയതു ക്രുടാതെ അതിൽ ലൊകകാൎയ്യ വിചാരത്തിന്നായിട്ടു ജെനെരാളിന്നടുത്ത ആലൊചനക്കാരനായിട്ടു തെരിഞ്ഞെടുക്കപ്പെടുകയും ചെയ്തു, വിശെഷിച്ച തന്റെ യൊഗ്യതയും ശുദ്ധശാന്തി, വിവെകം മുതലായ വിശെഷ ഗുണങ്ങളെയും രണ്ടാമത്തെ ഫീലിപ്പൊസെന്ന മഹാരാജാവും കമ്മെലിത്ത സഭയൊക്കയുടെ ജനെരാളും വെണ്ടുംവണ്ണം ബൊധിച്ചിരുന്നതിനെകൊണ്ടു എററം വലിയ സ്ഥാനങ്ങളിൽ കരെറുന്നതിന്ന തനിക്ക ഇടവരുമെന്ന വാഴ്ത്തപ്പെട്ടവൻ കണ്ടറിഞ്ഞിരുന്നാലും ആയതൊന്നും ക്രുട്ടാക്കാതെയും താൻ കിളവനായിരുന്നാലും നമ്മുടെ പുണ്യവാളത്തി പുത്തനാക്കിയിരുന്ന സഭയിൽ സ്ഥാപിച്ചു നടത്തിയിരുന്ന തപസ്സജീവിതത്തിന്ന ഭയപ്പെടാതെയും ൧൨ം അദ്ധ്യായത്തിൽ എഴുതിയിരിക്കുംവണ്ണം ൧൭൬൭ാം കാലം വൃശ്ചികമാസത്തിൽ, ദുവെല്ലൊ എന്ന ഞെരുങ്ങപ്പെട്ട കൊവെന്തയിൽ ക്രുടി പൂവ് റെഗുലയുടെ കട്ടപ്പം പറഞ്ഞൊക്കുകയും, ചെയ്തു: ൧൨ംദെഹംനമ്മുടെസഭയിൽ ക്രുടി

യപ്പൊൾ അഴിഞ്ഞുപൊകുന്ന ലൊകവസ്തുക്കളുടെമെൽ
തനിക്കുണ്ടായിരുന്ന കൂട്ടാക്കായ്മയുടെ ഉചിതമായ ഒരു ദൃ
ഷ്ടാന്തം നമ്മുടെ പുണ്യവാളത്തിതന്നെ കണ്ടതിനാൽ വ
ളരെ സന്തൊഷിക്കയും അതിശയപ്പെടുകയും ചെയ്തു: അ
തെങ്ങനെയെന്നാൽ വാഴ്ത്തപ്പെട്ടവൻ മെൽ ചൊല്ലിയി
രിക്കുംവണ്ണം എത്രയും കുലശ്രെഷ്ടതയുള്ളവനും എല്ലാ
വരാൽ വന്ദിക്കപ്പെട്ടവനുമായിരുന്നതിനാലും താൻ കൂടു
വാൻ പൊകുന്ന കൊൻപെന്തയിൽ വലിയ ഞെരുക്ക
വും ദാരിദ്ര്യവും ആയിരുന്നപ്രകാരം താൻ അറിഞ്ഞിരു
ന്നതിനെകൊണ്ടും എററം ആവശ്യമായിരിക്കുന്ന വീട്ടുത
ട്ടുമുട്ടുകളെയും പണവും ഉണ്ടാക്കി കൊണ്ടുപൊയിട്ടുണ്ടാ
യിരിക്കുമെന്ന വിചാരിപ്പാൻ ഇടയുണ്ടായിരുന്നു. എന്നാ
ൽ കൊണ്ടുപൊയത നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയുടെ
വായിൽനിന്ന കെൾക്കണം "൧൫൭൦ാമാണ്ടെ അന്തൊന്യൊ
"എന്ന നമ്മുടെ അച്ചൻ ഒന്നാമത്തെ കൊൻപെന്തയ്ക്കാ
"യിട്ട ചില വസ്തുക്കളെ കൂട്ടി ശെഖരിച്ചിട്ടുണ്ടായിരുന്നു
"എന്നാൽ എന്നെ കണ്ട വൎത്തമാനം പറയുന്നതിന്ന വ
"ലിയദൊലീദെന്ന ദിക്കിൽ വരികയും ചെയ്തു അവിടെ
"വന്ന എന്നെകണ്ടപ്പൊൾ വളരെ സന്തൊഷിച്ച ശെഖ
"രിച്ചിരുന്ന വസ്തുക്കളുടെവിവരം എന്നൊടുപറഞ്ഞു എ
"ന്നാൽ അത ഉലൊം അല്പമായിരുന്നു. എന്നെ വളരെ
"ചിരിപ്പിച്ച ഒരുകൂട്ടംമാത്രം വെണ്ടുവൊളം ശെഖരിച്ചി
"ട്ടുണ്ടായിരുന്നു ആയത ധ്യാനത്തിന്ന എന്തുമാത്രം നെരം
"ചിലവഴിക്കുന്നുവെന്ന സൂക്ഷമായിട്ട അറിവാൻവെണ്ടി
"മണലുകൊണ്ടുണ്ടാക്കപ്പെട്ട നാഴികമണികൾ അഞ്ചായി
"രുന്നു" ഇപ്രകാരമുള്ള ദൈവ അരുപിയൊടു കൂടെ ന
മ്മുടെ സഭയിൽ കൂടുകയും, അതിൽ കൂടീട്ട അതിന്നുവെ
ണ്ടി തന്നാൽ കഴിഞ്ഞ ബുദ്ധിമുട്ടുകളൊക്കയും കഴിക്കയും
ചെയ്തു. ൧൫൭൦ാം കാലത്തിൽ കൎമ്മലീത്ത സഭയുടെ
ജനറാളിന്നടുത്ത സംഘം പ്രാൻസ്സാ രാജ്യത്തിലെ പ്രധാ

ന നഗരിയാകുന്ന പരിസപട്ടണത്തിൽ ക്രൂടെണ്ടിയതായി രുന്നു, ആയതിൽ ഹിസ്പാന്ന്യാ രാജ്യത്തിൽനിന്ന പൊകെണ്ടുന്ന സംഘക്കാരരെ തെരിഞ്ഞെടുത്തപ്പൊൾ നമ്മുടെ വാഴ്ത്തപ്പെട്ടവനെയും തെരിഞ്ഞെടുക്കയുംചെയ്തു. ആ സംഘത്തിൽ തന്റെറ ദെസ്സാൾസ സഭയ്ക്കു വിരൊധമായിട്ടു വല്ലതും പറകയൊ നിശ്ചയിപ്പാൻ ഭാവിക്കയൊ ചെയ്താൽ തന്റെറ സഭക്കാരുടെ പെക്ക ന്യായം പറഞ്ഞ അവരെ രക്ഷിക്കാമെന്നുള്ള ലാക്കൊട്ടു ക്രൂടെ മെൽ ചൊല്ലിയ സ്ഥാനമെററ പ്രാൻസ്സാ രാജ്യത്തിൽ പൊകയുംചെയ്തു. എന്നാൽ ൧ ാമത്തെ പീയൂസെന്ന ശുദ്ധ.- മാർപ്പാപ്പാ ആയിടയിൽ കാലംചെയ്തുകൊണ്ടു ആ സംഘം ക്രൂടുന്നതിന്ന ഇടവന്നില്ല. എന്നാൽ നമ്മുടെവാഴ്ത്തപ്പെട്ട കിളവൻ മെല്പടി രാജ്യത്തിൽവെച്ച ദുർമ്മാൎഗ്ഗമായി നടന്നിരുന്ന ഒരുസ്ത്രീയെ മനസ്സുതിരിപ്പിക്കുന്നതിന്ന വെലചെയ്കയാൽ സഹദെന്മാൎക്കുടുത്ത വിരുതിനെ ലഭിപ്പാൻ തക്ക മരണത്താൽ മരിപ്പാനുള്ള യൊഗ്യത്തിൽ അകപ്പെട്ടു, എന്നാൽ തന്റെറ എരിവുള്ള ശുശ്രൂഷാന്തിയാൽ അവിടെ ആഗ്രഹിച്ചിരുന്ന ഫലം അനുഭവിപ്പാൻ, അതായത ആ ദുരാത്മാവിനെ തിരിപ്പിക്കുന്നതിന്ന ഇടവരാതെ ഹിസ്പാന്ന്യയിലെക്ക പൊരികയും ചെയ്തു. അവിടെ ചെന്നതിന്റെറ ശെഷം സൎവ്വെശ്വരൻ വാഴ്ത്തപ്പെട്ട വന്റെറ മെൽചൊല്ലിയ ശുശ്രൂഷാന്തിയെ സമ്മാനിപ്പാൻ തിരുമനസ്സായി എന്നതൊന്നു: അതെന്തെ അന്തെക്കെര, എന്ന ഹിസ്പാന്ന്യ നഗരിയിൽ ഒരുദിവസം പറഞ്ഞ പ്രസംഗത്താൽ എറിയആത്മാവുകളെ നശിപ്പിച്ചുവന്നിരുന്ന ൧൭ പരസ്ത്യദൊഷത്താളത്തികളെ മനസ്സ തിരിപ്പിച്ച തെററത്തിന്നടുത്ത കണ്ണുനീരുകളാൽ അവരുടെ പഴയ അശുദ്ധങ്ങളെയെല്ലാം കഴുകുന്നതിന്ന പ്രദക്ഷിണമായിട്ടു അവരെ പ്രധാന പള്ളിയിൽ കൊണ്ടുപൊകയും ചെയ്തു. എന്നാൽ പ്രത്യെകം തന്റെറ പ്രിയപ്പെട്ട ദെസ്സാൾസ സഭയ്ക്കുവെണ്ടി താൻചെയ്തുവെ

ലകളെയും അനുഭവിച്ച ബുദ്ധിമുട്ടുകളെയും ഇവിടെ എ
ഴുതി അറിയിക്കുന്നതിന്ന പ്രയാസമായിരിക്കുന്നു. ഒരുദിവ
സം കൊവെന്തയുടെ ശ്രെഷ്ഠനായിരിക്കയിൽ വെറിട്ടൊ
രു സന്ന്യാസിയൊടുക്രൂടെ കൊവെന്തക്കാരുടെ ഉടുപ്പുകൾ
ക്ക ആവശ്യമായിരുന്ന ലാക്കു മുതലായതൊക്കയും മെടി
പ്പാൻ പൊയിട്ട മെടിച്ചതെല്ലാം ഒരു കഴുതപ്പുറത്ത കെ
ററി കൊവെന്തയിലൊട്ട പൊയിരുന്ന വഴിമദ്ധ്യെ അ
തായത, ഷമാര, എന്ന ആററിലെ പാലം കടക്കുന്നനെ
രത്ത ക്രൂട്ടുകാരനെ നൊക്കി പുണ്യവാളന്മാക്കടുത്ത ധൈ
ര്യ്യത്തൊടുക്രൂടെ പറഞ്ഞതായത: "നമ്മുടെസഭയുടെ ൩രം
"ഞെരുക്കങ്ങളിൽ നരകമൊക്കയും ഇളകിവിരൊധിച്ചാ
"ലും നാം ഇളക്കമില്ലാത്തവരായി ഒട്ടുക്കത്തൊളം നില
"നില്ക്കണം," ൩രംവചനങ്ങളെ ചൊല്ലികഴിഞ്ഞവുടനെ
നരകത്തിന്റെ അരിശത്താൽ എത്രയും ഭയങ്കരമായ ഒ
രു ചുഴലികാററ വീശിക്രൂടെയുണ്ടായിരുന്ന സന്ന്യാസി
യൊട ഉപദ്രവിക്കാതെ നമ്മുടെവാഴ്ത്തപ്പെട്ടവനെ ആ
കാശത്തൊട്ട പറപ്പിച്ച ആ പാലത്തിന്റെ ചുവരിൽ ശ
രീരം പാതി ഒഴുക്കുള്ള ആററിൽ തൂങ്ങുന്ന പ്രകാരത്തിൽ
വീഴിക്കയും ചെയ്തു, എന്നാൽ വാഴ്ത്തപ്പെട്ടവന്ന യാതൊ
രുകെട്ടും മൊശവുംവരായ്കയാൽ പിശാച അധികം അ
രിശപ്പെട്ട കഴുതയെ ചുമടൊട്ടുക്രൂടെ മെൽചൊല്ലിയ ആ
ററിൽ താഴ്ത്തുകയും ചെയ്തു, എന്നാൽ സൎവ്വെശ്വരൻ ന
മ്മുടെ വാഴ്ത്തപ്പെട്ടവന്റെ ധൈൎയ്യത്തെ സമ്മാനിപ്പാനാ
യിട്ട കഴുതയ്ക്കും യാതൊരുമൊശം വരാതെയും ശകലാ
സ മുതലായതൊന്നും നനയാതെയും അതിനെ ആററിൽ
നിന്ന കെററുകയും ചെയ്തു. വെറിട്ടൊരു ദിവസം വന്ദി
ക്കപ്പെട്ടകിളവൻ ഒരുവഴിയിൽക്രൂടെ നടക്കയിൽ ദുഷ്ടനാ
യ ഒരുത്തൻ കൊപത്തൊടുക്രൂടെനമ്മുടെ വാഴ്ത്തപ്പെട്ടവ
ന്റെനെരെ തിരിഞ്ഞ ചൊല്ലിയതായത: "അച്ചനും അമ്മ
"ത്രെസ്യയും സ്ഥാപിച്ചുവരുന്ന കൊവെന്തകളെയെല്ലാ

,,ഞാൻ നശിപ്പിക്കുന്നതുവരെ ഇനിക്ക അടക്കംവരികയില്ല,, കഠിനമായ ഈ വചനങ്ങളെ പറഞ്ഞവനെ വാഴ്ത്തപ്പെട്ടവൻ നൊക്കി സൂക്ഷിച്ച ഹൃദയത്തിന്റെ എരിവൊട്ടുകൂടെ ഉത്തരിച്ചതായത ഇത നീ കാണുന്നതിന്ന മുമ്പിൽ നിന്റെവായ മുഖത്തിന്റെ ഒരുവശത്തൊട്ട തിരിയും, എന്നപറഞ്ഞ മുന്നൊട്ട നടക്കയും ചെയ്തു: ഇതാസർവ്വെശ്വരന്റെ ശിക്ഷ ആ നിർഭാഗ്യപ്പെട്ടവന്റെമെൽവീണു തിരിപ്പുവാതം പിടിച്ച അവന്റെവായ സങ്കടംതൊന്നുവാൻ തക്കപ്രകാരത്തിൽ മുഖത്തിന്റെ ഒരുവശത്തൊട്ട തിരിഞ്ഞ മരണത്തൊളം അവന്റെ ദുഷ്ടതയ്ക്കു സർവ്വെശ്വരൻ കല്പിച്ച ശിക്ഷയുടെ അടയാളത്തിന്നായിട്ട ഈ സങ്കടം അനുഭവിക്കയും ചെയ്തു.

ഈ മഹാ ആത്മാവ നമ്മുടെ സഭയിൽ കൂടിയപ്പൊൾ തുടങ്ങിയ തപസ്സ ജീവിതത്തെയും എരിവിനെയും കുറെപ്പാനും തണുപ്പിപ്പാനും, തന്റെ എണ്ണമില്ലാത്ത ബുദ്ധിമുട്ടുകളും വെലകളും പ്രത്യെകം തന്റെ വൃദ്ധക്യവും മതിയായില്ല: ഒരിക്കൽ ഒരു കരടി വാഴ്ത്തപ്പെട്ടവന്റെ നെരെ പാഞ്ഞ ഒരുകാൽ കടിച്ച കുറെമാംസം പറിച്ചതിനാൽ പൊറുക്കാത്ത ഒരുവ്രണം അതായി തീരുകയും ചെയ്തു, ഇതു ഹെതുവായിട്ട കാൽമെസ ഇട്ടു മറെക്കുന്നതിന്ന വൈദ്യന്മാര പ്രമാണിച്ചതിനാൽ വാഴ്ത്തപ്പെട്ടവൻ കീഴ്വഴങ്ങിയെങ്കിലും സൌഖ്യമുള്ള കാൽ ഈ വിശെഷ അനുവാദത്തിന്ന പങ്കാളിയാകുന്നതിന്ന സമ്മതിച്ചില്ല: ഇങ്ങനെ ഒരുകാലിന്ന കാൽമെസയിട്ടും ഒരുകാലിൽ ഒന്നും ഇടാതെയും നടന്ന ചിലപ്പൊൾ കുപ്പംകുറഞ്ഞ റെഗുലയ്ക്കുട്ടത്ത ഒരുകാലും പൂർവ്വറെഗുലയ്ക്കുട്ടത്ത ഒരുകാലും തനിക്കുണ്ടെന്ന വിനൊദ വാക്കായിട്ട പറഞ്ഞ വന്നിരുന്നു. ഇങ്ങനെയുള്ള അരൂപിയൊട്ടുകൂടെ തൊണ്ണൂറെറാന്ന വയസ്സുവരെ ജീവിച്ചു, തൊണ്ണൂറെറാന്ന വയസ്സുതികഞ്ഞപ്പൊൾ അഴിഞ്ഞിരുന്ന മരണത്തിന്റെ ദിവസം ദൈവ വെളിപ്പാട

ൽ അറിഞ്ഞ അതിന്ന വെണ്ടുംവണ്ണം ആസ്ഥമാകുവാൻ ആ ദിവസങ്ങളിൽ എറ്റം വലിയ എരിവൊട്ടും സൂക്ഷത്തൊട്ടുംകൂടെ സകലവുംചെയ്തിരുന്നു. എന്നാൽ ൧൮൦൧ാം കാലം ദുഃഖവ്യാഴാഴ്ചകുർബാനചൊല്ലിതന്റെഐശ്വര്യം പ്രിയമുള്ള കൂടപ്പിറപ്പുകൾക്ക ശുദ്ധ.- കുർബാന കൊടുത്തു കഴിഞ്ഞുവുടനെ കട്ടപ്പമായ പനി തനിക്ക പിടിച്ചുവെങ്കിലും ആ ദിവസങ്ങളിൽ നമ്മുടെ സന്യാസികൾ ചെയ്യുന്ന പ്രായശ്ചിത്തത്തിന്ന കൂടുന്നതിന്ന പനിയില്ലാത്തതിൻവണ്ണം പെരുമാറിയിരുന്നുവെങ്കിലും അതിന്റെ പിറ്റെ ദിവസം അതായത ദുഃഖവെള്ളിയാഴ്ച സഹിക്കാമെലാത്ത പ്രകാരത്തിൽ കടുത്തതിനാൽ മടുത്തുകിടക്കയുംചെയ്തു: അതിന്റെ പിറ്റെദിവസം വലിയശനിയാഴ്ചനാളിൽ പരലൊക യാത്രയ്ക്കായിട്ട ശുദ്ധ.- കുർബാന കൈക്കൊണ്ടു, ആ സമയത്ത തന്റെ സന്യാസികളെ പൊവ്റെഞ്ഞലയുടെ കാല്പിനെ സ്ഥാപിക്കുന്നതിന്ന താനും ശെഷമുള്ളവരും എത്ര പ്രയാസപ്പെട്ടുവെന്ന ഒപ്പിച്ച അതിന്റെ വിശ്വാസമുള്ള കാല്പിന്ന എറ്റം എരിവുള്ള ഗുണദൊഷങ്ങളെ അവക്ക ചൊല്ലിക്കൊടുക്കയും ചെയ്തു. ഉയിർപ്പിന്റെ ഞായറാഴ്ച ഉദിച്ചപ്പൊൾ ഒടുക്കത്തെ ഒപ്രുശുമായെന്ന ശുദ്ധ.- കുദാശയെ മഹാ ഭക്തിയൊടുകൂടെ കൈക്കൊണ്ടു, രണ്ടുമൂന്നുമണിനെരം കഴിഞ്ഞപ്പൊൾ ജീവിക്കുന്നവരുടെ രാജ്യത്തിൽ സർവ്വെശ്വരനൊടുകൂടെ നിത്യമായി ഉയിക്കുന്നതിന്ന ഈ ലൊകവെട്ടത്തിന്ന കണ്ണുകളെ അടച്ച മഹാസമാധാനത്തൊടുകൂടെ മരിക്കയും ചെയ്തു. ആ ദിവസത്തിൽതന്നെ അതായത മെടമാസം ൨൧ാം തീയ്യതി ഉയിർപ്പിന്റെ ഞായറാഴ്ചയിൽ നമ്മുടെ ശുദ്ധമാക്കപ്പെട്ട അമ്മയുടെ മാംസ സംബന്ധക്കാരത്തികളും ജ്ഞാനമക്കളുമായിരുന്ന ഈശൊടെ അഗ്നസ്, സത്യാവതാരത്തിന്റെ അന്നാ, എന്ന നമ്മുടെ രണ്ടു കന്യാസ്ത്രീകളും മരിക്കയും ചെയ്തു അവരിരുവരും നമ്മുടെ വാഴ്ത്തപ്പെട്ടവനൊടുകൂടെ ആകാ

ശമൊക്ഷത്തിൽ പ്രവെശിച്ച നെരത്ത, ബത്തുവെക്ക, എന്ന നമ്മുടെ കീൎത്തിപെട്ട വനവാസ കൊവെന്തയിൽ ഒരു പുണ്യപ്പെട്ട സന്ന്യാസി കണ്ടു, വൎത്തമാനം അവിടെ എത്തുന്നതിന്നുമുമ്പിൽ മറ്റ സന്ന്യാസികളൊട പറഞ്ഞറിയിക്കയും ചെയ്തു. വിശെഷിച്ച നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ ആകാശമൊക്ഷത്തിൽ എഴുന്നെള്ളിയതിന്റെ ശെഷവും ംരംശൊടെ അന്തൊന്യൊ എന്ന വാഴ്ത്തപ്പെട്ടവന്റെമെൽ തനിക്കുണ്ടായിരിക്കുന്ന പക്ഷം ഒരു പ്രത്യക്ഷം കൊണ്ട കാണിക്കയും ചെയ്തു: അതെങ്ങനെ എന്നാൽ പുണ്യവാളത്തിയുടെ അസ്ഥികളിലും മാംസനുറുക്കുകളിലും ചില രൂപങ്ങൾ പ്രത്യക്ഷമായിട്ട കാണപ്പെട്ടിട്ടുണ്ട, എന്നാൽ അതിൽവെച്ച വാഴ്ത്തപ്പെട്ട ംരംശൊടെ അന്തൊന്യൊംരം ലൊകത്തിൽ ജീവിച്ചിരുന്നപ്പൊൾ വടി പിടിച്ച കുത്തി നടക്കുന്ന കിളവന്റെ ഭാഷയായിട്ട എത്രയും അഴകും പ്രകാശവുമുള്ളമുഖത്തൊട്ടുകൂടെ കാണപ്പെട്ടുകയുംചെയ്തു. അപ്പഴൊ നമ്മുടെ വന്ദിക്കപ്പെട്ട കിളവൻ മെൽചൊല്ലിയിരിക്കുംവണ്ണം തൊണ്ണൂറ്റൊന്ന വയസ്സൊളം ജീവിച്ചു: അതിൽ കസ്സാദി കമ്മെലീത്ത കാരരുടെ കൂട്ടത്തിൽ ൬൮ നമ്മുടെ ദെസ്കാൾസു സഭയിൽ ൩൩ സംവത്സരം വരെ ജീവിച്ചു, ആകെ സന്ന്യാസിയായിട്ട എണ്പത്തൊന്നു വൎഷം കഴിക്കയും ചെയ്തു.

എന്നാൽ വാഴ്ത്തപ്പെട്ടവന്റെ വിവരത്തിന്ന മെലെഴുതിയത മതിയാക്കി: ജൂലിയാനൊ ദാവില എന്ന ദെഹത്തിന്റെ വിവരം എഴുതുവാൻ തുടങ്ങുന്നു.

ജൂലിയാനൊ, ദാവില, എന്ന പട്ടക്കാരന്റെ പെരു കെൾക്കുമ്പൊൾ, അണ്ടലൂസിയ ദെശത്തിന്റെ ശ്ലീഹാ എന്ന പെരുവിളിക്കപ്പെട്ട ദെഹത്തിൽനിന്ന വെറതിരിക്കെണ്ടതാകുന്നു: തമ്മിൽ വളരെ വ്യത്യാസമുണ്ട, അതെങ്ങനെയെന്നാൽ യൊഹന്നൻ ദാവില മല്ലാൻ എന്നു പറയുന്ന വാഴ്ത്തപ്പെട്ട ദെഹം ഹിസ്പാന്യ രാജ്യത്തിൽ തെ

ലെദൊ എന്നരൂപതയിൽ ഉൾപ്പെട്ട, അരെമാദൊവാർ,
ദെൽക്കാമ്പൊ, എന്നനഗരിയിൽ പിറന്ന ൟദെഹം പു
ണ്ണ്യ സാംഗൊപാംഗത്താലും ശാസ്ത്രംകൊണ്ടും ആത്മാവു
കളുടെ നിത്യ രക്ഷയെ കുറിച്ചുള്ള ശുഷ്കാന്തിയാലും, പട്ട
സുഖക്കാരരെ പുണ്ണ്യപ്പെടുത്തുന്നതിന്നുള്ള താല്പൎയ്യത്താലും
എഴുതിയുണ്ടാക്കിയവിശെഷമായജ്ഞാനപുസ്തകങ്ങളാലും
എത്രയും കീൎത്തിപെട്ടവനായിരിക്കുന്നതു കൂടാതെ മെൽ
ചൊല്ലിയ വെലകൾ എല്ലാം ചെയ്തു ഹിസ്പാന്ന്യരാജ്യത്തി
ൽ അണ്ടലൂസിയ പ്രദെശത്തിലാകകൊണ്ട, അണ്ടലൂസി
യ ശ്ലീഹായെന്ന പെരു വിളിച്ചിരിക്കുന്നു: നമ്മുടെ ശുദ്ധ
മാക്കപ്പെട്ട അമ്മ ത്രെസ്യാ തന്റെ ചരിത്ര പുസ്തകം ൟ
ദെഹം പരീക്ഷിക്കുന്നതിന്നും ൟ ദെഹത്തിന്റെ വിധി
യറിയുന്നതിന്നും ബഹു താല്പൎയ്യമായിരുന്നു: ൟ താല്പൎയ്യ
ത്തിന്നു തക്കതിൻവണ്ണം അന്ന പുണ്ണ്യവാളത്തിയുടെ കുമ്പ
സാരക്കാരനായിരുന്ന ദൊമ്മിനിക്കൊസു സഭക്കാരൻ ഇ
വാഞ്ഞസ് മൂപ്പൻപാദ്രിവഴിയായിട്ടു പുസ്തകംകൊടുത്ത
യച്ചു, വാഴ്ത്തപ്പെട്ട ആവില ശൊധന ചെയ്താറെ നമ്മു
ടെ പുണ്ണ്യവാളത്തിയുടെ അരൂപി ദൈവത്തിൽ നിന്നുള്ള
താകുന്നുവെന്ന വിധിച്ചതു കൂടാതെ നമ്മുടെ പുണ്ണ്യവാള
ത്തിക്കു ദീൎഘമായ ഒരെഴുത്ത എഴുതിവളരെ ആശ്വസിപ്പി
ക്കയും ചെയ്തു. ൟദെഹത്തിന്റെ ചരിത്രം പലരും എ
ഴുതിയെങ്കിലും ൟദെഹത്തിന്റെജ്ഞാനമകനായ ദൊ
മ്മിനിക്കൊസു പുണ്ണ്യവാളന്റെ സഭക്കാരൻ ലൂവീസ,
ദെ, ഗ്രനാത്ത എന്ന വാഴ്ത്തപ്പെട്ടവൻ വിശെഷമായിട്ട
എഴുതിയുണ്ടാക്കുകയുംചെയ്തു. അപ്പഴൊ വാഴ്ത്തപ്പെട്ടയൊ
ഹന്നാൻ ദാവില ൧൫൬൯ാം കാലം ഇടവമാസം ൧൦
നു—മൊന്തില്ല്യ നഗരിയിൽ വെച്ച ശ്ലീഹായ്ക്കടുത്ത തന്റെ
ശുഷ്കാന്തിക്കും വെലകൾക്കും തക്കസമ്മാനം കൈക്കൊ
ള്ളുവാൻ തമ്പുരാന്റെപക്കൽ പൊകയും ചെയ്തു, നമ്മു
ടെ ശുദ്ധമാക്കപ്പെട്ട അമ്മ ൟദെഹത്തിന്റെ മരണത്തി

ന്റെ വൎത്തമാനം കെട്ടപ്പൊൾ വളരെ ദുഃഖിച്ച കരകയും ചെയ്തു.

എന്നാൽ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയുടെ യാത്രകളിൽ കൂട്ടുകാരനും ബുദ്ധിമുട്ടുകളിൽ സഹായക്കാരനും ആയ ജൂലിയാനൊ ദാവില എന്നപട്ടക്കാരന്റെ വൎത്തമാനങ്ങൾ മെലെഴുതിയതിൽ അല്പംകൂടെ വിസ്തരിച്ച എഴുതുവാൻ നന്ദിയെന്നുള്ള ന്യായത്താൽ നാം കടപ്പെട്ടിരിക്കുന്നു. അപ്പൊഴാ, ജൂലിയാനൊ ദാവില എന്ന പട്ടക്കാരൻ, ക്രിസ്തൊപൊരൊ, ദാവില, അന്നാ, സൻദൊമീങ്കൊ, എന്ന മാതാപിതാക്കന്മാരിൽ നിന്ന പിറന്നു: ബാല്യ പ്രായത്തിൽ അപ്പന്റെ കണ്ടുപഠിത്വത്തിന്ന തക്കതിൻവണ്ണം കച്ചവടം ചെയ്തു വന്നിരുന്നു, ൨൨ വയസ്സായപ്പൊൾ സിവീല്യയിൽനിന്ന ആവിലയ്ക്ക പൊകുന്ന വഴിമദ്ധ്യെ കെറിയിരുന്ന കുതിരയിൽനിന്ന വീണു, സഹായിക്കുന്നതിന്ന കണ്ടാളുകൾ ചെന്നാറെ മരിച്ചുവെന്ന അവരുവിചാരിപ്പാൻതക്ക ബൊധക്ഷയവും മയക്കവും൦രം ദെഹത്തിന്ന ഉണ്ടായിരുന്നു: എന്നാൽ ബൊധംവീണപ്പൊൾ സൎവ്വെശ്വരന്റെ കൃപയാൽ ജൂല്യാനൊ വെറിട്ടൊരു മാനുഷനായി, മൊക്ഷഭാഗ്യത്തിന്റെ നിത്യത്വവും നരകത്തിന്റെ നിത്യത്വവും രണ്ടും എത്രയുംവലിയ തെളിവൊടുകൂടെ ൦രംദെഹത്തിന്റെ ബൊധത്തിൽ പ്രകാശിച്ചതിനാൽ ലൊകത്തെ ഉപെക്ഷിപ്പാൻ നിശ്ചയിച്ച ആവിലപട്ടണത്തിൽ എത്തിയവുടനെ കീൎത്തിപെട്ട ആത്മഗുരുവായിരുന്ന ദാസാ, എന്നമല്ലാനെ ആത്മ ഗുരുവായിട്ട തെരിഞ്ഞെടുക്കയും ചെയ്തു. അതിന്റെശെഷം മാർ ഇഗ്നാസ്യൊസ്സ കമീല്ലൊ, ദെ, ലെലീസ് എന്ന പുണ്യവാളന്മാരെ പൊലെ തനിക്കും ശെഷംപെൎക്കും ഉപകരിപ്പാൻ വശമാകുന്നതിന്ന പൈതങ്ങളുടെ ഇടയിൽ ശ്രമത്തിക്ക പഠിക്കുന്നതിന്ന തൊന്നിയിരുന്ന ലജ്ജയെ ജയിച്ചപഠിപ്പാൻ തുടങ്ങി, പുണ്യത്തിന്മെലുംപഠിനത്തിന്മെലും

ഉണ്ടായിരുന്നവിശെഷ താല്പൎയ്യത്താൽരണ്ടു ശാസ്ത്രത്തിലും വെഗത്തിൽ മുന്നൊട്ടുകടക്കയുംചെയ്തു, അതിൻവണ്ണം ക്രമെണ ഫില്ലൊസൊപിയ, തെയൊലൊഗിയമുതലായശാസ്ത്രങ്ങളെ പഠിച്ചതിനൊടുകൂടെ ചെറിയപട്ടങ്ങളെയുംകൂദാശപട്ടങ്ങളെയുമെല്ലാംകൈയ്യേറ്റു· ആയിടയിൽ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ ആവിലമാർയൌസെപ്പ പുണ്യവാളൻെറ ആശ്രമം സ്ഥാപിച്ചു അതിൽകൂടിയ മുമ്പിലത്തെ നാലുകന്യാസ്ത്രീകളിൽ ഒന്ന ജൂലിയാനൊ എന്ന ൟരംഗെഹത്തിൻെറ പെങ്ങളാകുന്നു, താനും നമ്മുടെ പുണ്യവാളത്തിക്ക തന്നാൽകഴിഞ്ഞ സഹായങ്ങളെ ചെയ്യാനും, വിരൊധങ്ങളിലും വഴക്കുകളിലും പുണ്യവാളത്തിക്ക തുണയായിക്കൊണ്ടു ഇവരുടെപക്ഷ ന്യായം പറവാനും തുടങ്ങുകയും ചെയ്തു· ആവിലപട്ടണത്തിൽ അടക്കംവന്ന നമ്മുടെപുണ്യവാളത്തി ഒരൊരു ദെശങ്ങളിൽ മററാശ്രമങ്ങളെ സ്ഥാപിപ്പാൻ തുടങ്ങിയപ്പൊൾ ൟരംദെഹം നമ്മുടെപുണ്യവാളത്തിയുടെ ചിററാഴ്മയ്ക്കു ആത്മശരീരത്തൊടുകൂടെ തന്നെകയ്യാളിച്ച പുണ്യവാളത്തിയുടെമരണംവരെ വെർപിരിയാത്ത കൂട്ടുകാരനായി പുണ്യവാളത്തിയുടെ ബുദ്ധിമുട്ടുകൾക്കും സങ്കടങ്ങൾക്കും എററംതാല്പൎയ്യമുള്ള പങ്കാളിയാകയും ചെയ്തു· ഇത്രമഹാ പുണ്യവാളത്തിയൊടുള്ള പെരുമാററവും സംസൎഗ്ഗവും കൊണ്ടു, ജൂല്യാനൊ, പുണ്യസാംഗൊപാംഗത്തിൽ അതിശയിപ്പാൻ തക്കപ്രകാരത്തിൽ വളരുകയും ചെയ്തു· ആകാശത്തിന്നടുത്ത ഗുരുനാഥയായിരിക്കുന്ന നമ്മുടെ അമ്മയുടെ ഉചിതമായ ദൃഷ്ടാന്തങ്ങളാലും ഗുണദൊഷങ്ങളാലും ജൂല്യാനൊധ്യാനത്തിന്ന തന്നെകയ്യാളിച്ച അതിൻെറ രുചികരമായ ഫലങ്ങളെ സൎവ്വെശ്വരൻ സംപൂൎണ്ണമായിട്ടു ഇയാളെ രസിപ്പിച്ചതിനാൽ എകാന്തത്തിന്മെലും, മിണ്ടാട്ടത്തിന്മെലും മഹാതാല്പൎയ്യക്കാരനാകയും ചെയ്തു: ചിലസമയങ്ങളിൽ അനുഭവിച്ചിരുന്ന ജ്ഞാനസന്തൊഷങ്ങളുടെആധിക്യത്താ

ല്പം, ദൈവ സ്നെഹാഗ്നിയുടെ എരിവുകൊണ്ടും ജ്ഞാന
ഭ്രാന്ത പിടിച്ചതിൻവണ്ണം ജന സഞ്ചാരമില്ലാത്ത കാട്ടുക
ളിലും മലകളുടെ ഇടയിലും ചെന്ന ഉറച്ചശബ്ദത്തൊടെ
നിലവിളിച്ച സൎവ്വെശ്വരൻെറനെരെയുള്ള സ്നെഹത്തിന്ന
ടുത്ത മൊഴികളാൽ സൎവ്വെശ്വരനെ വിളിക്കുമാറാ യിരു
ന്നു: വയസ്സ പ്രായമായതിൻെറശെഷം തൊലെദൊ മെ
ത്രാപ്പൊലീത്താ നമ്മുടെ ജുല്ല്യാനിൻെറ പുണ്ണ്യവും പ്രാ
പ്തിയും വെണ്ടുംവണ്ണം ബൊധിച്ചിരുന്നതിനെകൊണ്ട ക
ന്ന്യാസ്ത്രീമഠങ്ങളിൽ വിസീത്തകഴിക്കുന്നതിന്നും, ആ കന്ന്യാ
സ്ത്രീ മഠങ്ങളെ നന്നാക്കുന്നതിന്നും, സഹായക്കാരനായിട്ട
പൊകുന്നതിന്ന എററം അടിയെന്തിരമായ എഴുത്തുകളെ
നമ്മുടെ പുണ്ണ്യപ്പെട്ട പട്ടക്കാരന്ന എഴുതികൊടുത്തയച്ചാ
റെ തന്നാൽ കഴിഞ്ഞതുവരെ ഒഴിവായിട്ട മറുപടി എ
ഴുതി നിലനിന്നു, എന്നാൽ കടശി തൊലെദൊ മെത്രാ
പ്പൊലീത്താ യുടെ താല്പൎയ്യം മറുതലിച്ചു കൂടാത്തതിൻവ
ണ്ണമായി എന്നതിനെകൊണ്ട ജുല്ല്യാനൊ, തൻെറപ്രിയ
പ്പെട്ട എകാന്തത്തിൽനിന്ന പുറപ്പെട്ട മെത്രാപ്പൊലീത്ത
കല്പിച്ച ആശ്രമങ്ങളിൽ എല്ലാവരുടെ സമ്മതത്തൊട്ടും
ആത്മാവുകളുടെ വലിയ ഉപകാരത്തൊടുംകൂടെ വിസീ
ത്തകഴിച്ചതിൻെറശെഷം മെത്രാപ്പൊലീത്ത സ്ഥാനമാന
ങ്ങളെ കൊടുക്കാമെന്നും, വീട്ടുകാൎക്ക വെണ്ടുന്ന സഹായ
ങ്ങളെ ചെയ്യാമെന്നും പറഞ്ഞൊത്തുകൊണ്ട നമ്മുടെ വ
ന്ദിക്കപ്പെട്ട പട്ടക്കാരനെ തൻെറ പക്കൽ താമസിപ്പിപ്പാ
ൻ വളരെപ്രയാസപ്പെട്ടു, എന്നാൽ ജുല്ല്യാനൊ വളരെ
സ്നെഹിച്ചിരുന്ന എകാന്തത്തിൽനിന്നും, വന്ദിച്ചിരുന്ന ദെ
സ്സാൾസു കന്ന്യാസ്ത്രീകളിൽനിന്നും ശുദ്ധമാക്കപ്പെട്ട അമ്മ
യുടെ ആശ്രമങ്ങളുടെ ചിററാഴ്മയിൽ നിന്നും അകന്നിരു
ന്നാൽ വെള്ളത്തിൽനിന്ന പുറത്തിറങ്ങിയ മീനിനെപൊ
ലെയായിരുന്നതിനെകൊണ്ട മെൽചൊല്ലിയ മെത്രാപ്പൊ
ലീത്തായുടെ പറഞ്ഞൊപ്പുകളെ കൂട്ടാക്കാതെ അതിന്ന ഉ

ത്തരിച്ച സാരമായവചനങ്ങളായത "എന്റെപാവപ്പെ
,,ട്ട മറിയുടെ ദാരിദ്ര്യത്തിലും എകാന്തത്തിലും ശെഷിച്ചി
,,രിക്കുന്ന ആയുസ്സിന്റെ ദിവസങ്ങളെ മരണത്തിന്ന ന
,,ല്ല ആസ്ഥപ്പാടുചെയ്യുന്നതിന്ന ചിലവഴിപ്പാൻ എന്റെ
,,ആഗ്രഹമായിരിക്കുന്നു, വിശെഷിച്ച ഞാൻ കുബ്ബാന പ
,,ട്ടം എററത ഇതുവഴിയായിട്ട എന്റെവീട്ടുകാരരെ സ
,,മ്പന്നന്മാരാക്കുവാനല്ല പിന്നെയൊ ഠരം അന്തസ്ഥിൽ എ
,,ന്റെആത്മാവിനെ രക്ഷിപ്പാനത്രെ,, എന്നുള്ള ഉത്തരം
പറഞ്ഞിട്ട തന്റെ വന്ദിക്കപ്പെട്ട ദെസ്കാൾസു കന്യാസ്ത്രീ
കളുടെ ചിററാഴ്മയ്ക്കായിട്ടും എകാന്തത്തിന്നും പിന്തിരി
ഞ്ഞുപൊകയും ചെയ്തു: എന്നാൽ കടശി നിത്യതചത്തിലെ
ക്കുള്ള യാത്രയ്ക്കു നല്ലവണ്ണം ആസ്ഥമായിക്കൊണ്ട ൧൭൦൫
കാലത്തൽ കുംഭമാസം ൨൭ാം തിയ്യതി നമ്മുടെ ക
ർമ്മലീത്ത ദെസ്കാൾസു സഭയ്ക്കുവെണ്ടി ചെയ്തിരുന്ന വെ
ലകൾക്കും ബുദ്ധിമുട്ടുകൾക്കും ആത്മാവുകളെ രക്ഷിക്കു
ന്നതിന്നും പാപികളുടെ മനസ്സതിരിവിന്നും വെണ്ടിയുള്ള
തന്റെശ്ലീഹായ്ക്കടുത്ത ശുക്ഷാന്തിക്കും തക്ക മൊക്ഷസമ്മാ
നം കൈക്കൊള്ളുവാൻ പൊകയും ചെയ്തു. നമ്മുടെ സ
ന്ന്യാസികൾ ജെനെരാളിനെ ബൊധിപ്പിച്ച വിശെഷസം
ഗതി അതായിരുന്നതിനെകൊണ്ട ന്യായപ്രമാണങ്ങളുടെ
വിലക്കുനീക്കി ഠരം ദെഹത്തിന്റെ കവറടക്കത്തിന്ന കൂട്ട
മായിട്ട പൊകുന്നതിന്ന അനുവാദം വാങ്ങിച്ച പൊകയു
ഞ്ചെയ്തു. വന്ദിക്കപ്പെട്ട ഠരം ദെഹം മരിക്കുന്നതിന്നുമുമ്പിൽ
കല്പിച്ചതുപൊലെ നമ്മുടെ പുണ്യവാളത്തി സ്ഥാപിച്ച ഒ
ന്നാമത്തെ ആശ്രമത്തിന്റെ പള്ളിയിൽ അടക്കം ചെയ്യു
ന്നതിന്ന മഹാഘൊഷത്തൊടുകൂടെ കൊണ്ടുപൊകയുഞ്ചെ
യ്തു, പ്രദക്ഷിണം മാർ യൌസെപ്പ പുണ്യവാളന്റെ പ
ള്ളിയിൽ ചെന്നാറെ എറിയകാലമായിട്ട ഠരംദെഹത്തി
ന്റെ ബുദ്ധിമുട്ടുകളാൽ എറിയ ആത്മൊപകാരങ്ങളെ
അനുഭവിച്ചിരുന്ന ആവില നഗരിക്കാര എണ്ണമില്ലാത്തപ്പ

ഉഷാരമായിട്ട കൂടി, പുണ്യവാളനാകുന്നവെന്നുള്ള വിശ്വാസം ലൊകരുടെ ഹൃദയത്തിൽ ഉണ്ടായിരുന്നതിനാൽ ൟ ദെഹത്തിന്റെ ഉടുപ്പുകളെ ശുദ്ധ- വസ്തുവായിട്ട കീറുന്നതിന്ന തുടങ്ങി എന്നാൽ മുഴുവനും അതിനെകീറാതെയിരിപ്പാൻ ശവം സങ്കീൎത്തി മുറിയിൽ വെച്ചടെക്കുന്നതിന്ന ആവശ്യമാകയും ചെയ്തു. നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ ത്രെസ്യ ൟ ദെഹത്തെക്കുറിച്ച എന്തുവിചാരിച്ചിരുന്നുവെന്ന ൟ ചരിത്രസംക്ഷെപത്തിന്റെ രണ്ടാം കൂറിൽ പറവാനിരിക്കുന്നതു കൂടാതെ തന്റെ ആങ്ങള ലൊരൻസൊ ദെ ചെബെദ എന്ന മഹാ ആത്മാവിന്ന എഴുതിയ ഒരു എഴുത്തിൽ പറഞ്ഞിരിക്കുന്ന എതാനുംമൊഴികളെ ഇവിടെ കാണിച്ചാൽ പുണ്യവാളത്തിയുടെ അഭിപ്രായം ബൊധിക്കയും ആം, അതെങ്ങനെ യെന്നാൽ:
,,തങ്ങളുടെ ആത്മകാൎയ്യങ്ങളെ ജൂല്യാനൊ ദാവില എ
,,ന്ന പട്ടക്കാരനൊടു പറഞ്ഞ ഗുണദൊഷം ചൊദിക്കയും
,,ആം അതെന്തെ ആ ദെഹം നല്ല ആത്മാവായിരിക്കുന്നു
,,അയാൾ നല്ലപട്ടക്കാരരിൽ ഒരുത്തനാകുന്നുവെന്ന ഞാ
,,ൻ വിശ്വസിച്ചിരിക്കുന്നു, ചിലപ്പൊൾ ചെന്നു കണ്ടാൽ
,,കൊള്ളാം ഇങ്ങനെയുള്ള ആളുകളൊടുള്ള പെരുമാററം
,,തങ്ങൾക്ക ഗുണമായിട്ടെ തീരത്തൊള്ളു,, ശുദ്ധമാകപ്പെട്ട അമ്മയുടെ ആങ്ങള പുണ്യവഴിയിലും മെല്പട്ട ധ്യാനത്തിലും എന്തുമാത്രം മുന്നൊട്ടായിരുന്നുവെന്ന ൟ ചരിത്രത്തിൽ കുറെ എങ്കിലും പറവാനിടവരും അതിനാൽ ശുദ്ധമാകപ്പെട്ട അമ്മ ആങ്ങളക്കു എഴുതിയ ൟ ഗുണദൊഷത്തിന്റെ അവസ്ഥയും, ജൂല്യാനൊ ദാവില എന്ന ൟ ദെഹത്തിന്റെ പുണ്യ സാംഗൊപാംഗത്തിന്മെൽ പുണ്യവാളത്തിക്കുണ്ടായിരുന്ന അഭിപ്രായവും ബൊധിക്കുന്നതിന്ന ഇടവരും. ൟ ദെഹത്തിന്റെ സംക്ഷെപമായ ഒരു ചരിത്രം, ഗൊൻസാലസ് പക്കെചരൊ, എന്ന മല്പാൻ എഴുതിയുണ്ടാക്കി: വിശെഷാൽ ആ കാലത്തിൽ ഹിസ്പാന്യ

യിൽ നമ്മുടെ സഭയുടെ നാളാഗമചരിത്രങ്ങളെ എഴുതി
വന്നിരുന്ന കന്ന്യാസ്ത്രീമറിയത്തിന്റെ പ്രൻസീസ്കൊസ്സ എ
ന്നദെഹം എഴുതിയ നാളാഗമ പുസ്തകത്തിൽ സാക്ഷിച്ചി
രിക്കുന്നതുപൊലെ നമ്മുടെ ജൂല്ല്യാനൊ എന്നപുണ്ണ്യപ്പെ
ട്ടദെഹത്തെ ആവിലപട്ടണത്തിൽവെച്ച കണ്ടറിഞ്ഞതു
കൂടാതെ സർവ്വെശ്വരൻ ഇയാൾക്ക കൊടുത്തിരുന്ന വി
ശെഷ ദൈവീകവരങ്ങളെ കണ്ടതിശയിപ്പാൻ ഇടയാകു
യും ചെയ്തു: എന്നാൽ നമ്മുടെ നാളാഗമ ചരിത്രക്കാര
ന്റെ കടശിയായിട്ടുള്ള വചനങ്ങളാൽ നാമും ൟ ചു
രുങ്ങിയ വിവരം അവസാനിപ്പിക്കയും ആം. അവയാകു
ന്നതെന്തെന്നാൽ "ജൂല്ല്യാനൊ ഭക്തികൂടുന്ന പുസ്തകങ്ങ
ളെ എഴുതിയുണ്ടാക്കുന്നതിന്ന ഒഴിവുള്ള നെരം ചിലവ
ഴിച്ചുവന്നിരുന്നു അതിൽവെച്ച നമ്മുടെഅമ്മത്രെസ്സ്യാപു
ണ്ണ്യവാളത്തിയുടെ സംക്ഷെപമായിട്ടുള്ള ചരിത്രം എഴു
തിയുണ്ടാക്കിട്ടുണ്ട, ആ ദെഹത്തിന്റെ കൈയക്ഷരമാ
യിട്ട എഴുതപ്പെട്ട ൟ ചരിത്രം പൂവ് മല്പാന്മാരുടെ ഒ
രുപുസ്തകംപൊലെ എന്റെ പക്കൽ ഞാൻ സൂക്ഷിച്ചുവ
രുന്നു,,

എന്നാൽ പുണ്ണ്യ സാംതൊപാംശത്താലും നമ്മുടെ പു
ണ്ണ്യവാളത്തി അവരുടെ നെരെ കാണിച്ചുവന്ന വിശെഷ
പക്ഷത്താലും മഹാ കീൎത്തിപെട്ട അന്നാ എന്ന പെരായ
മൂന്ന വാഴ്ത്തപ്പെട്ടവരുടെ വിവരം ചുരുക്കത്തിൽ എഴുതു
വാൻ ന്യായമായിരിക്കുന്നു: അതെങ്ങനെ യെന്നാൽ, അ
ന്നാ എന്നു പെരായ മൂന്നു വാഴ്ത്തപ്പെട്ട കന്ന്യാസ്ത്രീകളിൽ
വെച്ച, ൟശൊടെ അന്നാ ഹിസ്പാന്ന്യ രാജ്യത്തിൽ മെദി
ന ദെൽക്കാമ്പൊ എന്ന നഗരിയിൽ ൧൫൭൨ാം കാലത്തി
ൽ, ദ്ദ്യെഗൊ, ലൊബെര, പ്രൻസിസ്കൊ, ദെത്തൊറസ്,
എന്ന കുലശ്രെഷ്ഠതയുള്ള മാതാപിതാക്കന്മാരിൽ നിന്ന
പിറന്നു, എഴു വയസ്സൊളം നമ്മുടെ അന്നാ മുഴുവനാകു
ളപ്പെട്ട പൊട്ടിയായിരുന്നു, അതിന്റെ ശെഷം കെൾവി

ത്യം പറവാനുള്ള വശവും ഉണ്ടായത അവരുടെ അമ്മയുടെ എരിവുള്ള നമസ്കാരങ്ങൾവഴിയായിട്ട സൎവ്വെശ്വരൻ ചെയ്തു ഒരുപ്രത്യക്ഷമാകുന്നു: ശുദ്ധമാകപ്പെട്ട അമ്മ ത്രെസ്യ സ്ഥാപിച്ചു വന്ന ആശ്രമങ്ങളുടെ പുണ്യ സാംഗൊപാംഗത്തെ ആഗ്രഹിച്ചിട്ട നമ്മുടെ സഭയിൽ കൂട്ടുകയും ചെയ്തു. ശുദ്ധമാകപ്പെട്ട അമ്മ നമ്മുടെ വാഴ്ത്തപ്പെട്ടവളുടെമെൽ വളരെപ്രിയമായിരുന്നതെന്നിയെ പതിനാറാം അദ്ധ്യായത്തിൽ എഴുതിയിരിക്കുംവണ്ണം, വെഅസ്, ആശ്രമം സ്ഥാപിപ്പാൻ കാരണമായ കത്തരീന സന്ദ്രൊ വാൽ, എന്ന മഹാ പുണ്യ പതിയെ ഭരിപ്പാൻ തക്ക ശ്രെഷ്ഠത്തിയെ നമ്മുടെ പുണ്യവാളത്തി തെരിഞ്ഞെടുക്കെണ്ടി വന്നപ്പൊൾ നമ്മുടെ ഈശൊടെ അന്നായെ അത്രെ തെരിഞ്ഞെടുത്തത. വിശെഷിച്ച ൨൧ാം അദ്ധ്യായത്തിൽഎഴുതിയിരിക്കുന്നതു പൊലെ ഗ്രനാത്ത, എന്ന നഗരിയിൽ ആശ്രമം സ്ഥാപിക്കുന്നതിന്ന നമ്മുടെ വാഴ്ത്തപ്പെട്ടവൾ സൎവ്വെശ്വരനാൽ തെരിഞ്ഞെടുക്കപ്പെട്ടവളായവിവരം ത്രെസ്യ പുണ്യവാളത്തി അവൾക്ക എഴുതിയ എഴുത്തിൽ തെളിവായിട്ട കാണിക്കയും ചെയ്തു. എന്നാൽ ശുദ്ധമാകപ്പെട്ട അമ്മ ത്രെസ്യ മരിച്ചതിൽപിന്നെ നമ്മുടെ ദെസ്കാൾസുകന്യാസ്ത്രീകളുടെ പുണ്യ സാംഗൊപാംഗത്തിന്റെ വൎത്തമാനം എല്ലാടത്തും പരന്നതിനാൽ ഒരൊരു നാട്ടുകാര കൎമ്മലീത്ത ദെസ്കാൾസു കന്യാസ്ത്രീകളുടെ ആശ്രമങ്ങളെ അവരുടെ നാട്ടിൽ സ്ഥാപിക്കുന്നതിന്ന ആഗ്രഹിച്ചുതുടങ്ങി എന്നാൽ പ്രത്യെകമായിട്ട പ്രാൻസ രാജ്യത്തുകാരഇതിന്മെൽ ബഹുതാല്പൎയ്യമുള്ളവരായിഹിസ്പാന്യയിൽനിന്ന ത്രെസ്യാപുണ്യവാളത്തിയുടെ അരൂപിയുള്ളകന്യാസ്ത്രീകളെ പ്രാൻസനാട്ടിലെക്ക അയപ്പാൻ പലപ്പൊഴും അപെക്ഷിക്കയുഞ്ചെയ്തു. കടശി അവരുടെ അപെക്ഷകളെ നമ്മുടെ സഭയുടെ ശ്രെഷ്ഠന്മാര കൈക്കൊണ്ടു ഈ പരാക്രമ വെലയ്ക്കു നമ്മുടെ ഈശൊടെ അന്നായെയും സൎ

വത്തുലൃമ്മായുടെ അന്നായെയും തെരിഞ്ഞെടുത്തുയക്കുയും ചെയ്തു. നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ ത്രെസ്യ ജീവിച്ചിരുന്നപ്പൊൾ ഇടത്തുട്ടുകാര പ്രാൻസ രാജ്യത്തിൽ വരുത്തിവന്നിരുന്ന നാശങ്ങളുടെമെൽ വളരെദുഃഖിച്ച എറിയകണ്ണുനീരുകളെ ചിന്തിവന്നിരുന്നു, എന്നാൽ ആകാശമൊക്ഷത്തിൽ കരെറിയതിൽപിന്നെയും ആ രാജ്യത്തിന്റെ ഗുണത്തിന്മെൽ തനിക്കുണ്ടായിരുന്ന താല്പൎയ്യം വിട്ടിട്ടില്ല: അതെന്തെ തന്റെമക്കളായ കന്യാസ്ത്രീകളെ ആ രാജ്യത്തിൽ വിളിച്ചുവരുത്തുന്നതിന്ന ശുദ്ധമാകപ്പെട്ട അമ്മ പ്രാൻസ നാട്ടിലെ ഒരുമാടമ്പി സ്ത്രീക്കു മൂന്നു പ്രാവശ്യം കാണപ്പെട്ടു കല്പിക്കയും ചെയ്തു. ആ മാടമ്പി സ്ത്രീ ഉത്സാഹിച്ചു കാൎയ്യംസാധിച്ചതിന്റെശെഷം അവരുടെ ഭൎത്താവ മരിക്കയും ചെയ്തു, എന്നിട്ടു താൻതന്നെ സ്ഥാപിച്ചിരുന്ന ആശ്രമത്തിൽ മൂന്നുമക്കളെ കൂട്ടീട്ടു താനും, എല്ലാവരുടെ അമ്മയായിരുന്നുവെങ്കിലും എല്ലാവൎക്കുംകീഴ്പ്പഴഞ്ഞുവാൻവെണ്ടി അല്മ്മെനി ദെശ്നക്കാരത്തിയായിട്ടു കൂടുകയും ചെയ്തു: ഇപ്പൊൾ സത്യാവതാരത്തിന്റെ ഭാഗ്യപ്പെട്ട മറിയം എന്നുപെരായിട്ടു അവരെ ത്രൊണൊസുകളുമ്മെൽ നാം വന്ദിക്കയും ചെയ്യുന്നു. എന്നാൽ നമ്മുടെ റെംശൊടെഅന്നാ പ്രാൻസനാട്ടിൽ ആശ്രമങ്ങളെ സ്ഥാപിച്ചതിന്റെശെഷം ഹൊല്ലാണ്ടരാജ്യത്തിന്റെ ഇസബെല്ല എന്ന ഭക്തിയുള്ള രാജസ്ത്രീയുടെ അപെക്ഷയാൽ ആ രാജ്യത്തിൽ കടന്ന ആശ്രമങ്ങളെ സ്ഥാപിച്ചതുകൂടാതെ ശുദ്ധമാകപ്പെട്ട അമ്മയുടെ പുസ്തകങ്ങളെ ലത്തീനിലും, ലെന്തപെച്ചിലും പൊരുൾ തിരിപ്പിക്കയും, പുണ്യവാളത്തിയുടെ ചരിത്രം ഒരൊരു ചിത്രെഴുത്തുകളാലും കടലാസു രൂപങ്ങളാലും കാണിപ്പാൻ തക്കപ്രകാരത്തിൽ അച്ചുകളെ എല്ലാം കൊത്തിക്കയും ചെയ്തു. കടശി എറിയ വിശെഷ പുണ്യങ്ങളുടെ സമ്പാദ്യത്തൊടു കൂടെ ആയുസ്സ എന്ന വിളിക്കപ്പെടുന്ന റെം അരിഷ്ടങ്ങളുടെ അലസിഭാഗത്തി

ൽനിന്ന നമ്മുടെപട്ടാങ്ങയുള്ള ദിക്കാകുന്ന ആകാശരാജ്യ
ത്തിലെക്ക ബ്രുസ്സെലസ എന്ന നഗരിയിലെ ആശ്രമത്തി
ൽനിന്ന ൧൬൨൧ാം കാലം മീനമാസം ൪ തിയ്യതി യാ
ത്രപുറപ്പെട്ടുപൊകയും ചെയ്തു അന്നു ശുദ്ധ.— പള്ളിയിൽ
വാണിരുന്ന ൭ാമത്തെ പെനുലൊസ്സ എന്ന ശുദ്ധ.— മാ
ർപ്പാപ്പാ വാഴ്ത്തപ്പെട്ടവളുടെ മരണത്തിന്റെയും ചെയ്ത
വെലകളുടെയും വൎത്തമാനംകെട്ടാറെ ഹൊ ഭാഗ്യപ്പെ
ട്ട സ്ത്രീയെ! എന്നീവചനങ്ങളെ മൂന്നപ്രാവശ്യം അതിശ
യിച്ചു കൊണ്ട ചൊല്ലുകയും ചെയ്തു. ഇവരുടെ ചരിത്രം
ആദ്യം ബജദൊസെന്ന ദിക്കിന്റെ മെത്രാനായ അഞ്ചെ
ലൊ മൻരിക്കെ, എന്ന,ദെഹം എഴുതിയുണ്ടാക്കുകയുംചെ
യ്തു: അതിൽപിന്നെ പ്രാൻസക്കാരൻ ആയ ബ്രുണൊന്നെ
ദെസാന്ത ത്രെസ്യ എന്ന നമ്മുടെ സന്ന്യാസി സംക്ഷെപ
മായിട്ടഎഴുതുകയുംചെയ്തു: വിശെഷിച്ച ബൊള ണ്ടിസ്സി
എന്ന പെർപെട്ട ചരിത്ര ശാസ്ത്രക്കാരും മറ്റ ചിലരും
രെസംശൊടെ അന്നായുടെയും മററനെകം നമ്മുടെസഭയു
ടെ കന്ന്യാസ്ത്രീകളുടെ ചരിത്രത്തൊട്ടു കൂടെ എഴുതുകയും
ചെയ്തു.

രണ്ടാമത്തെ അന്നാ മാർ ആഗുസ്തീനൊസിന്റെ അ
ന്നാ അല്ലെങ്കിൽ നടപ്പായിട്ട പറഞ്ഞുവരുന്നതു പൊലെ
അന്നാഗുസ്തീഞ്ഞാ എന്ന വാഴ്ത്തപ്പെട്ടവളാകുന്നു, ഇവര
വലിയ ദൊലീദെന്ന ദിക്കിൽ ബഹുമാനമുള്ള മാതാപി
താക്കന്മാരിൽനിന്ന ൧൫൫൫ാം കാലം പിറന്നു, നമ്മുടെ
ശുദ്ധമാകപ്പെട്ട അമ്മയുടെസഭയിൽകൂടീട്ട ആകാശത്തി
ൽനിന്ന കൈക്കൊണ്ട വിശെഷദാനങ്ങളാൽ ഇവരുടെ
ജീവിതം അത്ഭുതമായ ജീവിതമെന്നു പറയാം, അതിശ
യമായ കാഴ്ചകളാലും പ്രത്യക്ഷങ്ങളാലും മഹാ കീൎത്തി
പെട്ടവരാകയും ചെയ്തു: ഇവരുടെ പെരുകൂടെയും നര
ക പിശാചുക്കളെ വിറെപ്പിക്കും, നമ്മുടെ ശുദ്ധമാകപ്പെ
ട്ട ത്രെസ്യ ജീവിച്ചിരിക്കുമ്പൊഴും ആകാശ മൊക്ഷത്തിൽ

കരെറിയതിൻെറശെഷവും തൻെറ ൟ പ്രീയപ്പെട്ട മക്കൾക്ക പ്രത്യെകമുള്ള സഹായങ്ങളെയും മനൊഗുണങ്ങളെയും ചെയ്കയും ചെയ്തു. ഇവൾ ൧൭ വയസ്സ പ്രായം തികഞ്ഞ ദിവസത്തിൽ അതായത ൧൬൨൪ാം കാലം ധനുവമാസം ൧൮ തിയ്യതി വില്ലനൊവ, ദെല്ലസ്ക്കാര, എന്നടിക്കിലെ ആശ്രമത്തിൽ ൟ ലൊകത്തിൽ നിന്ന വാങ്ങുകയും ചെയ്തു. ൟ സെറാപ്പയ്ക്കുത്ത കന്യാസ്ത്രീയുടെ അതിശമായ വൃത്താന്തം നമ്മുടെ അഗ്ഗൊലാ, കൊവെന്തയിൽ കീൎത്തിപെട്ട തെയൊലൊഗിയ മല്പാനായിരുന്ന മാർ ഇറാണിമൊസിൻെറ അലൊസ്സൊ എന്ന നമ്മുടെസന്യാസി എഴുതിയുണ്ടാക്കി മദ്രീദെന്ന ഹിസ്പാന്യ രാജധാനിയിൽ അച്ചടിപ്പിക്കയും ചെയ്തു. ൟ വാഴ്ത്തപ്പെട്ടവളെ പുണ്യവാളത്തിയെന്നപെരുവിളിക്കുന്നതിന്നപുണ്യങ്ങളും പ്രത്യക്ഷങ്ങളും സംബന്ധമായ വിസ്താരങ്ങൾ എല്ലാംകഴിഞ്ഞിരിക്കുന്നു, പുണ്യവാളത്തിയെന്ന പെരുവിളിച്ചാൽമതി എന്നപറയാം, എന്നവരികിലും ശുദ്ധ.- പള്ളിയുടെ തീൎപ്പായവിധി ഇതുവരെയും ഉണ്ടായില്ല. ൟ വാഴ്ത്തപ്പെട്ടവളെ കുറിച്ച ൟ ചരിത്രസംക്ഷെപത്തിൻെറ ഒന്നാംക്രുറിലെ പതിനെട്ടാം അദ്ധ്യായത്തിൽ എതാനുമൊക്കയും പറയെണ്ടിവരും.

മൂന്നാമത്തെ അന്നാ ഒരുവെളയിൽ മെൽചൊല്ലിയവരെ കായിലും എററം കീൎത്തി പെട്ടവരായ സാൻ വൎത്തലൂമ്മായുടെ അന്നാ എന്ന വരാകുന്നു. ഹിസ്പാന്യ രാജ്യത്തിൽ അൽമെന്ദ്രാൽ, എന്ന നഗരിയിൽ ൧൫൫൦ ാം കാലം തുലാമാസം ൧ാം തിയ്യതി പിറന്നു, പ്രായത്തിൽ നന്നാ ചെറുപ്പമായിരുന്നപ്പൊൾ തന്നെ പുണ്യങ്ങളിൽ പ്രായം ചെന്നവരായിരുന്നതിനാൽ ദൈവത്തിന്നുമാത്രം ജീവിക്കുന്നതിന്ന ഒരു വനവാസത്തിൽ പൊകുന്നതിന്ന പുരുഷൻെറ വെഷം ധരിച്ച ഒളിച്ചുപൊകുവാൻ ഭാവിച്ചു: എന്നാൽ സൎവ്വെശ്വരൻ തൻെറ പ്രത്യക്ഷമായ പ്രകാരമു

ത്തിൽ ഇവരുടെ ൟ പരാക്രമ പ്രവൃത്തികൾ വിസ്തരം ചെ
യ്യയും ചെയ്യു, ആങ്ങളമാരുടെയും ചൈത്താന്മാരുടെയും
വലിയ വിരൊധങ്ങളെയും ഞെരുക്കങ്ങളെയും ജയിച്ചി
ട്ട ൲൫൬൨ാം കാലം ആവില പട്ടണത്തിൽ നമ്മുടെ ശു
ദ്ധമാകപ്പെട്ട അമ്മത്രേസ്യ സ്ഥാപിച്ച ഒന്നാമത്തെ ആശ്ര
മത്തിൽ അല്മെന്നി ദശ്നക്കാരത്തിയായിട്ട കൂട്ടുകയും ചെ
യ്യു. ഇവര ഒന്നാമത്തെ അല്മെന്നി ദശ്നക്കാരത്തി യാകു
ന്നു; അതെന്തെ ശുദ്ധമാകപ്പെട്ട അമ്മ കന്യാസ്ത്രീകൾ എ
ല്ലാവരും തമ്മിൽ തമ്മിൽ ചിററാഴ്മ ചെയ്യണമെന്നുള്ള
ന്യായത്താൽ കുറെ കാലത്തെക്ക അല്മെന്നിദശ്നക്കാരത്തി
കളെ കൂട്ടാതെ ഇരുന്നു, എന്നാൽ ക്രമെണ മൎത്തായുടെ
തൊഴിൽ ചെയ്യുന്നവരില്ലാഞ്ഞാൽ ശെഷംപെര മറിയം
മദലൈത്തായൊട്ടുകൂടെ മിശിഹാ കൎത്താവിന്റെ തൃപ്പാ
ദങ്ങളിൽ നിലനില്പാൻ വശമാകയില്ല എന്നു കണ്ട അ
ല്മെന്നി ദശ്നക്കാരത്തികളെ ചുരുക്കമായിട്ടെങ്കിലും കൂട്ടു
കയും ചെയ്യു. എന്നാൽ നമ്മുടെ വാഴ്ത്തപ്പെട്ട സാൻ വ
ൎത്തുല്ലൂമ്മായുടെ അന്നാ ഇടവിടാതുള്ള വെലകളുടെ ഇട
യിൽ എററം എകരപ്പെട്ട ധ്യാനം കൂട്ടുവാനുള്ള ഉപാ
യം കണ്ടെത്തുകയും ചെയ്യു. നമ്മുടെശുദ്ധമാകപ്പെട്ട അ
മ്മ ത്രേസ്യ തന്റെ ൟ പ്രിയപ്പെട്ട മകൾ ഇടവിടാതു
ള്ള ബുദ്ധിമുട്ടും അദ്ധ്വാനവും ഹെതുവായിട്ട വളരെ ക്ഷീ
ണിച്ചുവെന്നുകണ്ട കുറെ ആശ്വാസമുണ്ടാകുവാൻവെണ്ടി
ദീനക്കാരത്തികളെ സൂക്ഷിക്കുന്ന തൊഴിൽമാത്രം അവൾക്ക
കല്പിച്ചുകൊടുത്തു. വിശെഷിച്ച വാഴ്ത്തപ്പെട്ട അന്നാ ഇട
വിടാതുള്ളധ്യാനത്താൽ പരമവിഷയങ്ങളുടെമെൽ മന
സ്സ വെച്ച ശരീരത്തിന്നുവെണ്ടുന്ന ഉറക്കവും അനുകൂലവും
കൊടുപ്പാൻ മറന്നുപൊകുന്നപ്രകാരംനമ്മുടെ പുണ്യവാ
ളത്തി അറിഞ്ഞു വാഴ്ത്തപ്പെട്ട അന്നായെ തന്റെ പക്കൽ
വിളിച്ചു, അന്നുമുതൽ മെലിലെക്ക ഉറക്കത്തിന്റെ അട
യാളം കെൾക്കുമ്പൊൾ ധ്യാനത്തെവിട്ട ശെഷംപെരൊ

പൊലെ കിടന്നുറങ്ങുവാൻ പ്രമാണിക്കയും ചെയ്തു. അ ന്നുതന്നെ രാവായപ്പോൾ നമ്മുടെ വാഴ്ത്തപ്പെട്ട സഹൊ ദരി തനതുമുറിയിൽ പരമ സന്തൊഷങ്ങളെ അനുഭവി ച്ചുകൊണ്ടിരിക്കയിൽ ഉറക്കത്തിന്ന അടയാളം കെട്ടു, ഉട നെ ധ്യാനത്തെ വിട്ടു, വിശ്വാസമുള്ളകീഴ്പ്പെട്ടവരുടെ ഴക്കത്താൽ പു ണ്യപ്പെട്ട ആത്മാവുകൾക്ക തൊന്നുന്ന മനൊവിശ്വാസ ത്തൊടുകൂടെ സർവ്വെശ്വരനൊടുചൊല്ലിയതായത "കർത്താ "വെ! ഇനി നിന്നൊടുകൂടെയിരിപ്പാൻ ഇനിക്ക അനുവാ ,,ദമില്ല എന്നൊടുകല്പിക്കപ്പെട്ടതുപൊലെ അനുകൂലപ്പെ ,,ടുവാനും ഉറങ്ങുവാനും ഇനിക്ക നീ അനുവാദം തര ,,ണം,, ഉടനെ കിടന്നു, അതിന്നുമുമ്പിൽ ഉറങ്ങുവാൻ പാ ങ്ങില്ലാത്തവരായിരുന്ന വാഴ്ത്തപ്പെട്ടവൾ ഇതാ ഉടനെയു റങ്ങി ആയതിൻവണ്ണം അതിന്റെശെഷം ജീവിതക്കാല മൊക്കയിലും അവക്ക സംഭവിച്ചു: എന്നാൽ എങ്ങനെ? സ ർവ്വെശ്വരൻ തന്റെ ൧൨ം മണവാട്ടി ഉണരുമ്പൊൾ ത ന്നൊടുകൂടെ സംസാരിക്കുന്നതിന്ന താൻ ആശയായിട്ട ഇ രുന്നതിൻവണ്ണം വാഴ്ത്തപ്പെട്ടവൾ ഉണർന്നാൽ ഉടനെ ൧൨ംശൊമിശിഹാ അവിടെ നില്ക്കുന്നതുപൊലെയും അ വര കീഴ്പെട്ടതിനാൽ തനിക്കുള്ള പ്രസാദവും ഇഷ്ടം കാട്ടുന്നതുപൊലെയും കർത്താവിനെ കണ്ടുവന്നിരുന്നു. ന മ്മുടെകർത്താവ ൧൨ംശൊമിശിഹായുടെ കല്പനയാൽ ത്രെ സ്യാപുണ്യവാളത്തി തന്റെ വഴിയാത്രകൾക്ക കൂട്ടുകാര ത്തിയായിട്ട ൧൨ം വാഴ്ത്തപ്പെട്ടവളെ തെരിഞ്ഞെടുത്തു ക ടശി രണ്ടാം ക്രമിൽ നാം പറവാനിരിക്കുന്നതു പൊലെ പുണ്യവാളത്തി തന്റെ ൧൨ം വിശ്വാസമുള്ള മക്കളുടെ കൈകളിൽ മരിക്കയും ചെയ്തു. ശുദ്ധമാകപ്പെട്ട അമ്മയു ടെ മരണത്താൽ നമ്മുടെ വാഴ്ത്തപ്പെട്ട അന്നാ ആശ്വാ സം വരുത്തി കൂടാത്ത ദുഃഖവും സങ്കടവും അനുഭവിക്ക യുംചെയ്തു. എന്നാൽ പ്രാൻസാരാജ്യത്തിൽ ത്രെസ്യപുണ്യ വാളത്തിയുടെ അരൂപിയെ പരപ്പിക്കുന്നതിന്ന മെലെഴു

തിയിരിക്കുംവണ്ണം ഈശൊടെ അന്നായൊടുകൂടെ യാത്ര
യാക്കപ്പെട്ടു, അവിടെചെന്നതിന്റെശെഷം ശ്രെഷ്ഠന്മാ
രുടെ കല്പനകളാലും, ശുദ്ധമാകപ്പെട്ട അമ്മ ത്രെസ്യാ അ
വൾക്ക പലഉരുഴം കാണപ്പെട്ട കല്പിച്ചതിനാലെയും, ആ
നാട്ടിൽ അവരുടെ ആത്മഗുരുവായിരുന്ന പത്രൊസുകൊ
ത്തൊൻ, എന്ന ഈശൊസഭക്കാരൻ കീഴ്പ്പെഴങ്ങാഞ്ഞാൽ
കുററമാകുമെന്ന വാഴ്ത്തപ്പെട്ടവളൊടു പറഞ്ഞതുകൊ
ണ്ടും അവരുടെ ആഴപ്പെട്ട എളിമയുടെ വിരൊധം ജ
യിച്ച അളെനി ദൎശനക്കാരത്തി എന്നുള്ള അന്തസ്ഥിൽ നി
ന്ന,കൊരിസ്റ്റു, എന്നുപറയുന്ന ശെഷം കന്യാസ്ത്രീകളു
ടെ അന്തസ്ഥിൽ കരെറുകയും ചെയ്തു. അതിന്റെ ശെ
ഷം നമ്മുടെ പുണ്യവാളത്തി വീണ്ടും അവൾക്ക കാണപ്പെ
ട്ട പിയാന്ത്ര ദെശത്തിൽ പൊകുവാൻ കല്പിച്ചതിനാൽ
ആ രാജ്യത്തിൽ കടന്ന അൻവെൎസാ, എന്ന പട്ടണത്തി
ൽ ഒരാശ്രമം സ്ഥാപിച്ചിട്ടും ആ നാട്ടുകാരരുടെ വണ
ക്കം അവരുടെ എത്രയും എകരപ്പെട്ട പുണ്യ സാംഗൈ
പാംഗത്തിന്ന ലഭിച്ചിട്ടും അവരുടെ ഭാഗ്യപ്പെട്ട മരണം
ഒരുവൎഷം മുമ്പ മുമ്പിൽ കൂട്ടി അറിയിച്ചിട്ടും ൧൬൨൬ാം
കാലം എത്രയും ശുദ്ധമാകപ്പെട്ട ത്രിത്വത്തിന്റെ തിരു
നാളിൽ ആരാധനയ്ക്ക എത്രയും യൊഗ്യമായിരിക്കുന്ന
ഈ രഹസ്യത്തിന്റെ കാഴ്ചയാൽ നിത്യമായി ഭാഗ്യപ്പെട്ടു
വാൻ മൊക്ഷത്തിൽ പൊകയും ചെയ്തു. ഇവരുടെ വി
ശെഷ പുണ്യങ്ങളുടെ ചരിത്രം നമ്മുടെസഭക്കാരരിൽ പ
ലരും ചിസ്റ്റേച്ചിയെൻസി, സഭയിലുൾപ്പെട്ട, ക്രിസ്റ്റൊ
മൊസു എൻരീക്കസ്, എന്ന മൂപ്പൻപാദ്രിയും എഴുതുകയു
ഞ്ചെയ്തു: നമ്മുടെ വാഴ്ത്തപ്പെട്ടവൾ തന്നെ കുമ്പസാരക്കാ
രരുടെകല്പനയാൽ തനതുചരിത്രം എഴുതുകയും ചെയ്തു.
അതിന്റെ പതിനാലാം അദ്ധ്യായത്തിൽ എഴുതിയതെ
ന്തെന്നാൽ: "എന്റെ ചെറു പ്രായത്തിൽ ഞാൻ മഹാ
"എരിവൊടുകൂടെ ആഗ്രഹിച്ചിരുന്ന ഒരുദൈവമനൊജ്ഞ

,,ണം വെണ്ടുംവണ്ണം ഫലിപ്പിച്ചില്ല എന്ന ഭയപ്പെട്ടുവാ
,,ൻ ഇനിക്ക ന്യായമുണ്ടു, അതായത ഞാൻ നന്നാ ചെറു
,,പ്പമാ യിരുന്നപ്പൊൾ സൎവ്വെശ്വരനൊട ചൊല്ലി വന്ന
,,തായത: കൎത്താവെ! ഒരു പുണ്യവാ ളത്തിയൊട്ടുകൂടെ
,,ജീവിപ്പാൻ ഇനിക്ക ഇട വന്നിരുന്നാൽ എന്റെ വ്യാ
,,പാരം നന്നാകുമായിരുന്ന ഈ വിചാരം ഇനിക്ക വള
,,രെ ഗുണമുള്ളതും നല്ലബുദ്ധി തൊന്നിച്ചതുമായിരുന്ന എ
,,ന്നാൽ അമ്മ ത്രെസ്യ എന്ന ആ മഹാ പുണ്യവാളത്തി
,,യുടെ കൂട്ടുകാരത്തിയാകുവാനുള്ള ഭാഗ്യം ഇനിക്ക കിട്ടി
,,യെങ്കിലും പുണ്യവാളത്തിയുടെ പുണ്യങ്ങളെ കണ്ടു പ
,,ഠിപ്പാൻ ഞാൻ ഉത്സാഹിച്ചില്ല,, എളിമയുള്ള നമ്മുടെ
വാഴ്ത്തപ്പെട്ടവൾ മെൽ ചൊല്ലി യതിൻവണ്ണം എഴുതി
എന്നാൽ ശുദ്ധമാകപ്പെട്ടഅമ്മ ത്രെസ്യ ജീവിച്ചിരുന്നകാ
ലത്തിൽ വാഴ്ത്തപ്പെട്ടവളൊട പറഞ്ഞു വന്നതായത:
,,ഹൊ അന്നാ, അന്നായെ! പുണ്യവാള ത്തിയുടെ പെരു
,,ഇനിക്ക, പുണ്യവാളത്തിയുടെ പ്രവൃത്തികൾ നിങ്ങൾക്കു
,,ണ്ടായിരിക്കുന്നു,, നാം ഈശൊമിശിഹായുടെ എത്രയും
എളിമയുള്ള ഈ മണവാട്ടികളിൽ ആരെ വിശ്വസിക്കു
ന്നു? ഞാൻ യാതൊരുത്തിയെയും വിശ്വസിക്കയില്ല അ
തെന്തെ അവരിരുവരും പുണ്യവാളത്തികളായിരുന്ന ഒ
രുവ്യത്യാസം മാത്രമുണ്ടു: അതായത, ശുദ്ധമാകപ്പെട്ട അ
മ്മ ത്രെസ്യ ഭെദംവരാത്ത തിരുസ്സഭയുടെ തീൎപ്പായ വിധി
യാൽ പുണ്യവാ ളത്തിയെന്ന പെരുവിളിക്കപ്പെട്ടു, സാ
ൻ വൎത്തലൊമ്മായുടെ അന്നാ വാഴ്ത്തപ്പെട്ടവളെന്ന പെ
രുവിളിച്ച, സകലമാന പുണ്യങ്ങളെ വീരപത്തിയായിട്ടു
സമ്പാദിച്ചവളാ കുന്നുവെന്ന പന്ത്രണ്ടാമത്തെ ക്ലെമീസെ
ന്ന ശുദ്ധ.- മാർപ്പാപ്പാ കല്പിച്ച തിരുവെഴുത്താൽ തീൎപ്പാ
ക്കുകയും ചെയ്തു: എന്നവരികിലും ഇന്നാൾവരെയും പു
ണ്യവാളത്തി യെന്ന പെരു വിളിക്കുന്നതിന്ന സംഗതി
വന്നില്ല. ഈ വാഴ്ത്തപ്പെട്ടവളുടെ ദൈവസ്നെഹാഗ്നിയു

ടെ അറിവും എത്രയും മെല്പട്ട ധ്യാനവും ബുദ്ധിമുട്ടുകളിലും വെലകളിലും അവരുടെ ക്ഷമയും, ഞെരുക്കങ്ങളിൽ അവരുടെ ഉറപ്പും മനൊധൈൎയ്യവും പരാക്രമ പ്രവൃത്തികൾക്ക അവരുടെ ശൌൎയ്യവും നൊക്കിയാൽ ശുദ്ധമാക്കപ്പെട്ട ത്രെസ്യ അമ്മയുടെ ശരിയായ ഒരു പെപ്പാകുന്നവെന്ന പറകയുമാം. മരിക്കുന്നതിന്നുമുമ്പിൽ ചെയ്യു മുഴുവൻ കുമ്പസാരത്തിൽ അവരുടെ ജീവിത കാലത്തിൽ സൎവ്വെശ്വരന്റെ സഹായത്താൽ ചാവുദൊഷം പിഴച്ചിട്ടില്ല എന്ന കുമ്പസാരക്കാരനൊട്ടു പരമാൎത്ഥത്തൊട്ടുകൂടെ പറയെണ്ടി വന്നു എന്നുവരികിലും പലവിധമായ തൊഴിലുകളിലും: യാത്രകളിലും, ഞെരുക്കങ്ങളിലും, കലക്കങ്ങളിലും, പലവിധമായ നാട്ടുകാരരുടെയിടയിലും ൬൩ വൎഷം കഴിക്കയും ചെയ്തു. വിശെഷിച്ച കുമ്പസാര കാരൻ സാക്ഷിച്ചതുപൊലെ കുമ്പസാരിക്കുമ്പൊഴൊക്കയും കുറങ്ങൾ എന്നവര വിചാരിച്ചിരുന്നത പട്ടാങ്ങയായിട്ടു പുണ്യപ്രവൃത്തി കളായിരുന്നു. ഒരുരാത്രി ദീനമായി കിടന്നിരുന്ന അമ്മ ത്രെസ്യപുണ്യവാളത്തിയുടെ മുറിയിൽ ആയിരിക്കയിൽ വാഴ്ത്തപ്പെട്ടവൾക്ക ഒരു പരവശമുണ്ടായി അതിനൊട്ടുകൂടെ വെല്പുക്കാനാ കാണ്മാൻ സൎവ്വെശ്വരൻ അവൾക്കിടവരുത്തി, ആ ശുദ്ധമാക്കപ്പെട്ട ആത്മാവുകളുടെ സങ്കടത്തിന്മെൽ വാഴ്ത്തപ്പെട്ടവൾക്ക അലിവും അനുഗ്രഹവും തൊന്നിയിരിക്കയിൽ അവരും ആ തീയിൽ അരയൊളം മുങ്ങി എന്ന മഹാസങ്കടത്തൊട്ടുകൂടെ കാണ്മാൻ സംഗതിയാകയും ചെയ്തു: ആ കാഴ്ച കഴിഞ്ഞിട്ട അവരുടെ മുഖം മരിച്ചശവത്തിന്റെ മുഖംപൊലെ കരുവാളിച്ചിരുന്നതിനെ കൊണ്ടു, ശുദ്ധമാക്കപ്പെട്ട അമ്മ ത്രെസ്യ കാരണം പറയണമെന്ന വാഴ്ത്തപ്പെട്ടവളൊടു പ്രമാണിച്ചതിനാൽ കീഴ്പുഴക്കത്തെ കുറിച്ച ഉണ്ടായ വിവരമെല്ലാം പുണ്യവാളത്തിയൊട്ടു പറകയും ചെയ്തു. അപ്പൊൾ ശുദ്ധമാക്കപ്പെട്ട അമ്മ "മകളെ! നിങ്ങൾ വെല്പുക്കാനായിരു

"പൊകയില്ല,, എന്ന വാഴ്ത്തപ്പെട്ടവളൊട പറകയുംചെ യ്തു: വാഴ്ത്തപ്പെട്ടവൾ ൟ വചനങ്ങളെ ഒരു കളിപൊ ലെവിചാരിച്ച ചിരിച്ചുവെങ്കിലും നാം വാഴ്ത്തപ്പെട്ടവളു ടെജീവിതം സൂക്ഷിക്കുമ്പൊൾ ശുദ്ധമാകപ്പെട്ട അമ്മ നി വ്യസുഖത്താൽ അതിൻവണ്ണം പറഞ്ഞുവെന്ന വിശ്വസി പ്പാൻ ന്യായമുണ്ട. നമ്മുടെ വാഴ്ത്തപ്പെട്ടവളുടെ എളിമ യുടെയും ക്ഷമയുടെയും വിശെഷമായ സാക്ഷിയാകുന്ന ഒരുസംഗതി ത്രെസ്യ പുണ്യവാളത്തി തൻെറആശ്രമങ്ങ ളിൽ ഒരുചട്ടം പ്രമാണമായിട്ട കല്പിക്കുന്നതിന്ന കാര ണമായി, അതെങ്ങനെ യെന്നാൽ നമ്മുടെ അന്നാ പാട്ട പെട്ടുവാനും നിന്ദിക്കപ്പെട്ടുവാനും വളരെ ആഗ്രഹിച്ചതി നാൽ ഒരുദിവസം ആവില ആശ്രമത്തിലെ കപ്പിയാ രെ അവര വലിയ ദൊഷത്താളത്തിയാകുന്നവെന്ന വി ശ്വസിപ്പിപ്പാൻതക്കവണ്ണം നൊക്കിട്ട കപ്പിയാരൊട്ടപറ ഞ്ഞതായത, ഇന്ന പണിക്കാര എതാനും തടികളെ ആ ശ്രമത്തിൽ പണിക്കായിട്ട കൊണ്ടുവരും, വാതിൽ തുറ ക്കെണ്ടുന്നത ഞാനാക കൊണ്ട അവര എൻെറ കന്നത്തി ൽ ഒന്നടിപ്പാൻ അവരൊട്ടപറയണം; കപ്പിയാര നിങ്ങ ളുടെ ആഗ്രഹംപൊലെ ഇട്വരുത്തിയെക്കാം എന്നുപറ ഞ്ഞ പണിക്കാരിൽ മൂഢനായിരുന്ന ഒരുത്തനൊട ചട്ടം കെട്ടുകയും ചെയ്തു: ആമൂഢൻ അതിന്നപ്പുറം ഒന്നും വി ചാരിക്കാതെ വാതിൽക്കൂടെ അകത്തൊട്ട കടപ്പാൻ നെ രത്ത നമ്മുടെവാഴ്ത്തപ്പെട്ട അന്നായുടെ കന്നത്തിൽ ഒന്നാ ന്തരമായിട്ട ഒരടി അടിക്കയും ചെയ്തു. ശുദ്ധമാകപ്പെട്ട അമ്മ തൻെറമകൾക്ക കിട്ടിയ സമ്മാനത്തിന്മെൽ കുറെ വൈഷമ്യമുണ്ടായിയെങ്കിലും മഹാ വിവെകമുള്ളവളാ യിരുന്നതിനാൽ മെലിലെക്ക രണ്ടുകന്യാസ്ത്രീകൾ നില്ക്കു മ്പൊളല്ലാതെ എന്തെല്ലാം അടിയെന്തിരംവന്നാലും ആ ശ്രമത്തിൻെറവാതിൽ തുറന്നുകൂടായെന്ന ഒരു പ്രമാണം വെക്കയുംചെയ്തു. എന്നാൽ ഇവിടെനമ്മുടെവചനം നില്ക്കു

ത്തി നമ്മുടെപുണ്യവാളത്തിയുടെ ചരിത്രത്തിന്റെ ൧൫ാം അദ്ധ്യായം ആരംഭിക്കയും ചെയ്യുന്നു.

## പതിനഞ്ചാം അദ്ധ്യായം

നമ്മുടെ പുണ്യവാളത്തി മറ്റു കന്യാസ്ത്രീയാശ്രമങ്ങളെ സ്ഥാപിക്കുന്നു. ചില പ്രത്യക്ഷങ്ങളെ ചെയ്യുന്നു. കൊമ്മിസ്സാരി അപ്പസ്തോലീക്കാമാരു നിയമിക്കപ്പെട്ടുന്നു. ആവില പട്ടണത്തിൽ ഇൻകൎണ്ണാസ്യൊനിന്റെ ആശ്രമത്തിന്റെ ശ്രെഷ്ഠത്തിയായിട്ടു തെരിഞ്ഞെടുക്കപ്പെട്ടുന്നു.

കഴിഞ്ഞ അദ്ധ്യായത്തിൽ എഴുതിയിരിക്കുന്നതു പൊലെ ആവില പട്ടണത്തിലെ മെത്രാന്റെപെങ്ങൾനമ്മുടെപുണ്യവാളത്തിക്കു വലിയദൊലീദെന്ന ദിക്കിൽ കൊടുത്തിരുന്ന വീട്ടിനെ ക്രമപ്പെടുത്തുന്നതിന്നും, പുണ്യവാളത്തി ആഗ്രഹിച്ചിരുന്ന പുണ്യസാംഗൊപാംഗത്തിന്നുള്ള വഴികളെ തന്റെമക്കളെ പഠിപ്പിച്ചു, സ്ഥാപിക്കുന്ന ആശ്രമങ്ങളെല്ലാം ൟശൊ മിശിഹായ്ക്കു സന്തൊഷത്തിന്റെ തൊട്ടങ്ങൾ ആകുവാൻതക്കവണ്ണം ചട്ടംകെട്ടുന്നതിന്നും മെൽചൊല്ലിയദിക്കിൽ താമസിച്ചിരിക്കയിൽ ൟശൊസഭക്കാരൻ പൌലൊസു പെൎണ്ണാന്തസ് എന്നദെഹം എററം എരിവുള്ളതായ ഒരെഴുത്താൽ തൊലെദൊ എന്ന പട്ടണത്തിൽ ഒരു കന്യാസ്ത്രീമഠം സ്ഥാപിക്കുന്നതിന്ന അതിന്നുമുമ്പിൽ അപെക്ഷിച്ചാറെ അവിടെപൊകാതെ വലിയദൊലീദിന്നുപൊയി സ്ഥാപിച്ചതിനെ ഒപ്പിച്ചു, ഇനിയെങ്കിലും താമസം വരുത്താതെ എത്രയും വെഗത്തിൽ തൊലെദൊപട്ടണത്തിൽ ചെന്ന മരിച്ചിരുന്ന മൎത്തിനൊ മീരസ എന്ന ദെഹത്തിന്റെ മനസ്സിനെ വെഗംനിറ

വെറുന്നതിന്ന ഏററംതാല്പൎയ്യമായി അപെക്ഷിച്ചിരുന്ന
തിനെകൊണ്ട നമ്മുടെ പുണ്യവാളത്തി സമ്മതിച്ച യാത്ര
യ്ക്ക പുറപ്പെടുകയും ചെയ്തു: എന്നാൽമെദീന ആവിലഇ
ങ്ങനെ രണ്ട നഗരികളിൽ കൂടെ കടക്കെണ്ടതായിരുന്നതി
നാൽ ആനഗരിയിൽ മുൻ സ്ഥാപിച്ചിരുന്ന ആശ്രമങ്ങ
ളിൽചെന്ന തന്റെമക്കളെ സന്തൊഷിപ്പിച്ച പുണ്യത്തിൽ
സ്ഥിരപ്പെടുത്തിയതുകൂടാതെ തന്റെപ്രിയപ്പെട്ട മക്കളാ
യിരിക്കുന്ന കൎമ്മലീത്ത ദെസ്കാൾസുസഭക്കാരുടെ ഒന്നാ
മത്തെ കൊവെന്തയെ കാണണമെന്ന നിശ്ചയിച്ച ദുവെ
ല്ലൊ എന്ന സ്ഥലത്തിൽ കൂടെ കടക്കയും ചെയ്തു എന്നാ
ൽ വെളുപ്പിന്ന അവിടെചെന്നപ്പൊൾ, ൟശൊടെ അ
ന്തൊന്യൊ എന്ന മൂപ്പൻ സന്തൊഷത്താൽ പ്രകാശിച്ചി
രുന്ന മുഖത്തൊടുകൂടെ ചൂൽ പിടിച്ച പള്ളിയുടെ വാതി
ല്ക്കൽ അടിക്കുന്നതിനെ കണ്ടാറെ പുണ്യവാളത്തിപറഞ്ഞ
തായത: എന്റെ അച്ചാ ഞാൻ എന്തുകാണുന്നു, ബഹുമാ
നം എവിടെയായിപ്പൊയി? ആദെഹം എടുത്തിരുന്ന എ
ളിമപ്പെട്ട വെലയിൽ അനുഭവിച്ചിരുന്ന ഉൾസന്തൊഷ
ത്തെ കാട്ടികൊണ്ട ൟ ഭൂമിക്കടുത്ത ബഹുമാനത്തെ ഞാ
ൻ മതിച്ച കാലങ്ങളെ ശപിക്കുന്നു എന്ന ഉത്തരിക്കയുംചെ
യ്തു. ത്രെസ്യ പള്ളിയിൽ പ്രവെശിച്ചപ്പൊൾ ഭക്തിയും
എളിമയും തൊന്നിക്കുന്ന കൂട്ടങ്ങളല്ലാതെ മററു യാതൊ
ന്നും കാണായ്കയാൽ ഏറാന സന്തൊഷത്താൽ വിസ്മയി
ച്ചിരുന്നു, എന്നാൽ അതിൽവെച്ച മരംകൊണ്ടുള്ള ഒരുകു
രിശിൽ നിന്ന തൂങ്ങിയിരുന്ന കുരിശിന്മെൽ തറെക്കപ്പെട്ട
ൟശൊ തമ്പുരാന്റെ ഒരുകടലാസ രൂപം പുണ്യവാള
ത്തിക്ക വിശെഷഭക്തിയും അലിവും തൊന്നിച്ചുവെന്നതാ
ൽ തന്നെ സാക്ഷിച്ചിരിക്കുന്നു: എന്നാൽ കൊവെന്തയിൽ
അലംകാരമായിട്ട മരകുരിശുകളും തലയൊടുകളുമല്ലാ
തെ മററു യാതൊന്നുമില്ലാഞ്ഞു, വീട്ടിന്റെ നടുവില്ലുണ്ടാ
യിരുന്ന മുറി, പ്രാൎത്ഥനസ്ഥലമാക്കിയിരുന്നു ആ മുറിയുടെ

രണ്ടുപുറത്ത മെൽക്കൂട്ടിന്റെ ചായിപ്പിലുണ്ടായിരുന്ന മുറികളിൽ നമ്മുടെ രണ്ടുമഹാത്മാക്കൾ കിടന്നിരുന്നു, എന്നാൽ ആ മുറികളിൽ മുട്ടിന്മെൽ നില്ക്കണം അല്ലെങ്കിൽ കിടക്കണം നിവിൎന്ന നില്ക്കുന്നതിന്ന തക്ക പൊക്കമില്ലാഞ്ഞു, എന്നതുകൂടാതെ മാനുഷരാൽ സഹിക്കാമെലാത്ത കുളിരാൽ വളരെ വൈക്കോൽ കൂട്ടീട്ടുണ്ടായിരുന്നു, തലയിണയ്ക്കുപകരം രണ്ടുകല്ലു, മുറിയലംകാരം കുരിശുകളും. തലയൊട്ടുകളുമായിരുന്നു നമ്മുടെ പുണ്യപ്പെട്ട അമ്മ അവരുടെ ജപധ്യാനങ്ങൾ പ്രാശ്ചിത്തങ്ങൾ മുതലായ തപസ്സുകളെയും കെട്ടാറെയും, ആ സമീപത്ത പാൎത്തിരുന്ന ഒരു മാടമ്പിയും അയാളുടെകെട്ടിയവളും പുണ്യവാളത്തിയെ ചെന്നുകണ്ടു ആ സന്യാസികളുടെ പുണ്യത്തിന്റെ അതിശയമുള്ള അവസ്ഥയും, പുണ്യദൃഷ്ടാന്തങ്ങളാലും പ്രസംഗങ്ങളാലും നന്നാ അറിവുകുറഞ്ഞവരായിരുന്ന ആ ദിക്കുവാസികൾക്ക ചെയ്തിരുന്ന വലിയ ഉപകാരവും പുണ്യവാളത്തിയെ കെൾപ്പിച്ചതിനെകൊണ്ടും താൻ സൎവ്വെശ്വരന്നു അത്യന്ത സ്തുതി സ്തൊത്രവുംചെയ്തു: നമ്മുടെ പുണ്യവാളത്തിയുടെനെരെ ഭക്തിയായിരുന്ന രണ്ടു കച്ചവടക്കാര തന്നൊട്ടുകൂടെ യാത്രചെയ്തിരുന്നു അവര ആ കൊവെന്തയെയും ആ സന്യാസികളെയും കണ്ടാറെ പുണ്യവാളത്തിയൊടു പറഞ്ഞതായത:

ലൊകം മുഴുവനും നെടിയാലുണ്ടാകുന്ന സന്തൊഷത്തെക്കാൾ ഞങ്ങൾ കണ്ട ഠരം കാഴ്ചയാൽ എററം വലിയസന്തൊഷം അനുഭവിക്കയുംചെയ്യുന്നു, ഞങ്ങൾക്കുണ്ടായിരിക്കുന്ന സമ്പത്തൊക്കെക്കാൾ ഠരാംഭക്തിയുള്ള ദാരിദ്ര്യത്തെ എററം വിലയെറിയതായി മതിക്കുന്നു. നമ്മുടെ പുണ്യവാളത്തി സാക്ഷിക്കുന്നതുപൊലെ അവരിരുവരും ഭക്തിയുടെ എററത്താൽ വളരെ കരഞ്ഞിരുന്നു. തന്റെവീര ലാക്കിന്ന ഇത്ര വിശെഷമായിട്ടു ജീവിതവും ക്രമവും ഒപ്പിച്ചിരുന്ന തന്റെ പ്രിയപ്പെട്ട ആ മക്കളുടെമെൽ ത

നിക്ക ഉണ്ടായിരുന്ന സന്തൊഷവും തൃപ്തിയും പ്രിയംനിറ
ഞ്ഞ അമ്മയായിരിക്കുന്ന താൻ കഴിഞ്ഞവിധത്തിൽ അവ
രൊടു അറിയിക്കയുംചെയ്തു. എന്നതിന്റെ ശെഷം (നമ്മു
ടെ ശുദ്ധമാക്കപ്പെട്ട അമ്മയുടെ വചനങ്ങളാകുന്നു) "ആ
,,സന്ന്യാസികളൊടു ആലൊചിപ്പാനുണ്ടായിരുന്ന ചിലകാ
,,ൎയ്യങ്ങളെ ആലൊചന കഴിച്ചതിന്റെ ശെഷം അവരു
,,ചെയ്തിരുന്നപ്രായശ്ചിത്തങ്ങൾ അധികമായിരുന്നതിനെ
,,കൊണ്ടു ക്ഷീണക്കാരത്തിയായിരിക്കുന്നഞാൻ കുറെക്കണ
,,മെന്നവരൊടുഞാൻ ഗുണദൊഷിക്കയും ചെയ്തു: അതെ
,,ന്തെ ഠനം പരാക്രമവെല ആരംഭിക്കുന്നതിന്ന വെണ്ടി
,,യ ആളുകളെ സൎവ്വെശ്വരൻ ഇനിക്ക തരുവാൻ ആഗ്ര
,,ഹങ്ങളാലെയും ജപധ്യാനങ്ങളാലെയും വളരെപ്രയാ
,,സപ്പെട്ടിട്ടുണ്ടായിരുന്നതിനെ കൊണ്ടും ഇത്ര വിശെഷ
,,ആരംഭം കണ്ടതിനാലയും കാൎയ്യം മുഴുവനാകുന്നതിന്നു
,,മുമ്പിൽ അവരെ മരിപ്പിപ്പാൻ പിശാചവെല ചെയ്യു
,,മെന്ന ഞാൻഭയപ്പെട്ടിരുന്നു: അപ്പഴൊ മഹാസന്തൊഷ
,,ത്തൊടുക്കൂടെ അവിടെനിന്ന വാങ്ങുകയുംചെയ്തു: എന്നാ
,,ൽ ഠരം മനൊഗുണത്തിന്റെ വലിപ്പത്തിന്ന തക്കതിൻ
,,വണ്ണമുള്ള സ്തുതിസ്തൊത്രവും സൎവ്വെശ്വരന്ന ഞാൻചെ
,,യ്തില്ല: അതെന്തെ കന്ന്യാസ്ത്രീകളുടെ ആശ്രമങ്ങളെ സ്ഥാ
,,പിക്കുന്നതിന്ന താൻ ഇനിക്ക ചെയ്തിരുന്ന മനൊഗുണ
,,ത്തെകാൾ ഇത ഏററംവലിയ മനൊഗുണമാകുന്നു ഇ
,,നിക്ക ചെയ്തത എന്ന ഞാൻ വെണ്ടുംവണ്ണം ബൊധിച്ചി
,,രുന്നു,,

ഇപ്രകാരം അവിടെ കാൎയ്യങ്ങളെ യെല്ലാം കണ്ട ച
ട്ടംകെട്ടിയതിന്റെശെഷം പുറപ്പെട്ട മെൽചൊല്ലിയതി
ൻവണ്ണം സ്ഥാപിച്ചിരുന്ന ആശ്രമങ്ങളിൽചെന്നുതന്റെ
കന്ന്യാസ്ത്രീകളെ ഉത്തമഗുണദൊഷങ്ങളാലും പ്രത്യെകം
തന്റെ സാംഗൊപാംഗത്തിന്നടുത്ത ഉചിതമായ ദൃഷ്ടാ
ന്തങ്ങളാലും പുണ്യവഴിയിൽ സ്ഥിരപ്പെടുത്തിട്ട തൊലെ

ദൊപട്ടണത്തിന്ന പൊകയുംചെയ്തു. ൧൮൬൭ാം കാലം മീനമാസം ൨൪ാം തിയ്യതി അവിടെ എത്തി, എന്നാൽ മരിച്ച മെൽചൊല്ലിയ മത്തിനൊര മീരസ എന്ന ആളിന്റെ കാൎയ്യങ്ങളെ വിചാരിച്ചിരുന്ന അയാളുടെ സംബന്ധക്കാര കന്യാസ്ത്രീമഠം സ്ഥാപിക്കുന്നതിന്ന വെണ്ടുന്ന ചിലവു എല്ലാം മരിച്ച ആളിന്റെ വകയിൽനിന്ന ആകാമെന്നുണ്ടായിരുന്നു വെങ്കിലും പുണ്യവാളത്തി സാക്ഷിക്കുന്നതിൻവണ്ണം തനിക്ക ഒത്തുകൈക്കൊള്ളുവാൻ പാടില്ലാത്ത ചില ന്യായങ്ങളെ വെച്ച സിദ്ധാന്തിച്ചിരുന്നതിനെകൊണ്ട ത്രെസ്യ ആവഴിവിട്ട ശെഷം ആശ്രമങ്ങളെ സ്ഥാപിച്ചതുപൊലെ അതും സ്ഥാപിക്കുന്നതിന്ന വഴി നൊക്കുകയും ചെയ്തു. എന്നാൽ രണ്ടുമാസം കഴിഞ്ഞിട്ടും വെണ്ടുന്ന അനുവാദം കിട്ടായ്കയാൽ കാൎയ്യംനടക്കാതെ പുണ്യവാളത്തി തന്റെ സ്നെഹക്കാരത്തിയായിരുന്ന ദൊന്നലൂവിസാ ദെല്ലചെർദ്ദ എന്ന മാടമ്പിസ്ത്രീയുടെ അരമനയിൽ സുഖമായിട്ട പാൎത്തിരുന്നു വെങ്കിലും വളരെ സംകടപ്പെട്ടിരുന്നു, ഇതഹെതുവായിട്ട ഒരുദിവസം അവിടത്തെമെത്രാപ്പൊലീത്ത കാലം ചെയ്തിട്ട വികാരിജെനരാൾ അനുവാദം കൊടുക്കെണ്ടുന്ന ആളായിരുന്നതുകൊണ്ട ആ ദെഹം പാൎത്തിരുന്ന വീട്ടിന്ന സമീപമുള്ള ഒരു പള്ളിയിൽ പുണ്യവാളത്തി ചെന്ന ആ ദെഹത്തിന്ന ആൾ അയച്ച ആ പള്ളിയൊളം വന്ന തന്റെ രണ്ടു വചനംകെൾക്കുന്നതിന്ന കൃപയുണ്ടാകുവാൻ അപെക്ഷിച്ചു: ആ ദെഹം ഉടനെ ചെന്നു, നമ്മുടെ പുണ്യപതി ആ സമയത്ത തന്റെ ആവലാധി ബൊധിപ്പിച്ച പ്രകാരം തന്റെ വായിൽനിന്ന കെൾക്കണം:

"ശ്രീ, ഞാൻ ൟ പട്ടണത്തിൽ വന്നിട്ട ഇപ്പൊൾര
„ണ്ടുമാസം കഴിഞ്ഞു എന്നാൽ ൟ പട്ടണത്തെ കാണ്മാ
„നും ഉല്ലാസിപ്പാനുമല്ല ഞാൻ വന്നത പിന്നെയൊ സ
„ൎവ്വെശ്വരന്റെ സ്തുതിയെയും ആത്മാവുകളുടെ രക്ഷയെ

,,യും അനെക്ഷിപ്പാനും, മററുചില നഗരികളിൽ സവ്വെ
,,ശ്വരന്റെ സ്തുതിക്കായിട്ട ഞാൻചെയ്ത വെല ഠരം കീ
,,ൎത്തിപെട്ട പട്ടണത്തിലും ചെയ്യാനും, അതായത കൎമ്മ
,,ലൊ ദെവമാതാവിന്റെ സഭയുടെ പൂവ് റെഗുലയെ
,,കാക്കുന്ന കൎമ്മലീത്ത ദെസ്ക്കാൽസു കന്യാസ്ത്രീകളുടെ ഒ
,,രാശ്രമം സ്ഥാപിക്കുന്നതിന്നും ഇവിടെഞാൻവന്നു, ആ
,,യതിന്ന എതാനും കന്യാസ്ത്രീകളെ എന്നൊടു കൂടെ കൂ
,,ട്ടികൊണ്ടുവരികയും ചെയ്തു: സവ്വെശ്വരൻ തങ്ങളെ ത
,,ന്റെ സ്ഥാനത്തിൽ ആക്കിയിരിക്കയിൽ ഠരം പാവപ്പെ
,,ട്ട സ്ത്രീകൾക്ക ഠരം എത്രയും പുണ്യമായ കാൎയ്യത്തിന്ന
,,സഹായിപ്പാനും അതിനെ നിറവെററുന്നതിന്ന അവരെ
,,ധൈൎയ്യപ്പെടുത്തുവാനും, തങ്ങളുടെ ജ്ഞാനത്തിന്നും പു
,,ണ്യത്തിന്നും സ്ഥാനത്തിന്നുമടുത്തതായിരിക്കുന്ന ഒരുകാൎയ്യ
,,മിതായിരുന്നു: എന്നാൽ ഇത ഞാൻകണ്ടില്ല അതെ
,,ന്തെ ഇതിന്ന ആവശ്യമായിരിക്കുന്ന അനുവാദം തങ്ങ
,,ൾ തരുവാൻ ഞങ്ങളുടെകാൎയ്യത്തിന്റെ ന്യായവും നെ
,,റിവും അതിനെ ചൊദിച്ചു എന്ന ആളുകളുടെ വലിപ്പ
,,വും ബഹുമാനവും മതിയായില്ല.

,,സവ്വെശ്വരന്റെ സ്നെഹത്തെ പ്രതി തപസ്സികളായി
,,ട്ടും പുണ്യസാംഗൊപാംഗമുള്ളവരായിട്ടുംനടന്ന ഒരിക്ക
,,ലും പുറത്തിറങ്ങാതെ ഒരാശ്രമത്തിൽ മരണത്തൊളം
,,ജീവിപ്പാൻ മനസ്സായിരിക്കുന്ന പാവപ്പെട്ട കന്യാസ്ത്രീ
,,കൾക്ക സഹായംചെയ്യുന്നതിന്ന ആരുമില്ല എന്നു തന്നെ
,,യുമല്ല പിന്നെയൊ എല്ലാപ്പൊഴും ഉല്ലാസിക്കയും സുഖ
,,ഭൊഗങ്ങളെല്ലാം അനുഭവിക്കയും തന്നിഷ്ടംപൊലെ ജീ
,,വിക്കയും ചെയ്യുന്ന ആളുകൾ സവ്വെശ്വരന്റെ സ്തുതി
,,ക്കായിട്ടുള്ള ഠരം കാൎയ്യത്തിന്ന വിരൊധം ചെയ്യാൻ തു
,,നിയുന്നത സഹിക്കാമെലാത്ത സങ്കടമായിരിക്കുന്നു: ഞ
,,ങ്ങൾക്ക വസിക്കുന്നതിന്ന വീടുകൾ ഉണ്ട നിശ്ചയം ഇവി
,,ടെ ഒന്നുംചെയ്യാതെ ഞങ്ങളുടെ ആശ്രമങ്ങളിൽ തിരി

,,കെപൊയാൽ ഞങ്ങൾക്ക യാതൊരു ചെതം വരുവാ
,,നില്ല, അതെന്തെ ഇഹലൊകത്തിൽ പൊയ്പ്പൊകുവാൻ
,,തക്കതായിട്ട ഞങ്ങൾക്ക യാതൊന്നുമില്ല, പക്ഷെ ഈ
,,നഗരിക്ക വല്ല ചെതം വരുമെന്ന തങ്ങൾ സൂക്ഷിക്കണം
,,ഞങ്ങൾ ഇവിടെവന്നത ഈശൊമിശിഹായുടെ തിരു
,,മനസ്സാലെയും തന്റെ സ്നെഹത്തെ പ്രതിയുമാകകൊണ്ട
,,തങ്ങളുടെ കുററത്താൽ ഈ ആശ്രമം സ്ഥാപിക്കപ്പെട്ടു
,,ന്നില്ലയെങ്കിൽ തന്റെ തിരുമുമ്പാകെ ചെല്ലുമ്പൊൾ ത
,,ങ്ങൾക്ക എന്തൊരു ഒഴിവും പൊക്കുമുണ്ടാകുമെന്ന ഇ
,,പ്പൊൾ ഒൎത്തുകൊള്ളണം: സൎവെശ്വരന്നഇത്ര ഇഷ്ടമുള്ള
,,തായിരിക്കുന്ന ഈ കാൎയ്യംതങ്ങൾകലക്കുന്നുയെങ്കിൽ വി
,,ധിക്ക നിറുത്തപ്പെട്ടുമ്പൊൾ ഒഴിവുപറവാൻ വശമാകു
,,ന്നതെങ്ങനെയെന്ന ഞാൻ കാണുന്നില്ല, അതെന്തെ സ
,,ൎവെശ്വരന്റെ സ്തുതിക്കായിട്ടും ചിററാത്മ്മയ്ക്കായിട്ടുമുള്ള
,,കാൎയ്യങ്ങൾക്ക തങ്ങളുടെ വശമൊക്കയൊടും കൂടെ സ
,,ഹായം ചെയ്വാൻ സൎവെശ്വരൻ തങ്ങളെ ഈ സ്ഥാന
,,ത്തിൽ വെച്ചിരിക്കുന്നു. സൎവെശ്വരൻ ആ സമയത്ത ഇ
,,നിക്കു തന്ന ധൈൎയ്യത്തൊടും സ്വാതന്ത്ര്യത്തൊടും കൂടെ
,,മെൽ ചൊല്ലിയതും മററും ഞാൻപറഞ്ഞ ന്യായങ്ങളാ
,,ൽ അവിടെനിന്ന ഞാൻ മാറുന്നതിന്ന മുമ്പിൽ ഇനിക്കു
,,അനുവാദം തരുവാൻതക്കവണ്ണം അയാളുടെ ഹൃദയ
,,ത്തെ ഞാൻ ഇളക്കി,,

അപ്പഴൊ ബഹുമാനംകൊണ്ടും അധികാരംകൊണ്ടും വലിയ ആളുകളായവര രണ്ടുമാസത്തെക്ക ഉത്സാഹിച്ചു ബുദ്ധിമുട്ടിയാറെ കിട്ടുവാൻ കഴിഞ്ഞില്ല എന്ന ഈ അനുവാദം നമ്മുടെ പുണ്യവാളത്തി ശ്ലീഹന്മാൎക്കടുത്ത തന്റെ വാക്കുസാമൎത്ഥ്യം കൊണ്ട വെഗത്തിൽ വാങ്ങിക്കയും ചെയ്തു: ഉടനെ വിട്ടു വാങ്ങിക്കുന്നതിന്ന ആളയച്ചു പ്രത്യക്ഷമായിട്ട ഉടനെകിട്ടുകയും ചെയ്തു. വെണ്ടുന്ന വെലകൾ എല്ലാം രാത്രിസമയത്തിൽ ചെയ്തു വെള്ളപ്പാറായപ്പൊൾ

പള്ളിക്കായിട്ടുനിശ്ചയിച്ച സ്ഥലം വെടിപ്പായി കുൎബാനയു ടെചൊല്ലി ശുദ്ധ.— കുൎബാന എഴുന്നെള്ളിച്ച സംഗ്രഹിക്കയും ചെയ്തു. ഇങ്ങനെ ൲൮൱൩ാം കാലം ഇടവമാസം ൧൮ ന— മാർയൌസെപ്പ പുണ്യവാളന്റെ മഹിമയുള്ള നാമധെയത്താൽ അലങ്കരിക്കപ്പെട്ട നാലാമത്തെ ആശ്രമം സ്ഥാപിക്കപ്പെടുകയും ചെയ്തു.

നമ്മുടെ മഹാപുണ്യപിതാവ് ൟ ആശ്രമങ്ങളെ സ്ഥാപിച്ചുവരുന്ന ഇടയിൽ ചെയ്ത പ്രത്യക്ഷങ്ങളെയും കാണിച്ച പുണ്യവീരന്മാക്കുള്ള പുണ്യങ്ങളെയും ജയിച്ചജയങ്ങളെയും സഹിച്ചബുദ്ധിമുട്ടുകളെയും എല്ലാം എഴുതണമെങ്കിൽ സംഗ്രഹമായിട്ട എഴുതുവാൻ നിശ്ചയിച്ച ൟ ചരിത്രം ഇതിന്മുമ്പിൽ നാം ചൊല്ലിയതിൻവണ്ണം എത്രയുംവലിയ ഒരുപുസ്തകമായി തീരുന്നതാകയാൽ എല്ലാം അടക്കികൊണ്ടു മെൽചൊല്ലിയ തൊലെദൊ പട്ടണത്തിലെ ആശ്രമത്തിൽ സംഭവിച്ച, പുണ്യവാളത്തി എഴുതി സാക്ഷിക്കുന്ന ഒരുകാൎയ്യംമാത്രം നമ്മുടെ സഹൊദരന്മാരുടെ തെളിവിന്നും ആശ്വാസത്തിന്നുമായിട്ട പുണ്യവാളത്തിയുടെ വചനങ്ങളെതന്നെ പൊരുൾതിരിച്ച ഇവിടെ എഴുതുന്നു. അതെങ്ങനെയെന്നാൽ: "ഞാൻ ൟ ആശ്ര
„മത്തിൽ ആയിരിക്കുമ്പൊൾതന്നെ ഒരുകന്യാസ്ത്രീ അതി
„നാൽ മരിച്ചു എന്ന ഒരു ദീനത്തിലകപ്പെട്ടു, ശുദ്ധ.— കു
„ൎബാനയെയും ഒടുക്കത്തെ ഒപ്രുശുമായും കൈക്കൊണ്ടതി
„ന്റെ ശെഷം ആകാശ മൊക്ഷത്തിൽ ആനന്ദപ്പെടുന്ന
„പ്രകാരംപൊലെയുള്ള തെളിവും സന്തൊഷവും അവ
„ൾ അനുഭവിച്ചിരുന്നു: മരിക്കുന്നതിന്ന അല്പനെരം മുമ്പി
„ൽ അവൾക്ക നല്ലമരണം കൊടുക്കുന്നതിന്ന സൎവ്വെശ്വ
„രനൊടുപ്രാൎത്ഥിപ്പാൻ ഞാൻ ശുദ്ധ.— കുൎബാനയുടെതിരു
„മുമ്പാകെ പൊയിവന്നാറെ അവളുടെ മുറിയിൽ ഒന്നു
„താമസിക്കുന്നതിന്ന അവിടെപുക്കു (ഹൊ ഭാഗ്യമെ!) ന
„മ്മുടെകൎത്താവ ൟശൊമിശിഹാ അവളുടെകട്ടിലിന്റെ

,,തലയിണയുടെ നടുവിൽ ഇരുന്നു അവളെ കാത്തുരക്ഷി
,,ക്കുന്നപ്രകാരം കൈകളെ കുറെവിരിച്ചിരുന്നതിനെഞാ
,,ൻകണ്ടു അപ്പൊൾകൎത്താവ എന്നെനൊക്കി അരുളിചെ
,,യ്തതായത, ൟയാശ്രമങ്ങളിൽ മരിക്കുമെന്നകന്യാസ്ത്രീ
,,കളൊക്കയും ൟവണ്ണം ഞാൻ കാത്തു രക്ഷിക്കുമെന്ന
,,നി ഉറച്ചിരിക്ക മരണനെരത്തിൽ പരീക്ഷകൾകൊണ്ടു
,,ഭയപ്പെട്ടുകയുംവെണ്ട,,

,,ൟ തിരുവചനങ്ങളെയും ൟ പറഞ്ഞൊപ്പിനെ
,,യും ഞാൻ കെട്ടാറെ മഹാ ആശ്വാസം ഞാൻ അനുഭ
,,വിച്ചതുകൂടാതെ മഹാ ഭക്തിയും ഉള്ളിലെ അടക്കവുമു
,,ണ്ടായി ധ്യാനത്തിൽ ഞാൻ അകപ്പെട്ടുകയും ചെയ്തു: കു
,,റെനെരം കഴിഞ്ഞപ്പൊൾ അവളൊട വല്ലതും പറയു
,,ന്നതിന്ന ഞാൻ അവളുടെപക്കൽ അണഞ്ഞു അപ്പൊൾ
,,അവൾ എന്നൊട്ടുപറഞ്ഞതായത: ഹൊ! അമ്മെ കാ
,,ണ്മാൻ എത്രയൊ വലിയകാൎയ്യങ്ങൾ ഇനിക്കനുഭവമാ
,,ക്കപ്പെട്ടുന്നു, ൟ വചനങ്ങളെ പറഞ്ഞവുടനെ മരിക്ക
,,യും ചെയ്തു: മരിച്ചിട്ടു ഒരു മാലാകായുടെ അഴകുപൊ
,,ലെ മുഖത്തിൽ മഹാസൌന്ദൎയ്യം പ്രകാശിച്ചിരുന്നു,,

,,അതിന്റെ ശെഷം നമ്മുടെ ആശ്രമങ്ങളിൽ മരിച്ച
,,ചിലരുടെ മരണത്തുങ്കൽ ഞാൻ സൂക്ഷിച്ച ഒരുകാൎയ്യം
,,ഇതായിരിക്കുന്നു അതായത പരീക്ഷകൾ അവൎക്കുണ്ടു
,,ന്നുള്ള ലക്ഷണം പൊലും കാട്ടാതെ മെല്ലെട്ടു ധ്യാനമാ
,,യിട്ടു ധ്യാനിക്കുന്നതുപൊലെ അല്ലെങ്കിൽ അവര ജ്ഞാ
,,ന പരവശമായിപൊകുന്നതുപൊലെ മഹാ സമാധാ
,,നത്തൊട്ടും ആശ്വാസത്തൊട്ടും കൂടെ മരിക്കുന്ന തിനെ
,,ഞാൻ കണ്ടു, അപ്പഴൊ എന്റെ മകളെ, പട്ടാങ്ങയുള്ള
,,ദെസ്ക്കാൾസ കൎമ്മെലീത്ത സഭക്കാരാകുവാൻ നാം പ്ര
,,യാസപ്പെടണം, ദിവസം വെഗം കഴിഞ്ഞുപൊകും മര
,,ണ നെരത്തിൽ അനെകം ആത്മാവുകൾ അനുഭവിക്കു
,,ന്ന വലിയ ദുഃഖങ്ങളെയും പിശാച അവരെ പരീക്ഷി

,,ക്കുന്നതിന്ന പ്രയോഗിക്കുന്ന ചതിവുകളെയും പരീക്ഷക
,,ളെയും നാം അറിഞ്ഞിരുന്നാൽ ഈ മനൊ ഗുണത്തെ
,,എത്രയൊ വിലയെറിയതായി മതിച്ചിരുന്നെനെ,, ന
മ്മുടെപുണ്യവാളത്തി എകദെശം ഒരുവൎഷത്തൊളം തൊ
ലെദൊ ആശ്രമത്തിൽ താമസിച്ചു അതിന്നിടയിൽ അ
ല്ലൊൻസൊ രമീരസ എന്ന നന്ദിയുള്ളദെഹം ത്രെസ്യ പു
ണ്യവാളത്തിയിൽ നിന്ന കൈക്കൊണ്ടിരുന്ന ഒരുപകാര
ത്തിന്ന പ്രതിക്രിയയായിട്ട ആ പട്ടണത്തിലുണ്ടായിരുന്ന
നല്ലതിൽ ഒരു വീട വാങ്ങിച്ച കന്യാസ്ത്രീ മഠത്തിന്റെ ഭാ
ഷയാക്കി നമ്മുടെ പുണ്യ പതിക്ക കൊടുക്കയും ചെയ്തു:
ത്രെസ്യ തന്റെ മക്കളൊടുകൂടെ അവിടെചെന്ന സകല
വും ക്രമപ്പെടുത്തി സൌഖ്യമായിട്ട പാൎക്കാമെന്നുവിചാരി
ച്ചപ്പൊൾ എവൊലി എന്ന ദിക്കിന്റെ പ്രഭു റുയിഗൊ
മെസ എന്ന ദെഹത്തിന്റെ ഭാൎയ്യയുടെ ഒരെഴുത്ത പുണ്യ
വാളത്തി കൈപററി പൊട്ടിച്ചുവായിച്ചപ്പൊൾ പസ്ത്രാ
ന എന്ന നഗരിയിൽ അവൎക്കുണ്ടായിരുന്ന ഒരുസ്ഥലത്തിൽ
കന്യാസ്ത്രീമഠം സ്ഥാപിക്കുന്ന സംഗതികൊണ്ട അതിന്നുമു
മ്പിൽ പ്രഭുത്തി നമ്മുടെ പുണ്യവാളത്തിയൊട പറകയു
ണ്ടായിട്ടുണ്ടായിരുന്നു, എന്നാൽ ആ എഴുത്താൽ ഉടനെ
ചെന്ന സ്ഥാപിക്കുന്നതിന്ന പുണ്യവാളത്തിയെ ക്ഷണിച്ചി
രുന്നു.

നമ്മുടെ വീരപതിക്ക പൊകുന്ന കാൎയ്യം സംകടമുള്ള
തായിരുന്നുവെങ്കിലും പൊകാതെയിരിപ്പാനും വഹിയാ
ത്തതിൻവണ്ണംവു മായിരുന്നതിനെകൊണ്ട തന്റെ സങ്കേ
ത സ്ഥലമായിരുന്ന ശുദ്ധ.- കുൎബാനയുടെ തിരുമുമ്പാകെ
ചെന്ന തന്റെ ദിവ്യ മണവാളനൊട അപെക്ഷിച്ചിരു
ന്നു ആനെരത്ത ഈശൊമിശിഹാ പുണ്യവാളത്തിക്ക കാ
ണപ്പെട്ട പൊകണമെന്ന കല്പിച്ചതു കൂടാതെ കന്യാസ്ത്രീ
മഠം സ്ഥാപിക്കുന്നതിന്ന പൊകുന്നതുകൂടാതെ വെറിട്ടൊ
രു കാൎയ്യത്തിന്നായിട്ടു കൂടെയും പൊകുന്നുവെന്നും റെഹൂല

ണ്യായപ്രമാണ പുസ്തകം കൊണ്ടു പൊരണമെന്നും കല്പി
ക്കയും ചെയ്തു. ൟ ദൈവകല്പന അറിഞ്ഞവുടനെ കുമ്പ
സാരക്കാരനെ വരുത്തി സര്വെശ്വരൻ തന്നൊട കല്പിച്ച
തൊന്നും അറിയിക്കാതെ തമ്പുരാന്റെ സ്ഥാനത്തിൽ ഇരി
ക്കുന്ന ആ ദെഹത്തിന്റെ മനസ്സ അറിവാൻ മാത്രം കിട്ടി
യ എഴുത്തിന്റെ വിവരമറിയിച്ചു, കുമ്പസാരക്കാരന്റെ
വിധി പൊകണമെന്നായതിനെ കൊണ്ട പുണ്യവാളത്തി
ഉടനെ യാത്രയ്ക്കു പുറപ്പെട്ടുകയും ചെയ്തു: മദ്രീദെന്ന രാ
ജധാനിയിൽ ചെന്നപ്പൊൾ മാത്രമെ സര്വെശ്വരൻ ത
ന്നൊടരുളിയ തിരുവചനങ്ങളുടെ അൎത്ഥംഗ്രഹിച്ചുള്ളു അ
തെങ്ങനെ യെന്നാൽ ആ രാജ പട്ടണത്തിൽ റൊമ്മയ്ക്കു
പൊകെണ്ടുന്നതിന്ന കീൎത്തിപെട്ട ഒരു മുനി വരുന്ന വിവ
രംകെട്ടു ആ മുനിയൊട സംസാരിച്ചു കൊള്ളാകുന്നവനാ
യിരുന്നാൽ തന്റെ പുതുസഭയിൽ കൂട്ടുന്നതിന്ന ഉണദൊ
ഷിക്കണമെന്നുള്ള മനസ്സ പുണ്യവാളത്തിക്ക തൊന്നി, എ
ന്നാൽ ൟ മുനിയാരാകുന്നു? ശുദ്ധ.— മാൎപ്പാപ്പാന്മാരുട
യും രാജാക്കന്മാരുടെയും സ്നെഹത്താലും അടുത്ത ഐ
കമത്യത്താലും ബഹുമാനിക്ക പ്പെട്ടവനും, പല അരമന
കളിൽ സ്ഥാനമാനങ്ങളാൽ അലങ്കരിക്കപ്പെട്ടവനും, പ
ല സെനകളിൽ പരാക്രമശാലിയെന്നുള്ള കീൎത്തി ലഭിച്ച
വനും മഹാ ശാസ്ത്രീയും ലൊകബഹുമാന ഭാഗ്യങ്ങളുടെ
നിലയില്ലായ്കയെ അനൎത്ഥങ്ങളാലും ദുഃഖസന്താപങ്ങളാ
ലും ഗ്രഹിച്ച ലൊകത്തെ വെറുത്ത സ്വന്ത ദെശമാകുന്ന
ഇത്താല്യ രാജ്യത്തെവിട്ട ഹിസ്പാന്യ രാജ്യത്തിൽ കടന്ന
സിവീല്യ എന്ന നഗരിക്ക സമീപംതൈട്ടാൻ എന്ന വനാ
ന്തരത്തിൽ മത്തെയൂസ എന്ന പുണ്യപ്പെട്ട മൂപ്പൻ പാദ്രി
യുടെ കീഴായിട്ട പുണ്യവാളത്തിയുമായി കാണുന്നതിന്ന
എട്ടുവൎഷംമുമ്പിൽപൊയി കൂടിയവനുമായ മരിയാനൊ
ദെസാൻബെനെദെഞ്ഞാ എന്ന നമ്മുടെ പുത്തൻ സഭയി
ൽ മൂന്നാമത്തവനായിട്ട കൂടി അതിന്റെ ഗുണത്തിന്വെ

ണ്ടി എറിയബുദ്ധിമുട്ടുകളെയും സങ്കടങ്ങളെയുമനുഭവിച്ച
ദെഹമത്രെ മെൽചൊല്ലിയ മുനി· ൟ ദെഹം നമ്മുടെ
പുണ്ണ്യവാളത്തി കാട്ടികൊടുത്ത നമ്മുടെ റെഗുലയെ ക
ണ്ടാറെയും ചൊല്ലി കൊടുത്ത ഗുണദൊഷങ്ങളെ കെട്ടാ
റെയും റൊമ്മയ്ക്ക പൊകുന്നതിന്ന തുടങ്ങിയ യാത്രയുടെ
വിചാരം വിട്ട ദെസ്കാൽസു കമ്മെലീത്ത സഭയിൽ താ
നും തന്നൊടുകൂടെയുണ്ടായിരുന്ന കുഞ്ഞിന്റെ പരമാൎത്ഥ
ത്താൽ അലംകരിക്കപ്പെട്ട പ്രെ ജൊവാന്നി ദെല്ലമിസെ
രിയ എന്ന എളിമയെകുറിച്ച പെരുവിളിക്കപ്പെട്ട പുണ്ണ്യ
പ്പെട്ടമുനിയും കൂട്ടുകയും ചെയ്തു. ത്രെസ്യ ൟ ജയംകൊ
ണ്ടതിന്റെശെഷം മദ്രീദെന്ന പട്ടണത്തിൽനിന്നപുറപ്പെ
ട്ട പസ്ത്രാന എന്നദിക്കിൽചെന്ന എറിയ ബുദ്ധിമുട്ടുകളെ
യും പ്രയാസങ്ങളെയും കഴിച്ചിട്ട ൲൫൱൬൰൯ാം കാലം ക
ൎക്കടകമാസം ൰൩ാം തിയ്യതി ആശ്രമം സ്ഥാപിക്കയും ചെ
യ്തു· ആ ദിക്കിൽതന്നെ മെൽചൊല്ലിയ മരിയാനൊ മൂപ്പ
ൻ പാദ്രിക്ക മുനികളുടെ ഒരു കൊവെന്ത സ്ഥാപിക്കുന്ന
തിന്ന ഒരു വീട്ടും തൊട്ടവും മറ്റും കിട്ടീട്ടുണ്ടായിരുന്നത
ആദെഹം നമ്മുടെ സഭക്കാക്ക ഒഴിഞ്ഞുകൊടുത്ത അവി
ടെതന്നെ മെൽചൊല്ലിയ മാസം ൰൮ാം തിയ്യതി സന്ന്യാ
സികളുടെ രണ്ടാമത്തെ കൊവെന്തസ്ഥാപിക്കപ്പെട്ടുകയും
ചെയ്തു·

ൟ രണ്ടുകൊവെന്ത സ്ഥാപിക്കപ്പെട്ടതിന്റെ ശെ
ഷം കുലശ്രെഷ്ഠതയാലും ശാസ്ത്രത്താലും കീൎത്തിപെട്ടപ
ലരും കല്ലാദി കമ്മെലീത്ത സഭയിൽ കൂടിയിരുന്ന വി
ശെഷഗുണാധികാരങ്ങളാൽ അലങ്കരിക്കപ്പെട്ട പല സ
ന്ന്യാസികളും നമ്മുടെ സഭയിൽ കൂടിയതിനാൽ താമസം
കൂടാതെ മെൻസെര എന്നദിക്കിൽ മൂന്നാമത്തെ കൊവെ
ന്തയെ അവര സ്ഥാപിക്കയും ചെയ്തു.

ഇതിന്നിടയിൽ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ സല്മ
ാൻക്ക എന്ന കീൎത്തിപെട്ടനഗരിയിൽ ചെന്നമാർയെന്നു

ഔസപ്പ പുണ്ണ്യവാളന്റെ നാമധെയത്തിൽ വെറിട്ടൊര കന്ന്യാസ്ത്രീയാശ്രമം സ്ഥാപിച്ചു ആയതിന്ന കൂലിക്ക വാങ്ങിച്ച വീട്ടിൽ ആ പട്ടണത്തിലെ പാഠകശാലയിൽ ശാസ്ത്രംപഠിച്ചിരുന്ന ചില യൌവനപ്രായക്കാര പാൎത്തിരുന്നു അവര നമ്മുടെ പുണ്ണ്യവാളത്തി അവിടെചെന്ന ദിവസത്തിൽ തന്നെ ബഹുമനസ്സുകെടായിട്ട ആവീട്ടിൽനിന്ന ഇറങ്ങുകയും ചെയ്തു. സന്ധ്യയായപ്പൊൾ പുണ്ണ്യവാളത്തിയൊടുകൂടെയുണ്ടായിരുന്ന ശുദ്ധ.- കുൎബ്ബാനയുടെ മറിയം എന്ന കന്ന്യാസ്ത്രീക്ക മഹാഭയം തൊന്നി എന്നതിനെകൊണ്ട അവരിരുവരും ഒരുമുറിയിൽ വെക്കൊൽകൂട്ടി കിടക്കാറായപ്പൊൾ ആ കന്ന്യാസ്ത്രീ കതക നന്നായിട്ട ഉറപ്പിച്ചു എന്നതിന്റെശെഷം കിടന്നുവെംകിലും അങ്ങൊട്ടുമിങ്ങൊട്ടും നൊക്കി ഭ്രമിച്ചിരിക്കുന്ന ആളിന്റെ ഭാവം കാട്ടുകയും ചെയ്തിരുന്നു പൊരാഞ്ഞിട്ട സകലമരിച്ചവരുടെ തലെരാത്രിയായിരിക്കയിൽ ആ രാജ്യത്തിൽ നടപ്പായിരിക്കുന്ന മൎയ്യാദ നഗരിയുടെ മണികൾ എല്ലാം മരിച്ചവരെകുറിച്ച കൊട്ടുന്നവിധത്തിൽ കൊട്ടുകയും ചെയ്തിരുന്നു, നമ്മുടെപുണ്ണ്യവാളത്തി പ്രായംചെന്ന ആ കന്ന്യാസ്ത്രീ ഇത്രഭ്രമിച്ചിരുന്നതിനെകണ്ട എന്തുനൊക്കുന്നുവെന്ന ചൊദിച്ചു? എന്റെഅമ്മെ ഞാനിപ്പൊൾ ഇവിടെചത്ത ശവമായിവീണാൽ അമ്മ എന്തുചെയ്യുമെന്ന ഒൎത്തിരിക്കയാകുന്നു എന്ന ഉത്തരിച്ചു, നമ്മുടെ പുണ്ണ്യവാളത്തി ഇതുകെട്ടപ്പൊൾ പെട്ടന്ന ഒന്നു ഞെട്ടിയെംകിലും ഉടനെ അത സംഭവിച്ചാൽ എന്തുചെയ്യെണ്ടുവെന്ന അപ്പൊൾ വിചാരിച്ചു കൊള്ളാം ഇപ്പൊൾ ഉറങ്ങട്ടെ എന്ന പറഞ്ഞുകിടക്കുകയും ചെയ്തു: എന്നാൽ പുണ്ണ്യവാളത്തി സാക്ഷിക്കുന്നതിൻവണ്ണം രണ്ടുപെരും നന്നാ ക്ഷീണിച്ചിരുന്നതിനെകൊണ്ട വെഗത്തിൽ ഉറക്കംവന്ന ഭയമൊക്കയും നീക്കുകയും ചെയ്തു. താമസംകൂടാതെ മററ ആറ കന്ന്യാസ്ത്രീകൾ അവിടെചെന്ന ആശ്രമത്തിന്റെ ക്രമം തുടങ്ങിയതിനാൽ

നമ്മുടെ ഭയമുള്ള കന്ന്യാസ്ത്രീക്ക ആശ്വാസ മാകയുംചെയ്തു. ൧൭൦൭ാം കാലം വൃശ്ചികമാസം ൨൨൧ തിയ്യതി സ്ഥാപിക്കപ്പെട്ടുകയും ചെയ്തു. ൧൭ാംദിവസത്തിൽ തന്നെ സന്ന്യാസികൾ അൽവാലാ എന്ന നഗരിയിൽ വെറിട്ടൊരുകൊവെന്ത സ്ഥാപിക്കയും ചെയ്തു.

ഇങ്ങനെ നമ്മുടെ വീരപതി എല്ലായിടങ്ങളിലും ഒടിച്ചെന്ന ബുദ്ധിമുട്ടുകളാലും ഗുണദൊഷങ്ങളാലും, ക്രമചട്ടങ്ങളാലും വിശെഷ വിവെകം കൊണ്ടും തന്റെ സഭയെ പരപ്പിച്ച സകലത്തെയും അതിശയിപ്പാൻ തക്ക പ്രകാരത്തിൽ നടത്തിവന്നിരുന്നു: തന്റെ കീൎത്തിഹിസ്പാന്ന്യരാജ്യമൊക്കയിലും പരന്നു, പ്രഭുക്കന്മാരും എത്രയും കുലശ്രെഷ്ഠതയുള്ളവരും തന്നെ കാണ്മാനും കൂടെ സംസാരിപ്പാനും വളരെ ആഗ്രഹിച്ചിരുന്നു, അവരുടെ അരമനകളിൽ കുറെ നെരത്തെക്ക എങ്കിലും ത്രെസ്സ്യായെ താമസിപ്പിപ്പാൻ ഇടകൂടിയെന്നുവന്നാൽ മഹാഭാഗ്യമെന്ന അവരു വിചാരിച്ചിരുന്നു, പുണ്യവാളത്തി തന്നാൽ കഴിഞ്ഞിരുന്ന വിധത്തിൽ എല്ലാവരെയും സന്തൊഷിപ്പിച്ച തൃപ്തിയാക്കുകയും ചെയ്തിരുന്നു തന്റെ പുണ്യപ്പെട്ട സംസൎഗ്ഗം കൊണ്ടും പെരുമാററം കൊണ്ടും അവരുടെ ആത്മാവുകൾക്ക വളരെ ഉപകാരം സിദ്ധിച്ചുവന്നതെന്നിയെ അവരുടെ എററം വലിയവുപകാരത്തിന്നായിട്ട പുണ്യവാളത്തിയുടെ എരിവുള്ള അപെക്ഷകളാൽ സൎവ്വെശ്വരൻ പലപ്രത്യക്ഷങ്ങളെ ചെയ്തിരുന്നു, ൧൭൦ കീൎത്തിമഹാന്തരത്താൽ സല്ലമാൻക്ക പട്ടണത്തിലെ ആശ്രമം സ്ഥാപിച്ചിട്ട രണ്ടു മാസം കഴിയുന്നതിന്നുമുമ്പിൽ ആൽവെദ തൊമ്മസ എന്ന ചെറിയനഗരിയിൽ ആൽവ എന്ന ദിക്കിന്റെ മഠമ്പിയുടെ നിക്ഷെപ വിചാരക്കാരനായിരുന്ന പ്രൻസിസ്കൊ വെലാസ്ക്കസ് എന്ന ദെഹത്തിന്റെയും ഇയാളുടെ ഭാൎയ്യ ത്രെസ്യ ലായിസ എന്ന ഉത്തമസ്ത്രീയുടെയും അപെക്ഷയാലെയും, ചിലവുകളാലെയും ഒരാശ്രമം സ്ഥാ

പിക്കുന്നതിന്ന പൊകെണ്ടിവന്ന ൟയാശ്രമത്തിന്ന കിട്ടി
യിരിക്കുന്ന സ്തുതിയും ഭാഗ്യവും മറ്റയാതൊന്നിന്നും കിട്ടി
ട്ടില്ല, അതെന്തെന്നാൽ നമ്മുടെ മഹാപുണ്യപതിയുടെ ഐ
ശ്വര്യവും അഴകുള്ള ആത്മാവ ൟ പാവപ്പെട്ട ആശ്രമ
ത്തിന്റെ ചുവരുകളുടെ ഇടയിൽ നിന്ന പരമാനന്ദത്തി
ലെക്ക പറന്നതു കൂടാതെ ഇന്നാൾ വരെയും അഴിയാത്ത
തന്റെ നിൎമ്മലശരീരവും ദൈവസ്നേഹാഗ്നിയാൽ എരി
ഞ്ഞിരുന്ന തന്റെശങ്കും ൟ ആശ്രമത്തിൽ വിലമതിയാ
ത്ത ഒരു നിക്ഷെപം പൊലെ കാക്കപ്പെടുകയും ചെയ്യുന്നു.

ൟ ആശ്രമത്തിന്റെ ഉറപ്പിന്നും ക്രമത്തിന്നും വെണ്ടി
യിരുന്നതെല്ലാം വിധയം വരുത്തിയതിന്റെശെഷം സല്ല
മാൻക്ക മെദീന ദെല്ക്കാമ്പൊ എന്ന നഗരികളിലെ ആ
ശ്രമങ്ങളെ വിസീത്ത കഴിക്കെണ്ടുന്നതിന്ന യാത്രക്കു പുറ
പ്പെട്ടു, എന്നാൽ സല്ലമാൻക്ക പട്ടണത്തിൽ ചെന്നപ്പൊ
ൾ ആശ്രമത്തിൽ പൊകുന്നതിന്നുമുമ്പിൽ മൊന്തെറെയി
എന്ന മാടമ്പികളുടെ അരമനയിൽ കരെറുകയും ചെയ്തു
ഭക്തിയുള്ള ആ മാടമ്പികൾ പ്രൊവിൻസ്യാളിനെ ബൊ
ധിപ്പിച്ച പുണ്യവാളത്തി ആ പട്ടണത്തിൽ ചെല്ലുമ്പൊൾ
അവരുടെ അരമനയിൽ കെറുന്നതിന്ന കല്പന വാങ്ങിച്ചി
ട്ടുണ്ടായിരുന്നതുകൊണ്ടത്രെ നമ്മുടെ ശുദ്ധമാക്കപ്പെട്ടവൾ
ആയരമനയിൽ കരെറിയത, അവിടെ കെറിയപ്പൊൾ
മാടമ്പിയുടെ മക്കളെ വളൎത്തിയിരുന്ന അയാളുടെ ഭാൎയ്യ
ദൊന്ന മറിയം ദത്തിയാഗ, പകരുന്ന ജ്വരം കൊണ്ടു സു
ബൊധമില്ലാതെ മരിപ്പാറായി കിടന്നിരുന്നു, പുണ്യവാള
ത്തിക്ക തൊന്നിയ അനുഗ്രഹത്താലും, മാടമ്പികളുടെ അ
പെക്ഷയാലും താൻ ദീനക്കാരത്തിയുടെ മുറിയിൽ ചെന്നു,
അവിടെ ചെന്നവുടനെ തന്റെ നിൎമ്മല കൈകളെ ദീന
ക്കാരത്തിയുടെ മുഖത്തുമ്മെൽ വെച്ച ആ ക്ഷണത്തിൽ ത
ന്നെ ദീനക്കാരത്തി എന്നെ തൊടുന്നവരാര? ഹൊ! സൌ
ഖ്യമായി എന്നു നിലവിളിക്കയും ചെയ്തു: പുണ്യവാളത്തി

മിണ്ടരുതെന്ന വിലക്കിയെങ്കിലും സന്തൊഷത്തിന്റെ ആധിക്യത്താൽ മിണ്ടാതെയിരിപ്പാൻ പാടില്ലാഞ്ഞു, ചുറ്റും നിന്നിരുന്ന ആളുകൾ പ്രത്യക്ഷം കണ്ട നന്ദിയായിട്ടുള്ള വചനങ്ങൾ പുണ്യവാളത്തിയൊട്ട പറവാൻ തുടങ്ങിയതിനാൽ പുണ്യവാളത്തിയുടെ എളിമ അതിനെ മറെപ്പാനുള്ള വഴിനൊക്കി പറഞ്ഞതായത, ഒരുവെളയിൽ ജ്വരത്തിന്റെ കടുപ്പംകൊണ്ട ദീനക്കാരത്തി പിച്ച പറയുന്നുവെന്ന വരുമൊ എന്നുപറഞ്ഞു: എന്നാൽ ഠരം ഒഴിവുഫലിച്ചില്ല അതെന്തെ മരിപ്പാറായിരുന്ന ദീനക്കാരത്തി ആക്ഷണത്തിൽ തന്നെ കുറവില്ലാത്ത സൌഖ്യത്തൊട്ടകൂടെ ഉടുത്ത എഴുന്നെല്ക്കയും ചെയ്തു· അവിടത്തെ പ്രഭുക്കന്മാരുടെതന്നെ നന്നാപ്രായം കുറഞ്ഞ ഒരു മകൾ മരിപ്പാറായിരുന്നു പ്രഭുക്കന്മാര സർവ്വെശ്വരന്റെതിരുമനസ്സിന്ന കീഴ്ഴങ്ങികൊണ്ട കുഞ്ഞിന്റെ ആയുസ്സ എറെറം ദൈവസ്തുതിക്കായിട്ടാകുന്നുവെങ്കിൽ അതിനെ മരണത്തിൽനിന്ന രക്ഷിപ്പാൻ ഉടയതമ്പുരാനൊട പ്രാൎത്ഥിക്കുന്നതിന്ന പുണ്യവാളത്തിയൊട അപെക്ഷിച്ചു എത്രയും നന്ദിയുള്ളവളായിരുന്ന ത്രെസ്യ ഭക്തിയുള്ള മാടമ്പികളുടെ അപെക്ഷകൾക്ക ചെവികൊടുത്ത തനിക്കായിട്ട ആസ്ഥമാക്കിയിരുന്നു മുറിയിൽപൊയി മഹാ എറിവൊട്ടകൂടെ അപെക്ഷിച്ചുതുടങ്ങി ആ ക്ഷണത്തിൽ ശുദ്ധമാക്കപ്പെട്ട മാർ ദൊമ്മിനിക്കൊസു പുണ്യവാളനും കത്തരീന ദെസ്സ്യെന എന്ന പുണ്യവാളത്തിയും, നമ്മുടെ ശുദ്ധമാക്കപ്പെട്ട അമ്മസ്ത്രീ കാണപ്പെട്ട തന്റെ അപെക്ഷ സർവ്വെശ്വരൻ കൈക്കൊണ്ടുവെന്നും, ദീനമായി കിടക്കുന്ന പെണ്ണൈതലിന്ന ആയുസ്സിനെനൽകുന്നുണ്ടെന്നും അറിയിച്ചതുകൂടാതെ ആ പെണ്ണൈതലിനെ ഒരുവൎഷത്തെക്ക ദൊമ്മിനിക്കൊസു പുണ്യവാളന്റെസഭക്കാരരുടെ ഉടുപ്പു ധരിപ്പിക്കണമെന്ന സർവ്വെശ്വരൻ തിരുമനസ്സാകുന്നുവെന്നും പറഞ്ഞ കാണാതെയായി പൊകയുംചെയ്തു: ആ പെണ്ണൈന്തൽ സൌഖ്യമായി· എ

ന്നാൽ നമ്മുടെ പുണ്ണ്യവാളത്തിയുടെ എളിമ വലിയവിഷമത്തിൽ അകപ്പെട്ടു, അതെന്തെ ഒരുവൎഷത്തെക്ക ആ പുണ്ണ്യവാളന്മാരുടെ സഭയുടെ ഉടുപ്പുധരിപ്പിക്കണമെന്ന മാതാപിതാക്കന്മാരൊടു പറയുമ്പൊൾ ആ രണ്ടു ശ്രുദ്ധമാക്കപ്പെട്ടവര തനിക്കകാണപ്പെട്ടുവെന്ന അവൎക്ക തിരിഞ്ഞുകമെന്ന തൊന്നിയതിനാൽ, ആകാശത്തിന്നടുത്ത കല്പനയ്ക്കു വിരൊധം ചെയ്യാതെ എളിമയെ രക്ഷിപ്പാൻ ഒരുപുണ്ണ്യപ്പെട്ടഉപായം കണ്ടെത്തി: അതെങ്ങനെയെന്നാൽ ഉണ്ടായ വിവരമെല്ലാം തന്റെ കുമ്പസാരക്കാരനായിരുന്ന ദൊമ്മിനിക്കൊ ബാഞ്ഞസ് എന്നദെഹത്തിനൊടു കുമ്പസാരമുറയ്ക്കു അറിയിച്ചു ആ ദെഹം പുണ്ണ്യവാളത്തിയുടെ ആഗ്രഹംപൊലെ മൊന്തെറെയി മാടമ്പികളൊട പറകയുഞ്ചെയ്തു: അവര പെണ്ണിനെ ദൊമ്മിനിക്കൊസുപുണ്ണ്യവാളന്റെ സഭക്കാരരുടെ ഉടുപ്പിനെ ഒരു വൎഷത്തെക്ക ധരിപ്പിച്ചു, പ്രായമായതിന്റെശെഷം ഹിസ്പാന്ന്യ രാജ്യത്തിൽ മഹാ കീൎത്തിപെട്ട ആളായിരുന്ന ദൊലിവാരസ് എന്ന മാടമ്പിയൊട വിവാഹം കഴിക്കയും ചെയ്തു.

ഭക്തിയുള്ള മാടമ്പികളെ ഒരംവണ്ണം ആശ്വസിപ്പിച്ചതിന്റെ ശെഷം തന്റെ പാവപ്പെട്ട ആശ്രമത്തിലെക്ക പൊകയും ചെയ്തു. എന്നാൽ അമ്മയും സഭയെ സ്ഥാപിക്കുന്നവളും എന്ന ഒരം സ്ഥാനങ്ങൾക്കടുത്ത ജൊലികൾ ഹെതുവായിട്ടു ദീൎഘതാമസം കൂടാതെ സല്പമാൻക്ക പട്ടണത്തിലെ ആശ്രമത്തെ വിട്ടു മെദീന ദെല്കാമ്പൊ എന്ന നഗരിയിലെ ആശ്രമത്തിലെ തന്റെ മക്കൾക്ക നെരിട്ടിരുന്ന ചില ബുദ്ധിമുട്ടുകൾക്കും ഞെരുക്കങ്ങൾക്കും കഴിവുണ്ടാക്കുവാൻ പൊകയും ചെയ്തു.

ആയിടയിൽ സംഭവിച്ച ഒരു കാൎയ്യമാകുന്നതെന്തെന്നാൽ ഹിസ്പാന്ന്യരാജ്യത്തിലെ മഹാരാജാവിന്റെ അപെക്ഷയാൽ അന്ന ശ്രുദ്ധ.- പള്ളിയിൽ വാണിരുന്ന അഞ്ചാമത്തെ വീയുസെന്ന ശ്രുദ്ധ.- മാൎപ്പാപ്പാ ആ രാജ്യത്തിൽ ഉ

ണ്ടായിരുന്ന കൎമ്മലീത്ത സഭയുടെ ആശ്രമങ്ങളൊക്കയും
വിസീത്തകഴിക്കുന്നതിന്ന പത്രൊസ പെണ്ണാന്തസ എന്നും
ഫ്രൻസിസ്കൊ ദെവാസ്സ എന്നും ദൊമ്മിനിക്കൊസ പുണ്ണ്യ
വാളന്റെ സഭക്കാരായ രണ്ടുപെരെ കൊമ്മിസ്സാരി അ
പ്പസ്തൊലിക്കമാരായിട്ട നിയമിക്കയും ചെയ്തു: മുമ്പിലത്ത
വൻ കസ്തില്ല്യ പ്രദെശത്തിലും രണ്ടാമത്തവൻ അണ്ടലു
സിയ പ്രദെശത്തിലും വിസീത്തകഴിപ്പാൻ തക്കവണ്ണം ക
ല്പനയായി. പത്രൊസു പെണ്ണാന്തസ് എന്ന ദെഹം മാർ
ദൊമ്മിനിക്കൊസു പുണ്ണ്യവാളന്റെ സഭയിൽ ഒരു നക്ഷ
ത്രംപൊലെ പ്രകാശിച്ചിരുന്ന ഒരു മല്പാനും നമ്മുടെ പു
ണ്ണ്യവാളത്തി സ്ഥാപിച്ച കന്ന്യാസ്ത്രീ ആശ്രമങ്ങളുടെയും
ദെസ്കാൾസു സന്ന്യാസികളുടെ കൊവെന്തകളുടെയും ഗു
ണത്തെയും വിശെഷപുണ്ണ്യസാംഗൊപാംഗത്തെയും വെ
ണ്ടുംവണ്ണം ഗ്രഹിച്ച അവകളുമെലും, അവകളിൽ വ
സിച്ചിരുന്ന പുണ്ണ്യാത്മാക്കളുടെമെലും മഹാ പക്ഷമുള്ളവ
നമായിരുന്നതു കൂടാതെ പലപ്പൊഴും സന്ന്യാസികളുടെ
കൊവെന്തകളിൽ പാൎത്ത ദെസ്കാൾസു കൎമ്മലീത്ത സ
ഭക്കാരനെ പൊലെ ക്രമങ്ങളൊക്കയും കാത്ത അവരെ
പൊലെ തപസ്സുജീവിതത്തെ കഴിക്കയും ചെയ്ത ആളുമാ
യിരുന്നു: ൟ ദെഹം ശ്ലീഹായ്ക്കടുത്ത വിസീത്ത ആരംഭിച്ചി
ട്ട രണ്ടുമാസം കഴിഞ്ഞപ്പൊൾ ആവിലപട്ടണത്തിൽ ന
മ്മുടെ പുണ്ണ്യവാളത്തി കൎമ്മലീത്ത വസ്ത്രങ്ങളെ ധരിച്ച
ആദ്യം കന്ന്യാസ്ത്രീയായിയെന്ന ഇൻകണ്ണാസ്യൊനിന്റെ
കൎമ്മലീത്ത ആശ്രമത്തെ വിസീത്ത കഴിക്കെണ്ടുന്നതിന്ന
എത്തുകയും ചെയ്തു, എററം ജാഗ്രതയുള്ള വിസീത്തദൊ
രായ ൟ ദെഹം ആ കീൎത്തിപെട്ട ആശ്രമത്തിന്റെ കാ
ൎയ്യങ്ങളെ ശൊധന ചെയ്താറെ, അതിന്റെ കാലത്തിന്നടു
ത്ത കാൎയ്യങ്ങളെ ചൊദ്യാക്കുന്നതിന്നും, പ്രത്യെകം റെഗു
ല ന്യായപ്രമാണങ്ങളുടെ കാഴ്ചിന്മെൽ തണത്തുപൊയി
രുന്ന എരിവിനെയും താല്പൎയ്യത്തെയും പുത്തനാക്കുന്നതി

ന്നം തക്കതായ ഒരുമൂപ്പത്തി വെണ്ടിയിരിക്കുന്നുവെന്ന നിശ്ചയിച്ചു, എന്നാൽ ആ ദെഹം ത്രെസ്യാ പുണ്ണ്യവാളത്തിയുടെ വിവെകവും വിശെഷമായ പുണ്ണ്യ സാംഗൊപാംഗത്തെയും പ്രാപ്തിയെയും ഗ്രഹിച്ചിരുന്നതിനെ കൊണ്ടു ഈ കാൎയ്യത്തിന്നു അവരെകാൾ എററം ത്രാണിയുള്ളവൾ ഇല്ല എന്നുറച്ചു കല്ല്സാദി കൎമ്മലീത്തക്കാരരുടെ ആലൊചനസംഘത്തിന്റെ സമ്മതത്തൊടുകൂടെ നമ്മുടെ പുണ്ണ്യവാളത്തിയെ ഇൻക്കൎണ്ണാസ്യൊനിന്റെ ആശ്രമ മൂപ്പത്തിയായി തെരിഞ്ഞെടുത്തു കല്പിക്കയും ചെയ്തു. ൧൫൭൧ാം കാലം ആരംഭിച്ചപ്പൊൾ നമ്മുടെ കൎത്താവ ഈശൊ മിശിഹാ പുണ്ണ്യവാളത്തിക്കു കാണപ്പെട്ടു അരുളിചെയ്തതായത "നി,,ന്റെ ആയുസ്സിന്റെ കാലത്തിൽ കന്ന്യാസ്ത്രീ മാതാവി,,ന്റെ സഭ വൎദ്ധിക്കുന്നതിനെ നീ കാണും,, ഇപ്പൊൾ നമ്മുടെ പുണ്ണ്യ വാളത്തി തന്റെ പുത്രമക്കളെ ഉപെക്ഷിച്ചു മെലെഴുതിയ ആശ്രമത്തിൽ മൂപ്പത്തിയായി പൊയാൽ തന്റെ ദെസ്കാൾസു സഭയെ പരപ്പിക്കുന്നതിന്ന വെലചെയ്വാൻ എങ്ങനെ കഴിയും? എന്ന നാം വിചാരിച്ചു മെൽചൊല്ലിയ തിരുവചനങ്ങൾ നിറവെറുന്നതിന്ന ഇടവരുമൊ എന്ന നാം സംശയിക്കയും ചെയ്യുന്നു. എന്നാൽ ആകാശവും ഭൂമിയും കടന്നാലും തമ്പുരാന്റെ തിരുവചനത്തിന്ന ഭെദം വരികയില്ല ആയാണ്ടിൽ തന്നെ നമ്മുടെ ദെസ്കാൾസു സന്ന്യാസികൾ ആൽത്തൊമീര എന്ന ഉത്തമമായ മലകളിൽ അഞ്ചാമത്തെ കൊവെന്ത സ്ഥാപിച്ചതിന്റെശെഷം പ്രൻസീസ്കൊ വാൎഗ്ഗാസ എന്ന കൊമ്മിസ്സാരി അപ്പൊസ്തൊലീക്കായുടെ വിശെഷ താല്പൎയ്യത്താൽ അണ്ടലൂസീയ പ്രദെശത്തിൽ കടന്ന സിവില്യ പട്ടണത്തിൽ ആറാമത്തെതിനെ സ്ഥാപിക്കയും ചെയ്തു. ഇതുകൂടാതെയും നമ്മുടെ വീരപത്നി മെലെഴുതിയ ഇൻക്കൎണ്ണാസ്യൊൻ ആശ്രമത്തിന്റെ മൂപ്പത്തിയായിരിക്കുമ്പൊൾ തന്നെ തന്റെ പ്രീയപ്പെട്ട ദെസ്കാൾസു സഭയെ പരപ്പിക്കു

ന്നതിന്നും വൎദ്ധിപ്പിക്കുന്നതിന്നും വെലചെയ്യുംപ്രകാരംതാഴെ കാണ്മാനുള്ളതിന്ന ഇടവരികയും ചെയ്യും.

അപ്പഴൊ നമ്മുടെ പുണ്ണ്യവാളത്തി മെദ്ദീന ആശ്രമത്തിൽ പാൎത്തിരിക്കയിൽ മെൽചൊല്ലിയ വൎത്തമാനംകെട്ടു അതിനാലും യാത്രയ്ക്കു പുറപ്പെട്ടുവാൻ കിട്ടിയ കല്പനയാലും അനുഭവിച്ച വ്യാകുലവും സങ്കടവും ഇന്നപ്രകാരമെന്നുപറവാൻ വഹിയാ: തന്റെ സഹായവും തുണയും ഗുണദൊഷവും പുണ്ണ്യദൃഷ്ടാന്തങ്ങളും കൊണ്ടു തന്നെ വളരെ സ്നെഹിച്ചിരുന്ന തന്റെ മക്കൾക്കു ഇനിയും തന്നെകൊണ്ടു ആവശ്യമുണ്ടായിരുന്നതു കൊണ്ടു തന്നെയല്ല പിന്നെയൊ കുട്ടപ്പംകുറഞ്ഞ റെഗുലയെ പറഞ്ഞൊത്തിരുന്ന ഇൻകൎണ്ണസ്യൊനിന്റെ ആശ്രമത്തിൽ പലകന്ന്യാസ്ത്രീകൾ ഏററം ലഘുവായ നുകത്തിന്നുകൂടെയും കഴുത്തു ചായിക്കുന്നതിന്ന മറുതലിക്കുമെന്ന മുമ്പുകൂട്ടി കണ്ടതിനാലയും അതിനാൽ ഏറിയ ദുഃഖസന്താപങ്ങളെ അനുഭവിക്കുന്നതിന്ന ഇട വരുമെന്ന ബൊധിച്ചിരുന്നതു കൊണ്ടും പ്രത്യെകം മൂപ്പ സ്ഥാനങ്ങളുമെൽ വെറുപ്പും കീഴ്പഴക്കത്തിന്മെൽ പറഞ്ഞൊപ്പിക്കരുതാത്ത പക്ഷവും തനിക്കുണ്ടായിരുന്നതിനെ കൊണ്ടും വളരെ ദുഃഖിച്ചു കരകയും ചെയ്തു: എന്നാൽ കീഴ്പഴക്കത്തിന്റെ ഒമനമകളായിരുന്ന താൻ ഇങ്ങനെയുള്ള ദുഃഖനെരത്തിൽ ചെയ്വാൻ തഴക്കമായിരുന്നതുപൊലെ തന്റെ ദിവ്യ മണവാളന്റെ തിരുമുമ്പാകെ ചെന്ന സാഷ്ടാംഗമായിവീണ അങ്ങെ തിരുമനസ്സിനെ തന്നൊട അറിയിപ്പാൻ മഹാ എളിവൊടുകൂടെ അപെക്ഷിച്ചിരുന്നു, അപ്പൊൾ ഈശൊ മിശിഹാ മഹാ പക്ഷത്തൊടുകൂടെ പുണ്ണ്യവാളത്തിയൊട അരുളിചെയ്തതായത:

"ഒ മകളെ! മകളെ! ഇൻകൎണ്ണാസ്യൊനിന്റെ ആ
„ശ്രമ കന്ന്യാസ്ത്രീകളെ എന്റെ സഹൊദരികളെ പൊ
„ലെ ഞാൻ വിചാരിക്കുന്നു എന്നാൽ നീ പൊകുവാൻ
„താമസിക്കുന്നൊ? ധൈൎയ്യപ്പെടുക ഞാൻ ഈവണ്ണംതീട്ടു

,,ഭ മനസ്സാകുന്നുവെന്ന ചിന്തിക്ക. നീ സ്ഥാപിച്ച ആശ്ര
,,മങ്ങളിൽനിന്ന നീങ്ങിയാൽ ചെതം വരുമെന്ന നീ വി
,,ചാരിക്കുന്നു, എന്നാൽ ഇവക്കും അവക്കും ഉപകാരവും
,,പലവുമായി തിരുമെന്ന ഉറച്ചിരിക്ക, ഇനി വിരൊധം
,,ചെയ്യെണ്ട അതെന്തെ എന്റെ വല്ലഭം വലിയതാകു
,,ന്നു" സ്പഷ്ടമായ ഈ ദൈവ വചനങ്ങളാൽ ആശ്വാ
സം പ്രാപിച്ച ഇത്രതെളിവായിട്ടുള്ള ഈ ദൈവ തിരുമ
നസ്സിന്ന ഇനിവിരൊധം ചെയ്യുന്നതിന്നുമുമ്പിൽ മരിപ്പാൻ
ആസ്ഥമായിരിക്കുന്നുവെന്ന പുണ്യവാളത്തി വെളിപ്പെട്ടു
ത്തീട്ടു യാത്രയ്ക്കു പുറപ്പെട്ടുകയും ചെയ്തു. മെദീന നഗരിയി
ൽനിന്ന പുറപ്പെട്ട ആവില പട്ടണത്തിലെക്ക പൊകുന്ന
മദ്ധ്യെ ഉണ്ടായിരിക്കുന്ന അരെവാല്ലൊ എന്നചെറിയനഗ
രിയിൽ ചെല്ലുന്നതിന്നുമുമ്പിൽ, കൂടെ പ്രയാണം ചെയ്തി
രുന്നതിൽ ഒരുത്തനെ വിളിച്ച "വെഗം മുന്നൊട്ടു നടന്ന
,,നഗരിയിൽ ചെന്നാൽ ഒരു നടപ്പന്തലിൽ ഉലാത്തുന്ന
,,അലൊൻസൊ എസ്കപ്പാനൊസെന്ന പട്ടക്കാരനെ നീ
,,കാണും ഒരു കന്യാസ്ത്രീയൊടുകൂടെ അമ്മ ത്രെസ്യ വരു
,,ന്നതാകയാൽ തങ്ങുന്നതിന്ന തക്കതായ ഒരുവീട അന്വെ
,,ഷിച്ച ചട്ടമാക്കുവാൻ പറ,, എന്ന നമ്മുടെ പുണ്യവാ
ളത്തി ഒട്ടുക്കത്തെ അത്താഴത്തിന്നുമുമ്പിൽ തന്റെശ്ലീഹന്മാ
രെ ഒരംശൊമിശിഹാ കല്പിച്ചയച്ചതിൻവണ്ണം ദീൎഘദൎശ
നം സംബന്ധമായ ഈ വചനങ്ങളെ പറഞ്ഞ ആയാളി
നെ അയക്കയും ചെയ്തു: അവൻ ഒടിചെന്ന പുണ്യവാള
ത്തി പറഞ്ഞതിൻവണ്ണം പട്ടക്കാരനെ കണ്ടെത്തി വൎത്ത
മാനം അറിയിച്ചപ്പൊടനെ ആദെഹം അന്നാ ദെ പെലാ
ന്സ്കാ എന്ന ഭക്തിയുള്ള യജമാനസ്ത്രീയുടെ വീട്ടിൽചെന്ന
നമ്മുടെ പുണ്യവാളത്തിക്കും, കൂടെയുണ്ടായിരുന്ന കന്യാ
സ്ത്രീക്കും മുറി ആസ്ഥമാക്കുകയും ചെയ്തു. മെൽചൊല്ലിയ
ശുദ്ധ- എവൻശെലിയൊന്റെ സംഗതി കൂടക്കൂടെ ശു
ദ്ധമാകപ്പെട്ട അമ്മയുടെ ധ്യാനത്തിന്റെ വിഷയമായിരു

ന്നതിനെകൊണ്ട സൎവ്വെശ്വരൻ തന്റെ മണവാട്ടിയുടെ ഭക്തിയെ ഈവണ്ണം സമ്മാനിപ്പാൻ തിരുമനസ്സായിയെന്ന വിചാരിപ്പാൻ ന്യായമായിരിക്കുന്നു.

നമ്മുടെ ശുദ്ധമാക്കപ്പെട്ട അമ്മ ആവിലപട്ടണത്തിൽ ചെന്നാറെ മാർയൌസെപ്പ പുണ്ണ്യവാളന്റെ ആശ്രമത്തിൽ തന്റെ പ്രിയപ്പെട്ടമക്കളെ കാണ്മാൻ പൊകയും ചെയ്തു: അവിടെവെച്ച കല്സാദി കൎമ്മെലീത്തക്കാരക്ക ശുദ്ധ. മാർപ്പാപ്പാന്മാര റെഗുലസംബന്ധമായിട്ടകൊടുത്തരുളിയ വിശെഷ അനുവാദങ്ങളെയും മറ്റും വീണ്ടും ഉപെക്ഷ ചെയ്തിട്ട പൂൎവ്വ റെഗുലയ്ക്കൊത്തതിൻവണ്ണം ചെയ്തിരുന്ന പറഞ്ഞൊപ്പുകളെ പുത്തനാക്കുകയും, ആ റെഗുലയെ കുറവു കൂടാതെ മരണത്തൊളം കാക്കുന്നുണ്ടെന്നും വീണ്ടും പറഞ്ഞൊക്കുകയും ചെയ്തു.

അതിന്റെശെഷം തന്നെക്കൂട്ടിക്കൊണ്ട പൊരുന്നതിന്ന മാർയൌസെപ്പ പുണ്ണ്യവാളന്റെ ആശ്രമത്തിൽ വന്നിരുന്ന പ്രൊവിൻസ്യാളിനൊട്ടു കൂടെ ഇൻകൎണ്ണസ്യൊന്റെ ആശ്രമത്തിലെക്ക ഭാരപ്പെട്ട തന്റെ കുരിശിനെ തൊളിന്മെൽ എടുക്കുന്നതിന്ന പൊകയും ചെയ്തു. മെൽചൊല്ലിയ ആശ്രമത്തിലെ കന്യാസ്ത്രീകൾ നമ്മുടെ പുണ്ണ്യവതി അവരുടെ ആശ്രമ മൂപ്പത്തിയായി തെരിഞ്ഞെടുക്കപ്പെട്ടവൎത്തമാനം കെട്ടിട്ട നന്നാ കലങ്ങിയിരുന്നു, ചിലര അവര അറിയാതെ നൂതനമായിട്ട ഒരു മൂപ്പത്തികല്പിക്കപ്പെട്ടതുകൊണ്ട ആവലാധിപറഞ്ഞിരുന്നു മറ്റു ചിലര മാർ യൌസെപ്പ പുണ്ണ്യവാളന്റെ ദെസ്കാൾസെ കന്യാസ്ത്രീകളെപൊലെ ജീവിപ്പാൻ മനസ്സാകുന്നില്ല എന്ന പറഞ്ഞിരുന്നു ഭക്തിയില്ലാത്ത മറ്റു ചിലരും ത്രെസ്യ അവിടെചെന്നാൽ ആശ്രമത്തിന്റെ വാതിലുകളും സംസാരമുറികളും അടെക്കപ്പെടുമെന്നും ഇഷ്ടംപൊലെയുള്ള സംസൎഗ്ഗങ്ങളും അവിടെ നടപ്പായ മറ്റു ചില ഉല്ലാസങ്ങളും മുടക്കപ്പെടുമെന്നും മുമ്പിൽകൂട്ടി കണ്ടതിനാൽ കലങ്ങി ഇ

ങ്ങനെയുള്ള മൂപ്പത്തിയെ കൈക്കൊള്ളുകയില്ലന്ന നിലവിളിച്ചിരുന്നു.

നമ്മുടെ ശുദ്ധമാകപ്പെട്ടവൾ അവിടെചെന്നാറെ കന്ന്യാസ്ത്രീകൾ എല്ലാവരും പ്രാൎത്ഥന സ്ഥലത്തിൽ കൂട്ടുവാൻ പ്രൊവിൻസ്യാൾ കല്പിച്ചു, അവരെല്ലാവരും കൂടിയാറെ ആദെഹം ഒരംശൊടെ ത്രെസ്യാ അവിടത്തെ മൂപ്പത്തിയായി കല്പിക്കപ്പെട്ടതിന്ന പടെസ്സന്തിവായിച്ചു, അപ്പൊൾ ആ കന്ന്യാസ്ത്രീകളിൽ പലരും എഴുന്നെററ നിന്ന ഇങ്ങനെയുള്ള തെരിഞ്ഞെടുപ്പ സമ്മതമല്ല യെന്ന പ്രതിജ്ഞയായി പറഞ്ഞതുകൂടാതെ നമ്മുടെ പുണ്യവാളത്തിയെ കൊണ്ട കുറച്ചിലായിട്ടുള്ള ചിലമൊഴികളെ പറകയുഞ്ചെയ്തു. എന്നാൽ ആ ശുദ്ധമാകപ്പെട്ട സ്ഥലത്തിൽ വിവെകവും പുണ്യവുമുള്ള കന്ന്യാസ്ത്രീകളുമുണ്ടായിരുന്നു, ഇവര ചുരുങ്ങിയ കൂട്ടമായിരുന്നുവെങ്കിലും പുണ്യമായ ധൈൎയ്യങ്കൊണ്ടും കൊണ്ട കുരിശിനെ പിടിച്ച അവരുടെ അമ്മയെഎതിരെല്ലാൻ പൊകയും ചെയ്തു. ഭക്തിയില്ലാത്തവര വിരൊധിച്ചിരുന്നുവെങ്കിലും പ്രൊവിൻസ്യാളിന്റെ ശാസനയാലും കല്പനകളാലും അടങ്ങുകയും ചെയ്തു.

നമ്മുടെപുണ്യവാളത്തി അവരുടെമെൽ അനുഗ്രഹിച്ച ശുദ്ധ— കുൎബ്ബാനയുടെ തിരുമുമ്പാകെ ചെന്ന സാഷ്ടാംഗമായിവീണ കടലും കൊടുങ്കാററും അടങ്ങി സമാധാനം ഉണ്ടാകുവാൻ കല്പിച്ചരുളെണമെന്ന തന്റെദിവ്യമണവാളനൊട പ്രാൎത്ഥിക്കയും ചെയ്തു: ഇതു ചെയ്തുകഴിഞ്ഞിട്ട നമ്മുടെപുണ്യവാളത്തി കന്ന്യാസ്ത്രീകളെ എല്ലാവരെയും സഭകൂട്ടമായിട്ടവിളിച്ചുകൂട്ടി, കന്ന്യാസ്ത്രീകളിൽ പലരും പിശാചിന്റെ തന്ത്രത്താൽ പൈത്യം പിടിച്ചതിൻവണ്ണമായിരുന്നതുകൊണ്ട പുണ്യവാളത്തി അവരെ കൎശനമായിട്ട കുററപ്പെടുത്തുമെന്നും കഠിനമായ പ്രാശ്ചിത്തങ്ങളെ അവരൊടുകല്പിക്കുമെന്നും, നൂതന ക്രമചട്ടങ്ങളെയും പ്രമാണങ്ങളെയും സ്ഥാപിക്കുമെന്നും വിചാരിച്ചു തന്നൊട്ട

മറുതലിപ്പാനുള്ള മനസ്സൊട്ടുക്കൂടെ പ്രാൎത്ഥന സ്ഥലത്തിൽ പൊയി സഭക്കൂട്ടത്തിൽ ക്കൂടുകയും ചെയ്തു: എന്നാൽ എല്ലാവരും ക്കൂടെണ്ടുന്ന പ്രാൎത്ഥന സ്ഥലത്തിൽ മൂപ്പത്തി സഭക്കൂടുമ്പൊൾ ഇരിക്കെണ്ടുന്ന കസെരയിൽ നമ്മുടെ ശുദ്ധമാകപ്പെട്ടവൾ ആശ്രമത്തിന്റെ താക്കൊൽ പിടിച്ച ദെവ മാതാവിന്റെ എത്രയും അഴകുള്ള ഒരുരൂപം വെച്ചിച്ചു, താൻ ഇരിക്കെണ്ടുന്നതിന്ന അതിന്റെ താഴെ എററം പൊക്കംകുറഞ്ഞതായ ഒരു വങ്കുവെക്കയും ചെയ്തു: കന്ന്യാസ്ത്രീകൾ പ്രാൎത്ഥന സ്ഥലത്തിൽ പ്രവെശിക്കയിൽ മുമ്പിലത്തെനൊട്ടം അവരു വെറുക്കുന്ന മൂപ്പത്തിയുടെ കസെരയിലൊട്ടായിരുന്നതിനെ കൊണ്ടു മൂപ്പത്തിക്കു പകരമായിട്ട കൎമ്മെലൊസഭയുടെ പ്രിയംനിറഞ്ഞ അമ്മയായ ദെവമാതാവിനെ കണ്ടതിനാൽ മനസ്സിളകി ഭയത്താൽ വിറെച്ച അവരു കാണിച്ചതെല്ലാം ശിക്ഷയ്ക്കു പാത്രമായ കുററങ്ങളാകുന്നു വെന്ന ബൊധിച്ചതെന്നിയെ അവരുടെ അഭിപ്രായങ്ങളും മനസ്സും ഹൃദയവും മുഴുവനും പകൎന്നു പൊകയും ചെയ്തു.

കന്ന്യാസ്ത്രീകൾ എല്ലാവരും ഇരുന്നതിന്റെശെഷം നമ്മുടെപുണ്ണ്യപതി എത്രയും പക്ഷമായ വചനമായി ഒരു പ്രാൎത്ഥ പറഞ്ഞു, അതിനാൽ ആ സ്ഥാനവും ഉദ്ദ്യൊഗവും എല്ക്കെണ്ടി വന്നപ്പൊൾ തനിക്കു മഹാ സംകടവും വ്യാകുലവുമുണ്ടായിയെന്നും, അവരെസന്തൊഷിപ്പിച്ച തൃപ്തിയാക്കുന്നതിന്നും അവൎക്ക ചിററാഴ്മ ചെയ്യുന്നതിന്നും ചൊരചിന്തി ജീവനെയും കൊടുപ്പാൻ ദിക്കുതിവന്നാലും അതുമാത്രം താനാഗ്രഹിക്കുന്നു വെന്നും പറഞ്ഞ എല്ലാവരെയും തെളിയിക്കയും ചെയ്തു: അപ്പൊൾ കന്ന്യാസ്ത്രീകൾ എല്ലാവരും തനിക്കു കീഴ്പ്പെട്ടു പലരും തന്റെ പുണ്ണ്യപ്പെട്ട ഗുണദൊഷങ്ങളാലും പ്രത്യെകംതന്റെ ശുദ്ധമാകപ്പെട്ട ദൃഷ്ടാന്തങ്ങളാലും പുണ്ണ്യത്തിൽ വൎദ്ധിപ്പാൻ താല്പൎയ്യമുള്ളവരായി മഹാ എതിരൊട്ടുക്കൂടെ ദൈവചി

റൊഴ്മയും തങ്ങളെ കയ്യാളിക്കയും ചെയ്തു. നമ്മുടെ പു
ണ്ണ്യവാളത്തി വചനങ്ങളാൽ അവരുടെനെരെ കാണി
ച്ചിരുന്ന മഹാപക്ഷം പ്രവൃത്തികളാൽ സ്ഥിരപ്പെടുത്തിവ
ന്നിരുന്നതിനെ കൊണ്ട ആ കന്യാസ്ത്രീകൾ എല്ലാവരും
അന്തസ്ഥിന്നടുത്ത പുണ്ണ്യസാംശൊപാംശത്തിൽ മെല്ക്കുമെ
ൽ വൎദ്ധിച്ചുവരുവാൻ കാരണമാകയും ചെയ്തു. സംസാ
രമുറികൾ അടെക്കപ്പെട്ടുമെന്നും വ്യൎത്ഥമായ സംസൎഗ്ഗങ്ങ
ൾ മുടക്കപ്പെട്ടുമെന്നും ഭയപ്പെട്ടിരുന്ന കന്യാസ്ത്രീകൾ ത
ന്നെ നമ്മുടെ പുണ്ണ്യപതിയുടെ ഉചിതമായ ദൃഷ്ടാന്തങ്ങ
ളെ കണ്ടിട്ട സുബൊധമുള്ളവരായി മുമ്പിൽ ഭയപ്പെട്ടിരു
ന്നകാൎയ്യം അവരാഗ്രഹിച്ചുതുടങ്ങി എന്നതിനെകൊണ്ട പു
ണ്ണ്യവാളത്തി മനസ്സുപൊലെയെങ്കിലും മഹാ വിവെകു
ത്തൊടുകൂടെ സകലത്തെയും ക്രമപ്പെടുത്തിയതിനാൽ ആ
യാശ്രമത്തിൽ വെഗത്തിൽ ലൊകനിന്ദ പരമനന്മകളു
ടെ ആഗ്രഹംമുതലായ പുണ്ണ്യങ്ങൾ മുളെച്ച ഈശൊമി
ശിഹായുടെതിരുഹൃദയത്തിന്ന എത്രയും ഇൻപമുള്ളസൌ
രഭ്യം വീശിതുടങ്ങി എന്നതന്നെയുമല്ല പിന്നെയൊ സൎവ്വെ
ശ്വരൻ യാക്കൊബിനെകുറിച്ച ലബാന്റെ വീട്ടിനെയും
യൌസെപ്പുമഹാന്തരമായിട്ട മെസ്രെൻകാരൻ പുത്തിപാ
റന്റെ വീട്ടിനെയും ആശീൎവ്വദിച്ചതുപൊലെ നമ്മുടെപു
ണ്ണ്യമ്മയുടെ വാസത്താൽമെൽചൊല്ലിയ ആശ്രമം ലൊ
കനന്മകളിലും ആശീൎവ്വദിക്കപ്പെടുകയും ചെയ്തു.

മെൽചൊല്ലിയ ഗുണങ്ങൾ എല്ലാം നമ്മുടെപുണ്ണ്യവാ
ളത്തിയുടെ ഹൃദയത്തിന്ന പൊരാഞ്ഞിട്ട തന്റെ യൊഗ്യ
ജ്ഞാനമകൻ യൊഹന്നൻ ആക്രൂസെന്ന പുണ്ണ്യവാളൻ
ആ കന്യാസ്ത്രീമഠത്തിന്റെ കുമ്പസാരക്കാരനായിട്ട നിയ
മിക്കപ്പെടുവാൻ തന്നാൽ ആകുന്ന വെല ശ്ലീഹായ്ക്കടുത്ത
കൊമ്മിസ്സാരിയുടെപക്കൽ ചെയ്യാറെ ആഗ്രഹംപൊലെ
സാധിക്കയും ചെയ്തു: ഈ മഹാപുണ്ണ്യവാളന്മാര ഇരുവ
രും ആ ജ്ഞാനതൊട്ടത്തിൽ വെല ചെയ്യാൻ തുടങ്ങിയ

...പ്പോൾ ആയാശ്രമത്തിൽ ഉണ്ടായ പകച്ചയും വിളങ്ങിയ പുണ്ണ്യങ്ങളും ഇന്നപ്രകാരമെന്ന വചനത്താൽ പറഞ്ഞു ...പ്പിപ്പാൻ എളുപ്പമുള്ള കാൎയ്യമല്ല·

## പതിനാറാംഅദ്ധ്യായം

ഇൻക്കണ്ണാസ്സ്യൊനിന്റെആശ്രമത്തിന്നുണ്ടായ മറ്റചില ഗുണങ്ങളും, അവിടെവെച്ചു സംഭവിച്ച ചില വിശെഷമായ സംഗതികളും, പുണ്ണ്യവാളത്തി അതിന്നിടയിൽ ചിലആശ്രമങ്ങളെ സ്ഥാപിക്കുന്നതിന്നു ചെയ്യുപ്രയാണങ്ങളും·

നമ്മുടെ വിരപതി ഇൻക്കണ്ണാസ്സ്യൊനിന്റെ ആശ്രമത്തിന്റെ മൂപ്പത്തിയായി തന്റെ പുത്രമക്കളുടെ ഇടയിൽ പൂൎവ്വ് എരിവിനെ മുളെപ്പിക്കുന്നതിന്നും എരിയിക്കുന്നതിന്നും പ്രയാസപ്പെട്ടുവരുമ്പൊൾ തന്റെഹൃദയത്തിൽ ഒമന മകളായിട്ടു എന്നപൊലെ താൻ സ്നെഹിച്ചിരുന്ന കൎമ്മലീത്ത സഭയുടെ പുത്തനാക്കിപ്പിനെ മറന്നുവെന്ന വിചാരിക്കെണ്ട, അതെന്തെ ഗുണദൊഷങ്ങളാലും എഴുത്തുകളാലും അതിന്ന തന്നാൽകഴിഞ്ഞസഹായവും ഗുണവും ചെയ്തിരുന്നു: പുത്തനാക്കിപ്പിന്റെ അമ്മയെന്നുള്ള സ്ഥാനത്തിന്ന തക്കതിൻവണ്ണും ൧൫൭൦ കാലത്തിൽ ഇൻക്കണ്ണാസ്സ്യൊനിന്റെ ആശ്രമമൂപ്പത്തിയായിരിക്കുമ്പൊൾ തന്നെ പിന്നത്തെ കാലങ്ങളിൽ തന്റെവഴിയാത്രകളിൽ വിശ്വാസമുള്ള കൂട്ടുകാരത്തിയും തന്റെഅരൂപിയുടെഅവകാശിയുമായ കീൎത്തിപെട്ട അന്നാ ദെ സാൻ വൎത്തൊലൊമായെന്ന വാഴ്ത്തപ്പെട്ടവൾ ധ്രയാണ്ടിൽ ചിങ്ങമാസം ൨൦ ന്നു‌ വഴങ്ങൊപ്പു ചെയ്യുന്നതിന്ന വെണ്ടിയിരുന്ന

അനുവാദം നമ്മുടെപുണ്യവാളത്തി കൊടുത്തയക്കയുംചെ
യ്തു. ആയതിൻവണ്ണംതന്നെ നമ്മുടെ പുണ്യപിതാവ മാ
ർയൊഹന്നൻ ആക്രൂസ പസ്ത്രാന കൊവെന്തയിൽ പുതു
സന്ന്യാസികളുടെ ഗുരുവെന്നുള്ള സ്ഥാനത്തെ ഒഴിഞ്ഞ അ
ല്കലാ നഗരിയിൽ സ്ഥാപിക്കപ്പെട്ടിരുന്ന ആശ്രമത്തിൽ
പ്രിയൊരായിട്ട പൊകെണ്ടിവന്നതിനാൽ ഗെൻറിയെൽ
മാലാകിായുടെ അഞ്ചെലൊ എന്ന മൂപ്പൻപാദ്രിയെ പുതു
സന്ന്യാസികളുടെ ഗുരുവായിട്ട നിയമിച്ചു, എന്നാൽ ഠരം
ദെഹം പുറമെ കാണപ്പെടുന്ന തപസ്സുകളുടെമെൽ മഹാ
പക്ഷക്കാരനായിരുന്നതിനാലും ചെറുപ്പംകൊണ്ട പരിച
യം പൊരാഞ്ഞതിനാലും ദെസ്കാൾസുസഭക്കാരരുടെന്യാ
യത്തിനും ക്രമത്തിനും ചെരാത്ത പല ക്രട്ടങ്ങളിൽ പുതു
സന്ന്യാസികളെ അഭ്യസിപ്പിപ്പാൻ തുടങ്ങിയതിനെകൊണ്ട
നമ്മുടെ സഭയുടെ പ്രധാന തലവന്മാര സഭയുടെനാശ
ത്തിന്മെൽ ഭയപ്പെട്ട മാർയൊഹന്നൻ ആക്രൂസെന്ന പി
താവിനെ പസ്ത്രാന കൊവെന്തയുടെ മൂപ്പനായിട്ട വീ
ണ്ടുനിയമിക്കയും ചെയ്തു. നമ്മുടെപുണ്യവാളൻ ഫെബ്രൊവ
കാലം ആരംഭിച്ചപ്പൊൾ അവിടെചെന്നാറെ ആ ഗുരു
പഠിപ്പിച്ചത പുതുസന്ന്യാസികളുടെ മനസ്സിൽ ഉറച്ചുപൊ
യാൽ പിന്നീട അവരെ നമ്മുടെസഭയുടെ ചൊവ്വുള്ളആ
രൂപിയെ ഗ്രഹിപ്പിപ്പാൻ പ്രയാസമെന്നുകണ്ടതിനാൽ ആ
ഗുരുവിനെ മാറ്റുകയും ചെയ്തു: എന്നാൽ ആ ദെഹത്തി
ന്ന കുറെ സങ്കടംതൊന്നിയതിനാൽ ആദെഹം സഭയെ
സ്ഥാപിച്ച അമ്മയായ നമ്മുടെ പുണ്യവാളത്തിക്ക എഴുതു
കയും ചെയ്തു: പുണ്യവാളത്തി ഉടനെ തന്റെ ഒമന മ
കനായ യൊഹന്ന ചെയ്യുന്നതും പഠിപ്പിക്കുന്നതും ശരിയെ
ന്നും അഞ്ചെലൊ മൂപ്പൻ പാദ്രി പ്രവൃത്തിച്ചത ശരിയല്ലെ
ന്നും തീൎച്ചയായിട്ട വിധിച്ചുവെങ്കിലും മഹാ എളിമയുള്ള
വരായിരുന്നതിനാൽ തന്റെബൊധത്തിന്മെലും അഭിപ്രാ
യത്തിന്മെലും മുഴുവൻ ഉറെക്കാതെ സല്ലമാൻക്ക പട്ടണ

ത്തിൽ പാൎത്തിരുന്ന ദൊമ്മിനിക്കൊ ബാഞ്ഞസ് എന്ന കീ
ൎത്തിപെട്ട ദെഹത്തിന്ന ൟ വിവരങ്ങളെ എല്ലാം എഴു
തി അഞ്ചെലൊ മൂപ്പൻപാദ്രിയുടെ ന്യായങ്ങളെ അടക്കി
കൊണ്ടിരുന്ന ആ ദെഹത്തിന്റെ എഴുത്തും കൊടുത്തയ
ക്കയും ചെയ്തു. ആ കീൎത്തിപെട്ട തെയൊലൊജ്യ ശാസ്ത്ര
കാരൻ [illegible] ആണ്ടിൽ മെടമാസം ൨൩ തിയ്യതി പുണ്യ
വാളത്തിക്ക എഴുതിയ മറുപടിയിൽനിന്ന നമ്മുടെസന്യാ
സികൾ സൂക്ഷത്തൊടുകൂടെവായിച്ച നന്നായിട്ടുഗ്രഹിക്കെ
ണ്ടുന്ന ചില വാക്യങ്ങളെ മാത്രം തെരിഞ്ഞെടുത്ത ഇവി
ടെ വെക്കുന്നു: "കൎമ്മെലീത്ത സഭയുടെ പൂൎവ്വ റെഗുലയു
,,ടെ തക്കതിൻവണ്ണം ഇത്രകഠിനമായ ഏകാന്തംപറഞ്ഞൊ
,,ത്തിരിക്കുന്ന സന്യാസികൾ കൊവെന്തയിൽ നിന്ന പുറ
,,ത്തിറങ്ങിലൊകരെ ഭയപ്പെടുത്തുവാൻതക്കപ്രായശ്ചിത്ത
,,ങ്ങളെചെയ്യുന്നത വിവെകമററ പ്രായശ്ചിത്തങ്ങളും ത
,,പസ്സുകളു മത്രെ ആയത, പുതു സന്യാസികളുടെ പറ
,,ഞ്ഞൊപ്പും അന്തസ്ഥം ഏകാന്തത്തിന്നടുത്തതായിരിക്കും
,,പൊൾ സ്വാതന്ത്ര്യത്തിന്നടുത്ത പ്രായശ്ചിത്തങ്ങളിൽ അ
,,വരെ അഭ്യസിപ്പിക്കുന്നത കൎമ്മെലീത്ത പുതുസന്യാസിക
,,ളെ വളൎത്തുന്നതിന്ന നല്ലമുറയല്ല: ൟ കാൎയ്യത്തിൽവെ
,,ച്ച അഞ്ചെലൊ മൂപ്പൻപാദ്രി, ഇന്ന, ദൎശനക്കാരരെ ക
,,ണ്ടുപഠിപ്പാൻ ഭാവിക്കുന്നു എന്നുപറയുന്നത കൎമ്മെലീത്ത
,,സഭയെ പകൎത്തിട്ട വെറിട്ടൊരു സഭയുണ്ടാക്കുന്നതത്രെ
,,ആകുന്നു അതെന്തെ അവൎക്ക സ്വന്തമായിട്ടുള്ള ഉടുപ്പില്ല
,,അവര ഏകാന്തം മിണ്ടടക്കം പറഞ്ഞൊക്കുന്നില്ല അവ
,,ൎക്ക നൊയമ്പുകളില്ല അവര പ്രാൎത്ഥനസ്ഥലത്തിൽ കൂട്ട
,,മായിട്ട ജപധ്യാനം ചെയ്യെണമെന്നില്ല സന്യാസിയാ
,,കുന്നവൻ അവന്റെ പറഞ്ഞൊപ്പിന്നു തക്കതിൻവണ്ണം
,,നടക്കട്ടെ. എന്നാൽ ലൊകം അവന്റെ പ്രായശ്ചിത്ത
,,ങ്ങളെയും തപസ്സുകളെയും കാണുന്നില്ല യെങ്കിലും അവ
,,ൻ പുണ്യവാളനാകും... ആ അച്ചനെ ആശ്വസിപ്പിച്ചു

,,കീഴ്പ്പെഴങ്ങുവാനും, മൌനമായിരിപ്പാനും ബുദ്ധിചൊല്ലി
,,കൊടുത്ത സമ്മതിപ്പിക്കണം, അതെന്തെ നമ്മുടെകൎത്താ
,,വ ൟശൊമിശിഹാ മുപ്പതുവൎഷത്തിൽ അധികം മൌ
,,നമായിരുന്നിട്ടു രണ്ടുവൎഷം മാത്രം പ്രസംഗിക്കയും ചെ
,,യ്തു,, ൟ മഹാ ശാസ്ത്രീയുടെ വചനങ്ങളാൽ നമ്മുടെ
ശുദ്ധമാകപ്പെട്ട മാതാപിതാക്കന്മാരുടെ നടത്തലും പുതു
സന്ന്യാസികളെ നടത്തിവന്നക്രമവും ഉറപ്പിക്കപ്പെട്ടു. എ
ന്നാൽ അഞ്ചെലൊ മൂപ്പൻപാദ്രി ഇതിനാൽ അടങ്ങിയെ
ന്നുവിചാരിപ്പാൻ ന്ന്യായമായിരിക്കുന്നു.

അപ്പഴൊ ശുദ്ധമാകപ്പെട്ടവൻ തന്റെ പ്രിയപ്പെട്ട
ദെസ്കാൽസുസഭയുടെ വിചാരവും താല്പൎയ്യവും വിടാതെ
സൎവ്വെശ്വരന്റെ സ്ഥാനത്തിലുള്ളവരുടെ പ്രമാണത്താൽ
തന്റെവിചാരണയ്ക്കു എല്പിക്കപ്പെട്ട ആശ്രമത്തിന്റെ ഗു
ണത്തെയും മഹാ താല്പൎയ്യത്തൊടുകൂടെ വിചാരിച്ചു വരി
കയും ചെയ്തിരുന്നു. തന്റെ എററം പ്രിയമുള്ളമകനും, തു
ല്യമായിട്ടുള്ള അരൂപിയാൽ നിറഞ്ഞവനുമായ യൊഹ
ന്നൻ പുണ്ണ്യവാളന്റെ സഹായവും താല്പൎയ്യവും കൂടിയാ
റെ ഇൻകൎണ്ണാസ്യൊനിന്റെ ആശ്രമ കന്ന്യാസ്ത്രീകളും,
മാർ യൌസെപ്പു പുണ്ണ്യവാളന്റെ ദെസ്കാൽസു കന്ന്യാ
സ്ത്രീകളും തമ്മിൽ ഉൾപ്പെഭെദമല്ലാതെ സമമുള്ള പുണ്ണ്യ
സാംഗൊപാംഗത്താൽ അലംകരിക്കപ്പെട്ടവരായി തീരു
കയും ചെയ്തു. തങ്ങളുടെ ജ്ഞാനഅമ്മയുടെ പക്കലും കു
മ്പസാരക്കാരന്റെപക്കലുംവിളങ്ങി പ്രകാശിച്ചിരുന്ന അ
തിശയമായ പുണ്ണ്യങ്ങളെ ബൊധിപ്പാനുള്ളതിന്ന ൟ ര
ണ്ടു സെറാഫെമാലാഖാമാൎക്കുത്ത ശുദ്ധമാകപ്പെട്ടവരൊ
ടുണ്ടായ പെരുമാററം കൊണ്ടു ആ കന്ന്യാസ്ത്രീകൾക്ക ഇ
ടകൂടിയതുകൂടാതെ സൎവ്വെശ്വരൻഇരുവൎക്കും ധാരാളമാ
യിട്ടു ചെയ്തുവന്ന വിശെഷ നന്മകളും നൽകിയ ഉത്തമ
വരങ്ങളെയും തങ്ങളുടെകണ്ണാലെ പലപ്പൊഴും കാണ്മാ
നുള്ളതിന്ന ഭാഗ്യക്കാരരാകയും ചെയ്തു: അതെങ്ങനെ എ

ന്നാൽ ഒരാണ്ടിൽ ശുദ്ധ. ത്രിത്വത്തിന്റെ തിരുനാൾദിവ
സത്തിൽ നമ്മുടെ പുണ്യവാളത്തിയും ശുദ്ധമാകപ്പെട്ട കു
മ്പസാരക്കാരനും ഇൻക്കണ്ണാസ്യോൻ ആശ്രമത്തിന്റെ
സംസാര മുറിയിൽക്കൂടി പുണ്യവാളത്തിയുടെ അപെക്ഷ
യ്ക്കു യൊഹന്നൻ ആക്രൂസ മന്മസുഖത്തിന്റെരഹസ്യത്തി
ന്മെൽ സംസാരിച്ചുതുടങ്ങി ആ നന്മകളുടെ സമുദ്രത്തിൽ
കടന്നിട്ടു പുണ്യവാളന്റെ ബൊധത്തിൽ വെളിവും ഹൃ
ദയത്തിൽ സ്നെഹാഗ്നിയും ത്രിത്വൈകസവ്വെശ്വരൻ അതി
ശയമായ പ്രകാരത്തിൽ പൊഴിച്ചതിനാൽ ശരീരത്തിന്ന
വഗ്ഗത്താലെയുണ്ടായിരിക്കുന്ന കനംനീങ്ങി എററം ലഘു
വായിരിക്കുന്ന പഷ്പ കാററുവീശുമ്പൊൾ ആകാശത്തിൽ
പറക്കുന്നതിൻവണ്ണം താൻജ്ഞാനപരവശമായി തന്റെ
ശരീരം ഇടവിധാനത്തിൽ പൊങ്ങുവാൻ പൊകുന്നുവെ
ന്ന എളിമയുള്ള നമ്മുടെ പിതാവ അറിഞ്ഞ അതിന തട
വു ചെയ്യുവാൻവെണ്ടി താനിരുന്നിരുന്ന നാൽക്കാലി ഉറപ്പാ
യിട്ടുപിടിച്ചു എന്നാൽതന്നെ വലിച്ചിരുന്ന ദൈവതൃപി
യുടെ ശക്തി ആ വിഘ്നത്തെയും ജയിച്ച നാല്ക്കാലിയൊ
ടുകൂടെ സംസാരമുറിയുടെ തട്ടൊളം പൊങ്ങുകയും ചെ
യ്തു. മകനെപൊലെ ശരിയായിട്ടുള്ള വരങ്ങളെ ആനെ
രത്ത കൈകൊണ്ട അമ്മയും പരവശമായി ആശ്രമത്തി
ന്റെ കുമ്പസാരക്കാരനായിരുന്ന പുണ്യവാളനൊടും സം
സാരിക്കുമ്പൊൾ മുട്ടിന്മെൽനില്ക്കു പതിവായിരുന്നതിനെ
കൊണ്ട മുട്ടിന്മെൽനില്ക്കുന്ന ഭാഷയായിട്ട ഉടുപ്പിന്റെയാ
തൊരു പകച്ചയും മാററവും കൂടാതെ താനും, തട്ടൊളം
പൊങ്ങുകയും ചെയ്തു: ഈവണ്ണം പൊങ്ങിയിരുന്നനെര
ത്ത ഈശൊടെ ബെഅത്രി ചെന്ന കന്യാസ്ത്രീ പുണ്യവാ
ളത്തിയൊട എതാണ്ട പറയുന്നതിന്ന ആ മുറിയിൽ ചെ
ന്ന ഈ അത്ഭുതം കണ്ടപ്പൊൾ വിസ്മയംകൊണ്ട ബൊധ
ക്ഷയം വരുവാൻ തുടങ്ങി എന്തു ചെയ്യെണ്ടുവെന്ന അറി
യാതെ വെഗം ഒടിചെന്ന ശെഷംകന്യാസ്ത്രീകളെ വിളി

ച്ച അവരെല്ലാവരുംവന്നഅവരുടെകണ്ണാലെ സർവ്വെശ്വരന്റെ അത്ഭുതങ്ങളെ താൻഅവൎക്ക കാവല്ക്കാരരായിട്ടും ജ്ഞാന മാതാപിതാക്കന്മാരായിട്ടും രണ്ടുക്രാവമാലാഖമാരെ കല്പിച്ച കൊടുത്തതിനെയും കാണ്മാൻ സംഗതി വരികയും ചെയ്തു.

വെറിട്ടൊരു സമയത്ത യൊഹന്നൻ ആക്രൂസ നമ്മുടെപുണ്യവാളത്തിയൊട അരൂപിക്കടുത്തകാൎയ്യങ്ങൾകൊണ്ട സംസാരിച്ചിരിക്കയിൽ ജ്ഞാനപരവശമായി പൊകുന്നവെന്നകണ്ടഅതിനെമറെപ്പാൻവെണ്ടിപെട്ടന്നആദെഹം ഇരുന്നിരുന്നകസെരയിൽനിന്ന ചാടി എഴുന്നെററുനിന്നു, ത്രെസ്യ കാരണമറിഞ്ഞ പരവശമാകയ്യൊകുവാൻപൊകുന്നൊ എന്ന പുണ്യവാളനൊട ചൊദിച്ചതിന്ന എളിമയാൽ ഉത്തമനായ താൻ തെളിവായിരിക്കുന്നകാൎയ്യത്തെ കഴിയുന്നെടത്തൊളം മറെക്കുന്നതിന്ന അതെ എന്നതൊന്നു എന്നമാത്രം ഉത്തരിക്കയും ചെയ്തു. എന്നാൽ നമ്മുടെ പുണ്യവാളത്തി പുണ്യവാളനെ കുറിച്ച എഴുതി സാക്ഷിച്ചിരിക്കുന്നത നൊക്കിക്കുമ്പൊൾ മെൽ ചൊല്ലിയ ജ്ഞാന പരവശങ്ങളും മററും നമ്മുടെ പുണ്യവാളന്ന സാമാന്യമായ കാൎയ്യങ്ങൾ ആയിരുന്നുവെന്ന തിരിയും; പുണ്യവാളത്തിയുടെ വചനങ്ങൾ ആകുന്നതെന്തെന്നാൽ "എന്റെ യൊഹന്നൻ ആക്രൂസച്ചനൊട സർവ്വെശ്വരന്റെ „കാൎയ്യംകൊണ്ട സംസാരിച്ചാൽ ആ ദെഹം ഉടനെ പരവശമാകും, തന്നൊട സംസാരിക്കുന്നവരും പരവശ „മാകുന്നതിന്ന ഇടവരുത്തുകയും ചെയ്യുന്നു„

൦രം വചനങ്ങളാൽ യൊഹന്നൻ ആക്രൂസെന്ന പുണ്യവാളന്റെ അതിശയമായ പുണ്യത്തെ സ്തുതിച്ചതിനൊടുകൂടെ നമ്മുടെ ശുദ്ധമാക്കപ്പെട്ട അമ്മ ഒക്കാതെ തന്റെ പുണ്യത്തെയും താനും പരവശമായിപൊകുന്നതിനെയും വെളിപ്പെടുത്തുകയും ചെയ്തു. മെൽ എഴുതിയത എല്ലാം ഉണ്ടായതിൽ ഒരു ചെറിയപങ്കായിരുന്നാലും അ

ത നാം വായിച്ചഗ്രഹിച്ചതിന്റെശെഷം ഇൻക്കണ്ണ്ന്ത്യൊ നിന്റെ കന്യാസ്ത്രീകൾ പുണ്യവാളത്തിയുടെമെൽ മഹാ പക്ഷമായിയെന്നും ന്യായപ്രമാണങ്ങൾക്കു തക്കതിൻ വണ്ണം അവരെ മൂന്നവൎഷത്തെക്ക ഭരിച്ചിട്ട അവരു തന്നെ പിന്നെയും മൂന്നവൎഷത്തെക്ക അവരെ ഭരിപ്പാൻതക്കതിൻ വണ്ണം എകൊത്ഭവിച്ച പുണ്യവാളത്തിയെ തെരിഞ്ഞെടുത്തുവെന്നും, ആയത പ്രൊവിൻസ്യാളിന്റെവിരൊധമായകല്പനമുഖാന്തരത്താൽ സാധിക്കായ്കകൊണ്ട ഫഭൈ കാലം വീണ്ടും പുണ്യവാളത്തിയെ തെരിഞ്ഞെടുത്തുവെന്നും കെൾക്കുമ്പൊൾ വിശ്വസിപ്പാൻ എത്രയൊ എളുപ്പമുള്ളകാൎയ്യമായിരിക്കുന്നു· എന്നാൽ ത്രെസ്യ തന്റെപ്രിയപ്പെട്ട പുതു സഭയുടെ വൎദ്ധിപ്പിന്നും ഗുണത്തിന്നും വെണ്ടി എറിയജൊലികളിൽ ഉൾപ്പെട്ട അവരുടെമൂന്നാമത്തെ തെരിഞ്ഞെടുപ്പിന്നും സമ്മതിപ്പാനും ആയാശ്രമത്തിൽ മുഷ്പത്തിയായി ഭരിപ്പാനും സംഗതിവന്നില്ല· എന്നുതന്നെയുമല്ല പിന്നെയൊ അവരെ ഭരിച്ചുവന്ന മൂന്നു വൎഷത്തിന്നിടയിൽ സല്പമാൻക്കാ എന്നപട്ടണത്തിൽ സ്ഥാപിച്ചിരുന്ന തന്റെപ്രിയപ്പെട്ട ദെസ്കാൾസു കന്യാസ്ത്രീകളുടെ ആശ്വാസത്തിന്നും സഹായത്തിന്നുമായിട്ട അവിടെപൊകുവാനും സല്പമാൻക്കയിൽനിന്ന സെഗൊവ്യ, വെആസ് എന്നരണ്ട നഗരികളിൽ രണ്ടുപുത്തൻആശ്രമങ്ങളെ സ്ഥാപിപ്പാനും പൊകെണ്ടിവന്നു· സല്പമാൻക്ക പൊകുന്ന വഴിയാത്രയിൽ പല ആളുകൾ ആയിരുന്നതിനാൽ രണ്ടു കൂട്ടമായിട്ട പിരിഞ്ഞനടന്നിരുന്നു, നമ്മുടെപുണ്യവാളത്തിയും തന്റെ കൂട്ടുകാരത്തിയായ കന്യാസ്ത്രീയും രണ്ടാമത്തെ കൂട്ടത്തിലായിരുന്നു, മുവിലത്തെക്കൂട്ടം വെഗം മുന്നൊട്ടുനടന്നു, രണ്ടാമത്തെ കൂട്ടത്തിലെ ആളുകൾ അധിക താല്പൎയ്യമില്ലാത്ത ആളുകൾ ആയിരുന്നതിനാൽ സൂക്ഷംകൂടാതെനടന്നു എന്നിട്ട പുണ്യവാളത്തിയും മറെറ കന്യാസ്ത്രീയും പുറകിലായി വഴിതെറെറിപൊകയും ചെയ്തു: എല്ലാവരും കൂട്ടെണ്ട

ന്ന സ്ഥലത്തിൽ രണ്ടാമത്തെ ക്രൂട്ടം ചെന്നപ്പൊൾ പുണ്ണ്യ വാളത്തിയെ കാണായ്കകൊണ്ട എല്ലാവൎക്കും മഹാസങ്കടമുണ്ടായി, ഇങ്ങനെ ആ രാത്രിയിൽ സങ്കടത്തൊടു ഇരുന്നിട്ട വെളുപ്പാറായപ്പൊൾ ഇതാ ശുദ്ധമാകപ്പെട്ടവൾ തന്റെ ക്രൂട്ടുകാരത്തിയൊടുക്രൂടെ സൌഖ്യമായിട്ട ആസ്ഥലത്തിൽ എത്തുന്നതിനെ കാണുകയും ചെയ്തു. രണ്ടുമാലാഖാമാര പന്തങ്ങളെ പിടിച്ച ആ രാത്രിയിൽ പുണ്ണ്യവാളത്തിക്ക വഴികാട്ടികളായി എന്നറിത അന്ന ജീവിച്ചിരുന്ന കന്ന്യാസ്ത്രീകൾ എല്ലാവരും സാക്ഷിച്ചുവന്ന കാൎയ്യമായിരിക്കുന്നു.

അപ്പൊഴാ ൲൭൱൬ാം കാലം ചിങ്ങമാസത്തിൽ സല്ലമാൻക്ക പട്ടണത്തിൽ എത്തി തന്റെമക്കളെ ആശ്വസിപ്പിച്ച അവിടെ ആശ്രമം സ്ഥാപിച്ചനാൾ മുതൽ അതുവരെ വീട്ടിന്റെ സൌഖ്യക്കെട്ടുകൊണ്ടും ഉടയക്കാരന്റെ ഞെരുക്കങ്ങൾ കൊണ്ടും ആ കന്ന്യാസ്ത്രീകൾ അതിശയമായ സന്തൊഷത്തൊടുക്രൂടെയും സങ്കടം പറയാതെയും അനുഭവിച്ചിരുന്ന എണ്ണമില്ലാത്ത സങ്കടങ്ങളെ ഒൎത്ത തന്റെ മക്കളുടെ പുണ്ണ്യ സാംഗൊപാംഗത്തെക്കുറിച്ച സന്തൊഷിച്ചിരുന്നുവെങ്കിലും തന്റെ അമ്മയ്ക്കടുത്ത ഹൃദയം അവരുടെമെൽ അനുഗ്രഹിച്ച വെഗത്തിൽ നല്ലതായിട്ട വെറിട്ട ഒരുവീട അനെക്ഷിച്ച മതിയാകുന്നസൌഖ്യത്തൊടുക്രൂടെ ആ കീൎത്തിപെട്ട പട്ടണത്തിലെ ആശ്രമത്തെ സ്ഥിരപ്പെടുത്തുകയും ചെയ്തു. അതിന്നിടയിൽ മെൽചൊല്ലിയതിൻവണ്ണം സെഗൊവ്യ, വെഅസ് എന്ന രണ്ടു നഗരികളിൽ ചെന്ന ആശ്രമത്തെ സ്ഥാപിക്കുന്നതിന്ന താല്പൎയ്യമായ അപെക്ഷകൾ ആ നഗരികളിൽനിന്ന ചെയ്യപ്പെട്ടതിനാൽ പുണ്ണ്യവാളത്തിക്ക പൊകുവാൻ മനസ്സുണ്ടായിരുന്നുവെങ്കിലും കൊമ്മിസ്സാരി അപ്പസ്തൊലിക്കാ യെന്ന ദെഹം രണ്ടുമൂന്ന വൎഷത്തെക്ക പുത്തൻ ആശ്രമത്തെ സ്ഥാപിക്കാതെ സ്ഥാപിച്ചതിനെ സ്ഥിരപ്പെടുത്തുന്നതിന്നും പുണ്ണ്യപ്പെ

ക്കുന്നതിന്നും വിചാരപ്പെട്ടുവാൻ പുണ്യവാളത്തിയൊട്ട
കല്പിച്ചിരുന്നതിനെകൊണ്ട ആദെഹത്തിനെ ബൊധിപ്പിച്ച
അനുവാദം ചൊദിക്കുന്ന കാൎയ്യത്തിന്മെൽ കുറെ സംശയ
മുണ്ടായിരുന്നു ഇങ്ങനെ ചഞ്ചലപ്പെട്ടു വരികയിൽ ഒരുദി
വസം ധ്യാനിച്ചിരിക്കയിൽ നമ്മുടെരക്ഷനാഥൻ ൟശൊ
മിശിഹാ "അനുവാദത്തിന്ന എഴുതികൊൾക അതെന്റെ
അനുവാദം തരും„ എന്ന പുണ്യവാളത്തിയൊട്ടു കല്പിച്ച
തിനെകൊണ്ട പുണ്യവാളത്തി എഴുതികൊടുത്തയച്ചു ആ
ദെഹം ഒട്ടുംതാമസംക്രൂടാതെ അനുവാദത്തിന്നടുത്ത കല്പ
നകൊടുത്തയക്കയും ചെയ്തു. എന്നാൽ സെഗൊവ്യ ആശ്ര
മത്തെ സ്ഥാപിച്ചു കഴിഞ്ഞപ്പൊൾ തന്നെ വെഅസ് നഗ
രിയിൽ ചെന്ന സ്ഥാപിക്കുന്നതിന്ന ഇടവന്നില്ല, അതെന്തു
കൊണ്ടെന്നാൽ ഇൻക്കൺസ്യൊനിന്റെ ആശ്രമത്തിൽ
താൻ മൂപ്പത്തിയായി ഭരിക്കെണ്ടുന്ന മൂന്നു വൎഷം അവസാ
നിക്കാറായിരുന്നു; പുത്തൻ മൂപ്പത്തിയെ തെരിഞ്ഞെടുക്കുന്ന
തിന്ന താൻക്രൂടിയെ മതിയാവു, എന്നതിനെകൊണ്ട ആ
വില പട്ടണത്തിലൊട്ട യാത്രപുറപ്പെട്ടുകയും ചെയ്തു; അ
വിടെചെന്ന സ്ഥാനം ഒഴിഞ്ഞവുടനെ ആ പട്ടണത്തിൽ
തന്നെതാൻആദ്യംസ്ഥാപിച്ച മാർയൌസെപ്പുപുണ്യവാള
ന്റെ ആശ്രമത്തിൽ പൊകയുംചെയ്തു തന്റെപ്രിയപ്പെട്ട
ആമ്മക്കൾ ൟനല്ല തരംപിടിച്ച എകമനസ്സായിട്ട പുണ്യ
വാളത്തിയെ അവരുടെപ്രിയൊരായിട്ടുനിശ്ചയിച്ചാക്കുക
യുംചെയ്തു എതാനുംമാസംകഴിഞ്ഞപ്പൊൾവെഅസ്നഗരി
യിലെ ആശ്രമത്തെസ്ഥാപിക്കുന്നതിന്ന പൊകയുംചെയ്തു.
ൟ ആശ്രമം അവിടെസ്ഥാപിപ്പാനുള്ള കാരണവും,
അതിനെ സ്ഥാപിക്കുന്നതിന്ന വെണ്ടിയ രാജകല്പനകളെ
യും വാങ്ങിച്ചവരുടെ അവസ്ഥകളും മറ്റും എഴുതെണ
മെങ്കിൽ ൟ അദ്ധ്യായത്തിന്ന അവസാനം വരാത്തതിൻ
വണ്ണമാകും; എന്നുവരികിലും നമ്മുടെ മഹാ പുണ്യപതി
ക്കും, തന്റെ സഭക്കും സ്തുതിയായിട്ടു തീരുന്നതാകയാൽ

അല്പമെങ്കിലും ഇവിടെ എഴുതുവാൻ ന്യായമായിരിക്കുന്നു. സൻദൊവാൽ എന്ന കീൎത്തിപെട്ട തറവാട്ടിൽ പിറന്ന കത്തരീന സൻദൊവാൽ എന്ന പെണ്ണുതൽ ഏഴു വയസ്സോളം അഴിഞ്ഞുപൊകുന്ന ലൊക ബഹുമാനം സമ്പത്തുമുതലായ അനിത്യവാഴ്വുകളുടെമെൽ ആശയുള്ളവളായി നടന്നാറെ പ്രത്യക്ഷത്താൽ മനസ്സ പകന്ന കഠിന തപസ്സുകളെ ചെയ്വാൻ തുടങ്ങിയ തെന്നിയെ ൟ പ്രപഞ്ചകാൎയ്യങ്ങളുമ്മെൽ വെറുപ്പായി കന്യാസ്ത്രീമഠത്തിൽ ക്രിസ്തീ ൟശൊ മിശിഹായെ എക മണവാളവാളനായിട്ടു സ്നെഹിപ്പാൻ നശ്ചയിച്ചു, ൟ നിശ്ചയത്തിന്ന തക്കതിൻവണ്ണം കൂടെണ്ടുന്ന സഭയെ തെരിഞ്ഞെടുക്കുന്ന കാൎയ്യത്തിൽ വെച്ച തെററിപ്പൊകാതെയിരിപ്പാനും സൎവ്വെശ്വരന്റെ തിരുമനസ്സറിയുന്നതിന്നും ജപ ധ്യാനങ്ങളെയും തപസ്സുകളെയും ചെയ്തു വന്നിരുന്നു; ഒരുദിവസം അതിന്മെൽ എററം ആഗ്രഹപ്പെട്ടിരിക്കയിൽ ദീൎഘദൎശനത്തിന്നൊത്ത ഒരു ഉറക്കമുണ്ടായി അതിൽ കണ്ടകാഴ്ച്ചയെന്തെന്നാൽ: കത്തരീന വഴികാട്ടി കൂടാതെ നശിച്ചു പൊകുവാൻതക്ക ആപത്തുള്ളവഴിയിൽ അകപ്പെട്ടു ഭ്രമിച്ചിരിക്കയിൽ ഒരു അല്ലെനിദൎശനക്കാരൻ ദെസ്സാൾസു കൎമ്മലീത്ത സന്യാസി ചെന്ന അവളെ കൈക്കുപിടിച്ച, കൂടപ്പിറപ്പെ! എന്നൊടു കൂടെ വാ നീ അന്വെഷിക്കുന്നതിനെ ഞാൻ കാണിച്ചുതരാമെന്ന അവളൊടുപറഞ്ഞ എറിയ കന്യാസ്ത്രീകൾ കൂടിയിരുന്ന ഒരു കൊവെന്തയിൽ അവളെ കൂട്ടിക്കൊണ്ടുപൊയി, ദൊന്ന കത്തരീന ആ കന്യാസ്ത്രീകളെ കണ്ടാറെ എന്തൊരു സഭക്കാരത്തികളാകുന്നവെന്ന ചൊദിച്ചാറെ അവരു മിണ്ടാതെ അവരുടെ മുഖം മൂടിയിരുന്ന മൂക്കാടീനെമാത്രം പൊക്കി എററം സന്തൊഷമുള്ള മുഖത്തെ കാട്ടുകയും പുഞ്ചിരി കാട്ടിക്കൊണ്ടു അവളെ ഒരു പ്രാൎത്ഥനാസ്ഥലത്തിൽ കൂട്ടിക്കൊണ്ടു പൊകയും ചെയ്തു: അവിടെ ചെന്നിട്ടു ആ കന്യാസ്ത്രീകളിൽവെച്ച ഒരു രാജസ്ത്രീയെപ്പൊ

ലെ പ്രകാശിച്ചിരുന്ന ഒരുത്തി ദൊന്ന കത്തരീനയുടെ അ
ടുക്കൽചെന്ന അവളെ തഴുകീട്ട അവളെ തഴുകുന്നതിന്ന
ശെഷം കന്യാസ്ത്രീകളൊട കല്പിക്കയും അവര അതിൻവ
ണ്ണം ചെയ്കയുമ്മെയ്തു, എന്നതിൻെറശെഷം ആ രാജസ്ത്രീ
കന്യാസ്ത്രീകളിൽ ഒരുത്തിയെ ചൂണ്ടി കാണിച്ച ഇവൾ നി
ൻെറ അമ്മയാകുന്നു ഇവളുടെ റെഗുല നീ കാക്കയും വെ
ണം ഇവരൊക്കയും നിൻെറ കൂടപ്പിറപ്പുകളും, സഭ എ
ൻെറതുമായിരിക്കയും ചെയ്യുന്നു എന്ന കത്തരീനയൊടുപ
റഞ്ഞിട്ട എല്ലാവരും ഇരുന്ന റെഗുലവായിക്കപ്പെട്ടു എന്ന
തിൻെറശെഷം ആ കന്യാസ്ത്രീകൾ ആ റെഗുലയുടെസം
തികളെ അവളെ പഠിപ്പിക്കുന്നതിന്ന എറിയ നെരം ചി
ലവഴിച്ചിട്ട ആ കന്യാസ്ത്രീകളിൽ ഒരുത്തി മകളെ! നീ
ഇവിടെ കൂടണം ഇത എൻെറ മനസ്സ എന്ന അവളൊ
ടുപറഞ്ഞിട്ട ആ കാഴ്ച മറയപ്പെട്ടു, കത്തരീന ഉണരുക
യും ചെയ്തു. എന്നാൽ ആ കെട്ടവായനകൊണ്ട റെഗുല
കാണാപാഠമായിരുന്നതിനാൽ എറിയക്രമം എഴുതുക
യും ചെയ്തു. ഇത അവൾക്കു സംഭവിച്ചത ത്രെസ്യാപുണ്യ
വാളത്തി ആവില പട്ടണത്തിൽ ഒന്നാമത്തെ ആശ്രമ
ത്തെ സ്ഥാപിക്കുന്നതിന്ന ൧ വൎഷവും വെനസ് നഗരിയി
ൽ സ്ഥാപിക്കുന്നതിന്ന ൧൦ വൎഷവും മുമ്പിൽ ആകുന്നു. ഇ
തുഹെതുവായിട്ട കത്തരീന എഴുതിയ റെഗുല പലരെ കാ
ണിച്ചാറെ ആ സഭയുടെ വിവരം ആൎക്കും ഇല്ലാഞ്ഞു, കട
ശി വത്തുല്യമ്മാ ബ്രുസ്സുമാന്തെ എന്ന രണ്ടശൊ സഭക്കാര
ൻ വെനസ് നഗരിയിൽകൂടെ നടപ്പാൻ സംഗതിയായി,
കത്തരീന എഴുതിയ റെഗുല വായിച്ചുകണ്ടാറെ അവളൊ
ട പറഞ്ഞതായത അതിശയമായ പുണ്യസാംഗൊപാംഗ
ത്താൽ അലംകരിക്കപ്പെട്ട അമ്മ ത്രെസ്യ ദെ ജെസുസ എ
ന്ന പെരുവിളിക്കപ്പെട്ട ഒരു അപൂൎവ്വ സ്ത്രീ കസ്തില്യദെശ
ത്തിൽ സ്ഥാപിച്ചുവരുന്ന ആശ്രമങ്ങളിൽ കാക്കപ്പെടുന്ന
റെഗുലയത്രെ ഇത, അവൾ ഇപ്പൊൾ സല്ലമാൻക്കപട്ടു

ണോത്തിൽ ഇരിക്കുന്നു. എന്നുള്ള വിവരങ്ങൾ എല്ലാം കത്ത രീന കെട്ടാറെ അനുഭവിച്ച സന്തൊഷം ഇന്നപ്രകാരമെ ന്ന പറഞ്ഞറിയിപ്പാൻ വഹിയ: ഉടനെ പുണ്യവാളത്തി ക്ക എഴുതികൊടുത്തയച്ചു, പുണ്യവാളത്തിയുടെ സമ്മതമ റിഞ്ഞവുടനെ അതിന്നുവെണ്ടുന്ന വീട്ടുമുതലായതൊക്കയും വിധയം വരുത്തുന്നതിന്ന ശ്രമിക്കയും ചെയ്തു. അതിന്നി ടയിൽ മരിപ്പാൻതക്ക ദീനമുണ്ടായി അതിൽനിന്ന പ്രത്യ ക്ഷമായിട്ട രക്ഷപെട്ടവുടനെ വെണ്ടിയിരുന്ന രാജ്യ അ നുവാദം സന്ന്യാസി സഭകളുടെ സംഘം എന്ന ഹിസ്പാന്യ യിൽപെരുവിളിക്കപ്പെട്ട രാജ്യസംഘത്തിൽനിന്ന വാങ്ങി ക്കുന്നതിന്ന മദ്രീദെന്ന രാജധാനിയിൽ പൊയി ആ സം ഘത്തിൽ നിന്ന കിട്ടികൊള്ളുവാൻ പ്രയാസമെന്നു കണ്ടാ റെ രണ്ടാമത്തെ ഫീലിപ്പൊസ എന്ന മഹാരാജാവിനെ ബൊധിപ്പിച്ചു: ആദെഹം ദെസ്കാൾസു കർമ്മലീത്ത സഭ യുടെ ഒരാശ്രമം സ്ഥാപിക്കുന്നതിന്നാകുന്നുവെന്ന അറിഞ്ഞ പ്പൊൾ പുണ്യവാളത്തിയുടെമെലും പുണ്യവാളത്തിസ്ഥാ പിച്ചുവന്നിരുന്ന സഭയുടെമെലും രാജാവിന്നുണ്ടായിരുന്ന വിശെഷ പക്ഷത്താൽ ആവലാധി മുറപ്രകാരം മെൽ ചൊല്ലിയ സംഘത്തിന്ന അയെക്കാതെ തൃക്കയ്യാൽ തന്നെ ഉത്തരവുകൊടുക്കയും ചെയ്തു

ഇങ്ങനെയെല്ലാം ആസ്ഥമായപ്പൊൾ നമ്മുടെ പുണ്യ വാളത്തി ഒരൊരു ആശ്രമങ്ങളിൽ നിന്ന ചില കന്ന്യാ സ്ത്രീകളെ വരുത്തി കൂട്ടിക്കൊണ്ടു പൊകയുംചെയ്തു, എന്നാ ൽ അവരിൽ വിശെഷ പുണ്യത്താൽ അലങ്കരിക്കപ്പെട്ടവ ളായിരുന്ന വാഴ്ത്തപ്പെട്ട അന്നാ ദെ ജെസുസ എന്നകന്ന്യാ സ്ത്രീയെ യാത്രക്കു പുറപ്പെടുന്നതിന്ന മുമ്പിൽതന്നെ പുത്ത ൻ ആശ്രമത്തിന്റെ ശ്രെഷ്ടത്തിയായിട്ട നിയമിക്കയും ചെയ്തു. വെരുസ് നഗരിയിലെക്ക പൊകുന്നതിന്ന അൽ മൊദൊവർ ദെൽക്കാമ്പൊ എന്നനഗരിയിൽകൂടെപൊ യതെന്നു എന്ന തിരിയുന്നില്ല: പക്ഷെ അവിടെ ആയാ

ണ്ടിൽതന്നെ നമ്മുടെ സന്ന്യാസികൾ ഒരു കൊവെന്ത സ്ഥാ
പിച്ചതിന്ന വെലചെയ്തിരുന്ന റെംശൊടെ അന്തൊന്ന്യൊ
എന്ന വാഴ്ത്തപ്പെട്ടവനെ കണ്ട വല്ല കാൎയ്യത്തിന്മെൽ ആ
ലൊചിക്കുന്നതിന്നായിരിക്കുമെന്ന വിചാരിപ്പാൻ ന്ന്യായമു
ണ്ട. അപ്പൊഴൊ അൽമൊദൊവർ എന്ന നഗരിയിൽനിന്ന
പുറപ്പെട്ട സ്യെറമൊരെന എന്നപെരുള്ള എത്രയുംപൊ
ക്കമുള്ള പൎവ്വതം കടക്കയിൽ വണ്ടിക്കാരക്ക വഴിക്ക സൂക്ഷ
മില്ലാഞ്ഞതിനാൽ വഴിതെറ്റിനടന്നാറെ എവിടെയിരി
ക്കുന്നുവെന്ന വിവരമില്ലാതെ നാലുപുറത്തും നൊക്കിയ
പ്പൊൾ എത്രയും ഭയങ്കരമായ പാതാളങ്ങളെയും ആപ
ത്തും കണ്ട പറഞ്ഞൊപ്പിപ്പാൻ വശമല്ലാത്ത പരിഭ്രമം
എല്ലാവൎക്കുംകൊണ്ടു, എന്നാൽ കെറിയ ഇടത്തിന്റെ കി
ടപ്പുനൊക്കിയപ്പൊൾ; മുന്നൊട്ടുനടന്നാൽ നിശ്ചയമുള്ളയൊ
ഗ്യം ഉണ്ടായിരിക്കുന്നതുപൊലെ പുറകൊട്ടു മാറിയാൽ
സംശയംകൂടാതെ യൊഗ്യപ്പെട്ടു പൊകയും ചെയ്യും, എ
ന്നതിനെകൊണ്ട നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയും ശെ
ഷം കന്ന്യാസ്ത്രീകളും ഒഴിവില്ലാത്ത യൊഗ്യത്തിൽ അക
പ്പെട്ടിരുന്നു, കൂടെയുണ്ടായിരുന്നവൎക്കൊക്കെക്കും വണ്ടിക്കാ
ൎക്കും മരണം അടുത്തുവെന്ന തൊന്നിയിരുന്നു; നമ്മുടെ ശു
ദ്ധമാക്കപ്പെട്ട അമ്മ ഇപ്രകാരമുള്ള യൊഗ്യം കണ്ട മാനു
ഷസഹായവും ഉപായങ്ങളും ഫലിക്കയില്ല എന്നയൊഗ്യ
ത്തിൽ നിന്ന പരമസഹായത്താൽ രക്ഷപെടുന്നതിന്ന ത
ന്റെ മക്കളായ കന്ന്യാസ്ത്രീകളൊട, സൎവ്വെശ്വരനൊടും
പ്രിയംനിറഞ്ഞ പിതാവായ മാർയെനൗസെപ്പ പുണ്ണ്യവാ
ളനൊടും എരിവൊടുകൂടെ പ്രാൎത്ഥിപ്പാൻ കല്പിച്ചു, ഭ്രമി
ച്ചിരുന്ന കന്ന്യാസ്ത്രീകൾ ശുദ്ധമാകപ്പെട്ട അമ്മയുടെ കല്പ
നപ്രകാരം നമസ്കരിച്ചു തുടങ്ങിയ ക്ഷണത്തിൽ എത്രയും
ആഴമുള്ള മലകളുടെ അടിവാരത്തിൽനിന്ന കിളവനാ
യ ഒരുപുരുഷന്റെ സ്വരംപൊലെയുള്ള നിലവിളികെ
ൾക്കപ്പെട്ടു, ആയത അവരൊട "മുന്നൊട്ടുപൊകരുതെ

,,ന്നിന്നകൊൾവിൻ അല്പംകൂടെ നടന്നാൽ എത്രയും ആ
,,ഴമുള്ള പാതാളത്തിൽ വീണ നശിച്ചുപൊകും,, എന്ന
പറഞ്ഞു. ഉടനെ വണ്ടികൾ നിന്നു, പുണ്യവാളത്തിയൊ
ടുകൂടെയുണ്ടായിരുന്നവര ഠരം നല്ല തരംപിടിച്ച എതു ഭാ
ഗത്തൊട്ട തിരിക്കണമെന്ന നിലവിളിച്ച ചൊദിച്ചതിന്ന
ആ മനൊഗുണമുള്ള സ്വരം ഇന്ന ഭാഗത്തൊട്ട തിരിച്ചു
പൊകണമെന്ന ഉത്തരിക്കയുംചെയ്തു. പക്ഷെ വണ്ടിക്കാ
ൎക്ക മഹാസംശയം തൊന്നി അതെന്തെ ആ സ്വരം പറ
ഞ്ഞ ഭാഗത്തൊട്ട നിശ്ചയമുള്ള യൊഗ്യം കൂടാതെ വണ്ടി
കളെ തിരിപ്പാൻ അസാദ്ധ്യമെന്ന അവൎക്ക തൊന്നിയിരു
ന്നുവെങ്കിലും അത താമസത്തിന്നും ആലൊചനെക്കും തക്ക
നെരമല്ലാത്തതിനാൽ സൎവ്വെശ്വരന്റെ മെൽ ശരണം
വെച്ചവണ്ടികളെ തിരിച്ചൊടി: അത്ഭുതമെ! എങ്ങനെയെ
ന്ന അവൎക്ക തിരിയാതെ ഒരു ക്ഷണനെരം കൊണ്ട യൊ
ഗ്യം ഒഴിഞ്ഞ നല്ല വഴിയിൽ ആകയും ചെയ്തു. ഠരം അ
ത്ഭുതം കണ്ടിട്ട ആ കൂട്ടത്തിലുള്ളതിൽ ചിലര ആ മലയ
ടിവാരത്തിൽ ഇറങ്ങി അവരെ യൊഗ്യത്തിൽനിന്ന രക്ഷി
ച്ചവനാരെന്ന അറിയണമെന്നുപറഞ്ഞ ഇറങ്ങുകയും ചെ
യ്തു, അപ്പൊൾ നമ്മുടെ ശുദ്ധമാക്കപ്പെട്ട അമ്മ കണ്ണുനീരു
കളാൽ നനെഞ്ഞ മുഖത്തൊടെ അരുളിചെയ്തതായത:
“ഠരം മലയുടെ അടിവാരത്തിൽ ഇറങ്ങുന്നതിന്ന അവൎക്ക
,,നാം അനുവദിക്കുന്നതെന്തിന്ന? നിലവിളിച്ചത എന്റെ
,,പിതാവ മാൎയെന്നസെപ്പ പുണ്യവാളനായിരുന്നു, എ
,,ന്നതിനെകൊണ്ട ഇറങ്ങിയാലും അവിടെ പരിഛെദം
കണ്ടെത്തുക യില്ല“ പുണ്യവാളത്തി പറഞ്ഞതിൻവണ്ണം
ഇറങ്ങിയവര മാനുഷന്റെ ലക്ഷണം പൊലും കാണാ
തെ തിരികെ കരെറുകയും ചെയ്തു. ഠരം യൊഗ്യത്തിൽനി
ന്ന പ്രത്യക്ഷത്താൽ രക്ഷപെട്ട നടന്നാറെ ഗ്വദലിമാർ
എന്ന ആററിൽ ചെന്നു, പാലമില്ലാഞ്ഞതിനാലും വണ്ടി
കളിൽ ഇരുന്നുകടപ്പാൻ അസാദ്ധ്യമായിരുന്നതിനെകൊ

ണ്ടും വണ്ടിക്കാര ആററിൻകരയിൽ എത്തുന്നതിന്ന മുമ്പിൽതന്നെ ആലൊചിച്ച കുതിരകളെ വണ്ടികളിൽ നിന്ന അഴിച്ച കന്ന്യാസ്ത്രീകളെ അതിൻെറപുറത്തുകെററി അക്കരെ കടത്താമെന്ന നിശ്ചയിച്ചിരുന്നു. ഈ വിഷമത്തിൽനിന്നും സർവ്വെശ്വരൻ ഒരുപ്രത്യക്ഷംകൊണ്ട അവരെ രക്ഷിച്ചു: അതായത ആററിന്ന സമീപിച്ചപ്പൊൾ എങ്ങിനെയെന്ന അവരറിയാതെ അക്കരെനില്ക്കുന്നുവെന്ന കാണ്കയും ചെയ്തു: ഇതിനാൽ വണ്ടിക്കാരും കൂട്ടത്തിലുണ്ടായിരുന്നവരൊക്കയും എങ്ങിനെവിസ്മയിച്ച തമ്മിൽതമ്മിൽനൊക്കിയിരുന്നുവെന്ന വിചാരിച്ചാൽതിരിയും. ഈവണ്ണം സർവ്വെശ്വരൻ തമ്പുരാൻ വെണ്ടി വരുമ്പൊൾ പ്രത്യക്ഷങ്ങളെക്കൂടെയും ചെയ്തുകൊണ്ട വഴിയാത്രകളിൽ നടത്തുന്ന നമ്മുടെ ശുദ്ധമാക്കപ്പെട്ട അമ്മയുടെ വരവിനെ മഹാആശയായിട്ട പാർത്തിരുന്ന വെഅസ് നഗരിവാസികൾ അടുത്തുവെന്ന കെട്ടപ്പൊൾ ആ നഗരിയിൽ മുഖ്യപ്പെട്ടവരൊക്കയും ഘൊഷത്തിന്നടുത്ത ചമയങ്ങളാൽ അലംകരിക്കപ്പെട്ടവരായി ഒരൊരു അഴകുള്ള കുതിരപ്പുറത്തുകെറി പുണ്ണ്യവാളത്തിയെ എതിരെല്പാൻ പൊകയും ചെയ്തു: അടുത്തുചെന്നപ്പൊൾ പൊന്നുപൊയ വിലമതിയാത്തനിക്ഷെപം കണ്ടെത്തിയതു പൊലെ അവരുടെ ഉൾസന്തൊഷവും, പുണ്ണ്യവാളത്തിയുടെനെരെയുള്ള വണക്കവും കാട്ടുവാൻ വെണ്ടി കുതിരകളെ പുണ്ണ്യവാളത്തി കെറിപൊകുന്ന വണ്ടിക്കചുററും ഒട്ടിച്ച പായിച്ചിരുന്നു, ഇങ്ങിനെയുള്ള ആരവാരത്തൊടുകൂടെ വെഅസ് നഗരിയിൽ എത്തുകയും ചെയ്തു.

അവിടെ ചെന്നവുടനെ കത്തരീന സൻദൊവാൽ ഈശൊടെ അന്നാ എന്ന വാഴ്ത്തപ്പെട്ടവളുടെ പക്കൽ ചെന്ന മുട്ടുകുത്തി വഴക്കം ചെയ്കയാൽ വാഴ്ത്തപ്പെട്ടവൾ നാണിച്ച നമ്മുടെ പുണ്ണ്യവാളത്തിയെ ചൂണ്ടികാണിച്ച ഇതാ നമ്മുടെ അമ്മ അവരുടെപ്രമാണം ഞങ്ങൾ ആക്ക

ന്ന കെൾക്കൊണ്ടുന്നത, എന്നപറഞ്ഞതിന്ന കത്തരീനഉത്തരമായിട്ട, അതിൻവണ്ണം ഞാൻവിശ്വസിക്കുന്ന എന്നവരികിലും സർവ്വെശ്വരൻ നിങ്ങളെ ഇനിക്കശ്രെഷ്ഠത്തിയായിട്ട കല്പിച്ചു തന്നിരിക്കുന്ന എന്നപറകയും ചെയ്തു. ൟ വചനങ്ങളെ കെട്ടാറെ എല്ലാവരും അതിശയപ്പെട്ടുവെങ്കിലും ഇരുപതുവൎഷം മുമ്പിൽ അവൾക്കുണ്ടായ മെലെഴുതപ്പെട്ട ദീൎഘദൎശനത്തിന്നടുത്ത കാഴ്ച അറിഞ്ഞപ്പൊൾ അതിശയം നീങ്ങി മഹാസന്തൊഷം അനുഭവിക്കയും ചെയ്തു. അപ്പഴൊ ആ കാഴ്ചയിൽ കണ്ട കന്യാസ്ത്രീകളെയും ശ്രെഷ്ഠത്തിയെയും ഇവരുതന്നെയെന്ന അവരുടെ മുഖലക്ഷണങ്ങളാൽ നിശ്ചയമായിട്ട അറിഞ്ഞ ശ്രെഷ്ഠത്തിയെ കണ്ടവുടനെ തിരിച്ചറികയും ചെയ്തു: എന്നാൽ അവളെ കൈക്കുപിടിച്ച കർമ്മെലീത്ത ദൎശനക്കാരനെ അതുവരെയും കാണ്മാൻ സംഗതിവന്നിട്ടില്ലാഞ്ഞു, ൟ ആഗ്രഹത്തെയും ആ ദിവസങ്ങളിൽ തന്നെ പൂൎത്തിവരുത്തുവാൻ സർവ്വെശ്വരൻ തിരുമനസ്സായി: അതെങ്ങനെയെന്നാൽ പ്രെ ജൊവാന്നിദെല്ലമിസെരിയ എന്ന വാഴ്ത്തപ്പെട്ടവൻ കസ്തീല്യായിൽനിന്ന സീവില്യ എന്നദിക്കിലെക്ക പൊകുന്നതിന്ന പ്രയാണം ചെയ്കയിൽ തന്റെ ശുദ്ധമാകപ്പെട്ട അമ്മ വെഅസ നഗരിയിൽ വന്നെത്തിയവൎത്തമാനം കെൾക്കകൊണ്ട അമ്മെനെ കാണ്മാനായിട്ട അവിടെചെന്ന ചെന്നവുടനെ കത്തരിന സൻദൊവാൽ കണ്ട കാഴ്ചയിൽ കാണപ്പെട്ട ദെസ്കാൾസു അള്ളെനിദൎശനക്കാരൻ ഇയാൾതന്നെ എന്ന സൂക്ഷമായിട്ട അറികയും ചെയ്തു.

൧൫൭൦ാം കാലം കുംഭമാസം ൨൧ാം തിയ്യതിവരെ നമ്മുടെ പുണ്യവാളത്തിയും കന്യാസ്ത്രീകളും മെൽ ചൊല്ലിയ കത്തരീനയുടെ വീട്ടിൽ വസിച്ചിരുന്നു. ആ ദിവസത്തിൽ ആശ്രമത്തിന്നായിട്ട വാങ്ങിച്ചിരുന്ന വീട ആസ്ഥമായിരുന്നതിനെകൊണ്ട അവിടെചെന്നകുബ്ബാനകഴിഞ്ഞിട്ട വെഅസ നഗരിവാസികളുടെ പറഞ്ഞൊപ്പിക്കരുതാത്ത

സന്തൊഷത്തൊടുക്രൂടെ ശുദ്ധ.— കുർബ്ബാന എഴുന്നെള്ളിച്ചു സംഗ്രഹിക്കയും ചെയ്തു. ദൊന്ന കത്തരീന സൻദൊവാൽ എന്നവളും അവളുടെ അനുജത്തിയായ ദൊന്ന മറിയം സൻദൊവാൽ എന്നവളും ആ ദിവസത്തിൽതന്നെ നമ്മുടെ പുണ്യവാളത്തിയുടെ ജ്ഞാന മക്കളാകുവാൻ തക്കവണ്ണം സഭയിൽക്രൂടുകയും, ൧൩൦൭ശൊടെകത്തരീന ജെഷ്ഠത്തിക്കും, ൧൩൦൭ശൊടെ മറിയം അനുജത്തിക്കും പെരുവിളിക്കയും ചെയ്തു: ൟ രണ്ടു വാഴ്ത്തപ്പെട്ടവരുടെ ചരിത്രം നമ്മുടെ സഭയുടെ നാളാഗമ പുസ്തകത്തിൽ വിസ്താരമായിട്ടു എഴുതപ്പെട്ടിരിക്കുന്നു.

നമ്മുടെ പുണ്യ പതി വെഅസ് കൊവെന്തയിൽ മൂന്നു മാസംവരെ താമസിച്ചു, അതിന്നിടയിൽ മററനാല പെണ്ണുങ്ങളെ ദൎശനത്തിൽ ക്രൂട്ടി താനും ൧൩൦൭ശൊടെ അന്നാഎന്ന വാഴ്ത്തപ്പെട്ട ശ്രെഷ്ഠത്തിയും ശെഷം കന്യാസ്ത്രീകൾക്കു കാട്ടികൊടുത്ത പുണ്യ ദൃഷ്ടാന്തങ്ങളാലും പുണ്യപ്പെട്ട നടത്തലാലും, ആ യാശ്രമത്തിലെ കന്യാസ്ത്രീകളിൽ പലരും വിശെഷമായ ദൈവ വരങ്ങളാൽ അലങ്കരിക്കപ്പെട്ട വരായിരുന്നു, ൟ ആശ്രമത്തിന്മെലും അവിടെവസിച്ചിരുന്ന കന്യാസ്ത്രീകളുടെമെൽ നമ്മുടെ ശുദ്ധമാക്കപ്പെട്ട അമ്മയ്ക്കുണ്ടായിരുന്ന പക്ഷം താൻ അവിടെനിന്ന വാങ്ങീട്ടു അവൎക്ക എഴുതികൊടുത്തയച്ച എത്രയും പക്ഷമായഎഴുത്ത തെളിവായിട്ടു കാണിക്കയും ചെയ്യുന്നു. അതാകുന്നതെന്തെന്നാൽ "വെഅസ് കൊവെന്തയിലെശ്രെ
,,ഷ്ഠത്തിക്കും കന്യാസ്ത്രീകൾക്കും ൧൩൦൭ശൊ മറിയം യെന്ന
,,സെപ്പ വെഅസ് കൊവെന്തയിലെ എന്റെ പ്രിയപ്പെ
,,ട്ട മക്കളുടെ ആത്മാവുകളെ എതിരിയിക്കട്ടെ. അവിടെ
,,നിന്ന ഞാൻ പുറപ്പെട്ടതിൽ പിന്നെ അനുക്രൂലം പ്രാപി
,,പ്പാൻ ഇടവന്നില്ല, സൎവ്വെശ്വരന്ന സ്തുതിയുണ്ടായിരിക്കു
,,ട്ടെ. പ്രിയൊരമ്മ എന്നൊട കല്പിച്ചതിനെ നിറവെററു
,,ന്നതിന്നും, അവിടത്തെ എന്റെമക്കളുടെആശ്വാസത്തി

,,ന്നമായിട്ട വിവരമായിട്ട അറിയിക്കുന്നതെന്തെന്നാൽ:
,,ഒദാന്ന മറിയം പക്ഷാദ് എന്ന യജമാനസ്ത്രീയുടെ വീട്ടി
,,ൽ വന്നചെന്നിട്ട കുറെനെരം കഴിഞ്ഞപ്പൊൾ ആത്മാ
,,വ ശരീരത്തിൽ നിന്ന പിരിഞ്ഞു പൊകുമെന്ന ഇനിക്കു
,,തൊന്നുവാൻ തക്കവണ്ണം ശരീര മൊക്കയിലും നൊമ്പ
,,രമായി എന്നുവരികിലും എന്നൊട കല്പിക്കപ്പെട്ട ചൊ
,,ല്ലുവിളിപൊലെ നിറവെറ്റുവാൻ പൊകുന്നതിന്ന എ
,,ന്നെ ധൈൎയ്യപ്പെടുത്തുവാനും, ദീനത്തിൽ എന്നെ ആ
,,ശ്വാസിപ്പിപ്പാനും ഭാഗ്യപ്പെട്ട മാർയൗസെപ്പു പുണ്യവാ
,,ളൻ എന്റെ അടുക്കൽ എഴുന്നെള്ളി നിന്നിരുന്നതിനെ
,,ഞാൻ കണ്ടതിനാൽ വളരെ ആശ്വാസം പ്രാപിച്ചു.

,,മക്കളെ! നാളെ നിശ്ചയമായിട്ട യാത്രയ്ക്കു ഞാൻപു
,,റപ്പെടും; ഞാൻ പൊകുന്നിടത്ത പൊകുന്നതിനെ കൊ
,,ണ്ട പിശാചിന്ന വളരെ അരിശവും സംകടവുമാകുന്നു
,,വെങ്കിലും പൊകും അതെന്തെ അവൻ നന്നാ മുറുക്കി
,,പിടിച്ചിരിക്കുന്ന രണ്ട ആത്മാവുകൾ എന്നുള്ളയിര അവ
,,ന്റെകൈയിൽനിന്ന ഞാൻ പറിച്ചെടുക്കും... അപ്പഴൊ
,,എന്റെ മക്കളെ! ഠരം സമയത്ത എന്നെസഹായിപ്പാൻ
,,സർവ്വെശ്വരനൊട പ്രാർത്ഥിക്കണം, എന്റെ അമ്മ ശ്രെ
,,ഷ്ഠത്തി ഠരംവരുന്നവ്യാഴാഴ്ച ദൊക്ടൊരിന്റെ മകളെ
,,സഭയിൽക്കൂട്ടുവാൻ താല്പൎയ്യപ്പെടണം, സ്ത്രീധനത്തിന്റെ
,,കുറച്ചിലിന്ന പകരം അവളുടെപക്കൽ പുണ്യത്തിന്റെ
,,മിച്ചമുണ്ട. ആ ദീനക്കാരത്തികളെ വിചാരിപ്പാൻ പ്ര
,,ത്യെകം തങ്ങളെ ഭരമെല്പിച്ചിരിക്കുന്നു, അവരെ ആശ്വാ
,,സിപ്പിച്ച സന്തൊഷിപ്പിക്കണം. എന്റെ അമ്മെ! കൊ
,,വെന്തയിൽ ദീനക്കാരത്തികൾ ഇല്ലാതെയായിവരുമ്പൊ
,,ൾ സകലവും ഇല്ലാതെ യാകുമെന്ന വിശ്വസിക്കണം.
,,ഞാൻ ഒരു പാപിയായിരിക്ക കൊണ്ട കൂടപ്പിറപ്പുകൾ
,,ഠരം മാസത്തിൽ ഇനിക്കുവെണ്ടി കുമ്പ്രാനകൈക്കൊള്ളു
,,വാൻ അമ്മ അവരൊട കല്പിക്കണം. നിങ്ങളെ ഞാൻ

,,തട്ടിക്കുന്ന എന്ന സൂക്ഷിച്ചുകൊള്ളണം: എന്നെവിശ്വസി
,,ക്കരുത. എന്റെ കൂട്ടുകാരത്തിക്ക കണ്ണിന്ന വ്യാധി തുട
,,ങ്ങിയിരിക്കുന്നു. ആയ്ത ഇനിക്ക വളരെ സങ്കടമാകുന്നു. അ
,,ടുത്ത വ്യാഴാഴ്ച പുതു കൂടപ്പിറപ്പായിരിക്കുന്ന പുതുകന്യാ
,,സ്ത്രീയൊടുകൂടെ നിങ്ങൾസന്തൊഷിക്കെണ്ടുന്നതിന്ന ൧൨
,,പഴങ്ങളുടെ സമ്മാനം കൊടുത്തയെക്കുന്നു, അവൾക്ക
,,മാർയെന്നസെപ്പിന്റെ മറിയം എന്ന പെരിടണം: ഞാ
,,ൻ ആഗ്രഹിക്കുന്നതുപൊലെ സർവ്വെശ്വരൻ അവളെ പു
,,ണ്യവാളത്തിയാക്കട്ടെ. എന്ന ദൊന്നമറിയം പഷൊദ്ദ്യു
,,ടെ വീട്ടിൽനിന്നും, ൧൨൦൦ശൊടെ ത്രെസ്യ.

നമ്മുടെ പുണ്യവാളത്തി സെഗൊവിയ പട്ടണത്തി
ലെ ആശ്രമത്തിൽ പാർത്തിരിക്കയിൽ സല്ലമാൻക്ക പട്ട
ണത്തിലെ ആശ്രമത്തിൽ പാർത്തിരുന്ന മാലാക്കാമാരുടെ
ഇസബെല്ല എന്ന കന്യാസ്ത്രീക്കകാണപ്പെട്ട മരണനെരത്തി
ൽ ആശ്വസിപ്പിച്ചവർത്തമാനം ൧൨൦൦ശൊടെ അന്നാ എന്ന
മെലെഴുതിയ വെരുസ് ആശ്രമത്തിലെ വാഴ്ത്തപ്പെട്ട
ശ്രെഷ്ടത്തി അറിഞ്ഞ മക്കൾക്കടുത്ത മനൊശരണത്തൊടു
കൂടെ അവളുടെ മരണത്തുംകൽ ഉണ്ടാകണമെന്ന പുണ്യ
വാളത്തിയൊടു അപെക്ഷിച്ചു. ആയതിന്ന പുണ്യവാളത്തി
ഉത്തരിച്ചതായത, എന്റെമകളെ! ഇത എന്റെ കൈവ
ശത്തിലുള്ള കാൎയ്യമല്ല, സർവ്വെശ്വരൻ തിരുമനസ്സായി ക
ല്പിക്കുമ്പൊൾ മാത്രമെ ഇനിക്ക ഇതു ചെയ്യാവൂ: എന്നതി
നെകൊണ്ട തമ്പുരാൻ അനുവദിക്കുമെങ്കിൽ വരാമെന്ന
വാക്കു തന്നിരിക്കുന്നു. എന്ന ൧൨൦വാക്കുംപ്രകാരം ആകാ
ശ മൊക്ഷത്തിൽ നിന്ന ൧൨൦൦ശൊടെഅന്നാ എന്നവാഴ്ത്ത
പ്പെട്ടവളുടെ മരണത്തുംകൽ എഴുന്നെള്ളി എന്ന വിചാ
രിപ്പാൻ ന്യായമുണ്ട, അതെന്തെ വാഴ്ത്തപ്പെട്ടവൾ മരിച്ച
ഉടനെ അവളുടെആത്മാവ ത്രെസ്യപുണ്യവാളത്തിയൊ
ടുകൂടെ ആകാശമൊക്ഷത്തിലെക്ക പൊകുന്നപ്രകാരം ഒ
രു പുണ്യപ്പെട്ട സന്യാസി ധ്യാനനെരത്ത കണ്ട, അവളു

ടെ മരണത്തിന്റെ വർത്തമാനം അവിടെ എത്തുന്നതിന്നുമു
മ്പിൽ മറ്റു സന്ന്യാസികളൊട പറഞ്ഞറിയിക്കയുഞ്ചെയ്തു.

നമ്മുടെ ശുദ്ധമാക്കപ്പെട്ട അമ്മ മെലെഴുതിയ വെണസ് ആശ്രമത്തിൽ പാൎത്തുവരികയിൽ ൧൫൭൦ാം കാലം പസ്ത്രാന എന്ന പുതുസന്ന്യാസികളുടെ കൊവെന്തയിൽക്കൂടിയ കീൎത്തിപെട്ട തെയൊലൊഗീയ ശാസ്ത്രിയും ൫ാമത്തെ കാർളൊസു എന്ന എംപ്രദൊരിന്റെയും അന്നു വാണിരുന്ന ൨ാമത്തെ ഫിലിപ്പൊസു രാജാവിന്റെയും സെഗ്രത്താരിയായിരുന്ന ദ്യെഗൊ ഗ്രസ്യാനൊ എന്ന ദെഹത്തിന്റെ ഒമനമകനുമായിരുന്ന ഇറാണിമൊസു ഗ്രസ്യാനൊ എന്ന വാഴ്ത്തപ്പെട്ട ദെഹം വിസിത്തദൊർ അപ്പൊസ്തൊലീക്ക ആയിട്ടു നിയമിക്കപ്പെട്ടിരിക്കയിൽ നമ്മുടെ പുണ്യവാളത്തിയെ കാണ്മാനായിട്ടും സഭയുടെ ഗുണത്തിന്മെൽ ആലൊചിക്കെണ്ടുന്നതിന്നും വെണസ് നഗരിയിൽ പൊകയുഞ്ചെയ്തു. നമ്മുടെ പുണ്യവാളത്തി ഈ ദെഹത്തിന്റെ പക്കൽ കണ്ടപുണ്യങ്ങളുടെ വിശെഷം ഹെതുവായിട്ടു വളരെ സന്തൊഷിച്ചു, സഭയുടെ ഗുണത്തിന്നു വെണ്ടിയ വെലകളിലും ബുദ്ധിമുട്ടുകളിലും ഉണ്ടാകുവാനിരുന്ന വിരൊധങ്ങളിലും തമ്മിൽ തമ്മിൽ ധൈൎയ്യപ്പെടുത്തുവാനും സഹായിപ്പാനും തക്കതിൻവണ്ണമുള്ള ജ്ഞാന ഒന്നിപ്പും സ്നെഹവുമാകയും ചെയ്തു.

ഈ ദെഹം തനിക്കു കിട്ടിയിരുന്ന മുക്ത്യൎത്ഥ്യം പ്രയൊഗിച്ചുകൊണ്ടു ജ്ജെനെരാൽ അനുവദിക്കാത്ത പ്രദെശമായിരുന്ന അണ്ടലുസിയ പ്രദെശത്തിൽ പ്രധാനപ്പെട്ട നഗരിയായിരിക്കുന്ന സിവീല്ല്യയിൽ ചെന്നു കന്ന്യാസ്ത്രീമഠം സ്ഥാപിക്കുന്നതിന്നു, തന്റെ അമ്മയും, കിട്ടിയിരുന്ന സ്ഥാനത്താൽ ജ്ഞാനമകളുമായിരുന്ന നമ്മുടെ പുണ്യവാളത്തിയൊടു പ്രമാണിച്ചു. കീഴ്പെഴക്കത്തിന്റെ ഒമന മകളായ ത്രെസ്യ ആ ദിക്കിൽ ചെന്നാൽ അധികം പാടുപെടുവാനും ഏറിയ സങ്കടങ്ങളെയും ഞെരുക്കങ്ങളെയും അനുഭവി

പ്പാനും സംഗതി വരുമെന്നും, ഉഷ്ണഭൂമി യാകകൊണ്ട തി
ന്റെശരീര സൌഖ്യക്കെടുകൾ വൎദ്ധിക്കുമെന്നും തമ്പുരാ
ന്റെ അരുളപ്പാടാൽ അറിഞ്ഞിരുന്നാലും താമസം കൂടാ
തെ യാത്രയ്ക്കു പുറപ്പെട്ടുകയും ചെയ്തു. കൂട്ടിക്കൊണ്ടു പൊ
കുന്നതിന്ന തെരിഞ്ഞെടുത്ത കന്യാസ്ത്രീകൾ ആറു പെരും
നമ്മുടെപുണ്യവാളത്തി സാക്ഷിച്ചിരിക്കുന്നതുപൊലെ കാ
ഫിരി ദെശങ്ങളിൽ ചെന്ന സത്യവെദത്തെപ്രതി ചൊര
ചിന്തി പ്രാണനെ കൊടുപ്പാൻതക്ക പുണ്യവും ധൈൎയ്യവു
മുള്ളവരായിരുന്നു. എന്നാൽ നൂറെറണ്പത നാഴികവഴി മ
ഹാ പ്രയാസത്തൊടുകൂടെ നടന്നതിൽ താനനുഭവിച്ച ദുഃ
ഖങ്ങളുംബുദ്ധിമുട്ടുകളും എണ്ണമില്ലാത്ത തിൻവണ്ണമാകു
ന്നു, അണ്ടലുസീയ ദെശത്തിൽ ഉഷ്ണം സഹിക്കാമെലാത്ത
താകുന്നു വെന്നും വഴിപൊക്കര ഇതിനാൽ പ്രത്യെകമാ
യിട്ട അനുഭവിക്കുന്ന ദുഃഖങ്ങൾ എററിക്കപ്പെട്ടതാകുന്നു
വെന്നും എവൎക്കും അറിയപ്പെട്ട കാൎയ്യമാകുന്നു. നമ്മുടെ
പുണ്യവാളത്തി സാക്ഷി ച്ചിരിക്കുന്നതിൻവണ്ണം വണ്ടിക്കു
ന്നാ വെയിൽകൊണ്ടതിന്റെശെഷം അതിന്നകത്തകെ
റിയാൽ വെന്തുക്കാനായിൽ പുകുന്നതുപൊലെ ആയിരു
ന്നു: എന്നുവരികിലും പുണ്യവാളത്തിയൊടുകൂടെയുണ്ടായി
രുന്ന ആളുകൾ എല്ലാവരും പുണ്യസമ്പാദ്യത്തിന്മെൽ താ
ല്പൎയ്യ മുള്ളവരായിരുന്നതിനെ കൊണ്ട പുണ്യവാളത്തിയു
ടെ കണ്ട പരിതാപത്തിന്ന ധൈൎയ്യം കൊണ്ട നരകത്തിലെ
കെടാത്തതീയുടെമെൽ ധ്യാനിച്ചുംകൊണ്ടും, തമ്പുരാന്റെ
സ്നെഹത്തെ പ്രതി പാടുപെടുന്നുവെന്ന വിചാരിച്ചു കൊ
ണ്ടും മഹാ സന്തൊഷത്തൊടുകൂടെ പാടുപെട്ടുകൊണ്ട ന
ടന്നിരുന്നു: എന്നാൽ അമ്പതാം പെരുനാളിന്റെ തലെ
ദിവസം എല്ലാവൎക്കും മഹാ ദുഃഖവും വെദനയും വരു
ത്തിയ ഒരുസംഗതി സംഭവിച്ചു, അതായത ബൊധക്ഷയം
വരുവാൻതക്ക കഠിനമായ പനി നമ്മുടെ ശുദ്ധമാകപ്പെ
ട്ട അമ്മയ്ക്കു പിടിച്ചു, ഒരുവഴിയമ്പലത്തിൽ എത്തിയപ്പൊ

ൾ ശുദ്ധമാകപ്പെട്ട ദിനക്കാരത്തി കുറെനാശ്വാസം പ്രാപിക്കുന്നതിന്ന അവിടെ ഇറങ്ങി എന്നാൽ തന്റെ ആഗ്രഹംപൊലെ അധികം പാൎപ്പെടുവാൻ തക്കതരവും സ്ഥലവുമാകയും ചെയ്തു: അതെന്തെ വെയിലിന്റെ ശക്തിയാൽ നന്നാകാഞ്ഞിരുന്ന ജനെലയില്ലാത്ത എത്രയും ഞെരുക്കമുള്ള ഒരുമുറിമാത്രമെ ആ വഴിയമ്പലത്തിലുണ്ടായിരുന്നൊള്ളു, വാതിൽ തുറന്നിട്ടപ്പൊൾ വെയിൽ അതിന്നകത്ത കൊണ്ടിരുന്നതിനാൽ ചൂടവൎദ്ധിച്ചിരുന്നു, അത അടെച്ചാൽ ശ്വാസം മുട്ടിപ്പൊകുവാൻ തക്ക ഞെരുക്കം ദിനക്കാരത്തി അനുഭവിച്ചിരുന്നു, എന്നാൽ ഒരുകിടക്കയുണ്ടായിരുന്നതിനാൽ വണ്ടികളെക്കായിലും നല്ലതായിരിക്കുമെല്ലൊ എന്നുവിചാരിച്ച അതിന്മെൽ പുണ്യവാളത്തിയെകിടത്തി, എന്നാൽ എത്രയും ക്രൂരമായുള്ള കരിങ്കല്ലുകളുമ്മെൽ കിടന്നാലുണ്ടാകുന്ന നൊമ്പരംപൊലെ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയ്ക്കു ഉണ്ടായിരുന്നു: എല്ലാം പരിക്ഷിച്ചുനൊക്കിയാറെ വെയിൽ തിപൊലെ യാകുന്ന സമയമായ ഉച്ചസമയത്തായിരുന്നുവെങ്കിലും ആ മുറിയിൽ കിടക്കുന്നതിനെക്കായിലും വണ്ടികളിൽ കെറിപ്പൊക നല്ലു എന്നു നിശ്ചയിച്ച പൊകയും ചെയ്തു. എന്നാൽനമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയുടെ മക്കളായ കന്യാസ്ത്രീകളുടെ നമസ്കാരങ്ങൾക്ക സ്തുതിയുണ്ടായിരിക്കട്ടെ അതെന്തെ ആവക പനി ശുദ്ധമാകപ്പെട്ട അമ്മയ്ക്കു വരുമ്പൊഴൊക്കയും മാസങ്ങളൊളം അവരെ കഷ്ടപ്പെടുത്തുമാറായിരുന്നു, എന്നാൽ കന്യാസ്ത്രീകൾ അവരുടെ എത്രയും പ്രിയപ്പെട്ട അമ്മയ്ക്കു ആ ദിവസത്തിൽതന്നെ മുഴുവനായ സൌഖ്യം ലഭിപ്പാൻ തക്ക എരിവൊടുകൂടെ സൎവ്വെശ്വരനൊട അപെക്ഷിക്കയും ചെയ്തു.

ഇങ്ങനെ സൎവ്വെശ്വരന്റെ കൃപയാൽ ശുദ്ധമാകപ്പെട്ട അമ്മയുടെ പനി മാറി എന്ന ശെഷംപെരു കണ്ട സന്തൊഷത്തൊടുകൂടെ യാത്രചെയ്തിരുന്നു. എന്നാൽ ഇതു

ഗ്വദാൽ ക്കിവീർ എന്ന ആററിൽ ചെന്നപ്പൊൾ എല്ലാ
വരും മുങ്ങി ചാകുവാൻതക്ക യൊഗ്യത്തിൽ അകപ്പെടുക
യും ചെയ്തു: നമ്മുടെ പുണ്യവാളത്തി ഒഴികെ ശെഷം
പെര കന്ന്യാസ്ത്രീകൾ കൂടെയും മെഘങ്ങളൊളം എത്തു
വാൻതക്ക ശബ്ദത്തൊടുകൂടെ നിലവിളിച്ചിരുന്നു, പുണ്യ
വാളത്തി സർവ്വെശ്വരനൊട സഹായ മപെക്ഷിച്ചിരുന്നു;
ഒരു ക്ഷണനെരംകൊണ്ട യൊഗ്യംനീങ്ങി ആ സമീപത്തു
പാർത്തിരുന്ന ഒരുമാടമ്പിപറഞ്ഞയച്ച ആളുകളുടെ സഹാ
യംകൊണ്ട അക്കരെ ചെരുകയും ചെയ്തു. ഇതും മററനെ
കം ബുദ്ധിമുട്ടുകളും അനുഭവിച്ചിട്ടനെരംവെളുത്തപ്പൊൾ
കൊർദ്ദൊവാ എന്ന നഗരിയിൽ എത്തുകയും ചെയ്തു.

നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ എഴുതിയതിൻവണ്ണം
അമ്പതാംപെരുനാളായിരുന്നതുകൊണ്ട ജൂലിയാനൊ ദാ
വില എന്നദെഹം കുർബ്ബാനചൊല്ലുവാനും ശെഷംപെര
അതിനെ കാണ്മാനും ഒരുചെറിയപള്ളിയിൽ പൊകയും
ചെയ്തു: എന്നാൽ ആ ചെറിയപള്ളി മഹാദക്കുദശാ ത
മ്പുരാൻെറ പള്ളിയായിരുന്നതുകൊണ്ട എറിയപുരുഷാരം
കൂടിയിരുന്നു, ആയത അവരറിഞ്ഞിട്ടില്ലാഞ്ഞു: ഇതിന്മെ
ൽ നമ്മുടെ പുണ്യവാളത്തി എഴുതിയിരിക്കുന്നതെന്തെന്നാ
ൽ: "ഇത ഞാൻകണ്ടപ്പൊൾ മഹാസംകടം തൊന്നി ഇ
"ത്ര വലിയ പുരുഷാരത്തിൻെറ യിടയിൽ പൂകുന്നതിനെ
"കായിലും കുർബ്ബാന കാണാതെപൊയാൽ എററംനന്നാ
"യിരിക്കുമെന്ന ഞാൻവിചാരിച്ചിരുന്നു: എന്നാൽ ജൂലി
"യാനൊ അച്ചൻെറ അഭിപ്രായം മറിച്ചായിരുന്നു, ആദെ
"ഹം തെളലൊഗക്കാരനായിരുന്നതുകൊണ്ട നാം എല്ലാ
"വരും അയാളുടെ അഭിപ്രായം അനുസരിക്കയും ചെയ്തു
"ആ പുരുഷാരത്തിൻെറ തിക്കൽകൊണ്ട കാട്ടുമൃഗങ്ങളുടെ
"ഇടയിൽ കിടക്കുന്നതുപൊലെ തൊന്നിയിരുന്നു, മക്കളെ
"ഇത സാരമില്ലഎന്നനിങ്ങൾക്ക തൊന്നുമായിരിക്കും എ
"ന്നാലും ഞാനനുഭവിച്ച വലിയബുദ്ധിമുട്ടുകളിൽ ഇത ഒ

,,ന്നാകുന്നവെന്ന നിങ്ങളൊടുഞാൻ ചൊല്ലുന്നു.,, കടശി
,,നൊക്കുമ്പൊൾ ഇങ്ങനെയെങ്കിലും അങ്ങനെയെങ്കിലും
,,എന്റെ വലിയ ബുദ്ധിമുട്ടുകളും ദുഃഖങ്ങളും കൂടാതെ
,,ഒര ആശ്രമം സ്ഥാപിക്കുന്നതിന്ന സർവ്വെശ്വരൻ തിരുമ
,,നസ്സായീല്ല,, ഇതും ഒരം സംക്ഷെപത്തിൽ എഴുതാത്ത മ
റ്റു പല ദുഃഖങ്ങളും ബുദ്ധിമുട്ടുകളും അനുഭവിച്ചിട്ട സി
വില്യപട്ടണത്തിൽ എത്തുകയും ചെയ്തു. നമ്മുടെവീരപ
തി ഒരു സംവത്സരംവരെ അവിടെ താമസിച്ചു, അതിന്നി
ടയിൽ പിശാചിൽനിന്നും മാനുഷരിൽനിന്നും ശരീരത്തി
ലും ആത്മാവിലും സഹിച്ച സങ്കടങ്ങളെയും ദുഃഖസന്താ
പങ്ങളെയും വിവരമായിട്ട എഴുതെണമെംകിൽ ഒരുപു
സ്തകം മുഴുവനും എഴുതണം എന്നിട്ടും ശരിയായിട്ട എ
ഴുതിയെന്നവരികയില്ല. സ്വന്തമായിട്ടുള്ള കൊവെന്തകൂ
ടാതെ അപ്പപ്പൊൾ തള്ളപ്പെടുവാൻതക്കവീട്ടിൽ ആശ്ര
മത്തെ സ്ഥാപിച്ചതു കൂടാതെ എല്ലാവരാൽ ദ്വെഷിക്ക
പ്പെട്ടവരായി നാനാവിധമായ സംകടങ്ങളെ അനുഭവി
ച്ചു: ഇൻക്വിസിസ്സ്യൊൻ എന്ന വെദകാര്യ്യങ്ങളെ ആദി
ക്കിൽ വിചാരിച്ചുവന്ന സംഘത്തിന്റെഅടുക്കൽ നമ്മുടെ
പുണ്ണ്യവാളത്തിയെകൊണ്ടും കന്ന്യാസ്ത്രീകളെകൊണ്ടും എ
റിയ ദുറകളെ ബൊധിപ്പിച്ച കന്ന്യാസ്ത്രീകളെയും പുണ്ണ്യ
വാളത്തിയെകൂടെയും പാറാവിൽ കൊണ്ടുപൊകുവാൻ
തക്കവണ്ണം ആ സംഘക്കാരെല്ലാവരും സെവകന്മാരൊ
ടുകൂടെ ആശ്രമത്തിൽ ചെല്ലുകയും ചെയ്തു: എന്നാൽവി
ചാരണകഴിച്ചാറെ പരമാർത്ഥം ബൊധിച്ചു. വിശെഷിച്ച
എറിയമാസത്തെക്ക ചിലവിന്ന പണമില്ലാഞ്ഞതിനാൽ
മരിയാനൊ എന്ന നമ്മുടെ മൂപ്പൻപാദ്രി തെണ്ടികൊണ്ടു
കിട്ടുന്ന അപ്പംമാത്രം അവരുടെ യാവന, നമ്മുടെപുണ്ണ്യ
വാളത്തി സാക്ഷിക്കുന്നതിൻവണ്ണം ആവില പട്ടണത്തി
ലെ മുമ്പിലത്തെ ആശ്രമത്തെ സ്ഥാപിക്കുന്നതിന്ന പാടു
പെട്ടതിനൊളം ഇതിന്ന പാടുപെട്ടിട്ടില്ല എങ്കിലും അ

കഴിഞ്ഞാൽ ശെഷം ആശ്രമങ്ങളെ സ്ഥാപിപ്പാൻ അനുഭവിച്ച സംകടങ്ങളെയും ബുദ്ധിമുട്ടുകളെയും ദുഃഖങ്ങളെയും ഒന്നായിട്ടു കൂട്ടിയാൽ ഇതിനൊടു ഒത്തുനൊക്കുമ്പൊൾ അവയൊക്കയും ഇല്ലാഴ്മയാകുന്നുവെന്നു.

എന്നാൽ കടശി സർവ്വെശ്വരൻ തന്റെ പ്രിയപ്പെട്ട മണവാട്ടികളുടെമെൽ അനുഗ്രഹിച്ച നമ്മുടെ പുണ്യവാളത്തിയുടെ ആങ്ങള ലൊരെൻസൊ ചെബെദ ഈ ഒന്നമാട തന്റെ പെങ്ങളെ പണംകൊണ്ടും തന്നാൽ തന്നെയും സഹായിപ്പാനുള്ള മനസ്സൊടു കൂടെ അവിടെ എത്തി, ഉടനെ സ്വന്തമായിട്ടുള്ള വീടു വാങ്ങിച്ചു; കൊട്ടക്കാററും അമന്ന് സമാധാനമുണ്ടായതിനാൽ ആ പട്ടണത്തിലെ മെത്രാപ്പൊലീത്തായും മനസ്സു വെച്ചു ശുദ്ധ.- കുർബ്ബാന എഴുന്നെള്ളിച്ചു സംഗ്രഹിക്കുന്നതിന്നു അനുവദിച്ചതു കൂടാതെ പട്ടണത്തിന്റെ തെരുവീഥികളെ അലങ്കരിച്ചു വിധാനിക്കുന്നതിന്നു കല്പിച്ചു താൻതന്നെ ഒരു ഇടവകപള്ളിയിൽ നിന്നു ശുദ്ധ.- കുർബ്ബാന മഹാ ഘൊഷത്തൊടുകൂടെ എഴുന്നെള്ളിച്ചു പ്രദക്ഷിണമായിട്ടു പുത്തൻ ആശ്രമത്തിൽ പൊകുയും ആദെഹംതന്നെ കുർബ്ബാനപാട്ടുകയും ചെയ്തു. കർമ്മലൊ മാതാവിന്റെ മാർയൌസെപ്പു എന്നപെരു ആശ്രമത്തിന്നു ഇടുകയും ചെയ്തു.

ഒരു ക്ഷണനെരംകൊണ്ടു ഉണ്ടായ അതിശയമായിട്ടുള്ള പകർച്ച നമ്മുടെ പുണ്യപതി ഈ വചനങ്ങളാൽ അറിയിക്കയും ചെയ്തു. അതായതു "എന്റെ മകളെ! ഇതാ
,,സിവില്യ ആററിൽ വെള്ളം സംപൂർണ്ണമായിട്ടു ഉണ്ടെ
,,ങ്കിലും കുറെമുമ്പും കുടിപ്പാൻ വെള്ളംകൂടെയും സിവി
,,ല്യനഗരിവാസികളിൽ നിന്നു ഞങ്ങൾക്കു കിട്ടുകയില്ല
,,എന്നു തൊന്നിയിരുന്നു; ഇപ്പൊൾ പാവപ്പെട്ട ദെസ്കാ
,,ൾസൊ കന്യാസ്ത്രീകൾ എല്ലാവരാൽ മാനിക്കപ്പെടുകയും ചെയ്യുന്നു,,

ഈ ആശ്രമത്തിൽ അതിശയിപ്പാൻതക്ക പുണ്യസാ

ഗൊപാംഗത്താൽ വിളങ്ങിപ്രകാശിച്ച കന്യാസ്ത്രീകൾപലരായിരിക്കുന്നു എന്നാൽ അത്ഭുതം കൂടിയ ദൈവ മാതാവിന്റെ ബെ അത്രീചെ എന്നകന്യാസ്ത്രീയുടെ അതിശയമുള്ള വൃത്താന്തം നമ്മുടെ പുണ്യവാളത്തിതന്നെ മഹാത്മ്യത്തൊട്ടുകൂടെ ആ കൊവെന്തയുടെ ചരിത്രം എഴുതുന്നയിടയിൽ ഒരു ദീൎഘമായിട്ടുള്ള അധ്യായമായിട്ട എഴുതി യറിയിക്കയും ചെയ്യു. ഠരം ആശ്രമം സ്ഥാപിക്കുന്നതിന്നുമുമ്പിൽ വെഅസ് നഗരിക്ക സമീപമായിരിക്കുന്ന കരബാക്ക എന്ന നഗരിയിൽ ഒര ആശ്രമം സ്ഥാപിക്കുന്നതിന്ന, കന്യാസ്ത്രീകളായിട്ട ഒര യജമാനസ്ത്രീയുടെ വീട്ടിൽ ജീവിച്ചിരുന്ന മൂന്നുപെണ്ണെത്തങ്ങൾ പുണ്യവാളത്തിയൊട അപെക്ഷിച്ചിട്ടുണ്ടായിരുന്നു, എന്നാൽ പല ന്യായങ്ങളാൽ അതിന്ന ഇടവരാതെ കിടന്നിരുന്നു. സിവീല്യ ആശ്രമം ഉറെക്കപ്പെട്ടതിന്റെശെഷം കരബാക്ക ആശ്രമം സ്ഥാപിക്കുന്നതിന്ന ആവശ്യമായിരുന്ന അനുവാദങ്ങൾമുതലായതൊക്കയും തയ്യാറായിരുന്നതിനെ കൊണ്ടും തനിക്കപൊകുവാൻ പാങ്ങില്ലാഞ്ഞതിനാലും തക്ക കന്യാസ്ത്രീകളെയും ശ്രെഷ്ഠത്തിയെയും മററ ആശ്രമങ്ങളിൽനിന്നു തെരിഞ്ഞെടുത്ത അയച്ചതു കൂടാതെ എഴുത്തുകളാലും, ഗുണദൊഷങ്ങളാലും നടത്തുകയും ചെയ്യു. ഠരം ആശ്രമവും മാർയൌസെപ്പ പുണ്യവാളന്റെ നാമധെയത്താൽ അലങ്കരിക്കപ്പെട്ടുകയും ചെയ്യു.

നമ്മുടെ വീരപതി സിവീല്യ ആശ്രമത്തിൽ പാൎത്തിരിക്കയിൽ കൎമ്മലീത്ത സഭയുടെ ജെനരാളിൽനിന്ന ദെസ്കാൾസു കന്യാസ്ത്രീമഠങ്ങൾ എങ്കിലും സന്യാസികളുടെ കൊവെന്തകൾ എങ്കിലും സ്ഥാപിച്ചു കൂടായെന്ന വിലക്കുന്ന കല്പനവന്ന വൎത്തമാനം അറിഞ്ഞതു കൂടാതെതാൻ തെരിഞ്ഞെടുക്കുന്നആശ്രമത്തിൽ പൊയ്യ്പാൎക്കണമെന്നും ആയാശ്രമത്തിൽ പാറാവിൽ എന്നപൊലെ ഇരിക്കെണ്ടുന്നതാകയാൽ പ്രൊവിൻസ്യാളിന്റെ തിരിച്ചുള്ള അനു

വാദംകൂടാതെ ഇറങ്ങികൂടായെന്നും അഞ്ചെലൊ ദെസങ്ങലസർ എന്ന കല്ലാദി കൎമ്മെലീത്തക്കാരരുടെ പ്രൊവിൻസ്യാളിന്റെ ഒരുകല്പനയും പുണ്യവാളത്തിക്ക കിട്ടുകയുണ്ടെല്ലൊ· ഇത തന്നൊടും താൻസ്ഥാപിച്ചസഭയൊടും തന്റെ പ്രിയപ്പെട്ട മക്കളൊടും ഉണ്ടായകഠിനമായയുദ്ധത്തിന്റെ ആരംഭമാകുന്നു·

## പതിനെഴാം അദ്ധ്യായം·

നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ കല്പനപ്രകാരം തൊലെദൊ എന്ന പട്ടണത്തിലെ ആശ്രമം തന്റെ പാറാവായിട്ട തെരിഞ്ഞെടുത്ത അവിടെപൊകുന്നു· തന്നൊടും തന്റെമക്കളൊടും തന്റെ സഭയൊടും, ഞെരുക്കങ്ങളും വിരൊധങ്ങളും വൎദ്ധിക്കുന്ന യൊഹന്നൻ ആ ക്രൂസഎന്ന പുണ്യവാളൻ പാറാവിലിടപ്പെട്ടുന്നു·

---

ൟ അദ്ധ്യായത്തിൽ എഴുതെണ്ടുന്ന പലകാൎയ്യങ്ങളുടെമെൽ മിണ്ടടങ്ങി കൊണ്ട എത്രയൊ സന്തൊഷമായിട്ട കടന്നെനെ, എന്നാൽ ഇതിൻവണ്ണം ചെയ്തിരുന്നുവെങ്കിൽ ൟ ചരിത്രം ചെൎച്ചയും തുടൎച്ചയും കൂടാതെയായി പൊയെനെ: എന്നതന്നെയുമല്ല പിന്നെയൊ നമ്മുടെവിനപതിക്ക സ്തുതി കുറച്ചിലും നമ്മുടെ കണ്ടുപഠിത്വത്തിന്ന ചെതവുമായി തിൎന്നെനെ, എന്നതിനെ കൊണ്ട തീരെ ഇട്ടുകാതെ കഴിയുന്നെടത്തൊളം ചുരുക്കികൊണ്ട എഴുതുവാൻ നിശ്ചയിച്ചിരിക്കുന്നു.

വിശെഷിച്ച സ്ഥാനമഹിമയാൽ അലങ്കരിക്കപ്പെട്ടവരായിരുന്ന പല ആളുകൾ കല്പിച്ചതിനെയും പ്രവൃത്തിച്ചതിനെയും കെൾക്കുമ്പൊൾ അവരെകൊണ്ട കുറച്ചിലായിട്ട യാതൊന്നും വിചാരിക്കാതെ പ്രവൃത്തികളെ കുറിച്ച ഒഴിവുപറവാനും വിചാരിപ്പാനും പാടില്ലയെങ്കിൽ അവ

രുടെ ലൊക്കം അഭിപ്രായങ്ങളും ചൊവ്വുള്ളതായിരുന്നുവെ
ന്ന വിചാരിക്കെണമെന്ന ഠരം ചരിത്ര സംക്ഷെപം വാ
യിപ്പാനിരിക്കുന്നവരൊക്കെയൊട്ടും സാദ്ധ്യമായിട്ട നാം അ
പെക്ഷിക്കുന്നു: കുരുടനായിട്ട പിറന്ന ഒരു മാനുഷനെ ശി
ഷ്യരു കണ്ടപ്പൊൾ പ്രിയംനിറഞ്ഞ നമ്മുടെ രക്ഷിതാവി
നൊട, റാബി ഇവൻ കുരുടനായി പ്പിറക്കുന്നതിന്ന ആരു
പിഴച്ചു, ഇവനൊ? ഇവന്റെ മാതാപിതാക്കന്മാരനൊ?
എന്നചൊദിച്ചതിന്ന ഠരംശൊതമ്പുരാൻ ഉത്തരമായിട്ടക
ല്പിച്ചരുളിയ തിരുവചനങ്ങൾ, അതായത ഇവനെങ്കിലും
ഇവന്റെ മാതാപിതാക്കന്മാരെങ്കിലും ദൊഷം ചെയ്തു
വരല്ല, പിന്നെയൊ സവ്വെശ്വരന്റെ ക്രിയകൾ ഇവനി
ൽ വിളങ്ങി പ്രകാശിക്കുന്നതിന്ന (ഠരംവണ്ണം പിറന്നു.)
എന്നുള്ളതിനെ നമ്മുടെ ഒമ്മയിൽ നന്നാ സ്ഥിരപ്പെടുത്തി
കൊണ്ട ഠരംവത്തമാനങ്ങളെ വായിക്കണം... അപ്പഴെ ക
കഴിഞ്ഞ അദ്ധ്യായത്തിൽ ചുരുക്കമായിട്ടെങ്കിലും എഴുതി
യിരിക്കുംവണ്ണം നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ ഒരു സം
വത്സരത്തെക്ക നാനാ വിധമായ സങ്കടങ്ങളെയും ഞെരു
ക്കങ്ങളെയും അനുഭവിച്ചാറെ ഇത്രഘൊഷത്തൊടും പട്ട
ണവാസികളുടെ സന്തൊഷത്തൊടുംക്രുടെ സിവീല്ല്യ ആ
ശ്രമത്തിന്റെ പള്ളിയിൽ തന്റെ ദിവ്യ മണവാളൻ
ഠരംശൊമിശിഹായെ എഴുന്നെള്ളിച്ചു വെച്ചതിനെ കണ്ട
പ്പൊൾ എത്രയും വലിയസന്തൊഷം അനുഭവിച്ചു ആയ
തിനെ സങ്കടങ്ങളുടെ എത്രയും കൈപ്പുള്ള കാസായെ കു
ടിച്ചിരുന്ന തന്റെ പ്രീയപ്പെട്ട മക്കളൊട്ടുക്രുടെ കുറെ നാ
ളത്തെക്ക എങ്കിലും അനുഭവിപ്പാൻ ന്യായമായിരുന്നു എ
ന്നാൽ തന്റെ സഭയുടെ കാര്യവിചാരത്താലും, ശ്രെഷ്ഠ
രുടെ കല്പനകളാലും, അണ്ടലുസീയ പ്രദെശത്തിന്റെ ഉ
ണ്ണത്താലും നിബ്ബന്ധപ്പെട്ട ശുദ്ധ.- കുബ്ബാന എഴുന്നെള്ളിച്ച
തിന്റെ പിറെറദിവസം അണ്ടലുസീയ പ്രദെശത്തിന്റെ
പ്രധാന നഗരിയാകുന്ന സിവീല്ല്യ നഗരിയെ വിട്ട കസ്തീ

ല്യ പ്രദെശത്തിലെക്ക യാത്രപുറപ്പെട്ടുകയും ചെയ്തു.
തന്റെമക്കളിൽ ഗ്രെഗൊരിയൊ നസ്യൻസെനൊ എന്ന മൂപ്പൻപാദ്രിയും തന്റെആങ്ങള ലൊരെൻസൊ എന്ന ദെഹത്തിന്റെ മകൾ സഭയിൽ കൂടിയപ്പൊൾ നമ്മുടെ പുണ്യവാളത്തിയുടെമെൽ ഉണ്ടായിരുന്ന പക്ഷത്താൽ ൧൫൦൯ാമാണ്ടെ ത്രെസ്യ എന്ന പെരു ധരിച്ച മഹാ പുണ്യപതിയായി ജിവിച്ച പെണ്ണെതല്പം ആയാത്രയിൽ നമ്മുടെ പുണ്യവാളത്തിയുടെ തുണക്കാരായിരുന്നു. തന്റെ അലസി ഭാഗത്തിന്റെ ആശ്രമത്തിൽ പൊകുന്നതിന്നു മുമ്പിൽ സിവീല്യ പട്ടണത്തിൽ ആയിരിക്കുമ്പൊൾ സവെ്വശ്വരൻ തന്നൊടു കല്പിച്ചിരിക്കുന്ന ഒരുപ്രമാണം നിറവെററുന്നതിന്ന ആവില പട്ടണത്തിലെ മാർയൌസെപ്പ പുണ്യവാളന്റെആശ്രമത്തിൽ പൊകയും ചെയ്തു. എന്നാൽ ൧൫൦ തമ്പുരാന്റെപ്രമാണം എന്താകുന്നു? പിന്നത്തെ കാലങ്ങളിൽ തന്റെവെർപിരിയാത്ത കൂട്ടുകാരത്തിയായി വന്നുല്യമ്മാ ശ്ലീഹായുടെ അന്നാ എന്ന വാഴ്ത്തപ്പെട്ടവളെ തെരിഞ്ഞെടുപ്പാൻ അത്രെ മെൽ ചൊല്ലിയ സവെ്വശ്വരന്റെ പ്രമാണം. നമ്മുടെപുണ്യവാളത്തി അവിടെ ചെന്നപ്പൊൾ വാഴ്ത്തപ്പെട്ടവൾ ദീനമായി കിടന്നിരുന്നു, ക്ഷീണം അധികമായിട്ട വൎദ്ധിച്ചിരുന്നു. വൈദ്യൻ ദീനത്തിന്റെ അവസ്ഥ അറിയാതെ ചികിത്സിച്ചിരുന്നതിനെകൊണ്ട ഭെദംവരാതെ മെൽചൊല്ലിയ ക്ഷീണം ഇത്രവൎദ്ധിപ്പാനുള്ള കാരണ മായതു. എന്നാൽ സവെ്വശ്വരൻ തന്റെ ആ മണവാട്ടിയുടെ ആത്മാവിൽ കത്തിച്ചിരുന്ന ദൈവസ്നെഹത്തിന്റെ ആധിക്യമത്രെ വാഴ്ത്തപ്പെട്ടവളുടെ ദീനം എന്ന നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ അറിഞ്ഞിരുന്നതിനെകൊണ്ട തന്റെ മകളെ ധൈൎയ്യപ്പെടുത്തി മഹാ പക്ഷത്തൊടുകൂടെ അവളെ കൂട്ടികൊണ്ട തന്റെ മുറിയിൽ പൊകയും ചെയ്തു: അവിടെവെച്ച സൌഖ്യം കൊടുത്തരുളുവാൻ സവെ്വശ്വരനൊട പ്രാൎത്ഥിക്കണമെന്ന പുണ്യ

വാളത്തി വാഴ്ത്തപ്പെട്ടവളൊട കല്പിക്കയും ചെയ്തു: ഇരു
വരും തമ്പുരാനൊട എറിവൊട്ടുകൂടെ അപെക്ഷിച്ചാറെ
വൈദ്യന്മാരുടെ വിസ്മയത്തൊട്ടുകൂടെ വാഴ്ത്തപ്പെട്ടവൾ
സൌഖ്യം പ്രാപിക്കയും ചെയ്തു.

ഉടനെ ഇരുവരും പുണ്യവാളത്തിക്ക അലസിഭാഗമാ
യിട്ട കല്പിക്കപ്പെട്ടിരുന്ന തൊലെദൊ പട്ടണത്തിലെ ആ
ശ്രമത്തിലെക്ക യാത്രപുറപ്പെട്ടു പൊകയും ചെയ്തു: ഇതാ
കൊട്ടക്കാററ എല്ലാവരെയും ഭയപ്പെടുത്തുവാൻ തക്കവ
ണ്ണം വീശി തുടങ്ങി, തന്റെ മക്കളിൽ തനിക്ക സഹായം
ചെയ്യാൻ തക്ക ത്രാണി യുള്ളവരിൽ ചിലര മഹറൊൻ
ചൊല്ലപ്പെട്ടു, ചിലര അലസിഭാഗ പ്പെട്ടവരായി ചിതറ
പ്പെട്ടു, ചിലരും പാററാവിൽ ആക്കപ്പെടുകയും ചെയ്തു: ഇ
തു ഹെതുവായിട്ട ദെസ്കാൾസു സഭയുടെ ജ്ഞാന മാളിക
ഇളകി ആയത വീഴുമൊ എന്ന സംശയിപ്പാൻ തക്ക പ്ര
കാരത്തിൽ ഞെരുങ്ങപ്പെട്ടിരിക്കുമ്പൊൾ നമ്മുടെ മഹാവീ
രപതിമാത്രം അതിനെ താങ്ങുന്നതിന്ന ശെഷിച്ചു തന്റെ
വിശെഷ ബുദ്ധിക്രമ്മതയാലയും, നിരപ്പിന്റെ അരൂപി
യാലയും, സർവ്വെശ്വരന്റെമെലുള്ള മനൊശരണത്താല
യും, ധൈര്യം കൊണ്ടും നിലനിൽത്തിയതുകൂടാതെ തമ്പുരാ
ൻ തിരുമനസ്സായപ്പൊൾ എററംവലിയ ഉറപ്പൊട്ടുകൂടെ
സ്ഥിരപ്പെടുത്തുകയും ചെയ്തു.

ഈ യുദ്ധം നാലുസംവത്സരംവരെ നീളിക്കപ്പെട്ടു അ
തിന്നിടയിൽ നമ്മുടെ പുണ്യവാളത്തിയും, തന്റെ കന്യാ
സ്ത്രീകളും സന്യാസികളിൽ ദെസ്കാൾസു സഭയ്ക്ക തൂണുക
ളെപൊലെ ആയിരുന്നവരും സഹിച്ചദുരിതങ്ങളും അപ
മാനങ്ങളും അന്യായങ്ങളും എണ്ണമില്ലാത്തതാകുന്നു. വി
ധിദിവസത്തിൽമാത്രം തിരിച്ചറിവാൻ സംഗതിവരും..
എന്നാൽ പുണ്യവാളത്തിയുടെയും തന്റെ മക്കളുടെയും
കുറവില്ലാത്ത പുണ്യസാംഗൊപാംഗം രണ്ടാമത്തെ ഫില്ലി
പ്പൊസുരാജാവും ഹിസ്പാന്യ രാജ്യത്തിൽ ശുദ്ധ.- മാർപ്പാ

പ്പായുടെ സ്ഥാനാപതി യായിരുന്ന നിക്കൊലൌസ ഒമ്മനെത്തൊ എന്നദെഹവും കഴിഞ്ഞ അദ്ധ്യായത്തിൽ എഴുതി അറിയച്ചതിൻവണ്ണം വിസീത്തദൊരപ്പൊസ്തൊലിക്കമാരായിട്ട നിയമിക്കപ്പെട്ടിരുന്ന ദൊമ്മിനിക്കൊസു പുണ്ണ്യവാളൻെറസഭക്കാരരും, ബൊധിച്ചിരുന്നതിനെ കൊണ്ട മെൽ ചൊല്ലിയ സംകടങ്ങൾ അനുഭവിപ്പാൻ സംഗതിയായി എങ്കിലും നമ്മുടെപുണ്ണ്യവാളത്തി സ്ഥാപിച്ച സഭയുടെ സ്ഥിരതമെൽ ഒന്നും ഭയപ്പെടുവാനില്ലാഞ്ഞു.

എന്നാൽ നമ്മുടെ രക്ഷകനായിരുന്ന ഒമ്മനെത്തൊ ആയാണ്ടിൽ തന്നെ അതായത: ൧൭൭൨ാം കാലം ഇടവമാസത്തിൽ കാലം ചെയ്കയാൽ ആ ദെഹത്തിന്ന പകരമായിട്ട റീപ്പയെന്ന ദിക്കിൻെറ മെത്രാനാ യിരുന്ന ഫില്ലിപ്പൊസുസെഗ എന്ന മൊൻസിഞ്ഞൊർ ഹിസ്പാന്ന്യരാജ്യങ്ങളിൽ ശ്ലീഹായ്ക്കടുത്ത സ്ഥാനാപതിയായി നിയമിക്കപ്പെട്ടു, ഈ ദെഹം റൊമ്മയിൽനിന്ന പുറപ്പെടുന്നതിന്നുമുമ്പിൽ പലരിൽനിന്നും പലഅന്ന്യായങ്ങളെകെട്ട നെരായിട്ടഗ്രഹിച്ചിരുന്നു, അവിടെ കമ്മെലീത്ത ദെസ്കാൾസു സഭക്കാൎക്ക വിരൊധമായിട്ട ചെന്നിരുന്ന കള്ള ഹൎജ്ജികൾ കൊണ്ടും ഹിസ്പാന്ന്യ രാജ്യത്തിൽനിന്ന ഒരു കാൎയ്യത്തിലെക്ക റൊമ്മയിൽ പൊയിരുന്ന രണ്ട കല്സാദി കമ്മെലീത്ത ക്കാരരുടെ വചനങ്ങളാലയും നമ്മുടെപുണ്ണ്യവാളത്തിയുടെ സഭക്കാരരുടെപെരിലും തൻെറപെരിൽ തന്നെയും ഊബെദ എന്ന ജെനെരാളിൻെറ പക്കൽ ചെന്നിരുന്ന ദൂഷണങ്ങളാൽ നിറഞ്ഞ എഴുത്തുകളിൽ എഴുതിയിരുന്നതെല്ലാം നെരെന്ന വിശ്വസിച്ചിരുന്ന ജെനെരാ ളിൻെറ അപെക്ഷകളാലയും വചനങ്ങ ളാലയും സ്ഥാനാപതി ദെസ്കാൾസു കമ്മെലീത്ത സഭക്കാരരെയും കാരണക്കാരത്തിയായ നമ്മുടെപുണ്ണ്യവാളത്തിയെയും എതുവിധത്തിലെങ്കിലും അമൎത്തുന്നുണ്ടെന്നുള്ള പ്രതിജ്ഞ യൊടുക്രൂടെ റൊമ്മയിൽ നിന്ന പുറപ്പെട്ട ഹിസ്പാന്ന്യ രാജ്യത്തിൽ എത്തുകയും ചെയ്തു

ൟ ദെഹം അവിടെ എത്തുന്നതിന്നു മുമ്പിൽ ജെനെരാൾ
ക്രൂട്ടിയിരുന്ന ആലൊചനസംഘക്കാരരുടെ സമ്മതത്തൊ
ടും കല്പനയൊടും ക്രൂടെ നമ്മുടെ സഭക്കാരരുടെ ജെനെ
രാളിന്നടുത്ത വിസീത്ത ദൊരായിട്ട കല്ല്സാദൊ സഭക്കാര
നായിരുന്ന ഇറാണിമൊസ്സ തൊന്സാദൊ എന്നദെഹത്തെ
അയച്ചിട്ടുണ്ടായിരുന്നു, ൟ ദെഹം ബഹുകഠിനമായിട്ട കാ
ൎയ്യംവിചാരിച്ചുവന്നിരുന്നുവെങ്കിലും ശ്ലീഹായ്ക്കടുത്ത അധി
കാരികളും രാജാധികാരികളും കുററമില്ലാത്ത നമ്മുടെസ
ഭക്കാരരെ ആദരിച്ചിരുന്നതിനെകൊണ്ട ഭാവിച്ചിരുന്നെട
ത്തൊളം അവരെ ശിക്ഷിപ്പാനും ചിതറിപ്പാനും വശമാ
യില്ല: സെഗഎന്ന ശ്ലീഹായ്ക്കടുത്ത സ്ഥാനാപതിചെന്നപ്പൊ
ൾ മുഴുവനായ ധൈൎയ്യംകൊണ്ടും ഉടനെതന്റെ ജെനെ
രാളിന്നടുത്ത അധികാരത്തൊടുക്രൂടെ യാതൊരുകന്യാസ്ത്രീ
മഠമെങ്കിലും, സന്ന്യാസികളുടെ കൊവെന്ത യെങ്കിലും
സ്ഥാപിച്ചു ക്രൂടായെന്നും, പുതു സന്ന്യാസികളെ ക്രൂട്ടിക്രൂടാ
യെന്നും വിലക്കി, മൊൻസിഞ്ഞൊർ സെഗ ൟ പ്രമാണ
ങ്ങളെ ഉറപ്പിച്ചതുക്രൂടാതെ നമ്മുടെസഭക്കാൎക്കും പുണ്യവാ
ളത്തിക്കും വിരൊധമായിട്ട കെട്ടതെല്ലാം നെരെന്ന വി
ശ്വസിച്ചിരുന്നതിനാൽ അവരുടെ ആവലാധിയൊന്നും
കെൾക്കാതെ കുരുടനെപൊലെ അങ്ങൊട്ടും ഇങ്ങൊട്ടും
അടിച്ചനമ്മുടെപുണ്യവാളത്തിയുടെ കണ്ണുനീരുകൾ അതി
നെ താങ്ങിയില്ലയെങ്കിൽ തന്റെസഭയെ നിൎമ്മൂലമാക്കു
വാൻതക്കവണ്ണം ആദെഹം പ്രവൃത്തിച്ചിരുന്നു. ദെസ്കാൾ
സു കൊവെന്തകളിൽ ശ്രെഷ്ഠന്മാരായിരുന്നവരൊക്കയും
ജെനെരാളിന്നടുത്ത വിസീത്തദൊരിന്റെമുമ്പാകെ ഹാജ
രാകുവാൻ തക്കവണ്ണം കല്പനയായി: എന്നാൽ ഇത അ
വരെ മറിപ്പിലാക്കുന്നതിന്ന ഒരു ഉപായമെന്നുകണ്ട ചില
രൊക്കയും മാറിഒളിക്കയുംചെയ്തു: നമ്മുടെപ്രിയപ്പെട്ടകി
ളവൻ അതായത ൟശൊടെ അന്തൊന്ന്യൊ എന്ന വാ
ഴ്ത്തപ്പെട്ടവൻ ശുദ്ധമാകപ്പെട്ട അമ്മയ്ക്കു രഹസ്യമായിട്ടെ

ങ്കിലും തുണയും സഹായവുമാകുവാൻ തൊലെദൊപട്ട
ണത്തിലെ പ്ര്യാധികാരരുടെശാലയിൽ ചില രഹസ്യമു
റികളിൽ ഒളിച്ചിരുന്നു, ധൈൎയ്യമില്ലാത്ത ചിലര കല്സാദി
കാരരുടെ കൊവെന്തകളിൽ ക്രുടി, പരമാൎത്ഥികളായി
രുന്ന ചിലര മഹറൊൻ മറവും കെട്ടപ്പൊൾ ഭയപ്പെട്ട
തൊമ്മാദൊ എന്ന ദെഹത്തിന്റെ മനസ്സപൊലെ വഴ
ങ്ങുകയും ചെയ്തു, ൟ ക്രുട്ടത്തിൽ നമ്മുടെ വാഴ്ത്തപ്പെട്ട
പ്രെ ജൊവാന്നി ദെല്ലമിസെരിയ എന്ന അദ്വൈനിദൎശന
കാരനുണ്ടായിരിക്കുന്നു, ൟ പുണ്യപ്പെട്ട ആത്മാവ ചെ
ൻസൂര, മഹറൊൻ എന്ന പെരുകൾ കെട്ടാറെ ഭയപ്പെട്ട
ആത്മാവിന്ന നിരപ്പും സമാധാനവും വരുവാൻവെണ്ടി
റൊമ്മയിൽപൊയി ജെനെരാളിന്റെ മുമ്പാകെ ചെന്ന
സാഷ്ടാംഗംവീണ വഴങ്ങുകയും ചെയ്തു: ജെനെരാൾമൂപ്പ
ൻപാദ്രിമുഖത്തെളിവൊട്ടക്രുടെവാഴ്ത്തപ്പെട്ടവനെ കൈ
ക്കൊണ്ടുവെങ്കിലും ദെസ്കാൾസു സഭക്കാരരുടെ തപസ്സി
ന്നടുത്ത ഉടുപ്പുകളെ മാററി കല്സാദിക്കാരരുടെ ഉടുപ്പു ധ
രിപ്പാൻ കല്പിച്ചു, വാഴ്ത്തപ്പെട്ടവൻ കല്പനപൊലെ കെ
ട്ടു, എന്നാൽ നമ്മുടെപുണ്യപ്പെട്ട ക്രുടപ്പിറപ്പിന്ന പൂൎവ്വറെ
ഗുലയുടെ കാപ്പിന്നുണ്ടായിരുന്ന തഴക്കത്താൽ കടുപ്പംകുറ
ഞ്ഞ റെഗുലയുടെ കാപ്പുകൊണ്ട മനസ്സിന്ന അടക്കം വരാ
ത്തതെന്നിയെ തന്റെ ദെസ്കാൾസു ക്രുടപ്പിറപ്പുകളും, പ
സ്ത്രാന കൊവെന്തയും എപ്പൊഴും ഒൎമ്മയിൽ തൊന്നിയി
രുന്നതിനാൽ ഇടവിടാതുള്ള കണ്ണുനീരുകളാൽ തന്റെനി
ൎഭാഗ്യത്തിന്മെൽ കരഞ്ഞിരുന്നു: ശുദ്ധ: മാർപ്പാപ്പായെബൊ
ധിപ്പിച്ച ഉത്തരവു വാങ്ങി, പ്രൻസിസ്കൊസു പുണ്യവാള
ന്റെ സഭയിൽ ക്രുട്ടുകയും ചെയ്തു: അവിടെ തപസ്സചെ
യ്തുകൊണ്ട ജീവിതം കഴിച്ചാൽ അടക്കമുണ്ടാകുമെന്ന വി
ചാരിച്ചിരുന്നു, എന്നാൽ അവിടെയും അടക്കം വരാതെ
ഒച്ചയടെപ്പ വരുവാൻതക്കവണ്ണം കരച്ചിലും നെട്ടവീൎപ്പു
കളും വൎദ്ധിക്കയുംചെയ്തു: തന്റെമാടപ്രാവ എന്ന ന്യെ

ഹ പെരായിട്ട വിളിച്ചു വന്നിരുന്ന ദെവമാതാവിന്റെ
സ്വരൂപം നൊക്കിയാൽ "ജൊവാന്നി എന്റെ സഭയെ
"ഉപെക്ഷിച്ചതെന്തെ? എന്റെ കർമ്മലീത്ത ഉടുപ്പിനെ
"മാററിയതെന്തെ? ഇതാ ഇപ്പൊൾ ദെസ്കാൽസു സഭക്കാ
"ര നല്ലസമാധാനം അനുഭവിക്കുന്നു, നീ നിലനിന്നിരുന്നു
"വെങ്കിൽ ഇപ്പൊൾ നീയും അതിന്നുപങ്കാളിയായിരുന്നെ
"നെ: ഹിസ്പാന്യരാജ്യത്തിൽ പിന്തിരിഞ്ഞുപൊക ഞാൻ
"നിന്റെഅമ്മയും നിന്റെമാടപ്രാവുമാകുന്നു" എന്നീ വ
ചനങ്ങൾ കെൾക്കുന്നതുപൊലെ അയാൾക്ക തൊന്നിയി
രുന്നു. എത്രയും ദയയുള്ള മാതാവിന്റെ കൃപയാൽ ശു
ദ്ധ- മാർപ്പാപ്പായിൽനിന്ന എളുപ്പമുള്ളവഴിയായിട്ട വെ
റിട്ടൊരു തിരുകല്പനവാങ്ങിച്ച ഹിസ്പാന്യ രാജ്യത്തിലെക്ക
പിന്തിരിഞ്ഞ നമ്മുടെ പുണ്യവാളത്തി മരിച്ചിട്ട ഒരുവൎഷം
കഴിഞ്ഞപ്പൊൾ എത്തുകയും ചെയ്തു: എന്നാൽ അവിടെ
ചെന്നാറെ സഭയെ ഉപെക്ഷിച്ച ദ്രൊഹിയെ പൊലെ നമ്മു
ടെസന്യാസികൾ വാഴ്ത്തപ്പെട്ടവനെ വിചാരിച്ചിരുന്നതി
നെകൊണ്ട വീണ്ടുക്കൂട്ടണമൊ കൂട്ടെണ്ടയൊ എന്ന സംശ
യിച്ചിരുന്നു.

നമ്മുടെശുദ്ധമാക്കപ്പെട്ട അമ്മ വെനുസ് ആശ്രമത്തി
ലെ കീൎത്തിപെട്ട ൧൦൦൦ത്തൊടെ കത്തരീന എന്നവാഴ്ത്തപ്പെ
ട്ടവൾക്ക കാണപ്പെട്ട "ഫ്രെ ജൊവാന്നി ദെല്ലമിസെരി
"യ കീഴ്വഴക്കത്തെയും ഹൃദയത്തിന്റെ നിരപ്പിനെയും അ
"ന്വെഷിപ്പാൻ പൊയതല്ലാതെ സഭയെ ഉപെക്ഷിച്ച ദ്രൊ
"ഹിനല്ല എന്നതിനെ കൊണ്ട അവനെ വീണ്ടും സഭയിൽ
"കൂട്ടണമെന്ന പ്രൊവിൻസ്യാളിനൊട പറഞ്ഞുകൊള്ളു
"ണം" എന്ന കല്പിച്ച ൧൦൦ വചനങ്ങളാൽ സംശയമെ
ല്ലാം തീൎത്ത എല്ലാവരും സമ്മതിച്ച വീണ്ടും സഭയിൽ കൂ
ട്ടുകയും ചെയ്തു.

മെലെഴുതിയതിൻവണ്ണം തൊമ്പ്സാദൊ എന്നദെഹം
മഹാകഷ്ടപ്പെട്ടൊട്ടുകൂടെ നമ്മുടെ പുണ്യവാളത്തിയുടെ ശു

ക്കളൊട്ടു പെരുമാറിവരികയിൽ നമ്മുടെപുണ്യവാളത്തി അനുവാദത്തൊട്ടുക്രുടെ ആവില പട്ടണത്തിൽ സർവ്വെശ്വരന്റെ ഒരു കല്പന നിറവെററുന്നതിന്ന പൊകയും ചെയ്തു· അതാകുന്നത മുമ്പിലത്തെആശ്രമം സർവ്വെശ്വരന്റെ കല്പനയ്ക്കു തക്കതിൻവണ്ണം മെത്രാന്റെ അധികാരത്തിൻ കീഴായിട്ടു സ്ഥാപിച്ചതൊഴികെ ശെഷം ആശ്രമങ്ങളെ കർമ്മെലീത്ത സഭയുടെ ശ്രെഷ്ഠന്മാരുടെ കീഴായിട്ടു സ്ഥാപിക്കയും ചെയ്തിരുന്നു: എന്നാൽ നമ്മുടെപുണ്യവാളത്തിയുടെ സ്നെഹിതനും നമ്മുടെദെസ്കാൾസു സഭയുടെ മഹാവുപകാരിയും പക്ഷക്കാരനുമായിരുന്ന അല്പരൊമെന്ദൊസ എന്ന ആവില പട്ടണത്തിലെ മെത്രാൻ അവിടെനിന്ന മാററംവന്ന വല്ലെൻസ്യാ രൂപതയിലെക്ക നിയമിക്കപ്പെട്ടു, ആ തരംനൊക്കി ആവിലആശ്രമവും സഭയുടെശ്രെഷ്ഠന്മാരുടെ കീഴാക്കുവാൻ വെലചെയ്യാൻ സർവ്വെശ്വരൻ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയൊട്ടുകല്പിച്ചു· മററുപ്രകാരത്തിൽ കിടന്നാൽ ആയാശ്രമത്തിൽ റെഗുലയുടെകാപ്പിന്ന അഴിവുവരുമെന്ന തമ്പുരാൻ അരുളിചെയ്തു· മെലെഴുതിയയുദ്ധങ്ങളുടെ കാലങ്ങൾ ആയിരുന്നതുകൊണ്ടും മെത്രാൻ അവരെ മഹാപക്ഷത്തൊടെ സ്നെഹിച്ചിരുന്നതിനെ കൊണ്ടും കന്ന്യാസ്ത്രീകളെയും മെത്രാനെയും സമ്മതിപ്പിക്കുന്നതിന്ന നമ്മുടെ പുണ്യവാളത്തി കുറെ പ്രയാസപ്പെട്ടുവെങ്കിലും തന്റെ വിശെഷസാമൎത്ഥ്യംകൊണ്ടു സാധിക്കയും ചെയ്തു: എന്നുവരികിലും മെത്രാൻ പണിയിപ്പിച്ചിരുന്ന ആശ്രമത്തിന്റെ മദബകായുടെ കൎത്തവ്യം കൊടുക്കണമെന്നും നമ്മുടെപുണ്യവാളത്തി എവിടെയെങ്കിലും മരിച്ചാലും ശവം ആപള്ളിയിൽ മദബകായ്ക്കകത്ത അടക്കണമെന്നും അപെക്ഷിച്ചിരുന്നു: നമ്മുടെസന്ന്യാസികൾ സമ്മതിക്കയും ചെയ്തു·

ആവില പട്ടണത്തിലെ ഇൻകൎന്നാസ്യൊനിന്റെ കന്ന്യാസ്ത്രീകൾ ആ തരംകണ്ടു പുത്തൻ മൂപ്പത്തി തെരിഞ്ഞെ

ടുത്തപ്പോൾ കുറിമിക്കപങ്കും അവരവലുതെന്നു സ്നേഹിച്ച പുണ്യവാളത്തിയായി വന്ദിച്ചിരുന്ന നമ്മുടെ പുണ്യവാളത്തിയുടെമെൽ വീണു ഇങ്ങനെ ൟ പ്രവൃത്തിയാൽ അവരുടെ കൂടപ്പിറപ്പുകളായ കല്സാദി കർമ്മലീത്തക്കാരു പുണ്യവാളത്തിയൊടു ചെയ്തിരുന്ന ഞെരുക്കങ്ങൾ നെരുകെടാകുന്നുവെന്ന വെളിപ്പെടുത്തുകയും ചെയ്തു. എന്നാൽ ൟ പ്രവൃത്തി അവൎക്കും നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയ്ക്കും ഏറിയ സങ്കടങ്ങൾക്ക കാരണമായി.

അതെങ്ങനെയെന്നാൽ തൊസ്താദൊ എന്ന മെൽപറഞ്ഞ ദെഹത്തിന്റെ കല്പനയാൽ അന്നത്തെ പ്രൊവിൻസ്യാൾ ആയാശ്രമത്തിൽ ചെന്ന ആ തെരിഞ്ഞെടുപ്പിനെ അസ്ഥിരമാക്കി വെറിട്ടൊരു മൂപ്പത്തിയെ തെരിഞ്ഞെടുക്കെണ്ടുന്നതിന്ന കന്യാസ്ത്രീകളെ കൂട്ടി, അവരുമിക്കവരും വീണ്ടും, നമ്മുടെ പുണ്യവാളത്തിയുടെ സാദ്ധ്യപ്പെട്ട അപെക്ഷകളെയും ഗുണദൊഷങ്ങളെയും കെൾക്കാതെ തന്റെ പെൎക്ക കുറിഇടുകയും ചെയ്തു. ഇതു ഹെതുവായിട്ട പ്രൊവിൻസ്യാൾ കൊപിച്ച ചിലകന്യാസ്ത്രീകളെ പാറാവിൽ ആക്കി, ചരിത്രങ്ങളിൽ കാണുന്നതുപൊലെ അമ്പത്തുനാലുപെരുവരെ മഹറൊൻ ചൊല്ലി; ചുരുങ്ങിയകൂട്ടം മൂപ്പത്തിയായിട്ട ആഗ്രഹിച്ചിരുന്നകന്യാസ്ത്രീയെ ശ്രെഷ്ഠത്തിയുടെസ്ഥാനത്തിൽ ഉറപ്പിക്കയും ചെയ്തു. രണ്ടുമാസം കഴിഞ്ഞിട്ടു മാത്രം തൊസ്താദൊ എന്ന ദെഹം കന്യാസ്ത്രീകളുടെ മഹറൊൻപൊക്കുന്നതിന്ന എന്നുചൊല്ലി മൽദൊനാത്തൊ എന്ന മൂപ്പൻപാദ്രിയെ അയച്ചു. ആ സമയത്ത കന്യാസ്ത്രീകൾക്കും പ്രത്യെകം നമ്മുടെഅമ്മയ്ക്കും മഹാസങ്കടമുള്ള ചതിവാലെ ആ കന്യാസ്ത്രീകളുടെ കുമ്പസാരക്കാരനായിരുന്ന മാർ യൊഹന്നൻ ആക്രൂസെന്ന പുണ്യവാളനെ രാത്രിസമയത്ത ബലമായിട്ട പിടിച്ച ശ്ലീഹായ്ക്കടുത്ത സ്ഥാനാപതിയുടെ കല്പനയൊടുകൂടെ പാറാവിൽ ഇടപ്പെടുകയും ചെയ്തു, നെരംവെളുത്തപ്പൊൾ ആവില പട്ടണവാസി

കൾ തങ്ങളുടെ ശ്രുദ്ധമാകപ്പെട്ട പ്രസംഗക്കാരൻ പിടിക്കപ്പെട്ടുവെന്ന കെൾക്കകൊണ്ട മത്സരിച്ച യൊഹന്നാൻ ആക്രൂസ എവിടെയെന്ന അന്വെഷിച്ചിരുന്നു, ആ സമയത്ത പൂജ്യവാളൻ ആവില പട്ടണത്തിൽ ഇല്ല തൊലെദൊ പട്ടണത്തിൽ കല്സാദി സഭക്കാൎക്ക ഉണ്ടായിരുന്ന കൊവെന്തയിൽ കൊണ്ടുപൊകപ്പെട്ട നെരായ പാറാവായിരുന്ന വെട്ടമില്ലാത്തതും എത്രയും ഞെരുങ്ങപ്പെട്ടതുമായ ഒരുമുറിയിൽ പൂട്ടപ്പെടുകയും ചെയ്തു: ഒമ്പതു മാസത്തെക്ക അനുഭവിച്ച സങ്കടങ്ങളും, എററ പ്രായശ്ചിത്തങ്ങളും, ഉണ്ടായ പ്രത്യക്ഷങ്ങളും, പ്രത്യക്ഷമായിട്ട അവിടെനിന്ന ഒളിച്ചുപൊയതും ഇതുമുതലായ വിവരങ്ങൾ നമ്മുടെ പൂജ്യപിതാവിന്റെ ചരിത്രത്തിൽ എഴുതി വിവരിക്കെണ്ടുന്നതാകയാൽ ഇവിടെ എഴുതുന്നില്ല. അപ്പഴൊ നമ്മുടെ വീരപതി, കൊപിച്ചിരിക്കുന്ന സമുദ്രത്തിന്റെ നടുവിൽ കിടക്കുന്ന ഇളക്കമില്ലാത്ത പാറപൊലെ നിന്ന ഒരുസംകടമായിട്ടുള്ള വൎത്തമാനം വായിച്ചുകഴിയുംപൊൾ വെറിട്ടു ഒരെഴുത്ത ഇതാവന്നിരിക്കുന്നു, ആയത പൊട്ടിച്ചു വായിക്കുമ്പൊൾ മുമ്പിലത്തെതിനെകാളിലും എററം ദുഃഖിപ്പിക്കുന്ന വൎത്തമാനമായിരിക്കുന്നു: പൂജ്യവാളത്തി രണ്ടാമത്തെ ഫില്ലിപ്പൊസു എന്ന മഹാരാജാവിന്നും തന്റെയും തന്റെമക്കളുടെയും കുററമില്ലായ്മയെ വെണ്ടുംവണ്ണം ഗ്രഹിച്ചിരിക്കുന്ന മടമ്പികൾക്കും രാജ്യാധികാരികൾക്കും എഴുത്തുകൾ എഴുതുന്നു, പാറാവിൽ കിടക്കുന്ന തന്റെമക്കളെ ആശ്വസിപ്പിപ്പാൻതക്ക എഴുത്തുകളെ സൂക്ഷമുള്ള വഴികളായിട്ട എത്തിക്കയും ചെയ്യുന്നു. "കാൎയ്യങ്ങളെ നട
,,ത്തുന്നതിൽവെച്ച സൎവെശ്വരന്റെ വഴികളെ തിരിയാ
,,ത്തവൎക്ക മഹാസങ്കടം തൊന്നുവാൻ തക്കപ്രകാരത്തിൽ
,,ആയിരിക്കുന്നു നമ്മുടെസഭയുടെ കാൎയ്യംനടക്കുന്നത, എ
,,ന്നാൽ ആത്മാവുകളെ എററം ശുദ്ധീകരിക്കുന്നതിന്ന സ
,,ൎവെശ്വരൻ എല്ലാം ഉപചാപ്പാക്കുന്നുവെന്നും കടശിത്തന്റെ

,,ചിററാഴ്മക്കാരരെ താൻ സഹായിക്കുമെന്നും അറിഞ്ഞിരി
,,ക്കുമ്പൊൾ മെൽ ചൊല്ലിയത ക്രൂട്ടാക്കാനുള്ളതല്ല: എന്ന
,,തന്നെയുമല്ല പിന്നെയൊ തമ്പുരാനെ സ്തുതിപ്പാനുള്ളന്ത്യാ
,,യങ്ങളും പാട്ടുകളും വൎദ്ധിപ്പാൻ ആഗ്രഹിക്കൊണ്ട താകു
,,ന്നു, അതെന്തെ നെറിവിനെകുറിച്ച പാട്ടുപെട്ടുവാൻ ന
,,മുക്ക മനൊഗുണം ചെയ്യുന്നു,, എന്ന നമ്മുടെ ശുദ്ധമാക
പ്പെട്ടഅമ്മ ആ കാലങ്ങളിൽ എഴുതിയ ഒരെഴുത്തിൽ ത
ന്റെ മക്കൾക്കു കൊടുത്തയച്ചിരുന്ന ഗുണദൊഷങ്ങൾ-
എന്നാൽ നമ്മുടെ പുണ്യവാളത്തി എഴുതിയതിൻവണ്ണം
"മൊൻസിഞ്ഞൊർ സെഗ എന്ന ശ്ലീഹായ്ക്കടുത്ത സ്ഥാനാ
,,പതി ശുദ്ധ- മാർപ്പാപ്പായുടെ കുറെ സംബന്ധക്കാരനാ
,,യിരുന്നു, എന്നതിനെകൊണ്ട നല്ലപുണ്യാത്മാവായിരുന്നു
,,വെന്നും പ്രവൃത്തിച്ചതെല്ലാം നന്നായിരിക്കുന്നുവെന്ന വി
,,ചാരിച്ചിരുന്നുവെന്നും വിചാരിപ്പാൻ ന്യായമുണ്ട എംകി
,,ലും ക്ഷമയെന്ന പുണ്യത്തിൽ നമ്മെ അഭ്യസിപ്പിപ്പാൻ ത
,,മ്പുരാനാൽ യാത്രയാക്കപ്പെട്ടവനെന്നതൊന്നിയിരുന്നു,,
ഇപ്രകാരമെല്ലാം കലങ്ങിയിരിക്കയിൽ നമ്മുടെസഭയുടെ
മെൽ പക്ഷമുള്ള പിതാവിനെപൊലെയായിരുന്ന രണ്ടാ
മത്തെ ഫീല്ലിപ്പൊസു രാജാവ കമ്മെലീത്ത ദെസ്കാൽസു
സഭക്കാക്ക ഗുണമായിട്ടും, മൊൻസിഞ്ഞൊർസെഗ എന്ന
ദെഹത്തിന്റെ കല്പനകളുടെ നടത്തലിന്ന വിപരീതമാ
യിട്ടും ചിലവിളംബരങ്ങളെ പ്രസിദ്ധപ്പെടുത്തുകയിൽ ശ്ലീ
ഹാസ്കടുത്ത സ്ഥാനാപതി, നമ്മുടെ സന്ന്യാസികൾ അതി
ന്നകാരണക്കാരാകുന്നുവെന്ന വിചാരിച്ച എററംകൊപി
ച്ച നമ്മുടെപുണ്യവാളത്തിക്ക പാറാവായിട്ട വീണ്ടുംതൊ
ലെദൊ പട്ടണത്തിലെ ആശ്രമം കല്പിച്ചതെന്നിയെ ദെ
സ്കാൽസു സഭയെ അഴിപ്പാൻ തക്ക ദെക്രെത്തു കല്പനക
ളെ കല്പിക്കയും ചെയ്തു.

നമ്മുടെശുദ്ധമാകപ്പെട്ട അമ്മ രണ്ടാമത്തെ ഒര യെറ
മീയ നിവ്യായെപൊലെ സവ്വെശ്വരന്റെ തിരുമുമ്പാകെ

പ്രലാപിച്ച ഇടവിടാതുള്ള കണ്ണുനീരുകളെ ചിന്തിത്തു കൊടുങ്കാററും പെശരും താൻ കാരണമായിട്ടു ഉണ്ടായതാകുന്നുവെങ്കിൽ കുററമില്ലാത്ത തന്റെമക്കളെ രക്ഷിച്ചു, താൻ കടലിൽ താഴ്ത്തപ്പെടുവാൻ കല്പിച്ചരുളെണമെന്നു, യെനൊന നിവ്യായെപൊലെ അപെക്ഷിച്ചിരുന്നു· സൻവത്സല്യമ്മായുടെ അന്ന എന്ന വാഴ്ത്തപ്പെട്ടവൾ കൂടെയുണ്ടായിരുന്നതിനെകൊണ്ടു മഹാ ആശ്വാസമുണ്ടായിരുന്നുവെംകിലും വാഴ്ത്തപ്പെട്ടവളുടെ മുഖത്തിന്റെ ദുഃഖവും കണ്ണുകളിൽ ഒഴുകിയിരുന്ന കണ്ണുനീരുകളെയും കണ്ടു തന്റെ വ്യാകുലങ്ങൾ വദ്ധിച്ചിരുന്നു· സർവ്വെശ്വരന്റെ മെൽ തനിക്കുണ്ടായിരുന്ന ഇളക്കമില്ലാത്ത ശരണം തനിക്ക ശെഷിച്ചിരുന്ന എകാശ്വാസമായിരുന്നു·

സഭയെ അഴിപ്പാനുള്ള കല്പനയുടെ വൎത്തമാനം അറിഞ്ഞദിവസത്തിൽ അനുഭവിച്ച സംകടത്തിന്റെ അവസ്ഥ ഇന്നപ്രകാരമെന്നു പറഞ്ഞൊപ്പിപ്പാൻവഹിയാ: ആ ദിവസത്തിൽ യാവന അല്പമെങ്കിലും അനുഭവിക്കാതെ ദുഃഖത്തിൽ മുഴുകിയിരുന്നതിനെ തന്റെ വിശ്വാസമുള്ള കൂട്ടുകാരത്തികണ്ടു ലെലിയാമ്മ, മണികൊട്ടുന്നതിന്നു മുമ്പിൽ ഊട്ടുമുറിയിൽ ചെന്നു വല്ലതെങ്കിലും അനുഭവിപ്പാൻ തന്റെ പ്രിയപ്പെട്ട അമ്മയൊട അപെക്ഷിച്ചു, നമ്മുടെപുണ്യവാളത്തി മകളുടെ ഗുണദൊഷത്തിന്നു സമ്മതിച്ചു ഊട്ടുമുറിയിൽ പൊകയും ചെയ്തു: അവിടെചെന്നിരുന്നവുടനെ തന്റെ ദിവ്യമണവാളൻ ൟശൊമിശിഹാ മഹാ പക്ഷത്തൊടെപുണ്യവാളത്തിയുടെപക്കൽ അണഞ്ഞു അപ്പത്തിന്റെ നുറുക്ക തൃകൈയിൽ എടുത്തു തന്റെമണവാട്ടിയുടെവായിൽവെച്ചു അരുളിചെയ്തതായതു: "മകളെ! ,,ഭക്ഷിക്ക, അധികമായിട്ടു നീ പാടുപെടുന്നുവെന്നു ഞാ ,,ൻ കാണുന്നു, മററുപ്രകാരത്തിൽ ചെയ്യാൻപാടില്ല: നീ ,,ധൈൎയ്യപ്പെടുക·,, നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ ൟ തിരുവചനങ്ങളിൽ നിന്നു കുറെ ആശ്വാസം പ്രാപിച്ചു·

ദ്ധ:— കത്തോലിക്കവിശ്വാസം മരണങ്ങളാലും പാറാവുകൾകൊണ്ടും വൎദ്ധിച്ചതുപൊലെ താൻസ്ഥാപിച്ച സഭ വൎദ്ധിക്കെണ്ടതാകുന്നുവെന്ന ഗ്രഹിക്കയും ചെയ്തു.

ഠരം സങ്കടങ്ങളും ദുഃഖങ്ങളും ഇടവിടാതുള്ള തന്റെവ ചടപ്പുകളുംപൊരാഞ്ഞിട്ട, ഒരു രാത്രികൊമ്പെളത്തൊരിയൊ എന്ന കാനൊനാ നമസ്കാരം എത്തിക്കുന്നതിന്ന കത്തിച്ച ഒരു വിളക്ക കൈയിൽ പിടിച്ചുകൊണ്ട പ്രാൎത്ഥന സ്ഥലത്തിലൊട്ടു പൊകയിൽ ഒരുഗൊവണിയുടെ മുകളിൽ എത്തിയപ്പൊൾ എങ്ങിനെയെന്നതിറിയാതെ പുറകൊട്ട എതാനും അടിമാറീട്ട ആ ഗൊവണിയിൽ നിന്ന താഴത്തൊട്ട ജുക്കമായിട്ട വീഴുകയും ചെയ്തു: കന്യാസ്ത്രീകൾ ഒച്ച കെട്ടതിനാൽ കണ്ണുനീരുകളാൽ നനഞ്ഞ മുഖത്തൊടുകൂടെ മരിച്ചു എന്നുള്ള വിചാരത്തൊടുകൂടെ ആ സ്ഥലത്തൊട്ട ഒടിപൊകയും ചെയ്തു: എഴുന്നെല്പിച്ചപ്പൊൾ ഇടത്തെ കൈയ ഒടിഞ്ഞ എല്പുകൾ ഉളുക്കിയിരുന്നതിനെകണ്ടു, ആ സമയത്ത ശുദ്ധമാകപ്പെട്ട അമ്മ അനുഭവിച്ച നൊമ്പരം എത്രയൊ വലിയത, എന്നാൽ അതിനെ പൊറുപ്പിക്കുന്നതിന്ന വന്ന വൈദ്യസ്ത്രീ തന്നെ അനുഭവിപ്പിച്ചത എററം വലിയതാകയും ചെയ്തു, ആ സ്ത്രീ നല്ല ആരൊഗ്യമുള്ള ഒരുകൃഷിക്കാരത്തിയെ കൂട്ടിക്കൊണ്ടുവന്ന നമ്മുടെ പുണ്യവാളത്തിയെ നടുവിൽ നിറുത്തികൊണ്ട രണ്ടു പുറത്തൊട്ട ഉരത്തിന്റെ എല്പുകളുടെ അസ്ഥികൾ തമ്മിൽ മുട്ടുന്നത കെൾക്കാൻ തക്ക പ്രകാരത്തിൽ വലിക്കയും ചെയ്തു, താൻ മരിപ്പാൻതക്ക വെദനയനുഭവിച്ചുവെങ്കിലും വെദന അനുഭവിക്കാത്ത പ്രകാരത്തിൽ മുഖതെളിവൊടുകൂടെ സഹിച്ചു: അതെന്തെ, കുരിശിന്മെൽ തറെക്കപ്പെട്ട തന്റെ ദിവ്യമണവാളന്റെ കൈകാലുകളെ സെവകന്മാര വലിച്ചപ്പൊൾ താനനുഭവിച്ച വെദനകളുടെമെൽ ധ്യാനിച്ച ഠരം വെദനയിലും തന്നൊട്ടു സമമുള്ളവളാകുവാൻ സംഗതിയായത സൎവ്വെശ്വരന്റെ

എററിക്കപ്പെട്ട മനൊഗുണത്തിൽനിന്ന കിട്ടിയ ഒരുഭാഗ്യ
മെന്ന പാട്ടുകളുടെ സ്നെഹക്കാരത്തിയായ നമ്മുടെപുണ്ണ്യ
വതി ഉറച്ചിരുന്നു: തന്റെമരണംവരെ ഇതിന്റെ അനു
ഭവം നീളിക്കപ്പെട്ടു അതെന്തെ, കന്ന്യാസ്ത്രീകൾ തലയി
ൽ ഇടുന്ന മുക്കാടിനെ തന്റെതലയിൽ വിരിക്കുന്നതിന്നും
ഉടുക്കുന്നതിന്നും മരണപൎയ്യന്തം തന്നാൽതാൻ പാങ്ങില്ലാ
തായി തീൎന്നു, ഈ വീഴ്ചയ്ക്കു കാരണം പിശാചാകുന്നുവെ
ന്ന എല്ലാവരും വിശ്വസിച്ചിരുന്നതിനെ കൊണ്ട സൂക്ഷമ
റിവാൻവെണ്ടിപത്രൊസു ഇവാഞ്ഞൂസ എന്ന ദൊമ്മിനി
ക്കൊസു പുണ്ണ്യവാളന്റെ സഭക്കാരൻ ഒരു വെളയിൽ
നമ്മുടെ പുണ്ണ്യവാളത്തിയൊട ചൊദിച്ചതായത:

ത്രെസ്യ അമ്മെ! പിശാചിന്റെ അഭിപ്രായം തങ്ങ
ളെ കൊല്ലുവാനാ യിരുന്നൊ? ഇതിന്ന പുണ്ണ്യവാളത്തി:
"അവന്ന അനുവാദം കൊടുക്കപ്പെട്ടിരുന്നുവെങ്കിൽ അ
"വൻ ഭാവിച്ചിരുന്നത ഇതത്രെ യാകുന്നു„ എന്ന ഉത്തരി
ക്കയും ചെയ്തു, അതിൻവണ്ണം തന്റെപ്രിയപ്പെട്ട കന്ന്യാ
സ്ത്രീകൾ ഒരുസമയത്ത ഈ വീഴ്ചയ്ക്കു കാരണം നരകപി
ശാചാകുന്നുവെന്ന പറഞ്ഞിരിക്കയിൽ "സൎവ്വെശ്വരൻഅ
„വന്റെ കൈകളെ അഴിച്ചുവിട്ടിരുന്നുവെങ്കിൽ ചെയ്യു
„തിൽ എന്നിയെ എററം വലിയ തിന്മചെയ്യാൻ ഭാവി
„ച്ചിട്ടുണ്ടായിരുന്നു„ എന്ന പുണ്ണ്യവാളത്തി പറകയും ചെ
യ്തു. എന്നാൽ ഈ സങ്കടത്തിന്നടുത്ത വൎത്തമാനങ്ങളെവി
ട്ടെച്ച കൊറ്റുംകാററും പെശരും അമൎന്ന അടക്കമുണ്ടാകു
മെന്ന പുണ്ണ്യവാളത്തി നിൎവ്വ്യസുഖമായിട്ടു അറിയിച്ച പ്ര
കാരവും, അടക്കമുണ്ടായാറെ ദെസ്ക്കാൽസു സഭയ്ക്കുവന്നഗു
ണങ്ങളും, നമ്മുടെ പുണ്ണ്യവാളത്തി മററ ആശ്രമങ്ങളെ
സ്ഥാപിച്ച വൎത്തമാനവും അറിയിപ്പാൻ ന്യായമായിരിക്കു
ന്നു: ആയത വരുന്ന അദ്ധ്യായങ്ങളിൽ വിവരിക്കെണ്ടുന്ന
സംഗതികളാകുന്നു. എന്നാൽ ഈ അദ്ധ്യായത്തിന്ന അറു
തിവെക്കുന്നതിന്നുമുമ്പിൽ നമ്മുടെസഭയുടെ രക്ഷമെൽകു

പൽക്കാരനായി കടാക്ഷിച്ചിരുന്ന സവ്വെശ്വരൻ നമ്മുടെ
ശുദ്ധമാ കപ്പെട്ട അമ്മെക്കു കല്പിച്ചരുളിയ ഒരാശ്വാസത്തി
ന്ന കാരണമായ ഒരുമഹാത്മാവ താൻ സ്ഥാപിച്ച സന്യാ
സി സഭയിൽ ക്രുടുന്നതിന്ന ഇടവരുത്തുകയും ചെയ്തു: അ
തായത, ഇത്താല്യ രാജ്യത്തിൽ ജെനവാ എന്ന കീൎത്തിപ്പെ
ട്ട പട്ടണത്തിലുള്ളതിൽ മഹാകുലശ്രെഷ്ഠതയുള്ള ദൊരി
യ എന്നപ്രഭുക്കന്മാരുടെ വംശക്കാരനായിരുന്ന ംരംശൊ
മറിയത്തിന്റെ നിക്കൊലെനുസ എന്ന വാഴ്ത്തപ്പെട്ടവൻ
അത്രെ മെൽ ചൊല്ലിയ മഹാത്മാവ, ംരംദെഹം യൌ
വന പ്രായ മായതിന്റെ ശെഷം ജെനവാ പട്ടണത്തി
ന്റെപെക്ക കാൎയ്യവിചാരക്കാരനായിട്ട ഹിസ്പാന്യ രാജ്യ
ത്തിൽ ചെന്നിരുന്നു: അവിടെവെച്ച ക്രമെണ ലൊകവാ
ഴ്ചകളുടെനീചത്വവും നിലയില്ലായ്കയും ബൊധിച്ച സവ്വെ
ശ്വരന്ന ഉഴിയം ചെയ്വാൻ നിശ്ചയിച്ച പട്ടമെല്ക്കയുംചെ
യ്തു: ഇങ്ങനെ പട്ടക്കാരനായതിന്റെശെഷം ഹൃദയത്തി
ന്ന നല്ല അടക്കം വരെണമെങ്കിൽ മുഴുവനും ലൊകത്തെ
ഉപെക്ഷിച്ച സന്ന്യാസിമഠത്തിൽ ക്രുടണമെന്നുള്ള സത്യം
സവ്വെശ്വരന്റെകൃപയാൽ ഗ്രഹിച്ച സഭയെ തെരിഞ്ഞെ
ടുക്കുന്നതിൽവെച്ച കുറെ ചഞ്ചലപ്പെട്ടിരുന്നു, എങ്കിലും ദൊ
മ്മിനിക്കൊസു പുണ്യവാളന്റെ സഭയിലുൾപ്പെട്ട ഒരുസ
ന്യാസിയുടെ ഗുണദൊഷങ്ങളാലും അയാളുടെ ദെശത്തു
കാരനായിരുന്ന മരിയാനൊ എന്ന നമ്മുടെ സന്ന്യാസി
യൊടുള്ള സംസൎഗ്ഗംകൊണ്ടും കമ്മെലീത്ത ദെമ്ന്യാൾസുസ
ഭയിൽ ക്രുടുന്നതിന്ന അല്പമൊരു ചാച്ചിലുണ്ടായിരുന്നു, ഇ
ങ്ങനെ ചഞ്ചലപ്പെട്ടുവരികയിൽ തൊലെദൊപട്ടണത്തി
ൽവെച്ച നമ്മുടെപുണ്യവാളത്തിയെ കാണ്മാൻചെന്ന ഇ
ന്നസഭയിൽ എന്നു നിശ്ചയിച്ചുപറയാതെ സന്ന്യാസിയാകു
വാൻ ആഗ്രഹിക്കുന്നു എന്നുമാത്രം പുണ്യവാളത്തി യൊടു
പറഞ്ഞു: നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ ംരംദെഹത്തി
ന്റെ വിശെഷമായ ഗുണാധികാരങ്ങളെയുംപ്രാപ്തിയെ

യ്യുംകണ്ട തന്റെസഭയ്ക്കു ൨ാം മഹാത്മാവിനെ ലഭിപ്പാൻ
വളരെ ആശപ്പെട്ട സൎവ്വെശ്വരനൊട എറിവൊട്ടുക്രൂടെ
അപെക്ഷിപ്പാൻ തുടങ്ങി, ഇതിന്റെശെഷം വീണ്ടും സി
വീല്യനഗരിയിൽവെച്ച ൨ാംദെഹത്തെ കണ്ടാറെ എററ
നല്ലതിൻവണ്ണം ദൊരിയയുടെ വിശെഷ ഗുണങ്ങളെ അ
റിഞ്ഞതിനാൽ തന്റെ മക്കളുടെക്രൂട്ടത്തിൽ ഇയാളെ ക്രൂ
ട്ടുവാനുള്ളതാല്പൎയ്യം ശുദ്ധമാകപ്പെട്ടഅമ്മയ്ക്കു വൎദ്ധിച്ച എ
ററം എറിവൊട്ടുക്രൂടെ സൎവ്വെശ്വരനൊട പ്രാൎത്ഥിച്ചിരുന്നു
കടശി പുണ്ണ്യവാളത്തി ജയിച്ചു: ൨ാം മഹാത്മാവ അന്നു
നമ്മുടെ സഭക്കാര അനുഭവിച്ചിരുന്ന ഞെരുക്കങ്ങൾക്കും
വിരൊധങ്ങൾക്കും ഭയപ്പെടാതെ ൧൫൭൦ാം കാലം മീ
നമാസം ൨൫ തിയ്യതി സിവീല്യ നഗരിയിലുണ്ടായിരുന്ന
ദെസ്കാൽസു സഭക്കാരരുടെ കൊവെന്തയിൽ നമ്മുടെ പു
ണ്ണ്യവാളത്തിയുടെ മഹാ സന്തൊഷത്തൊട്ടുക്രൂടെ ക്രൂട്ടുക
യും ൧൫൭൧ാംകാലം മെലെഴുതിയ തിയ്യതിയിൽതന്നെ
പറഞ്ഞൊപ്പുചെയ്കയും ചെയ്തു. പറഞ്ഞൊപ്പു ചെയ്തുവുട
നെ തന്റെസഭയുടെ മഹാപക്ഷമുള്ള മകനെ പൊലെ
അതിന്റെരക്ഷയ്ക്കും ഗുണത്തിനും വെണ്ടി വെലചെയ്വാ
ൻ തുടങ്ങി, നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ സാക്ഷിക്കുന്ന
തിൻവണ്ണം നമ്മുടെസഭയ്ക്കു സഹായവും തുണയും ആകു
വാൻ സൎവ്വെശ്വരൻ ൨ാംദെഹത്തെ തെരിഞ്ഞെടുത്തുവെ
ന്ന തൊന്നുന്നു: ൨ാംദെഹം പറഞ്ഞൊപ്പുചെയ്തുവുടനെ മ
ദ്രിദെന്ന രാജധാനിയിൽചെന്ന കല്പാദിക്കാരരുടെ കൊ
വെന്തയിൽ പാൎത്തുകൊണ്ട അവൎക്ക യാതൊരുസംശയം
ഇയാളുടെമെൽ തൊന്നാതെ യിരിപ്പാൻതക്ക വിവെക
ത്തൊട്ടും സൂക്ഷത്തൊട്ടുംക്രൂടെ നമ്മുടെസഭയുടെ കാൎയ്യങ്ങ
ളെ വിചാരിച്ചുവന്നിരുന്നു, നമ്മുടെ സഭയ്ക്കു സമാധാനമു
ണ്ടായി വെൎത്തിരിയപ്പെട്ടസഭയായതിന്റെശെഷം ൨ാം
ദെഹം എല്ലാവരാൽ സ്തുതിക്കപ്പെട്ടുവാൻ തക്ക പ്രകാര
ത്തിൽ സഭയുടെ സ്ഥാനങ്ങളൊക്കയിലും ഏല്പെട്ട കാൎയ്യ

ങ്ങളെ നടത്തുകയും നമ്മുടെ പിതാവ മാർയൊഹന്നാൻ
ആക്രൂസെന്ന പുണ്യവാളന്റെ പിന്നടിയിൽ നടന്ന ക
ൎമ്മലീത്ത ദെസ്കാൾസു സഭയുടെ ന്യായത്തിന്ന തക്കതി
ൻവണ്ണം എകാന്തത്തിന്റെയും ധ്യാനത്തിന്റെയും വച
നത്താലുള്ളതിനെക്കായിലും പ്രവൃത്തിയാലുള്ള പഠനത്തി
ന്റെയും മഹാപക്ഷക്കാരനും വിശെഷപുണ്യത്താൽ അ
ലങ്കരിക്കപ്പെട്ടവനുമായി പ്രകാശിക്കയും ചെയ്തിരുന്നു. ശു
ദ്ധമാകപ്പെട്ട അമ്മ ത്രെസ്യ മരിച്ചിട്ട ൟ ദെഹം സ്വന്ത
നാട്ടിൽചെന്ന ജെനൊവ പട്ടണത്തിൽ അന്നാ ഉമ്മായു
ടെ നാമധെയത്താൽ അലങ്കരിക്കപ്പെട്ട ഒരു കൊവെന്ത
സ്ഥാപിച്ചു പൂവ്റെഗുലയെ കുറവില്ലാത്തവണ്ണം കാപ്പിച്ചു
വരികയിൽ ഹിസ്പാന്ന്യയിൽ പുത്തൻപ്രൊവിൻസ്യാളിനെ
തെരിഞ്ഞെടുക്കെണ്ടുന്ന കാലം വന്നതു കൂടാതെ ശുദ്ധമാ
കപ്പെട്ടഅമ്മ ആകാശത്തിൽനിന്ന കാണപ്പെട്ട സഭയുടെ
കാൎയ്യങ്ങളെ വെണ്ടുംവണ്ണം നടത്തുന്നതിന്ന വെണ്ടിയഗു
ണലക്ഷണങ്ങൾ ൟദെഹത്തിന്റെപക്കൽ ഉണ്ടെന്നുപ
റഞ്ഞ ഇയാളെ പ്രൊവിൻസ്യാളാക്കുന്നതിന്ന ഗുണദൊ
ഷിക്കയും ചെയ്തു: പ്രൊവിൻസ്യാളിന്റെ സ്ഥാനത്തിൽ
നിന്ന മാറുവാനിരുന്ന ഗ്രസ്യാനൊ എന്നദെഹം ൟ ഗു
ണദൊഷത്തിന്ന തക്കതിൻവണ്ണം സംഘക്കാര എല്ലാവ
രും സമ്മതിച്ച ൟശൊമറിയത്തിന്റെ നിക്കൊളൌസ
എന്ന നമ്മുടെ വാഴ്ത്തപ്പെട്ടവനെ തെരിഞ്ഞെടുക്കുന്നതിന്ന
വെലചെയ്കയും ചെയ്തു: അതിൻവണ്ണം എല്ലാവരും സ
മ്മതിച്ച തെരിഞ്ഞെടുത്ത കഴിഞ്ഞുവുടനെ ൟ ദെഹത്തെ
ജെനൊവയിൽനിന്ന ഹിസ്പാന്ന്യയിലെക്ക കൊണ്ടുപൊരു
ന്നതിന്ന സംഘത്തിൽ കൂടിയതിൽ രണ്ടുപെരെ അയച്ചതു
കൂടാതെ ദൊമ്മിനിക്കൊസു സഭയിൽ മഹാകീൎത്തിപെട്ട
ളൂവീസ ദെഗ്രനാത്ത എന്ന വാഴ്ത്തപ്പെട്ടവനും മറ്റെതാ
നും പെരും കൂടി ൟ തെരിഞ്ഞെടുപ്പിന്ന സമ്മതിച്ച ഹി
സ്പാന്ന്യയിൽ ചെല്ലുന്നതിന്ന മനസ്സാകുവാൻ എററം താല്പ

ഷ്യമായ എഴുത്തുകളെ എഴുതികൊടുത്തയക്കയും ചെയ്തു· ഇദ്ദെഹം കൂടപ്പിറപ്പുകളുടെ ന്യായങ്ങളെയെല്ലാം കെട്ടാറെ സമ്മതിച്ചു: ശുദ്ധ - മാർ പാപ്പായുടെ അനുവാദത്തോടും വാഴ്വൊടുംകൂടെ പൊകുന്നതിന്ന ഉണ്ടായവിവരം കാണിച്ച റൊമ്മയ്ക്കു എഴുതി എന്നാൽ ആയിടയിൽ ജെനൊവയിലെമെത്രാപ്പൊലീത്താകാലംചെയ്കയിൽ ശുദ്ധ·- മാർപ്പാപ്പാ ഇദ്ദെഹത്തെ അവിടെ മെത്രാപ്പൊലീത്താ ആയിട്ട കല്പിപ്പാൻ നിശ്ചയിച്ച ഹിസ്പാന്യയിലെക്ക പൊകുന്നതിന്ന കുറെ താമസിപ്പാൻ ഉത്തരവായി, നമ്മുടെവാഴ്ത്തപ്പെട്ടവന്റെ സ്നെഹിതന്മാരും സംബന്ധക്കാരുമായിരുന്ന കർദ്യാലന്മാര വെഗത്തിൽ തന്നെ കർദ്യാളാക്കുവാൻശുദ്ധ·-മാർപ്പാപ്പാ നിശ്ചയിച്ചിരിക്കുന്നുവെന്ന പറഞ്ഞ ഇദ്ദെഹത്തെ അവിടെതാമസിപ്പിപ്പാൻ വെലചെയ്തിരുന്നു: മഹാ എളിമക്കാരനായിരുന്ന നമ്മുടെ വാഴ്ത്തപ്പെട്ടവൻ ഇ വർത്തമാനങ്ങളെ കെട്ടാറെ ഭയപ്പെട്ട ശുദ്ധ·- മാർപ്പാപ്പായുടെമുമ്പാകെ ന്യായംപറയുന്നതിന്ന താൻതന്നെ റൊമ്മയിൽചെന്ന ശുദ്ധ·- മാർപ്പാപ്പായുടെ തിരുമുമ്പാകെ സാഷ്ടാംഗമായിവീണ പല ന്യായങ്ങൾകൊണ്ടും കണ്ണുനീരുകളാലയും ജയിച്ചു: അന്നുവാണിരുന്ന ൬ാമത്തെ സിസ്തൂസ എന്ന ശുദ്ധ·- മാർപ്പാപ്പായുടെ അനുവാദത്തൊട്ടുകൂടെ ഹിസ്പാന്യയിലെക്ക യാത്ര പുറപ്പെട്ട ൧൭൮൫ ാം കാലം തുലാമാസത്തിൽ അവിടെ എത്തുകയും ചെയ്തു: ഉടനെ തന്റെസഹായത്തിന്ന നാല പ്രൊവിൻന്ത്യാളിന്നടുത്ത വിഗാരിമാരെ മഹാബൊധജ്ഞാനത്തൊട്ടുകൂടെ നിശ്ചയിച്ചു: വിശെഷിച്ച ശുദ്ധ·- മാർപ്പാപ്പാക്കു തന്റെമെൽ ഉണ്ടായിരുന്നപ്രിയം ഉപയൊഗമാക്കുന്നതിന്ന ൰൩ാമത്തെ ഗ്രെഗൊറിയൊസ എന്നശുദ്ധ·- മാർപ്പാപ്പാ നമ്മുടെസഭയ്ക്കു കല്പിച്ചുകൊടുത്തിരുന്ന വിശെഷ അനുവാദങ്ങളെയും മനൊഗുണങ്ങളെയും സ്ഥിരപ്പെടുത്തുവാനും നമ്മുടെ സഭയുടെ കാര്യങ്ങളെ വിചാരിക്കുന്നതിന്ന ഒരു

ജെനെരാളിന്നടുത്ത പ്രൊക്കുരദൊറിനെ നിശ്ചയിച്ച റൊമ്മയിൽ താമസിപ്പിക്കുന്നതിന്ന അനുവദിപ്പാനും അപെക്ഷിച്ചു, ശുദ്ധ.— മാർപ്പാപ്പാ ൰ം അപെക്ഷ കൈക്കൊണ്ടു ഒരു ബൂളയാൽ ഉറപ്പിക്കയും ചെയ്തു· വിശെഷിച്ച മഹാശുദ്ധാന്തിക്കാരനായിരുന്ന നമ്മുടെവാഴ്ത്തപ്പെട്ടവൻ നമ്മുടെ സഭയുടെ അതിശയമായ വർദ്ധന കണ്ടിട്ടു നമ്മുടെദർശനക്കാര ഒരുസഭക്കൂട്ടമായി വെർതിരിഞ്ഞ ജെനെരാളിന്നടുത്ത ഒരുവികാരിയെ നിശ്ചയിക്കുന്നതിന്ന ശുദ്ധ·— മാർപ്പാപ്പായെ ബൊധിപ്പിച്ച ഉത്തരവു വാങ്ങിക്കുന്നതിന്ന ൰ംശൊടെ യൊഹന്നാൻ എന്ന ദെഹത്തെ അയച്ചു, സാമർത്ഥ്യപെട്ടവനായിരുന്ന ൰ംദെഹം മനസ്സപൊലെ എല്ലാം സാധിച്ചു· ൫ാമത്തെ സിസ്റ്റൂസ എന്ന ശുദ്ധ.— മാർപ്പാപ്പാ ൧൫൮൭ാം കാലം കർക്കടകമാസം ൧൦ാം നു— കല്പിച്ചരുളിയ തിരുവെഴുത്താൽ അനുവദിക്കയും ചെയ്തു· അതിന്റെതക്കത്തിൽ വന്നും ൧൫൯൩ാം കാലം മിഥുനമാസത്തിൽ നമ്മുടെ സഭയുടെ ജെനെരാളിന്നടുത്ത ഒന്നാമത്തെ സംഘം മദ്രീദെന്ന പട്ടണത്തിൽ കൂടി നമ്മുടെപുണ്യവാളത്തിയുടെ യൊഗ്യമകനെപൊലെ പ്രൊവിൻസാളായിട്ടു സഭയെ ഭരിച്ചിരുന്ന ൰ം ദെഹത്തെതന്നെ ജെനെരാൾ വികാരിയായിട്ടുതെരിഞ്ഞെടുക്കയും ചെയ്തു: അതിനൊടുകൂടെ നമ്മുടെസഭ ആറു പ്രദെശങ്ങളായിട്ടുതിരിച്ച അതതിന്ന ഒരൊ പ്രൊവിൻസ്യാളിനെ നിയമിക്കയും ചെയ്തു· അതിന്റെ ശെഷം ൧൬൦൦ാം കാലത്തിൽ ഇത്താല്യ രാജ്യത്തിൽ ക്രെമൊനാ പട്ടണത്തിൽ കർമ്മലീത്താസഭ ഒക്കയുടെയും പൊതുസംഘം കൂട്ടുകയിൽ നമ്മുടെ വാഴ്ത്തപ്പെട്ടവൻ പ്രൊവിൻസ്യാളിന്മാരൊടും കൂട്ടരൊടും കൂടെ ആ പൊതുസംഘത്തിൽപൊയി കൂട്ടുകയും ചെയ്തു. ൰ംദെഹത്തിന്റെ സാമർത്ഥ്യംകൊണ്ടു കർമ്മലീത്ത സഭയുടെ ജെനെരാളിന്ന അതുവരെ നമ്മുടെ സഭക്കാരരുടെ മെൽ ഉണ്ടായിരുന്ന അധികാരം മുഴുവനും ഒഴിയാനുള്ള

തിന്നസമ്മതിപ്പിക്കയുംചെയ്തിട്ട ഇരുപാട്ടുകാരുടെപൂൎണ്ണസന്തോഷത്തോട്ടും സമാധാനത്തോട്ടുംകൂടെപിരിഞ്ഞുപൊകയുംചെയ്തു. അന്നശുദ്ധ.-പള്ളിയിൽ വാണിരുന്ന ൰൪മത്തെ ക്ലെമ്മീസ എന്ന ശുദ്ധ.- മാർപ്പാപ്പാ ക്രെമൊനാസംഘത്തിന്റെ ദെക്രെത്ത കൈക്കൊണ്ട മററുസന്ന്യാസി സഭകളെ പൊലെ നമ്മുടെസഭയെയും ശുദ്ധ.- സിംഹാസനത്തിന്റെ അധികാരത്തിൻകീഴ കൈക്കൊണ്ട നമ്മുടെ വാഴ്ത്തപ്പെട്ടവനെ തൽക്കാലത്തിൽ ജെനെരാളായിട്ട നിയമിക്കയും ചെയ്തു. ഹിസ്പാന്യ രാജ്യത്തിൽ ചെന്നാറെ മരിപ്പാൻതക്ക ദീനം ഉണ്ടായി എന്നുവരികിലും മുഴുവനും സൌഖ്യമാകാറായപ്പൊൾ കാനൊനാമുറയ്ക്ക പുത്തൻജെനെരാളിനെ തെരിഞ്ഞെടുക്കുന്നതിന്ന സംഘം കൂടെണ്ടുന്ന കാലം അടുത്തിരുന്നു: നമ്മുടെവാഴ്ത്തപ്പെട്ടവൻതന്നെ വീണ്ടു ജെനെരാളാകുന്നതിന്ന സംഘക്കാര നിശ്ചയിച്ചിരുന്ന വിവരം അറിഞ്ഞാറെ ആ സ്ഥാനത്തിൽനിന്ന ഒഴിവാൻ തന്നാൽ കഴിഞ്ഞതു ചെയ്തു, എന്നാൽ സാധിക്കയില്ലായെന്നുകണ്ടാറെ ശ്രെഷ്ഠന്മാരായിരിക്കുന്നവര സ്ഥാനം ഒഴിയെണ്ടുന്ന അവധിവരുമ്പൊൾ വീണ്ടും ആ സ്ഥാനത്തിന്ന അവരെ തെരിഞ്ഞെടുത്തുകൂടായെന്ന ഠരംദെഹംമുഖാന്തരമായിട്ട നിശ്ചയിക്കപ്പെട്ടിരുന്ന ന്യായപ്രമാണം താൻമൂലമായിട്ട അഴിയുന്നതിന്ന അനുസരിക്കല്ലെ എന്ന ദൈവമാതാവിനൊട കണ്ണുനീരൊട്ടുകൂടെ അപെക്ഷിച്ചു: ഉടനെ ദീനംകടുത്ത ൧൭൮൦ാം കാലം ഇടവമാസം ൩൦ാംനു- നീതിമാന്മാരുടെ മരണത്താൽ മരിച്ചു തന്റെപുണ്യങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും അടുത്ത സമ്മാനം കൈക്കൊൾവാൻ പൊകയും ചെയ്തു.

# പതിനെട്ടാംഅദ്ധ്യായം

സൎവ്വെശ്വരൻ നമ്മുടെ പുണ്യവാളത്തിയെ ആശ്വസിപ്പിക്കുന്നു. തന്റെസഭെക്കു ആഗ്രഹിക്കപ്പെട്ട സമാധാനം ഉണ്ടാകുമെന്ന പുണ്യവാളത്തി ദൈവ അരുളപ്പാടാലെയും കാഴ്ചയാലെയും അറിഞ്ഞ വെളിപ്പെടുത്തുകയും ചെയ്യുന്നു. ശ്രെഷ്ഠന്റെ കല്പന പ്രകാരം സല്മാൻക്ക, മലഗൊന്നെ എന്ന ദിക്കുകളിൽ പൊകയും ചെയ്യുന്നു.

---

൧൮൭൦ാം കാലം വാഴ്ത്തപ്പെട്ടതാകട്ടെ, ൟ ആണ്ടിൽ സൎവ്വെശ്വരൻ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയുടെമെലും, കഠിനമായ ഒളങ്ങളാൽ അങ്ങൊട്ടുമിങ്ങൊട്ടും തള്ളപ്പെട്ട തന്റെ പടവിന്മെലും അനുഗ്രഹിച്ച, കല്പിച്ചരുളുവാൻ തിരുമനസ്സായിരുന്ന ആഗ്രഹിക്കപ്പെട്ട സമാധാനത്തിന്റെ ഒരുകതിര നമ്മുടെ പുണ്യപതിക്കു ൟ ആണ്ടു മീനമാസം ൧൯ാം നു ചെയ്തവെളിപ്പാടാൽ പ്രകാശിപ്പിക്കയും ചെയ്തു: ആവിവരം നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ വെറിട്ടൊരു കന്യാസ്ത്രീക്കു ഉണ്ടായതുപൊലെ പാറാവിൽ കിടന്നിരുന്ന തന്റെ പ്രധാന മക്കളിൽ ഒരുത്തനായ ൟശൊടെ യൊഹന്നാൻ എന്ന മൂപ്പൻപാദ്രിയെ ആശ്വസിപ്പിപ്പാൻവെണ്ടി ൟ ദെഹത്തിന്ന എഴുതിയ എഴുത്തിൽ അറിയിക്കയും ചെയ്തു: എന്നാൽ ൟ എഴുത്താൽ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയ്ക്കു തന്റെമക്കളുടെനെരെ ഉണ്ടായിരുന്ന എത്രയും പക്ഷമായ സ്നെഹവും, പാട്ടുകളുമെൽ തനിക്കുണ്ടായിരുന്ന എത്രയും എരിവുള്ള പക്ഷവും മാർ യൌസെപ്പ പുണ്യവാളൻ നമ്മുടെ സഭയുടെ നെരെ ഇതിന്റെ ആരംഭംമുതൽ കാണിച്ചുവെന്ന താല്പ

ശ്വൎയ്യവും കടാക്ഷവും തെളിയുന്നതാകയാൽ ആ എഴുത്തു മൊഴിക്കു മൊഴിയായിട്ടു പൊരുൾതിരിച്ചു ഇവിടെ ചെല്ലുവാൻ നിശ്ചയിച്ചിരിക്കുന്നു. അതാകുന്നതെന്തെന്നാൽ,

"ൟശോമറിയം യൗസെപ്പു ൟശൊടെ യൊഹ
,,ന്നാൻ എന്ന എന്റെ അച്ചന്റെ ആത്മാവില്ലുണ്ടായിരി
,,ക്കട്ടെ.

,,എന്റെ തമ്പുരാന്റെ സ്നേഹത്തെപ്രതിയും എന്റെ
,,സഭയെകുറിച്ചും സകലസങ്കടങ്ങളെ അനുഭവിക്കുന്നതി
,,നാൽ എററിക്കപ്പെട്ടസന്തൊഷത്തൊടുകൂടെ ഞാനിരിക്കു
,,ന്നു എന്നു ൟ പാറാവിൽ അച്ചന്റെ എഴുത്തു കൈപ്പ
,,ററി: എന്റെ അച്ചാ ഇനിക്കുണ്ടായിരിക്കുന്ന എകസംക
,,ടം തങ്ങളെല്ലാവരും എന്നെപ്രതി സംകടപ്പെടുന്നതു ത
,,ന്നെ, ഇതാകുന്നു എന്നെ സങ്കടപ്പെടുത്തുന്നത. അപ്പഴൊ
,,എന്റെ മകനെ! അച്ചനും ശെഷമുള്ളവരും സങ്കടപ്പെ
,,ടെണ്ട, ദുഃഖിക്കെണ്ട, അതെന്തെ ഞാൻ പുണ്യത്തിൽ
,,മാർപെത്രൊസല്ല യെങ്കിലും ആ സ്ലീഹായെപൊലെ
,,എന്റെ ൟശൊ മിശിഹായെ കുറിച്ചും എന്റെ സഭ
,,യെകുറിച്ചും ഞാനനുഭവിക്കുന്ന പാറാവുകളും ബുദ്ധിമു
,,ട്ടുകളും ഞെരുക്കങ്ങളും ദുഷ്കൎമ്മങ്ങളും, മെനികെടുകളു
,,ളും വിരൊധങ്ങളും, ഇനിക്കു സമ്മാനങ്ങളും സന്തൊ
,,ഷിപ്പിക്കുന്ന ദാനങ്ങളുമായി തീൎന്നിരിക്കുന്നുവെന്നു ചൊ
,,ല്ലുകയുമാം; ഇപ്പൊൾ ഞാനനുഭവിക്കുന്നതു പൊലെയു
,,ള്ള ആശ്വാസം ഒരിക്കലും അനുഭവിച്ചിട്ടില്ല: ദുഃഖിക്കു
,,ന്നവൎക്കും വിലങ്ങിടത്തിൽ കിടക്കുന്നവൎക്കും തന്റെ സ
,,ഹായവും മനൊഗുണവും നൽകുന്നത ദൈവത്തിന്നടുത്ത
,,പ്രവൃത്തിയാകുന്നു: ഞാൻ സൎവ്വെശ്വരന്നു ആയിരം സ്തു
,,തി സ്തൊത്രവും ചെയ്യുന്നു. ൟ പാറാവിൽ ഞാൻ ഇരി
,,ക്കുന്നകാലത്തിൽ താൻ ഇനിക്കു ചെയ്യു മനൊഗുണത്തെ
,,കുറിച്ചു തനിക്കു നാം സ്തുതി സ്തൊത്രവും ചെയ്യുവാൻ എ
,,ത്രയൊ ന്യായമായിരിക്കുന്നു. ഒ! എന്റെ മകനും അച്ച

,,നും നമ്മുടെ നല്ല തമ്പുരാന്റെ സ്നെഹത്തെപ്രതി പാട്ടു
,,പെടുന്നതിനെക്കായില്ലും വലിയ തൃപ്തിയും മധുരവും സ
,,ന്തൊഷവുമുണ്ടൊ? ശുദ്ധമാകപ്പെട്ടവര ഠരംശൊമിശി
,,ഹായെ കുറിച്ചും തമ്പുരാനെ പ്രതിയും പാടുപെട്ടിരുന്ന
,,പ്പൊൾ അല്ലയൊ ഭാഗ്യത്തെയും സന്തൊഷത്തെയും തൃ
,,പ്തിയെയും അനുഭവിച്ചത? ഇത തമ്പുരാന്റെ പക്കൽ
,,ചെല്ലുന്നതിന്ന എല്ലാററിലും നിശ്ചയമുള്ള വഴിയാകുന്നു.
,,അപ്പഴൊ കുരിശു നമ്മുടെ മനൊതുഷ്ടിയും സന്തൊഷവു
,,മാകണം ആകയാൽ എന്റെ അച്ചാ! നാം കുരിശിനെ
,,അനെപക്ഷിക്ക, കുരിശിനെ ആഗ്രഹിക്ക, സംകടങ്ങളെ
,,നാം പിടിച്ചു തഴുകുക, ഇത ഇല്ലാതായി വരുന്ന ദിവസ
,,ത്തിൽ ദെസ്കാൽസു സഭയ്ക്കും നമുക്കും ദുരിതം.

,,അച്ചൻ എഴുതിയ എഴുത്തിൽ മൊൻസിഞ്ഞൊർ സ്ഥാ
,,നാപതി ദെസ്കാൽസു ദെശനക്കാരരുടെ കൊവെന്തുക
,,ൾ ഇനി സ്ഥാപിച്ചു കൂടായെന്നും സ്ഥാപിക്കപ്പെട്ടത ജെ
,,നെരാൾ മൂപ്പൻ പാദ്രിയുടെ അപെക്ഷപ്രകാരം അഴിക്ക
,,പ്പെടണമെന്നും കല്പിച്ചതു കൂടാതെ, എന്നൊട വളരെ
,,കൊപിച്ചിരിക്കുന്നുവെന്നും, അങ്ങൊട്ടുമിങ്ങൊട്ടും ചുററി
,,തിരിയുന്ന അമച്ചയില്ലാത്ത സ്ത്രീയെന്ന എന്നെ വിളിക്കു
,,ന്നുവെന്നും, ലൊകമൊക്കയും ഇനിക്കും! എന്റെ മക്കൾ
,,ക്കും വിരൊധമായിട്ട ആയുധങ്ങൾ പിടിച്ചിരിക്കുന്നുവെ
,,ന്നും, ഇതു ഹെതുവായിട്ട എന്റെ മക്കൾ പിടിപെടാ
,,സ്സാനും പാറാവിൽ ആക്കപ്പെടാതെയിരിപ്പാനും മലക
,,ളുടെ ഗുഹകളിലും എററം രഹസ്യമായ കുടികളിലും
,,കെറി ഒളിച്ചിരിക്കുന്നുവെന്നും അച്ചൻ എഴുതിയിരിക്കുന്നു.
,,ആഃ ഇതാകുന്നു എന്നെ കരയിപ്പിക്കുന്നത, ഇതാകുന്നു
,,എന്റെ ദുഖഃത്തിന്റെ കാരണം അതായത, ഒരു ദൊ
,,ഷത്താലത്രെ, ഒരാകാത്ത കന്യാസ്ത്രീയായിരിക്കുന്ന ഞാ
,,ൻ മുഖാന്തരമായിട്ട എന്റെ മക്കൾ എല്ലാവരാൽ ഉ
,,പെക്ഷിക്കപ്പെട്ടവരായി ഇത്രെ ഞെരുക്കങ്ങളെയും സങ്ക

,,ടങ്ങളെയും അനുഭവിക്കുന്നത. എന്നാൽ തമ്പുരാനിൽ നി
,,ന്ന ഉപെക്ഷിക്കപ്പെട്ടവരല്ല, തന്നെ ഇത്രെവലരെ സ്നെ
,,ഹിക്കുന്നവരെ താൻ വിട്ടുപെക്ഷിക്കയില്ല എന്നതിന്മെൽ
,,ഇനിക്കുനല്ല ഉറപ്പുണ്ടായിരിക്കുന്നു.

,,എന്നാൽ എന്റെമകനെ! ശെഷംക്രുടപ്പിറപ്പുകളൊ
,,ട സന്തൊഷിക്കുന്നതിന്ന മഹാ ആശ്വാസത്തിന്നടുത്ത ഒ
,,രുസംഗതി അച്ചനൊടുഞാൻ പറയുന്നുണ്ട, എന്നാലിത
,,നാം രണ്ടുപെരും മരിയാനൊ മൂപ്പൻ പാദ്രിയും മാത്രം
,,അറിയണം അന്ന്യവര ഇത അറിവാൻ സംഗതി വന്നാ
,,ൽ ഇനിക്ക വളരെ സങ്കടമാകും, അതാകുന്നത: ഠരം
,,ആശ്രമത്തിലുള്ളതിൽ ഒരുകന്ന്യാസ്ത്രീ (താൻതന്നെ) എ
,,ന്റെപിതാവായ മാർയൌസെപ്പ പുണ്യവാളന്റെ തി
,,രുനാളിന്റെ തലെദിവസം ധ്യാനിച്ചിരിക്കുമ്പൊൾ അ
,,വൾക്ക മാർയൌസെപ്പ പുണ്യവാളൻ കന്ന്യാസ്ത്രീ ദൈ
,,വമാതാവിനൊടും തന്റെ ദിവ്യ കുമാരനൊടുംക്രുടെ
,,കാണപ്പെട്ടു പുണ്യവാളനും കന്ന്യാസ്ത്രീയും നമ്മുടെ സ
,,ഭയ്ക്കുവെണ്ടി അപെക്ഷിച്ചിരുന്നതിനെ കണ്ടു, നമ്മുടെക
,,ർത്താവ ആ കന്ന്യാസ്ത്രീയൊടു പറഞ്ഞതായത നരകവും
,,ഭൂമിയിലുള്ളവരിൽ അനെകം പെരും ഠരംസഭ അഴി
,,ഞ്ഞിരിക്കുന്നുവെന്ന അവൾക്ക തൊന്നിയിരുന്നതിനെ കൊ
,,ണ്ട ഏററവും സന്തൊഷിച്ചിരുന്നു. എന്നാൽ ശ്ലീഹായ്ക്കു
,,ടുത്ത സ്ഥാനാപതി ഇതിനെയഴിപ്പാൻ തിപ്പാക്കിയ ക്ഷ
,,ണത്തിൽ സ്വെച്ശ്വരൻ ഇതിനെസ്ഥിരപ്പെടുത്തുകയുമ്മെ
,,യ്യു. രാജാവിനെ ബൊധിപ്പിപ്പാൻ കല്പിച്ചു, അതെന്തെ
,,എല്ലാററിലും പിതാവിനെ പൊലെയാകും. ഇവയെ
,,ല്ലാംതന്നെ കന്ന്യാസ്ത്രീമാതാവും മാർയൌസെപ്പ പുണ്യ
,,വാളനും അവളൊടു പറകയുമ്മെയ്യു. കടലാസിൽ എ
,,ഴുതുവാൻ തക്കതല്ലാത്ത മററനെകം സംഗതികളും പ
,,റഞ്ഞിട്ടുണ്ട. ഞാനിരുപതു ദിവസത്തിന്നകംപാറാവിൽ
,,നിന്ന ഇറങ്ങുമെന്നുംപറഞ്ഞു. അപ്പഴൊ എല്ലാവരും സ

„ന്തൊഷിപ്പിൻ അതെന്തെ നമ്മുടെ ദെസ്സാൽസ്സസഭ ഇ
„ന്നുമുതൽ വൎദ്ധിച്ചുവരും.

„അച്ചൻ ഞാൻ അറിയിക്കുന്നതുവരെ ദൊന്നമറിയാ
„മെൻദൊസായുടെ വീട്ടിൽ ഒളിച്ചിരിക്കണം, മറിയാ
„നൊമ്മപ്പൻപാദ്രി ഇതിനൊടുകൂടെകൊടുത്തയക്കുന്നഎ
„ഴുത്തുകളിൽ ഒന്ന രാജാവിന്റെമുമ്പാകെ കൊണ്ടുചെ
„ന്ന എൾപ്പിക്കണം. മറ്റെത പസ്ത്യാന മാടമ്പി സ്ത്രീയു
„ടെ മുമ്പാകെകൊണ്ടുപൊകണം. അച്ചൻപിടിപെടാതെ
„യിരിപ്പാൻ വീട്ടിൽ നിന്ന ഇറങ്ങരുത. വെഗം നാം
„സ്വാതന്ത്ര്യമുള്ളവരായി വിട്ടയക്കപ്പെടും.

„ഞാൻ നന്നായിരിക്കുന്നു, തടിച്ചിരിക്കുന്നു: സൎവ്വെശ്വ
„രന്ന സ്തുതിയുണ്ടായിരിക്കട്ടെ. എന്റെകൂട്ടുകാരത്തിക്ക മ
„ട്ടുപ്പായിരിക്കുന്നു, ഞങ്ങൾ ക്കുവെണ്ടി തമ്പുരാനൊട അ
„പെക്ഷിക്കണം: അച്ചൻ എന്റെപിതാവ മാർയെന്നസെ
„പ്പ പുണ്യവാളന്റെ സ്തുതിക്കായിട്ട ഉപകാരസ്മരണയാ
„യിട്ടുള്ള ഒരു കുൎബ്ബാന ചൊല്ലണം. ഞാൻ അറിയിക്കുന്ന
„തുവരെ അച്ചൻഇനിക്ക എഴുതെണ്ട. സൎവ്വെശ്വരൻ അ
„ച്ചനെ പുണ്യവാളനും, കുറവില്ലാത്ത ദെസ്സാൽസ്സ സഭ
„ക്കാരനുമാക്കട്ടെ„

„ഇന്നു ബുനാഴ്ച, ഫഉറൻ കാലം മീനമാസം ൨൭ന്നു—.
൦രംശൊടെ ത്രെസ്യ.

നമ്മുടെശുദ്ധമാകപ്പെട്ട അമ്മ മെലെഴുതിയ എഴുത്തി
ൽ മുമ്പിൽകൂട്ടി അറിയിച്ച സംഗതികളെല്ലാം ഠരംഷൽ
ഭെദംകൂടാതെ നിവൃത്തിയാകയുംചെയ്തു. എന്നാൽ ഇത്ര
നാളത്തെക്ക നീളിക്കപ്പെട്ട കൊടുങ്കാറ്റും പെശരും അ
മന്നത എങ്ങനെയെന്നും, നമ്മുടെസഭയെ ഭസ്മമാക്കുവാ
ൻ ഭാവിച്ചിരുന്ന തീഭയം കെട്ടുപൊയ തെങ്ങനെയെന്നും
വിവരമായിട്ടെഴുതിയാൽ നമ്മുടെ ഠരം ചരിത്രസംക്ഷെ
പം അധികമായിട്ട നീളിക്കുന്നതാകയാൽ എത്രയുംചുരു
ക്കമായിട്ട ഇവിടെകാട്ടുകയുമാം: അതെങ്ങനെയെന്നാൽ

ശ്ലീഹായ്ക്കടുത്ത സ്ഥാനാപതിയുടെ അധികമായ അരിശ്വും, വിസീത്തദൊരിമാരായിട്ട നിയമിക്കപ്പെട്ടവര നമ്മുടെ ദെസ്കാൽസു സഭക്കാരരൊട പെരുമാറിവന്ന കാഠിന്യവും, ൟ ഞെരുക്കങ്ങളെയെല്ലാം സഹിക്കുന്നതിൽവെച്ച നമ്മുടെസഭക്കാരകാണിച്ചഅതിശയമായക്ഷമയും, പലരുടെ ഹൃദയത്തിൽ ഇവരുടെമെൽ അലിവും അനുഗ്രഹവും തൊന്നിച്ചതിനാൽ അവരുരാജാവിന്റെപക്കലും സ്ഥാനാപതിയുടെപക്കലും ബഹുതാല്പൎയ്യമായിട്ട ബൊധിപ്പിച്ചതിനാലും, രാജാവും രാജ അരമനക്കാരരും, മെത്രാന്മാരും മാടമ്പികളും നമ്മുടെസഭക്കാരരെകുറിച്ച സംസാരിക്കുമ്പൊഴൊക്കയും ഗുണമായിട്ടല്ലാതെ വിരൊധമായിട്ട യാതൊന്നും മിണ്ടുകയില്ല എന്ന സ്ഥാനാപതികണ്ടതിനാലും സ്ഥാനാപതിക്ക സൎവ്വെശ്വരൻ എററം ചൊവ്വുള്ളതായ ഒരുബുദ്ധി തൊന്നിച്ചു, അതായത കൎമ്മെലീത്ത ദെസ്കാൽസു സഭയെ ഒരാളിന്റെ കീഴാക്കി ആദെഹം അവരുടെ എകശ്രെഷ്ഠനായിട്ട അവരുടെ കാൎയ്യങ്ങളൊക്കയും വിചാരിച്ചുനടത്തുവാൻതക്കവണ്ണം നിശ്ചയിച്ചു: ൟ നിശ്ചയത്തിന്ന തക്കതിൻവണ്ണം നമ്മുടെ പുണ്യവാളത്തി ആവില പട്ടണത്തിലെ മുമ്പിലത്തെ ആശ്രമം സ്ഥാപിച്ചപ്പൊൾ കസ്റ്റില്യപ്രദെശത്തിന്റെ പ്രൊവിൻസ്യാളായിരുന്ന അഞ്ചെലൊ ദെ സാലസർ എന്ന ദെഹത്തിനെ ദെസ്കാൽസു സഭക്കാരരുടെ എകശ്രെഷ്ഠനായിട്ട നിയമിക്കയും ചെയ്തു. പറഞ്ഞൊപ്പിപ്പാൻ വശമല്ലാത്ത സന്തൊഷത്തൊടുകൂടെ നമ്മുടെസഭക്കാര ൟ ശ്രെഷ്ഠനെ കൈക്കൊണ്ട ഇയാൾക്ക വഴങ്ങുകയും ചെയ്തു. എന്നാൽ പ്രത്യെകമായിട്ട നമ്മുടെപുണ്യവാളത്തിക്ക അത്യന്തസന്തൊഷമുണ്ടായി, അതെന്തെ അതിന്ന മുമ്പിൽ ൟ ദെഹത്തിന്റെ ഗുണാധികാരവും, ദെസ്കാൽസു സഭയുടെ ഗുണത്തിന്മെൽ ഉണ്ടായിരുന്ന താല്പൎയ്യവും ഗ്രഹിച്ചിട്ടുണ്ടായിരുന്നു. നമ്മുടെ സഭയുടെ രണ്ടാമത്തെ ഒരു പിതാവിനെ പൊ

ലെയായിരിക്കുന്ന ൟ ദെഹം നമ്മുടെശ്രെഷ്ഠനായിട്ടനിയമിക്കപ്പെട്ട ക്ഷണത്തിൽ നമ്മുടെശുദ്ധമാകപ്പെട്ട അമ്മയെ പാറാവിൽനിന്ന രക്ഷിച്ച സഭയുടെ വൎദ്ധിപ്പിന്നുംഗുണത്തിന്നും വെണ്ടിവരുമ്പൊൾ എവിടെയെങ്കിലും പൊകുന്നതിന്ന അനുവാദംകൊടുക്കയും ചെയ്തു. അപ്പൊൾ തന്നെ പട്ടാങ്ങയുടെ കാലംആരംഭിച്ചു: കല്സ്ദാദികമ്മെലീത്തസഭക്കാരരിൽ തന്നെ പലരും കുററമില്ലാത്ത നമ്മുടെസഭക്കാരരെസ്തുതിപ്പാനുംആദരിപ്പാനും തുടങ്ങിയതുകൂടാതെ ചിലരൊക്കയും അണ്ടലൂസിയ ദെശത്തിൽ നിന്ന അതുവരെ വാദിക്കപ്പെട്ടു വന്നിരുന്ന കാൎയ്യങ്ങളുടെ നെരും പരമാൎത്ഥവും വെളിപ്പെടുത്തിയിരുന്ന എഴുത്തുകൾ പ്രസിദ്ധമായിട്ടും രഹസ്യമായിട്ടും ശ്ലീഹായ്ക്കടുത്ത സ്ഥാനാപതിക്ക എഴുതുകയും ചെയ്തു. ഇതപൊരാഞ്ഞിട്ട ദ്രൊഹബൊധിപ്പിച്ചിരുന്നതിൽ ഒരുത്തൻ രാജഎഴുത്തുകാരനെയും സാക്ഷിക്കാരരെയും നിറുത്തികൊണ്ട അവൻ ഒപ്പിട്ടിരുന്ന ദ്രൊഹ നിറഞ്ഞ സാധനം വായിക്കാതെകണ്ട ഒപ്പുവെച്ച ബൊധിപ്പിച്ചതാകുന്നുവെന്ന എഴുതിയുറപ്പിച്ചുൟ സാക്ഷിത്വം രാജാവിന്റെ തിരുമുമ്പാകെ കൊടുത്തയക്കയും ചെയ്തു. മറെറാരുത്തൻ താൻ രാഗാദിപ്രമാണിച്ച പ്രവൃത്തിച്ചുവെന്ന വെളിപ്പെടുത്തി പൊറുതിയപെക്ഷിച്ചതിന്റെ ശെഷം നല്ല കണ്ടുപശ്ചാത്താപമായിട്ട ജീവിക്കയും ചെയ്തു. ഇതിൻവണ്ണം നമ്മുടെ സഭയുടെ കാൎയ്യങ്ങൾ ശുഭമായിട്ട നടന്നുതുടങ്ങി എന്നാൽ മെലിലെക്കുള്ള ഉറപ്പിന്നും സ്ഥിതിക്കും വെണ്ടി ശ്ലീഹായ്ക്കടുത്തസ്ഥാനാപതി സമ്മതിച്ചുകൊണ്ട മഹാദൈവഭക്തനായിരുന്ന രണ്ടാമത്തെ ഫിലിപ്പൊസുരാജാവകീഞ്ഞിപെട്ട നാലുപെരെനിശ്ചയിച്ച ശ്ലീഹായ്ക്കടുത്ത സ്ഥാനാപതിയൊടുകൂടെ ആലൊചിച്ച തീൎച്ച വരുത്തുന്നതിന്ന കല്പിക്കയും ചെയ്തു: ൟ ആലൊചനയിൽ നിശ്ചയിച്ച പ്രധാനകാൎയ്യമിതായിരിക്കുന്നു, അതായത: ശുദ്ധ.- മാർപ്പാപ്പായെ ബൊധിപ്പിച്ച തെരെസ്സാൾസു സഭക്കാരരെ കല്സ്ദാദി

കമ്മെലീത്തക്കാരരിൽ നിന്ന മുഴുവനും വെറുതിരിച്ച തന്ന
തായിട്ടുള്ള ശ്രെഷ്ഠന്മാരെ കല്പിച്ചുകൊടുത്തല്ലാതെ എല്ലാ
പ്പൊഴത്തെക്ക കാൎയ്യങ്ങൾ ചൊവ്വെ നടപ്പാൻ പ്രയാസ
മെന്ന തീൎപ്പാക്കുകയും ചെയ്തു. ഈ നിശ്ചയത്തിന്നുതക്കതി
ൻവണ്ണം നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ നിയമിച്ച ഈ
ശൊദെയൊഹന്നാൻ എന്ന മൂപ്പൻപാദ്രിയും ഈദെഹം
കൂട്ടുകാരനായിട്ട തെരിഞ്ഞെടുത്ത പസ്ത്രാന കൊവെന്ത
യുടെ പ്രിയൊരായിരുന്ന ശുദ്ധ: ത്രിത്വത്തിന്റെ ദ്യെഗൊ
എന്നദെഹവും റൊമ്മയ്ക്കുപൊയി ബൊധിപ്പിച്ച നീതിന്യാ
യമുള്ളതെന്നുകണ്ട ൧൫ാമത്തെ ഗ്രെഗൊരിയൊസ എന്ന
ശുദ്ധ.- മാർപ്പാപ്പാ ൧൬൨൦ാം കാലം മിഥുനമാസം ൨൭
തിയ്യതി കല്പിച്ചരുളിയ തിരുവെഴുത്താൽ ദെസ്കാൽസു ദെ
ശനക്കാര ഒരുപ്രത്യെകമുള്ള സഭക്കൂട്ടമായിട്ട വെർതിരി
ക്കാതെ തനതുപ്രൊവിൻസ്യാളും മറ്റും നിശ്ചയിപ്പാൻ ത
ക്കവണ്ണം അനുവദിക്കയും ചെയ്തു. ഇതിന്നിടയിൽ അഞ്ചെ
ലൊ ദെസാലസർ എന്ന നമ്മുടെശ്രെഷ്ഠൻ ബെഎസാ,
സല്ലമാൻക്ക എന്ന രണ്ടുപട്ടണങ്ങളിൽ സന്ന്യാസികളുടെ
കൊവെന്ത സ്ഥാപിക്കുന്നതിന്ന അനുവദിക്കയും ചെയ്തു.
വിശെഷിച്ച ഈദെഹം നമ്മുടെശ്രെഷ്ഠനായി എന്നുള്ള
വൎത്തമാനം പരന്നു. ആല്പരൊ മെന്ദൊസ എന്ന മെത്രാ
നും കെട്ടു ഉടനെ നമ്മുടെ പുണ്യവാളത്തിയെ കണ്ടു സാ
രമായ ചിലകാൎയ്യങ്ങളെ കൂടിയാലൊചിക്കെണ്ടുന്നതിന്ന
വല്ല്യദൊലീദെന്ന ആ ദെഹം പാൎത്തിരുന്ന പട്ടണത്തി
ലെക്ക അയെക്കുന്നതിന്ന നമ്മുടെ ശ്രെഷ്ഠനൊട അപെ
ക്ഷിച്ചതുകൊണ്ടു ഈദെഹം മെത്രാന്റെ ആഗ്രഹങ്ങളെ
പൂൎത്തി വരുത്തുവാൻ ന്യായമാകുന്നുവെന്നുകണ്ടു നമ്മുടെ
ശുദ്ധമാകപ്പെട്ട അമ്മയ്ക്കു പൊകുന്നതിന്നും അതുവഴിയാ
യിട്ടു സല്ലമാൻക്ക പട്ടണത്തിലെ ആശ്രമത്തിൽ ചെന്നു
വെണ്ടുന്നതെല്ലാം അന്വെഷിച്ച ചട്ടംകെട്ടി കൊണ്ടുപൊ
രുന്നതിന്നും കല്പന കൊടുത്തയക്കയും ചെയ്തു: നമ്മുടെ പൂ

ന്യവാളത്തി ശ്രെഷ്ഠന്മാരുടെ കല്പനകളെ സവ്വെശ്വര ന്റെ പ്രമാണംപൊലെ വണങ്ങി വന്നവളാകകൊണ്ടു ഒട്ടും താമസിയാതെ യാത്രെക്കു പുറപ്പെട്ടുകയും ചെയ്തു, ത ന്റെ എത്രയും ആഴപ്പെട്ട എളിമയുടെ ഉചിതമായ ഒ രുസാക്ഷി ഠരം വഴിയാത്രയിൽ കാണുന്നതാകയാൽ ഇ വിടെതന്നെ കാണിപ്പാൻ ന്യായമായിരിക്കുന്നു: അതെങ്ങ നെയെന്നാൽ നമ്മുടെ മഹാപുണ്യപതിയുടെ കീൎത്തിയും, അതിശയമായ പുണ്യത്തിന്റെ ശ്രുതിയും ഇതിന്നു മുമ്പിൽ ചൊല്ലിയിരിക്കുംവണ്ണം ഹിസ്പാന്യ രാജ്യമൊക്കയിലും പ രന്നിരുന്നതിനാൽ താൻ ചെല്ലുന്ന ദിക്കുകളിൽ ദിക്കുവാ സികൾ പടപുരുഷാരങ്ങളെപൊലെ കൂട്ടമായിട്ടു പുണ്യ വാളത്തിയെ എതിരെല്പാൻ പൊകയും തനിക്കു സ്തുതിയാ യിട്ടുള്ള വചനങ്ങളെ ആൎപ്പുവിളിപൊലെ നിലവിളിച്ചു സ്തുതിക്കയും കൊണ്ടാടുകയും ചെയ്യുമാറാ യിരുന്നു. ഇതു ഹെതുവായിട്ടു വല്യദൊലീദെന്ന പട്ടണത്തിൽ ചെല്ലും പൊൾ അതിൻവണ്ണം ചെയ്യുമെന്നുഭയപ്പെട്ടു ആ പ ട്ടണത്തിലെ ആശ്രമശ്രെഷ്ഠത്തിക്കു എഴുതിയ കനമായ വചനങ്ങളാകുന്നതെന്തെന്നാൽ "അവിടെ ഞാൻ വരും ,,പൊൾ എതിരെല്പും സല്ക്കാരവും കൊണ്ടു ആരവം ,,ചെയ്യരുതെന്ന തങ്ങൾ മറ്റവരൊടു പറയണം, തങ്ങ ,,ളൊടും ഇതുതന്നെ ഞാനപെക്ഷിക്കുന്നു: അതെന്തെ ഇ ,,നിക്കു ഇഷ്ടംവരുത്തുന്നതിന്നുപകരമായിട്ടു എന്നെ സങ്ക ,,ടപ്പെടുത്തുന്നുവെന്ന തങ്ങളൊടുഞാൻ പട്ടാങ്ങയായിട്ടു ,,പറയുന്നു: എന്റെ യാതൊരുയൊഗ്യത കൂടാതെ ചെയ്യ ,,പ്പെടുന്നു എന്നുള്ളതിനെ ഞാൻ കാണുമ്പൊൾ എന്റെ ,,ഉള്ളിൽ ഞാൻ വളരെ ദുഃഖിക്കുന്നുവെന്നിത എത്രയും ,,പട്ടാങ്ങയുള്ളതാകുന്നു, പ്രത്യെകം അളവുകടന്നിട്ടാകും ,,പൊൾ എന്നെ വളരെ ദുഃഖിപ്പിപ്പാൻ തങ്ങൾക്കു മന ,,സ്സില്ലയെങ്കിൽ മറ്റുപ്രകാരത്തിൽ ചെയ്യാതെ യിരിപ്പാ ,,ൻ സൂക്ഷിച്ചുകൊള്ളണം,, ഇതിൻവണ്ണം എഴുതീട്ടു താ

ൻ അവിടെ എത്തി, മുമ്പിൽ ആവില അപ്പൊൾ വല്ലെ ൻസ്യ മെത്രാനായിരുന്ന ദെഹത്തിനൊട ആലൊചിപ്പാനു ണ്ടായിരുന്ന സംഗതികളെല്ലാം ആലൊചനകഴിച്ചിട്ട സ ല്ലമാൻക്ക പട്ടണത്തിലെക്ക പൊകയും ചെയ്തു. എന്നതി നെകൊണ്ട കീഴ്വഴക്കത്തിന്റെ സ്നെഹക്കാരത്തി രണ്ടു മാ സംകൊണ്ട പുത്തൻ, പഴയ, എന്ന രണ്ടുകസ്റ്റീല്യ പ്രദെ ശങ്ങളുടെ ഒരു വലിയപങ്ക നടന്നു. സല്ലമാൻക്ക പട്ടണ ത്തിലെ കന്യാസ്ത്രീകൾക്ക അതുവരെ തനതു കൊവെന്ത യില്ലാതെ കൂലിക്കവാങ്ങിച്ചിരുന്ന വീട്ടിൽ പാൎത്തിരുന്നതി നെകൊണ്ട സ്വന്തമായിട്ടുള്ള വീടു വാങ്ങിക്കുന്നതിന്ന അ മ്മയ്ക്കു മഹാ താല്പൎയ്യമുണ്ടായിരുന്നുവെങ്കിലും ൧൫൦ മൂന്നാമ ത്തെ ഊഴം എറിയബുദ്ധിമുട്ടുകളും കഴിച്ചിട്ടും ഇടവന്നില്ല കാൎയ്യത്തിന്ന നടപ്പില്ല എന്നുകണ്ടിട്ടും സഭയുടെ ദിക്കുതിക ൾ മറ്റെദിക്കിലെക്ക തന്നെവിളിച്ചിരുന്നു എന്നതിനെകൊ ണ്ടും മഹാ സങ്കടത്തൊടുകൂടെയെങ്കിലും സല്ലമാൻക്ക പ ട്ടണത്തെവിട്ട ആവിലപട്ടണത്തിലെക്ക തിരികെ പൊ രികയും ചെയ്തു. അവിടെ ചെന്നവുടനെ കരബാക്ക ആ ശ്രമത്തിൽ അരൂപിക്കടുത്ത വിഷാദങ്ങളാൽ സങ്കടപ്പെ ട്ടിരുന്ന ഒരുകന്യാസ്ത്രീയെ ആശ്വസിപ്പിപ്പാൻ അവടത്തൊ ളം ചെല്ലുന്നതിന്ന മാർ അല്വെത്താസിന്റെ അന്നാ എ ന്ന ഥ ആശ്രമത്തിന്റെ ശ്രെഷ്ഠത്തിയുടെഅപെക്ഷയും എഴുത്തും നമ്മുടെപുണ്യവാളത്തിക്ക വരികയും ചെയ്തു. താൻ മറ്റുപല ജൊലികളാലും ശരീരസൌഖ്യക്കെടാ ലും പൊകുന്നതിന്ന പ്രയാസമായിരുന്നതിനാൽ തന്റെ പെക്കായിട്ട മാർ യൊഹന്നാൻ ആ ക്രൂസെന്ന പിതാവി നെ അയക്കാമെന്ന എഴുതിയമറുപടിയിൽ കാണുന്ന എ താനും മൊഴികളെ ഇവിടെ പെൎത്തെഴുതുന്നു, അതായ തഃ "എന്റെമകളെ! യൊഹന്നാൻ ആ ക്രൂസെന്ന അച്ച „ൻ അങ്ങൊട്ട വരുന്നതിന്ന ഞാൻ വെല ചെയ്യുന്നുണ്ടു: „ഞാൻതന്നെയാകുന്നുവെന്ന വിചാരിച്ചുകൊള്ളണം ആ

„ദെഹത്തിന്ന നിങ്ങളുടെ ഹൃദയങ്ങളെ പരമാൎത്ഥത്തൊ
„ടുകൂടെ തുറന്ന കാണിച്ചുകൊടുത്ത അയാളൊട ആശ്വാ
„സപ്പെടണം അതെന്തെ സൎവ്വെശ്വരൻ തന്റെ അഭ്രപി
„യെ കൊടുക്കുന്നവെന്ന ഒരുമഹാത്മാവ അയാളാകുന്നു„
ഇതം പറഞ്ഞൊപ്പിന്നുതക്കതിൻവണ്ണം അന്ന ബഎസാ എ
ന്നനഗരിയിലെ കൊവെന്തയുടെശ്രെഷ്ഠനായിരുന്ന യൊ
ഹന്നൻ ആക്രൂസെന്ന പുണ്യപിതാവിനെ അയച്ചു· ഇതം
ദെഹം അവിടെചെന്ന വിഷാദത്തിൽമുഴുകിയിരുന്ന ആ
യാത്മാവിനെ പൂൎണ്ണമായിട്ട ആശ്വസിപ്പിക്കയും ചെയ്തു:
എന്നാൽ നമ്മുടെ മഹാപുണ്യപതി മെലെഴുതിയ സംഗ
തിക്ക പെക്ഷായിട്ട മറെറാരുത്തനെ അയച്ചതുപൊലെ ഉ
ടനെ അഞ്ചെലൊ ദെ സാലസർ എന്ന ശ്രെഷ്ഠൻ പുണ്യ
വാളത്തിയൊടുകല്പിച്ച കാൎയ്യത്തിന്ന തന്റെപെക്ഷ ആള
യപ്പാൻപാങ്ങില്ലാതെ താൻതന്നെ പൊകെണ്ടിവന്നു: അ
താകുന്നതെന്തെന്നാൽ മലയാഴ്മഭാഷയിൽഎഴുതിയിരിക്കു
ന്നനരകവിശെഷം വായിച്ചവര അന്നാ ആഗുസ്തീഞ്ഞൊ
എന്നപെരായിട്ട അറിഞ്ഞിരിക്കുന്ന മാർആഗുസ്തീനൊസി
ന്റെ അന്നാ എന്ന നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയുടെ
ജ്ഞാന മക്കളായ കന്യാസ്ത്രീകളിൽ ഒരുനക്ഷത്രം പൊ
ലെ വിളങ്ങിപ്രകാശിച്ച വാഴ്ത്തപ്പെട്ടവൾ സൎവ്വെശ്വരനി
ൽ നിന്ന കൈക്കൊണ്ടിരുന്ന വിശെഷമായ വരങ്ങളുടെ
വലിപ്പത്തിന്ന തക്കതിൻവണ്ണം പിശാചുക്കൾക്ക അവളു
ടെമെൽ പൈശൂന്യവും വൈരാഗ്യവുമായിരുന്നതിനാൽ
ചിലവെളയിൽ അവളെ മഹാ അതിശത്തൊടുകൂടെ പി
ടിച്ച മെല്പൊട്ട എറിഞ്ഞ വലിയ ശക്തിയൊടുകൂടെ വീ
ഴിക്കയും, ചിലപ്പൊൾ മഹാക്രൂരമായിട്ട അവളെ തല്ലി
യടിക്കയും, ചിലസമയത്ത അവളെ പിടിച്ച നിലത്തിഴ
ക്കുകയും, ചിലപ്പൊൾ ഉയരപ്പെട്ട ഗൊവണിയുടെ മെല
റെറത്തുനിന്ന അതിന്റെ അടിയൊളം വീഴുവാൻതക്കവ
ണ്ണം ഉന്തിത്തള്ളുകയും ചെയ്യുന്നതിനൊടുകൂടെ വലിയ

ധിക്കാരമായിട്ട കൊട്ടിചിരിക്കയും ചെയ്യുമാറായിരുന്നതി
നാൽ ശ്രെഷ്ഠന്നും, ആശ്രമത്തിന്റെ കുമ്പസാരക്കാരന്നും
സംശയവും ഭയവും തൊന്നി, അതായത ആ പുണ്യപ്പെ
ട്ടകന്യാസ്ത്രീയുടെ അരൂപി തമ്പുരാനിൽ നിന്നുള്ളതൊ അ
വളുടെപുണ്യം പട്ടാങ്ങയുള്ളതൊ, പിശാചിന്റെ തട്ടി
പ്പൊ എന്നുള്ള വരുടെ സംശയം തീൎക്കേണ്ടുന്നതിന്ന ഈ
കാൎയ്യങ്ങളിൽ സാമൎത്ഥ്യപ്പെട്ട ഗുരുനാഥയായിരുന്ന നമ്മു
ടെ പുണ്യവാളത്തിയൊട മലഗൊനെ നഗരിയിലെ ആ
ശ്രമത്തിൽ ചെന്ന അന്നാഗുസ്തീഞ്ഞാ എന്നകന്യാസ്ത്രീയു
ടെ അരൂപിയെ പരിശൊധനചെയ്വാൻ ശ്രെഷ്ഠൻ കല്പി
ക്കയുഞ്ചെയ്തു· ശുദ്ധമാക്കപ്പെട്ട അമ്മ വൃശ്ചികമാസം ൧൭
തിയ്യതി അവിടെ എത്തി അത്ഭുതമായ തന്റെമകളെ പ
രിശൊധനചെയ്തിട്ട ആയാത്മാവിൽ പ്രകാശിച്ചിരുന്നത
എല്ലാം വിശെഷമായ ചെപ്പൊന്നാകുന്ന വെന്നവിധിച്ച
സംശയങ്ങളെയും ഭയങ്ങളെയും നീക്കുകയുഞ്ചെയ്തു: ഈ
വിധിയാൽ അന്നാഗുസ്തീഞ്ഞാ എന്ന വാഴ്ത്തപ്പെട്ടവൾ
ക്കും മഹാസന്തൊഷവും അടക്കവും ഉണ്ടാകയും ചെയ്തു·
യൊഗ്യതയുള്ള മകളായ ഈ കന്യാസ്ത്രീ, അമ്മയുടെ അ
തിശയമായപുണ്യവും, സൎവ്വെശ്വരന്നഅമ്മയുടെമെലുണ്ടാ
യിരുന്നവിശെഷപക്ഷവും, സൎവ്വെശ്വരന്റെ അരൂപിയെ
പിശാചിന്റെ മായമായിട്ടുള്ള അരൂപിയിൽനിന്ന വെ
റതിരിക്കുന്നതിന്ന അമ്മയ്ക്കുണ്ടായിരിക്കുന്ന വശവും സാമ
ൎത്ഥ്യവും വെണ്ടുംവണ്ണം ഗ്രഹിച്ചിട്ടുണ്ടായിരുന്നു എന്നു വരി
കിലും സൎവ്വെശ്വരൻ വാഴ്ത്തപ്പെട്ടവൾക്ക നമ്മുടെ ശുദ്ധ
മാക്കപ്പെട്ട അമ്മയുടെ വിധിമെൽ എററം നല്ല ഉറപ്പുള്ള
വിശ്വാസം വരുത്തുന്നതിന്ന പലകാൎയ്യങ്ങളെ കാണിക്ക
യും ചെയ്തു: അതിൽവെച്ച ധനുമാസം ൮ തിയ്യതി ശുദ്ധ
മാക്കപ്പെട്ട അമലൊത്ഭവിമാതാവിന്റെ തിരുനാൾദിവ
സത്തിൽ നമ്മുടെശുദ്ധമാക്കപ്പെട്ട അമ്മ ശുദ്ധ.— കുമ്പാന
കൈക്കൊണ്ടു കഴിഞ്ഞിട്ട പ്രാൎത്ഥനസ്ഥലത്ത ഉപകാരന്നു

ങ്ങൊ ചെയ്തിരിക്കയിൽ അന്നാഗുസ്തീഞ്ഞാ എന്ന വാഴ്ത്തപ്പെട്ടവൾ അമ്മയുടെ തലയുടെമീതെ എത്രയും അഴകുള്ളതായ ഒരുവെള്ളപ്രാവ വട്ടത്തിൽപറക്കുന്നതിനെയും പുണ്യവാളത്തിയുടെമുഖം എത്രയും ശൊഭയുള്ളകതിരുകളെ വീശുന്നതിനെയും കണ്ടു, ഈ കാഴ്ചയാൽ വാഴ്ത്തപ്പെട്ടവൾ വിസ്മയിച്ചിരിക്കയിൽഅവളുടെ അമ്മയിൽ ഉണ്ടായിരിക്കുന്ന ഗ്രഹാദകുദശായുടെ ഒരു സാദൃശ്യം അതാകുന്നുവെന്നും, അമ്മപറയുന്നതിന്മെൽ സംശയംകൂടാതെ ഉറെക്കാമെന്നും സൎവ്വെശ്വരൻ വാഴ്ത്തപ്പെട്ടവൾക്കു വെളിപ്പെടുത്തുകയും ചെയ്തു.

ശുദ്ധമാകപ്പെട്ട അമ്മയ്ക്കു അവിടെവെച്ച തളൎവാതംപിടിച്ച രണ്ടുമാസത്തൊളംകട്ടിലിന്മെൽ കിടക്കെണ്ടിവന്നു, എന്നാൽ അന്നാഗുസ്തീഞ്ഞാ എന്ന പ്രിയപ്പെട്ട തന്റെ ഈ മകളുടെ എത്രയും താല്പൎയ്യമായ ചിററാഴ്മയാൽ മഹാ ആശ്വാസമനുഭവിക്കയും ചെയ്തു.

## പത്തൊൻപതാംഅദ്ധ്യായം

ദൊന്നകത്തരീന ദെകദ്ദൊന ആരാകുന്നു; നമ്മുടെ ശുദ്ധമാകപ്പെട്ടവൾ വില്ലനൊവ ദെല്ലസ്സാര എന്നദിക്കിൽ ഒരാശ്രമത്തെ സ്ഥാപിക്കുന്നതിന്ന പൊകുന്നു, ആ വഴിയാത്രയിലും അവിടെചെന്നിട്ടും സംഭവിച്ച ചിലവിശെഷസംഗതികളും.

ഹിസ്പാന്യരാജ്യത്തിൽ കദ്ദൊന എന്ന മഹാകുലശ്രെഷ്ഠതയുള്ള മാടമ്പികളിൽനിന്ന പിറന്ന ദൊന്നകത്തരീന ദെകദ്ദൊന പതിനാറാം യുഗത്തെ വിസ്മയിപ്പിച്ച ഒരു അത്ഭുതമായ തപസ്വിനീയാകുന്നു. നമ്മുടെ ശുദ്ധമാകപ്പെട്ട

അമ്മ എഴുതി സാക്ഷിച്ചിരിക്കുന്നതിൻവണ്ണം ദൊന്ന ക്വത്തരീന അരമനയിൽ എത്രയും മഹിമയുള്ള ആളുകളുടെ ക്രുട്ടത്തിൽ ആയിരിക്കുമ്പൊൾതന്നെ തന്റെ ആത്മകാൎയ്യങ്ങളെ മഹാജാഗ്രതയൊടുക്രുടെ വിചാരിച്ചുവന്നതെന്ന്യെ എറിയ തപസ്സുകളെ ചെയ്തിരുന്നു, എന്നാൽ സൎവ്വെശ്വരന്റെ സ്വരങ്ങൾക്കു ചെവികൊടുത്ത അരമന ലൊകവ്വാഴ്ച, ബഹുമാനം സന്തൊഷാദികളൊക്കയും വെറുത്തുപെക്ഷിച്ച വില്ലനൊവ ദെല്ലക്സാര എന്നദിക്കിന്ന സമീപമുള്ള ഒരു വനവാസത്തിൽപൊയി കാട്ടുമൃഗങ്ങൾക്കു തക്കതായിരുന്ന ഒരുഗുഹയിൽ ഒളിച്ചിരുന്ന അതിശയിപ്പാൻതക്കതപസ്സുകളെ ചെയ്തിരുന്നു· നമ്മുടെപുണ്യവാളത്തിസാക്ഷിക്കുന്നതു പൊലെ ശുദ്ധമാകപ്പെട്ട കൎമ്മ്മാന ആ ഗുഹയിൽ പൊയിട്ടു എട്ടു സംവത്സരമാകാറായപ്പൊൾ താൻ പാൎത്തിരുന്ന ആ സ്ഥലത്തിൽ ഒരു സന്ന്യാസിമഠം സ്ഥാപിക്കപ്പെടുന്നതിന്നു വളരെ ആഗ്രഹിച്ചിരുന്നു· ഒരു ദിവസം ഒരം ആഗ്രഹത്തൊടുക്രുടെ ക്രുശപ്പെട്ടരുപത്തിൻമുമ്പാകെ ധ്യാനിച്ചിരിക്കയിൽ സൎവ്വെശ്വരൻ ഒരുവെള്ളകാപ്പ അവൾക്ക കാട്ടി കൊടുത്തു, അതിനാൽ കൎമ്മെലീത്ത ദെസ്കാൾസു സന്ന്യാസികളുടെ കൊവെന്താകണമെന്ന ഗ്രഹിക്കയും ചെയ്തു· അതിന്നുവെണ്ടുന്ന അനുവാദം വാങ്ങിക്കുന്നതിന്ന താൻ മുന്നെ വെറുത്തുപെക്ഷിച്ചിരുന്ന രാജ അരമനകളിൽ പൊകയും ചെയ്തു: ഇത അവൾക്ക എത്രസങ്കടമുള്ളകാൎയ്യമായിരുന്നുവെന്ന, ആ പുണ്യം സമ്പാദിച്ചവൎക്കു മാത്രം തിരിയും· നമ്മുടെ അമ്മ സാക്ഷിച്ചിരിക്കുന്നതായത "ഒരു
„പുറപ്പാട അവൾക്ക വലിയ ദുഃഖമായിട്ടു തീൎന്നു: അതെ
„ന്തെ, നടന്ന നഗരികളിൽ വീട്ടിൽനിന്ന ഇറങ്ങിയാൽ
„വലിയപുരുഷാരം അവരുടെച്ചുററും ക്രുടികൊണ്ടു ചി
„ലര അവരുടെ ഉടുപ്പിനെ, ചിലര അവരുടെ കാപ്പയെ
„ശുദ്ധ മാകപ്പെട്ട വസ്തുവായിട്ടു കീറി എടുത്തിരുന്നു: ന
„മ്മുടെ സന്ന്യാസികൾ പന്ത്രാനയിൽ സ്ഥാപിച്ചിരുന്ന ആ

,,ണ്ടാമത്തെ കൊവെന്തയിൽ ചെന്ന കമ്മെലൊ ദെവ
,,മാതാവിന്റെ ഉടുപ്പിനെ മൂന്നാം സഭക്കാരത്തിയായിട്ട
,,ധരിക്കയും ചെയ്യു. അവിടെനിന്ന തൊലെദൊ പട്ടണ
,,ത്തിൽ ചെന്ന നമ്മുടെ കന്യാസ്ത്രീകളുടെ ആശ്രമത്തിൽ
,,തങ്ങുകയും ചെയ്യു. അവര എല്ലാവരും എന്നൊട പറ
,,ഞ്ഞിരിക്കുന്നതിൻവണ്ണം അവളുടെശരീരത്തിൽനിന്ന ആ
,,കാശത്തിന്നടുത്ത ഒരുപരിമളം വീശിയിരുന്നു. അവിടെ
,,നിന്ന മദ്രീദെന്ന രാജധാനിയിൽ ചെന്ന അനുവാദം
,,വാങ്ങിച്ചു അവരുടെ ഗുഹയിലെക്ക പൊരികയും ചെ
,,യ്യു. അവരുടെ ഗുഹയിലെ സ്ഥലത്തിൽതന്നെ കൊവെ
,,ന്ത പണിയിപ്പിച്ചു അവക്ക വെറിട്ടൊരു ഗുഹവെട്ടികൊ
,,ടുക്കയും ചെയ്യു. അവരുടെ പുണ്യസുഖത്തിന്റെ ശ്രുതി
,,എല്ലാടത്തും പരന്നതുകൊണ്ട ആയതുതന്നെ കാണ്മാ
,,ൻ വളരെ പുരുഷാരം ചെന്നിരുന്നതിനെകൊണ്ട നമ്മു
,,ടെ സന്യാസികൾ ആ ഉപദ്രവത്തിൽനിന്ന രക്ഷപെട്ടു
,,ന്നതിന്ന അവരെ എടുത്തുപൊക്കി എല്ലാവൎക്കും വാഴ്
,,കൊടുപ്പിച്ച അയെക്കയും ചെയ്തിരുന്നു. ഈ അത്ഭുതമായ
,,ആത്മാവ നമ്മുടെ സന്യാസികളുടെ കൊവെന്ത സ്ഥാ
,,പിച്ചിട്ട അഞ്ചര സംവത്സരംവരെ ജീവിച്ചു: ൲൬൱ാം
,,കാലം മരിച്ചു, ചെയ്തുകഠിനമായ തപസ്സിന്ന സമ്മാനം
,,കൈക്കൊള്ളുവാൻതമ്പുരാന്റെപക്കൽ പൊകയും ചെ
,,യ്യു,, ഇവിടത്തൊളം നമ്മുടെ പുണ്യവാളത്തി. ഈ മ
ഹാത്മാവിന്റെ പുണ്യ ദൃഷ്ടാന്തത്താൽ വില്ലനൊവ ദെ
ല്ലസ്സാര എന്ന നഗരി വാസികളിൽ വെച്ച കൂടപ്പിറപ്പുക
ളായ നാലു പൈതങ്ങൾ ലൊകത്തെവെറുത്ത പരി
ശുദ്ധ ആത്മാവുകളെ അളവില്ലാത്ത സ്നെഹത്തൊടുകൂടെ
സ്നെഹിക്കുന്ന ഈശൊമിശിഹായെ അവരുടെ ഏകമണ
വാളനായിട്ട തെരിഞ്ഞെടുത്ത ഒരുവീട്ടിൽ കൂടി കന്യാ
സ്ത്രീകളുടെമുറയ്ക്കു ജീവിതം കഴിച്ചിരുന്നു: ഇവരുടെസ്നെ
ഹക്കാരത്തിയായിരുന്ന ഒരുവെധവിസ്ത്രീയുടെ നാലുപെ

ങ്ങൾ ഇവരുടെ കണ്ടുപരിതാപത്തിന്ന മനസ്സായി ഇവ
രൊട്ടു ക്രൂട്ടുകയ്യും ചെയ്തു· ഇതുപൊരാഞ്ഞിട്ടു മഹാ പുണ്ണ്യ
പതിയായിട്ടു നടന്നിരുന്ന വെറിട്ടൊരുസ്ത്രീ അവരുടെജീ
വിതപ്രകാരം കെട്ടാറെ പ്രായംചെന്നവളായിരുന്നാലും
അവൾ പാൎത്തിരുന്ന ദിക്കിൽനിന്ന പുറപ്പെട്ടു വില്ലനൊ
വ ദെല്ലസ്സാര എന്നനഗരിയിൽചെന്ന അവരുടെക്രൂട്ടത്തി
ൽക്രൂട്ടുകയ്യും ചെയ്തു· അവിടെതന്നെ പുണ്ണ്യപതികളായി
ട്ടു ജീവിതം കഴിപ്പാൻ നിശ്ചയിച്ചിരുന്നുവെംകിലും പറ
ഞ്ഞൊപ്പുകൾചെയ്തു മുഴുവനാകപ്പെട്ട കന്ന്യാസ്ത്രീകൾ ആ
കുവാൻ വളരെ ആഗ്രഹിച്ചിരുന്നു: ഇവരുടെ നിശ്ചയവും
ആഗ്രഹങ്ങളൊക്കയ്യും മെലെഴുതിയ കട്ട്രീന എന്ന വാ
ഴ്ത്തപ്പെട്ടവളൊടറിയിച്ച ഗുണദൊഷം ചൊദിക്കയ്യും ചെ
യ്തു· വാഴ്ത്തപ്പെട്ടവൾ നിവ്വ്യസുഖമായിട്ടു മറുപടിയായി
പറഞ്ഞയച്ചതായത "സന്തൊഷമായിരിപ്പിൻ, ഒരു ദിവ
„സം കമ്മെലീത്ത ദെസ്സാൾസു കന്ന്യാസ്ത്രീകളുടെ ഒരആ
„ശ്രമത്തിന്റെ അടിസ്ഥാനക്കാരത്തികൾ ആകുവാൻനി
„ങ്ങൾക്ക സൎവ്വെശ്വരൻ മനൊഗുണം ചെയ്യുമെന്ന ശര
„ണമായി പാൎത്തിരിപ്പിൻ„ ൟ ദീൎഘദൎശനത്തി ന്നടുത്ത
മൊഴികൾക്ക തക്കതിൻവണ്ണം അവര ഒമ്പതുപെരും മാ
ലാകൾമാക്കുത്ത ജീവിതംകഴിച്ചുവരികയിൽ ഏറ്റന്നൊം
കാലം നല്ലതിൽ ഒരുപട്ടക്കാരൻ സിവീല്ല്യപട്ടണത്തിൽ
നിന്ന തൊലെദൊ പട്ടണത്തിലെ ആശ്രമത്തിൽ ചെ
ന്നിരുന്ന നമ്മുടെ ശ്രുദ്ധമാകപ്പെട്ട അമ്മയുടെപക്കൽ ചെ
ന്ന മെൽചൊല്ലിയ ഒമ്പതുദൈവശുശ്രൂഷികളുടെയുംനഗരി
ക്കാരരുടെയും അപെക്ഷ ബൊധിപ്പിക്കയ്യും ചെയ്തു· നമ്മു
ടെ മഹാവിവെകിയായ പുണ്ണ്യവാളത്തി അപെക്ഷയെമു
ഴുവൻതള്ളാതെ ആ ദിക്കിൽചെന്ന ആശ്രമം സ്ഥാപിക്കു
ന്നതിന്നുള്ളപല വിഷമങ്ങളെ കാണിച്ച പട്ടക്കാരനെ പ
റഞ്ഞയക്കയ്യുംചെയ്തു· ൟ അപെക്ഷയെ സന്തൊഷത്തൊ
ട്ടുക്രൂടെകൈക്കൊണ്ട ഉടനെഅവിടെചെന്ന ആശ്രമത്തെ

സ്ഥാപിക്കുന്നതിന്ന നമ്മുടെപുണ്യപതിക്ക മനസ്സുകെട ഉ
ണ്ടാകുവാൻ ന്യായമെന്താകുന്നുവെന്ന ചൊദിക്കുന്നുവെ
കിൽ ഇതാ പുണ്യവാളത്തിതന്നെ അതിന്റെ ന്യായങ്ങ
ളെകെൾപ്പിക്കയും ചെയ്യുന്നു: അതായത "ഠരം ശ്രദ്ധമാക്ക
,,പ്പെട്ട വെലയ്ക്കു ഒരുപ്രകാരത്തിലും സമ്മതിക്കെണ്ടതല്ല.
,,എന്ന ഇനിക്കതൊന്നിച്ചിരുന്ന ന്യായങ്ങളാകുന്നതെന്തെ
,,ന്നാൽ ഒന്നാമത: ഏറിയ നാളായിട്ട തങ്ങളുടെ ഇഷ്ടം
,,പൊലെ നിശ്ചയിച്ചജീവിതക്രമം അനുസരിച്ചുതഴഞ്ഞിയ
,,ആളുകൾ നമ്മുടെ സഭയുടെ ജീവിത ക്രമത്തിന്ന വഴ
,,ങ്ങുന്നതിന്ന പ്രയാസമുള്ള കാൎയ്യമെന്ന ഇനിക്ക തൊന്നി
,,യിരുന്നു: രണ്ടാമത, ഉപജീവനത്തിനുവെണ്ടുന്നത അവർ
,,ക്ക വെണ്ടുംവണ്ണമില്ലാഞ്ഞു, നഗരി ചുരുങ്ങിയതാകയാൽ
,,ധൎമ്മം കൊണ്ടു കഴിക്കുന്നതിന്ന മതിയാകയില്ല: നഗരി
,,വാസികൾ ഉപജീവനത്തിന്ന വെണ്ടുന്നതെല്ലാം കൊ
,,ടുക്കാമെന്ന ഏററിരുന്നുവെങ്കിലും ഠരം പറഞ്ഞൊപ്പ കാ
,,ലദീൎഘംകൊണ്ടു നില്പയില്ലെന്നുഞാൻ വിചാരിച്ചിരുന്നു.
,,മൂന്നാമത, സ്വന്തമായിട്ടുള്ള വീട അവൎക്കില്ലാഞ്ഞു.
,,നാലാമത, സ്ഥാപിക്കപ്പെട്ട മററാശ്രമങ്ങളിൽ നിന്ന
,,അധികം ദൂരമായിതിരിഞ്ഞിരിക്കുന്ന ഒരുനഗരിഅതായി
,,രിക്കുന്നു, വിശെഷിച്ച നല്ല സ്ത്രീകൾ ആകുന്നുവെന്ന ഒ
,,രൊരുത്തര എന്നൊട പറഞ്ഞിരുന്നുവെങ്കിലും ഞാൻ അ
,,വരെ കണ്ടിട്ടില്ലാഞ്ഞു, എന്നതിനെകൊണ്ടു നമ്മുടെഠരം
,,ആശ്രമങ്ങളിൽ കൂട്ടുന്നവരുടെപക്കൽ നാം അന്വെഷി
,,ക്കുന്ന ഗുണലക്ഷണങ്ങളെല്ലാം അവൎക്കുണ്ടൊ ഇല്ലയൊ
,,എന്ന ഞാൻ അറിഞ്ഞിട്ടില്ലാഞ്ഞു,,

ഠരം ന്യായങ്ങളാൽ നമ്മുടെ ശ്രദ്ധമാകപ്പെട്ട അമ്മ
ഠരം ആശ്രമത്തിന്റെ സ്ഥാപനത്തിന്ന സമ്മതിക്കാതെ,
മെൽചൊല്ലിയ നഗരിക്കാരരും കന്യാസ്ത്രീക ളാകുവാൻ
ആഗ്രഹിച്ചിരുന്നവരും കൂടക്കൂടെ ആളുകളെ തന്റെപ
ക്കൽ അയച്ചിരുന്നതിനാൽ അവരൊട്ടു നല്ലവചനം പറ

ഞ്ഞ സന്തൊഷത്തൊട്ടുകൂടെ അയക്കയും ചെയ്യുമാറായി
രുന്നു. ഇതിൻവണ്ണം ൧൭൭൯ാം കാലംവരെ താമസിപ്പി
ച്ചു: അതായത, സൎവ്വെശ്വരൻ ആ പുണ്യപ്പെട്ട ആത്മാവു
കളുടെ അപെക്ഷകളെ കെൾപ്പാൻ നിശ്ചയിച്ചിരുന്ന ആ
ദിവസം ഉദിച്ചതുവരെ നമ്മുടെ പുണ്യപതി സമ്മതിക്കാ
തെയിരുന്നു. ആ കാലത്തിൽ ഈശൊടെ അന്തൊന്ന്യൊ
എന്ന വാഴ്ത്തപ്പെട്ടവൻ കട്ലൊനാ സ്ഥാപിച്ചിരുന്ന കൊ
വെന്തയിൽ പാത്തിരിക്കയിൽ താനും ആ കൊവെന്തയു
ടെ പ്രിയൊരായിരുന്ന മൊക്ഷത്തിൽ എഴുന്നെള്ളിയ ദെ
വമാതാവിന്റെ ഗെബ്രിയെൽ എന്നദെഹവും ആ സ്ത്രീ
കളുടെ പുണ്യസാംഗൊപാംഗത്തെ കണ്ടസാക്ഷിക്കാരായി
ട്ടു ശുദ്ധമാക്കപ്പെട്ട അമ്മയുടെപക്കൽ ആ സ്ത്രീകളെ സ്തു
തിച്ചു പറഞ്ഞതുകൂടാതെ അവരുടെ അപെക്ഷ കൈക്കൊ
ണ്ടു വൃത്തി വരുത്തുന്നതിന്ന അവരും അപെക്ഷിക്കയുംചെ
യ്തു: അപ്പൊൾ ശുദ്ധമാക്കപ്പെട്ട അമ്മയുടെ ഹൃദയത്തെ
സൎവ്വെശ്വരൻ പകൎത്തി വെട്ടന്ന മനസ്സാക്കുകയും ചെയ്തു.
എന്നാൽ ഇതുസംഭവിച്ചപ്രകാരം തന്റെവായിൽനിന്നു
തന്നെ നാം കെൾക്ക.

"ഒരുദിവസം ഞാൻ ശുദ്ധ.-- കുൎബ്ബാന കൈക്കൊണ്ടു
,,കഴിഞ്ഞിട്ടു പലപ്പൊഴും ചെയ്വാൻ ഇനിക്കുപതിവായി
,,രുന്നതുപൊലെ ഈസംഗതിയെക്കുറിച്ച സൎവ്വെശ്വരനൊ
,,ട ഞാൻ പ്രാൎത്ഥിച്ചിരുന്നു... സൎവ്വെശ്വരൻ എന്നെ നല്ല
,,വണ്ണം കുററപ്പെടുത്തി കൊണ്ടു എന്നൊട അരുളിചെയ്ത
,,തായത, ഇന്നാൾവരെ സ്ഥാപിക്കപ്പെട്ട ആശ്രമങ്ങൾ
,,എന്തൊരുനിക്ഷെപങ്ങൾകൊണ്ടസ്ഥാപിക്കപ്പെട്ടു? ഈ
,,അപെക്ഷ കൈക്കൊണ്ട ആശ്രമം സ്ഥാപിക്കുന്നതിന്ന
,,ഭയപ്പെടെണ്ട അതെന്തെ എന്റെവലിയ സ്തുതിക്കായി
,,ട്ടും ആത്മാവുകളുടെ ഉപകാരത്തിന്നായിട്ടും അത തി
,,രുകയുംചെയ്യും, സൎവ്വെശ്വരന്റെ തിരുവചനങ്ങൾ വ
,,ല്ലഭമുള്ളതും സിദ്ധിയുള്ളതുമാകകൊണ്ട ആ തിരുവചനം

,,ങ്ങളെ നമ്മുടെ ബുദ്ധി കണ്ടുപിടിക്കുന്നതിന്ന തമ്പുരാൻ
,,അതിന്ന വശംകൊടുക്കുന്നതുക്രുടാതെ അതിന്റെ പട്ടട
,,ങ്ങയെ ഗ്രഹിക്കുന്നതിന്ന ബുദ്ധിക്ക വെളിവുകൊടുക്കയും
,,പ്രവൃത്തിയാൽ അതിനെനിറവെററുന്നതിന്ന മനസ്സിനെ
,,ആസ്ഥമാക്കുകയും ചെയ്യുന്നു: എന്നതിനാൽ (ഠരം തിരു
,,വചനങ്ങളെ കെട്ടാറെ) ഞാൻ നല്ല മനസ്സായിട്ട അ
,,പെക്ഷയെ കൈക്കൊണ്ട ഠരം ആശ്രമം സ്ഥാപിക്കുന്ന
,,തിന്ന സമ്മതിച്ചതുക്രുടാതെ, അതുവരെ ലൊകന്യായങ്ങ
,,ളെകുറിച്ച സമ്മതിക്കാതെയിരുന്നത കൊള്ളരുതാത്തകാ
,,ര്യമായിപ്പൊയി എന്ന ഇനിക്കതൊന്നുകയും ചെയ്തു,,

അപ്പഴൊനമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ വില്ലനൊവ
ദെല്ലസ്സാര എന്നദിക്കിൽ ആശ്രമത്തെ സ്ഥാപിപ്പാൻ നി
ശ്ചയിച്ചിട്ട താൻതന്നെ പൊകുവാൻ ആവശ്യമെന്നും ക
ണ്ടു, എന്നാൽ അന്ന കനമായ പല രൊഗങ്ങളാൽ കഷ്ട
പ്പെട്ട നന്നാ ക്ഷിണിച്ചിരുന്നതിനെ കൊണ്ട ഇത്രദീഘയാ
ത്രയ്ക്കു പുറപ്പെടുന്നതിന്ന താമസിക്കുമെന്ന എല്ലാവരും വി
ചാരിച്ചിരുന്നു: എന്നുവരികിലും സൎവെശ്വരനെ പ്രസാദി
പ്പിക്കുന്നതിന്നആയിരംആയുസ്സുകളെ ചിലവഴിപ്പാൻ ആ
സ്ഥമായിരുന്ന നമ്മുടെ വീരപതിയെ താമസിപ്പിച്ചാൻ മ
തിയായില്ല: പിന്നെയൊ ഒട്ടുംതാമസിയാതെ യാത്രയ്ക്കുവ
ട്ടംക്രുട്ടി, എന്നാൽ അവിടെ ക്രുട്ടമായിട്ട ജീവിച്ചിരുന്ന ഒ
മ്പതു സ്ത്രീകളൊട പുണ്യംകൊണ്ട ഒപ്പംനില്പാനുള്ളതിന്നും
അവരെ നമ്മുടെ സഭയുടെ ക്രമങ്ങൾക്കും അനുരൂപിക്കും
ചാൎത്തിക്കുന്നതിന്നും തക്കപുണ്യവും വിവെകവുമുള്ള കന്യാ
സ്ത്രീകളെ തെരിഞ്ഞെടുക്കുന്നതിന്ന വെളിവുകളുടെപിതാ
വായ സൎവെശ്വരനിൽ നിന്ന വെണ്ടിയ വെളിവുണ്ടാകു
വാൻ ഭക്തിയുള്ള ഒരുപ്രദക്ഷിണം ആശ്രമത്തിൽ കഴി
പ്പിക്കയും ചെയ്തു: ഇപ്രകാരമുള്ള പ്രദക്ഷിണവും അതിൽ
ചെയ്യുനമസ്കാരങ്ങളും വ്യൎത്ഥമായിപൊയില്ല: അതെന്തെ
ന്നാൽ തെരിഞ്ഞെടുത്ത കന്യാസ്ത്രീകളുടെ പക്കലുണ്ടായിരുന്ന ശ്രു

ണലക്ഷണങ്ങളിൽ അധികമായിട്ട മറ്റുയാതൊന്നും അ
ഗ്രഹിപ്പാനില്ലാഞ്ഞു, അവരിൽ അന്നാഗുസ്തീഞ്ഞാ ഒന്നാക
ന്നുവെന്നപറഞ്ഞാൽ മതിയായിരിക്കുന്നു. അപ്പൊഴാമെൽ
ചൊല്ലിയതിൻവണ്ണം നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയു
ടെഅവസ്ഥ ഒരടിപൊലും വെപ്പാൻവഹിയാത്തതിൻവ
ണ്ണമായിരുന്നുവെങ്കിലും യാത്രയ്ക്കുപുറപ്പെട്ടു: എന്നാൽ സ
ർവ്വെശ്വരൻതമ്പുരാൻ തന്റെഎപ്രിയമുള്ള ഠരം മണവാട്ടി
യുടെ മനൊധൈര്യത്തെ സമ്മാനിപ്പാൻ തിരുമനസ്സായി
അതെങ്ങനെയെന്നാൽ വഴിയാത്രയിൽ രൊഗങ്ങൾ സ്വ
ഭാവത്താൽ കൂട്ടുകൊണ്ടതായിരിക്കുമ്പൊൾ കൂട്ടത്തില്ല എ
ന്നതന്നെയുമല്ല പിന്നെയൊ ഒരിക്കലും സൌഖ്യംകൂട്ടുണ്ടാ
യിട്ടില്ലാത്തതു പൊലെയുള്ള സൌഖ്യവും ആരൊഗ്യവും
കൊടുത്തരുളിയതെന്നിയെ വിശെഷമായ മനൊഗുണങ്ങ
ളാലും തന്റെവഴിയാത്രയെ ലഘുവാക്കുന്നതിന്ന തിരുമ
നസ്സാകയുംചെയ്തു. കൂടെയുണ്ടായിരുന്ന അന്നാഗുസ്തീഞ്ഞാ
എന്നവാഴ്ത്തപ്പെട്ടവൾ പിന്നത്തെ കാലങ്ങളിൽ അമ്മെ
നെ പുണ്യവാളത്തിയെന്ന പെരുവിളിക്കുന്നതിന്ന ശുദ്ധഃ
പള്ളി കഴിപ്പിച്ച ശൊധനകളിൽ സത്യത്തൊട്ടുകൂടെസാ
ക്ഷിച്ചതുപൊലെ ഒരുരാത്രിയിൽ ചെന്ന വഴിയമ്പലത്തി
ൽ ശുദ്ധമാകപ്പെട്ട അമ്മ കിടന്നമുറിയിൽ മെൽചൊല്ലി
യ അന്നാഗുസ്തീഞ്ഞാ എന്നവാഴ്ത്തപ്പെട്ടവളും പുണ്യവാ
ളത്തിയുടെ വിശ്വാസമുള്ളകൂട്ടുകാരത്തി സൻവത്സുല്യമ്മാ
യുടെ അന്നായും കിടന്നിരുന്നു, എല്ലാവരും ഉറങ്ങിയിരിക്ക
യിൽ സൻവത്സുല്യമ്മായുടെ അന്നാ, അന്നാഗുസ്തീഞ്ഞിനെ
ഉണൎത്തി ആകാശത്തിന്നടുത്ത മെളവാദ്യങ്ങളെ കെൾപ്പാ
ൻ ചെവികൊടുപ്പാൻ പറഞ്ഞു, ഇവൾ ചെവികൊടുത്ത
മഹാ സന്തൊഷമനുഭവിക്കയുംചെയ്തു. ഇത്ര ഇൻപമാ
യിട്ടുള്ള മെള വാദ്യങ്ങൾ എന്തിന്നായിരുന്നുവെന്ന ചൊ
ദിക്കുന്നുവെങ്കിൽ ഠരം വാഴ്ത്തപ്പെട്ടവൾതന്നെ ഉത്തരംപ
റയുന്നു "ആത്മായത വില്ലനൊവ ദെലക്സ്സാര എന്നദിക്കി

,,ൽ ആയാശ്രമത്തെ സ്ഥാപിപ്പാൻ പൊയിരുന്നതിനെ
,,കൊണ്ട നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയ്ക്കു ഉപകാരസ്മ
,,രണയായിട്ട ആ മെള്ളവാദ്ധ്യം കൊണ്ടാടപ്പെട്ടിരുന്നവെ
,,ന്ന സൎവ്വെശ്വരൻ ഞാനറിയുന്നതിന്ന തിരുമനസ്സായി,,
എന്ന വാഴ്ത്തപ്പെട്ട അന്നാഗുസ്തീഞൊ സാക്ഷിച്ചിരിക്കുന്നു.
വിശെഷിച്ച ഠരം വഴിയാത്രയിൽ ഒരൊരു നഗരിവാസി
കൾ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയുടെനെരെ കാണി
ച്ച കൊണ്ടാട്ടത്തിന്നും പക്ഷത്തിന്നും ഭക്തിക്കും അത്ഭുത അ
ടയാളങ്ങളെ വായിക്കുമ്പൊൾ ഇൻപത്തിന്റെ ആധിക്യ
ത്താൽ നമ്മുടെ കണ്ണുകളിൽനിന്ന കണ്ണുനീരൊഴുകുന്നു. ന
മ്മുടെ ശുദ്ധമാകപ്പെട്ട അമ്മയൊടുകൂടെ ഠരംശൊടെ അ
ന്തൊന്ന്യൊ എന്ന വാഴ്ത്തപ്പെട്ടവനും, കൎമ്മലെ സ്ഥാപി
ച്ച കൊവെന്തയുടെ പ്രിയൊരും ഉണ്ടായിരുന്നതുകൊണ്ട
കടക്കുന്ന ദിക്കുകളിൽ ആളുകൾ അവരെ കാണുമ്പൊൾ
അവരൊടു കൂടെ അവയുടെ അടിസ്ഥാനക്കാരത്തിയും അ
മ്മയുമായ ത്രെസ്യമ്മകൂടെയുണ്ടായിരിക്കണം എന്ന ന്യായ
മായിട്ട വിചാരിച്ച വലിയ പൂരുഷാരമായിട്ട വഴികളി
ൽ ചെന്നുകൂടി നമ്മുടെഅമ്മയെ ഞെരുക്കുവാൻ തക്കതിൻ
വണ്ണം അത്ഭുത വളഞ്ഞിരുന്നതിനെകൊണ്ട ഞെരുക്കത്തി
ൽനിന്ന അമ്മെനെരക്ഷിപ്പാൻ തന്റെ പ്രിയപ്പെട്ട മക്ക
ളായ നമ്മുടെ സന്ന്യാസികൾ പലപ്പൊഴും പ്രയാസപ്പെ
ടെണ്ടിവന്നു. പ്രത്യെകം രൊബ്ബെദൊ എന്ന നഗരിയിൽ
ചെന്നപ്പൊൾ കുറെ യാവന അനുഭവിപ്പാൻവെണ്ടി ഒരു
ഭക്തിയുള്ള സ്ത്രീയുടെ വീട്ടിൽ കെറിയിരുന്നു: ആ സമയ
ത്ത ശുദ്ധമാകപ്പെട്ടവളെ കാണ്മാനായിട്ട ചെന്നിരുന്നപൂ
രുഷാരത്തിന്റെ ആധിക്യത്താൽ കാവല്ക്കാരായിട്ട രണ്ട
സെവകന്മാരെ വാതില്ക്കൽ നിറുത്തെണ്ടിവന്നു, എന്നാ
ലും ആ കൂടിയ പൂരുഷാരത്തിന്റെ ഭക്തിയുള്ള ആഗ്രഹം
വെറിട്ടൊരു ഉപായം കണ്ടെത്തി അതായത വാതിൽകൂ
ടെ കടന്നുകെറുന്നതിന്ന പാടില്ലയെന്നുകണ്ടിട്ട വീട്ടിന്റെ

ജ്ഞണെലക്രൂടെ കരെറുകയും ചെയ്തു: ഇതു പൊരാഞ്ഞിട്ടു
നമ്മുടെഅമ്മയ്ക്കു വല്ലയൊഗ്യം വരുത്തിയെക്കുമെന്ന ഭയ
പ്പെട്ടിട്ടു ശെഷംപെക്ക് അടക്കംവരുവാൻവെണ്ടി എത്ര
നംപെരെ പാറാവിലിട്ടുകയും ചെയ്തു· ഒരു നഗരിയിൽ
നിന്ന അടുത്ത നഗരിയിലെക്ക വൎത്തമാനം ഇടിയുടെ ശീ
ഘ്രംപൊലെ പറന്നിരുന്നതിനെക്കൊണ്ടു പുണ്യവാളത്തി
അവിടെ ചെല്ലുന്നതിന്നുമുമ്പിൽതന്നെ എതിരെല്ലാൻ എ
ണ്ണമില്ലാത്ത ആളുകൾ ചെന്ന തനിക്ക സ്തുതിയായിട്ടുള്ള
വാക്യങ്ങൾ ഉറച്ചശബ്ദത്തൊടെ ചൊല്ലിപുകഴ്ത്തിയിരുന്നു;
എന്നാൽ ആ ദിക്കുവാസി കളിൽവെച്ച ഒരുത്തൻ ശുദ്ധ
മാകപ്പെട്ട അമ്മയുടെനെരെ വിശെഷഭക്തിവണക്കവും
കാണിക്കയും ചെയ്തു, അവൻപാൎത്തിരുന്ന ചെറിയനഗരി
യിൽക്രൂടെ അമ്മത്രെസ്യ കടപ്പാനിരുന്നവൎത്തമാനം കെ
ട്ടാറെ അവന്റെ വീട വിധാനിച്ച നല്ലതായിട്ട ഒരു ജ
ന്താർ തയ്യാറാക്കി അവന്റെ ബന്ധുക്കാര സ്നെഹിതന്മാര
മുതലായ അടുത്ത ആളുകളെ അറിയിച്ചു വരുത്തി അവ
നുണ്ടായിരുന്ന ആട്ടമാട്ടുകളൊക്കയും പുണ്യവാളത്തിയെ
കൊണ്ട വാഴ്കൊട്ടപ്പിക്കണമെന്നുവെച്ച അവിടെക്രൂട്ടുക
യും ചെയ്തു: ഇവയെല്ലാം ചട്ടംകെട്ടിയതിന്റെ ശെഷം
വഴിയിൽ ഇറങ്ങി നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയുടെ
വരവിനെ പാൎത്തിരുന്നു, വന്നവുടനെ അവനാൽ കഴി
ഞ്ഞപ്രകാരം അവന്റെ വീട്ടിൽ കെറിയിരിപ്പാൻ നമ്മു
ടെപുണ്യവാളത്തിയെ നിൎബ്ബന്ധിച്ചു: ശുദ്ധമാകപ്പെട്ടവൾ
മഹാ നന്ദിയൊട്ടുക്രൂടെ അവന്റെ നല്ലമനസ്സിനെ കൈ
ക്കൊണ്ടുവെങ്കിലും നടക്കുന്നതിന്ന ശെഷിച്ചിരുന്നവഴിയും
മറ്റും പല ന്യായങ്ങളെ പറഞ്ഞ ഒഴികയും ചെയ്തു: ഭ
ക്തിയുള്ള മാനുഷൻ വീട്ടിൽ കെറുന്നകാൎയ്യം സാധിക്ക
യില്ലയെന്നുകണ്ടാറെ അവനെയും ക്രൂടിയ സംബന്ധക്കാര
രെയും ആട്ടമാട്ടുകളെയും ആശീൎവ്വദിക്ക ണമെന്നും അവ
ൎക്കുവെണ്ടി എല്ലാപ്പൊഴും അപെക്ഷിക്കുമെന്ന വാക്കുകൊ

ക്കണമെന്നും അപെക്ഷിച്ചു. നമ്മുടെ പുണ്യവാളത്തി ര
ണ്ടിനും സമ്മതിച്ച എല്ലാവരെയും ആശംസിപ്പിച്ചിട്ടുമുന്നൊ
ട്ടു നടക്കയും ചെയ്തു.

മെലെഴുതിയ വിവരങ്ങളെല്ലാം നമ്മുടെ ശുദ്ധമാക്ക
പ്പെട്ട അമ്മയ്ക്കു ബഹു സ്തുതിയായിട്ടു തീരുന്നതാകുന്നുവെ
ങ്കിലും താൻ തന്റെ എളിമയാൽ പറഞ്ഞൊപ്പിക്കരുതാ
ത്ത സങ്കടം അനുഭവിച്ചുവെന്നു നാം അറിഞ്ഞിരിക്കുന്നു, എ
ന്നിരിക്കുമ്പൊൾ മെലെഴുതിയ ഭക്തിക്കാരന്റെ നഗരി
യിൽനിന്നു എതാനും നാഴികവഴി നടന്നിട്ടു താൻ വള
രെ സന്തൊഷം അനുഭവിച്ചുവെന്നു ഒരു എതിരെല്പിന്റെ
വൎത്തമാനം ഇവിടെ എഴുതുവാൽ ന്യായമായിരിക്കുന്നു അ
തെന്തെന്നാൽ മെൽചൊല്ലിയ നഗരിയിൽനിന്നു പുറപ്പെ
ട്ടു കത്രൊന എന്നുവാക്കപ്പെട്ട തപസ്വിനി സ്ഥാപിച്ചിരു
ന്ന കൊവെന്തയിൽ പാൎത്തിരുന്ന തന്റെ പ്രിയപ്പെട്ട മ
ക്കൾ അമ്മയുടെ വരവറിഞ്ഞു പ്രദക്ഷണമായിട്ടു പുറപ്പെ
ട്ടു എതിരെല്പാൻ പൊകയുംചെയ്തു: തമ്മിൽ എതൃത്തസ്ഥ
ലത്തു മാലാഖമാൎക്കു കൂടെയും സന്തൊഷം തൊന്നുവാൻ
തക്കപുണ്യതക്കുമുണ്ടായി അതായതു മക്കൾ അമ്മയുടെ മു
മ്പാകെ മുട്ടുകുത്തി ആശീൎവ്വാദം അപെക്ഷിച്ചിരുന്നു, എളി
മ പ്രവൃത്തികളിൽ എല്ലാവരെയും ജയിക്കുന്നവളായ ന
മ്മുടെ അമ്മ മക്കളൊടും അപെക്ഷിച്ചിരുന്നു: ഇങ്ങിനെ ശു
ദ്ധമാക്കപ്പെട്ട തക്കം അവരവരുടെ അപെക്ഷ നിറവെ
റ്റിക്കൊണ്ടു തീൎന്നതിന്റെ ശെഷം ശുദ്ധമാക്കപ്പെട്ട അമ്മെ
നെ പള്ളിയിൽ കൂട്ടികൊണ്ടുപൊകയും ചെയ്തു.

ആ സമയത്തു നമ്മുടെ ശുദ്ധമാക്കപ്പെട്ടവൾ അനുഭ
വിച്ച മനൊതുഷ്ടിയും തൃപ്തിയും തന്റെ വായിൽ നിന്നു
നാം കെൾക്ക "നമ്മുടെ സന്യാസികൾ എതിരെല്പാൻ വ
"ന്നു: അവരു ചെരിപ്പിടാതെ നടന്നിരുന്നതുകൊണ്ടും കന്ന
"മ്പിള്ള ലാക്കകൊണ്ടുള്ള വെള്ളക്കാപ്പ ഇട്ടിരുന്നതുകൊണ്ടും
"നമുക്കെല്ലാവൎക്കും മഹാഭക്തിതൊന്നി, പ്രത്യെകം ഞ

,,ൻ നമ്മുടെ ശുദ്ധമാകപ്പെട്ട ബാവാന്മാരുടെ ജ്ഞാനപു
,,ഷ്പക്കാലത്തി ലായിരിക്കുന്നുവെന്ന ഇനിക്ക തൊന്നിയിരു
,,ന്നതുകൊണ്ട മഹാത്മലിവും ഭക്തിയും തൊന്നുകയുഞ്ചെ
,,യ്തു. ആ വനവാസത്തിൽ ആ സന്ന്യാസികൾ എത്രയും
,,പരിമളമുള്ള വെള്ളപുഷ്പങ്ങൾ ആകുന്നുവെന്ന ഇനിക്ക
,,തൊന്നിയിരുന്നു; സൎവ്വെശ്വരന്റെ തിരുമുമ്പാകെ പട്ടാ
,,ങ്ങയായിട്ട പരിമളമുള്ള പുഷ്പങ്ങൾതന്നെ ആകുന്നുവെ
,,ന്ന ഞാൻ വിശ്വസിക്കുന്നു. അതെന്തെന്നാ അവിടെ സൎവ്വെ
,,ശ്വരന്ന പട്ടാങ്ങയുള്ള ചിററാഴ്മ ചെയ്യുന്നുവെന്നഇനിക്ക
,,തൊന്നുന്നു. തപസ്സികൾക്കുത്ത സ്വരങ്ങളൊട്ടുക്രൂടെ തെ
,,ദെവും എന്ന ദൈവസ്തുതി പാടിക്കൊണ്ട പള്ളിയിൽ
,,പ്രവെശിക്കയുംചെയ്തു. പള്ളിയുടെവാതിൽ നമ്മുടെപി
,,താവായ എലീയാസെന്ന ദീൎഘദൎശിയുടെ ഗുഹ തൊന്നു
,,വാൻ തക്കപ്രകാരത്തിൽ ഭൂമിയുടെ താഴെയുള്ള ഒരു ഗു
,,ഹയിൽക്രൂടെയാകുന്നു, അവിടെ എത്തുന്നതിന്ന നാം ന
,,ടന്ന വഴിയുള്ളതിൽ എത്രയെ അധികം ദീൎഘമുള്ളതാ
,,യിരുന്നു എന്നുവെച്ചാലും ആ നടപ്പ നന്നായിട്ട ചിലവ
,,ഴിച്ചതാകുന്നുവെന്ന ഞാൻവിചാരിച്ചെന്നെ ഇത്ര എററി
,,ക്കപ്പെട്ട മനൊതെളിവും ജ്ഞാനസന്തുഷ്ടിയും ഞാൻ അ
,,നുഭവിച്ചിരുന്നു എന്നുവരികിലും ആ കൊവെന്ത പണി
,,യിപ്പിക്കുന്നതിന്നുകരുവായിട്ട സൎവ്വെശ്വരൻ പ്രയൊഗിച്ചു
,,വെന്ന ശുദ്ധമാകപ്പെട്ട കത്ത്രീന മരിച്ചിരുന്നതിന്നെകൊ
,,ണ്ട വളരെ സങ്കടം തൊന്നി അവരെ കാണ്മാൻ ഞാൻ
,,വളരെ ആഗ്രഹിച്ചിരുന്നു വെങ്കിലും അതിന്നുഞാൻ പാ
,,ത്രമായി,ല്ല,

നമ്മുടെശുദ്ധമാകപ്പെട്ട അമ്മ കത്തരീന കത്ത്രീന ജീ
വിച്ചിരിക്കുമ്പൊൾ കാണാഞ്ഞതുകൊണ്ട സങ്കടംപറയുന്നു
എന്നാൽ മെല്പറഞ്ഞ പള്ളിയിൽ അതായത കത്ത്രീനയെ
ന്ന വാഴ്ത്തപ്പെട്ടവളുടെ ഭയംകരമായ തപസ്സിന്റെ സാ
ക്ഷിയായിരുന്ന ആ സ്ഥലത്തിൽവെച്ച നമ്മുടെ പുണ്യവാ

ളൂത്തി അവരെ മൊക്ഷവാസിയായിട്ട കാണുകയുംചെയ്തു:
ശുദ്ധമാകപ്പെട്ടവളുടെ വചനങ്ങളാകുന്നതെന്തെന്നാൽ.
"ആ ശുദ്ധമാകപ്പെട്ട പള്ളിയിൽ വെച്ച ഒരുദിവസം
,,ഞാൻ ശുദ്ധ— കുർബാന കൈക്കൊണ്ടു കഴിഞ്ഞപ്പൊൾ
,,പഞ്ചെന്ദ്ര്യങ്ങൾ മയങ്ങുവാൻതക്കവണ്ണം ഒരു ഉള്ളിന്ന
,,ടുത്ത അടക്കവും പരവശവും ഇനിക്കുണ്ടായി: ൟ ശു
,,ദ്ധമാകപ്പെട്ട സ്ത്രീ മൊക്ഷപ്പെട്ട ശരീരത്തൊടു എത്ര
,,നം മാലാഖാമാരെ തന്നൊടുകൂടെ കൂട്ടിക്കൊണ്ടും ഇ
,,നിക്ക കാണപ്പെട്ടു: എന്റെ ആശ്രമങ്ങളെ പെരുക്കു
,,ന്നതിന്ന പ്രയാസപ്പെടണമെന്ന എന്നൊടു പറകയുംചെ
,,യ്തു. തിരിച്ച എന്നൊടറിയിച്ചില്ലയെങ്കിലും തന്റെമദ്ധ്യ
,,സ്ഥംകൊണ്ടും അപെക്ഷകൾകൊണ്ടും തമ്പുരാന്റെപ
,,ക്കൽ എന്നെ സഹായിച്ചിരുന്നുവെന്ന ഇനിക്ക തിരിഞ്ഞു.
,,ഇതുകൂടാതെ വെറിട്ടൊരു കാര്യം എന്നൊടു പറഞ്ഞു,
,,ആയത ഇവിടെഎഴുതുവാൻ ആവശ്യമില്ല,,
,,ൟ കാഴ്ചയാൽ വളരെആശ്വാസം ഞാൻ പ്രാപി
,,ച്ചുകൂടാതെ ദൈവസ്തുതിക്കായിട്ട വെലചെയ്യാൻ വ
,,ലിയ ആഗ്രഹവും ഇനിക്കുണ്ടാകയും ചെയ്തു. ൟ ശുദ്ധ
,,മാകപ്പെട്ടവളുടെ അപെക്ഷകൾ എന്ന ൟ നല്ല സ
,,ഹായംകൊണ്ട സർവ്വെശ്വരന്റെ ചിററൊഴ്മയ്ക്കായിട്ട എ
,,താനുമൊക്കയും ചെയ്വാൻ ഞാൻവശമാകുമെന്ന തമ്പു
,,രാന്റെ മനൊഗുണത്തിന്മെൽ ഞാൻ ശരണപ്പെടുന്നു.
,,എന്റെമക്കളെ! ഇതാ അവരുടെ ബുദ്ധിമുട്ടുകളും തപ
,,സ്സുകളും എത്രവെഗത്തിൽകഴിഞ്ഞു, അവരിപ്പൊൾ അ
,,നുഭവിക്കുന്ന മൊക്ഷഭാഗ്യം എന്നന്നെക്കും നില നില്ക്കു
,,യുംചെയ്യും അപ്പഴൊ അവരുചെയ്തുപൊലെ നാമും
,,തന്നെത്താൻ നിന്ദിച്ച ൟ നമ്മുടെകൂടപ്പിറപ്പിന്റെ പി
,,ന്നടിയിൽ നടപ്പാൻ തമ്പുരാന്റെസ്നെഹത്തെപ്രതി നാം
,,പ്രയാസപ്പെടുകയും വെണം: നമ്മുടെദിവസവും വെ
,,ഗം കഴിയും അതെന്തെ സകലവും ശീഘ്രമായിട്ട പറ

,,ന്നഴിഞ്ഞു പൊകുന്നു,, ആ സ്ഥലത്തിൽ നമ്മുടെ പുണ്യവാളത്തി തന്റെ കന്യാസ്ത്രീകളൊടുകൂടെ മൂന്നു ദിവസം താമസിച്ചു, ആ ദിവസങ്ങളിൽ തന്റെ ആത്മാവിൽ സംഭവിച്ചത സർവ്വെശ്വരനു മാത്രം അറിയാം ഇത്ര മഹാ പുണ്യപതിയായിരുന്ന താൻ അവിടെ സ്ത്രീവർഗ്ഗത്തിലുള്ളതിൽ ഒരുമഹാമാടമ്പിസ്ത്രീ എറിയ സംവത്സരത്തെക്ക തനിച്ചു ജീവിച്ച എത്രയും ഭയംകരമായ തപസ്സുകളെ ചെയ്തുവെന്നുള്ള വിചാരത്താലും താൻജനിച്ച വളരെ സ്നെഹിച്ചിരുന്ന ജ്ഞാന മക്കളായ ആ വനവാസികളുടെ പുണ്യവും താൻ അവിടെ ചെന്നതുകൊണ്ട അവൎക്കുണ്ടായിരുന്ന സന്തൊഷവും തന്നെ സന്ധിക്കുന്നതിന്ന കാണിച്ച വിശെഷ ഉപവിയും താല്പൎയ്യവും കണ്ടതിനാലും തന്റെ ആത്മാവനുഭവിച്ചിരുന്ന ആനന്ദവും ആ ശങ്കിൽ കത്തിയിരുന്ന ദൈവസ്നെഹാഗ്നി വീശിയ ജ്വാലകളുടെ അവസ്ഥയും പറഞ്ഞറിയിപ്പാൻ വശമുള്ളവനാര! എന്നാൽ വില്ലനൊവ ദെല്ലക്രൂസ്സാര എന്നനഗരിയിൽ എല്ലാം തയ്യാറായിരിക്കുന്നവിവരംഅറിഞ്ഞയാത്രയ്ക്കുപുറപ്പെടുന്നതിന്ന വട്ടംകൂട്ടി തന്റെ പ്രിയപ്പെട്ട സന്യാസികൾ കൊടുത്ത പള്ളിക്കടുത്ത ചിലകൂട്ടങ്ങളെയും ഉണ്ണിമിശിഹായുടെ ഒരുരൂപവും മഹാസന്തൊഷത്തൊടും നന്ദിയൊടുംകൂടെ കൈക്കൊണ്ടു യാത്രപുറപ്പെട്ടു: ആ നഗരിക്കാര മഹാഘൊഷമായിട്ടുള്ള പ്രദക്ഷിണം ചെയ്വാൻ ഭാവിച്ചിരുന്നതിനെകൊണ്ട പുണ്യവാളത്തി നഗരിക്കു സമീപിച്ചപ്പൊൾ അതിന്നുവട്ടംകൂട്ടി വരുന്നതിന്ന പുണ്യവാളത്തി നഗരിക്കുപുറത്തമിക്കായെൽ മൊൻദെജാർ എന്ന ആൾക്ക ഉണ്ടായിരുന്ന ഒരുവീട്ടിൽ കെറി കുറെനെരം താമസിക്കെണ്ടിവന്നു, അതിന്നിടയിൽ സർവ്വെശ്വരൻതനിക്ക ധാരാളമായിട്ട നൽകിയിരുന്ന നിർവ്യസുഖത്തിന്റെ അരൂപിയുടെ ഉചിതമായ ഒരു ദൃഷ്ടാന്തം കാട്ടിതരികയും ചെയ്തു: അതെങ്ങനെയെന്നാൽ മെദ്രു. ഉച്ചാല്ലിയ മൊൻദെജാർ എന്ന ദെഹത്തിന്റെ മൂന്നു

ർപ്പണക്കൾ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയൊട്ടു ആരമ
തെളിവൊട്ടുകൂടെ സംസാരിച്ചിരിക്കയിൽ പുണ്യവാളത്തി
അവരെ മൂവരെയും സന്തൊഷത്തൊട്ടുകൂടെ നൊക്കി താ
ൻ സ്ഥാപിപ്പാൻ പൊകുന്ന ആശ്രമത്തിൽ തക്ക കാലം
വരുമ്പൊൾ അവരുമൂവരുംകൂടി പറഞ്ഞൊപ്പുചെയ്യുമെ
ന്ന നിവ്യസുഖമായിട്ട പറഞ്ഞ വചനം അപ്പൊൾ കെ
ൾക്കകൊണ്ട ഉടനെ മൂത്തതിനെ കുറിച്ചായിരിക്കുമെല്ലൊ
അമ്മത്രെസ്യ ഇതുപറയുന്നത എന്നചൊദിച്ചതിന്ന പുണ്യ
വാളത്തി "മൂത്തതുതന്നെയൊ? ഞാൻപറഞ്ഞതുപൊലെ
"മൂവരും ഇതു നിറവെററും ഇതിന്മെൽ സംശയിക്കുന്നതി
"ന്ന ഇടയില്ല" എന്നപറഞ്ഞ മുമ്പിലത്തെ ദീൎഘദൎശനവ
ചനങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്തു. ആയതിന്ന തക്ക
തിൻവണ്ണം മൂത്തത അഞ്ചുവൎഷം കഴിഞ്ഞപ്പൊൾ കൂടിപ
റഞ്ഞൊപ്പു ചെയ്തുവുടനെ നടുവിലത്തവൾ കൂട്ടുകയും ൧
വൎഷം കഴിഞ്ഞപ്പൊൾ ഇളയത കൂട്ടുകയും ചെയ്തു.) എ
ന്നാൽ പ്രദക്ഷണത്തിന്ന വെണ്ടിയിരുന്നതെല്ലാം ആസ്ഥ
മായപ്പൊൾ ആ നഗരിയുടെ വിഗാരിയും പ്രമാണപ്പെട്ട
വരും പുണ്യവാളത്തിയെ എതിരെല്പാൻ ചെന്നു, വണ്ടി
യുടെ അരികിൽ ചെന്ന വണക്കത്തെകുറിച്ച എല്ലാവരും
മുട്ടുകുത്തി ആചാരം ചെയ്തതിന്റെശെഷം ഇടവക പ
ള്ളിയിലെക്ക കൂട്ടികൊണ്ടുപൊകയും ചെയ്തു. ആ വിവ
രം എല്ലാം നമ്മുടെ പുണ്യവാളത്തി എഴുതിയറിയിച്ചിരി
ക്കുന്നു അതെന്തെന്നാൽ "ആ നഗരിവാസികൾ എന്തൊ
"രുസന്തൊഷത്തൊടുകൂടെ കന്യാസ്ത്രീമാതാവിന്റെ സ
"ഭയെ കൈക്കൊള്ളുന്നുവെന്നഞാൻകണ്ട വളരെ ആശ്വാ
"സവും മനൊതെളിവും ഇനിക്കുണ്ടായി ഇത്രവലിയതാ
"യിരുന്ന ആ ജെനങ്ങളുടെ എല്ലാവരുടെ സന്തൊഷം
"ആഘൊഷമായിട്ട കൊട്ടിയിരുന്ന മണികൾ ദൂരത്തുനി
"ന്ന കെൾക്കപ്പെട്ടിരുന്നു, അവര തെദൈവം എന്ന ദൈ
"വസ്തുതിപാടിയിരുന്നു: ഇതുകഴിഞ്ഞപ്പൊൾ ശുദ്ധ- ക്കു

„ബ്ബാനയും മററും ആസ്ഥമായിരുന്നതിനെ കൊണ്ട ആ
„ശ്രമം സ്ഥാപിക്കെണ്ടുന്നതിന്ന നിശ്ചയിച്ചിരുന്ന അന്നാ
„ഉമ്മായുടെ ചെറിയ പള്ളിയിലൊട്ട മഹാ അടക്കത്തൊ
„ടും എത്രയും ചെലുള്ള ക്രമത്തൊടും കൂടെ പ്രദക്ഷിണം
„പുറപ്പെട്ടു, നാം നമ്മുടെ വെള്ളകാപ്പ ഇട്ടും മുഖത്തെമൂ
„ടുന്ന മുക്കാടിനെ താഴ്ത്തികൊണ്ടും നടുവിൽ ശുദ്ധ· – കു
„ർബ്ബാനയുടെ അരികിൽ നടന്നിരുന്നു: നമ്മുടെ പുറകിൽ
„(മെൽചൊല്ലിയ) കൊവെന്തയിൽനിന്ന നല്ലഎണ്ണത്തി
„ൽ വന്നിരുന്ന നമ്മുടെ ദെസ്കാൽസു സന്ന്യാസികൾ വ
„ന്നിരുന്നു: ആ നഗരിയിൽ മാർ പ്രൻസീസ്കൊസിന്റെ ഒ
„രുകൊവെന്തയുണ്ടായിരുന്നതിനാൽ ആ സന്ന്യാസികളും
„അവരൊട്ടുകൂടെ അസംഗതിയായിട്ട അവിടെ വന്നിരു
„ന്ന ദൊമ്മിനിക്കൊസുപുണ്ന്യവാളന്റെ ഒരുസന്ന്യാസിയു
„മുണ്ടായിരുന്നു, അയാൾ എകനൊരുത്തനായിരുന്നുവെം
„കിലും ആ ദിക്കിൽ ആ ശുദ്ധമാക്കപ്പെട്ട ഉടുപ്പ ഞാൻകു
„ണ്ടതിനാൽ വളരെ സന്തൊഷം ഞാൻ അനുഭവിക്കയു
„ഞ്ചെയ്തു· വഴി ദൂരമായിരുന്നതുകൊണ്ട വഴിമദ്ധ്യെ പല
„ത്രൊണൊസുകൾസ്ഥാപിച്ചിട്ടുണ്ടായിരുന്നു, ഇടയ്ക്കു ആ
„ത്രൊണൊസുകളിൽ അല്പ താമസം ചെയ്കയിൽ നമ്മു
„ടെ സഭയുടെ സ്തുതിക്കായിട്ട ചില നല്ല പാട്ടുകൾ പാ
„ടിയിരുന്നു: കൂടെയുണ്ടായിരുന്ന എകരപ്പെട്ട സർവെശ്വര
„നെ സ്തുതിക്കുന്നതിനെയും തന്റെസ്നെഹത്തെപ്രതി അ
„വിടെ യുണ്ടായിരുന്ന എഴ പാവപ്പെട്ട ദെസ്കാൽസു ക
„ന്ന്യാസ്ത്രീകളെ ഇത്ര കാർയ്യമായിട്ട വിചാരിക്കുന്നുവെന്നു
„ള്ളതിനെയും ഞങ്ങൾകണ്ട വളരെ ഭക്തി തൊന്നിയിരു
„ന്നു: എന്നാൽ ആ സമയത്തുതന്നെ ഞാൻ വളരെ നാ
„ണിച്ച എന്റെയൊഗ്യതകൾക്ക തക്കതിൻവണ്ണം അവ
„ര പ്രവൃത്തിച്ചാൽ എല്ലാവരും എന്നൊടമറുതലിക്കവെ
„ണ്ടിയിരുന്നു എന്ന ഞാൻ വിചാരിച്ചിരുന്നു· കൂടപ്പിറപ്പുക
„ളെ! നിങ്ങൾ തമ്പുരാനെസ്തുതിക്കുന്നതിന്നും, ംരം ആശ്ര

,,മംകൊണ്ട തനിക്കസ്സുതിയുണ്ടാകുവാൻ നിങ്ങൾ അപെ
,,ക്ഷിക്കുന്നതിന്നുംവെണ്ടി കന്ന്യാസ്ത്രീ മാതാവിന്റെ ഉച്ചപ്പി
,,ന്ന ചെയ്യപ്പെട്ട ൰ ബഹുമാനവും വണക്കവും അറിയി
,,പ്പാൻ ദീൎഘമായ ൰ വിവരം ഞാൻ എഴുതി: അതെ
,,ന്തെ ആശ്രമങ്ങളെ സ്ഥാപിക്കുന്നതിന്ന ഞാൻ വലിയ
,,ഞെരുക്കങ്ങളെയും സങ്കടങ്ങളെയും വിരൊധങ്ങളെയും
,,അനുഭവിക്കുമ്പൊൾ എറ്റം വലിയ തൃപ്തി ഇനിക്കുണ്ടാ
,,കുന്നതുകൂടാതെ അതിന്റെ വിവരങ്ങളെ എറ്റം നല്ല
,,മനസ്സായിട്ട എഴുതി നിങ്ങളൊട അറിയിക്കയുമെചെയ്യുന്നു.

,,മെലെഴുതിയ വില്ലനൊവ ദെല്ലസ്സാര എന്നദിക്കിൽ
,,൧൫൮൦ാം കാലം കുംഭമാസം ൨൧ാം തിയ്യതി വലിയ
,,നൊയമ്പിന്റെ ഒന്നാം ഞായറാഴ്ച ഞങ്ങൾ എഴുതുക
,,യും ചെയ്തു,,

നമ്മുടെ എത്രയും എളിമയുള്ള ശുദ്ധമാക്കപ്പെട്ട അമ്മ
പുറമെ അവരൊട ചെയ്യപ്പെട്ട ബഹുമാനവും കൎമ്മങ്ങളു
ടെ ആഘൊഷവും വിവരമായിട്ട എഴുതിയെങ്കിലും ൰
ശൊമിശിഹാ തന്നൊടുചെയ്തു പ്രത്യെകമുള്ളഘൊഷം ത
ന്റെ എളിമയാൽ മറെക്കയും ചെയ്തു. എന്നാൽ അന്നാ
ഇസ്സ്കീഞ്ഞൊ എന്ന കീൎത്തിപെട്ട വാഴ്ത്തപ്പെട്ടവൾ സത്യ
ത്തൊടുകൂടെ സാക്ഷിക്കയും ചെയ്തു: അതായത "പ്രദക്ഷി
,,ണനെരത്ത നമ്മുടെ സന്ന്യാസികളുടെ കൊവെന്തയിൽ
,,നിന്ന തന്നിരുന്ന ഉണ്ണിമിശിഹായുടെ രൂപത്തിന്ന തുല്യ
,,മായിട്ടുള്ള ഒരു ഉണ്ണിമിശിഹാ ശുദ്ധ- കുൎബ്ബാനയിൽ നി
,,ന്ന പുറപ്പെട്ട മഹാസന്തൊഷം കാട്ടി ആയാശ്രമം സ്ഥാ
,,പിക്കുന്നകാൎയ്യം തനിക്ക ബഹു ഇഷ്ടമുള്ള താകുന്നുവെന്ന
,,കാണിച്ചിരുന്നുവെന്ന തൊന്നുന്നു: ആയത നമ്മുടെ ശുദ്ധ
,,മാക്കപ്പെട്ട അമ്മയുടെനെരെ നടന്നിരുന്നു, ഞങ്ങൾ ആ
,,ശ്രമത്തിൽ പ്രവെശിക്കുന്നതുവരെ തന്റെആശീൎവാദ
,,കൂടക്കൂടെ തന്നിരുന്നതിനെ ഞാൻ കണ്ടു, അവിടെ പ്ര
,,വെശിച്ചവുടനെ കാണാതായിപൊകയും ചെയ്തു,, എ

ന്നാൽ ഠരം ആശ്രമം അവിടെ സ്ഥാപിപ്പാൻ കാരണ മായ സൎവ്വെശ്വരന്റെ ഒമ്പതു ചിററാഴ്മക്കാരത്തികൾ അവരുടെ എരിവുള്ള ആഗ്രഹങ്ങളെ നിറവെററുന്നതിന്നതെരം അടുത്തുവെന്നുകണ്ട പാവപ്പെട്ട അവരുടെ ഭവനത്തിന്റെ വാതിലിന്റെ പുറകിൽ നിന്നുകൊണ്ട ശുദ്ധമാകപ്പെട്ട അമ്മയും ശെഷംകന്ന്യാസ്ത്രീകളും പള്ളിയിൽനിന്ന അകത്തൊട്ട പൂകുന്നതിന്ന പാൎത്തിരുന്നു: എന്നാൽ ഇതാ ശുദ്ധമാകപ്പെട്ടവളും ശെഷംപെരും പ്രവെശിക്കുന്നു അവര ഒമ്പതു പെരും സന്തൊഷത്തിന്റെ അധിക്യത്താൽ കണ്ണുനീരുകളെ ചിന്തികൊണ്ടു പുണ്ണ്യവാളത്തിയുടെ കാൽപാദത്തുങ്കൽ വീഴുകയും ചെയ്യുന്നു: ശുദ്ധമാകപ്പെട്ട അമ്മ എല്ലാവരെയും സന്തൊഷത്തൊടുകൂടെ തഴുകി താമസംകൂടാതെ അവരുടെ ആഗ്രഹങ്ങളെ പൂൎത്തിവരുത്തുകയും ചെയ്തു. അതായത ആ ഞായറാഴ്ച്ചയുടെ ശെഷമുള്ള വ്യാഴാഴ്ച്ച കുംഭമാസം ൨൪ തിയ്യതി കൎമ്മെലീത്ത ഉടുപ്പ ഘൊഷത്തൊടുകൂടെ കൊടുത്ത മുറയ്ക്കു തന്റെ പുതുകന്ന്യാസ്ത്രീകളായിട്ട കൂട്ടി കൈക്കൊള്ളുകയും ചെയ്തു. അന്നും എറിയ പുരുഷാരവും കൂടി നമ്മുടെ ഠരംശൊടെ അന്തൊന്ന്യൊ എന്ന വാഴ്ത്തപ്പെട്ട കിളവൻ പ്രസംഗിക്കയും ചെയ്തു. ആ ഒമ്പതുപെരുടെ വിശെഷ പുണ്ണ്യങ്ങളെയും നമ്മുടെ ക്രമത്തിന്ന വഴങ്ങുന്നതിന്നുള്ള എളുപ്പവും എല്ലാററിൻമെൽ അവൎക്കുണ്ടായിരുന്ന താല്പൎയ്യവും എളിമയും നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയും ശെഷം കന്ന്യാസ്ത്രീകളും കണ്ട സൎവ്വെശ്വരനെ വളരെ സ്തുതിച്ചിരുന്നു.

നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ അവരുടെ ദാരിദ്ര്യവും വീട്ടിന്റെ ഞെരുക്കവും കാണുമ്പൊൾ അവരെ വിട്ടെച്ചുപൊകുമൊ എന്ന അവൾക്ക ഒരു ഭയമുണ്ടായിരുന്നു. എന്നാൽ ദാരിദ്ര്യത്തിന്റെയും ഞെരുക്കം മുതലായ പാട്ടുകളുടെയും മഹാ സ്നെഹക്കാരത്തിയായിരുന്ന നമ്മുടെ വീരപതിയുടെ ഹൃദയത്തിൽ ഇപ്രകാരമുള്ള വിചാരം തൊ

ണവാൻ അസാദ്ധ്യം: പുണ്യവാളത്തി അവരെ ധൈൎയ്യ
പ്പെടുത്തി ആശ്വസിപ്പിച്ചിട്ട ആ ചെറിയഭവനത്തെ ആശ്ര
മഭാഷയാക്കുന്നതിന്ന വിചാരപ്പെട്ടുകയും ചെയ്തു. അവര
നമ്മുടെ പുണ്യവാളത്തി അവിടെ ചെല്ലുന്നതിന്നുമുമ്പിൽ
അനുസരിച്ചിരുന്ന ജീവിതക്രമം നമ്മുടെ ശുദ്ധമാകപ്പെട്ട
വൾ എഴുതി അറിയിച്ചിരിക്കുന്നു അതാകുന്നതെന്തെന്നാൽ
,,അവരിൽയാതൊരുത്തിയും ശ്രെഷ്ഠത്തിയായി പ്രമാണി
,,ക്കാതെ എല്ലാവരും അവരവരുടെ വശത്തിന്നു തക്കതി
,,ൻവണ്ണം വലിയ എളിമയൊടുകൂടെ വെല ചെയ്തിരു
,,ന്നു, അവരിൽ എററം പ്രായംചെന്ന രണ്ടുപെര ആവ
,,ശ്യമുള്ള കാൎയ്യങ്ങളെ അന്വെഷിച്ച പുറമെയുള്ള ആളു
,,കളൊട ദിക്കുതിപൊലെ സംസാരിച്ചിരുന്നു, ശെഷമുള്ള
,,വര ഒരിക്കലും യാതൊരുത്തനൊട മിണ്ടാതെ മിണ്ടടക്ക
,,വും എകാന്തവും കാത്തിരുന്നു. ഉപജീവനത്തിന്ന ആവ
,,ശ്യമുള്ളതിനെ ലഭിപ്പാനും ധ്യാനത്തെ മുടക്കാതെയിരി
,,പ്പാനും ഉറക്കത്തെ കുറച്ചുവന്നിരുന്നു. ധ്യാനത്തിന്ന അനു
,,ദിനമായി പലമണിനെരവും, കടമുള്ളദിവസങ്ങൾ മു
,,ഴുവനും ചിലവഴിച്ചു വന്നിരുന്നു. ധ്യാനത്തിന്ന ലുവിസു
,,ദെഗ്രനാത്ത എന്നദെഹത്തിന്റെ പുസ്തകവും പത്രൊസു
,,ദൽക്കാന്തര എന്ന അച്ചന്റെ പുസ്തകവും പെരുമാറി
,,വന്നിരുന്നു. വായിപ്പാൻ കുറെ പഠിച്ചിട്ടുണ്ടായിരുന്നൊ
,,ള്ളു, അവരിൽ ഒരുത്തിക്കുമാത്രം വായനയ്ക്കു നല്ല വശ
,,മുണ്ടായിരുന്നു: ഇതുഹെതുവായിട്ട അവരുടെനെരം എ
,,റിയ കൂറും കാനൊനനമസ്കാരം എത്തിക്കുന്നതിന്ന ചി
,,ലവഴിച്ചിരുന്നു: ആയതും പഴെയ നമസ്കാരപുസ്തകങ്ങ
,,ൾ കൊണ്ടായിരുന്നു: അതായത, ചില പട്ടക്കാര ത്രെ
,,ന്തൊസു സൂന്നഹദൊസിന്ന മുമ്പു പെരുമാറി വന്ന നമ
,,സ്കാരം പുസ്തകങ്ങൾ പെരുമാററമില്ലാതായി പൊയതു
,,കൊണ്ട അവൎക്ക കൊടുത്തു വായിപ്പാൻ നല്ലവശമില്ലാ
,,ഞ്ഞതുകൊണ്ട എറിയമണിനെരം അതിന്ന ചിലവഴിച്ചു

,,വളരെ പിണക്കങ്ങൾ ചൊല്ലിയിരുന്നവെന്ന തൊന്നുന്നു
,,എന്നു തന്നെയുമല്ല പിന്നെയൊ കാനൊനാ നമസ്കാരവു
,,ക്രമപ്പെടുത്തുവാൻ അറിയാമെലാഞ്ഞിട്ടു ക്രമത്തിലുംപ
,,ല തെറ്റുകളും ചെയ്തിരുന്നു. എന്നാൽ സൎവ്വെശ്വരൻ
,,അവരുടെ നല്ലമനസ്സും ബുദ്ധിമുട്ടും കൈക്കൊണ്ടിരുന്നു;
,,പുറമെയുള്ളവരിൽനിന്നു കെൾക്കപ്പെടുവാൻ വഹിയാ
,,ത്ത ഒരു മുറിയിൽ അതിനെ എത്തിച്ചിരുന്നു എന്നുള്ള ഗു
,,ണമുണ്ടായിരുന്നു. നമ്മുടെ ഠരംശൊടെ അന്തൊന്ന്യൊ
,,എന്നദ്ദെഹം അവരുടെ ഓത്ത കെട്ടു അവരൊടു പെരു
,,മാറുവാൻ തുടങ്ങിയാറെ വലിയകാനൊനാ നമസ്കാരം
,,വിട്ടെച്ച മാതാവിന്റെ ചെറിയ ഒപ്പീസ മാത്രം എത്തി
,,പ്പാൻ ചട്ടംകെട്ടിട്ടുണ്ടായിരുന്നു. എന്നാൽ സകലവും ഒ
,,രു ശ്രെഷ്ടത്തി നടത്തിയിരുന്നാൽ പൊലെയുള്ള ക്രമ
,,ത്തൊടു കൂടെ അവരുടെ യിടയിൽ നടന്നിരുന്നു. ഇവ
,,യെല്ലാംകണ്ടാറെ സൎവ്വെശ്വരനെ വാഴ്ത്തുവാൻ ഇനിക്കു
,,ഒരുതരമായി അവരൊടു എത്രഅധികം പെരുമാറിവ
,,ന്നൊ അവിടെ ചെന്നതുകൊണ്ടു അത്രെഅധികമായിട്ടു
,,ള്ള സന്തൊഷം ഞാൻ അനുഭവിച്ചിരുന്നു. അവിടെ താ
,,മസിച്ച എന്റെ കൂട്ടുകാരത്തികൾ കുറെ ദിവസത്തെക്കു
,,അല്പ സങ്കടംപൊലെ അനുഭവിച്ചിരുന്നവെന്ന എന്നൊ
,,ടു പറഞ്ഞിരുന്നു; എന്നാൽ ആ ഒമ്പതുപെരെ വെണ്ടുംവ
,,ണ്ണം അറിഞ്ഞ അവരുടെ വലിയപുണ്യത്തെ ഗ്രഹിച്ചതി
,,ന്റെശെഷം മഹാ സന്തൊഷത്തൊടു കൂടെ അവിടെ
,,പാൎത്ത അവരെ വളരെ സ്നെഹിച്ചിരുന്നു.

,,ഹൊ! പുണ്യവും പുണ്യസുഖവും എത്രയൊ ശക്തി
,,യുള്ളതാകുന്നു. വിശെഷിച്ച എന്റെ കൂട്ടുകാരത്തികൾ
,,വിഷമങ്ങളും ബുദ്ധിമുട്ടുകളും ഞെരുക്കങ്ങളും എത്ര വ
,,ലിയതായിരുന്നാലും അതിന്നുഭയപ്പെടാതെ സൎവ്വെശ്വര
,,ന്റെ സഹായത്താൽ അവയൊക്കയും നല്ലതിൻവണ്ണം
,,സഹിപ്പാൻ തക്കവരായിരുന്നു. സൎവ്വെശ്വരന്റെചിറവു

,,ഴയ്ക്കായിട്ട വളരെ പാടുപെടുവാൻ അവരാഗ്രഹിച്ചിരു
,,ന്നു. ഠരം ആഗ്രഹം തന്നിലില്ലാത്ത കന്ന്യാസ്ത്രീ പട്ടാങ്ങ
,,യുള്ള ദെസ്കാൽസു സഭക്കാരത്തിയാകുന്നുവെന്നു ഒരു പ്ര
,,കാരവും വിചാരിക്കേണ്ട അതെന്തെ നമ്മുടെ ആഗ്രഹ
,,ങ്ങൾ അനുകൂലപ്പെടുവാനല്ല പിന്നെയൊ നമ്മുടെ മ
,,ണവാളനെ വല്ല കാൎയ്യത്തിൽ വെച്ചെങ്കിലും കണ്ടുപഠി
,,ക്കുന്നതിന്ന പാടുപെടുവാനായിരിക്കണം. സൎവ്വെശ്വരൻ
,,ഠരം മനൊഗുണം നമുക്കു ചെയ്യട്ടെ,, നമ്മുടെ ശുദ്ധമാ
കപ്പെട്ട അമ്മ അവിടെ ചെന്നപ്പോൾ ആ ദിക്കിൽ മഴ
പെയ്യിട്ട അഞ്ച മാസമായിരുന്നതിനാൽ ആ ദിക്കുവാസി
കൾക്ക വലിയ പഞ്ഞത്തിന്റെ പെടിയുണ്ടായിരുന്നു, അ
തെന്തെ വിതച്ചിരുന്നവിത്ത മണ്ണിനൊടു ഉണങ്ങി മുളെ
ക്കാതെയിരുന്നു: എന്നാൽ ഇതാ ആശ്രമത്തിന്റെ പള്ളി
യിൽ പ്രദക്ഷിണം എത്തി ശുദ്ധ.— കുൎബ്ബാന സക്രാരിയിൽ
വെച്ച കൎമ്മങ്ങൾ എല്ലാം കഴിഞ്ഞ ആളുകൾ പിരികയും
ചെയ്യുവുടനെ ആയാണ്ടിൽ ധാന്ന്യങ്ങളുടെ സംപൂൎണ്ണതയു
ണ്ടാകുവാൻ തക്കതിൻവണ്ണം സംപൂൎണ്ണമായിട്ട മഴ പെ
യ്യുകയും ചെയ്തു: ആ ദെശ വാസികൾ എല്ലാവരും നില
വിളിച്ച അമ്മത്രെസ്യായുടെ യൊഗ്യതകളെ കുറിച്ച സൎവ്വെ
ശ്വരൻ ആ മനൊഗുണം അവൎക്ക ചെയ്തുവെന്ന പറഞ്ഞി
രുന്നതു കൂടാതെ ചിലരൊക്കയും ആശ്രമത്തിൽ ചെന്ന
നമ്മുടെപുണ്ണ്യവാളത്തിക്ക നന്ദിയറിഞ്ഞ മനസ്സൊടുകൂടെ
സ്തുതിസ്തൊത്രവും ചെയ്തിരുന്നു: താൻ പുണ്ണ്യവീരന്മാൎക്കുള്ള
ത്ത എളിമയൊടു കൂടെ ആ സ്തുതികളെ കൈക്കൊണ്ടു,
ആകാശത്തിൽനിന്ന ഉണ്ടായ മനൊഗുണം അവരുടെ ഭ
ക്തിക്ക സമ്മാനമായിട്ട കിട്ടിയതാകുന്നുവെന്ന പറഞ്ഞി
രുന്നു. തന്റെ കന്ന്യാസ്ത്രീകളെ നൊക്കിക്കൊണ്ട പറഞ്ഞ
തായത "മക്കളെ! ഠരം നല്ലദിക്കുവാസികളുടെ വിശ്വാ
,,സവും ഭക്തിയും എത്രശക്തിയുള്ളതാകുന്നുവെന്ന സൂക്ഷി
,,ച്ചിൻ: തമ്പുരാൻ നമുക്കുചെയ്യു മനൊഗുണത്തെ കുറിച്ച

„തനിക്ക സ്തൊത്രംചെയ്വാനും ഠരം ദെൎശുകാൎക്ക വെ„ണ്ടി അപെക്ഷിപ്പാനും നമുക്ക കടമായിരിക്കുന്നു„ ആ നഗരി വാസികൾ അവൎക്ക കിട്ടിയ മഴയുടെ മനൊഗുണത്തിന്ന നന്ദിയറിഞ്ഞ പ്രതിക്രിയചെയ്വാൻ കൊയിത്തുകാലം വന്നപ്പൊൾ പുണ്യവാളത്തിയുടെ ആശ്രമത്തിന്ന ധൎമ്മമായിട്ട നാനൂറുപറ കൊതമ്പ കൊടുക്കയും ചെയ്തു.

ആശ്രമത്തിന്ന സമീപം പാൎത്തിരുന്ന ഒരുസ്ത്രീ ആശ്രമത്തിൽചെന്ന പുണ്യവാളത്തിയൊട ഒരുകാൎയ്യം പറവാനുണ്ടെന്നപറഞ്ഞ പുണ്യവാളത്തിയെ സംസാര മുറിയിൽ വിളിപ്പിച്ചു, നമ്മുടെശുദ്ധമാകപ്പെട്ട അമ്മ അവിടെചെന്നപ്പൊൾ ആ സ്ത്രീ തന്നൊട്ട പറഞ്ഞ ആവലാധികളിൽ വെച്ച ഒന്നാകുന്നത എന്തെന്നാൽ: അവൾ എട്ട കുട്ടികളെപെറ്റൊറെ എല്ലാവരും മരിച്ചുപൊയതുകൂടാതെ മാമ്മൊദീസാ മുങ്ങുന്നതിന്ന സംഗതി വന്നില്ല എന്നും അന്നു ഗൎഭിണിയായിരിക്കകൊണ്ട മുമ്പിലത്തെപൊലെ സംഭവിക്കുമൊ എന്ന അവൾക്ക പെടിയാകുന്നുവെന്നും അതിന്നു വെണ്ടി തമ്പുരാനൊടപെക്ഷിച്ച സഹായം ചെയ്തുകൊടുക്കണമെന്നും വളരെ സങ്കടത്തൊടുകൂടെയപെക്ഷിച്ചു, ശുദ്ധമാകപ്പെട്ട അമ്മ ആ സ്ത്രീയുടെ സംകടത്തിന്മെലും പ്രത്യെകം ആ കുട്ടികളുടെ നിൎഭാഗ്യത്തിന്മെലും അലിവായ്കൊണ്ട ആ സ്ത്രീക്ക കഴിയുന്ന സഹായം ചെയ്വാൻ നിശ്ചയിച്ചു: എന്നാൽ സൎവ്വെശ്വരൻ തനിക്ക ധാരാളമായിട്ട നൽകിയിരുന്ന പരമ ദാനങ്ങളെ മറെക്കുന്നതിന്ന മഹാ ജാഗ്രതയുള്ളവളായിരുന്നതുകൊണ്ട ആ സ്ത്രീക്ക തമ്പുരാൻ ചെയ്വാനിരുന്ന മനൊഗുണം അന്യവരുടെ യൊഗ്യതകളാൽ കിട്ടിയ താകുന്നുവെന്ന വരുത്തുവാൻ വെണ്ടി അന്നാഗുസ്തീഞ്ഞാ എന്ന കന്യാസ്ത്രീയെവിളിപ്പിച്ച അവൾ കെട്ടിയിരുന്ന തൊകൽവാറ അഴിച്ച ആ സ്ത്രീക്ക കൊടുപ്പാൻ കല്പിച്ചു: കീഴ്പ്പെഴക്കമുള്ള മകൾ അമ്മയുടെ കല്പനയ്ക്കു കീഴ്പ്പെഴങ്ങി തൊകൽവാറ അഴിച്ച ശുദ്ധമാകപ്പെട്ട അ

മ്മയുടെ കൈകളിൽ കൊടുത്തു: അവര അത എടുത്ത ,,
,,ഠരം വാറ അരയിൽ കെട്ടി ഇതിനാൽ ഉപകാരമുണ്ടാ
,,ക്കുമെന്ന തമ്പുരാന്റെമെൽ ശരണപ്പെട്ടു കൊള്ളണം,,
എന്നപറഞ്ഞ ആ സ്ത്രീക്ക കൊടുക്കയും ചെയ്തു. പട്ടാങ്ങ
യായിട്ട വളരെ ഉപകാരമുണ്ടായി: അതെന്തെ എതാനും
ദിവസംകഴിഞ്ഞാരെ പെറപ്പയെന്ന കുഞ്ഞിനും അതിന്റെ
ശെഷം പ്രസവിച്ചതൊക്കെക്കും മാമ്മൊദീസാ മുങ്ങുവാ
നുള്ള ഭാഗ്യം കിട്ടിയതു കൂടാതെ നല്ലപ്രായത്തൊളം ജീ
വിക്കയും ചെയ്തു.

പട്ടാങ്ങയുള്ള ഉപവി തനതുകാൎയ്യങ്ങളുമെൽ വിചാ
രപ്പെടാതെ അന്ന്യവരുടെഗുണങ്ങളുടെമെൽ വിചാരപ്പെ
ടുന്നവെന്ന മാർപൌലൊസ ശ്ലീഹാ അരുളിചെയ്തതിന്നാ
തക്കതിൻവണ്ണം അന്ന്യവരെ സന്തൊഷിപ്പിപ്പാനും അവ
ൎക്ക ഗുണം ചെയ്വാനും വിചാരപ്പെട്ടിരുന്ന നമ്മുടെ ശുദ്ധ
മാകപ്പെട്ട അമ്മ മഹാ ദാരിദ്ര്യത്തിലും ബുദ്ധിമുട്ടുകളി
ലും ഉൾപ്പെട്ടിരുന്നു. ഇതും ഇടവിടാതുള്ള തന്റെ സൌ
ഖ്യക്കെടുകളും പൊരാഞ്ഞിട്ട വിശെഷാലുള്ള ഒരുദുരിതമ
ആയാശ്രമത്തിൽ അനുഭവിക്കയും ചെയ്തു: അതെങ്ങനെ
യെന്നാൽ എത്രയും ആഴമുള്ള ഒരുകിണറല്ലാതെ ആയാ
ശ്രമത്തിൽ വെള്ളത്തിന്ന മറ്റയാതൊരുപൊക്കില്ലാഞ്ഞു.
പുണ്ണ്യവാളത്തി തന്റെമക്കളുടെബുദ്ധിമുട്ടിനെ കുറെപ്പാ
ൻവെണ്ടി അതിന്ന ഒരുചക്രം ഇട്ടുവിച്ചു, ആ പണിയൊ
ക്കയും തീൎന്നൊ എന്ന അറിവാൻവെണ്ടി കിണററ്റംകൽ
ചെന്നു അന്നെരത്തിൽ ചക്രംവെച്ച പണിക്കാരൻ അതി
നെ പരീക്ഷിക്കയായിരുന്നു: നിൎഭാഗ്യമായിട്ട ചക്രം അവ
ന്റെ കൈയിൽനിന്ന വിട്ടുപൊകയാൽ ശുദ്ധമാകപ്പെട്ട
അമ്മയുടെ തലയ്ക്കു കൊണ്ടതിനാൽ മരിച്ചവളെപൊലെ
നിലത്ത മറിഞ്ഞുവീണു: ആ വീഴ്ച്ചയാൽ തൊലെദൊ ആ
ശ്രമത്തിൽവെച്ച പിശാച്ചുക്കൾ ഒടിച്ചിരുന്നതന്റെകൈ
മീണ്ടും ഭയങ്കരമായപ്രകാരത്തിൽ ഒടികയും ചെയ്തു. പ

ണിക്കാരന്ന കൊണ്ട പരിഭ്രമംകൊണ്ട പുണ്ണ്യവാളത്തി മരിച്ചുവെന്ന വിചാരിച്ച എഴുന്നെല്പിക്കുന്നതിന്ന കൂടെയും വിചാരംതൊന്നാതെ നൊക്കിയിരുന്നു: പുണ്ണ്യവാളത്തി അല്പനെരം കഴിഞ്ഞപ്പൊൾ തന്നെതാൻ എഴുന്നെറ്റു, അന്ന മാർയൌസെപ്പ പുണ്ണ്യവാളൻെറ തിരുനാളിൻെറ തലെദിവസം അതായത മീനമാസം ൧൯ തിയ്യതി ആയിരുന്നതിനാൽ മരിക്കാഞ്ഞത മാർയൌസെപ്പ പുണ്ണ്യവാളൻെറവിശെഷസഹായംകൊണ്ടാകുന്നുവെന്ന പുണ്ണ്യവാളത്തി പറകയും ചെയ്തിരുന്നു. എന്നാൽ മരണത്തിൻെറ യൊഗ്യം വെഗം അടുത്തു അതെന്തെ കൈയ ഒടിഞ്ഞെടത്ത നീരുകെട്ടി അൎബ്ബുദവ്യാധിപിടിച്ചു അപ്പൊൾ വാഴ്ത്തപ്പെട്ട സൽവത്സല്യമ്മായുടെ അന്നാ സാക്ഷിക്കുന്നതിൻവണ്ണം സൎവ്വെശ്വരൻ തൻെറ സൎവ്വ വല്ലഭമുള്ള തൃകൈയാൽ ആ നീർപൊട്ടുന്നതിന്നും ഒരു ക്ഷണനെരംകൊണ്ട ശുദ്ധമാകപ്പെട്ട അമ്മ മരണയൊഗ്യത്തിൽ നിന്ന രക്ഷപെടുന്നതിന്നും ഇടകൂട്ടുകയും ചെയ്തു: അല്ലെന്നുവരികിൽ മരിച്ചുപൊയെനെ.

നമ്മുടെശുദ്ധമാകപ്പെട്ട അമ്മ ഒരുമാസത്തൊളം ഠരാ ആശ്രമത്തിൽതാമസിച്ചു, അതിനപ്പുറം താമസിപ്പാൻപാങ്ങില്ലാഞ്ഞിട്ടത്രെ താമസിക്കാഞ്ഞത: അതെന്തെ ശ്രെഷ്ഠൻെറകല്പന തൊലെദൊ പട്ടണത്തിലെക്ക തന്നെ വിളിച്ചിരുന്നു: കീഴ്പുഴക്കത്തിൻെറ വിശെഷ ഗുരുനാഥയായിരുന്ന താൻ ഒടിഞ്ഞ കൈ മുഴുവനും പൊറുക്കുന്നതിന്ന മുമ്പിൽ വലിയദാരിദ്ര്യത്തിൽ ആയിരുന്ന അപ്പൊൾ സ്ഥാപിച്ച ആശ്രമത്തെ വിട്ടെച്ച പൊകുന്നത തനിക്ക ബഹു സങ്കടമുള്ളതാ യിരുന്നാലും കിട്ടിയിരുന്ന അനുവാദം മാർയൌസെപ്പ പുണ്ണ്യവാളൻെറ പെരുനാൾ കൂട്ടുവൊളം ആയിരുന്നതു കൊണ്ട അതിൻെറ പിറെറദിവസം മിനമാസം ൨൦ാം തിയ്യതി യാത്രപുറപ്പെട്ടുകയും ചെയ്തു. എന്നാൽ യാത്രയ്ക്കു പുറപ്പെട്ടുന്നതിന്നുമുമ്പിൽ കന്ന്യാസ്ത്രീകളെ

സഭക്കൂട്ടമായിട്ട കൂട്ടിപറഞ്ഞതായത "എന്റെ മക്കളെ
,,ധൈൎയ്യപ്പെടുവിൻ നിങ്ങൾ ഉൾപ്പെട്ടിരിക്കുന്ന ദാരിദ്ര്യ
,,വും എല്ലാററിന്റെ പൊരായ്കയും നൊക്കുമ്പൊൾ ധൈ
,,ൎയ്യംകൊണ്ട നിങ്ങൾക്ക ആവശ്യമുണ്ടാകും: ഇതിനെ കു
,,റിച്ച ഞാൻ വളരെ ദുഃഖിക്കുന്നു: നിങ്ങളുടെമെൽ ഇനി
,,ക്ക വളരെ അനുഗ്രഹം തൊന്നുകയും ചെയ്യുന്നു. എന്നാ
,,ൽ സൎവ്വെശ്വരൻ എന്നൊട്ടുചെയ്ത പറഞ്ഞൊപ്പുമുഖാന്ത
,,രമായിട്ട വളരെസന്തൊഷിക്കുന്നു: അതായത, നിങ്ങൾ
,,നല്ലവരായി നിങ്ങളുടെ കടങ്ങളെയെല്ലാം കുറവുകൂടാ
,,തെ കാക്കുമെങ്കിൽ തന്റെ അനുഗ്രഹവും നിങ്ങൾക്കാവ
,,ശ്യമുള്ളതൊക്കയും ഇല്ലാതായിവരികയില്ല, എന്നതാൻ
,,ഇനിക്ക വാക്കുതന്നിരിക്കുന്നു: ഞാനും തന്റെനാമത്തിൽ
,,നിങ്ങളൊട്ടു പറഞ്ഞൊക്കുകയും ചെയ്യുന്നു. ഇവിടെതാ
,,മസിപ്പാൻ നിങ്ങൾക്ക ധൈൎയ്യമില്ലയെങ്കിൽ തെളിവാ
,,യിട്ട എന്നൊട്ടു പറഞ്ഞുകൊൾവിൻ ഇങ്ങനെയുള്ളവ
,,രെ എന്നൊട്ടു കൂടെ കൂട്ടിക്കൊണ്ടു പൊരികയും ആം,,

ഇങ്ങനെയുള്ള ഗുണദൊഷ വാക്കുകളെ സൂക്ഷത്തൊട്ടു കൂടെ കെട്ടുകൊണ്ടിരുന്ന തന്റെ മക്കൾ ഉടനെ മഹാ ധൈൎയ്യത്തൊട്ടുകൂടെ, ആ ദെശത്തിൽ തന്നെയല്ല പിന്നെയൊ കാപ്പിരി ദെശത്തിൽ അവരെ വെച്ചെപ്പാൻ അമ്മയ്ക്കു ഇഷ്ടമായിരുന്നാൽ അവിടെയും മരണത്തൊളം താമസിപ്പാൻ ആസ്ഥമായിരിക്കുന്നുവെന്ന ഉത്തരിക്കയും ചെയ്തു: അവരുടെ റെഗുല ന്യായപ്രമാണങ്ങളെയും കുറവുകൂടാതെ കാക്കുന്നുണ്ടെന്നും പറഞ്ഞൊപ്പു ചെയ്കയുംചെയ്തു. അതിനാൽ ശുദ്ധമാകപ്പെട്ട അമ്മ അനുഭവിച്ച സന്തൊഷത്തെ മറെപ്പാൻ കഴിഞ്ഞില്ല, മഹാ പക്ഷത്തൊടെ എല്ലാവരെയും തഴുകി ഒമ്പതു പുതുകന്യാസ്ത്രീകളെയും, താൻ അവിടെ താമസിച്ചയിടയിൽ തമ്പുരാന്റെപക്കൽ മഹാ പുണ്യമുള്ളവളെന്ന ദൈവവെളിപ്പാടാൽ അറിഞ്ഞ സഭയിൽ പുതുകന്യാസ്ത്രീയായിട്ട കൂട്ടിയ ഒരുവയസ്സുള്ള

ഒരുക്കിലത്തിയെയും വെണ്ടുംവണ്ണം വിചാരിപ്പാനും വഴ്ത്തുവാനും കടപ്പെട്ടുത്തികൊണ്ടു പൊകയും ചെയ്തു·

## ഇരുപതാംഅദ്ധ്യായം·

നമ്മുടെ പുണ്യവാളത്തിക്കു ഉണ്ടായ ദീനം· പുണ്യവാളത്തിയുടെ ആങ്ങള ലൊരെൻസൊ മരിക്കുന്നു· പല്ലെൻസ്യാദിക്കിൽ ഒരാശ്രമം സ്ഥാപിക്കുന്നു. നമ്മുടെ സഭ ശുദ്ധ·– മാർപ്പാപ്പായുടെ കല്പനപ്രകാരം കല്പാദിക്കാരരുടെ കൂട്ടത്തിൽനിന്നു ഒരുവിധത്തിൽ വെർതിരിയപ്പെട്ട അനുപ്രൊവിൻസാൽ തെരിഞ്ഞെടുക്കപ്പെടുന്നു.

---

നമ്മുടെ പുണ്യവാളത്തി വില്ലനൊവ ദെല്ലസ്കാര എന്ന ദിക്കിൽനിന്നു തൊലെദൊ പട്ടണത്തിലെ ആശ്രമത്തിൽ പൊകയും ചെയ്തു· അവിടെവെച്ചു ദുഃഖ വ്യാഴാഴ്ചനാളിൽ തനിക്കു തുടങ്ങിയ പക്ഷവാതത്താലും, ശക്തിനൊമ്പരത്താലും വളരെ കഷ്ടപ്പെട്ടു: താൻ തന്നെ അതിന്റെശെഷം ഗ്രസ്യാനൊ മൂപ്പൻ പാദ്രിക്കു എഴുതിയ എഴുത്തിൽ അതിനാൽ മരിച്ചെക്കുമെന്നു വിചാരിപ്പാൻ മതിയായിരുന്നുവെന്നു എഴുതുകയും ചെയ്തു· അപ്രകാരംതന്നെ സിവില്ല്യ ആശ്രമത്തിലെ ശ്രെഷ്ഠത്തിക്കു എഴുതിയതിൽ തന്റെജീവിതകാലത്തിൽ തന്നെഅധികമായിട്ടു ക്ഷീണിപ്പിച്ച കട്ടപ്പമായ രൊഗങ്ങളിൽ അതഒന്നായി എന്നു എഴുതുകയും ചെയ്തു· അതിനൊടുകൂടെ എത്രയും സങ്കടമുള്ള ഒരുപനിയും വന്നുകൂടി, എന്നിട്ടും പാടുകളുടെ സ്നെഹക്കാരത്തിയായിരുന്ന താൻ എറിയകൂറും കിടക്കാതെ ആ ദീനങ്ങളൊക്കയും എല്ലാവരും അതിശയിപ്പാൻതക്ക ക്ഷമയൊടും സന്തൊഷത്തൊടും കൂടെ സഹിക്കയും ചെയ്തു·

ഈ ദിനത്തിൽ നിന്ന മുഴുവനും സ്വസ്ഥ മാകുതിന്ന മുമ്പിൽ മെന്ദൊസാ എന്ന മെത്രാനൊട ഒരുകാൎയ്യംകൊണ്ടാലൊചിക്കുന്നതിന്ന വല്ല്യദൊലീദെന്ന ദിക്കിന്ന പൊകുവാൻ ശ്രെഷ്ഠന്റെ ഒരുകല്പന നമ്മുടെപുണ്ണ്യവാളത്തിക്കു കിട്ടി: പാട്ടുപെട്ടുന്നസംഗതിയിൽ വെച്ച മഹാവീരപതിയായ താൻ ഉടനെ യാത്രയ്ക്കു പുറപ്പെട്ടുകയും ചെയ്തു. അല്ലൊ മെന്ദൊസ എന്ന മെത്രാൻ ആവില രൂപതയെ ഭരിച്ചിരുന്നപ്പൊൾ പുണ്ണ്യവാളത്തിയുടെയും തന്റെ മക്കളുടെയും പുണ്ണ്യസാംഗൊപാംഗത്തെ വെണ്ടുംവണ്ണം ഗ്രഹിച്ചിരുന്നതിനെകൊണ്ടും ഇങ്ങനെയുള്ള പുണ്ണ്യാത്മാവുകളുടെ ഒരാശ്രമം ഒരുദിക്കിൽ ഉണ്ടായി രുന്നാൽ അതു സൎവ്വെശ്വരന്റെ കൊപാഗ്നി കെടുക്കുന്നതിന്നും തന്റെ ദിവ്യനന്മകളെ ആ ദിക്കുവാസി കളുടെമെൽ ഇറക്കുന്നതിന്നും എത്രസിദ്ധിയുള്ളതാകുന്നുവെന്ന ആ ദെഹംപത്തുംപത്തായി ബൊധിച്ചിരുന്നതിനാലയും തന്റെരണ്ടാമത്തെ രൂപതയുടെ പ്രധാന നഗരിയായിരുന്ന പല്ലെൻസ്യാ നഗരിയിൽ പുണ്ണ്യവാളത്തിയുടെ ഒരാശ്രമം സ്ഥാപിക്കുന്ന സംഗതിയത്രെ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയൊട ആലൊചിപ്പാനുണ്ടായിരുന്ന കാൎയ്യം.

നമ്മുടെ പുണ്ണ്യവാളത്തി തൊലെദൊ ആശ്രമത്തിൽ നിന്ന ഇറങ്ങിയപ്പൊൾ ആ പട്ടണത്തിലെ കൎദ്ദിയാൾമെത്രാപ്പൊലീത്തായിരുന്ന കിരൊഗഎന്ന കീൎത്തിപെട്ട ദെഹത്തെ കണ്ടു അയാളുടെകീഴുള്ള നഗരിയായിരുന്ന മദ്രീദ എന്ന രാജധാനിയിൽ ഒരാശ്രമം സ്ഥാപിക്കുന്നതിന്ന അനുവാദം ചൊദിപ്പാൻ നല്ല തരമെന്നുനിശ്ചയിച്ച ആ ദെഹത്തിന്റെ പക്കൽചെന്ന ബൊധിപ്പിച്ചു, രാജധാനിയിൽ സ്ഥാപിക്കുന്നതിന്ന സൎവ്വെശ്വരൻ നിശ്ചയിച്ചിരുന്നകാലം വരായ്കയാൽ കൎദ്ദിയാൾമെത്രാപ്പൊലീത്ത ചിലന്യായങ്ങളെ പറഞ്ഞ അന്ന അനുവദിച്ചില്ല. എന്നാൽ ഈ കണ്ടകാഴ്ചയാൽ മററുപല ഗുണങ്ങൾ വരികയും ചെയ്തു:

അതായത ആ ദെഹം അന്നുമുതൽ മരണത്തൊളം നമ്മു
ടെ സഭയുടെ മഹാ പക്ഷക്കാരനും ഗുണക്കാരനുമായി, വി
ശെഷിച്ച നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ ചൊല്ലുവിളിയെ
കുറിച്ച എഴുതിയിരുന്ന തന്റെ ചരിത്ര പുസ്തകം വെന
സ് നഗരിയിൽ ആയിരുന്നപ്പൊൾ ഇൻക്വിസിസ്യൊൻ
സഭ അന്വെഷിക്കുന്നു വെന്നും പരിക്ഷിപ്പാൻ പൊകുന്നു
വെന്നും കെട്ടിട്ടുണ്ടായിരുന്നു: എന്നാൽ അതിന്റെ ശെഷം
ആ പരിക്ഷ കഴിഞ്ഞൊ, അല്ലെങ്കിൽ വിധിയുണ്ടായൊ എ
ന്നുള്ള വിവരമില്ലാതെയിരുന്നു: ആ സഭയുടെ പരിക്ഷ ത
നിക്ക ഗുണമായിട്ടു തീരുമെന്ന പുണ്യവാളത്തി അറിഞ്ഞി
ട്ടുണ്ടായിരുന്നു: അതെങ്ങിനെ യെന്നാൽ മെൽ ചൊല്ലിയ
വെനസ് ആശ്രമത്തിൽ വെച്ച ധ സഭ തന്റെ പുസ്ത
കം അന്വെഷിച്ചുവെന്നും പരിക്ഷിക്കുന്നുവെന്നും കെട്ടാറെ
കുറെ കലക്കമുണ്ടായി, എഴുതിയതിൽ തെറ്റുണ്ടായിരു
ന്നാൽ ആയതിനെ ശപിച്ച ഉപെക്ഷിക്കുന്നതിന്ന വിരൊ
ധമുണ്ടായിട്ടല്ല, പിന്നെയൊ താൻ പിശാചിന്റെ തട്ടി
പ്പിൽ അകപ്പെട്ടിരിക്കുന്നുവെന്ന തന്റെ പൂൎവ്വഭയം വീണ്ടും
മനസ്സിലുക്കിയതു കൊണ്ടത്രെ: എന്നാൽ സൎവ്വെശ്വരൻ ഉ
ടനെ ഈ ഭയം നീക്കി ആശ്വസിപ്പിക്കയും ചെയ്തു: അ
തെങ്ങിനെയെന്നാൽ ഈ കലക്കമുണ്ടായതിന്റെ പിറെറ
ദിവസം ശുദ്ധ.- കുൎബ്ബാന കൈക്കൊണ്ടു കഴിഞ്ഞവുടനെ
സൎവ്വെശ്വരൻ "മകളെ! ഈ കെട്ട കാൎയ്യംകൊണ്ട കല
„ങ്ങുകയും ദുഃഖിക്കയും വെണ്ട, ഈ കാൎയ്യം ഇനിക്കടുത്ത
„കാൎയ്യമാകുന്നു„ എന്ന പുണ്യവാളത്തിയൊട അരുളിചെ
യ്തു ഈ തിരുവചനങ്ങളാൽ ഇൻക്വിസിസ്യൊൻ സഭയു
ടെ വിധി തനിക്ക ഗുണമായിട്ടു തീരുമെന്ന താൻ ഗ്രഹിക്ക
യും ചെയ്തു. എന്നാൽ ഇതാ ഇപ്പൊൾ ഇൻക്വിസിസ്യൊ
ൻ സഭക്കാരരുടെ തലവനായിരിക്കുന്ന കൎദ്ദെയാൾ നമ്മു
ടെ പുണ്യവാളത്തിയെ കണ്ടപ്പൊൾ മഹാസന്തൊഷത്തൊ
ടുകൂടെ കല്പിച്ചതായത "സൎവ്വെശ്വരൻ തങ്ങൾക്ക ചെയ്യു

,,അനുഗ്രഹങ്ങളും തന്ന എറിയ ദിവ്യവരങ്ങളും ഹെതു
,,വായിട്ട നമുക്ക വളരെ സന്തൊഷത്തിന്നും നല്ലകണ്ടപെ
,,ിതത്തിന്നും ഇടയായിരിക്കുന്നു: എന്നാൽ സർവ്വെശ്വര
,,ന്ന വളരെ സ്തുതി സ്തൊത്രവും ചെയ്യുണം അതെന്തെ
,,സകലനന്മകളും തന്റെ തൃക്കയ്യിൽനിന്ന നമുക്ക വരു
,,ന്നു: തങ്ങൾ എഴുതിയ ഒരുപുസ്തകം ഇൻക്കിസിസ്യൊ
,,ൻസഭയുടെമുമ്പാകെ കൊണ്ടുവരപ്പെട്ടുവെന്ന അറിഞ്ഞി
,,രിക്കണം: അത നാംമുഴുവനും വായിച്ച, മഹാ ശാസ്ത്ര
,,ക്കാരായിരിക്കുന്ന മററാളുകളും അതിനെവായിച്ച പരീ
,,ക്ഷിക്കയും ചെയ്തു: എന്നാൽ അതിൽ തീൎപ്പാൻ തക്കതാ
,,യിട്ട യാതൊരുതെററ കണ്ടിട്ടില്ല. ഇതുഹെതുവായിട്ടത
,,ങ്ങൾക്കയാതൊരുമൊശവും കുറവുംവന്നിട്ടില്ല എന്നുത
,,ന്നെയുമല്ല പിന്നെയൊ അതുമുഖാന്തരമായിട്ട തങ്ങൾ
,,മെലാൽ നമ്മെ തങ്ങളുടെ കപ്പലൊൻ എന്നപൊലെ
,,വിചാരിക്കണമെന്ന നാം അപെക്ഷിക്കുന്നു. തങ്ങൾക്കു
,,തന്നെയും തങ്ങളുടെസഭയ്ക്കും നാം എന്തൊരു സഹായം
,,ചെയ്യാൻ വശമാകുന്നുവെന്ന തങ്ങൾ വിചാരിക്കണം
,,തങ്ങൾക്ക ആവശ്യമായിരിക്കുന്നതെല്ലാം നല്ല മനസ്സൊ
,,ടുക്കൂടെ നാം നിറവെററുന്നുണ്ട്,,

ഈ വചനങ്ങളിൽനിന്ന നമ്മുടെശ്രുദ്ധമാകപ്പെട്ട അ
മ്മ പ്രാപിച്ചസന്തൊഷം എത്രയൊ എററിക്കപ്പെട്ടത അ
തെന്തെ, ഈ വിധിയാൽ തന്റെഎളിമയിൽനിന്ന ഉ
ളപ്പെട്ടിരുന്ന തന്റെസംശയങ്ങൾ നീങ്ങി തന്റെപഠനം
നല്ലതെന്ന സ്ഥിരപ്പെടുത്തപ്പെടുകയും ചെയ്തു. സർവ്വെശ്വ
രൻ ധാരാളമായി തന്റെ ആത്മാവിൽ പൊഴിച്ചിരുന്ന
വിശെഷ ദാനങ്ങൾ സ്തുതിക്കപ്പെടുകയും ചെയ്തു. ഈ
വിധി പ്രസിദ്ധമായി എന്നതിനാൽ എറിയ ആളുകൾ
ആ പുസ്തകത്തിന്റെ പെരപ്പെടുത്ത അതിനെവായിക്കയും
എറിയ ആത്മാവുകൾ വിശെഷ ജ്ഞാനഫലങ്ങളെ ആ
ദ്ധ്യയനയിൽനിന്ന പ്രാപിക്കയും ചെയ്തു.

അപ്പഴൊ പുണ്യവാളത്തി തൊലെദൊ പട്ടണത്തിൽ
നിന്ന പുറപ്പെട്ട ൧൫൭൦ കാലം മിഥുനമാസം ൨൩ തിയ്യ
തി സെഗൊവ്യ നഗരിയിലെ ആശ്രമത്തിൽ എത്തുകയും
ചെയ്തു· അവിടെ താമസിച്ചുവരികയിൽ ഒരുദിവസം മ
റ്റുകന്യാസ്ത്രീകളൊടുകൂടെ ഉല്ലാസമുറിയിൽ വെല എടു
ത്തിരുന്നസമയത്തു: ചൊര ഛൎദ്ദിയാൽ ആറു മണിനെരം
കൊണ്ടു മരിച്ചിരുന്ന ലൊരെൻസൊ ചെബെദ എന്ന ത
ന്റെ പ്രിയപ്പെട്ട ആങ്ങള തന്റെ കണ്ണുമ്പാകെ ഒന്നുനിന്നി
ട്ടു കാണാതായിപ്പൊകയും ചെയ്തു: ശുദ്ധമാകപ്പെട്ട അമ്മ
ആ കാഴ്ചയാൽ അല്പം കലങ്ങി വെലവിട്ടെച്ച കന്യാസ്ത്രീ
കളൊട ഒന്നും മിണ്ടാതെ പ്രാൎത്ഥനസ്ഥലത്തിൽ ഒടിചെ
ന്ന ശുദ്ധ - കുൎബാനയുടെമുമ്പാകെ സാഷ്ടാംഗമായിവീണ
തന്റെ ആങ്ങളയുടെ ആത്മാവിനുവെണ്ടിനമസ്കരിപ്പാൻ
തുടങ്ങി എന്നാൽ തന്റെ ദിവ്യമണവാളൻ ആ ക്ഷണ
ത്തിൽതന്നെ നമ്മുടെ പുണ്യവാളത്തിക്ക കാണപ്പെട്ട ആ
ങ്ങള ഒരു ക്ഷണംമാത്രം വെസ്സൂക്കാനായിൽ കിടന്നാറെ
ഉടനെ മൊക്ഷത്തിൽപൊയി തന്നൊടുകൂടെ ഭാഗ്യപ്പെട്ടു
ന്നുവെന്ന വെളിപ്പെടുത്തുകയും ചെയ്തു· കന്യാസ്ത്രീകളും
പുറകിൽ ഒടിയെത്തിയിരുന്നതിനെകൊണ്ടു അമ്മയുടെപെ
ട്ടെന്നു ആ പകച്ചയെ കണ്ടാറെ അതിന്നുള്ള കാരണം അ
റിവാൻ വളരെ ആഗ്രഹിച്ചിരുന്നതിനെകൊണ്ടു ആയത
അവരൊടു പറവാൻ അമ്മയൊടു സാദ്ധ്യപ്പെട്ടു അപെ
ക്ഷിച്ചു: കന്യാസ്ത്രീകൾ എല്ലാവരും തന്റെ പുണ്യപ്പെട്ട
ആങ്ങളെയും വളരെ സ്നെഹിച്ചു വന്ദിച്ചിരുന്ന പ്രകാരം
പുണ്യവാളത്തി അറിഞ്ഞിരുന്നതിനെ കൊണ്ടു അവൎക്ക കു
റെസന്തൊഷ മുണ്ടാകെണ്ടീട്ടു സംഭവിച്ചതെല്ലാം വിവര
മായിട്ടു അവരൊടു പറഞ്ഞറിയിക്കയും ചെയ്തു· നമ്മുടെ
ശുദ്ധമാകപ്പെട്ട അമ്മയുടെ മരിച്ച ആങ്ങളയുടെ ഇളയ
മകനായിരുന്ന ലൊരെൻസൊ ചെബെദപടിഞ്ഞാറെ ഇ
ന്ത്യയിൽ പാൎത്തിരുന്നു, ൟ മരുമകനെ ആശ്വസിപ്പിപ്പാ

ക്കവെണ്ടി നമ്മുടെ പുണ്യവാളത്തി എഴുതിയ എഴുത്തിൽ
രെംവണ്ണം പറയുന്നു "ലൊരെൻസൊ ചെബെദ എന്ന
,,എന്റെ ആങ്ങളയെ തന്റെപക്കൽ വിളിപ്പാൻ സവ്വെ
,,ശ്വരൻ തിരുമനസ്സായി, അതിന്നു വെണ്ടുംവണ്ണം ആസ്ഥ
,,മായിരുന്നുവെന്ന ഞാൻ നല്ലപൊലെ അറിഞ്ഞിരിക്കുന്നു
,,മരിക്കുന്നതിന്ന എട്ടുദിവസം മുമ്പ ഇനിക്ക എഴുതിയ ഒ
,,രെഴുത്തിൽ മരണത്തിന്റെ ദിവസം തിരിച്ചറിയുന്നില്ല
,,യെങ്കിലും മരണം അടുത്തുവെന്ന ഇനിക്ക എഴുതുകയും
,,ചെയ്തു. ഒരുശുദ്ധമാകപ്പെട്ടവനെ പൊലെ ആത്മാവി
,,നെ സവ്വെശ്വരന്ന കൈയ്യാളിക്കുന്ന നമസ്കാരങ്ങളെ
,,ചെയ്തുകൊണ്ട മരിച്ചു: ഇതു ഹെതുവായിട്ട അല്പം അ
,,ല്ലെങ്കിൽ ഒട്ടുംവെസ്സുക്കാനായിൽ താമസിച്ചില്ല എന്നു വി
,,ശ്വസിക്കയും ആം. തങ്ങൾ അറിഞ്ഞിരിക്കുന്നതുപൊലെ
,,ആദ്ദെഹം എല്ലാപ്പൊഴും തമ്പുരാന്റെ നല്ല ശുശ്രൂഷിയാ
,,യിട്ടുണ്ടായിരുന്നു വെംകിലും ഇപ്പൊൾ പ്രത്യെകമായിട്ട
,,ഠരം പ്രപഞ്ചം സംബന്ധമായത യാതൊന്നുംകെൾപ്പാൻ
,,മനസ്സില്ലാതെ സവ്വെശ്വരന്റെകാൎയ്യംകൊണ്ട തന്നൊട്ടു
,,സംസാരിച്ചിരുന്ന ആളുകളൊടല്ലാതെ മറ്റു യാതൊരു
,,ത്തനൊട്ടു സംസാരിപ്പാൻ തനിക്ക മനസ്സില്ലാഞ്ഞു: ഇതു
,,ഹെതുവായിട്ട മനസ്സുപൊലെ എകാന്തമായി ജീവിതം
,,കഴിപ്പാൻ പട്ടണത്തെവിട്ട സെന്റ എന്നസ്ഥലത്ത അ
,,യാൾക്കുണ്ടായിരുന്ന നിൎജ്ജനവീട്ടിൽ പൊയി പാൎത്തിരു
,,ന്നു, അവിടെ വെച്ചത്രെ മരിച്ചത: അല്ലെംകിൽ എററം
,,ചൊവ്വെപറവാൻ ജീവിപ്പാൻതുടങ്ങിയത അവിടെവെ
,,ച്ചാകുന്നു: അതെന്തെ അയാളുടെ ആത്മാവിന്റെ ചില
,,പ്രത്യെകമുള്ള കാൎയ്യങ്ങളെ തങ്ങൾക്ക എഴുതുവാൻ ഇ
,,നിക്ക പാങ്ങുണ്ടായിരുന്നുവെങ്കിൽ ഇത്രനല്ല അപ്പനെ സ
,,വ്വെശ്വരൻ തന്നതിനാൽ തങ്ങൾക്ക എത്രവലിയകടം
,,തമ്പുരാന്റെനെരെയുണ്ടായിരിക്കുന്നുവെന്നും അയാളുടെ
,,മകനാകുന്നുവെന്നുകാട്ടുവാൻ തക്കപ്രകാരത്തിൽ ജീവി

,,പ്പാൻ തങ്ങൾക്ക എത്രകടമുണ്ടെന്നും ബൊധിക്കമായിരി
,,ന്നു: എന്നാൽ തങ്ങൾ സന്തൊഷമാ യിരിക്കണമെന്നും,
,,അപ്പൻ ൟ ഭൂമിയിങ്കൽ ആയിരുന്നാൽ തങ്ങളെ സഹാ
,,യിപ്പാൻ വശമാകുമായിരുന്നതിനെക്കാൾ ഇപ്പൊൾ ഇ
,,രിക്കുന്നെടത്തു നിന്ന എററം വലിയ ഉപകാരവും സ
,,ഹായവും ചെയ്യാൻ വശമാകുന്നുവെന്ന വിശ്വസിക്ക
,,ണമെന്നും എഴുതുന്നതല്ലാതെ എഴുത്താലെ മറെറാന്നും
,,എഴുതുവാൻപാടില്ല. തങ്ങളുടെ പെങ്ങൾ ൟശൊടെ
,,തെരെസ്യ(*)ച്ചയ്യ (അതായത കൊച്ചുത്രെസ്യച്ചു) വള
,,രെ ദുഃഖമുള്ള കാൎയ്യമിതാകുന്നുവെങ്കിലും സൎവെശ്വരൻ
,,അവൾക്ക കൊടുത്തരുളിയ വിവെകത്താൽ ൟ സങ്ക
,,ടത്തെ ഒരുമാലാഖായെപൊലെ സഹിച്ചു, പട്ടാങ്ങയാ
,,യിട്ട ഒരു മാലാഖായാകുന്നു.. അപ്പനെപൊലെ പുണ്ണ്യ
,,മുള്ളവളാകുമെന്ന തമ്പുരാന്റെമെൽ ഞാൻ ശരണപ്പെ
,,ടുന്നു,, അതിൻവണ്ണംതന്നെ നമ്മുടെ സഭയുടെ വലിയ
ഉപകാരിയായ ൟദെഹം പതിനാറാം അദ്ധ്യായത്തിൽ
ചൊല്ലിയിരിക്കുംവണ്ണം സിവീല്യ നഗരിയിൽ ചെന്ന പ
ണംകൊണ്ടും തന്നാൽതന്നെയും ശുദ്ധമാകപ്പെട്ട തന്റെ
പെങ്ങൾക്കും കന്ന്യാസ്ത്രീകൾക്കും പാറാവിൽ പൊകുവാ
നുള്ള യൊഗ്യത്തിൽ അകപ്പെടുവാൻതക്ക ശുഷ്കാന്തിയൊടു
കൂടെ സഹായംചെയ്യതിനാൽ സിവീല്യആശ്രമത്തിലെ
കന്ന്യാസ്ത്രീകൾ ഇയാളുടെ മരണത്തിന്റെ വൎത്തമാനം
കെട്ടപ്പൊൾ വളരെ ദുഃഖമനുഭവിച്ചു. ൟ വിവരം ന
മ്മുടെപുണ്ണ്യവാളത്തി അറിഞ്ഞതിനാൽ അവരെ ആശ്വ
സിപ്പിപ്പാൻവെണ്ടി അവിടത്തെ ശ്രെഷ്ഠത്തിക്ക എഴുതിയ

(*) ആവില മാർ യൌസെപ്പ പുണ്ണ്യവാളന്റെ ആ
ശ്രമത്തിൽ പുതുകന്ന്യാസ്ത്രീയായിരുന്നു, ഇളയമ്മയായ പു
ണ്ണ്യവാളത്തിയുടെ മെലുള്ള പക്ഷംകൊണ്ട ൟശൊടെ
ത്രെസ്യായെന്ന പെരുവിളിച്ചിരുന്നു: പുണ്ണ്യവാളത്തി തെ
രെസ്യച്ച എന്ന ഒമനപെരായിട്ട വിളിച്ചിരുന്നു.

എഴുത്തിൽ ഠരംവണ്ണം പറയുന്നു: അതായത: "എന്റെ
,,ആങ്ങളയുടെ ജപധ്യാനം ഇടവിടാ തുള്ളതായിരുന്നു:
,,ഇടവിടാതെ സൎവ്വെശ്വരന്റെ തിരു സന്നിധിയിൽ നട
,,ന്നിരുന്നു. ഞാൻ ചിലപ്പൊൾ ആശ്ചൎയ്യപ്പെട്ടുവാൻ തക്ക
,,വണ്ണം സൎവ്വെശ്വരൻ തന്റെ ദിവ്യനന്മകളാൽ അയാ
,,ളെ പൂരിച്ചിരുന്നു. പ്രായശ്ചിത്തങ്ങളെ ചെയ്യാൻ വള
,,രെ താല്പൎയ്യക്കാരനായിരുന്നു. ഇതുഹെതുവായിട്ട ഞാൻ
,,മനസ്സായിരുന്നതിനെകാൾ അധികം തപസ്സു ചെയ്തിരു
,,ന്നു... നിങ്ങളുടെ ബുദ്ധിമുട്ടുകളുടെ മെലും ഞെരുക്കങ്ങ
,,ളുടെമെലും എത്രമാത്രം ദുഃഖിച്ചിരുന്നുവെന്ന വചന
,,ത്താൽ പറഞ്ഞറിയിപ്പാൻ പ്രയാസം: അതിന്ന പ്രതിക്രി
,,യചെയ്യാൻ തക്ക കാലമിതായിരിക്കുന്നു: അതായത അ
,,യാളുടെ ആത്മാവിന്നുവെണ്ടി തമ്പുരാനൊട അപെക്ഷി
,,ക്കണം, എന്നാൽ ഠരം ഉടമ്പടിയൊട്ടു കൂടെയായിരിക്ക
,,ണം, അതായത ഞാൻവിശ്വസിക്കുന്നതുപൊലെയും ന
,,മ്മുടെ വിശ്വാസത്തിന്റെ ന്യായങ്ങൾക്ക തക്കതിൻവ
,,ണ്ണം വിചാരിപ്പാൻ ഇനിക്ക ന്യായമുണ്ടായിരി ക്കുന്നതു
,,പൊലെയും, അയാളുടെആത്മാവിന്ന ആവശ്യമില്ലയെ
,,ങ്കിൽ എററം ആവശ്യപ്പെട്ടുന്ന ആത്മാവുകൾക്ക കല്പിക്ക
,,പ്പെട്ടുവാൻ തക്കവണ്ണം അപെക്ഷിക്കണം,,

വിശെഷിച്ചും നമ്മുടെ പുണ്യവാളത്തി ഒരുവെളയി
ൽ ശുദ്ധ.- കുൎബ്ബാന കൈക്കൊള്ളുവാൻ അണഞ്ഞപ്പൊൾ
അതിനെ കൊടുത്തപട്ടക്കാരൻ ത്രൊണൊസിൽനിന്ന ഇ
റങ്ങി പുണ്യവാളത്തി ഇരുന്നെടത്തൊട്ടു ചെന്നപ്പൊൾ ക
ത്തിച്ച മെഴുകുതിരി കൈയിൽ പിടിച്ച ഒരുപുറത്ത മാർ
യൌസെപ്പ പുണ്യവാളനെയും മറ്റപുറത്ത ഭാഗ്യപ്പെട്ടത
ന്റെ ആങ്ങളയെയും കാണുകയും ചെയ്തു.

അപ്പൊഴൊതന്റെശുദ്ധമാകപ്പെട്ട പെങ്ങളെ ആത്മഗുരു
നാഥയായി തെരിഞ്ഞെടുത്ത അവൾക്ക എല്ലാകാൎയ്യങ്ങളിലും
വഴങ്ങി അവൾക്കും അവരുടെ സഭയ്ക്കും സഹായം ചെയ്തു

ൻ വളരെ ബുദ്ധിമുട്ടിയ ലൊരെൻസൊ ചെമ്പെദ്ദ ഠരെ ഒന്നുമാദ ഠരംവണ്ണം ജീവിച്ചു, ഠരംവണ്ണം മരിച്ചു, ഠരംവാണ്ണം വാഴുകയും ചെയ്യുന്നു.

നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയ്ക്കും നമ്മുടെ സഭയ്ക്കും വളരെ ഉപകാരം ചെയ്തു ഠരം ദെഹത്തിന്റെ പെക്ക നന്ദിയായിട്ടുള്ള ഠരം ചുരുങ്ങിയവൎത്തമാനത്തിൽനിന്നു നമ്മുടെ പുണ്യവാളത്തിയുടെ ചരിത്രത്തിന്നു പിന്തിരിയണം: അതായത നമ്മുടെ പുണ്യവാളത്തി വലിയദൊലീദെന്ന ദിക്കിൽ ചെന്നാറെ മരിച്ചുപൊകുമെന്നു എല്ലാവരും വിചാരിപ്പാൻ തക്ക ദീനങ്ങൾ തനിക്ക വീണ്ടും പിടിച്ചു, കുറെ ഭെദമായപ്പൊൾ വീരന്മാൎക്കുത്ത തന്റെ ധൈൎയ്യത്തിന്നു തക്കതിൻവണ്ണം ഒരൊരുകാൎയ്യങ്ങളെ നടത്തുവാൻ തുടങ്ങിയെങ്കിലും പല്ലെൻസ്യ നഗരിയിൽ ആശ്രമം സ്ഥാപിപ്പാൻ പൊകുന്ന കാൎയ്യത്തിന്മെൽ കുറെ വിഷാദവും ചഞ്ചലവും ഉണ്ടായിരുന്നു. വലിയദൊലീദെന്ന നഗരിയിലെ ആശ്രമ ശ്രെഷ്ഠത്തിയായിരുന്ന മറിയം ബപ്തീസ്തു എന്ന നമ്മുടെ പുണ്യവാളത്തിയുടെ യൊഗ്യതയുള്ള മരുമകൾ പൊകുന്നതിന്നു പുണ്യവാളത്തിയെ താല്പൎയ്യപ്പെടുത്തി വന്നിരുന്നുവെങ്കിലും മററനെകം പെർ വിരൊധം പറഞ്ഞിരുന്നതിനെ കൊണ്ടു ശുദ്ധമാകപ്പെട്ട അമ്മയ്ക്കു നിശ്ചയിപ്പാൻ ധൈൎയ്യംതൊന്നാതെ വിഷാദമായിരുന്നു, ഇങ്ങനെ വിഷാദിച്ച ചഞ്ചലപ്പെടുവാനുള്ള കാരണമിന്നതെന്നു നമ്മുടെ പുണ്യവാളത്തിക്കുകൂടെയും തിരിഞ്ഞിരുന്നില്ല എന്നതൊന്നും ഇതിന്മെൽ താൻ എഴുതിയതിനെ സൂക്ഷിക്കുമ്പൊൾ അതെന്തെന്നാൽ "ഇനിക്കുണ്ടായ ദീനത്തിന്റെ
"കടുപ്പവും ശെഷിച്ചിരുന്ന ക്ഷീണവും കൊണ്ടിട്ടൊ, പി
"ന്നെ പല്ലെൻസ്യ ആശ്രമം സ്ഥാപിച്ചതിനാൽ ഉണ്ടായ
"അനെകം ഗുണങ്ങൾക്ക വിഘ്നംചെയ്യാൻ ഭാവിച്ചിരുന്ന
"പിശാചിന്റെ തന്ത്രത്താലൊ തിരിയുന്നില്ല: സകലവും
"അസാദ്ധ്യമെന്നു ഇനിക്ക തൊന്നിയിരുന്നു. ഇങ്ങനെയിരി

,,ക്കയിൽ അതിന്നുമുമ്പിൽ എറിയകാലത്തെക്ക എന്റെ ഉ
,,പസാരക്കാരനായിട്ടുണ്ടായിരുന്ന റിപ്പാൽദ എന്ന മഹാ
,,ശാസ്ത്രിയും പുണ്യമായിരുന്ന ംരംശൊ സഭ ക്കാരൻ
,,വലിയ ദൊലീദെന്ന നഗരിയിൽ വരുവാൻ സംഗ
,,തിയായി: അപ്പൊൾ സകല കാൎയ്യങ്ങളെയും എന്റെ
,,ആത്മത്തിന്റെ കിടപ്പും ആദെഹത്തെ ബൊധിപ്പിച്ച ത
,,മ്പുരാന്റെ സ്ഥാനത്തിലുള്ള ആളായിട്ട ആ ദെഹത്തെ
,,ഞാൻതെരിഞ്ഞെടുത്ത കല്പിക്കുന്നത അനുസരിപ്പാൻ ഞാ
,,ൻ ആസ്ഥമായിരിക്കുന്നുവെന്ന ബൊധിപ്പിച്ചു: ആദെഹം
,,എന്നെ ധൈൎയ്യപ്പെടുത്തുവാൻതുടങ്ങി, അന്ന ഇനിക്ക ഉ
,,ണ്ടായിരുന്ന ധൈൎയ്യക്കുറവിന്ന വാൎദ്ധക്യം കാരണമാകു
,,ന്നുവെന്ന ആദെഹം പറഞ്ഞു. എന്നാൽ അതല്ലകാരണം
,,എന്ന ഇിക്ക തൊന്നിയിരുന്നു. ഇതാ ഇപ്പൊൾ അന്നത്തെ
,,കാൾ കിളവിയായിയെന്നുവരികിലും അന്നത്തെ ധൈ
,,ൎയ്യക്കുറവും മറ്റും ഒന്നുമില്ല,, റിപ്പാൽദ എന്നദെഹം പ
ല്ലെൻസ്യ ആശ്രമത്തെ സ്ഥാപിപ്പാൻ ഉണദൊഷിച്ചു എ
ങ്കിലും ഇറാഞ്ഞിമൊസു ഗ്രസ്സ്യാനൊ എന്ന നമ്മുടെസന്ന്യാ
സിയുടെ അഭിപ്രായം വിരൊധമായിരുന്നതിനെ കൊണ്ടു
പുണ്യവാളത്തി നിശ്ചയം കൂടാതെ വഷാദിച്ചിരുന്നു. എ
ന്നാൽ സൎവ്വെശ്വരൻതന്റെ മണവാട്ടിയുടെ ബൊധത്തെ
തെളിയിപ്പാനും ധൈൎയ്യപ്പെടുത്തുവാനും തിരുമനസ്സായി:
അതെങ്ങനെ യെന്നാൽ ഒരുദിവസം കുബ്ബാന കൈക്കൊ
ണ്ടുകഴിഞ്ഞിട്ട തന്റെപതിവിന്നുതക്കതിൻവണ്ണം പല്ലെ
ൻസ്യ, ബൂൎഗ്ഗൊസ എന്ന രണ്ടു നഗരികളിൽ സ്ഥാപിപ്പാ
നിരുന്ന ആശ്രമങ്ങളുടെ കാൎയ്യത്തെ പ്രതി സൎവ്വെശ്വര
നൊട പ്രാൎത്ഥിച്ചിരിക്കയിൽ ദയയുള്ള രക്ഷിതാവ പുണ്യ
വാളത്തിയൊട അരുളിചെയ്തതായത "എന്തുഭയപ്പെടുന്നു
,,എപ്പൊൾ ആകുന്നു നിനക്കുഞാൻ സഹായംചെയ്യാതെ
,,ഇരുന്നത; ഞാൻ ഇപ്പൊൾ മുമ്പുള്ളവനെ പൊലെ ത
,,ന്നെയാകുന്നു: ആശ്രമം രണ്ടും സ്ഥാപിക്കാതെ ഇരിക്ക

„ണ്ട്„ ഠരം തിരുവചനങ്ങളെ കെട്ടാറെ നമ്മുടെ പുണ്യ വാളത്തി സാക്ഷിക്കുന്നതുപൊലെ ലൊകംമുഴുവനും വിരൊധിച്ചിരുന്നാലും എന്തെല്ലാം വിരൊധങ്ങൾ നെരിട്ടിരുന്നാലും ആയാശ്രമം രണ്ടും സ്ഥാപിക്കുന്നതിന്ന ശ്രമിപ്പാൻ തക്ക ധൈൎയ്യം പ്രാപിക്കയും ചെയ്തു. ഇതുപൊരാഞ്ഞിട്ട ശുദ്ധമാക്കപ്പെട്ട അമ്മ പല്ലെൻസ്യനഗരിയുടെ അവസ്ഥ മുഴുവനും അറിവാൻ ആ നഗരിയിലെക്ക യാത്രയാക്കിയിരുന്ന ഇറാണിമൊസു ഗ്രസ്യാനൊ എന്ന വാഴ്ത്തപ്പെട്ടവൻ നഗരിയുടെ അവസ്ഥകൊണ്ടല്ലയെങ്കിലും തക്കന്യായത്താൽ അഭിപ്രായം മാറി സ്ഥാപിക്കുന്നതിന്ന ഠരം ദെഹവും മനസ്സായിക്കൊണ്ട ഇതാ പുണ്യവാളത്തി യുടെ പക്കൽ പിന്തിരിഞ്ഞുചെരുകയും ചെയ്തു. ശുദ്ധമാക്കപ്പെട്ട അമ്മ ഒട്ടുംതാമസിയാതെ യാത്രയ്ക്കു ആസ്ഥപ്പാടുചെയ്കയുഞ്ചെയ്തു. അവരെ ആശ്രമത്തിൽ കൂട്ടുവാൻ അപെക്ഷിച്ചിരുന്ന രണ്ടുപെണ്ണൈതങ്ങളെ കൈക്കൊണ്ടു, ഇങ്ങനെ ഒരു വീടവാങ്ങിക്കുന്നതിന്ന അവരുടെസ്ത്രീധനം വകയായി, മതിയാകുന്ന വകയ ല്ലയെങ്കിലും, സൎവ്വത്തിന്റെ നാഥനായിരിക്കുന്ന തന്റെ ദിവ്യ മണവാളന്റെമെൽ ശരണം മുഴുവനുംവെച്ചിരുന്ന നമ്മുടെ പുണ്യവാളത്തിക്ക വെണ്ടുവൊളം മതിയായിരുന്നു. പല്ലെൻസ്യനഗരിയിൽ ഠരംറാണിമൊസു റെയിനൊസൊ എന്ന കൊനെഗൊ നല്ല പുണ്യമുള്ള പട്ടക്കാരൻ ആകുന്നുവെന്ന ശുദ്ധമാക്കപ്പെട്ട അമ്മ അറിഞ്ഞിരുന്നതിനാൽ ആദെഹത്തെ ഒരിക്കലും കണ്ടിട്ടില്ലാഞ്ഞുവെങ്കിലും ഒരുവീട കൂലിക്കുവാങ്ങിച്ച അവിടെ ചെന്നാൽ താനുംതന്റെ കന്യാസ്ത്രീകളും പാൎപ്പാൻ തക്കവണ്ണം ആസ്ഥമാക്കുന്നതിന്ന ആദെഹത്തിന്ന എഴുതികൊടുത്തയച്ചു, എന്നതിന്റെശെഷം നമ്മുടെവീരപതി സഹിച്ചിരുന്ന ദീനങ്ങളാലും തനിക്ക മഹാവിരൊധമായിരുന്ന ആ കാലത്തിലെ വൎഷത്തിന്റെ കടുപ്പത്താലും ഠരം ആശ്രമം സ്ഥാപിക്കുന്നതിന്ന കുറെ താമസിക്കു മെന്ന എല്ലാ

വരും വിചാരിച്ചിരുന്നു: എന്നാൽ ൦ര൦ ശൊമീശിഹായുടെ
സ്തുതിയെയും സ്നെഹത്തെയും കുറിച്ചുള്ള ശുഷ്കാന്തിയാൽ
ശരീരായുസ്സിനെ കൂട്ടാക്കാതെ ൧൮൭൦ ാം കാലം കുഞ്ഞു
പൈതങ്ങളുടെ തിരുനാൾ ദിവസത്തിൽ വന്ദിക്കപ്പെട്ട ര
ണ്ടു പട്ടക്കാരരൊടും ൫ കന്യാസ്ത്രീകളൊടും തന്റെ കൂട്ടു
കാരത്തിയൊടും കൂടെ വലിയ ദൊലീദെന്ന നഗരിയിൽ
നിന്നു പുറപ്പെട്ട ആ ദിവസത്തിൽ തന്നെ പല്ലെൻസ്യ നഗ
രിയിൽ എത്തുകയും ചെയ്തു.

അവിടെ ചെന്നപ്പൊൾ കൊനെഗൊ റെയിനൊസൊ
എന്ന മെൽ ചൊല്ലിയ പുണ്യപ്പെട്ട പട്ടക്കാരൻ പുണ്യവാ
ളത്തി എഴുതിയതിൻ വണ്ണം ഒഴിഞ്ഞ വീട ആസ്ഥമാക്കിയ
തു കൂടാതെ വെണ്ടുന്ന കട്ടില്ലുകളും മറ്റും പല സുഖങ്ങ
ളും തയ്യാറപ്പെടുത്തിയിരുന്നതിനാൽ ശുദ്ധമാകപ്പെട്ട അ
മ്മ ആ ദെഹത്തിന്റെ താല്പര്യത്തിന്മെൽ വളരെ തെളി
ഞ്ഞ തന്നാൽ കഴിഞ്ഞ വിധത്തിൽ തന്റെ വിശെഷ നന്ദി
കാട്ടുകയും ചെയ്തു: ഇതു ശുദ്ധമാകപ്പെട്ട അമ്മയുടെ ഉപ
വിക്ക പൊരാഞ്ഞിട്ട എന്നന്നെക്കുമുള്ള ഒൎമ്മയ്ക്കായിട്ട താ
ൻ എഴുതിയ പുസ്തകങ്ങളിൽ കുറിക്കയും ചെയ്തു. ശുദ്ധമാ
കപ്പെട്ട അമ്മയുടെ വചനങ്ങൾ ആകുന്നതെന്തെന്നാൽ:
,,കൊനെഗൊ റെയിനൊസൊ എന്ന ദെഹം ഞാൻ എ
,,ഴുതീട്ടുണ്ടായിരുന്നതു പൊലെ വീട ഒഴിപ്പിച്ചതു കൂടാതെ
,,വെണ്ടുന്ന കട്ടില്ലുകളും പല സുഖങ്ങളും മറ്റും കുറവി
,,ല്ലാത്ത വണ്ണം ആസ്ഥമാക്കീട്ടുണ്ടായിരുന്നു, പട്ടാങ്ങയാ
,,യിട്ട ഞങ്ങൾക്ക ആവശ്യമുണ്ടായിരുന്നു: അതെന്തെ കു
,,ളിര അധികമായിരുന്നതു കൂടാതെ വഴിയാത്രയിൽ മഴ
,,കൊണ്ടും തമ്മിൽ തമ്മിൽ കാണ്മാൻ പാടില്ലാത്തതിൻ വ
,,ണ്ണമുള്ള മഞ്ഞുകൊണ്ടും വളരെ കഷ്ടമനുഭവിച്ചിട്ടുണ്ടായി
,,രുന്നു: എന്നാൽ ഞങ്ങൾ ചെന്നാറെ പിറ്റെ ദിവസം ഞ
,,ങ്ങൾ അവിടെയുണ്ടെന്ന ആരും അറിയുന്നതിന്നു മുമ്പിൽ
,,കുൎബാന ചൊല്ലുവാൻ തക്കതിൻ വണ്ണം എല്ലാം ആസ്ഥ-

,,മാക്കിയതു വരെ അനുകൂലപ്പെട്ടിട്ടില്ല: ൧൦ ആശ്രമങ്ങ
,,ളെ സ്ഥാപിക്കുന്ന കാൎയ്യത്തിൽവെച്ച രഹസ്യം പ്രത്യെ
,,കം വെണ്ടുന്ന ഒരുകാൎയ്യ മാകുന്നുവെന്ന അനുഭവസിദ്ധി
,,യാൽ ഞാൻ അറിഞ്ഞിരിക്കുന്നു: അതെന്തെ ആലൊച
,,നകളിലും സംസാരങ്ങളിലും നെരംവെറുതെകളഞ്ഞാ
,,ൽ പിശാച എല്ലാററിന്നും വിഘ്നം ചെയ്വാൻ പ്രയാസ
,,പ്പെടുന്നു, അവൻെറ ഇഷ്ടംപൊലെ ഒന്നും സാധിക്കയില്ല
,,എങ്കിലും വിഷമിപ്പിക്കുന്നു: ഇതുഹെതുവായിട്ട പിറെറ
,,ദിവസംകാലത്ത ആദിത്യൻ ഉദിപ്പാറായപ്പൊൾ ഞങ്ങ
,,ളൊടുകൂടെവന്നിരുന്ന ആഗുസ്തീൻ വിക്കെതാരിയ പൊ
,,റസ എന്നപുണ്യപ്പെട്ടപട്ടക്കാരനെകൊണ്ട കുൎബാനചൊ
,,ല്ലിക്കയും ചെയ്തു. എന്നൊടുകൂടെ അഞ്ച കന്ന്യാസ്ത്രീകളും
,,എറിയ നാളായിട്ട എൻെറ കൂട്ടുകാരത്തിയായിരിക്കുന്ന
,,ഒര അല്ലെനി ദശനക്കാരത്തിയും ഉണ്ടായിരുന്നു, ഇവൾ
,,മററ കന്ന്യാസ്ത്രീകളെ കായിലും എന്നെ സഹായിപ്പാൻ
,,ത്രാണിയുള്ളവളാകുന്നു: അത്രെപുണ്യവും വിവെകവും
,,അവൾക്കുണ്ട,,

അപ്പഴൊ നമ്മുടെ പുണ്യവാളത്തി ൧൫൬൨ാം കാലം കുംഭ മാസം ൨൪ തിയ്യതി പല്ലെൻസ്യ നഗരിയിലെ ആശ്രമം സ്ഥാപിച്ച അതും മാൎയൌസെപ്പ പുണ്യപിതാവിൻെറ മഹിമയുള്ള നാമധെയത്താൽ അലങ്കരിക്കയും ചെയ്തു. എന്നാൽ ആ പട്ടണത്തിലെ നാടുവാഴിയുടെ അനുവാദം വെണ്ടിയിരുന്നു: അതിന്നുമുമ്പിൽ ബൊധിപ്പിച്ചിട്ടുണ്ടായിരുന്നു വെങ്കിലും അനുസരിക്കാതെ പുത്തനായിട്ടുള്ള ആശ്രമങ്ങളെ സ്ഥാപിക്കുന്നതിന്ന വിരൊധിയാകുന്നുവെന്ന തെളിവായിട്ടകാട്ടുകയും ചെയ്തിട്ടുണ്ടായിരുന്നു: എന്നാൽ മെൽചൊല്ലിയവണ്ണം ആശ്രമം സ്ഥാപിക്കപ്പെട്ടദിവസത്തിൽ ഗ്രസ്യാനൊ എന്ന മൂപ്പൻപാദ്രി രണ്ടാമത്ത ഉൗഴം നാടുവാഴിയുടെപക്കൽ ചെന്ന നമ്മുടെ പുണ്യവാളത്തിളുടെപെക്കായിട്ട അനുവാദം കൊടുപ്പാൻ അപെക്ഷിക്ക

യും ചെയ്തു. നാട്ടുവാഴി വളരെ കൊപിച്ചുവെങ്കിലും ന
മ്മുടെ ശുദ്ധമാകപ്പെട്ട അമ്മയുടെ പെരുകെട്ടപ്പൊൾ പ
റഞ്ഞതായത "അച്ചൻ പൊയി കൊള്ളു അപെക്ഷിച്ചതെ
„ല്ലാം അനുവദിച്ചിരിക്കുന്നു: അതെന്തെ അമ്മ ത്രെസ്യ സ
„ൎവ്വെശ്വരന്റെ രാജ്യസംഘത്തിന്റെവല്ല ദെക്രെത്തുകള്ള
„നവാങ്ങിച്ചിട്ടുണ്ടെന്ന ഞാൻ വിചാരിച്ചിരിക്കുന്നു: ആ ദി
„വ്യ കല്പന മുഖാന്തരമായിട്ട ഞങ്ങളുടെ ബൊധത്തിന്നും
„അഭിപ്രായത്തിന്നും വിരൊധമായിട്ട അവരുടെ ഇഷ്ടം
„പൊലെ ഒക്കയും ഞങ്ങൾ അനുസരിച്ചു ചെയ്യ്യണം„ ഠരം
വണ്ണംപറഞ്ഞ അതുവരെ കൊടുക്കാതെയിരുന്ന അനുവാ
ദം അപ്പൊൾതന്നെ കൊടുക്കയും ചെയ്തു. നമ്മുടെശുദ്ധ
മാകപ്പെട്ട അമ്മയുടെവരവിനെ മഹാശയൊടുകൂടെ പാ
ൎത്തിരുന്ന ആല്പരെസ് മെന്ദൊസയെന്ന മെത്രാൻ പുണ്യ
വാളത്തി ആ രാത്രിയിൽ അവിടെചെന്നവൎത്തമാനം അ
റിഞ്ഞിട്ടില്ലാഞ്ഞു, എന്നാൽ കാലത്ത നമ്മുടെ ശുദ്ധമാക
പ്പെട്ടവൾ അറിയിക്കയും ചെയ്തു: ആദെഹം ഉടനെ മ
ഹാ സന്തൊഷത്തൊടുകൂടെ അരമനയിൽനിന്നപുറപ്പെട്ട
പുണ്യവാളത്തി പാൎത്തിരുന്ന വീട്ടിൽചെന്ന തന്നാൽകഴി
ഞ്ഞവണ്ണം തന്റെഹൃദയത്തിന്റെ എററിക്കപ്പെട്ടസന്തൊ
ഷം കാണിച്ചതുകൂടാതെ താൻ ജീവിക്കുന്നതുവരെ അനു
ദിനമായി ആവശ്യമുള്ള അപ്പം കന്യാസ്ത്രീകൾക്ക കൊടു
ക്കുന്നുണ്ടെന്നും പറഞ്ഞൊപ്പു ചെയ്തു: അതിന്റെശെഷം ത
ന്റെകാൎയ്യസ്ഥന്റെനെരെ തിരിഞ്ഞ ആ ദിവസങ്ങളിൽ
ആവശ്യമുള്ളതെല്ലാം അന്വെഷിച്ചുകൊടുക്കണമെന്നും ക
ല്പിക്കയുഞ്ചെയ്തു. പല്ലെൻസ്യ നഗരിവാസികൾ എത്രയും
സ്നെഹിച്ചിരുന്ന ആല്പരെസ് മെന്ദൊസ എന്ന അവരുടെ
മെത്രാന്റെഅപെക്ഷയാൽ അവരുടെനഗരിയിൽ കൎമ്മ
ലീത്ത ദെസ്കാൾസു കന്യാസ്ത്രീകളുടെ ഒരുപുത്തൻ ആശ്ര
മം സ്ഥാപിക്കപ്പെട്ടുവെന്ന കെട്ടപ്പൊൾ എല്ലാവൎക്കും മ
ഹാസന്തൊഷമുണ്ടായതല്ലാതെ അതിന്ന വിരൊധമായിട്ട

യാതൊരുത്തനും ഒരക്ഷരം പൊലും മിണ്ടീട്ടില്ല. എന്നാൽ സെപരൊദെവെഗ എന്നയാളും അയാളുടെ കെട്ടിയവളും, ൯ൻറാണിമൊസു റെയിനൊസും മത്തിനൊ അലൊൻസൊ ദെസലീനസ് എന്ന രണ്ടു പുണ്യപ്പെട്ട കൊനകുന്മാരും ശുദ്ധമാകപ്പെട്ട അമ്മയുടെനെരെയും തന്റെമക്കളായ കന്യാസ്ത്രീകളുടെനെരെയും വിശെഷപക്ഷവും ഉപവിയും താല്പൎയ്യവും കാണിച്ച ആളുകളായിരിക്കുന്നു.

നമ്മുടെ പുണ്യവാളത്തി ആ പട്ടണവാസികളിൽനിന്ന കൈക്കൊണ്ട മനൊഗുണങ്ങൾക്ക നന്ദികാട്ടുവാൻ അവരെകുറിച്ച എന്നന്നെക്കുമുള്ള ഒൎമ്മയ്ക്കായിട്ട എഴുതി സാക്ഷിച്ചിരിക്കുന്നതായത "ഞാൻ ഇന്നാൾവരെയും പരിചയിച്ച ആളുകളിലും നാട്ടുകാരിലുംവെച്ച (പല്ലെൻസ്യ) ,,നഗരിക്കാര എററംനല്ല ഗുണാധികാരവും നല്ലശീലവുമുള്ളവരാകുന്നു: ഇതുഹെതുവായിട്ട അവിടെ ആശ്രമം ,,സ്ഥാപിച്ചതിനാലുള്ള സന്തൊഷവും തൃപ്തിയും ദിവസെനെവൎദ്ധിച്ചു വരുന്നു,, വിശെഷിച്ച പല്ലെൻസ്യ പട്ടണവാസികൾ നമ്മുടെശുദ്ധമാകപ്പെട്ട അമ്മയുടെ പുണ്യസുഖത്തിന്ന വിശെഷമായ സ്തുതികൊണ്ടാട്ടങ്ങൾ ചെയ്തിട്ടുണ്ടായിരിക്കണമെന്ന വിചാരിപ്പാനുള്ളതിന്ന ശുദ്ധമാകപ്പെട്ടവൾ ൯ൻശൊടെ യൊഹന്നൻ എന്ന നമ്മുടെ കീൎത്തിപ്പെട്ട സന്യാസിക്ക എഴുതിയ ഒരെഴുത്തിൽ കാണുന്ന ഒരു വാചകം ഉറപ്പുള്ള ഒരുസാക്ഷിയായിരിക്കുന്നു. അതാകുന്നതെന്തെന്നാൽ:

,,ഇവിടെ ആശ്രമം സ്ഥാപിക്കുന്നതിന്ന യാതൊരുവിരൊധം ഉണ്ടായിട്ടില്ലയെന്നുതന്നെയുമല്ലപിന്നെയൊ ഞ ,,ങ്ങൾ അവരുടെയിടയിൽ വസിക്കുന്നതാകയിൽ സൎവ്വെ ,,ശപരൻ ഇപ്പൊൾഅവരെ കാത്തുരക്ഷിക്കുമെന്ന എല്ലാ ,,വരും പറയുന്നു, ഇത ഞാൻകണ്ടതിൽ എററം അതിശ ,,യമായിട്ടുള്ള ഒരു കാൎയ്യമാകുന്നു... കടശിപറയണമെ ,,ങ്കിൽ ഞാൻ എന്തിന്നുകൊള്ളാം, ൯ൻശൊടെത്രെസ്യഅ

,,മ്മെന്നെ കുറിച്ച ആരവം ഉണ്ടാക്കുന്നതിന്ന കൊള്ളാകു ,,ന്നതല്ലാതെ മറ്റു യാതൊരു കാൎയ്യത്തിന്ന കൊള്ളുകയി ,,ല്ല,, കടശിയായിട്ടുള്ള ഠരം വാചകം സൂക്ഷിച്ചാൽ ആ പട്ടണവാസികൾ പുണ്യവാളത്തിയുടെനെരെ കാണിച്ച താല്പൎയ്യവും വണക്കവും ചെയ്യുസ്തുതികൊണ്ടാട്ടങ്ങളും എത്രയൊ വിശെഷമായിട്ടുള്ളതായിട്ടുണ്ടായിരിക്കണമെന്ന തിരിയും.

എന്നാൽ മെൽചൊല്ലിയതിൻവണ്ണം കൂലിക്കുവാങ്ങിച്ച വീട്ടിൽ തൽകാലത്തെക്ക ആശ്രമം സ്ഥാപിച്ചിട്ട പുണ്യവാളത്തി സ്വന്തമായിട്ടുള്ളതായി ഒരുവീട്ട വാങ്ങിക്കുന്നതിന്ന താല്പൎയ്യപ്പെട്ട മെൽചൊല്ലിയ രണ്ടുകൊനഗന്മാരെകൊണ്ട എത്രയും രഹസ്യമായിട്ട തിരക്കംചെയ്യിച്ചിരുന്നു: ആ രണ്ടു മഹാത്മാക്കൾ ആഗ്രഹിക്കാകുന്ന താല്പൎയ്യത്തൊട്ടും ജാഗ്രതയൊട്ടുംകൂടെ അതിന്നുവെലചെയ്തിരുന്നു എന്നാൽ ആ പട്ടണത്തിൽ സ്രാദമാതാവിന്റെ പള്ളിയെന്നു പെരായിട്ട ഒരുദെവാലയം ഉണ്ടായിരുന്നതുകൂടാതെ ആശ്രമഭാഷയാക്കുന്നതിന്ന തക്കതായ രണ്ടുവീട അതിനൊട്ട ചെൎന്നതായിട്ട ഉണ്ടായിരുന്നു: ഇതുപൊരാഞ്ഞിട്ട മെത്രാനും പ്രധാനപള്ളിയുടെ കൊനഗന്മാരുടെ സംഘവും കൂടി ആ പള്ളി നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയ്ക്കു ഒഴിഞ്ഞു കൊടുക്കയും ചെയ്തു. എന്നാൽ ശുദ്ധമാകപ്പെട്ട ദെവമാതാവ തന്റെമക്കളായ കൎമ്മെലീത്ത കന്യാസ്ത്രീകളെ തന്റെവീട്ടിൽ പാൎപ്പിപ്പാൻ മനസ്സായിരുന്നുവെങ്കിലും പിശാച അവന്ന വരുവാനിരുന്ന ചെതനാശങ്ങളെ കണ്ടിട്ട വെണ്ടാത്തവിരൊധങ്ങളെ ചെയ്വാൻതുടങ്ങി പിശാചിന്റെതാല്പൎയ്യം എന്തുകൊണ്ടെന്നാൽ പട്ടണത്തിന്നു പുറത്തുള്ള നഗരികളിൽനിന്നും കുടികളിൽനിന്നും എറിയപുരുഷാരം രാത്രിസമയങ്ങളിൽകൂടെയും കൂടിവന്നിരുന്നു: ഭക്തിയെന്നുള്ള ന്യായത്താൽ ആയിരുന്നുവെങ്കിലും പിശാചിന്ന വലിയ ലാഭവും സൎവ്വെശ്വരനൊട എറിയ

ഉപദ്രവങ്ങളും സംഭവിക്കമാറായിരുന്നു. ഇതു ഹെതുവാ
യിട്ടു ആദ്യം, ഒരു കൊൻപ്രരിയക്കാക്ക പള്ളിയുടെമെൽ
ഒരുവിധത്തിൽ അവകാശമുണ്ടായിരുന്നതിനാൽ അവരെ
കൊണ്ടു വിരൊധംചെയ്യിപ്പിപ്പാൻ തക്കവണ്ണം പിശാച
നൊക്കി: ശുദ്ധമാകപ്പെട്ട അമ്മ സാക്ഷിക്കുന്നതു പൊലെ
കുറെബുദ്ധിമുട്ടെണ്ടിവന്നു എങ്കിലും ആ പട്ടണവാസിക
ൾ നല്ലദൈവപെടിയുള്ള മനുഷ്യരാകകൊണ്ടു കടശിഅ
വരും സമ്മതിച്ച അവരുടെ ന്യായങ്ങളൊക്കെയും വിട്ടുക
യുംചെയ്തു: ഇതിങ്കൽവെച്ച പിശാച തൊലി,എററതിനാ
ൽ എററംകൊപിച്ച ആശ്രമത്തിന്ന ക്രുടിയെകഴിവു എ
ന്നു ആ രണ്ടു വീട്ടുകളുടെ ഉടയക്കാരരെ കൊണ്ടു വിരൊ
ധംചെയ്യിപ്പിപ്പാൻ പ്രയാസപ്പെട്ടു അതായത, ആദ്യം ത
ന്നെ എത്രയും അന്യായമായിട്ടുള്ള വില അവരുപറഞ്ഞു:
എന്നതിനാലും നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയുടെയും
കൊനഗന്മാരുടെ കാഴ്ച്യ്ക്കു ആ രണ്ടുവീട്ടുകൊള്ളരുതെന്ന
പിശാച തൊന്നിച്ചിരുന്നതിനെ കൊണ്ടും ൰ം ഉടമ്പടി
യെവിട്ടു വെറിട്ടൊരുവീട്ടുവാങ്ങിപ്പാൻതക്കവണ്ണം ചട്ടം
കെട്ടി ചൊദിച്ച വിലകൊടുപ്പാൻതക്കവണ്ണം സമ്മതിച്ചി
രുന്നു: ഇങ്ങനെയൊക്കെയും ചട്ടംകെട്ടിയതിൻെറപിറെറ
ദിവസം നമ്മുടെപുണ്യവാളത്തികുർബാനകാൺകയിൽമാ
താവിൻെറ പള്ളിയൊടുചെന്ന വീട്ടുകളുടെ ഉടമ്പടി ഉ
പെക്ഷിച്ചതിനാൽ വലിയകലക്കവും, കുർബാന ഒരു സെ
റാഫെ മാലാക്കായെപൊലെ കണ്ടുവരുമാറായിരുന്ന പു
ണ്യവാളത്തിക്ക നിരൂപണ പകച്ചകളും വളരെ ഉണ്ടാ
യതിനാൽ കാരണം തിരിയാതെ സങ്കടപ്പെട്ടിരുന്നു. എ
ന്നാൽ ശുദ്ധ: കുർബാന കൈക്കൊൾവാൻ നെരമായപ്പൊ
ൾ തൻെറ ദിവ്യമണവാളനെ കൈക്കൊണ്ടു ആ ക്ഷണ
ത്തിൽതന്നെ „കന്യാസ്ത്രീ മാതാവിൻെറ പള്ളിയൊടുചെ
„ന്ന വീട്ടുകൾ ആകുന്നു നിനക്കു വെണ്ടുന്നത„ എന്ന ഈ
ശൊമിശിഹാ പുണ്യവാളത്തിയൊട അരുളിച്ചെയ്തു.

ഈ തിരുവചനങ്ങളെ കെട്ടാറെ പുണ്ണ്യവാളത്തിക്ക
കുറെ വിഷാദമുണ്ടായി അതെന്തെ ആ രണ്ടുപട്ടക്കാരുമ
ഈ താല്പൎയ്യത്തോടുകൂടെ ചെയ്ത ഉടമ്പടി അഴിക്കുന്നത കു
റെ പൊരാത്തതെന്ന തനിക്കുതൊന്നി: സൎവ്വെശ്വരൻ വീ
ണ്ടും „അവിടെഎന്തുമാത്രം ഉപദ്രവങ്ങൾ എന്നൊടുചെ
„യ്യപ്പെടുന്നുവെന്ന അവൾക്ക അറിയാമെല്ല, ഇതിനാൽ എ
„ന്നൊടുചെയ്യപ്പെടുന്ന ഉപദ്രവങ്ങൾക്ക ഒരുകഴിവുണ്ടാ
„കയും ചെയ്യും„ എന്നരുളി ചെയ്കയും ചെയ്തു. അപ്പൊ
ൾ (ശുദ്ധമാകപ്പെട്ട അമ്മയുടെ വചനങ്ങളാകുന്നു) „അ
„പ്പൊൾ ഫലങ്ങളിൽ നിന്ന സൎവ്വെശ്വരന്റെ തിരുവച
„നങ്ങളാകുന്നുവെന്നും തന്റെ അരൂപി യാകുന്നുവെന്നും
„പിശാചിന്റെതട്ടിപ്പ ഇതിലില്ലയെന്നും ഞാൻ നന്നായി
„ട്ടും, നിശ്ചയമായിട്ടും അറിഞ്ഞിരുന്നുവെങ്കിലും: ഇങ്ങനെ
„പറയുന്നവൻ തമ്പുരാനൊ, എന്ന കാറ്റുപൊലെ ഒരു
„സംശയം എന്റെ ബൊധത്തിൽ കടന്നു: സൎവ്വെശ്വരൻ
„ഞാൻതന്നെയാകുന്നുവെന്ന എന്നൊട അരുളിചെയ്കയു
„ഞ്ചെയ്തു. ഇതിനാൽ മുമ്പ എന്നെദുഃഖിപ്പിച്ചിരുന്ന വിഷാ
„ദവും മെഘവും നീങ്ങി നല്ലആശ്വാസം ഞാൻപ്രാപിക്ക
„യും ചെയ്തു„

നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ സൎവ്വെശ്വരനൊട ചെ
യ്യപ്പെടുന്നതിൽ ഒരുപാപദൊഷത്തിന്നുമാത്രം തടവുചെ
യ്യാമെന്നറിഞ്ഞിരുന്നാൽ ആയിരം പ്രാവശ്യം മരിപ്പാൻ
ആസ്ഥമായിരുന്നു: ഇതുനിമിത്തമായിട്ട സൎവ്വെശ്വരന്റെ
മെൽ ചൊല്ലിയ തിരുവചനങ്ങളാൽ മാതാവിന്റെ പ
ള്ളിയൊടുചെൎന്ന വീട്ടുകളെ വാങ്ങിച്ച അവിടെ ആശ്രമം
സ്ഥാപിച്ചാൽ എറിയ ദൊഷങ്ങൾക്ക തടവാകുമെന്ന ഗ്ര
ഹിച്ചതിനെ കൊണ്ട എങ്ങനെയെങ്കിലും ആ വീട്ടുകളെ
വാങ്ങിപ്പാൻ നിശ്ചയിച്ചു: താൻ ഉറപ്പില്ലാത്തവളാകുന്നു
വെന്ന കൊനഗന്മാര വിചാരിക്കുമെന്ന ഈ ന്യായത്തെ
കൂട്ടാക്കാതെ അവരുചെയ്ത രണ്ടാമത്തെ ഉടമ്പടി അഴിച്ചു

അതിൽനിന്ന മാറുവാൻ തക്കവണ്ണം അവരെ മനസ്സാക്കകയും വെണം. വിശെഷിച്ച തനിക്കുണ്ടാകുന്ന ദൈവരുളപ്പാടുകളെ പരഹസ്യമാക്കുന്നതിന്ന തടവുചെയ്യുന്ന തന്റെ ആഴപ്പെട്ട എളിമയെ ജയിക്കയും വെണം. ഇതുരണ്ടും ചെയ്താൽ സൎവ്വെശ്വരന്റെ തിരുമനസ്സുപൊലെ സകലവുംനടക്കുമെന്നുകണ്ട ചെയ്തതായത: റെയിനൊസൊ എന്ന കൊനഗനൊട്ടു കുമ്പസാരിച്ച കുമ്പസാരം വഴിയായിട്ട ഉണ്ടായ ദൈവവെളിപ്പാടും കല്പനയും അറിയിക്കാമെന്നീ പുണ്യപ്പെട്ട ഉപായം തന്റെഎളിമകണ്ടെത്തിയതിനാൽ അതിൻവണ്ണം ചെയ്കയും ചെയ്തു. ആദെഹം ഒട്ടും സംശയിക്കാതെ സൎവ്വെശ്വരന്റെതിരുമനസ്സിനെ നിറവെറുന്നതിന്ന ജാഗ്രതയൊടുകൂടെ ഉത്സാഹിച്ചതുടങ്ങിയതുകൂടാതെ സലീനസ എന്ന മറെറ പട്ടക്കാരനെയും ൟ അഭിപ്രായത്തിൽ വലിക്കയുംചെയ്തു. വിശെഷിച്ച സൎവ്വെശ്വരൻ തന്റെ പ്രിയപ്പെട്ട മണവാട്ടിയുടെ സഹായത്തിന്നഎപ്പൊഴും ആസ്ഥമായിരുന്നതുകൊണ്ട രണ്ടാമത്തെ വീട്ടിന്റെ ഉടയക്കാരനൊട്ടുചെയ്തിരുന്ന ഉടമ്പടിയിൽനിന്ന ന്യായമായിട്ട മാറുന്നതിന്ന ഇടക്കൂട്ടുകയും ചെയ്തു: അതെങ്ങനെയെന്നാൽ അവന്റെ മനസ്സു പൊലെയുള്ള വിലയും മറ്റുപല ഉപകാരങ്ങളുംകൊണ്ട തൃപ്തിയാകാതെ പിന്നെയും വിശെഷാൽമൂന്നൂറ ദുക്കാത്തികൊടുക്കണമെന്ന പറഞ്ഞ സിദ്ധാന്തിച്ചതിനാൽ ആ ഉടമ്പടിയിൽനിന്ന ഒഴിഞ്ഞ ദൈവമാതാവിന്റെപള്ളിയൊടുചെന്നരണ്ടുവീട്ടുകളെ വാങ്ങിക്കയും ചെയ്തു: വാങ്ങിച്ചുകഴിഞ്ഞവുടനെ മുമ്പിൽ ബഹു മൊശമായിട്ട തൊന്നിയിരുന്ന ൟ രണ്ടുവീട ആശ്രമത്തിന്ന എററം തക്കതായിട്ട കണ്ടതിനാൽ എല്ലാവരും പിശാചിന്റെ ചതിവ ബൊധിപ്പാൻ ഇടയാകയുംചെയ്തു.

ആ രണ്ടുവീട ആശ്രമഭാഷ യാക്കിയതിന്റെ ശെഷം കന്യാസ്ത്രീകൾ മഹാ ഘൊഷത്തൊട്ടുകൂടെ മുമ്പിലത്തെ

വനത്തിൽ നിന്ന ഠരം ഭവനത്തിലെക്ക പൊകണമെന്ന എത്രയും ഭക്തിയുള്ള മെല്പട്ടക്കാരനായ മെൻദൊസയെന്ന ദെഹത്തിൻെറ മനസ്സ, ആയതിന്ന നിശ്ചയിച്ചിരുന്നദിവസത്തിൽ അതായത ൧൮൪൧ ാം കാലം ശുദ്ധ.— കുമ്പാനയുടെ എട്ടാംനാളിൽ പട്ടണത്തിൻെറതെരുവീഥികളെ അലങ്കരിപ്പിച്ച കൊനഗന്മാരും, സന്യാസിസഭക്കൂട്ടങ്ങളും പട്ടണത്തിൻെറ അധികാരികളും എല്ലാവരുംകൂടി എത്രയും ഘൊഷമായിട്ടുള്ള പ്രദക്ഷണം ചെയ്കയും ചെയ്തു. പ്രദക്ഷണത്തിൻെറ ക്രമം അല്പമെങ്കിലും അറിവാൻ ആഗ്രഹിക്കുന്നവൎക്കവെണ്ടി ഇതാ കുറിക്കുന്നു. മെൽചൊല്ലിയ പള്ളിയുടെ മാതാവിൻെറരൂപം പ്രദക്ഷണത്തിൻെറ തലയ്ക്ക എഴുന്നെള്ളിച്ചിരുന്നു, അതിൻെറപുറകിൽ മെൻദൊസ മെത്രാനൊട്ടും റെയിനൊസൊ കൊനഗനൊടും നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ ഇവരുടെപുറകിൽ ആയാശ്രമത്തിൽ പാൎപ്പാനിരുന്ന കന്യാസ്ത്രീകളും സ്ഥാപിപ്പാനിരുന്ന സൊരീയ ആശ്രമത്തിന്നായിട്ട ശുദ്ധമാകപ്പെട്ട അമ്മ അവിടെ വരുത്തിയിരുന്ന മററ എഴ കന്യാസ്ത്രീകളും പട്ടണത്തിൻെറമുഖ്യപ്പെട്ട ആളുകളൊടുകൂടെ നടന്നിരുന്നു, കുടശി നാട്ടുവാഴിയുടെയും പുണ്യവാളത്തിയുടെ മഹാഭക്തിക്കാരനായിരുന്ന സെപരൊദെവെഗ എന്ന ദെഹത്തിൻെറയുംനടുവിൽ ആശ്രമത്തിൻെറ ശ്രെഷ്ഠത്തി ഠരംശൊടെ ഇസ്യവെല്ല എന്ന കന്യാസ്ത്രീ നടന്നിരുന്നു, സന്തൊഷവും ഭക്തിയും ആ പട്ടണവാസികളുടെ എല്ലാവരുടെമുഖത്തിൽ പ്രകാശിച്ചിരുന്നു, അവരുടെസന്തൊഷം ന്യായമുള്ളതാകുന്നുവെന്നും, ആകന്യാസ്ത്രീകൾ ദിവ്യമണവാളൻെറ വരവിന്ന അവരുടെ വിളക്കിനെ സൈത്ത നിറെച്ച ആസ്ഥമാക്കിയിരിക്കുന്നുവെന്നും വെളിപ്പെടുത്തുവാൻ സൎവ്വെശ്വരൻ തിരുമനസ്സായി: അതെങ്ങനെയെന്നാൽ പ്രദക്ഷണനെരത്ത എത്രയും വലിയ കാററ വിശിതുടങ്ങി, അതിനാൽ ശെഷമുള്ളവര പിടിച്ചിരുന്ന മെഴുകുതിരിയെ

ല്ലാം ആ ക്ഷണത്തിൽ കെട്ടുപൊയിയെങ്കിലും കന്ന്യാസ്ത്രീകൾ പിടിച്ചിരുന്ന മെഴുകുതിരി യാതൊന്നും കെട്ടു പൊകാതെ പ്രദക്ഷണത്തിന്റെ ഒടുക്കത്തൊളം കത്തുകയും ചെയ്തു: എന്നാൽ മെൽചൊല്ലിയിരിക്കുന്നതുപൊലെ ന്ത്രാദമാതാവിന്റെ എന്നുള്ള നാമധെയം പള്ളിക്കുണ്ടായിരുന്നതിനെകൊണ്ടു ഈ നാമധെയം മാററാതെയിരിപ്പാനും ആശ്രമത്തിന്റെ പ്രധാന അടിസ്ഥാനക്കാര നായിരുന്ന മാർയൌസെപ്പ പുണ്യപിതാവിന്റെ നാമധെയം കൂട്ടുന്നതിന്നും, ന്ത്രാദ മാതാവിന്റെ മാർ യൌസെപ്പ എന്ന് പെരുവിളിക്കയും ചെയ്തു. എന്നാലിതുപല്ലെൻസ്യ ആശ്രമം സ്ഥാപിച്ച സംഗതിക്കു മതിയാക്കിക്കൊണ്ടു നമ്മുടെശുദ്ധമാകപ്പെട്ടവൾ ഈ ആശ്രമത്തി ലായിരിക്കയിൽ നമ്മുടെ സഭക്കൂട്ടത്തിനും ശുദ്ധമാകപ്പെട്ട അമ്മ എറിയ ബുദ്ധിമുട്ടുകളാൽ സാധിച്ചതും, തനിക്കു വളരെ സന്തൊഷം വരുത്തിയതുമായ ഒരു കാൎയ്യം സംഭവിച്ചു: ആയതിന്റെ വിവരം ചുരുക്കത്തിൽ എങ്കിലും ഇവിടെ അറിയിപ്പാൻ ന്യായമായിരിക്കുന്നു. പതിനെട്ടാം അദ്ധ്യായത്തിൽ എഴുതിയിരിക്കും വണ്ണം നമ്മുടെ സഭയുടെ പെക്കായിട്ടു രണ്ടു പ്രൊക്കുരദൊരിമാര റൊമ്മയിൽ പൊയി ശുദ്ധ·– സിംഹാസനത്തിൻ മുമ്പാകെ കാൎയ്യം ബൊധിപ്പിച്ചാറെ ഈശൊമിശിഹായുടെവികാരിയായിരിക്കുന്ന ശുദ്ധ·– മാർപ്പാപ്പാ ദയയൊടെ അവരുടെ അപെക്ഷ കൈക്കൊണ്ടു മെലധികാരംമാത്രം കൎമ്മെലീത്ത സഭയുടെ ജെനെറാളിന്നു അനുവദിച്ചുകൊണ്ടു തനതുപ്രൊവിൻസ്യാളും പ്രിയൊരിമാരുംനിശ്ചയിച്ച കല്സാദിക്കാരുടെ പ്രൊവിൻസ്യാളിമാരിൽനിന്ന തിരിഞ്ഞ ഒരു പ്രത്യെകമുള്ള കൂട്ടമായിട്ടു തങ്ങളുടെ കാൎയ്യങ്ങളെ വിചാരിച്ചുനടത്തുന്നതിന്നു അനുവദിക്കയും ചെയ്തു. എന്നാൽ ആ യാണ്ടിൽതന്നെ കന്നിമാസത്തിന്റെ ഒടുക്കം രണ്ടു പ്രൊക്കുരദൊരിമാര സൌഖ്യമായിട്ടു ഹിസ്പാന്യയിൽ എത്തി യെങ്കിലും കാൎയ്യത്തിന്റെ ന്യ

ത്തലിന്ന നിയമിക്കപ്പെട്ടിരുന്നവരിൽ ഒരുത്തനായിരുന്ന
സിവീല്ല്യ മെത്രാപ്പൊലീത്ത വെഗത്തിൽ കാലംചെയ്കയാ
ൽ നമ്മുടെ സഭയുടെകാൎയ്യങ്ങളെ തനതുകാൎയ്യംപൊലെ
വിചാരിച്ചിരുന്ന രണ്ടാമത്തെ ഫില്ലിപ്പൊസു രാജാവ ശു
ദ്ധ.- മാർപ്പാപ്പായെ ബൊധിപ്പിച്ച സിവീല്ല്യ മെത്രാപ്പൊ
ലീത്തായൊട്ടു കൂടെ നിയമിക്കപ്പെട്ടവരായ തൊലെദൊ
മെത്രാപ്പൊലീത്തായിൽ നിന്നും, മെന്തൊസ എന്ന പല്ലെ
ൻസ്യ മെത്രാനിൽ നിന്നും ചുമതല മാററി മുൻ കൊമ്മി
സ്സാരി അപ്പൊസ്തൊലീക്കായായിട്ടു നിയമിക്കപ്പെട്ടവനാ
യ പത്രൊസു പെണ്ണാന്തസ് എന്ന ദൊമ്മിനിക്കൊസു പു
ണ്ണ്യവാളന്റെ സഭക്കാരനെ തിരുവെഴുത്ത നടത്തുന്നതി
ന്ന നിയമിപ്പാൻ അപെക്ഷിച്ചു: ശുദ്ധ.- മാർ പാപ്പാ രാ
ജാവിന്റെ അപെക്ഷപ്രകാരം അനുവദിച്ചു വെങ്കിലും
ദൊമ്മിനിക്കൊസുപുണ്ണ്യവാളന്റെ സഭക്കാരുടെയും ന
മ്മുടെസഭക്കാരുടെയും മഹാസങ്കടത്തൊട്ടുകൂടെ പത്രൊ
സു പെണ്ണാന്തസ് എന്ന മല്പാൻ വൃശ്ചിക മാസത്തിൽ ത
ന്റെ ശുദ്ധാന്തികരം ബുദ്ധിമുട്ടു കൾക്കമട്ടത്ത മൊക്ഷ സ
മ്മാനം കൈക്കൊള്ളുവാൻ പരലൊകത്തിലെക്ക പൊയ
തിനാൽ തിരുവെഴുത്ത നടത്തുന്നതിന്ന സംഗതി വന്നില്ല.
ഭക്തിയുള്ള രാജാവിന്റെ എരിവും താല്പൎയ്യവും കുറയാ
തെ വീണ്ടും ശുദ്ധ.- മാർപ്പാപ്പായ്ക്ക എഴുതി, തലവെര,
എന്ന നഗരിയിലെ ദൊമ്മിനിക്കൊസുസഭക്കാരുടെകൊ
വെന്തയുടെ പ്രിയൊരായിരുന്ന യൊഹന്നാൻ, ദെലാസ്,
ക്വെവാസ, എന്ന കീൎത്തിയുള്ള ദെഹത്തെ നിയമിപ്പാൻ
അപെക്ഷിച്ചതുപൊലെ ശുദ്ധ.- മാർപ്പാപ്പാ അനുവദിക്ക
യും ചെയ്തു. ആ ദെഹം ചുമതല എററ സാലസർ എന്നു
നമ്മുടെ ശ്രെഷ്ഠന്ന എഴുതി ദെസ്കാൾസു സഭക്കാരുടെ
മെൽ ശ്ലീഹായ്ക്കടുത്ത സ്ഥാനാപതിയിൽനിന്ന കിട്ടിയ അ
ധികാരം തീൎന്നിരിക്കുന്നുവെന്ന തിരിയപ്പെടുത്തിയതിന്റെ
ശെഷം നമ്മുടെ കൊവെന്തകളുടെ പ്രിയൊരിമാൎക്ക എ

പ്ലാവക്കും എഴുതി കൂട്ടുകാരരൊടുകൂടെ പുത്തൻപ്രൊവിൻസ്യാളിനെ തെരിഞ്ഞെടുക്കുന്നതിന്ന അപ്പൊല, ദെനാരസ, എന്ന നഗരിയിലെ നമ്മുടെകൊവെന്തയിൽ കൂടുവാൻതക്കവണ്ണം അറിയിക്കയും ചെയ്തു.

വിശെഷിച്ച യൊഗ്യതയുള്ള ആളിനെ ഈ സ്ഥാനത്തിന്ന തെരിഞ്ഞെടുക്കുന്നതിന്ന ആലൊചനസംഘക്കാൎക്കവെണ്ടിയ ദൈവവെളിവ കൊടുത്തരുളുവാൻ ഇടവിടാതെ സവെശപരനൊട പ്രാൎത്ഥിക്കുന്നതിന്നും, ആവശ്യമായ കുറിമാനങ്ങളും ന്യായപ്രമാണങ്ങളിൽ ചെയ്പാൻ തക്കസംഗതികൾ ഉണ്ടായിരുന്നാൽ ആയതും എഴുതി സംഘത്തിൻ മുമ്പാകെ അയെക്കുന്നതിന്നും നമ്മുടെ കന്യാസ്ത്രീയാശ്രമങ്ങൾക്കൊക്കെക്കും എഴുതുകയും ചെയ്തു. തന്റെ സഭയുടെ ഗുണത്തിന്മെലും രക്ഷമെലും എത്രയും ജാഗ്രതയുള്ള കാവല്ക്കാരനെപൊലെ താല്പൎയ്യപ്പെട്ടിരുന്ന നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ അഗതിസുഖം മരിച്ചവരുടെ ശെഷക്രിയകൾ മറ്റും പല കാൎയ്യങ്ങൾ സംബന്ധിച്ച പലസംഗതികളെ എഴുതിയറിയിക്കയും ചെയ്തു. അപ്പഴൊ കൊമ്മിസ്സാരി അപ്പൊസ്തൊലീക്ക നിശ്ചയിച്ച അപ്പൊല, ദെനാരെസ എന്ന നഗരിയിലെ കൊവെന്തയിൽ ചെന്നതിന്റെശെഷം സംഘക്കാരരിൽ പലരും, മന്ത്രര, കൊവെന്തയുടെ പ്രിയൊരായിരുന്ന ഈശൊടെ അന്തൊന്യൊ എന്നദെഹത്തെയും, മറ്റുപലരും പസ്യാന കൊവെന്തയുടെപ്രിയൊരായിരുന്ന ഈശൊമറിയത്തിന്റെ നിക്കൊലൊസ ദൊരിയ എന്നദെഹത്തെയും, തെരിഞ്ഞെടുപ്പാൻ മനസ്സായിരുന്നു: എന്നാൽകൊമ്മിസ്സാരി അപ്പൊസ്തൊലിക്കായുടെ അഭിപ്രായം ദെവമാതാവിന്റെ ഇറാണിമൊസു ഗ്രസ്യാനൊ എന്ന ദെഹത്തെ തെരിഞ്ഞെടുക്കണമെന്ന ആയിരുന്നു: അതിന്ന ആദെഹം പറഞ്ഞിരുന്നന്യായങ്ങൾ എന്തെന്നാൽ. ൧മത: ഗ്രസ്യാനൊ എന്ന ദെഹത്തിന്റെ പക്കൽ പലവിശെഷ ഗുണങ്ങളും പ്രാപ്തിയും ഉണ്ടായി

ടീകമ്പ. ൨ മത: യുദ്ധത്തിന്റെ കാലത്തിൽ തന്റെകൂട പ്പിറപ്പുകളെയും സഭയെയും രക്ഷിപ്പാനുള്ളതിന്ന വളരെ ബുദ്ധിമുട്ടുകളെ കഴിച്ചിട്ടുണ്ട. ൩ മത: വിശെഷിച്ച രാജാ വിന്റെ സെഗ്രത്താരിയുടെ മകനാകയാലും രാജാവ തന്റെ കാൎയ്യം പൊലെ നിങ്ങളുടെ സഭയുടെ കാൎയ്യംവിചാരിച്ച, ഇപ്പൊൾ കൂടിയ ഠരം സംഘത്തിനുള്ള ചിലവെല്ലാം രാജാവിന്റെ പെക്കായിട്ട കല്പിച്ചിരിക്കകൊണ്ടും രാജാവിനെ പ്രസാദിപ്പിപ്പാൻ ന്യായമായിരിക്കുന്നു: എന്ന ഠരം ന്യായങ്ങളാൽ ആവന്ദിക്കപ്പെട്ടസംഘത്തിൽ ൧൭൦൭ കാലം മീനമാസം ൧൰ാം തിയ്യതി കുറികൾ ഠരംശൊടെ അന്തൊന്യൊ എന്ന വാഴ്ത്തപ്പെട്ടവന്റെ പെരിലും, ഗ്രസ്യാനൊ എന്നദെഹത്തിന്റെപെരിലുമായിട്ട പകുക്കപ്പെട്ടവെങ്കിലും ദെവമാതാവിന്റെ ഇറാണിമൊസു ഗ്രസ്യാനൊ എന്ന ദെഹത്തിന്റെപെരിൽ ഒരുകുറി അധികംവീഴുകയും ചെയ്തു. ആയതിൻവണ്ണം ഠരം ദെഹം നമ്മുടെ സഭയുടെ കാനൊനയ്ക്കടുത്ത ഒന്നാമത്തെ പ്രൊവിൻസ്യാളും, ഠരംശൊടെ അന്തൊന്യൊ എന്ന വാഴ്ത്തപ്പെട്ടവൻ പ്രൊവിൻസ്യാളിന്നടുത്ത ഒന്നാമത്തെ ദെഫിനിത്തൊരും ആകയും ചെയ്തു,

ഠരം സംഗതിഹെതുവായിട്ട നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ അനുഭവിച്ചസന്തൊഷം അറിവാനും, ഇതുനിമിത്തമായിട്ട എഴുതിയ തന്റെ ഗുണദൊഷങ്ങൾക്ക ഠരം കാലത്തിൽ ജീവിക്കുന്ന തന്റെമക്കൾ ചെവികൊടുത്ത അവകൾക്ക തക്കതിൻവണ്ണം നടപ്പാനും ന്യായമായിരിക്ക കൊണ്ട പുണ്യവാളത്തിയുടെ വചനങ്ങളെ തന്നെ ഇവിടെ പൊരുൾതിരിച്ച ചെക്കയുമാം. അതെങ്ങനെയെന്നാൽ: "ഞാൻ പല്ലെൻസ്യ നഗരിയിൽ ആയിരിക്കയിൽ കം „ല്സാദി കമ്മെലീത്തക്കാരരിൽനിന്ന ദെസ്കാൾസുസഭക്കാ „ര തിരിഞ്ഞ തനതു പ്രൊവിൻസ്യാളിനെ തെരിഞ്ഞെടു „ത്ത നിശ്ചയിപ്പാൻ ഇടവരുന്നതിന്ന സൎവെശ്വരൻ തിരു

„മനസ്സായി: ഇത ഠരം ജീവിതകാലത്തിൽ നാംആഗ്രഹി
„പ്പാൻ വശമായിരുന്ന എററിക്കപ്പെട്ട സന്തൊഷങ്ങളി
„ൽ ഒന്നാകുന്നു: അതെന്തെ സൎവ്വെശ്വരന്റെ സ്തുതിക്കും
„നമ്മുടെ സഭയൊക്കയുടെയും സമാധാനത്തിന്നും ഗുണ
„ത്തിന്നും വളരെ ഉപകരിക്കുന്ന ഒരുകാൎയ്യമാകുന്നുവെന്ന
„അറിഞ്ഞിരിക്കുന്നു· നമ്മുടെ നാഥയായിരിക്കുന്ന തന്റെ
„ദിവ്യ മാതാവിന്റെ സ്തുതിക്കായിട്ടും ബഹുമാനത്തിന്നാ
„യിട്ടും ഇത്രസാരമുള്ള ഠരം കാൎയ്യത്തിന്ന അവസാനം വ
„രുവാൻ സൎവ്വെശ്വരൻ തിരുമനസ്സായി: ഇതമെൽചൊ
„ല്ലിയതിൻവണ്ണം ഇനിക്ക ഠരം ജീവിതകാലത്തിൽ അനു
„ഭവിപ്പാൻ പാടുള്ള സന്തൊഷങ്ങളിൽ വലിയ സന്തൊ
„ഷത്തിന്ന കാരണമായി· ദെസ്ക്കാൎസ്സ അച്ചന്മാര സഹി
„ച്ച വലിയദുഃഖങ്ങളെയും ഞെരുക്കങ്ങളെയുംബുദ്ധിമുട്ടുകളെ
„യുംഞാൻകണ്ടതിനാൽ ൨൭ വൎഷമായിട്ട ഞാനാഗ്രഹിച്ചു
„വന്നകാൎയ്യമിതായിരിക്കുന്നു, ആവിവരങ്ങളെല്ലാം എഴുതു
„വാൻ പ്രയാസം: നമ്മുടെ കൎത്താവിന്നുമാത്രം അവ ഒ
„ക്കയും കണ്ടു പിടിപ്പാൻ കഴിയും· നാം സഹിച്ച പാടുക
„ളെ വെണ്ടുംവണ്ണം അറിയാത്തവൎക്ക ഠരം കാൎയ്യം അവ
„സാനിച്ചതിനാൽ എന്റെഹൃദയം അനുഭവിച്ച സന്തൊ
„ഷത്തിന്റെഅവസ്ഥ തിരികയില്ല അതിൻവണ്ണംതന്നെ
„എല്ലാവരും സൎവ്വെശ്വരനെ സ്തുതിപ്പാനും ദെസ്ക്കാൎസ്സ
„കാരരുടെ ഠരം നമ്മുടെസഭയ്ക്കു ഇത്രവലിയ ഗുണംവരു
„ത്തുന്നതിന്ന സൎവ്വെശ്വരൻ പ്രയൊഗിച്ച ഠരം ശുദ്ധമാക
„പ്പെട്ട രാജാവ ദൊൻ, ഫിലിപ്പൊസിനെ നാം, എല്ലാ
„വരും സൎവ്വെശ്വരന്ന കാഴ്ചവെപ്പാനും എന്തൊരു എരി
„വുള്ള ആഗ്രഹം ഇനിക്കുണ്ടായി യെന്നും ആൎക്കും തിരിക
„യില്ല· ഇപ്പൊൾ കല്പാദിക്കാരരും ദെസ്ക്കാൎസ്സിയാകുന്ന
„നാമും എല്ലാവരും സമാധാനത്തൊടു കൂടെയിരിക്കുന്നു·
„സൎവ്വെശ്വരന്ന ചിററാഴ്മ ചെയ്യുന്നതിന്ന തടവുചെയ്വാ
„ൻ യാതൊന്നുമില്ല: എന്നതിനെകൊണ്ട സഹൊദരന്മാ

,,രും സഹൊദരികളുമായ കൂടപ്പിറപ്പുകളെ! എപ്പൊഴും
,,പുണ്യത്തിൽ നിലനില്ക്കുന്നതിന്ന ജപധ്യാനങ്ങളാൽ ന
,,മ്മെത്തന്നെ സഹായിക്ക: സൎവ്വെശ്വരന്ന എതിരൊട്ടുകൂ
,,ടെ ചിററാഴ്മ നാം ചെയ്യു. കണ്ടസാക്ഷിക്കാരാകുന്ന ഇ
,,പ്പൊളുള്ളവര സൎവ്വെശ്വരൻ നമുക്കചെയ്യ മനൊഗുണ
,,ങ്ങളെയും അവകളിൽനിന്ന നമ്മെരക്ഷിച്ചുവെന്ന സം
,,കടങ്ങളെയും കഷ്ടാനുഭവങ്ങളെയും നൊക്കി സൂക്ഷിക്ക
,,ട്ടെ: പിന്നാലെ വരുവാനിരിക്കുന്നവര സകലവും ക്രു
,,മത്തിന്നും സുഖത്തിന്നും തക്കതിൻവണ്ണം ഉള്ളതായി ക
,,ണ്ടെത്തുന്നതാകയാൽ പുണ്യ സാംഗൊപാംഗത്തിന്ന യാ
,,തൊരു കുറവു വരാതയിരിപ്പാൻ സൂക്ഷിക്കണമെന്ന ത
,,മ്പുരാന്റെ സ്നെഹത്തെ പ്രതി അവരൊടുഞാൻ അപെ
,,ക്ഷിക്കുന്നു. ആരംഭങ്ങൾ സ്തുതിക്കപ്പെടുന്നു, എന്നാൽ ഇ
,,പ്പൊഴത്തെ അവസ്ഥ മൊശമായി പൊയിയെന്ന ചില
,,സന്ന്യാസിസഭകളെ കുറിച്ച പറയപ്പെടുന്നത വരുവാൻ
,,ഇരിക്കുന്നവരെ കുറിച്ച പറയപ്പെടുന്നതിന്ന ഇടവരരു
,,തെ. ഇപ്പൊൾ നാം തുടങ്ങുന്നു, എന്നാൽ നമ്മളിൽ ഒ
,,രൊരുത്തൻ എപ്പൊഴും തുടങ്ങുവാനും, നന്മയിൽ മെല്ക്കു
,,മെൽ വൎദ്ധിപ്പാനും താല്പൎയ്യമായിരിക്കട്ടെ. പിശാച അ
,,ല്പമായ കുറ്റങ്ങൾ വഴിയായിട്ടക്രമെണ വലിയകുറ്റങ്ങ
,,ൾ കടപ്പാൻ തക്കവണ്ണം തുരപ്പണംകൊണ്ട തുളെച്ചുതു
,,ളെച്ച ദ്വാരങ്ങളെയുണ്ടാക്കുന്നുവെന്ന സൂക്ഷിപ്പിൻ: ഇതി
,,ൽ യാതൊരുമൊശമില്ല, ഇത സാരമുള്ളതല്ലയെന്നും മ
,,റെറാരുനാളും പറയല്ലെ: അതെത്രെ എത്രയും വലി
,,യമൊശങ്ങളും നാശങ്ങളും ആ ചെറിയ കുറ്റങ്ങളിൽ
,,തന്നെ ഉണ്ടായിരിക്കുന്നു. ആഃ മക്കളെ! മുന്നൊട്ട നട
,,ക്കാത്തപ്പൊഴൊക്കയും ചെതം എത്രയും എററിക്കപ്പെട്ടു
,,താകുന്നു: എത്രയൊ വെഗത്തിൽ സകലത്തിന്നും അററുതി
,,യുണ്ടാകുമെന്നും, ൟ ശുദ്ധമാകപ്പെട്ടസഭയ്ക്കു സൎവ്വെശ്വ
,,രൻ നമ്മെ വിളിച്ചതിനാൽ എത്രയൊ വലിയ മനൊ

,,ള്ളണം നമുക്ക ചെയ്യുവെന്നും, ഇതിന്റെ ക്രമത്തിന്റെ
,,കാല്പിൽ വല്ല അഴിവിന്ന കാരണമാകുന്നവൻ എത്രവ
,,ലിയ ദുരിതമനുഭവിക്കുമെന്നും ഒക്കണമെന്ന നമ്മുടെക
,,ൎത്താവിന്റെ സ്നെഹത്തെപ്രതി നിങ്ങളൊട്ടു ഞാനപെ
,,ക്ഷിക്കുന്നു. നമ്മുടെ കാരണവന്മാരായിരിക്കുന്ന ആ ശു
,,ദ്ധമാകപ്പെട്ട ദിവ്യന്മാരെ എപ്പൊഴും നൊക്കി സൂക്ഷി
,,ക്കണമെ: ൟ ശുദ്ധമാകപ്പെട്ട ഉടുപ്പിനെ ധരിച്ചപുണ്യ
,,വാളന്മാര ആകാശ മൊക്ഷത്തിൽ വളരെയുണ്ട: അവ
,,രെപൊലെ നാമും ആകുവാൻ ശുദ്ധമാകപ്പെട്ട ഒരു ജ
,,നിവ നമുക്കുണ്ടാകട്ടെ. കൂടപ്പിറപ്പുകളെ യുദ്ധം വെഗം
,,കഴിഞ്ഞുപൊകും, എന്നാൽ ജയത്തിന്നുള്ള സമ്മാനം എ
,,ന്നന്നെക്കും നിശ്ചയം ചെയ്യും. ഉപകാരമില്ലാത്ത ൟ
,,പ്രപഞ്ച കൂട്ടങ്ങളെ നാം വെറുത്തുപെക്ഷിച്ച അറുതി
,,യില്ലാത്ത നമ്മുടെഗതിയായിരിക്കുന്ന സൎവ്വെശ്വരനെ അ
,,ധികമധികം സ്നെഹിപ്പാനും, തനിക്ക ശുശ്രൂഷ ചെയ്യാ
,,നും തക്കതായിരിക്കുന്ന കൂട്ടങ്ങളുടെമെൽ നമ്മുടെപക്ഷ
,,വും താല്പൎയ്യവും ഉണ്ടായിരിക്കട്ടെ. കടശി നിത്യമായി
,,തന്നൊടുകൂടെ നാം ജീവിപ്പാനുള്ളവരാകുന്നുവെന്ന ഒ
,,ൎത്തുകൊൾവിൻ. ആമ്മെൻ,,

## ഇരുപത്തൊന്നാം അദ്ധ്യായം.

നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ സൊറിയ ആശ്രമം സ്ഥാപിച്ച വൎത്തമാനവും, അതിന്നിടയിൽ തന്റെ കല്പനപ്രകാരം ൟശൊടെഅന്നാ ഗ്രനാത്ത അശ്രമം സ്ഥാപിച്ചവിവരവും. മറ്റുചില സംഗതികളും ഇതിൽ അടങ്ങിയിരിക്കുന്നു.

൧൫൬൨ാം ആണ്ടിൽ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ

ത്തിന്റെ താല്പൎയ്യത്താലും, ഗുണദൊഷങ്ങളാലും; വലിയ
ദൊലിദെ, സല്ലമാൻക്ക, എന്ന രണ്ടു നഗരികളിൽ പുരു
ഷന്മാരുടെ രണ്ടു കൊവെന്ത സ്ഥാപിക്കുന്നതിന്ന കാരണ
മായതുക്രുടാതെ തന്റെ പെണ്മക്കളായ കന്ന്യാസ്ത്രീകൾക്കു
താൻതന്നെ ഒരാശ്രമം സ്ഥാപിക്കയും ചെയ്തു·

എന്നാൽ നമ്മുടെശുദ്ധമാകപ്പെട്ട അമ്മ തൊലെദൊ
പട്ടണത്തിലെ ആശ്രമത്തിൽ പാൎത്തിരുന്നപ്പൊൾ, തൊ
ലെദൊ എന്ന പട്ടണത്തിലെ പ്രധാന പള്ളിയുടെ കൊ
നെഗൊ ആയിരുന്ന ശാസ്ത്രവും പുണ്ണ്യവുമുള്ള ദൊൻ അ
ലൊൻസൊ വെലാസ്കു എസ എന്ന ദെഹം പുണ്ണ്യവാള
ത്തിയുടെ ആത്മഗുരുവായിരുന്നു· ൟദെഹം മഹാ താല്പ
ൎയ്യത്തൊടുക്രുടെ എറിയകാലത്തെക്കു നമ്മുടെ ശുദ്ധമാക
പ്പെട്ടവളെ സഹായിക്കയും ആശ്വസിപ്പിക്കയും ചെയ്തുക്രു
ടാതെ സംശയങ്ങളെയും ഭയങ്ങളെയും വെണ്ടുംവണ്ണം
നീക്കി ധൈൎയ്യപ്പെടുത്തുകയും ചെയ്തുവന്നിരുന്നു· നമ്മുടെ
ശുദ്ധമാകപ്പെട്ട അമ്മയുടെ അതിശയമായ പുണ്ണ്യ സാം
ഗൊപാംഗം പത്തും പത്തായി ഗ്രഹിച്ചിരുന്നതിനാൽ പു
ണ്ണ്യവാളത്തി ആ പട്ടണത്തിൽനിന്ന വാങ്ങി മറ്റൊരൊ
രു ദെശങ്ങളിൽ സഞ്ചരിച്ചുവന്ന കാലങ്ങളിലും ൟദെ
ഹം മഹാപക്ഷത്തൊടെ പുണ്ണ്യവാളത്തിയെ ഒൎത്തുവന്നി
രുന്നു: ഇതുഹെതുവായിട്ട ഒസ്മ, എന്ന ദിക്കിന്റെ മെത്രാ
നായ ഉടനെ തന്റെ ക്രുപതയിൽ നമ്മുടെ പുണ്ണ്യവാള
ത്തിയുടെ ഒരാശ്രമം സ്ഥാപിപ്പാൻ മഹാ താല്പൎയ്യമുണ്ടാ
യിരുന്നുവെംകിലും പിച്ചക്കാരരുടെ പിതാവായിരുന്നതി
നാൽ സകലവും ദാനധൎമ്മമായിട്ടു കൊടുത്തുവന്നിരുന്നു:
ഇത നിമിത്തമായിട്ടു കന്ന്യാസ്ത്രീ യാശ്രമം സ്ഥാപിക്കുന്ന
കാൎയ്യത്തിന്റെ സഹായംചെയ്വാൻ പാങ്ങില്ലാതെ സങ്കടപ്പെ
ട്ടിരുന്നു: എന്നാൽ സൎവ്വെശ്വരൻ ൟ പുണ്ണ്യപ്പെട്ട ദെഹ
ത്തിന്റെ അനുഗ്രഹങ്ങളെ വൃൎത്തിവരുത്തുവാൻ തിരുമനസ്സാ
യി, അതെങ്ങനെയെന്നാൽ ൟ ദെഹത്തിന്റെ ക്രുപത

യിൽ ഉൾപ്പെട്ട സൊരീയ എന്ന നഗരിയിൽ പാൎത്തിരുന്ന നവാറ, രാജാക്കന്മാരുടെ വംശക്കാരത്തിയായ ദൊന്ന ബെഅത്രീച്ചെ ബെയ മൊന്തെ എന്ന വൈധവി സ്ത്രീ മഹാസമ്പത്തുള്ളവളും സന്തതിയില്ലാത്ത വളുമായിരുന്നു, ഇവൾ മെത്രാനൊട്ടു കുമ്പസാരിച്ചു വരികയിൽ ഒരു കുന്യാസ്ത്രീയാശ്രമം സ്ഥാപിക്കുന്നതിന്ന നിയൊഗിച്ചിരുന്ന വൎത്തമാനം ആ ദെഹത്തൊട്ടു പറഞ്ഞു: എന്നാൽ മെത്രാൻ നമ്മുടെ പുണ്യവാളത്തി സ്ഥാപിച്ചു വന്നിരുന്ന ആശ്രമങ്ങളിൽ നടന്നിരുന്ന വിശെഷപുണ്യസാംഗൊപാംഗത്തിന്റെ ദൃഷ്ടാന്തങ്ങളെ കൊണ്ട പല നഗരിവാസികൾക്കു സിദ്ധിച്ചിരുന്ന എണ്ണമില്ലാത്ത നന്മകളെ അവരുടെ കണ്ണുമ്പാകെ വെച്ചു കൎമ്മെലീത്ത ദെസ്കാൾസു കന്യാസ്ത്രീകളുടെ ഒരു ആശ്രമം സ്ഥാപിച്ച അവരുടെ നഗരിവാസികൾ ഇങ്ങനെയുള്ള നന്മൊപകാരങ്ങളെ അനുഭവിക്കുന്നതിന്ന ഇടകൂട്ടുവാൻ അവരെ മനസ്സാക്കുകയും ചെയ്തു. പുണ്യപ്പെട്ട സ്ത്രീയായിരുന്ന മെൽചൊല്ലിയ ദൊന്ന ബെഅത്രീച്ചെയെന്നവൾക്ക മഹാതാല്പൎയ്യവും എരിവും കൊണ്ടതിനാൽ എത്രയും വെഗത്തിൽ ൟ കാൎയ്യം നിറവെറ്റുവാൻ മെത്രാനൊട അപെക്ഷിച്ചു തുടങ്ങി: ആ ദെഹവും ഒട്ടും അമാന്തിക്കാതെ അടുത്ത നഗരിയായ പല്ലെൻസ്യായിൽ താമസിച്ചിരുന്ന നമ്മുടെ പുണ്യവാളത്തിക്ക എത്രയും ആചാരമുള്ള ഒരെഴുത്ത എഴുതി വിവരങ്ങളെയെല്ലാം അറിയിച്ചതു കൂടാതെ പുണ്യവാളത്തിക്ക സമ്മതമുണ്ടായിരുന്നാൽ കൂട്ടിക്കൊണ്ടുപൊരുന്നതിന്ന വെണ്ടുന്ന വണ്ടിമുതലായതൊക്കയും അയെക്കാമെന്നും മെത്രാനെഴുതുകയും ചെയ്തു. ആയെഴുത്ത പുണ്യവാളത്തിയുടെ കൈയിൽ കിട്ടിയപ്പൊൾ പല്ലെൻസ്യ നഗരിയിൽ, പ്രൊവിൻസ്യാളും നിക്കൊലൌസ ദൊരീയ എന്ന വാഴ്ത്തപ്പെട്ടവനും ചെന്നിട്ടുണ്ടായിരുന്നു: പുണ്യവാളത്തി ൟ കാൎയ്യംകൊണ്ട അവരൊട്ടു ഗുണദൊഷം ചൊദിക്കയിൽ അപെക്ഷ കൈ

ക്കൊള്ള പ്പെട്ടുവാൻ തക്കതാകുന്നുവെന്ന അവരു പറക
കൊണ്ട പുണ്യവാളത്തി താൻ തന്നെ മറുപടി യെഴുതി,
മെത്രാൻ കാണിച്ച താല്പൎയ്യത്തിന്നും ചെയ്ത വുപകാരത്തി
ന്നും വെണ്ടുന്ന ഉപകാരസ്മരണ ചെയ്തിട്ട സൊരീയ നഗ
രിയിൽ ആശ്രമം സ്ഥാപിക്കുന്നതിന്ന തനിക്കസമ്മതവും
സന്തൊഷവുമായിരിക്കുന്ന പ്രകാരവും എഴുതുകയും ചെ
യ്തു. അതിന്നുവെണ്ടുന്ന കന്യാസ്ത്രീകളെ സെഗൊവിയ മെ
ദീന എന്ന രണ്ട ആശ്രമങ്ങളിൽ നിന്ന തെരിഞ്ഞെടുക്ക
യുഞ്ചെയ്തു. എഴുപെരായിരുന്നതിൽ പുണ്യവാളത്തി ശ്രെ
ഷ്ഠത്തിയായിട്ട നിയമിച്ച മിശിഹായുടെ കത്തരീന യെന്ന
കന്യാസ്ത്രീ ഒരു സൂൎയ്യനെപൊലെ പ്രകാശിച്ചിരുന്നു. എ
ന്നാൽ പ്രൊവിൻസ്യാൾ മൂപ്പൻപാദ്രി ശ്രെഷ്ഠത്തിയുടെ
പെരുകെട്ടപ്പൊൾ എഴുത്തറിയാമെലായെന്നുപറഞ്ഞ ത
ന്റെവിസ്സമ്മതം കാണിച്ചു, അപ്പൊൾ നമ്മുടെ ശുദ്ധമാ
കപ്പെട്ട അമ്മ ഭൃഹാദക്കദശാ തമ്പുരാന്റെ പ്രത്യെകമു
ള്ളവെളിവാലെ ഉത്തരിച്ചതായത "എന്റെഅച്ചാ മിശി
„ഹായുടെ കത്തരീന തമ്പുരാനെ സ്നെഹിപ്പാൻ വളരെ
„പഠിച്ചിട്ടുണ്ട, വലിയപുണ്യവാളത്തിയുമാകുന്നു, വലിയ
„പുണ്യസാംഗൊപാംഗത്താൽ അലങ്കരിക്ക പ്പെട്ടവളുമാ
„കുന്നു. അപ്പഴൊ നല്ലവണ്ണം ഭരിപ്പാൻ മറ്റൊയാതൊന്നും
„വെണ്ട ഇതുതന്നെ വെണ്ടുവൊളം മതിയായിരിക്കുന്നു,„
പ്രൊവിൻസ്യാൾ ശുദ്ധമാകപ്പെട്ട തന്റെ അമ്മയുടെ അ
വസ്ഥ മതിയാകുംവണ്ണം ഗ്രഹിച്ചിരുന്നതിനെകൊണ്ടും, ന
മ്മുടെ ദിവ്യ രക്ഷനാഥൻ തന്റെതിരുസ്സഭയെ ഭരിപ്പാൻ
മാർ പത്രൊസിനെ കല്പിപ്പാൻ നിശ്ചയിച്ചപ്പൊൾ ഇയാ
ൾ എഴുത്തു പഠിച്ചിട്ടുണ്ടൊയെന്ന പരീക്ഷിക്കാതെ തന്നെ
സ്നെഹിക്കുന്നുണ്ടൊ എന്നുമാത്രമെ പരീക്ഷിച്ചൊള്ളു എന്നു
പക്ഷെ പ്രൊവിൻസ്യാൾ ഒൎത്തുകൊണ്ടും ഉടനെ പുണ്യ
വാളത്തിയുടെ തെരിഞ്ഞെടുപ്പിന്മെൽ സമ്മതിക്കയും ചെ
യ്തു. എന്നാൽഇതാ വെറിട്ടൊരു വിഘ്നം, മിശിഹായുടെ

കത്തരീന മെദീന ആശ്രമത്തിൽ ആയിരുന്നു: ഠരംവൎത്തമാനം കെട്ടപ്പൊൾ എളിമയെന്ന പുണ്യത്തെ രക്ഷിപ്പാൻവെണ്ടി ഭ്രാന്തിയായിയെന്ന ശെഷംപെരു വിശ്വസിപ്പാൻതക്കവിധത്തിൽ വിഢ്ഢിപറകയും കൊഞ്ഞകാണിക്കയും ചെയ്യുതുടങ്ങി: എന്നാൽ ഠരം എത്രയും പുതുമയായിട്ടുള്ള ഉപായം അവൾക്ക ഫലിച്ചില്ല, അതെന്തെ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ പല്ലെൻസ്യ നഗരിയിൽ വസിച്ചിരുന്നാല്യം ദൈവവെളിപ്പാടാൽ തന്റെഎളിമയുള്ള മകളുടെ ദീനത്തിന്റെ അവസ്ഥ അറിഞ്ഞ കീഴ്പ്പെഴഞ്ഞുവാൻ ഒരു കല്പന എഴുതി കൊടുത്തയച്ചു: പുണ്യവാളത്തിയുടെ കല്പന മെദീന ആശ്രമത്തിൽ എത്തി, മിശിഹായുടെ കത്തരീന അതിനെ വായിച്ചറിഞ്ഞവുടനെ പൈത്യത്തിന്ന ഭെദംവരികയുംചെയ്തു: അമ്മയുടെ മനസ്സിന്നവഴങ്ങി തന്റെകുരിശിനെ തൊളിന്മെൽ എടുപ്പാൻ പൊകുന്നതിന്ന ഉടനെ യാത്രയ്ക്കു പുറപ്പെടുകയും ചെയ്തു.

എരിവുള്ള ഭക്തിക്കാരനും മഹാശുദ്ധാന്തിക്കാരനുമായ മൊൻസിഞ്ഞാർ വെലാസ്കുഎസ, പുണ്യവാളത്തിയുടെ എഴുത്ത കൈപററിയ വുടനെ പുണ്യവാളത്തിയെ സൊരീയ നഗരിയിലെക്ക ക്രുട്ടികൊണ്ടുപൊകുന്നതിന്ന നല്പതിൽ ഒരുവണ്ടിയും ആദെഹത്തിന്റെ കപ്പളൊൻ എന്ന പട്ടക്കാരനെയും, വഴിയിൽ ആവശ്യമുള്ളതെല്ലാം അനെഷിച്ച പുണ്യവാളത്തിയെ സന്ധിച്ചു രക്ഷിക്കുന്നതിന്ന ചക്കൊനെ എന്നപെരായ ഒരു കാൎയ്യസ്ഥനെയും പല്ലെൻസ്യനഗരിയിലെക്ക അയക്കയുംചെയ്തു. ഠരംദെഹത്തിന്റെ താല്പൎയ്യത്തിന്ന തക്കതിൻവണ്ണം പുണ്യവാളത്തിയുടെനെരെ ഒട്ടും കുറയാത്ത പക്ഷക്കാരനും വണക്കമുള്ളവനുമായ അല്പരൊ മെൻദൊസ എന്നമെത്രാനും വെണ്ടുന്ന സുഖത്തൊടുക്രുടെ പുണ്യവാളത്തിയെ സൊരീയനഗരിയിൽ ക്രുട്ടികൊണ്ടു പൊയാക്കുന്നതിന്ന പത്രൊസു റിബെര എന്ന തന്റെകാൎയ്യസ്ഥനെ ക്രുട്ടി വഴിയാത്രയിൽ ശുദ്ധമാക

പ്പെട്ട അമ്മയുടെ സൈന്യത്തിന്റെ തന്നെയല്ല പിന്നെയൊ തന്റെസന്തൊഷത്തിന്നും കൂടെയും വെണ്ടുന്നതെല്ലാം അ നെപക്ഷിച്ച മഹാ താല്പൎയ്യത്തൊടുകൂടെ സന്ധിപ്പാൻ കല്പിക്കയും ചെയ്തു.

ഇങ്ങിനെയുള്ള സുഖങ്ങളൊക്കയൊടുംകൂടെ പുണ്യവാളത്തി എഴു കന്യാസ്ത്രീകളൊടുംസൻ വൎത്തുല്യമ്മായുടെ അന്നാ എന്ന തന്റെ കൂട്ടുകാരത്തിയൊടും നിക്കൊലൈനൂസ ദൊരീയ എന്ന നമ്മുടെ വാഴ്ത്തപ്പെട്ടവനൊടും ദൈവമാതാവിന്റെ ആഹാ എലീശാ എന്ന അള്ളെനി ദൎശനക്കാരനൊടുംമെൽചൊല്ലിയ മെത്രാന്മാരുടെ ആളുകളൊടും കൂടെ ൧൫൮൧ാം കാലം ഇടവമാസം കഴിയാറായപ്പൊൾപല്ലെൻസ്യനഗരിയിൽനിന്ന യാത്രപുറപ്പെട്ടു മിഥുനമാസം ൩ാം തിയ്യതി സൊരീയ നഗരിയിൽ എത്തുകയുംചെയ്തു. എന്നാൽ പൊകുന്ന വഴിയിൽ മെത്രാൻ പാൎത്തിരുന്ന അരമനയുടെ അരികിൽ ചെന്നപ്പൊൾ പുണ്യപ്പെട്ട വെലാസ്കൂഎസ ഹൃദയത്തിന്റെമഹാ തെളിവൊടുകൂടെ ജെനെലയിൽനിന്ന നൊക്കിയിരുന്നപ്രകാരം ശുദ്ധമാകപ്പെട്ട അമ്മ അറിഞ്ഞാറെ വണ്ടിയുടെ തിരശീലകളെ നീക്കിച്ചു താനും തന്റെ മക്കളായ കന്യാസ്ത്രീകളും മുട്ടുകുത്തി ആദെഹത്തിനൊട ഇടയന്നടുത്ത വാഴ്വ അപെക്ഷിച്ചു, എത്രയും ഭക്തിയുള്ള മെല്പട്ടക്കാരൻ ഹൃദയത്തിന്റെ പൂൎണ്ണ സന്തൊഷത്തൊടും സന്തൊഷത്തിന്റെ ആധിക്യത്താലുള്ള കണ്ണുനീരുകളൊടും കൂടെ അതിനെ കൊടുക്കയും ചെയ്തു. ഇങ്ങിനെയുള്ള ജ്ഞാനസന്തൊഷങ്ങളൊടുകൂടെ ഒരു സങ്കടം നമ്മുടെ പുണ്യവാളത്തി അനുഭവിച്ചു: അതായത എററം മുഖ്യപ്പെട്ട തറവാട്ടുകാരരൊക്കയും തങ്ങളെയും കുതിരകളെയും ഘൊഷത്തിന്നടുത്ത ചമയങ്ങളാൽ അലങ്കരിപ്പിച്ച എറിയ പട്ടസുഖക്കാരരൊടും വലിയ പുരുഷാരത്തൊടുംകൂടെ പുണ്യവാളത്തിയെ എതിരെല്പാൻ ചെന്ന ഇടവിടാതുള്ള ആൎപ്പുവിളികളാൽ പുണ്യവാളത്തിയെയു

കന്ന്യാസ്ത്രീകളെയും വാഴ്ത്തിയിരുന്നു· ദൊന്ന ബെ അത്രിച്ചെ എന്ന ഉത്തമസ്ത്രീയും മഹാശയൊടുകൂടെ പുണ്ണ്യവാളത്തിയെ പാൎത്തിരുന്നു: അവരുടെവീട്ടിൽചെന്നാറെ ലൊകാചാരത്തിന്നടുത്തതിനെ തികെക്കുന്നതിന്നുമുമ്പിൽ സവെശപരനൊടു തന്റെ നന്ദികാട്ടുവാൻ ന്യായമായിരിക്കുന്നുവെന്ന ശുദ്ധമാക്കപ്പെട്ടഅമ്മ വെണ്ടുംവണ്ണംബൊധിച്ചിരുന്നതിനെകൊണ്ടതൽക്കാലത്തിൽ പള്ളിക്കായിട്ടു ആസ്ഥമാക്കിയിരുന്ന ഒരുശാലയിൽ വിശെഷമായിട്ടു അലങ്കരിക്കപ്പെട്ട ഒരുത്രൊണൊസിനെ തന്റെ ആത്മതെളിവൊടുകൂടെ പുണ്ണ്യവാളത്തികണ്ടു അതിന്റെമുമ്പാകെ താനും ശെഷംകന്ന്യാസ്ത്രീകളും ചെന്നുമുട്ടുകുത്തി നിലത്തു മുത്തിയതിന്റെശെഷം കുറെ നെരത്തെക്ക നമസ്കരിക്കയും ചെയ്തു: എന്നതിന്റെശെഷം എഴുന്നെറ്റ ദൊന്ന ബെ അത്രിച്ചെ എന്ന ഉത്തമസ്ത്രീയുടെപക്കൽചെന്ന മഹാപക്ഷത്തൊടെ അവളെതഴുകി കൎമ്മെലൊ മാതാവിന്റെ സ്തുതിക്കായിട്ടു ചെയ്യുതിനെകുറിച്ച നന്ദിയറിഞ്ഞ സ്തൊത്രം ചെയ്കയും ചെയ്തു: അപ്പൊൾ പുണ്ണ്യപ്പെട്ട ഒരുമത്സരം തമ്മിൽ തമ്മിൽതുടങ്ങി, നമ്മുടെപുണ്ണ്യവാളത്തി ദൊന്ന ബെ അത്രിച്ചെ എന്നവരുടെ കൈമുത്തുവാൻ ഭാവിച്ചു: ആ ഉത്തമ സ്ത്രീ സമ്മതിക്കാതെ പുണ്ണ്യവാളത്തിയുടെ കൈ മുത്തുവാൻ പ്രയാസപ്പെട്ടു: ആരുജയിച്ചുവെന്ന വിവരമില്ല· അതിന്റെ ശെഷം തന്നെ സല്ക്കരിപ്പാനായിട്ടു ആ വീട്ടിൽകൂടിയിരുന്ന എറിയമാടമ്പികളെയും മാടമ്പിസ്ത്രീകളെയും നൊക്കി തന്റെ സഭയ്ക്കുചെയ്ത ബഹുമാനത്തെ കുറിച്ച മഹാചാരത്തൊടും അടക്കത്തൊടും കൂടെ ഉപകാരസ്മരണ ചെയ്കയും ചെയ്തു·ആ ബഹുമാനപ്പെട്ട ആളുകൾ നമ്മുടെപുണ്ണ്യവാളത്തി സന്ന്യാസമുറകളെയും ചട്ടങ്ങളെയും അശുദ്ധമാക്കാതെയും അതിനൊടു മറുതലിക്കാതെയും ലൊകാചാര മുറകളെ എത്രയൊ സാമൎത്ഥ്യത്തൊടുകൂടെ നിറവെറ്റുന്നുവെന്നു കണ്ടാറെ അതിശയപ്പെടുകയും ചെയ്തു·

എന്നാൽ ആ മാടമ്പികളും മാടമ്പി സ്ത്രീകളും പൊയിട്ട ദൊന്ന ബെ അത്രീച്ചെ എന്ന ഉത്തമസ്ത്രീയൊടു കൂടെ സംസാരിച്ചിരിക്കയിൽ മെത്രാനും ദൊൻ ജൊവാന്നി ദെ കുസ്തീല്ല്യ എന്ന കീൎത്തിപ്പെട്ട മാടമ്പിയും പുണ്ണ്യവാളത്തിയെ കാണ്മാനായിട്ട ചെല്ലുകയും ചെയ്തു, എത്രയും ബഹുമാനപ്പെട്ട ൟ ആളുകളൊടും വെണ്ടുന്ന സല്ക്കാരവും ആചാരങ്ങളൊക്കയും ശെഷം കന്ന്യാസ്ത്രീകളുടെ പെൎക്കായിട്ടും നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ ചെയ്താറെ, പിറെറദിവസം അവിടെ ചെന്ന കുബ്ബാന ചൊല്ലികൊണ്ട കന്ന്യാസ്ത്രീകൾക്ക ശുദ്ധ — കുബ്ബാന കൊടുക്കാമെന്ന മെത്രാൻ പറഞ്ഞൊപ്പു ചെയ്തു, നിക്കൊലെനൂസ എന്ന വാഴ്ത്തപ്പെട്ടവനെയും ആഹാഎലീശായെയും കൂട്ടികൊണ്ടുപൊകയും ചെയ്തു. ൟ വാക്കുംപ്രകാരം പിറെറദിവസം ശുദ്ധമാകപ്പെട്ട അമ്മയുടെ ചില സംശയങ്ങളെ കുമ്പസാരം വഴിയായിട്ട കെട്ട ആശ്വസിപ്പിക്കയും ശെഷം കന്ന്യാസ്ത്രീകൾ നിക്കൊലെനൂസ എന്ന വാഴ്ത്തപ്പെട്ടവനൊട കുമ്പസാരിക്കയും ചെയ്തതിന്റെ ശെഷം മെത്രാൻ കുബ്ബാന ചൊല്ലി ശുദ്ധമാകപ്പെട്ട അമ്മെയ്ക്കും കന്ന്യാസ്ത്രീകൾക്കും ശുദ്ധ. — കുബ്ബാന കൊടുക്കയുംചെയ്തു: ഇതിനാൽ ആശ്രമം സ്ഥാപിക്കപ്പെട്ടതുപൊലെയാകയുംചെയ്തു. അന്ന [illegible] കാലം മിഥുന മാസം ൩ാം തിയ്യതിയായിരുന്നു. എന്നാൽ പിന്നീട ശുദ്ധ. — ത്രിത്വത്തിന്റെ നാമധെയത്തിൽ പണിചെയ്യപ്പെട്ട ഒരുപള്ളി മെത്രാൻ ശുദ്ധമാകപ്പെട്ട അമ്മയ്ക്കു ഒഴിഞ്ഞു കൊടുക്കയും അതിനൊട്ടു ചെൎന്നതായിട്ട ദൊന്ന ബെ അത്രീച്ചെ എന്ന യജമാനസ്ത്രീയുടെവക ഒരു വീടും ആശ്രമഭാഷയാകുന്നതിന്ന പണവും ഇവരകൊടുക്കയും ചെയ്കതിനാൽ ആ പണികൾ ഒക്കയും തീൎന്നതിന്റെ ശെഷം മുമ്പിലത്തെ ഭവനത്തെ വിട്ട ഇതിലെക്ക മഹാ ഘൊഷത്തൊടു കൂടെ പൊകയും ചെയ്തു: എന്നതിനെ കൊണ്ട ആ യാശ്രമത്തിന്ന ശുദ്ധ. — ത്രിത്വത്തിന്റെ

നാമധെയമാകയും ചെയ്തു.

ഇതിൻവണ്ണം യാതൊരു ഞെരുക്കവും വിരൊധവും
ബുദ്ധിമുട്ടുംകൂടാതെ ൟയാശ്രമം സ്ഥാപിക്കപ്പെട്ടതിനാ
ൽ പാടുകളുടെ സ്നെഹക്കാരത്തിയായിരുന്ന നമ്മുടെശുദ്ധ
മാകപ്പെട്ടഅമ്മയ്ക്കു നല്ലസന്തൊഷവും തൃപ്തിയുമില്ലാഞ്ഞു,
എന്നതന്നെയുമല്ല പിന്നെയൊ പിശാച അവൻെറപതി
വായതന്ത്രങ്ങളെ പ്രയൊഗിക്കായ്കകൊണ്ട ൟ ആശ്രമം
കൊണ്ട സവെ്ശ്ശ്വരന്ന സ്തുതിയുണ്ടാകുമൊ എന്ന സംശ
യമായിട്ട നമ്മുടെപുണ്യവാളത്തി ചിലസമയങ്ങളിൽ പ
റഞ്ഞു വന്നിരുന്നു. എന്നാൽ താമസംകൂടാതെ സവെ്ശ്ശ്വ
രൻ തൻെറ മണവാട്ടിയുടെ മനസ്സിൽനിന്ന ൟ ഭയങ്ങ
ളൊക്കയും നീക്കകയും ചെയ്തു: അതെന്തെ, ദൊന്ന ബെ
അത്രീച്ചെ എന്ന മെൽചൊല്ലിയ ഉത്തമസ്ത്രീയുടെ മരുമക
നായിരുന്ന ദൊൻ പ്രംസീസ്കൊ ദെബെ അമൊന്തെ എ
ന്ന അയാൾ അവകാശമായിട്ട ശരണമായി പാൎത്തിരുന്ന
വലിയ ആസ്തി ൟ ആശ്രമം നിമിത്തമായിട്ട അല്പംകു
റഞ്ഞുവെന്ന കണ്ടാറെ നമ്മുടെ ശുദ്ധമാക പ്പെട്ടവളുടെ
നെരെയും, സൊരിയ ആശ്രമത്തിലെ കന്യാസ്ത്രീകളുടെ
നെരെയും പറഞ്ഞാപ്പി കരുതാത്ത പകയും വൈരാഗ്യ
വും പൂണ്ട അയാളുടെ നാവിന്മെൽ തൊന്നിയിരുന്ന ദൂ
ഷണങ്ങളെയെല്ലാം പറകയും തന്നാൽ കഴിഞ്ഞിരുന്ന ഉ
പദ്രവങ്ങളെ ചെയ്കയും ചെയ്യുതുടങ്ങി: അപ്പൊൾ നമ്മു
ടെ വീരപതിസന്തൊഷിച്ച എഴുതിയതായത "ഹൊ! ഇ
,,ത എത്രനല്ല കാൎയ്യമാകുന്നു, അതെന്തെ ൟ ആശ്രമം
,,സ്ഥാപിച്ചിട്ട ഇന്നാൾവരെ വളരെ യൊഗ്യതകളെ സ
,,മ്പാദിപ്പാൻ ഇടവന്നില്ല,, നമ്മുടെ ശുദ്ധമാകപ്പെട്ട അ
മ്മ മരിച്ചിട്ടും, ചെയ്തിരുന്ന എണ്ണമില്ലാത്ത പ്രത്യക്ഷങ്ങളെ
അയാൾകണ്ടിട്ടും അയാളുടെ ഹൃദയത്തിൽനിന്ന വൈരാ
ഗ്യവും പകയും വിടാതെ പതിനഞ്ച സംവത്സരം വള
ൎത്തുന്നു: പാവപ്പെട്ട മാടമ്പി കഠിനമായ ദീനത്താൽ കു

ഷ്ടപ്പെട്ടു മരിപ്പാറായി കിടക്കയിൽ ഭാഗ്യപ്പെട്ട നമ്മുടെഅമ്മ ആകാശത്തിൽനിന്ന അയാളുടെമെലനുഗ്രഹിച്ചു, പരമപ്രകാശംവീശിക്കൊണ്ടു മാടമ്പിക്ക കാണപ്പെട്ടു പക്ഷമായപ്രകാരത്തിൽ അയാളൊടു പറഞ്ഞ വചനങ്ങളായതഃ „ഫ്രൻസിസ്കൊസെ! നീ, എന്റെ പുണ്യസുഖത്തിന്മെൽ „സംശയിച്ചു, എന്നാൽ പഴങ്ങളിൽ നിന്ന വൃക്ഷം തിരി „ച്ചറിയപ്പെട്ടുമെന്ന ശുദ്ധ. — എവൻഗെലിയൊനിൽ എഴു „തിയിരിക്കുന്നതിരുവചനത്തെ ഒൎത്തഎന്നിൽ നിന്നുണ്ടായ „ഫലങ്ങളെ സൂക്ഷിച്ചുകൊൾക„

ഈ തിരുവചനങ്ങളെ മാടമ്പികെട്ടവുടനെ അയാളുടെ കണ്ണുകളിൽനിന്ന എത്രയുംകനമുള്ള ഒരുശീല നീങ്ങിയതിൻവണ്ണം നമ്മുടെശുദ്ധമാകപ്പെട്ട അമ്മയുടെ അത്ഭുതമായ പുണ്യസുഖത്തെയും താൻ സ്ഥാപിച്ച സഭയുടെഅത്ഭുതമായ വൎദ്ധനയാലും അതിൽ നടന്നിരുന്ന പുണ്യങ്ങളുടെ ശൊഭയാലും അതിന്റെവിശെഷവും ഗ്രഹിച്ചു: അതിന്റെ ശെഷം അയാൾ ചെറുപ്പക്കാരനായിരുന്നപ്പൊൾ ശുദ്ധമാകപ്പെട്ട അമ്മ നിൎവ്വ്യസുഖത്തിന്റെ അരുപിയാൽ അയാളൊടുപറഞ്ഞിരുന്നപലസംഗതികൾ അയാളിൽ തികയപ്പെട്ടുവെന്ന അയാൾകണ്ടു, പിടിച്ചിരുന്ന മദവെറികളഞ്ഞ, ചെയ്തിരുന്നകൊള്ളരുതായ്കയെ എല്ലാം അറെച്ചു, കൈപ്പുള്ള കരച്ചിലാൽ അയാളുടെ ദുൎഗ്ഗുണങ്ങളൊക്കയുടെമെൽ കരഞ്ഞ നല്ലവഴിക്കുതിരിഞ്ഞ സെനാപ്പ്യമാകയും ചെയ്തു. എന്നിട്ടു എല്ലാവൎക്കും നല്ലകണ്ടുപഠിതപമാകുവാൻ തക്കവണ്ണം ജീവിച്ച ശുദ്ധമാകപ്പെട്ടവളെ പുണ്യവാളത്തിയെന്ന പെരുവിളിക്കുന്നതിന്ന ചെയ്തവിസ്താരങ്ങളിൽ മാടമ്പി സത്യത്തൊടുകൂടെ സാക്ഷിച്ചതു പൌല മനസ്സു തിരിഞ്ഞതിൽപിന്നെ മററനെകം നന്മകളെയും ശുദ്ധമാകപ്പെട്ട അമ്മയിൽനിന്ന കൈക്കൊൾവാൻ യൊഗ്യനാകയും ചെയ്തു.

എന്നാൽ സൊരീയ ആശ്രമത്തിന്ന വെണ്ടുന്ന ഉറപ്പു

ക്രമവും വരുത്തീട്ട ബൂൎഗൊസ എന്ന നഗരിയിൽ പൊയി ഒരാശ്രമം സ്ഥാപിക്കുന്നതിന്ന നമ്മുടെ ശുദ്ധമാകപ്പെട്ടഅമ്മ വിചാരിച്ചിരുന്നു; എന്നാൽ ഇതാ ഒരു ദിവസം ധ്യാനിച്ചിരിക്കയിൽ നമ്മുടെ കൎത്താവ ൟശൊ മിശിഹാ പുണ്യവാളത്തിക്ക കാണപ്പെട്ട ബൂൎഗൊസ നഗരിയിൽ ആശ്രമം സ്ഥാപിക്കുന്നവിചാരം അപ്പൊൾവിട്ടെച്ച ആവില പട്ടണത്തിലെക്ക എങ്ങനെയെംകിലും പിന്തിരിഞ്ഞു പൊകുവാൻ കല്പിച്ചു, വണ്ടി കിട്ടാഞ്ഞാൽ കാലാൽ നടന്നപൊകണമെന്നും കല്പിക്കയും ചെയ്തു· ഇത്ര കട്ടിയായിട്ടുള്ള കല്പനയ്ക്കു കാരണം എന്തെന്നാൽ, കഴിഞ്ഞഅദ്ധ്യായത്തിൽ എഴുതിയിരിക്കുംവണ്ണം നമ്മുടെ ശ്രെഷ്ഠൻ എന്നുള്ള സ്ഥാനം ഒഴിഞ്ഞു, അഞ്ചെലൊ ദെ സാലസർ എന്ന ദെഹം മഹാനുഗ്രഹക്കാര നായിരുന്നതിനാൽ ചില അനുവാദങ്ങളെ വെണ്ടുന്ന ന്യായങ്ങളൊട്ടുകൂടെ ആയിരിക്കും കന്ന്യാസ്ത്രീകൾ ചൊദിക്കുന്നത എന്നുവിചാരിച്ച എളുപ്പത്തിൽ അനുവദിക്കുമാറായിരുന്നതിനാലും ആവില പട്ടണത്തിൽ നമ്മുടെസന്ന്യാസികളുടെ കൊവെന്ത അന്ന ഇല്ലാഞ്ഞതിനാൽ കന്ന്യാസ്ത്രീകളുടെ കുമ്പസാരക്കാരനായിരുന്ന ഒരുളൈനി പട്ടക്കാരൻ നല്ല പുണ്യമുള്ളവനാ യിരുന്നുവെങ്കിലും നമ്മുടെ ദെസ്കാൾസു കന്ന്യാസ്ത്രീകളെ അരമഗുരുവായിട്ട ഭരിപ്പാൻ ഒട്ടും ത്രാണി യില്ലാത്തവനായിരുന്നതിനാലും ആയാശ്രമം ശെഷംആശ്രമങ്ങൾക്ക ജ്ഞാനകണ്ണാടിയാകുവാൻ ന്യായമായി രുന്നപ്പൊൾ ഉതെപ്പായി തീരുവാനുള്ള വഴിയിൽ അകപ്പെട്ടുകയും ചെയ്തിരുന്നു; ഇതത്രെ കൎത്താവിന്റെ ൟശൊ അടിയെന്ത്രമായിട്ടുള്ള കല്പനയ്ക്കു കാരണം· മഹാ പുണ്യപതിയായിരുന്ന താൻ മനസ്സുപൊലെ വെണ്ടിയതെല്ലാം സൊരിയ ആശ്രമത്തിൽ നിശ്ചയിപ്പാനും നടത്തുവാനും ദിവസങ്ങൾ പൊരായെന്നുകണ്ടിട്ട ക്രമെണ നടത്തെണ്ടിയതെല്ലാം ഒരൊരു പ്രമാണങ്ങളായിട്ട എഴുതി, പ്രൊവിൻസ്യാളിൽനിന്ന തനിക്ക

ക്കിട്ടീട്ടുണ്ടായിരുന്ന മുക്ക്യരത്നത്തിന്നുതക്കതിൻവണ്ണം ശിക്ഷ
കളെയും ചെൻസ്സുരകളെയും വെച്ച ശ്രേഷ്ഠത്തിയുടെ പ
ക്കൽ എല്പിക്കയും ചെയ്തു: വിശെഷിച്ച താൻ പൊയാൽ
ആയാശ്രമത്തിൽ വീണ്ടുപൊകുവാൻ സംഗതിവരികയി
ല്ല എന്ന നിശ്ചയമായിട്ട അറിഞ്ഞിരുന്നതിനെ കൊണ്ട ത
ൻെറ കല്പനപൊലെയെല്ലാം നടത്തിയൊ ഇല്ലയൊ എ
ന്ന അറിവാൻ കടശിയായിട്ടുള്ള ഒരു കല്പന ആ കടലാ
സിൽതന്നെ എഴുതുകയും ചെയ്തു. അതെങ്ങനെയെന്നാൽ
,,ഠരം എഴുതിയകല്പനകളെ അടക്കികൊള്ളുന്ന ഠരം കട
,,ലാസ പ്രൊവിൻസ്യാൾ എന്ന നമ്മുടെ യച്ചൻ വിസി
,,ത്തിന്നു വരുമ്പൊൾ ഇതിൽ അടങ്ങിയിരിക്കുന്നതെല്ലാം
,,നിറവെററിയൊ ഇല്ലയൊഎന്ന അറിവാനുള്ളതിന്നസം
,,ഗ്രഹിച്ച ആ ദെഹത്തിൻെറ പററിൽ എല്പിക്കയും വെ
,,ണം,, ഇങ്ങനെ യൊക്കയും ചട്ടംകെട്ടിയതിൻെറ ശെ
ഷം അവരെ എല്ലാപ്പൊഴും പക്ഷത്തൊടു കൂടെ സ്നെഹി
ക്കുമെന്നും എല്ലാപ്പൊഴും തൻെറ മരണത്തിൻെറ ശെഷ
വും അവൎക്കവെണ്ടി അപെക്ഷിക്കുമെന്നും പറഞ്ഞൊത്തു
കൊണ്ട ആ കാലത്തിലെ അതിയുഷ്ണം കൂട്ടാക്കാതെ ചിങ്ങ
മാസം ൧൩ തിയ്യതി സാൻ വത്തുലൂമ്മായുടെ അന്നായെ
ന്ന തൻെറ കൂട്ടുകാരത്തിയൊട്ടും പല്ലെൻസ്സ്യ മെത്രാൻെറ
കാൎയ്യസ്ഥൻ റിബെര എന്ന പട്ടക്കാരനൊട്ടുംകൂടെ യാത്ര
യ്ക്കു പുറപ്പെട്ടുകയും ചെയ്തു. സന്ധ്യ ആയപ്പൊൾ ഒസ്മ ന
ഗരിയിൽ ചെന്ന വണ്ടിയിൽ നിന്ന ഇറങ്ങുന്ന സമയത്ത
കൈകൊടുത്ത ഇറങ്ങുന്നതിന്ന സഹായിക്കുന്ന ഒരു സന്ന്യാ
സിയെകണ്ടു, ഇരുട്ടായിരുന്നതുകൊണ്ടും, മുഖത്തിൽ മുക്കാ
ടിനെ ഇറക്കിയിട്ടിരുന്നതുകൊണ്ടും ആ സന്ന്യാസി ഇന്നാ
രെന്നഅറിയാഞ്ഞിട്ട ആരെന്നചൊദിച്ചു, ആഹാ ദ്ദ്യെഗൊ
ദിയെപ്പസ, എന്നഉത്തരിക്കയും ചെയ്തു. പെരുകെട്ടപ്പൊ
ൾ പുണ്ണ്യവാളത്തി ഒരക്ഷരംപൊലും മിണ്ടാതെ ആ രാ
ത്രിയിൽ താമസിക്കെണ്ടുന്ന വീട്ടിൽ കരെറുകയും ചെയ്തു.

ഠരംദെഹം പുണ്യവാളത്തിയുടെ കുമ്പസാരക്കാരനും ഇ
റാണിമൊസുപുണ്യവാളന്റെ സഭയിൽ മഹാകീൎത്തിപെ
ട്ടവനും പിന്നത്തെകാലങ്ങളിൽ തറെസ്സൊന എന്ന ദിക്കി
ന്റെ മെത്രാനും, എന്നിങ്ങനെയുള്ള ആൾ ആയിരുന്നതി
നാൽ പുണ്യവാളത്തിയുടെ ആ മിണ്ടടക്കം ഹെതുവായിട്ട
വളരെവ്യസനപ്പെട്ടു: അതെന്തെ ആ ദെഹം എഴുതിസാ
ക്ഷി ച്ചിരിക്കുന്നതു പൊലെ, ഒന്നുകിൽ അമ്മ ത്രെസ്യ എ
ന്നെമറന്നു, അല്ലെങ്കിൽ ഇവിടെകണ്ടതിനാൽ മുഷിച്ചിലാ
യിഎന്ന ഒക്കയും ചെയ്തു: എന്നാൽ കുറെനെരം കഴിഞ്ഞ
പ്പൊൾ സ്വകാൎയ്യമായിട്ട പുണ്യവാളത്തിയൊടുകൂടെസം
സാരിപ്പാൻ ഇടകൂടിയപ്പൊൾ ഠരം മിണ്ടടക്കത്തിനുള്ളകാ
രണം പറയണമെന്ന പുണ്യവാളത്തിയൊട ഠരംദെഹം
അപെക്ഷിച്ചു, അപ്പൊൾ പുണ്യവാളത്തി മുഖ പ്രസാദ
ത്തൊടുകൂടെ ഉത്തരിച്ചതായത: അച്ചന്റെ പെരു കെട്ട
പ്പൊൾ രണ്ടുവിചാരങ്ങൾ എന്റെഹൃദയത്തിൽ തൊന്നി
യതിനാൽ ഇനിക്ക കുറെവിഷാദംതൊന്നി അതായത ഒ
ന്നുകിൽ അച്ചന്റെ സഭയുടെ ശ്രെഷ്ഠന്മാര അച്ചനെ ശി
ക്ഷിപ്പാൻ വെണ്ടി വെറിട്ടൊരുകൊവെന്തയിൽ പൊകു
വാൻ അച്ചനൊടു കല്പിച്ചു, അല്ലെങ്കിൽ ഞാൻ സൊരീയ
ആശ്രമത്തെ സ്ഥാപിക്കുന്നതിന്ന അനുഭവിച്ച ബുദ്ധിമുട്ടുക
ൾക്ക സമ്മാനംതരുവാൻ വെണ്ടി അച്ചനെ ഇവിടെ കു
ണ്ടെത്തുവാൻ തമ്പുരാൻ തിരുമനസ്സായി, എന്നീ രണ്ടുവി
ചാരങ്ങൾ ഒന്നായിട്ട എന്റെഹൃദയത്തിൽ തൊന്നുകയും
ചെയ്തു· ദ്യെഗൊ ദിയെപ്പസ ഠരംവചനങ്ങളെകെട്ടാറെ
സന്തൊഷിച്ച മുമ്പിലത്തെ വിചാരം നെരാകുന്നുവെന്നും
രണ്ടാമത്തെത അതായത പുണ്യ വാളത്തിയുടെ ആത്മകാ
ൎയ്യങ്ങളെകെട്ട അവരെആശ്വസിപ്പിപ്പാൻ തമ്പുരാൻതിരു
മനസ്സാകുന്നില്ലയെന്നുപറകയുംചെയ്തു· അതിന്റെശെഷം
(ഠരം ദെഹത്തിന്റെ വചനങ്ങളാകുന്നു) അതിന്റെ
ശെഷം "സൂത്രത്തിൽ എന്നെ കുറപ്പെടുത്തിക്കൊണ്ടു ഠരം

,,പ്രായശ്ചിത്തംതീരുമ്പൊൾ നാണിച്ചു ഏളിമപ്പെടണമെ
,,ന്നു കല്പിച്ചു; അതെന്തെ ഇത്ര അല്പമായകാൎയ്യങ്ങളെ ഞാ
,,ൻക്രൂട്ടാക്കിവരുമ്പൊൾ പാടുപെടുന്നതിന്ന നല്ലഅവസ്ഥ
,,പ്പാട ഇനിക്കില്ലയെന്ന ഞാൻകാണിക്കുന്നവെന്നും പറ
,,കയും ചെയ്തു: അമ്മത്രേസ്യ അന്ന പറഞ്ഞതിൻവണ്ണം
,,തന്നെ സകലവും സംഭവിച്ചു. എന്റെദുഃഖം എന്റെനാ
,,ളത്തെക്ക നീളിക്കപ്പെടുമെന്ന സാൻ വത്രൂല്യമ്മായുടെ
,,അന്നാ യെന്ന കന്യാസ്ത്രീയൊട അന്നുതന്നെ വിവരമാ
,,യിട്ട മുമ്പിൽക്കൂട്ടി അറിയിക്കയും ചെയ്തു,,

പിറെറദിവസം നമ്മുടെപുണ്യവാളത്തി മെൽചൊല്ലിയ ക്രൂട്ടരൊടുക്രൂടെ പല്ലെൻസ്യനഗരിയിലെക്ക യാത്ര പുറപ്പെട്ടു, അവിടെ ചെന്നപ്പൊൾ തന്റെ പ്രിയപ്പെട്ടമക്കൾക്ക മഹാസന്തോഷമുണ്ടായതെന്നിയെ അവരെ ആക്ഷണത്തിൽതന്നെ ഒരുസങ്കടത്തിൽനിന്ന രക്ഷിക്കയുംചെയ്തു: അതെങ്ങനെയെന്നാൽ ആകന്യാസ്ത്രീകൾ നന്നാചെറുതായ പീപ്പഭാഷയായിട്ട തീൎത്ത എതാനും പാത്രങ്ങളെ വായിപ്പവാങ്ങിച്ചിട്ടുണ്ടായിരുന്നു, ആയതൊക്കയും ആശ്രമത്തിന്റെ തൊട്ടത്തിൽ ഉണ്ടായിരുന്ന ആഴപ്പെട്ട കിണറ്റിൽവീണു അവരാൽ കഴിഞ്ഞ ഉപായങ്ങളും ബുദ്ധിമുട്ടുകളും കഴിച്ചാറെ പുറത്തെടുക്കുന്നതിന്ന കഴിഞ്ഞില്ല, ഇളപൊരാഞ്ഞിട്ട ആ പാത്രങ്ങളുടെ ഉടയക്കാരന്ന അടിയന്തരമുണ്ടായിരുന്നതുകൊണ്ട മുട്ടിച്ച കന്യാസ്ത്രീകളൊട പാത്രങ്ങൾ ചൊദിച്ചിരുന്നു: ഇതിൻവണ്ണം വിഷാദിച്ചിരിക്കയിൽ ആകുന്നു നമ്മുടെ പുണ്യവാളത്തി അവിടെ എത്തിയത. അവരുടെസങ്കടം പ്രിയംനിറഞ്ഞ അമ്മെനെബൊധിപ്പിച്ചു, താൻ ഒരു കൊട്ടയ്ക്കു കയറുകെട്ടി അതിനെ കിണററിൽ ഇറക്കി, അപ്പൊൾ നമ്മുടെ പൂൎവ്വപിതാവായിരിക്കുന്ന എലീശാ നിവ്യ ചെയ്തപ്രത്യക്ഷത്തിന്ന സമമായ ഒരു പ്രത്യക്ഷം കാണ്മാൻ സംഗതിയായി' അതെന്തെ ആകൊട്ട ഇറക്കിയ ക്ഷണത്തിൽ തന്നെ ആ പാത്രങ്ങൾ എ

ല്ലാം ജീവനുള്ളതായിരുന്നാൽ എന്നതുപൊലെ ഇരിക്കയി ൽനിന്ന ഒരൊന്നൊരൊന്ന ആ കൊട്ടയ്ക്കകത്ത കൂട്ടുകയും ചെയ്തു.

ഇതിൻവണ്ണം അവരെ ആശ്വസിപ്പിച്ച, തന്റെ പുണ്യത്തിന്നും ബൊധജ്ഞാനത്തിന്നും തക്കതിൻവണ്ണമുള്ള ബുദ്ധികളെ ചൊല്ലികൊടുത്ത ഉറപ്പിച്ചതിന്റെ ശെഷം യാത്രയ്ക്ക പുറപ്പെട്ടുകയും ചെയ്തു· എന്നാൽ നമ്മുടെ പുണ്യവാളത്തി കന്നിമാസം അവസാനിപ്പാറായപ്പൊൾ മാത്രം ആവില പട്ടണത്തിൽ എത്തി എന്ന നാം ചരിത്രങ്ങളിലും, ശുദ്ധമാകപ്പെട്ടവൾ ആ വഴിയാത്രയിൽ എഴുതിയ എഴുത്തുകളിലും കാണുമ്പൊൾ ൟ താമസത്തിന്ന കാരണമറിവാൻ നാം ആഗ്രഹിക്കുന്നു; എന്നാൽ ശുദ്ധമാകപ്പെട്ടവൾ എഴുതിയ ആശ്രമങ്ങളുടെ ചരിത്രം സൂക്ഷിച്ചു വായിക്കുമ്പൊൾ തിരിയും· അതെന്തെന്നാൽ ചിങ്ങമാസം വത്തുലൂമ്മാശ്ലീഹായുടെ തിരുനാളിന്നുതലെദിവസം സെഗൊവ്യ പട്ടണത്തിലെ ആശ്രമത്തിൽ എത്തിയെന്നും അവിടെ എട്ടുദിവസം താമസിച്ചുവെന്നും എഴുതിയതിന്റെ ശെഷം ആ വഴിയാത്രയുടെ യൊഗ്യങ്ങളെയും ബുദ്ധിമുട്ടുകളെയും വിവരമായിട്ട എഴുതി അറിയിക്കയും ചെയ്യുന്നു· അപ്പഴൊ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയുടെ ഇടവിടാതുള്ള ചടപ്പുകളും വഴിയാത്രയുടെ വിഷമവും, ഒരൊരു ആശ്രമത്തിൽ ഉണ്ടായ ജൊലികളും മെൽചൊല്ലിയ താമസത്തിന്ന കാരണമായി എന്നു പറവാൻ ന്യായമായിരിക്കുന്നു· എന്നാൽ വഴിയാത്രയുടെ അവസ്ഥ അല്പം എങ്കിലും അറിവാനും, അറിഞ്ഞിട്ട പുണ്യവാളത്തിക്ക ഉണ്ടായിരുന്ന അറുപത്തെഴ വയസ്സുപ്രായവും ചടപ്പുകളും ഒത്ത ആ വഴിയാത്രകളെ കഴിക്കുന്നതിന്ന എന്തൊരുക്ഷമ, എന്തൊരുകീഴ്പ്പെഴക്കം, എന്തൊരു മനൊധൈൎയ്യം വെണ്ടിയിരുന്നുവെന്ന ഗ്രഹിപ്പാനും പുണ്യവാളത്തി എഴുതിയതിൽ എതാനുമൊക്കയും ഇവിടെ ചെൎത്തിരിക്കുന്നു; അതെ

ങ്ങനെയെന്നാൽ "എന്നൊടുകൂടെ പല്ലെൻസ്യ നഗരിക്കാ
,,രൻ റിബെര എന്നപട്ടക്കാരൻ ഉണ്ടായിരുന്നു, ൟശൊ
,,മറിയത്തിന്റെ നിക്കൊലെനൂസ എന്ന നമ്മുടെ അച്ചൻ
,,ആശ്രമത്തിന്റെ ആധാരങ്ങൾമുതലായ എഴുത്തുകൾ
,,ചെയ്യപ്പെട്ടുകഴിഞ്ഞവുടനെ മററുദിക്കിൽ ആദെഹത്തെ
,,കൊണ്ട വളരെ അടിയെന്ത്രം ഉണ്ടായിരുന്നതിനാൽപൊ
,,യിരുന്നു. എന്നാൽ മെൽചൊല്ലിയ റിബെര എന്നദെഹ
,,ത്തിന്ന ഞങ്ങൾക്ക സഹായിപ്പാൻ സൎവെശ്വരൻ നല്ലമ
,,നസ്സ കൊടുത്തു നമ്മുടെ സഭയുടെ ഉപകാരികളുടെകൂ
,,ട്ടത്തിൽ എണ്ണപ്പെടുവാനും ഇയാൾക്കവെണ്ടി എറിവൊ
,,ടുകൂടെ തമ്പുരാനൊടുനാം അപെക്ഷിപ്പാനും തക്കതിൻ
,,വണ്ണം ഇനിക്ക ൟദെഹം എല്ലാററിലും വളരെസഹാ
,,യിച്ചു.

,,ൟദെഹവും, ഇനിക്ക മതിയാകുവാൻ തക്കവണ്ണം
,,അത്രെജാഗ്രതയും താല്പൎയ്യവുമുള്ള എന്റെകൂട്ടുകാരത്തി
,,യും ഒഴികെ മററാരും എന്നൊടുകൂടെ പൊരുന്നതിന്ന
,,ഞാൻ സമ്മതിച്ചില്ല, ആൾക്കൂട്ടത്തിന്റെ ആരവംകൂടാ
,,തെ ഞാൻ പ്രയാണം ചെയ്യുമ്പൊൾ ഇനിക്ക എററം
,,സൌഖ്യമാകുന്നു: എന്നാൽ സൊരീയ നഗരിക്കപൊയ
,,പ്പൊൾ അനുഭവിച്ച സന്തൊഷം ൟ വഴി യാത്രയിൽ
,,വീട്ടെണ്ടിവന്നു, അതെന്തെ ഞങ്ങളൊടു കൂടെ വഴികാ
,,ട്ടിയായി നടന്നിരുന്നവന സെഗൊവ്യ എന്ന നഗരിവ
,,രെ ആളുകൾ കാൽനടക്കുന്ന വഴിക്ക സൂക്ഷമുണ്ടായിരു
,,ന്നവെങ്കിലും വണ്ടികൾ നടക്കുന്ന വഴിയറിയാമെലാ
,,ഞ്ഞു, ഇതു ഹെതുവായിട്ട ചിലയിടങ്ങളിൽ വണ്ടികളി
,,ൽനിന്ന ഇറങ്ങുവാനും, കാൽനടയായി നടപ്പാനും, വ
,,ലിയപാതാളങ്ങളിലും ഇറക്കങ്ങളിലും വണ്ടിയെതൂക്കി
,,ച്ചുമക്കുന്നതിന്നും ദിഷ്ടതിയുണ്ടാകയും ചെയ്തു: എന്നാൽ
,,വെറിട്ടൊരു വഴികാട്ടിയെ വിളിച്ചുകൂട്ടുമ്പൊൾ അവ
,,ൻ വഴിയറിഞ്ഞിരുന്നതുവരെ കൂടെനടന്നിരുന്നു, നടക്കാ

„മെലാത്ത വഴികണ്ടാൽ അവന്ന ജൊലിയാകുന്നവെന്ന
„പറഞ്ഞ ഞങ്ങളെ വിട്ടുമാറി പൊകയും ചെയ്തിരുന്നു; കു
„റെ ആശ്വാസം പ്രാപിപ്പാൻ തക്കതിൻവണ്ണം വഴിക്ക
„ സൂക്ഷമില്ലാഞ്ഞതിനാൽ വഴിയമ്പലങ്ങൾ ഉണ്ടൊ ഇല്ല
„യൊ എന്ന വിവരമില്ലാഞ്ഞു: ഇതുഹെതുവായിട്ട ഒരുവ
„ഴിയമ്പലം കണ്ടെത്തുന്നതിന്ന മുമ്പിൽ വളരെ വെയി
„ല്പം കൊള്ളുകയും ഉഷ്ണവും അനുഭവിക്കയും ചെയ്തിരുന്ന
„തുകൂടാതെ വണ്ടി മറിഞ്ഞുവീഴുവാൻ തക്കയൊഗ്യങ്ങളി
„ൽ പലവൃഴവും ഉൾപ്പെട്ടിട്ടുണ്ടായിരുന്നു: ആവഴിയിൽ
„നിന്ന ഞങ്ങളെ രക്ഷിപ്പാൻ തിരുമനസ്സായ സർവ്വെശ്വരന്ന
„സ്തുതിയും പുകഴ്ചയുമുണ്ടായിരിക്കട്ടെ. സാൻവത്തുലുമ്മാ
„ഉസ്ലീഹായുടെ തിരുനാളിന്റെ തലെ ദിവസം, സെഗൊ
„വ്യ നഗരിയിൽ എത്തി, നമ്മുടെ കന്യാസ്ത്രീകൾ ഞാൻ
„അവിടെ എത്തുന്നതിന്ന അത്രെതാമസിച്ചിരുന്നതുകൊണ്ട
„വിഷാദിച്ച വളരെ ദുഃഖിച്ചിരുന്നു: എന്നാൽ അന്ന എ
„ത്തിയതുതന്നെ വലിയകാൎയ്യമായിരിക്കുന്നു: വഴി അത്രെ
„ദൊശമായിരുന്ന ആയാശ്രമത്തിൽ ഞങ്ങളെ വളരെ
„ആശ്വസിപ്പിക്കയുംസന്തൊഷിപ്പിക്കയുംചെയ്തു. സർവ്വെശ്വ
„രൻ ഒരുബുദ്ധിമുട്ട യാത്രയാക്കുമ്പൊൾ ഉടനെ വല്ല സ
„ന്തൊഷവും സമ്മാനവുംകൊണ്ട അതിന്ന പകരംവീട്ടു
„കയും ചെയ്യുന്നു. അവിടെ എട്ടുദിവസത്തെക്ക അനുകൂല
„പ്പെട്ടു, എന്നാൽ സൊരിയ ആശ്രമം യാതൊരു ബുദ്ധി
„മുട്ടുകൂടാതെ സ്ഥാപിക്കപ്പെട്ടു, എന്നതിനെ കൊണ്ട ആ
„വഴി യാത്രയിൽ അനുഭവിച്ച ബുദ്ധിമുട്ടുകളും സെനബ്യ
„ക്കെട്ടുകളും ഇല്ലാഴ്മപൊലെഞാൻ വിചാരിച്ചിരിക്കുന്നു„

അപ്പഴെ മെലെഴുതിയിരിക്കുംവണ്ണം കന്നിമാസം അവസാനിപ്പാറായപ്പൊൾ നമ്മുടെ ശുദ്ധമാക്കപ്പെട്ടവൾ ആവില പട്ടണത്തിൽ എത്തുകയും ചെയ്തു. നാൾതാമസംകൂടാതെ പ്രൊവിൻസ്യാൾ ആയിരുന്ന ഇറാണിമൊസ്യ ഗ്രസ്യാനൊ എന്നദെഹവും അവിടെ എത്തി. ആ കു

ന്ന്യാസ്ത്രീകൾപുണ്യ സാംഗൊപാംഗത്തിൽ തണുത്തു പൊ
യിരുന്നത മെൽചൊല്ലിയ ന്യായങ്ങളാലല്ലാതെ മുഴുവ
നും മനസ്സുണ്ടായിട്ടല്ലാഞ്ഞു, എന്നതിനെ കൊണ്ട മുമ്പില
ത്തെ എറിവിന്മെലും പുണ്യ സാംഗൊപാംഗത്തിന്മെലും
താല്പൎയ്യമുള്ളവരായിരുന്നതിനാൽ എല്ലാവരുംകൂടി ശുദ്ധ
മാകപ്പെട്ട അമ്മയെ അവൎക്ക ശ്രെഷ്ഠത്തിയായിട്ട കല്പിച്ചു
കൊടുപ്പാൻ പ്രൊവിൻസ്യാളിനെ ബൊധിപ്പിച്ചു: അന്ന
ശ്രെഷ്ഠത്തിയായിരുന്ന മിശിഹായുടെമറിയം ഭരിക്കുന്നതി
ന്ന തക്കത്രാണിയുള്ളവളല്ലാഞ്ഞുവെങ്കിലും നല്ല എളിമയു
ള്ളവളായിരുന്നതിനാൽ നല്ലമനസ്സായിട്ട സ്ഥാനം ഒഴിക
യും ചെയ്തു. എന്നാൽ നമ്മുടെ പുണ്യവാളത്തി ആ സ്ഥാ
നം എല്ക്കാതെയിരിക്കെണ്ടുന്നതിന്ന ന്യായങ്ങളെയെല്ലാം
പ്രയൊഗിച്ചു, തന്റെ ചടപ്പുകളും തന്റെ വയസ്സപ്രായ
വും മരണത്തിന്ന ആസ്ഥപ്പാടുകൂട്ടുന്നതിന്ന ആവശ്യമായ
അനുകൂലവും എകാന്തവും ഇതു മുതലായ ന്യായങ്ങളൊ
ക്കയും, പ്രൊവിൻസ്യാളിന്റെ മുമ്പാകെ ബൊധിപ്പിച്ചു:
എന്നാൽ ആ ദെഹം ഇതൊന്നും ഒത്തുകൊള്ളാതെ കന്ന്യാ
സ്ത്രീകൾ ചെയ്ത തെരിഞ്ഞെടുപ്പിനെ സ്ഥിരപ്പെടുത്തി: ആ
ദെഹം വളരെസ്നെഹിച്ചിരുന്ന ശുദ്ധമാകപ്പെട്ടഅമ്മയുടെ
എളിമയെ തൃപ്തിയാക്കുവാൻ ഒരു സ്ഥാനം എല്ക്കാതെയി
രിപ്പാൻ തെടിയ ഉപായങ്ങൾക്കും കാണിച്ച മനസ്സുകെട്ടി
നും ശിക്ഷയായിട്ട എന്നപൊലെ കാണിച്ചുകൊണ്ട തല
നിലത്തുവെപ്പാൻ പ്രൊവിൻസ്യാൾ കല്പിച്ചു: ശുദ്ധമാക
പ്പെട്ടവൾ ഉടനെ സാഷ്ടാംഗമായി വീണ വായെ നില
ത്തൊടുചെൎത്ത തന്റെ വിശെഷ എളിമയുടെയും കീഴ്വഴ
ക്കത്തിന്റെയും ഉചിതമായ ഒരു ദൃഷ്ടാന്തം കാട്ടിയിരിക്കു
യിൽ ആ ദെഹം "തെദെവും" എന്നസംഗീതം പാടുവാ
ൻ ശെഷം കന്ന്യാസ്ത്രീകൾക്ക അടയാളം കാണിച്ച പുണ്യ
വാളത്തിയെ എഴുന്നെല്പിച്ച പ്രാൎത്ഥനസ്ഥലത്തെക്ക പാടി
ക്കൊണ്ട കൂട്ടിക്കൊണ്ടു പൊകയും അവിടെ ഇരുത്തിക്കൊ

ണ്ട ശെഷം കന്ന്യാസ്ത്രീകൾ വഴക്കംചെയ്യുകയും ചെയ്തു.

എന്നാൽ പ്രൊവിൻസ്യാൾ എന്നദെഹം ശുദ്ധമാക്കപ്പെട്ട അമ്മയ്ക്കു കുറെ ആശ്വാസമുണ്ടാകുവാൻവെണ്ടി മാർ ഇറാണിമൊസിന്റെമറിയം എന്ന വിശെഷബുദ്ധിയും പുണ്ണ്യവുമുള്ള കന്ന്യാസ്ത്രീയെ ശ്രെഷ്ഠത്തിയുടെ സ്ഥാനത്തിന്നടുത്ത ജൊലികളെ നടത്തുന്നതിന്ന സഹായക്കാരത്തിയായിട്ട കല്പിച്ചു കൊടുക്കയും ചെയ്തു. അതിനാൽ ക്രമെണ നമ്മുടെപുണ്ണ്യപതി അനുഭവിച്ചുവന്ന ആശ്വാസംആയാണ്ടിൽതന്നെ തുലാമാസത്തിൽ പ്രൊവിൻസ്യാളിന്ന എഴുതിയ ഒരെഴുത്തിൽ എഴുതിയിരിക്കുന്ന നല്ല രസമുള്ള ഒരുവാചകംകൊണ്ട കാട്ടുകയും ചെയ്തു: അതായത "ഞാ
"ൻ സെന്ന്യമായിട്ടിരിക്കുന്നു: ഒരു വലിയ പ്രിയൊരമ്മ
"ഞാനായി ചമഞ്ഞു എന്ന കാണുകയും ചെയ്യുന്നു,"

കളിവിനൊദമായിട്ട താൻ എഴുതിയ ഒരംവചനങ്ങളെ എത്രയൊ കാര്യമായിട്ട നമുക്ക പറയാം, എന്നു തന്നെയുമല്ല പിന്നെയൊ അത്ഭുതമായ പ്രിയൊരമ്മ എന്നു പറഞ്ഞാൽ എററം പട്ടാങ്ങയൊടുചെന്ന വാചകമായിരിക്കയും ചെയ്യും. നാൾദീർഘം കൂടാതെ മാർയെന്ന്സെപ്പ പുണ്ണ്യവാളന്റെ ആശ്രമം മുഴുവനും പകത്തി വിവെകംകുറഞ്ഞ മറെറാരുത്തരുടെ ഭരിപ്പാലെ അതിൽ വെരുപിടിപ്പാൻ തുടങ്ങിയിരുന്ന മുള്ളുകളെയും കാട്ടുചെടികൾ ഒക്കയും പറിച്ച, തന്റെഅത്ഭുതമായ വിവെകത്താലും ഉയിരുള്ള ദൃഷ്ടാന്തങ്ങളാലും, പല സിദ്ധിയുള്ള തന്റെ ഗുണദൊഷങ്ങളാലും, എരിവുള്ള തന്റെ ജ്ഞാനൊപദെശങ്ങളാലും സർവ്വെശ്വരൻ തനിക്ക നൽകിയിരുന്ന പ്രത്യക്ഷംകാട്ടുന്ന സ്വരത്താലും ഹൃദയങ്ങളെ മെഴുകുപൊലെ ഉരുക്കിയതിന്റെ ശെഷം മനസ്സുപൊലെയുള്ള പുണ്ണ്യങ്ങളെയെല്ലാം മുളെപ്പിക്കയും പൂർവ്വെഉലയുടെ കാഴ്ച മുമ്പിലത്തെപൊലെ സ്ഥാപിച്ചുനടത്തുകയും ചെയ്തു. ഇങ്ങനെയുള്ളപകച്ച വിഷമമുള്ളതല്ലയെന്ന ബൊധിപ്പാൻ ആകാ

ഛത്തിൽ സംഭവിച്ചതായിട്ട തന്റെ വിശ്വാസമുള്ള ക്രുട്ടു
കാരത്തി സാൻവല്ത്തുല്ലൂമ്മായുടെ അന്നാ എന്ന വാഴ്ത്തപ്പെ
ട്ടവൾ സാക്ഷിച്ചിരിക്കുന്നത കെട്ടാൽ മതിയായിരിക്കുന്നു:
അതാകുന്നതെന്തെന്നാൽ ആ കാലത്തിൽ ശുദ്ധമാകപ്പെ
ട്ട അമ്മയുടെ ദെഹത്തിൽനിന്ന ഇടവിടാതെ എന്നപൊ
ലെ പരമപ്രകാശം വീശിയിരുന്നു: പ്രത്യെകം ഒരുദിവ
സം കന്യാസ്ത്രീകളെ സഭക്രുട്ടമായിട്ട ക്രുട്ടി ജ്ഞാനൊപ
ദെശം പറഞ്ഞിരിക്കയിൽ പ്രിയംനിറഞ്ഞ നമ്മുടെ രക്ഷി
താവ ശുദ്ധമാകപ്പെട്ട പ്രിയൊരമ്മയുടെ അരികിൽനിന്നു
കൊണ്ട തന്റെതിരുമെനിയിൽനിന്ന മഹാപ്രകാശം വീ
ശിയിരുന്നു, ആ പ്രകാശം എല്ലാ കന്യാസ്ത്രീകളുടെ മെൽ
വ്യാപിച്ച അവരെ എല്ലാവരെയും മഹാ അഴകുള്ളവരാ
ക്കുകയും ചെയ്തിരുന്നു. ൧൫൬൨ൽ ശുദ്ധമാകപ്പെട്ടഅമ്മത
ന്റെ ആവില ആശ്രമത്തെ പുണ്യപ്പെടുത്തി വരുമ്പൊൾ
കുറെകാലംമുമ്പിൽ നമ്മുടെ സന്ന്യാസികൾ ഗ്രനാത്ത പ
ട്ടണത്തിൽ ഒരു കൊവെന്ത സ്ഥാപിച്ചിട്ടുണ്ടായിരുന്നതി
നാൽ സന്ന്യാസികളുടെ പുണ്യസാംഗൊപാംഗത്തെ കണ്ടി
ട്ട നമ്മുടെ കന്യാസ്ത്രീകളുടെ ഒരാശ്രമം അവരുടെ പട്ട
ണത്തിൽ സ്ഥാപിക്കുന്നതിന്ന ഗ്രനാത്ത പട്ടണവാസികൾ
ആഗ്രഹിച്ച പലരും അപെക്ഷിക്കയും ചെയ്തു: എന്നാൽ
ശുദ്ധമാകപ്പെട്ടഅമ്മ ഗ്രനാത്ത ആശ്രമത്തിന്റെ സ്ഥാപ
നം തന്റെ സമ്മതത്താലും ഗുണദൊഷങ്ങളാലും നടത്തി
യതല്ലാതെ താൻ തന്നെ പൊയില്ല: അതിനെ വെഅസ്
ആശ്രമത്തിൽ ശ്രെഷ്ഠത്തിയായിരുന്നിട്ട സ്ഥാനംഒഴിഞ്ഞു
ചടപ്പായിരുന്ന കീൎത്തിപെട്ട ൧൫൬൨ശൊടെഅന്നാ എന്നവാ
ഴ്ത്തപ്പെട്ടവൾ നമ്മുടെപിതാവ മാർയൊഹന്നൻ ഈക്രൂ
സെന്ന പുണ്യവാളന്റെ സഹായത്തൊട്ടുംക്രുടെ സ്ഥാപി
ക്കയുംചെയ്തു ആയാശ്രമത്തിന്റെചരിത്രം കുറെവിസ്തൃ
തമുള്ളതാകകൊണ്ടും നമ്മുടെ പുണ്യവാളത്തിയുടെ ചരി
ത്രത്തിൽ ചെല്ലാൻ പ്രത്യെകം ആവശ്യമില്ലായ്കകൊണ്ടും

അതിന്റെ ചരിത്രം വിട്ടെച്ച അതിനെ സ്ഥാപിച്ച ഠരം
ശൊടെ അന്നാഎന്നവാഴ്ത്തപ്പെട്ടവൾ പ്രൊവിൻസ്യാളി
ന്റെ കല്പനപ്രകാരം എഴുതിയ ചരിത്രത്തിൽ ശുദ്ധമാക
പ്പെട്ട അമ്മെനെക്കുറിച്ച എഴുതിയ ചില മൊഴികളെ മാ
ത്രം തെരിഞ്ഞെടുത്ത ഇവിടെ വെക്കയും ആം. അതെങ്ങ
നെയെന്നാൽ "ഞങ്ങൾ അച്ചനും (അതായത പ്രൊവിൻ
„സ്യാളിനും) നമ്മുടെ ശുദ്ധമാകപ്പെട്ട ഠരംശൊടെ ത്രെ
„സ്യ അമ്മയും എഴുതി, ആവിലയിൽനിന്ന നാലുകന്യാ
„സ്ത്രീകളെ തരുവാനും ശുദ്ധമാകപ്പെട്ട അമ്മതന്നെവന്ന
„ഠരം ആശ്രമം സ്ഥാപിപ്പാനും പ്രത്യെകം ആ എഴുത്താ
„ൽ ഞങ്ങൾ അപെക്ഷിച്ചിരുന്നു: ശുദ്ധമാകപ്പെട്ട അമ്മ
„യുടെപക്കലൊട്ട യൊഹന്നാൻ ആക്രൂസച്ചനെ വെറിട്ട
„ഒരുസന്ന്യാസിയൊടുകൂടെ അയച്ചു: എന്നാൽ ശുദ്ധമാക
„പ്പെട്ട അമ്മ ബുർഗൊസ എന്നനഗരിയിലെക്ക പൊകുവാ
„ൻ ഒരുങ്ങിയിരുന്നതുകൊണ്ട വന്നില്ല, എന്നതന്നെയുമല്ല
„പിന്നെയൊ ഗ്രനാത്ത ആശ്രമം സ്ഥാപിക്കെണ്ടി വരും
„പൊൾ താൻ ഉണ്ടാകയില്ലയെന്നും അത ഞാൻ സ്ഥാപി
„ക്കണമെന്ന തമ്പുരാൻ തിരുമനസ്സാകുന്നുവെന്നും, അതി
„ന്നുമുമ്പിൽ ശുദ്ധമാകപ്പെട്ട അമ്മ ഇനിക്ക എഴുതികൊടു
„ത്തയച്ചിട്ടുണ്ടായിരുന്നു. എന്നാൽ ശുദ്ധമാകപ്പെട്ട അമ്മ
„കൂടാതെ ഒരാശ്രമം സ്ഥാപിക്കുന്നത അസാദ്ധ്യമായ ഒ
„രുകാൎയ്യമെന്ന ഇനിക്ക തൊന്നിയിരുന്നു, എന്നതിനെകൊ
„ണ്ട അമലൊത്ഭവിമാതാവിന്റെ തിരുനാൾദിവസത്തി
„ൽ ആവില ആശ്രമത്തിൽനിന്ന വന്നിരുന്ന കന്യാസ്ത്രീ
„കൾ വെഅസ് ആശ്രമത്തിൽ വന്നു ചെന്നപ്പൊൾ ശു
„ദ്ധമാകപ്പെട്ട അമ്മ ഇല്ലെന്നു കണ്ടാറെ ഇനിക്ക വളരെ
„സംകടമുണ്ടായി, എന്നാൽ ആ കന്യാസ്ത്രീകൾ ഇനിക്ക
„കൊണ്ടുവന്ന അമ്മയുടെ ഒരെഴുത്ത പൊട്ടിച്ചുവായിച്ചു,
„അതിൽ എന്റെ സന്തൊഷത്തിന്നായിട്ടുമാത്രം വരുവാ
„ൻ പാടുണ്ടായിരുന്ന വെങ്കിൽ വന്നെനെ എന്നും, നമ്മു

„ടെ വലിയസവെശ്വരൻ മറ്റുപ്രകാരത്തിൽ കല്പിക്കുന്നു„വെന്നും, ഗ്രനാത്ത ആശ്രമം നിശ്ചയമായിട്ടു സ്ഥാപി„ക്കപ്പെട്ടുമെന്നും, സവെശ്വരൻ എന്നെ വളരെ സഹായി„ക്കുമെന്നും എഴുതിയിരുന്നു„ എന്നാൽ ശുദ്ധമാകപ്പെട്ട അമ്മ എഴുതിയതിൻവണ്ണം വാഴ്ത്തപ്പെട്ടവൾ ഗ്രനാത്ത നഗരിയിൽ ചെന്ന പലഞെരുക്കങ്ങളെയും ബുദ്ധിമുട്ടുകളെയും അനുഭവിച്ചുവെംകിലും ശുദ്ധമാകപ്പെട്ട അമ്മയ്ക്കു തൃപ്തി വരുവാൻ തക്കപ്രകാരത്തിൽ ആശ്രമം സ്ഥാപിക്കയും ചെയ്തു.

## ഇരുപത്തുരണ്ടാം അദ്ധ്യായം.

നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ, ബുർഗോസ, എന്നനഗരിയിൽ ഒടുക്കത്തെ ആശ്രമം സ്ഥാപിക്കുന്നതിന്ന പൊയ വഴിയാത്രയുടെ വൎത്തമാനവും അതിനെ സ്ഥാപിക്കുന്നതിന്ന ഉണ്ടായ വിരൊധങ്ങളും മറ്റും ചില സംഗതികളും

---

അപ്പഴൊ ൧൫൮൨ാംശൊടെ അന്നാ എന്ന വാഴ്ത്തപ്പെട്ട വൾ മെലെഴുതിയ വചനങ്ങളാൽ കാണിച്ചിരിക്കുന്നതിൻവണ്ണം, ഗ്രനാത്ത, ആശ്രമം സ്ഥാപിപ്പാൻ സംഗതിയായപ്പൊൾ നമ്മുടെ ശുദ്ധമാക പ്പെട്ട അമ്മ, ബുർഗൊസ, എന്നനഗരിയിലെയ്ക്കു തന്റെ ജീവിത കാലത്തിൽ സ്ഥാപിച്ചതിൽ ഒടുക്കത്തെ ആശ്രമത്തെ സ്ഥാപിപ്പാൻ പൊകുന്നതിന്ന ഒരുങ്ങിയിരുന്നു— ൧൦൦ ഒടുക്കത്തെ ആശ്രമത്തിന്ന റാക്കെലിന്റെ ഒടുക്കത്തെ മകനു ഇട്ടപെരു അതായത വ്യാകുലത്തിന്റെ മകൻ എന്നപെരു ന്യായമായിട്ടു ഇട്ടുകയും ആം: എന്നാൽ തന്റെ ലൊക ആയുസ്സിന്റെ അ

ഌതിയും, നിത്യപെരിമ്പ ഭാഗ്യത്തിന്നടുത്ത ആയുസ്സിന്റെ ആരംഭവും അടുത്തിരുന്ന വെന്ന വെണ്ടും വണ്ണം അറിഞ്ഞിരുന്ന നമ്മുടെ വീരപതി തന്റെ അഴിഞ്ഞു പൊകാത്ത മൊക്ഷമുടിയുടെ ഒടുക്കത്തെ അലങ്കാരം എത്രയും ശ്രെഷ്ഠയുള്ള മുള്ളുകളാകുന്ന വെന്നകണ്ട എത്രയും വലിയ മനൊ ദുഃഖിയൊടുകൂടെ എണ്ണമില്ലാത്തതിൻ വണ്ണമുള്ള ചൊട്ടുകളെ അനുഭവിച്ചുകൊണ്ട അതിനെ സ്ഥാപിച്ചു എന്ന ഒൎക്കുമ്പൊൾ യാക്കൊവുബാവാ അതിന്ന വലത്തെതിന്റെ മകൻ അതായത വീരശൌൎയ്യത്തിന്റെ മകൻ എന്നപെരു വിളിച്ചതിൻവണ്ണം ൟ ഒടുക്കത്തെ ആശ്രമത്തിന്ന വിളിക്കയും ആം, നാം കഴിയുന്നെടത്തൊളം ചുരുക്കികൊണ്ട അതിന്റെ വിവരം എഴുതുവാൻ പൊകുന്നു അതെങ്ങനെയെന്നാൽ,

ബുൎഗ്ഗൊസ, എന്നനഗരി, പഴയ, കസ്തില്ല്യ എന്നപ്രദെശത്തിൽ പല്ലൻസ്യ നഗരിയിൽ നിന്ന മുപ്പതു നാഴിക അകലമുള്ള പ്രധാനപ്പെട്ട ഒരുപട്ടണമാകുന്നു, ആ, നഗരിയിൽ കത്തരീന ദെത്തൊളൊസാ, എന്ന കീൎത്തിപ്പെട്ട വൈധവ്യസ്ത്രീ, നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയുടെ ഒരാശ്രമം സ്ഥാപിക്കുന്നതിന്ന വളരെ ആഗ്രഹിച്ചിരുന്നു, അവരുടെ ആഗ്രഹത്തിന്ന തക്കതിൻവണ്ണം ൧൫൭൭ാം കാലം മുതൽ നമ്മുടെ പുണ്യവാളത്തിക്ക എഴുതികൊടുത്തയച്ച ആ പട്ടണത്തിൽചെന്ന ആശ്രമം സ്ഥാപിക്കുന്നതിന്ന വെണ്ടുന്നതെല്ലാം വിചാരിക്കാമെന്ന വാഗ്ദത്തം ചെയ്തു അപെക്ഷിച്ചിട്ടുണ്ടായിരുന്നു എന്നാൽമെലെഴുതിയതിൻവണ്ണം നമ്മുടെ പുണ്യവാളത്തി മററു പല ജൊലികളാൽ മുടങ്ങപ്പെട്ട ൟകാലംവരെ ആ യാശ്രമത്തെ സ്ഥാപിക്കുന്നതിന്ന ഇടവരാതെയിരുന്നു, ഇതിന്നിടയിൽ മെൽ ചൊല്ലിയ ഉത്തമ, സ്ത്രീക്കുണ്ടായിരുന്ന, എഴു മക്കൾ, രണ്ടആണും, അഞ്ചുപെണ്ണും എറിയപെരും പുണ്യവാളത്തിയുടെ സഭയിൽക്കൂടി വിശെഷ പുണ്യസാമ

[illegible]ഗാപാംഗത്താൽ അലങ്കരിക്കപ്പെട്ട വരായി ജീവിച്ചിരുന്നു, അവരുടെ അമ്മയായ മെൽചൊല്ലിയ കത്തരീനാ, തനതുകാൎയ്യം വിചാരിച്ചാൽഎന്നുള്ളതാല്പൎയ്യത്തൊടു കൂടെ, ആ പട്ടണത്തിൽ ഒരാശ്രമം സ്ഥാപിക്കുന്നതിന്ന ആവശ്യമായിരുന്ന പട്ടണത്തിന്റെ സമ്മതവും അനുവാദവും വാങ്ങിക്കുന്നതിന്ന പ്രയാസപ്പെട്ടു വന്നിരുന്നു, കടശികന്യാസ്ത്രീകൾ വന്നിട്ട അവൎക്കവീടു കിട്ടിയില്ലാ എങ്കിൽ എന്റെ വീടുഒഴിഞ്ഞുകൊടുക്കാമെന്നും ചിലവമുട്ടിപ്പൊയാൽ ഞാൻതന്നെ രക്ഷിച്ചുകൊള്ളാമെന്നും നാടുവാഴിയുടെ മുമ്പാകെ എഴുതിവച്ച അനുവാദവും സമ്മതവും വാങ്ങിക്കയുംചെയ്തു.

നമ്മുടെ ശുദ്ധമാക്കപ്പെട്ട അമ്മയും ബ്രൂഗൊസ, നഗരിയിൽ ആശ്രമം സ്ഥാപിക്കണമെന്ന ഒരം ശൊമിശിഹാതന്നൊടു പ്രമാണിച്ചിരുന്നു വെന്നൊൎത്ത ഇതിന്നിടയിൽ അതിമ്മെൽ താല്പൎയ്യപ്പെടാതിരുന്നു വെന്ന വിചാരിക്കെണ്ട അതെന്തെ താൻവല ദൊലീദെന്ന നഗരിയിലായിരുന്നപ്പൊൾ ബ്രൂഗൊസ, പട്ടണത്തിന്റെ മെത്രാപൊലീത്താ, പല്ലെൻസ്യാ നഗരിയിൽകൂടെ കടപ്പാനിരുന്നു വെന്നുള്ള വൎത്തമാനം കെട്ടാറെ ആദെഹത്തിന്റെ നഗരിയിൽ ഒരാശ്രമം സ്ഥാപിക്കുന്നതിന്ന വെണ്ടിയ അനുവാദം മെന്തൊസാ മെത്രാൻ, വഴിയായിട്ട ചൊദിക്കയും ചെയ്തു: ആദെഹം നമ്മുടെ പുണ്യവാളത്തി മൊക്ഷത്തിന്നടുത്ത പുഷ്പങ്ങളാൽ നിറഞ്ഞതായി സ്ഥാപിച്ചുവരുന്ന തൊട്ടങ്ങളിൽ ഒന്നതന്റെ രൂപതയിൽ ഉണ്ടാകുന്നതിമ്മെൽ തനിക്ക വളരെ സന്തൊഷമായിരിക്കുന്നു വെന്ന ഉത്തരിക്കയും ചെയ്തു.

ഇതുപൊരാഞ്ഞിട്ട നമ്മുടെ പുണ്യവാളത്തി മെലെഴുതിയ സൊരിയ നഗരിയിലെ ആശ്രമം സ്ഥാപിക്കുന്നതിന്ന യാത്ര പുറപ്പെടുന്നതിന്നു മുമ്പിൽ ബ്രൂഗൊസ് മെത്രാപ്പൊലീത്ത പുണ്യവാളത്തിയുടെ താമസംകണ്ടു ബ്രൂഗ്ഗൊ

സ നഗരിയിൽ ആശ്രമം സ്ഥാപിക്കുന്ന മനസ്സവിട്ടുപൊ യി എന്നതുദെഹം വിചാരിക്കാതെയിരിപ്പാൻ, വെണ്ടി, സൊരീയ ആശ്രമം സ്ഥാപിച്ചിട്ടു അവിടെ ചെല്ലുമെന്ന അറിയിപ്പാനുള്ളതിന്ന മെലെഴുതിയ മെന്തൊസാ മെത്രാനവർകൾക്ക എഴുതികൊടുത്ത അയക്കയും ചെയ്തു: ഠരം ഒദഹം യൊഹന്നാൻ അളൊന്സൊ എന്നപട്ടക്കാരനെ ബുർഗ്ഗൊസ മെത്രാപ്പൊലീത്തായുടെ പക്കൽ അയച്ച പുണ്ണ്യവാളത്തി എഴുതിയവിവരം എല്ലാം പറയിപ്പിക്കയും ചെയ്തു: മെത്രാപ്പൊലീത്താ ആവൎത്തമാനം കെട്ടാറെ നമ്മുടെ പുണ്ണ്യവാളത്തിക്ക മഹാആചാരത്തൊടും സ്നെഹത്തൊടും കൂടെ എഴുതിയ ഒരെഴുത്തിൽ പുണ്ണ്യവാളത്തിയുടെ വരവ ബഹു ആശയായിട്ടു പാൎത്തിരിക്കുന്നു എന്ന എഴുതിയിരുന്നു, ഇതഹെതുവായിട്ടു മെന്തൊസ മെത്രാനും മററനെകം പെരും വിഷമങ്ങളെല്ലാം തീൎന്നിരിക്കുന്നുവെന്നും അവിടെചെന്ന ആശ്രമം സ്ഥാപിച്ചാൽമതി എന്നും വിചാരിച്ചിരുന്നു, എന്നാൽ മഹാ വിവെകിയായിരുന്ന നമ്മുടെ പുണ്ണ്യവാളത്തി ബുർഗ്ഗൊസ മെത്രാപ്പൊലീത്തായുടെ എഴുത്തുകളിലും വചനങ്ങളിലും നല്ലവാക്കുകളല്ലാതെ മുററും ആവശ്യമായിരിക്കുന്ന എഴുതപ്പെട്ട അനുവാദം കാണായ്കയാൽ മെത്രാപ്പൊലീത്തായ്ക്കു വെണ്ടുന്ന സ്ഥിരതയും ധൈൎയ്യവും ഇല്ലാ എന്നും അവിടെ സ്ഥാപിക്കുന്നതിന്ന വളരെ വിഷമങ്ങൾ ഉണ്ടാകുമെന്നും അറികയും ചെയ്തു:

ഠരം ന്യായത്താലും മെലെഴുതിയതിൻവണ്ണം ഠരം ശൊമിശിഹാ പ്രമാണിച്ചതിനാലും സൊരീയാ ആശ്രമം സ്ഥാപിച്ചിട്ടു ബുർഗ്ഗൊസ നഗരിയിൽ പൊകാതെ ആവില പട്ടണത്തിലെക്ക പൊകയും ചെയ്തു: അവിടെചെന്ന മെലെഴുതിയിരിക്കും വണ്ണം മാർയെനൗസെപ്പ പുണ്ണ്യവാളന്റെ ആശ്രമത്തിൽ മുമ്പിലത്തെ പൊലെയുള്ള പുണ്ണ്യങ്ങളെ മുളപ്പിച്ച ആകന്യാസ്ത്രീകളെ പുണ്ണ്യപ്പെട്ടു

ത്തിവരുമ്പോൾ മെലെഴുതിയ കത്തരീനാഎന്നസ്ത്രീ പ
ട്ടണത്തിന്റെ സമ്മതവും അനുവാദവും വാങ്ങിച്ചിരുന്നു
വൎത്തമാനം പുണ്യവാളത്തി അറിഞ്ഞുവെങ്കിലും ആപ്ര
ദെശത്തിൽ വൎഷം ബഹുകടുപ്പമായിരിക്കുന്നതിനെ
കൊണ്ടും പ്രൊവിൻസ്യാളിനെ ബൊധിപ്പിച്ചാൽ ഇത്ര
കുളിരുള്ള കാലത്തിൽ പൊകുന്നതിന്ന അനുവദിക്കയി
ല്ലഎന്ന വിചാരിച്ചിരുന്നതിനാലും ൟ ആശ്രമം സ്ഥാ
പിക്കുന്നതിന്ന ഇടവരുമൊഎന്ന സംശയിച്ചിരുന്നതിനെ
കൊണ്ടും ആവില ആശ്രമത്തിൽ തന്നെക്കൊണ്ട ആവ
ശ്യമുണ്ടായിരുന്നു എന്നതിനെക്കൊണ്ടും വൎഷം കഴിഞ്ഞി
ട്ട പൊയിക്കൊള്ളാമെന്ന പുണ്യവാളത്തി വിചാരിച്ചിരു
ന്നു, എന്നാൽ നമ്മുടെ കൎത്താവീശൊമിശിഹാ, എറിയ
മൊക്ഷമുടികളെ സമ്പാദിക്കുന്നതിന്ന ൟ ആയുസ്സിന്റെ
അറുതിയിൽ പുണ്യവാളത്തിക്ക ഇടവരുത്തുവാൻ തിരുമ
നസ്സായിരുന്നതിനാൽ ൧൫൮൧ാംകാലം വൃശ്ചികമാ
സം ൨൯ന- ശുദ്ധമാകപ്പെട്ടവൾ ബുൎഗ്ഗൊസ് ആശ്ര
മത്തിന്റെ കാൎയ്യത്തെക്കുറിച്ച തന്നൊട്ട പ്രാൎത്ഥിച്ചിരിക്കയി
ൽ താൻ പുണ്യവാളത്തിയൊട അരുളിചെയ്തതായത,,
,,എന്റെ മകളെ! ൟ കുളിര കൂട്ടാക്കെണ്ട അതെ
,,ന്തെ ഞാൻ പട്ടാങ്ങയുള്ള ഉഷ്ണമാകുന്നു, പിശാച ൟ
,,ആശ്രമം സ്ഥാപിപ്പിക്കാതെ യിരിപ്പാൻ വെണ്ടി അവ
,,ന്റെ ശക്തികളെല്ലാം പ്രയൊഗിക്കുന്നു, നീയും എ
,,ന്റെ പെൎക്കായിട്ട അതിനെ സ്ഥാപിക്കുന്നതിന്ന നി
,,ന്റെ ശക്തികളൊക്കെയും പ്രയൊഗിക്കണം എന്ന ത
,,ന്നെയുമല്ല പിന്നെയൊ നിതന്നെ പൊകണം അതെ
,,ന്തെ വളരെ ഉപകാരമുണ്ടാകും,, ശുദ്ധമാകപ്പെട്ട അ
മ്മ തന്റെ ദിവ്യമണവാളന്റെ ൟ ഗുണദൊഷം കെ
ട്ടാറെ ചടപ്പുകളാൽ ചൊവ്വെനില്പാൻ പാടില്ലഎങ്കിലും
ധൈൎയ്യത്തൊട്ട കൂടെ യാത്രെക്ക പുറപ്പെടുവാൻ നിശ്ചയി
ച്ചു, ആയതിന്ന വെണ്ടിയിരുന്ന അനുവാദം കൊടുപ്പാൻ

ആവില പട്ടണത്തിലുണ്ടായിരുന്ന പ്രൊവിൻസ്യാളിനൊട അപെക്ഷിക്കയും ചെയ്തു.

ആദ്ദെഹം മഹാബുദ്ധിമാനായിരുന്നതിനെകൊണ്ട ബ്രൂഗോസ മെത്രാപ്പൊലീത്തായുടെ പൊതുവായ വചനങ്ങളുടെമെൽ ഉറെപ്പാൻ പാടില്ല എന്നു കണ്ടതിനാലും പ്രത്യെകം ചടപ്പും വയസ്സും ഉള്ള തന്റെ ശുദ്ധമാകപ്പെട്ട അമ്മയുടെ ആയുസ്സിനെ രക്ഷിപ്പാനുള്ള താല്പൎയ്യംകൊണ്ടും ബ്രൂഗോസ മെത്രാപ്പൊലീത്തായുടെ എഴുതപ്പെട്ട അനുവാദം കാണുന്നതുവരെ അനുവദിക്കുന്നതിന്മെൽ മനസ്സുകെട്ടുകാട്ടുകയും ചെയ്തു. അന്നെരം ശുദ്ധമാകപ്പെട്ട അമ്മ വിശെഷ ദൈവ അരുളിയാൽ എറിഞ്ഞ പ്രൊവിൻസ്യാളിനൊട്ടു പറഞ്ഞതായതു: "എന്റെ അച്ചാ! സൎവ്വെശ്വര
,,ന്റെ കാൎയ്യങ്ങൾക്കു അത്രെ മാനുഷവിവെകം കൊണ്ടു
,,ആവശ്യമില്ല, ഞങ്ങളുടെ എല്ലാസുഖങ്ങളെ അന്വെഷി
,,ക്കുമ്പൊൾ തമ്പുരാന്റെ ചിറൊഴ്മശ്യൂായിട്ടുള്ളതിൽ സാ
,,രമായിട്ടുള്ള കാൎയ്യങ്ങളെ ചെയ്യാൻ വശമാകയില്ല: ആ
,,യാശ്രമം സ്ഥാപിച്ചാൽ സൎവ്വെശ്വരന്റെ വലിയ സ്തു
,,തിക്കായിട്ടു തീരും, എന്നാൽ കുറെ താമസിച്ചാൽ അതു
,,സ്ഥാപിക്കുന്നതിന്നു ഇടവരികയില്ല: പിശാച അതു ന
,,ടക്കാതെയിരിപ്പാൻ വെണ്ടി അവനാൽ കഴിയുന്ന വി
,,രൊധങ്ങളെ യെല്ലാം ചെയ്യുന്നുവെന്നു അച്ചൻ അറിഞ്ഞി
,,രിക്കണം എന്നുവരികിലും അച്ചന്റെ ബൊധത്തിൽതെ
,,ളിയുന്നതിൻവണ്ണം കല്പിക്കണം അതെന്നെ അച്ചന്റെ
,,നിശ്ചയം എല്ലായിലും വിവെകമുള്ളതും സൂക്ഷമുള്ളതും
,,ആകാതെയിരിപ്പാൻ പാടില്ല,,

പ്രൊവിൻസ്യാൾ മൂപ്പൻപാദ്രി വയസ്സുപ്രായവും ചടപ്പുംകൊണ്ടു നന്നാ ക്ഷീണിച്ചിരുന്ന നമ്മുടെ പുണ്യവാളത്തിയുടെ ഉരം ധൈൎയ്യം കണ്ടാറെ വളരെ അതിശയപ്പെട്ടു, അതിനൊട്ടുകൂടെ വെഗം ചെല്ലുന്നതിന്നു അപെക്ഷിക്കുന്ന കത്തരീനയുടെ എഴുത്തുകളും ചെന്നതിനാൽ പൊ

കുന്നതിന്ന പുണ്ണ്യവാളത്തിക്ക അനുവാദം കൊടുത്തതുകൂടാതെ താനും അമ്മയുടെ സൌഖ്യത്തിന്നും രക്ഷയ്ക്കുമായിട്ടു കൂടെപൊകുന്നതിന്ന മനസ്സായി യാത്രയ്ക്കു പുറപ്പെടുകയും ചെയ്തു.

അപ്പൊഴൊ ൧൫൮൨ാം കാലം മകരമാസം ൨ാംനു എതാനും കന്യാസ്ത്രീകളൊടും പ്രൊവിൻസ്യാളിനൊടും ശുദ്ധികരമാതാവിന്റെ പത്രൊസ എന്നസന്യാസിയൊടുംകൂടെ യാത്രപുറപ്പെട്ടു മുൻസ്ഥാപിച്ച പലആശ്രമങ്ങളിൽ വിസീത്തകഴിച്ചുംകൊണ്ടു ബുർഗൊസ നഗരിയിലൊട്ടു പൊകയുംചെയ്തു: എന്നാൽ ആവിലപട്ടണത്തിൽനിന്ന പുറപ്പെട്ടവുടനെ തന്റെചടപ്പുകൾ എല്ലാം കടുത്ത തളുവാതം, ഇടവിടാതുള്ള പനി, തൊണ്ണയിൽ എരിച്ചിലും നീരും ഇതുമുതലായ സൌഖ്യക്കെടുകൾ നമ്മുടെ പുണ്ണ്യവാളത്തി ആ വഴിയാത്രയിൽ ചുമന്നുകൊണ്ടുപൊയതിൽ ഒരു കുരിശായിരിക്കുന്നു: എന്നാൽ നാനാവിധമായ ദീനങ്ങളാൽ കഷ്ടപ്പെടുന്ന താൻ മററവരുടെ ശരീരങ്ങളിൽനിന്ന ദീനങ്ങളെ പുറപ്പെടുത്തുകയും ചെയ്യുന്നു: അതായത, മെദീന ആശ്രമത്തിൽ ചെന്നവുടനെ രണ്ടാം കുറിൽ നാം വിവരമായിട്ടു എഴുതുവാനിരിക്കുന്നതുപൊലെ കഠിനമായരൊഗത്താൽ ദീനമായി കിടന്നിരുന്ന മെദീന ആശ്രമത്തിന്റെ ശ്രെഷ്ഠത്തിയെ വലിയപ്രത്യക്ഷത്താൽ സ്വസ്ഥമാക്കുകയും ചെയ്തു. എന്നതിന്റെശെഷം ആയാശ്രമത്തിൽ താമസിയാതെ പല്ലെൻസ്യ നഗരിയിലെക്കു യാത്രപുറപ്പെടുകയും ചെയ്തു: എന്നാൽ ആനഗരിവാസികൾ ശുദ്ധമാകപ്പെട്ട അമ്മ വീണ്ടും അവരുടെപട്ടണത്തിൽ വരുന്നുവെന്ന കെട്ടാറെ സന്തൊഷത്തിന്റെ ആധിക്യത്താൽ അവരവരുടെ വെലകളെയും കാര്യാദികളൊക്കയും ഉപെക്ഷിച്ചു പുണ്ണ്യവാളത്തിയെ വീണ്ടുംകാണ്മാനും, തന്നൊടുവാഴ്വ അപെക്ഷിപ്പാനുമായിട്ടു വലിയപുരുഷാരമായിട്ടുകൂടിയതിനാൽ ആശ്രമത്തിന്ന സമീപി

ച്ചപ്പൊൾ വണ്ടിയിൽനിന്ന ഇറങ്ങുന്നതിന്ന വളരെപ്രയാ
സപ്പെട്ടു, ഇത്രതിക്കലും ക്രുട്ടവുമായിരുന്നു. കന്ന്യാസ്ത്രീകൾ
വളരെ സ്നെഹിച്ചിരുന്ന അവരുടെ അമ്മെനെ കണ്ടവുട
നെ അവരുടെ ഉൾസന്തൊഷം കാട്ടുന്നതിന്നും വണക്ക
ത്തിന്നുമായിട്ടു ശെഷം ആശ്രമങ്ങളിൽ ചെയ്തുവന്നിരുന്ന
തുപൊലെ ,,തെദെവും,, എന്ന സംഗീതം പാടികൊണ്ടു
അവരെ എതിരെല്ലാൻ കന്ന്യാസ്ത്രീകൾക്ക അനുവദിക്ക
പ്പെട്ടിരിക്കുന്ന വാതിലൊളം പൊകയും ചെയ്തു: എന്നാ
ൽ ആ കന്ന്യാസ്ത്രീകളുടെ സ്നെഹത്തിന്നും വണക്കത്തിന്നും
ഇതു പൊരാഞ്ഞിട്ടു ആശ്രമത്തിൻെറ നടുവിൽ ഉണ്ടായി
രിക്കുന്ന നടകളൊക്കയും വിദാനിച്ച പലയിടങ്ങളിൽ ഒ
രൊരു ചെറിയ ത്രൊണൊസുകളെയും സ്ഥാപിക്കയുംചെ
യ്തിരുന്നു: ഇപ്രകാരമുള്ള സ്നെഹത്തിന്നടുത്ത അടയാളങ്ങ
ൾകൊണ്ടു ചടപ്പുകളാലും വഴികളുടെ യൊഗ്യങ്ങളാലും
വിഷമങ്ങളാലും നന്നാക്ഷീണിച്ചിരുന്ന നമ്മുടെ പുണ്യവാ
ളത്തിക്ക എത്രയൊ ആവശ്യമുണ്ടായിരുന്നു, തൻെറ പ്രി
യപ്പെട്ട പല്ലെൻസ്യ ആശ്രമത്തിലെ മക്കളൊട ഇത്രവ
ലിയ ദിനങ്ങളുള്ളപ്പൊൾ ആശ്വാസം പറയാമെങ്കിൽ കു
റെ ആശ്വാസം പ്രാപിച്ചിരുന്നയിടയിൽ ബ്രൂഗൊസ പട്ട
ണംവരെ ശെഷിച്ചിരുന്ന വഴിയുടെ വിവരം അറിവാൻ
തിരക്കം ചെയ്തു, വഴിക്ക നല്ലസൂക്ഷമുള്ള ആളുകൾ പുണ്യ
വാളത്തിയൊടു പറഞ്ഞതായത, ആവില നഗരിയിൽനി
ന്ന കഴിച്ചയാത്ര സങ്കടമുള്ളതും വിഷമമുള്ളതും ആയിരു
ന്നുവെങ്കിൽ ഇനിയുള്ളത, കഴിച്ചതിനെകായിലും എററം
സങ്കടമുള്ളതും വിഷമമുള്ളതു മാകുന്നതെന്നിയെ വളരെ
ആപത്തുള്ള തായിരിക്കയും ചെയ്യുന്നു: ഇടവിടാതുള്ള മഴ
യാലും വൎഷത്തിൻെറ കടുപ്പം കൊണ്ടും പെയ്യുന്ന ഉറച്ച
മഞ്ഞു കാരണത്താലും വഴികളെല്ലാം ചെളിയും ചെറും
നിറഞ്ഞിരിക്കുന്നു, ആറുകളൊക്കയും കവിഞ്ഞൊഴുകുന്നു,
ഉണ്ടായിരുന്ന പാലങ്ങൾ ഇടിഞ്ഞു വീണിരിക്കുന്നു: ഇങ്ങ

ന്നെയുള്ള വൎത്തമാനങ്ങൾ കെട്ടാറെ മുന്നൊട്ടുപൊകുന്നത വിവെകമല്ല എന്നുപറഞ്ഞ പൊകെണ്ടയെന്ന ഗുണദൊഷിച്ചിരുന്ന സ്നെഹിതന്മാരുണ്ടായിരുന്നു. എന്നാൽ സൎവ്വെശ്വരൻ "എന്റെമകളെ! പെടികെണ്ട അതെന്തെ ഞാ ,,ൻ നിങ്ങളൊടുകൂടെയുണ്ടാകും,, എന്നാ൦രം തിരുവചനങ്ങളാൽ പുണ്യവാളത്തിയെ ധൈൎയ്യപ്പെടുത്തുകയും ചെയ്തു. ഇത ഹെതുവായിട്ട സ്നെഹിതന്മാരുടെ ഗുണദൊഷങ്ങളെ കെൾക്കാതെ, അലൊൻസൊ സലീനാസ എന്ന പല്ലെൻസ്യ കൊനെഗൊ ബൂൎഗ്ഗൊസനഗരിയിലെതന്റെ സ്നെഹിതന്മാൎക്ക എഴുതിയ ചില എഴുത്തുകളെ നമ്മുടെ പുണ്യവാളത്തിവാങ്ങിച്ചമഹാധൈൎയ്യത്തൊടുകൂടെ യാത്ര പുറപ്പെട്ടുകയും ചെയ്തു: എന്നാൽ നമ്മുടെപുണ്യവാളത്തി സാക്ഷിക്കുന്നതിൻവണ്ണം സൎവ്വെശ്വരൻ അവരൊടുകൂടെ ഉണ്ടാകുമെന്ന ചെയ്ത പറഞ്ഞൊപ്പിനെ സംപൂൎണ്ണമായിട്ട തികെച്ചു, അതെന്തെ ൦രം വഴിയാത്രയിൽ സ്പഷ്ടമായ പ്രത്യക്ഷങ്ങളാൽ എത്രയും വലിയയൊഗ്യങ്ങളിൽനിന്നും സങ്കടങ്ങളിൽ നിന്നും അവരെ രക്ഷിക്കയും ചെയ്തു. പുണ്യവാളത്തിയുടെ കുമ്പസാരക്കാരനായ ദ്യെഗൊ ദീയെപ്പസ എന്ന മെത്രാൻ എഴുതി സാക്ഷിച്ചിരിക്കുന്നതുമാത്രം ഇവിടെ പെൎത്ത ൦രം വഴിയാത്രയുടെവിവരം നാം അവസാനിപ്പിക്കയും ആം.

ആദെഹത്തിന്റെ വചനങ്ങളാകുന്നതെന്തെന്നാൽ
,,അമ്മത്രെസ്യ ആവിലപട്ടണത്തിൽനിന്ന പുറപ്പെട്ടക്ഷ
,,ണം മുതൽ മഹാ ധൈൎയ്യത്തൊടു കൂടെ സ്ഥാപിപ്പാൻ
,,പൊയിരുന്ന ആശ്രമം ഹെതുവായിട്ട അനുഭവിച്ച സ
,,ങ്കടങ്ങളുടെയും പാടുകളുടെയും ആരംഭം രസിച്ചുതുടങ്ങി
,,ആ ദിവസങ്ങളിൽ ഇടവിടാതുള്ള വലിയമഴയല്ലാതെ
,,പ്രത്യക്ഷമെന്ന തൊന്നുവാൻ തക്കപ്രകാരത്തിൽ അധിക
,,മായ ഉറച്ചമഞ്ഞ പെയ്യുകയും ചെയ്തു: ഇതുനിമിത്തമായി
,,ട്ട കുളിർ പാവപ്പെട്ട കന്യാസ്ത്രീകൾക്ക സഹിക്കാമെലാ

,,ത്തതായിരുന്നു: എന്നാൽ അവര അതായത അമ്മ ത്രെ
,,സ്യ ശെഷംപെരെകായില്ലും അധികമായിട്ട പാടുപെ
,,ട്ടിരുന്ന അതെന്തെ എല്ലാവൎക്കും പൊതുവായിരുന്നഞെ
,,രുക്കങ്ങളും സൈൗഖ്യക്കെടുകളും അല്ലാതെ കുറെ കാല
,,മായിട്ട തന്നെ സങ്കടപ്പെടുത്തിവന്നിരുന്ന തളരുവാതം
,,ആ വഴിയാത്രയിൽ തന്നെവളരെകഷ്ടപ്പെടുത്തി, വലി
,,യദൊലീദ എന്ന നഗരിയിൽ ചെന്നപ്പൊൾ വെഗം മു
,,ന്നൊട്ട പൊയില്ലയെങ്കിൽ പിന്നെ പൊകുവാൻ വശ
,,മാകയില്ലയെന്ന വൈദ്യന്മാര വിധിപ്പാൻ തക്കവണ്ണം
,,ദീനം കടുത്തു: ചിലയിടങ്ങളിൽചെളിയുംമണ്കെട്ടുക
,,ളും അധികമായിരിക്കയിൽ വണ്ടികൾ ഉറച്ചുപൊയതി
,,നാൽ കന്യാസ്ത്രീകൾ വണ്ടികളിൽനിന്ന ഇറങ്ങി കാ
,,ലാൽ നടക്കെണ്ടിവന്നു: ഒരുസമയത്ത അമ്മ മുന്നൊട്ടന
,,ടന്നിരുന്ന വണ്ടിയുടെ ഒരുചക്രം വഴിയിൽനിന്നതെറ്റി
,,ചരിവുള്ള സ്ഥലമായി രുന്നതിനാൽ എററം ആഴമുള്ള
,,ആററിൽ വീഴാറായി എന്നുകണ്ട വളരെഭയപ്പെടുകയും
,,ചെയ്തു: എന്നതന്നെയുമല്ല പിന്നെയൊ വണ്ടിക്കാരുടെ
,,ക്രൂട്ടത്തിൽ വാലിഭനായിരുന്ന ഒരുത്തൻ മറിയാറായവ
,,ണ്ടിയുടെ ഇടവിധാനത്തിൽ പൊങ്ങിയിരുന്ന ചക്രംപി
,,ടിച്ചു നിറുത്തിയില്ലായെങ്കിൽ സംശയമെന്നിയെ ആ വ
,,ണ്ടി മെൽചൊല്ലിയ പാതാളത്തിൽ വീണെനെ, എന്നാ
,,ൽ ഇതുതന്നെ വലിയപ്രത്യക്ഷം, അതെന്തെ വീഴുവാ
,,ൻപൊകുന്ന വണ്ടിയെ നിറുത്തി വഴിയിലാക്കുന്നതിന്ന
,,എറിയ ആളുകൾ ക്രൂടിയാലും വശമാകാത്തപ്പൊൾ ഒ
,,രു ചെറുക്കൻ വശമായത പ്രത്യക്ഷംകൊണ്ടല്ലാതെ മ
,,റരുപ്രകാരമല്ല: ഈസംഗതി നൊക്കികൊണ്ടിരുന്ന അ
,,മ്മത്രെസ്യാ വളരെ ദുഃഖിച്ചതുക്രൂടാതെ പിന്നത്തെതിൽ
,,ഉണ്ടായിരുന്ന യൊഗ്യങ്ങളിൽ താൻ മുമ്പിൽ അകപ്പെട്ട
,,ശെഷംപെരെ രക്ഷിപ്പാൻ വെണ്ടി താൻ കെറിയിരുന്ന
,,വണ്ടി മുന്നൊട്ട നടപ്പാൻ കല്പിക്കയും ചെയ്തു.

,,ദാവായപ്പൊൾ ഇത്രദീനവും ആവശ്യവുമുള്ള അമ്മ
,,യ്ക്കു ഒരുകിടക്കക്രൂടെയും കിട്ടാത്ത ഒരുവഴിയമ്പലത്തിൽ
,,എത്തി, ഇതുപൊരാഞ്ഞിട്ട ശെഷിച്ചിരുന്ന വഴിയുടെഅ
,,വസ്ഥകണ്ട അറിഞ്ഞിരുന്ന ഒരൊരു വഴിയാത്രക്കാരര മു
,,ന്നൊട്ടുപൊകാതിരുന്നാൽ വിവെകമാകും എന്ന ഗുണ
,,ദൊഷിച്ചിരുന്നു. വിശെഷിച്ച ബൂർഗ്ഗൊസ പട്ടണത്തിന്ന
,,സമീപമായപ്പൊൾ ആററിൽ വെള്ളം അധികമായിട്ട
,,പൊങ്ങിയിരുന്നതിനെ കൊണ്ട ഉണ്ടായിരുന്ന പാലങ്ങ
,,ൾ മുങ്ങി നിശ്ചയമുള്ള യൊഗ്യംക്രൂടാതെ അക്കരെ കട
,,പ്പാൻ പാടില്ലാഞ്ഞു, ഇതുഹെതുവായിട്ട എല്ലാവരും ഭയ
,,പ്പെട്ട മരണം അടുത്തിരിക്കുന്നുവെന്ന വിചാരി ച്ചിരുന്നു:
,,അതെന്തെ കൌണാന്മെലാൎത്ത പാലങ്ങളിന്മെൽ വണ്ടി
,,കൾ ഒട്ടുന്നപ്പൊൾ അങ്ങൊട്ടും ഇങ്ങൊട്ടും മാറാതെ വ
,,ണ്ടികളും കുതിരകളും പാലത്തിന്റെ നടുവിൽ തന്നെ
,,പൊകുമെന്ന ഒരു പ്രകാരത്തിലും ശരണമായി പാൎത്തി
,,രിപ്പാൻ വഹ്യാഞ്ഞു: കന്യാസ്ത്രീകളെല്ലാവരും നന്നാ ഭ
,,യന്ന കടക്കുന്നതിന്നു മുമ്പിൽ കുമ്പസാരിച്ചു നല്ല ഭക്തി
,,യൊടുക്രൂടെ വിശ്വാസപ്രമാണം ചൊല്ലികഴിഞ്ഞിട്ട ശു
,,ദ്ധമാകപ്പെട്ട അമ്മയൊട വാഴ്വ അപെക്ഷിച്ചു: ശുദ്ധ
,,മാകപ്പെട്ട അമ്മ വാഴ്വകൊടുത്ത അവരൊടുപറഞ്ഞതാ
,,യത, എന്റെ മക്കളെ! ധൈൎയ്യപ്പെടുവിൻ നമ്മുടെ ക
,,ൎത്താവിന്റെ സ്നെഹത്തെ പ്രതി വെണ്ടിവന്നാൽ ഇവി
,,ടെ സഹദാട്ടികളായിട്ട മരിക്കുന്നതിനെ കായിലും വ
,,ലിയ നന്മ നിങ്ങൾക്ക ആഗ്രഹിപ്പാനില്ലല്ലൊ, എന്നാൽ
,,ഞാൻ മുമ്പുകടക്കട്ടെ ഒരുവെളയിൽ ഞാൻമുങ്ങിമരിച്ചു
,,പൊയാൽ നിങ്ങൾ കടക്കരുതെന്നും തിരികെ വഴിയ
,,മ്പലത്തിൽ പൊയിക്കൊള്ളണമെന്നും എന്റെവശമെ
,,ക്കയൊട്ടുംക്രൂടെ നിങ്ങളൊടുഞാനപെക്ഷിക്കുന്നു. ഈ വ
,,ചനങ്ങളാൽ തന്റെമക്കളെ ധൈൎയ്യപ്പെടുത്തീട്ട മുന്നെ
,,ള്ള തന്റെവണ്ടിയെ കടത്തി വെള്ളത്തിൽ നടന്നുതുടങ്ങി

,,എന്നാൽ ഠരം ധൈൎയ്യം കെൾക്കുമ്പൊൾ അതിശയപ്പെ
,,ടെണ്ടാ അത്തെന്തെ കുതിരകൾ വെള്ളത്തിൽ ചവിട്ടിയപ്പൊ
,,ടനെ "മകളെ! ഭയപ്പെടെണ്ടാ ഞാൻ ഇവിടെയുണ്ട" എ
,,ന്ന തമ്പുരാന്റെ ഠരം തിരുവചനങ്ങളെ കെൾക്കയും
,,ചെയ്തു. എന്നാൽ ഇതാ പുണ്യവാളത്തി കെറിപ്പൊകു
,,ന്ന വണ്ടിയുടെ ശക്രങ്ങൾ വെള്ളത്തിൽതൊടാതെ ഇട
,,വിധാനത്തിൽ പൊങ്ങിപറക്കുന്നതുപൊലെ കാണപ്പെ
,,ട്ടുകയും ചെയ്തു: ഇതിനാൽ ശെഷംപെരും യൊഗ്യംകൂ
,,ടാതെ കടക്കുമെന്ന ഒരുനിശ്ചയമുള്ള അടയാളമാകയും
,,ചെയ്തു, പട്ടാങ്ങയായിട്ടു എല്ലാവരും ഭാഗ്യമായിട്ടു കട
,,ന്ന യാതൊരുയൊഗ്യംകൂടാതെ ബ്രുഗൊസപട്ടണത്തിൽ
,,എത്തുകയും ചെയ്തു,, ഇതിന്നുമുമ്പിൽ നാം കാണിച്ചിരി
ക്കുന്നതിൻവണ്ണം നമ്മുടെപുണ്യവാളത്തി വല്യആശ്രമം
സ്ഥാപിക്കുന്നതിന്ന പൊകുമ്പൊൾ അത സ്ഥാപിക്കെണ്ടു
ന്ന നഗരിയിൽ എത്തിയാലുടനെ മെല്പട്ടക്കാരനെ ബൊ
ധിപ്പിച്ച ആദെഹത്തിന്റെ വാഴ്വൊട്ടുകൂടെ പള്ളിക്കായി
ട്ടു നിശ്ചയിക്കുന്നശാലയെ അലങ്കരിപ്പിച്ച അതിന്റെ പി
റെറദിവസം ഉടനെ കുർബാനചൊല്ലിച്ച ആശ്രമം സ്ഥാ
പിക്കുമാറായിരുന്നു: എന്നാൽ ബ്രുഗൊസപട്ടണത്തിൽചെ
ന്നപ്പൊൾ പുണ്യവാളത്തി സാക്ഷിക്കുന്നതിൻവണ്ണം മഴ
യാൽ എല്ലാവരും നനഞ്ഞു കഷ്ടപ്പെട്ടിരുന്നതിനെകൊണ്ടു
ആ രാത്രിയിൽ ബ്രുഗൊസമെത്രാപ്പൊലീത്തായെ ബൊധി
പ്പിപ്പാൻ ഇടവന്നില്ല. എന്നാൽ ആ രാത്രിയുടെ വൎത്തമാ
നം പുണ്യവാളത്തിയുടെ വായിൽനിന്ന കെൾക്കണം അ
തെങ്ങിനെയെന്നാൽ:

"ആ രാത്രിയിൽ ആശുദ്ധമാകപ്പെട്ട സ്ത്രീയുടെപക്കൽഞ
,,ങ്ങൾ അനുകൂലപ്പെട്ടു അവര ഞങ്ങളെ സന്തൊഷിപ്പി
,,ക്കയും സമ്മാനിക്കയും ചെയ്തു, എന്നാൽ ഇനിക്കു വലി
,,യ വിരൊധമായി തീൎന്നു: അത്തെന്തെ ഞങ്ങൾ ധരിച്ചിരു
,,ന്ന ഉടുപ്പുകളെ ഉണക്കുന്നതിന്നു വെണ്ടി വലിയ തീ, കു

,,ത്തിച്ചു എറിയനെരം ഞങ്ങൾ കാഞ്ഞുകൊണ്ടിരുന്ന തി
,,നെകൊണ്ടഇനിക്കവലിയസൌഖ്യക്കെടായിട്ടതിൻ അ
,,തെങ്ങിനെയെന്നാൽ ആരാത്രിയിൽ തലച്ചുററലും ചൊ
,,രതുപ്പാൻതക്കതിൻവണ്ണം തൊണ്ണയിൽ ഒരവ്രണമുണ്ടാ
,,കുവാൻ തക്കപ്രകാരത്തിലുള്ള വലിയഛർദ്ദിയും ഉണ്ടാ
,,കയുംചെയ്തു. ഇതു ഹെതുവായിട്ട അതിന്റെ പിറെറ
,,ദിവസം തലംപൊക്കുവാനും കാൎയ്യംപറഞ്ഞു നടത്തുവാ
,,നും വശമുണ്ടായിരുന്നില്ല, എന്നാൽ അവര കൊച്ചായി
,,ട്ടുള്ള ഒരുകട്ടില ഇനിക്കുണ്ടാക്കി അഴിയുള്ള ഒരുജനെല
,,യുടെ അരികിൽവെച്ച അതിന്മെൽ എന്നെകിടത്തി ഇങ്ങ
,,നെ കിടന്നുംകൊണ്ട പുറത്തിലെ മുറിത്തട്ടിൽ വന്നിരുന്ന
,,ആളുകളൊട ആ ജനെലയിൽക്കൂടെ സംസാരിച്ച ആ
,,ശ്രമത്തിന്റെ സ്ഥാപനത്തിന്ന ആവശ്യമായ കാൎയ്യങ്ങ
,,ളെ വിചാരിച്ചിരുന്നു,,

അപ്പഴൊ നമ്മുടെ പുണ്യവാളത്തി സാക്ഷിച്ചിരിക്കുന്ന
തിൻവണ്ണം പട്ടണത്തിന്റെ മെലധികാരികളുടെ അനു
വാദംകിട്ടിയാൽ കാൎയ്യം നടന്നുവെന്ന വിചാരിച്ചിരുന്നു
എങ്കിലും പിശാച എറിയവിരൊധങ്ങൾ ചെയ്യുമെന്നസ
ൎവ്വെശ്വരൻ തന്നൊട അരുളിചെയ്തിരുന്ന തിരുവചനങ്ങ
ളാൽ തനിക്ക തിരിഞ്ഞിരുന്നു എന്നതിനെകൊണ്ട ആ വി
രൊധങ്ങൾ ആരിൽനിന്നുണ്ടാകുമെന്ന വിചാരിച്ചു വന്നി
രുന്നു: എന്നാൽ അവിടെചെന്നതിന്റെ പിറെറദിവസം
ഇറാനിമ്മൊസ ഗ്രസ്യാനൊ എന്നപ്രൊവിൻസ്യാൾ മെ
ത്രാപ്പൊലീത്തായൊട വാഴ്വുംഅനുവാദവും അപെക്ഷി
പ്പാൻ പൊകയിൽ വിരൊധങ്ങൾ ഉണ്ടാകുവാനിരുന്നവ
ഴി ഗ്രഹിക്കയുംചെയ്തു: അതെങ്ങനെയെന്നാൽ മെത്രാപ്പൊ
ലീത്താ,പ്രൊവിൻസ്യാൾ മൂപ്പൻ പാദ്രിയെ കണ്ടവുടനെ
കുലശൽക്കൂടി നമ്മുടെ പുണ്യവാളത്തി ആ പട്ടണത്തിൽ
ചെന്നിരുന്നതിനെകൊണ്ട വളരെ നീരസംകാണിക്കയും
ചെയ്തു, അത പ്രൊവിൻസ്യാൾ എന്നദെഹം കണ്ടപ്പൊ

ൾ തന്റെ ശുദ്ധമാകപ്പെട്ട അമ്മയുടെ പെക്ക സാമർത്ഥ്യ
പ്പെട്ട വക്കീലായി പല്ലെൻസ്യാദിക്കിന്റെ മെത്രാൻവഴി
യായിട്ട പുണ്യവാളത്തിയൊട പറയിപ്പിച്ചെച്ചതും താൻ
തന്നെ ആ പട്ടണത്തിൽ പുണ്യവാളത്തി ചെല്ലുന്നതിന്ന
എഴുതിയ എഴുത്തുകളും, പട്ടണത്തിന്റെ മെലധികാരി
കളുടെ അനുവാദംവെണമെന്നപറഞ്ഞിട്ട കത്തരീന ദെ
ത്തൊളൊസാ എന്ന ഉത്തമസ്ത്രീ അതിനെവാങ്ങിച്ചശെമ്പാ
കെകൊടുത്തയച്ചതും ഇതുമുതലായ വിവരങ്ങളെ മെത്രാ
പ്പൊലീത്തായെ ഒപ്പിച്ച പുണ്യവാളത്തിയെകൊണ്ട കുററം
പറവാനും അവരുടെമെൽ ഇഷ്ടക്കെടുണ്ടാകുവാനും ന്യാ
യമില്ലെന്നബൊധിപ്പിക്കയുഞ്ചെയ്തു, മെത്രാപ്പൊലീത്താമെൽ
ചൊല്ലിയതെല്ലാം ഉണ്ടായിട്ടുള്ളതാകുന്നഎന്നനുസരിച്ചുവെ
ങ്കിലുംപുണ്യവാളത്തിമററുകന്യാസ്ത്രീകളൊടുകൂടെചെല്ലു
ന്നതിന്നഅനുവദിച്ചിട്ടില്ലാഞ്ഞുഎന്ന ഒരുഒഴിവു പറകയും
ചെയ്തു: ഇങ്ങനെകുറെനെരത്തെക്കപ്രൊവിൻസ്യാളിനൊ
ട തക്കിച്ചതിന്റെശെഷം കടശിയായിട്ട കല്പിച്ചതെന്തെ
ന്നാൽ ആശ്രമം സ്ഥാപിക്കുന്നതിന്ന സ്വന്തമായിട്ടുള്ളവീ
ടുവാങ്ങിക്കയും കന്യാസ്ത്രീകളുടെ ചിലവിന്ന ആവശ്യമാ
യിട്ടുള്ളമുതൽ ഉണ്ടാക്കി ഉറപ്പൊടുകൂടെ വെച്ചസ്ഥാപിക്ക
യും വെണം: എന്നാൽ ൟവക മുതൽ ഉണ്ടാക്കുന്നതിന്ന
ആശ്രമത്തിൽ കൂടുവാനിരിക്കുന്ന പുതു കന്യാസ്ത്രീകളുടെ
സ്ത്രീധനങ്ങൾ ൟവകെക്കായിട്ട ആക്കിക്കൂടായെന്നനാം
വിലക്കുകയും ചെയ്യുന്നു: ൟ കല്പനകളൊക്കയും അനുസ
രിച്ച നിറവെററാമെങ്കിൽ അമ്മ ത്രെസ്യാ നിഷ്പ്പെട്ടെ അ
ട്ടായെങ്കിൽ ബുൎഗൊസ നഗരി അവക്കായിട്ടല്ലായെന്ന ഒ
ന്നു പൊസ്തൊലുള്ളട്ടെ എന്നു കല്പിച്ച പ്രൊവിൻസ്യാളിനെ
പറഞ്ഞയക്കയും ചെയ്തു. ആദെഹംകല്പിച്ച ന്യായങ്ങളെ
പ്രത്യെകം മൂന്നാമത്തെ സൂക്ഷിക്കുമ്പൊൾ തന്റെ ശ്രദ്ധ
യിൽ ത്രെസ്യ പുണ്യവാളത്തിയുടെ ആശ്രമങ്ങൾ വെ
ള്ളായെന്ന കല്പിക്കുന്നതിൻവണ്ണ മായിരിക്കുന്നുവെന്ന എ

വക്കം തിരിയും: എന്നാൽ നമ്മുടെ ൟ ചരിത്രസംക്ഷെപം വായിപ്പാനിരിക്കുന്നകൂടപ്പിറപ്പുകൾപുറമെയുള്ളപ്രവൃത്തികളെ നൊക്കാതെ ആദെഹത്തിന്റെ നിയൊഗങ്ങൾ നല്ലതായിരുന്നു വെന്ന വിചാരിക്കുന്നതു കൂടാതെ ഫ്ലെമൊൻ അനെപക്ഷിച്ചിരുന്ന ധൈൎയ്യമുള്ള സ്ത്രീ നമ്മുടെ വീരപതിയാകുന്നുവെന്ന സൎവെശ്വരൻ നമ്മൊട അറിയിപ്പാൻവെണ്ടിമെലെഴുതിയവിരൊധങ്ങളും ഇനി എഴുതുവാൻപൊകുന്നതും പുണ്യവാളത്തിക്ക നെരിടുവാൻ തിരുമനസ്സായി എന്നുഗ്രഹിക്കയും വെണം. ഇതാ നമ്മുടെപുണ്യവാളത്തിയുടെ സാക്ഷി "ബ്രൂഗ്ഗെസ ആശ്രമം സ്ഥാപിക്കപ്പെടുവാ
,,ൻസൎവെശ്വരൻ തിരുമനസ്സായിരുന്നതുകൊണ്ടത്രെ സ്ഥാ
,,പിക്കപ്പെട്ടത, അതെന്തെ മെത്രാപ്പൊലീത്ത തന്നെ വി
,,ന്നീട പറഞ്ഞതിൻവണ്ണം ഞങ്ങൾഅവിടെ സ്ഥാപിപ്പാ
,,ൻ പൊകുന്നതിന്ന അനുവാദം ചൊദിച്ചിരുന്നുവെങ്കിൽ
,,അനുവദിക്കാഞ്ഞതെന്നെ എന്നു സാക്ഷിക്കയും ചെയ്തു. എ
,,ന്നാൽ അത സ്ഥാപിക്കപ്പെട്ടുമെന്നത ഉറപ്പായിട്ടുള്ള എ
,,ന്റെഅഭിപ്രായമായിരുന്നു: ഉണ്ടായവിരൊധങ്ങളും വി
,,ഘ്നങ്ങളും പിശാചിൽ നിന്നുള്ളതെന്നും, സംഭവിച്ചിരുന്ന
,,തെല്ലാം ഞങ്ങളുടെ എററം വലിയ ഗുണത്തിന്നാകുന്നു
,,വെന്നും കടശി സൎവെശ്വരൻ വിഘ്നങ്ങളെ യെല്ലാംനീ
,,ക്കി താൻ ജയിക്കുമെന്നും ഞാൻ എല്ലാപ്പൊഴും ഉറപ്പാ
,,യിട്ടുവിശ്വസിച്ചിരുന്നു,, മഹാബുദ്ധിമാനായിരുന്ന പ്രൊവിൻസ്യാൾ മെത്രാപ്പൊലീത്താ പറഞ്ഞതെല്ലാം കെട്ടാറെ ആ നഗരിയിൽ ആശ്രമം സ്ഥാപിക്കാതെ പൊരുന്നതിന്ന അയാൾക്ക മനസ്സതൊന്നാഞ്ഞത സൎവെശ്വരന്റെ മനൊഗുണമത്രെ ആയത: ൟ ദെഹം ക്രമെണ മെത്രാപ്പൊലീത്തായുടെ മനസ്സിന്ന കുറെ മയംവരുമെന്നും, ആ പട്ടണത്തിൽ തന്റെസ്നെഹിതന്മാരായിരുന്ന പ്രാപ്തിയും ബഹുമാനവുമുള്ള ആളുകൾ വഴിയായിട്ട കാൎയ്യം സാധിക്കാമെന്നും ശരണപ്പെട്ടു കൊണ്ട മെത്രാപ്പൊലീത്തായുടെ

അരമനയിൽനിന്ന ഇറങ്ങുകയും ചെയ്തു. ൟ ദെഹം ഭാ
വിച്ചിരുന്നതിൻവണ്ണം ഒരൊരു ആളുകളെ എൎപ്പെടുത്തി
പരീക്ഷിച്ചു, എന്നാൽ സൎവ്വെശ്വരൻ ൟ ജയം നമ്മുടെ
പുണ്യവാളത്തിയുടെയും തന്റെ കന്യാസ്ത്രീകളുടെയും മു
ട്ടിപ്പായിട്ടുള്ള അപെക്ഷകൾക്ക കല്പിപ്പാൻ തിരുമനസ്സാ
യിരുന്നതിനെ കൊണ്ട പ്രൊവിൻസ്യാൾ എൎപ്പെടുത്തിയ
ആളുകളുടെ ബുദ്ധിമുട്ടുകളും താല്പൎയ്യങ്ങളും വ്യൎത്ഥമായി
പൊകയും ചെയ്തു. കത്തരീന ദെത്തൊളൊസാ പള്ളിക്കാ
യിട്ട ആസ്ഥമാക്കിയിരുന്നശാല അതിന്നുമുമ്പിൽ ൟശൊ
സഭക്കാര ആ പട്ടണത്തിൽ കൊവെന്ത സ്ഥാപിപ്പാൻ
പൊയപ്പൊൾ പത്തു വൎഷത്തെക്ക പള്ളിയായിട്ട പെരു
മാറിവന്ന ശാലയത്രെ ആയിരുന്നത: ൟ ന്യായം കാണി
ച്ചുകൊണ്ട രണ്ടുകൊനഗന്മാര മെത്രാപ്പൊലീത്തായുടെഅ
ടുക്കൽചെന്ന പാവപ്പെട്ട കന്യാസ്ത്രീകൾ പ്രത്യെകം ച
ടപ്പായിരിക്കുന്ന അമ്മത്രെസ്യ ഞായറാഴ്ചമാത്രം കുൎബാന
കണ്ടുവരുന്നതുക്രുടാതെ ഞായറാഴ്ചയിൽ പള്ളിയിൽപൊ
കുന്നതിന്ന ചെളിയും വെള്ളവും ചവുട്ടി വളരെബുദ്ധിമുട്ടി
വരുന്നതാകകൊണ്ടും കന്യാസ്ത്രീകളുടെ അടക്കത്തിന്ന വ
ലിയ വിരൊധമാക കൊണ്ടും ആ ശാലയിൽ കുൎബാന
ചൊല്ലുന്നതിന്ന എങ്കിലും അനുവദിപ്പാൻ അപെക്ഷിച്ചു:
മെത്രാപ്പൊലീത്താ ൟ അനുവാദം കൊടുത്താൽ അമ്മ
ത്രെസ്യ ആശ്രമം സ്ഥാപിച്ചതുപൊലെ വിചാരിക്കുമൊ
എന്നുപെടിച്ചിട്ടൊ എന്തൊ അനുവാദം കൊടുത്തില്ല. ഇ
ങ്ങനെ ഒരൊരുത്തര മദ്ധ്യസ്ഥന്മാരായിട്ട പറഞ്ഞിട്ട ആ
ദെഹത്തിന്റെ മനസ്സ ഇളകുന്നതിന്നു പകരമായിട്ട കടു
ത്തുവരുന്നുവെന്ന നമ്മുടെ പുണ്യവാളത്തി കണ്ട താൻത
ന്നെ ചെന്നുബൊധിപ്പിപ്പാൻ നിശ്ചയിച്ചു, വിശെഷിച്ച പു
ണ്യവാളത്തി അവിടെ ചെന്ന ബൊധിപ്പിച്ച തിരികെ വ
രുന്നതുവരെക്കും കന്യാസ്ത്രീകൾ മാറിമാറി ചമ്മട്ടി കൊ
ണ്ട വലിയ പ്രായശ്ചിത്തം ചെയ്യാൻനിശ്ചയിച്ചു: അതിൻ

വണ്ണം ചെയ്യുവെങ്കിലും ൟ തവണ നമ്മുടെ ശുദ്ധമാക്ക
പ്പെട്ടവള്ളുടെ വേലയും നിഷ്ഫലമായിപ്പൊയതെന്നിയെ മെ
ത്രാപ്പൊലീത്താ പുണ്യവാളത്തിയൊട പിണങ്ങികൊണ്ട
ത്രെ ആകുന്നു അരമനയിൽ നിന്ന പറഞ്ഞയച്ചത. എന്നാ
ൽ നമ്മുടെ വീരപതിയുടെ മുഖത്തിൽ പ്രകാശിച്ചിരുന്ന
സന്തൊഷവും തെളിവും കണ്ട ആളുകൾ താൻ അപെ
ക്ഷിച്ചിരുന്നതിനെകാൾ എറ്റം വലിയ അനുവാദങ്ങൾ
മെത്രാപ്പൊലീത്താ കൊടുത്തുവെന്ന വിചാരിച്ചിരുന്നു.

ൟ വണ്ണം എല്ലാവരും സങ്കടപ്പെട്ടുവരികയിൽ ആ
പട്ടണത്തിൽ ഉണ്ടായിരുന്ന ഒരൊരു ആശ്രമങ്ങളിൽ പാ
ൎത്തിരുന്ന കന്യാസ്ത്രീകൾ നമ്മുടെ പുണ്യവാളത്തിയെ കാ
ണ്മാൻ വളരെ ആഗ്രഹിച്ചിരുന്നതിനെകൊണ്ട തന്റെ ആ
ശ്രമം സ്ഥാപിക്കുന്നതിന്നു മുമ്പിൽ അവരുടെ ആശ്രമങ്ങ
ളിൽ പൊകുവാൻ പുണ്യവാളത്തിയൊട അപെക്ഷിച്ചു:
താൻ അവരുടെ അപെക്ഷ കൈക്കൊണ്ട ഒരൊരു ആ
ശ്രമത്തിൽ ചെന്ന തന്റെ മധുരവും ആചാരമുറയുമുള്ള
പെരുമാറ്റംകൊണ്ടും പ്രത്യെകം തന്റെ ജ്ഞാനസംസാ
രങ്ങൾകൊണ്ടും ആ കന്യാസ്ത്രീകൾക്കൊക്കെക്കും വളരെ
ഉപകാരവും തന്റെനെരെ എറ്റിക്കപ്പെട്ട വണക്കവും
ഉണ്ടാകയും ചെയ്തു: എന്നാൽ ആ പട്ടണത്തിൽ മാർ ബ
ണ്ണെദ്ദൊസു പുണ്യവാളന്റെ സഭക്കാരത്തികളായ കീൎത്തി
പെട്ട ഒരുകന്യാസ്ത്രീമഠമുണ്ടായിരുന്നു, അതിൽ ഒരുദിവ
സം മുഴുവനുംകഴിച്ചു, ആ കന്യാസ്ത്രീകൾക്ക എല്ലാവൎക്കും
ശുദ്ധമാകപ്പെട്ട അമ്മയുടെനെരെ മഹാപക്ഷവും വണ
ക്കവും ഉണ്ടായതുകൂടാതെ അവരിൽ പലരും തന്റെ ദെ
സ്ക്കാൾസു സഭയിൽ അവരെക്കൂട്ടുവാൻ അപെക്ഷിച്ചു: വി
ശെഷമായിട്ട ദഗിലാർ, എന്ന മാടമ്പിയുടെ മക്കൾ ആ
യിരുന്ന രണ്ടുകന്യാസ്ത്രീകൾ താല്പൎയ്യമായിട്ട തന്നൊട അ
പെക്ഷിച്ചതെന്നിയെ ശുദ്ധമാകപ്പെട്ട അമ്മ അവരിരുവ
രുടെ കാൎയ്യംസംബന്ധമായിട്ട സവെശരന്റെ തിരുമന

സ്സ അറികയുംചെയ്തു: ഇതു ഹെതുവായിട്ട ആയാശ്രമത്തി
ൽനിന്ന ഇറങ്ങുന്ന നെരത്ത സ്ഥാപിപ്പാനിരുന്ന ആശ്രമ
ത്തിൻെറ ശ്രെഷ്ഠത്തിയെ തന്നൊടുകൂടെ കൂട്ടിക്കൊണ്ടുപൊ
യിരുന്നതിനെ കൊണ്ട അവരെ നൊക്കി മെൽചൊല്ലിയ
മാടമ്പിയുടെ മക്കൾ രണ്ടുപെരെയും ചൂണ്ടികാണിച്ച "ഇ
,,വരെ ആശ്രമത്തിൽ കൂട്ടിക്കൊള്ളണം, മററവരുടെകാ
,,ൎയ്യം സംബന്ധമായിട്ട സൎവ്വെശ്വരൻ തിരുമനസ്സ എങ്ങി
,,നെയെന്ന അറിഞ്ഞില്ല,, എന്നു പറഞ്ഞ പൊകയും ചെ
യ്തു,, എന്നാൽ ശുദ്ധമാക്കപ്പെട്ടവൾ ചൂണ്ടികാണിച്ച കൈ
കൊണ്ടുഎന്ന രണ്ടുപെരും ജെഷ്ഠാനുജത്തിയും എറിയ ആ
ക്ഷെപങ്ങളെയും ദൂഷണങ്ങളെയും വിരൊധങ്ങളെയും
സഹിച്ചിട്ട നമ്മുടെ സഭയിൽകൂടി മരണപൎയ്യന്തം പുണ്യ
മായിട്ട ജീവിക്കയും ചെയ്തു.

അപ്പഴൊ നമ്മുടെ പുണ്യവാളത്തി എഴുതിയതിൻവ
ണ്ണം ബൂൎഗ്ഗൊസപട്ടണത്തിൽ എത്തീട്ട മൂന്ന ആഴ്ചവട്ടം
കഴിഞ്ഞിരുന്നു എന്നാൽ മെത്രാപ്പൊലീത്തയിൽനിന്ന കി
ട്ടിയ അനുവാദം ഇതായിരിക്കുന്നു: അതായത: "ഞങ്ങൾ
,,എത്രയും വെഗത്തിൽ സ്വന്തമായിട്ടുള്ള വീടുവാങ്ങിക്കാ
,,മെന്ന പറഞ്ഞൊപ്പുചെയ്കയും അതിന്നുമതിയാകുന്ന ഉറ
,,പ്പ ആദെഹത്തിന്ന വരുവാൻ ഒരു ജാമ്യക്കാരനെ കൊ
,,ടുക്കയും ആശ്രമത്തിൽപാൎപ്പാനിരുന്ന കന്ന്യാസ്ത്രീകളുടെ
,,എണ്ണത്തിന്ന തക്കതിൻവണ്ണം ചിലവിന്നു വെണ്ടുന്ന മുത
,,ൽ വെച്ച്കൊടുക്കയും ചെയ്താൽ, അന്നുഞങ്ങൾ പാൎത്തി
,,രുന്ന കത്തരീന ദെത്തൊളൊസ എന്ന യജമാനസ്ത്രീയു
,,ടെ വീട്ടിൽ തല്ക്കാലത്തിൽ ആശ്രമം സ്ഥാപിക്കുന്നതി
,,ന്ന അനുവദിക്കാമെന്ന കല്പിച്ചിരുന്നു,, ഠരംവണ്ണമുള്ള ക
ല്പനയും അനുവാദവും കത്തരീന ദെത്തൊളൊസ കെട്ടാ
റെ ചിലവിന്ന വെണ്ടുന്നതെല്ലാം ഉടനെവെച്ചുകൊടുത്തു
വിശെഷിച്ച സലീനാസ, എന്ന പല്ലെൻസ്യ. കൊനശ
ിൻെറ സ്നെഹിതനായിരുന്ന ഒരുത്തൻ ജാമ്യം എററു, ഇ

ങ്ങനെ മെത്രാപ്പൊലീത്ത കല്പിച്ചതെല്ലാം ഇതാനിറവെറി യിരിക്കുന്നു, ആയതുകൊണ്ട ഇപ്പൊൾ എങ്കിലും ഇത്ര വിരൊധിക്കപ്പെട്ട ആശ്രമം സ്ഥാപിക്കപ്പെട്ടുമെന്ന ആരെങ്കിലും വിചാരിക്കുമെല്ലൊ, എന്നാൽ ഇങ്ങനെവിചാരിച്ചാൽ തെറ്റായിപ്പൊകും: അതെന്തെ മെൽചൊല്ലിയത എല്ലാം ഒപ്പിച്ചതിന്റെശെഷം മെത്രാപ്പൊലീത്തായുടെപക്കൽ ചെന്നബൊധിപ്പിച്ചു: ആദെഹം തന്റെവിഗാരി ജെരാളിന്റെ പക്കൽ പൊയാൽ ഉടൻതന്നെ കാൎയ്യത്തിന്ന തീൎച്ചവരുത്തി തരുമെന്ന പറഞ്ഞയക്കയും ചെയ്തു: മെത്രാപ്പൊലീത്തായുടെ വചനത്തിന്മെൽ ഉറച്ച പ്രൊവിൻസ്യാൾ, വിഗാരിജെരാളിന്റെ പക്കൽ പൊകുവാൻ യാത്രയായപ്പൊൾ ഇതാനമ്മുടെപുണ്യവാളത്തിക്ക വിഗാരിജെരാളിന്റെഒരെഴുത്ത വരികയും ചെയ്തു, ആയതിൽ സ്വന്തമായിട്ടുള്ള വീട്ടു വാങ്ങിക്കുന്നതുവരെ അനുവാദം കൊടുക്കപ്പെടുന്നതല്ലയെന്നും, അന്നപാൎത്തിരുന്ന വീട ഠരംഠമുള്ളതും, അതിന്റെ അരികിൽ ആളുകൾ എപ്പൊഴും നടക്കുന്ന വഴിയുള്ളതാകകൊണ്ട ആരവം അധികമുള്ളതാകകൊണ്ടും ആ വീട്ടിൽ ആശ്രമം സ്ഥാപിക്കുന്നതിന്ന മെത്രാപ്പൊലീത്ത അനുവദിക്കുന്നതല്ലയെന്നും, വാങ്ങിപ്പാനിരുന്ന വീട മെത്രാപ്പൊലീത്താവൎകളുടെ ഇഷ്ടംപൊലെ ആകെണ്ടതാകുന്നുവെന്നും, കന്യാസ്ത്രീകളുടെ ചിലവിന്ന വെച്ചിരുന്ന വസ്തുക്കൾ നല്ല ഉറപ്പുള്ളതല്ലയെന്നും എഴുതുകയും ചെയ്തു. പ്രൊവിൻസ്യാൾ മൂപ്പൻപാദ്രി ഇങ്ങനെയുള്ള ഉപായങ്ങൾ എല്ലാം കെട്ടാറെ വളരെ കലങ്ങി ആ പട്ടണത്തിൽ ആശ്രമം സ്ഥാപിക്കുന്നതിന്മെൽ വളരെമനസ്സുകെടാകയും ചെയ്തു: അതുപൊരാഞ്ഞിട്ട അമ്പതു നൊയമ്പ അടുത്തിരുന്നതിനെ കൊണ്ട അയാൾ വലിയ ദൊലീദെന്നനഗരിയിൽ പ്രസംഗിക്കുന്നതിന്ന പൊകുവാൻ ആവശ്യമായിരുന്നതിനെകൊണ്ട ഠരം ഞെരുക്കത്തിൽ ആനും അകപ്പെട്ടുവാനുള്ളതിന്ന നമ്മുടെ പുണ്യവാളത്തി

കാരണമാകുന്നു എന്നു വിചാരിച്ച പുണ്യവാളത്തിയുടെ നെരെയും ഇഷ്ടക്കെടായി കൊണ്ടു കല്പിച്ചതായതഃ ഇങ്ങനെയുള്ള മാടപ്രാവുകൾ ൟ നഗരിയിൽ കൂട്ടുവെപ്പാൻ ഇതിന്റെ ഇടയൻ സമ്മതിക്കുന്നില്ല എന്നതിനെ കൊണ്ടു നാം എല്ലാവരും ൟ നഗരിയെ വിട്ടുപൊകണം, എന്ന ആദെഹം കല്പിച്ച സമയത്ത നമ്മുടെ പുണ്യവാളത്തിയുടെ പുണ്യവും, ധൈൎയ്യവും വലിയ ഞെരുക്കത്തിൽ അകപ്പെട്ടു, അതെന്തെ സൎവ്വെശ്വരൻ തന്നൊട കല്പിച്ചിരുന്നത ഇടവിടാതെ തന്റെ ഒൎമ്മയിൽ ഉണ്ടായിരുന്നു, ആയതിനാൽ ൟ വിരൊധങ്ങൾ എല്ലാം പിശാചിൽ നിന്നുള്ളതാകുന്നുവെന്നും, സൎവ്വെശ്വരന്റെ പെക്ക താൻ പിശാചിനൊട യുദ്ധം ചെയ്തു അവന്റെ വിരൊധങ്ങളെയെല്ലാം നിൎമ്മൂലമാക്കി അവനൊട ജയിക്കുന്നതുവരെ നിലനിന്ന മറുതലിപ്പാൻ കടപ്പെട്ടിരിക്കുന്നുവെന്നും വെണ്ടുംവണ്ണം അറിഞ്ഞിരുന്നു, എന്നാൽ സൎവ്വെശ്വരന്റെ സ്ഥാനത്തിലിരിക്കുന്ന പ്രൊവിൻസ്യാൽ എല്ലാം വിട്ടെച്ച പൊകണമെന്ന കല്പിക്കുന്ന ൟ പ്രമാണത്തിന്ന വിരൊധംചെയ്വാൻ പാങ്ങില്ലാഞ്ഞതിനാൽ പുണ്യവാളത്തി വളരെ വിഷാദിച്ചിരുന്നു: ൟവിധം സങ്കടപ്പെട്ടിരിക്കയിൽ ശുദ്ധമാക്കപ്പെട്ടവൾ എഴുതി സാക്ഷിച്ചിരിക്കുന്നതു പൊലെ ധ്യാനിക്കാതെകണ്ടു ചുമ്മാ ഇരുന്നിരുന്ന സമയത്ത സൎവ്വെശ്വരൻതമ്പുരാൻ: ത്രെസ്യായെ! ഇപ്പൊൾ ഉറപ്പായിട്ടു പിടിക്കണം. എന്നീവചനങ്ങളാൽ പുണ്യവാളത്തിയെ ഉറപ്പിച്ചതുകൂടാതെ താൻ ബൂൎഗൊസ പട്ടണത്തിൽ താമസിപ്പാൻ തമ്പുരാൻ തിരുമനസ്സായിരിക്കുന്നുവെന്ന ഗ്രഹിക്കയും ചെയ്തു: അപ്പൊൾ എററം എരിവുള്ളതായ വചനങ്ങളാൽ അവരെ, ശുദ്ധീകര മാതാവിന്റെ പത്രൊസു എന്ന സന്ന്യാസിയൊടുകൂടെ ആ നഗരിയിൽ താമസിപ്പിച്ചും കൊണ്ടു താൻ പ്രസംഗിപ്പാൻ പൊകുന്നതിന്ന പ്രൊവിൻസ്യാളിനൊടു ഉദ്ഘൊഷിച്ചു, എന്നാൽ ശുദ്ധമാക്കപ്പെട്ട അ

മ സാക്ഷിച്ചിരിക്കുന്നതിൻവണ്ണം സൎവ്വെശ്വരൻ തമ്പുരാ
ൻ ആ ദെഹത്തിന്റെ ഹൃദയത്തിൽ അതിൻവണ്ണംതന്നെ
തൊന്നിച്ചതിനാൽ പുണ്യവാളത്തിയുടെ ഗുണദൊഷത്തി
ന്ന നല്ലമനസ്സായിട്ട സമ്മതിക്കയും ചെയ്തു: എന്നവരിക്കി
ലും മെൽചൊല്ലിയിരിക്കുംവണ്ണം കന്ന്യാസ്ത്രീകൾ പാൎത്തി
രുന്നവീട്ടിൽ കുൎബ്ബാന ചൊല്ലുന്നതിന്ന അനുവാദമില്ലാഞ്ഞ
തിനാൽ പുണ്യവാളത്തിയുംകന്ന്യാസ്ത്രീകളും ദിവസന്തൊ
റും കുൎബ്ബാന കാണ്മാനുള്ള പാടില്ലായ്കയും, ഞായറാഴ്ചദി
വസങ്ങളിൽ കൎമ്മെലീത്ത ദെസ്കാൾസു കന്ന്യാസ്ത്രീകളുടെ
മുറയ്ക്കു വിരൊധമായിട്ട പുറത്തിറങ്ങി ബഹുപ്രയാസത്തൊ
ടുകൂടെ വെറിട്ടൊരു പള്ളിയിൽ പൊകുന്നതും പ്രൊവി
ൻസ്യാളിന്ന മഹാസങ്കടമുള്ള കാൎയ്യമായിരുന്നതിനെകൊ
ണ്ട താനും, തന്റെ സ്നെഹിതരുംകൂടി ആ പട്ടണത്തിലു
ണ്ടായിരുന്ന ധൎമ്മശാലയിൽ കന്ന്യാസ്ത്രീകൾക്കു വെണ്ടി ഒ
ന്നൊ രണ്ടൊ മുറി ഒഴിഞ്ഞു കിട്ടുവാൻ വെലചെയ്തു: അ
തെന്തെ അതു കിട്ടിയാൽ അവിടെ ദിവസംതൊറും കു
ൎബ്ബാന കാണുന്നതിന്ന ഇടയുണ്ടായിരുന്നതു കൂടാതെ മററ
നെകം ഗുണങ്ങൾ ഉണ്ടെന്ന പ്രൊവിൻസ്യാളിന്ന തൊ
ന്നിയിരുന്നു: എന്നാൽ ആ ധൎമ്മശാലയിൽ കാൎയ്യങ്ങളെ
നടത്തിവന്നിരുന്ന കൊൻപ്രെരിയക്കാര പ്രൊവിൻസ്യാളി
ന്റെ അപെക്ഷയ്ക്കു സമ്മതിച്ചാൽ ക്രമെണ ധൎമ്മശാലയെ
ആശ്രമത്തിന്നായിട്ട അപഹരിക്കുമൊ എന്ന പെടിച്ചിട്ട
എറിയവിരൊധങ്ങൾ ചെയ്തതിന്റെശെഷം പ്രൊവിൻ
സ്യാളും ശുദ്ധമാകപ്പെട്ട അമ്മയും ഒരുഉറപ്പിന്നുള്ളയുടെമു
മ്പാകെ അവര കല്പിക്കുമ്പൊഴൊക്കയും പൊയ്ക്കൊള്ളാമെ
ന്ന ഒരുകച്ചീട്ട എഴുതി രണ്ടുപെരും ഒപ്പിട്ടു കൊടുത്താൽ
ഒരുമുറിയും ഒരുചെറിയ കുസിഞ്ഞയും ഒഴിഞ്ഞുകൊടുക്കാ
മെന്ന പറഞ്ഞതിന്ന പ്രൊവിൻസ്യാളും പുണ്യവാളത്തി
യും സമ്മതിച്ചതുകൊണ്ട, പുണ്യവാളത്തി തന്റെ കന്ന്യാ
സ്ത്രീകളൊടുകൂടെ, കത്തറീന ദെത്തൊളൊസാ എന്ന് ഒ

ത്തമസ്ത്രീയുടെ വീട്ടിൽനിന്ന മാറി ധൎമ്മശാലയിൽ പൊയിപാൎക്കയും ചെയ്തു. ആ ധൎമ്മശാലയിൽ ശുദ്ധമാക്കപ്പെട്ട അമ്മ ശുദ്ധ - കുൎബ്ബാനയിൽ എഴുന്നെള്ളിയിരിക്കുന്ന തന്റെ ദിവ്യ മണവാളനൊടുകൂടെ ആയിരുന്നതുകൊണ്ടും ദിവസംതൊറും കുൎബ്ബാന കാണ്മാനുള്ളതിന്ന ഇടയുണ്ടായിരുന്നതിനാലെയും അവിടത്തെ വിചാരിപ്പുകാരനായിരുന്ന എന്റൊന്റൊ ദെമത്താൻ, എന്ന ദൈവശുശ്രൂഷി ശുദ്ധമാക്കപ്പെട്ട അമ്മെക്കു സംസാരമുറികളായിട്ട വിശെഷാൽ രണ്ടു മുറി ഒഴിഞ്ഞു കൊടുത്തതുകൊണ്ടും തന്നാൽ കഴിഞ്ഞിരുന്ന മററനെകം സഹായങ്ങൾ ചെയ്തുവന്നതു കൊണ്ടും വളരെ ആശ്വാസം പ്രാപിച്ചുവെങ്കിലും, താനും കന്യാസ്ത്രീകളും പാൎത്തിരുന്നമുറിയുടെഞെരുക്കത്താലും വ്യാധിക്കാരുടെ ഇടവിടാതുള്ള നിലവിളികളാലും സഹിപ്പാൻമെലാത്ത ദുൎഗ്ഗന്ധംകൊണ്ടും എലികളുടെയും അറെപ്പുള്ള മററനെകം പ്രാണികളുടെയും പെരുപ്പത്താലും, അവിടെ പാൎപ്പാൻപൊയത പാടുപെടുവാനത്രെയെന്ന കഷ്ടി മാത്രം ഗ്രഹിക്കയും ചെയ്തു. എന്നാൽ നമ്മുടെ വീരപതി തന്റെ പ്രിയപ്പെട്ട മക്കളുടെ സങ്കടങ്ങളുമ്മെൽ തനിക്ക താല്പൎയ്യവും ദുഃഖവും ഉണ്ടായിരുന്നതല്ലാതെ താൻ യാതൊരു സങ്കടവും ദുഃഖവും അനുഭവിക്കാത്ത പ്രകാരത്തിൽ എപ്പൊഴും മുഖതെളിവൊടും സന്തൊഷത്തൊടും കൂടെ ആയിരുന്നു. ഇത്ര എററിക്കപ്പെട്ട ഞെരുക്കങ്ങളുടെ ഇടയിൽ വീരന്മാൎക്കുത്ത ഒരു ധൈൎയ്യം കണ്ടിരുന്ന പിശാച എററംകൊപിച്ച ധൎമ്മശാലയിൽനിന്നും കഴിയുന്നതായിരുന്നാൽ ബൂൎഗൊസ പട്ടണത്തിൽനിന്നുകൂടെയും അവരെപുറപ്പെടുത്തുവാൻ അവനാൽ കഴിഞ്ഞവെലയെല്ലാം ചെയ്യുകയും ചെയ്തു: ഇതിന്മെൽ സാൻവൎത്തലൂമ്മയുടെ അന്നാ എന്നവാഴ്ത്തപ്പെട്ടവൾ എഴുതി സാക്ഷിച്ചിരിക്കുന്നത ,,എന്തെന്നാൽ "രാപകലും ഞങ്ങളെ സങ്കടപ്പെടുത്തിവ ,,ന്നിരുന്നു: ചിലപ്പൊൾ പലവകപാത്രങ്ങളും കൂട്ടങ്ങളും

,,ഞങ്ങൾ പാൎത്തിരുന്ന മുറിയിൽ ഉടെക്കുന്നപ്രകാരം ഞ
,,ങ്ങൾക്ക തൊന്നിയിരുന്നു, ഒരുവെളയിൽ ഉടെഞ്ഞുപൊ
,,യത എന്താകുന്നുവെന്ന നൊക്കിയറിയുന്നതിന്ന ഞങ്ങളു
,,ടെഅമ്മ എന്നെ പറഞ്ഞയച്ചു, ഞാൻ പൊയി നൊക്കി
,,യാറെ യാതൊന്നും കണ്ടില്ല: ഞങ്ങളെ സംകടപ്പെടുത്തി
,,യിരുന്ന ദുഷ്ട അരൂപിയത്രെ മെൽ ചൊല്ലിയതെല്ലാം ക
ല്പിച്ചു വന്നിരുന്നത,,

വെറിട്ടൊരു സമയത്ത, അവരുകിടന്നിരുന്ന മുറിയിൽ എറിയ പിശാചുകൾക്രുടി ഠരംശൊ മിശിഹായുടെ മണവാട്ടികളുടെ ചുരുങ്ങിയ ഉറക്കത്തിൻെറ അനുക്രൂലത്തിന്നു ക്രുടെയും വിഘ്നംചെയ്യാൻ തക്കതിൻവണ്ണം വലിയ ആരവത്തിൻെറ ഒച്ച കെൾപ്പിച്ചതിനാൽ വാഴ്ത്തപ്പെട്ടവൾ ഉണൎന്നു നൊക്കിയപ്പൊൾ ആ നരകപൊറാട്ടുകാര ഒരു ദ്വാരത്തിൽക്രുടെ പുറത്തുപൊകുവാൻ ഭാവിച്ച ഒരൊരുത്തൻ മുമ്പിൽ കടക്കണം എന്നുള്ള കള്ള ഭാവം കാണിച്ചു കൊണ്ടു വലിയ കലഹവും അട്ടഹാസവും ചെയ്തിരുന്നപ്രകാരം വാഴ്ത്തപ്പെട്ടവൾ കാണുകയും കെൾക്കയും ചെയ്തു. ഠരം തന്ത്രങ്ങളെല്ലാം വ്യൎത്ഥമായിപൊകുന്നുവെന്ന പിശാചുകണ്ട ഒരുരാത്രിയിൽ വാഴ്ത്തപ്പെട്ടവൾ എഴുന്നെററ ചടപ്പായിരുന്ന ശുദ്ധമാകപ്പെട്ട അമ്മയ്ക്കു എതാണ്ടുഉണ്ടാക്കികൊടുക്കുന്നതിന്ന ഒരുവിളക്കുകത്തിച്ച കുസീഞ്ഞയിൽ പൊകയിൽ പിശാച ഒരുപൂച്ചയുടെഭാഷയായിട്ടുചെന്ന വിളക്കിൻെറ കൊലിന്മെൽ ചാടി അതിനെകെടുത്തുകയും ചെയ്തു: വാഴ്ത്തപ്പെട്ടവൾ സാക്ഷിച്ചതിൻവണ്ണം ഇരുട്ടായിരുന്നില്ലായെങ്കിൽ അവൻെറനെരെ വിളക്ക എറിഞ്ഞനെഅത്രെ അതിശംപിശാചിൻെറനെരെ തൊന്നിയിരുന്നുവെന്നു. എന്നാൽസംഭവിക്കുന്നതെല്ലാം ശുദ്ധമാകപ്പെട്ട അമ്മ അരൂപിയാലെ കണ്ടിരുന്നതിനാൽ വാഴ്ത്തപ്പെട്ടവൾ പുണ്യവാളത്തിയുടെപക്കൽ ചെന്നപ്പൊൾ താൻ വളരെ മുഖപ്രസാദത്തൊടുക്രുടെ മകളെ! എന്തു സമ

ഭവിച്ചു? എന്ന ചൊദിക്കയും ചെയ്തു. വെറിട്ടൊരു സമയ
ത്ത എല്ലാവരും ഉറങ്ങിക്കിടക്കയിൽ നമ്മുടെ വാഴ്ത്തപ്പെ
ട്ടവൾ ശുദ്ധമാകപ്പെട്ട അമ്മെക്ക വെട്ടത്തിന്ന ആവശ്യ
മുണ്ടായിട്ട കുസിനിയിൽ ചെന്നപ്പൊൾ ഇതാ പിശാച
ഭയപ്പെടുത്തുവാൻതക്ക നായുടെ ഭാഷയായിട്ട പുകദ്വാര
ത്തിൽക്കൂടെ കെറി പൊകുവാൻ പ്രയാസപ്പെട്ടിരുന്നു. ന
മ്മുടെ ശുദ്ധമാകപ്പെട്ട അമ്മയും, അമ്മയുടെ കണ്ടു പഠി
ച്ചതാൽ നന്നാ അഭ്യസിച്ചിരുന്ന തന്റെമക്കളും പിശാ
ചിനെക്കൂട്ടാക്കാതെ പുണ്യവാളത്തി തന്റെ താല്പൎയ്യവും
അനെഷവുംകൊണ്ട ആശ്രമത്തിന്ന തക്കതായ ഒരുവീട
അനെഷിച്ചിരുന്നു. തന്റെമക്കളായ കന്യാസ്ത്രീകൾ എ
രിവുള്ള നമസ്കാരങ്ങളാലും അതുതന്നെ അവരുടെ ദിവ്യ
മണവാളനൊട അപെക്ഷിച്ച അതുകിട്ടിയതുവരെ അതി
ശയമായ ക്ഷമയൊടുകൂടെ ആധൎമ്മശാലയിൽതന്നെപാ
ൎക്കയും ചെയ്തു.

അപ്പഴൊ നമ്മുടെപുണ്യവാളത്തി ധൎമ്മശാലയിൽപാ
ൎത്തുകൊണ്ട ആശ്രമത്തിന്ന തക്കതായ ഒരു വീട അനെ
ഷിച്ചിരുന്നു: വെറിട്ടൊരു ദിക്കിൽപൊയി പാൎത്തിരുന്ന ഒ
രുമാടമ്പിയുടെ പെക്ക പ്രൊകരുദൊരായിരുന്ന ഒരു നല്ല
പട്ടക്കാരൻ മാടമ്പിയുടെവീട വില്ക്കുന്നതിന്ന അനെഷി
ച്ചിരുന്നു. എന്നാൽ ആ വീട കൊള്ളരുതെന്ന എല്ലാവരും
പറഞ്ഞിരുന്നതുകൊണ്ട നമ്മുടെപുണ്യവാളത്തി അതിനെ
കാണ്മാൻകൂടെയും പൊകാതെയിരുന്നു: എന്നാൽ കടശി
ദിക്കുതിയെന്നുള്ളന്യായത്താൽ നിൎബ്ബന്ധിക്കപ്പെട്ട, പ്രൊവി
ൻസ്യാളിന്റെ സ്നെഹിതനായിരുന്ന, അഗിയാർ, എന്ന
ദെഹത്തിനൊട മെൽചൊല്ലിയവീട ചെന്നുകാണ്മാൻ ഇ
ഞ്ഞെദൊഷിച്ച അയക്കയുംചെയ്തു: വലിയ കാററും മഴയും
അധികമുള്ള ദിവസമായിരുന്നാലും അഗിയാർ നല്ല ഉപ
കാരിയായിട്ട ബുദ്ധിമുട്ട കൂട്ടാക്കാതെ പൊകയും ചെയ്തു:
ആ വീട്ടിൽ കൂലിക്കായിട്ടുപാൎത്തിരുന്നഒരുത്തൻ അതിനെ

വില്ക്കുന്നതിന്മെൽ അവന്ന സംകടമുണ്ടായിരുന്നതിനെ കൊണ്ട മുഴുവനും കാണുന്നതിന്ന സമ്മതിച്ചില്ലായെങ്കിലും അഗസ്തിയാർ എന്ന ദെഹം കണ്ടെടത്തൊളം പുണ്ണ്യവാളത്തിയുടെ ലാക്കിന്ന തക്കതാകുന്നുവെന്ന ഗ്രഹിച്ചു, അതിൻവണ്ണം തന്നെ നമ്മുടെ പുണ്ണ്യവാളത്തിയൊട്ടു പറകയും ചെയ്തു. ശുദ്ധമാകപ്പെട്ടഅമ്മ ഇതുകെട്ടാറെ താനും അതിനെ കാണ്മാൻ പൊകയുഞ്ചെയ്തു: കണ്ടപ്പൊൾ, താൻ സാക്ഷിച്ചിരിക്കുന്നതിൻവണ്ണം വിചാരിച്ചിരുന്നതിൽ ഇരട്ടി വില പറഞ്ഞിരുന്നാലും വാങ്ങിച്ചെനെ അത്രെ ബൊധിക്കയും ചെയ്തു. ഇതു പൊരാഞ്ഞിട്ട ഉടയക്കാരന്റെ പ്രൊക്കുരദൊരായ പട്ടക്കാരന്ന ശുദ്ധമാകപ്പെട്ട അമ്മയ്ക്കു തന്നെ വില്ക്കുന്നതിന്നും, വിലനിശ്ചയിക്കുന്നതിലുംമറ്റും വളരെ പരമാർത്ഥത്തൊട്ടുക്കൂടെ പെരുമാറുന്നതിന്നും സവ്വെശ്വരൻ മനസ്സു തൊന്നിച്ചുയെന്ന ശുദ്ധമാകപ്പെട്ട അമ്മ എഴുതിയിരിക്കുന്നു. എന്നാൽ ഇതാ പിശാചിന്റെ ഒരു ഉപായം നമ്മുടെ പുണ്ണ്യവാളത്തിയുടെ സ്നെഹിതന്മാര, അതിന്ന ആയിരത്തിമുന്നൂറദുക്കാത്തിവില പറയുന്നുവെന്ന കെട്ടപ്പൊൾ വില നന്നാ സഹായമായിരുന്നാലും അവക്ക അധികമെന്ന പിശാച തൊന്നിച്ചതിനാൽ പുണ്ണ്യവാളത്തിയൊട അവരുടെ അഭിപ്രായം പറഞ്ഞതുകൊണ്ട അഗതിത്വത്തിന്ന വിരൊധമാകുമൊ എന്ന താൻ ഭയപ്പെട്ടിട്ട സവ്വെശ്വരനൊട വെളിവ അപെക്ഷിപ്പാൻവെണ്ടി, അന്ന കുമ്പാന കഴിഞ്ഞിട്ട വീണ്ടും വന്നാൽ ഉടമ്പടി ഉറപ്പിക്കാമെന്ന ആ പട്ടക്കാരനൊട പറഞ്ഞ കുമ്പാന കാണ്മാൻ പൊകയും ചെയ്തു: ഒരം കാൎയ്യത്തിന്ന വെണ്ടുന്ന വെളിവ സവ്വെശ്വരനൊട എരിവൊട്ടുക്കൂടെ അപെക്ഷിക്കയിൽ „അല്പഴൊ പണം ഹെതുവായിട്ട നീ, നിശ്ചയംക്കൂടാതെ „ചഞ്ചലപ്പെട്ടുന്നൊ?„ എന്ന ഒരം വാക്യം കെട്ടതിനൊട്ടുക്കൂടെ ആ വിലയ്ക്കുതന്നെ വീട്ട വാങ്ങിക്കണമെന്ന സവ്വെശ്വരൻ തിരുമനസ്സായിരിക്കുന്നുവെന്നഗ്രഹിക്കയും ചെയ്തു,

കുൎബ്ബാന കഴിഞ്ഞവുടനെ മഹാ താല്പൎയ്യക്കാരനായ ഭഗി
യാർ ഇതാ പട്ടക്കാരനെ കൂട്ടികൊണ്ടുവരികയും ചെയ്തു
ഇതു പൊരാഞ്ഞിട്ട വെണ്ടുന്ന എഴുത്തുകൾ എല്ലാം വെ
ണ്ടുന്ന ഉറപ്പൊടുകൂടെ എഴുതുന്നതിന്ന ഉൎപ്പിള്ളയെ അ
ന്വെഷിപ്പാനായിട്ട, ഭഗിയാർ പൊകുവാൻ ഭാവിക്കയി
ൽ പ്രത്യക്ഷമായിട്ട ഇതാ വാതിൽക്കൽ നില്ക്കുന്നു: ഇങ്ങ
നെ ആ ദിവസത്തിൽ തന്നെ ആവശ്യമുള്ളതെല്ലാം കഴി
ച്ച വീടു വാങ്ങിക്കയും ചെയ്തു. ഇതിൽ പ്രത്യെകം സൂക്ഷി
ക്കെണ്ടുന്ന കാൎയ്യമാകുന്നതെന്തെന്നാൽ, ശുദ്ധമാകപ്പെട്ട
അമ്മയും തന്റെ കന്യാസ്ത്രീകളും മാർ യൌസെപ്പ പുണ്യ
വാളന്റെ പെരുനാളിന്ന സ്വന്ത വീടുണ്ടാകുന്നതിന്ന ഇ
ടവരുത്തികൊടുപ്പാൻ ഈ പുണ്യപിതാവിനൊട അപെ
ക്ഷിച്ചുവന്നിരുന്നു: മഹാ ദയയുള്ള ഈ പിതാവ തന്റെ
പ്രിയപ്പെട്ടമക്കളുടെ അപെക്ഷ എങ്ങനെ നിറവെറ്റി എ
ന്ന ഈ ചരിത്രസംക്ഷെപം വായിക്കുന്നവര എല്ലാവരും
സൂക്ഷിപ്പാൻ നാം അപെക്ഷിക്കുന്നു: അതായത മെൽചൊ
ല്ലിയ വീടുവാങ്ങിച്ചത മീനമാസം ൭ തിയ്യതി അതായ
ത മാർ യൌസെപ്പ പുണ്യവാളന്റെ പെരുനാളിന്ന ത
ലെദിവസമത്രെ ആയത. എന്നുതന്നെയുമല്ല പിന്നെയൊ
നാം എഴുതുവാൻപൊകുന്ന നമ്മുടെപുണ്യവാളത്തിയുടെ
വചനങ്ങളെ സൂക്ഷിച്ച വായിച്ചാൽ ശുദ്ധമാകപ്പെട്ട ഈ
പിതാവിന്റെ താല്പൎയ്യവും പക്ഷവും എറ്റം പ്രകാശി
ക്കയും ചെയ്യും.

അതാകുന്നതെന്തെന്നാൽ: "മെൽചൊല്ലിയ വീട ഞ
"ങ്ങൾ വാങ്ങിച്ച വില സഹായവും ബൂൎഗ്ഗൊസ പട്ടണ
"ത്തിൽ കൊവെന്ത സ്ഥാപിപ്പാൻ ഭാവിച്ചിരുന്ന കല്സാദീ
"കമ്മെലീത്തക്കാരും പ്രംസീസ്കു ദെപ്പൌലാ എന്നപുണ്യ
"വാളന്റെ സഭക്കാരും ബസ്സെല്ല്യൊസക്കാരരും ആ വീ
"ട്ടുകണ്ടിട്ട അതിന്റെ വിശെഷം അറിയാതെ കുരുടന്മാ
"രായിപ്പൊയതും ഇതുമുതലായ കാൎയ്യങ്ങളെ സൂക്ഷിച്ചിരു

,,ന്നവർ ഇത ഒരു പ്രത്യക്ഷംതന്നെ എന്ന വിചാരിച്ചിരു
,,ന്നു. ഇതു പൊരാഞ്ഞിട്ട മെൽചൊല്ലിയ സന്ന്യാസിസ്സഭയ
,,ല്ലാതെ ബ്രുഗ്ഗെസ പട്ടണത്തിൽ കുറെ മുമ്പ ആശ്രമം
,,സ്ഥാപിച്ചിരുന്ന ഒരുവക കന്ന്യാസ്ത്രീകൾക്കും അവരുടെ ആ
,,ശ്രമംകത്തിപ്പൊയിരുന്നുവെന്ന വെറിട്ട ഒരുവക കന്ന്യാ
,,സ്ത്രീകൾക്കും വെണ്ടി വീടുവാങ്ങിക്കുന്നതിന്ന ചുററിത്തിരി
,,ഞ്ഞിരുന്നതു കൂടാതെ ഒരു ഗ്രഹസ്ഥൻ പുത്തനായിട്ട ഒരു ക
,,ന്ന്യാസ്ത്രീമഠം സ്ഥാപിക്കണമെന്നുവെച്ച ഒരുവീട അന്വെ
,,ഷിച്ചിരുന്നു: ഇവരൊക്കയും ഞങ്ങൾ വാങ്ങിച്ചവീട കണ്ടു
,,എങ്കിലും അതിനെ കൂട്ടാക്കാതെ വെറെ അന്വെഷിച്ചിരു
,,ന്നു. ഒ! സൎവ്വെശ്വരൻ ഞങ്ങൾ പാടുപെട്ടിരുന്നതിന്ന
,,എത്ര നല്ലവണ്ണം പകരം വീട്ടുകയും ചെയ്തു: അതെ
,,ന്തെ ഉണ്ടായിരുന്ന തൊട്ടംകൊണ്ടും കാഴ്ചകൊണ്ടും വെ
,,ള്ളംകൊണ്ടും ഒരു പറുദീസാ എന്ന തൊന്നുന്ന തരം വീ
,,ട്ടിൽ ഞങ്ങളെ കൂട്ടിക്കൊണ്ടുവരികയും ചെയ്തു. നിത്യസ്തു
,,തിസ്തൊത്രവും തനിക്കുണ്ടായിരിക്കട്ടെ ആമ്മെൻ,,

പിശാച മുൻ പ്രയൊഗിച്ച തന്ത്രം ഫലിച്ചില്ലാ എന്നു
കണ്ട ഏററംകൊപിച്ച, ചെയ്തവുടമ്പടി അഴിപ്പിപ്പാൻ ത
ക്ക വഴിനൊക്കുകയും ചെയ്തു. എന്നാൽ ഇത നമ്മുടെ പു
ണ്യവാളത്തിയുടെ വായിൽനിന്ന കെൾക്കണം.

,,ആ വീട ഇത്ര വില സഹായത്തിന്ന വില്ക്കപ്പെട്ടുമെ
,,ന്ന ആരുംവിചാരിച്ചിട്ടില്ലാഞ്ഞു, ഇതുഹെതുവായിട്ട ഞ
,,ങ്ങൾ അതിനെ വാങ്ങിച്ചവൎത്തമാനം പട്ടണത്തിൽകെ
,,ൾക്കപ്പെട്ടപ്പൊൾ അതിനെ വാങ്ങിപ്പാൻ പലരും പു
,,റപ്പെട്ടു, (പ്രൊക്കുരദൊരായ) പട്ടക്കാരൻ അതിനെവി
,,ററില്ല പിന്നെയൊ ചുമ്മ കൊടുത്തുകളഞ്ഞുവെന്നും, ന
,,ടപ്പുവാക്കായിട്ട പറഞ്ഞുവരുന്നതുപൊലെ അതിന്ന തീ
,,ഇട്ടുവെന്നും, തട്ടിപ്പ ഏററം തെളിവായിരിക്കയിൽ ഉ
,,ടമ്പടിയഴിപ്പാൻ ആവശ്യമെന്നും പറഞ്ഞു തുടങ്ങി: ആ
,,നല്ലപട്ടക്കാരന്ന വളരെ ബുദ്ധിമുട്ടായി തീൎന്നു, മെൽപ്പ

,,റഞ്ഞവര സംഭവിച്ച കാൎയ്യമെല്ലാം വീട്ടിന്റെ ഉടയ
,,ക്കാരായമാടമ്പിയെയും അയാളുടെ ഭാൎയ്യവളെയുംബൊ
,,ധിപ്പിച്ചു: എന്നാൽ അവരഅതുകെട്ടപ്പൊൾ അവരുടെ
,,വീട ഒരു കന്യാസ്ത്രീമഠമായി പകൎത്തുന്നത സന്തൊഷ
,,മെന്നും, ഉടമ്പടി സമ്മതമെന്നും ഉത്തരിക്കയും ചെയ്തു:
,,സാക്ഷാൽ പറയണമെങ്കിൽ മററു പ്രകാരത്തിൽ പറ
,,വാൻ പാടില്ലാഞ്ഞു അതെന്തെ നെരം തെററിപ്പൊയി
,,രുന്നു,,

ഇതിൻവണ്ണം മാർയൊസെപ്പ പുണ്യവാളന്റെ മ
ദ്ധ്യസ്ഥാനത്താൽ നമ്മുടെ ശുദ്ധമാകപ്പെട്ടവൾക്ക സ്വന്ത
വീട്ടുകിട്ടി, താൻ വിവരമെല്ലാം കാണിച്ച മെത്രാപ്പൊലി
ത്തായെ ബൊധിപ്പിച്ചു: ആദെഹം സന്തൊഷംകാട്ടിക്കൊ
ണ്ടു മറുപടി കൊടുത്തയച്ചുവെങ്കിലും ആശ്രമം സ്ഥാപി
ക്കുന്നതിന്ന അനുവാദം കാണ്മാനില്ല. വിവെകമുള്ള നമ്മു
ടെപുണ്യവാളത്തി പിന്നെയും മററുവിഘ്നങ്ങൾ ഉണ്ടാകാ
തെയിരിപ്പാൻവെണ്ടി ധൎമ്മശാലയിൽനിന്ന മാറി വാങ്ങി
ച്ചവീട്ടിൽ തന്റെകന്യാസ്ത്രീകളൊട്ടുക്രുടെ പൊയിപാൎക്ക
യും ചെയ്തു: ഉടനെ ചില ജനെലകൾക്ക അഴിയും, ക
തക തുറക്കാതെ ആവശ്യമുള്ളത പുറത്തുനിന്ന വാങ്ങിപ്പാ
നും കൊടുപ്പാനും കന്യാസ്ത്രീമഠങ്ങളിൽ ഇട്ടുമാറാകുന്ന
ചുററിത്തിരിയുന്ന വട്ടപ്പെട്ടിയും വെപ്പിക്കയും ചെയ്തു: ഇ
തുരണ്ടും അതായത ആ വീട്ടിൽ പാൎപ്പാൻപൊയതും, അ
ഴിയും മററും വെപ്പിച്ചതും മുഖാന്തരമായിട്ടു മെത്രാപ്പൊ
ലീത്തായ്ക്കു മുഷിച്ചിൽ വൎദ്ധിച്ചു: എന്നാൽ നമ്മുടെ പുണ്യ
വാളത്തി തുവൽ എടുത്ത താൻ പ്രവൃത്തിച്ചതുകൊണ്ടു മെ
ത്രാപ്പൊലീത്തായുടെ അധികാരത്തിന്ന വിരൊധമൊന്നും
ചെയ്തില്ലയെന്നും, ചുററിത്തിരിയുന്ന പെട്ടിയും അഴികളും
ഒരു വീട്ടിൽ അടക്കമായിട്ടു പാൎപ്പാൻ മനസ്സായിരിക്കുന്ന
ആളുകളുടെ അടക്കത്തിന്നും സുക്ഷത്തിന്നും വെണ്ടുന്ന ക്രു
ട്ടുങ്ങളാകുന്നവെന്നും, ആശ്രമം സ്ഥാപിക്കുന്നതിന്ന ആ

ദെഹത്തിന്റെ മനസ്സക്കൂടാതെ ഒരുകുറിശ്ശുപൊലും താൻ വെക്കയില്ല എന്നും എഴുതി കാൎയ്യത്തിന്ന അടക്കംവരുത്തുകയും ചെയ്തു. മെത്രാപ്പൊലീത്താ താൻ തന്നെ ഒരുദിവസം ആ വീടുകാണ്മാനായിട്ടപൊകയിൽ പുണ്യവാളത്തിയുടെനെരെ വളരെ ആചാരവും അനുഗ്രഹവും കാണിച്ചുവെങ്കിലും ആശ്രമം സ്ഥാപിക്കുന്നതിന്ന അനുവാദം കൊടുക്കാതെ ഇറങ്ങുകയുംചെയ്തു: ഇതുപൊരാഞ്ഞിട്ട ആ വീട്ടിന്റെ ഉടയക്കാരനായമാടമ്പി അവിടെപാൎത്തപ്പൊഴൊക്കയും അതിൽ ഉണ്ടായിരുന്ന കപ്പെളയിൽ കുൎബ്ബാന ചൊല്ലി വന്നിരുന്നു, ഇപ്പൊൾ അതിൽ പാൎക്കുന്നവര കുന്ന്യാസ്ത്രീകൾ ആയിരിക്കയിൽ ഏററം എളുപ്പത്തിൽ അഅവദിക്കാകുന്നതായിരിക്കുമ്പൊൾ ൟ അനുവാദമെങ്കിലും കൊടുപ്പാൻ അപെക്ഷിച്ചതിന്ന കൊടുക്കയില്ലയെന്ന തീൎച്ചയായിട്ട ഉത്തരിക്കയും ചെയ്തു.

ഇങ്ങനെയുള്ള പൊക്കുകണ്ടാറെ നമ്മുടെപുണ്യവാളത്തിയൊഴികെ ശെഷംപെര എല്ലാവരുംധൈൎയ്യംകെട്ടു മടുത്തു. എന്നാൽ നമ്മുടെ വീരപതി വിനൊദവാക്കായിട്ട പറഞ്ഞുവന്നതായത "ബ്രൂഗൊസ, പട്ടണത്തിൽ ഇത്ര
,,അധികമായ വിരൊധങ്ങൾ ഇനിക്കുചെയ്തുവന്ന പിശാ
,,ച നരകത്തിലുള്ളതിൽ ഏററം ഭൊഷനായിരിക്കുന്ന ഒ
,,രു പിശാച ആയിരിക്കണം, അതെന്തെ എന്നെ മടുപ്പി
,,പ്പാൻതക്ക തന്ത്രങ്ങളെ ഉണ്ടാക്കുവാൻ അവന്ന അറിയാ
,,മെലാഞ്ഞു: അവൻ എന്നൊടു പ്രയൊഗിച്ച ആയുധങ്ങ
,,ൾ വൈക്കൊലും ചെറിയ മരക്കൊമ്പുകളു മായിരുന്നു,,
എന്നു: തനിക്കഇതിൻവണ്ണം തൊന്നിയിരുന്നുവെങ്കിലുംശുദ്ധമാക്കപ്പെട്ട അമ്മയുടെ തുണെക്കായിട്ട പ്രൊവിൻസ്യാൾ ആക്കിയിരുന്ന ശുദ്ധീകരമാതാവിന്റെ പെത്രൊസ എന്ന നമ്മുടെ സന്ന്യാസിക്ക അങ്ങനെയല്ല തൊന്നിയിരുന്നത പിന്നെയൊ മനം മടുത്ത പുണ്യവാളത്തിയൊടു പറഞ്ഞതായത: ഇനി ൟ കാൎയ്യംകൊണ്ടു മെത്രാപ്പൊലീത്തായെ

ബൊധിപ്പിക്കുന്നത കാററിന്ന വെട്ടി വെക്കുന്നതാകുന്നു എ
ന്നതിനെകൊണ്ട ഒന്നുകിൽ നാം എല്ലാവരും പൊകണം
അല്ലെംകിൽ ഇവിടെനിന്ന പൊകുന്നതിന്നും ദിവസംപ്ര
തി ഞാൻ അനുഭവിക്കുന്ന എറക്കുറവു കളിൽനിന്ന രക്ഷ
പെടുന്നതിന്നും അനുവാദം തരണം. നമ്മുടെപുണ്യവാള
ത്തി ൟ വചനങ്ങളെ കെട്ടാറെ വലിയ മുഖ പ്രസാദ
ത്തൊടുകൂടെ പുഞ്ചിരി കാട്ടിക്കൊണ്ട തന്റെ ദയയുള്ളമക
നെ ൟ മൊഴികളാൽ ധൈൎയ്യ പ്പെടുത്തുകയും ചെയ്തു:
അതായത "എന്റെഅച്ചാ! സങ്കടപ്പെടെണ്ടാ അതെന്തെ
,,എട്ടുദിവസം കഴിയുന്നതിന്നുമുമ്പിൽ ആശ്രമം സ്ഥാപി
,,ക്കപ്പെട്ട ശുദ്ധ — കുർബ്ബാന എഴുന്നെള്ളിച്ചുവെക്കയും ചെ
,,യ്യും,, നിവ്യസുഖത്തിന്നടുത്ത ൟ വചനങ്ങൾ ശരണ
ത്തിന്റെ ഒരു കതിരുപൊലും ഇല്ലാത്തപ്പൊൾ നിറവെ
റുകയും ചെയ്തു. അതിന്നിടയിൽ, പല്ലെൻസ്യാ എന്നദിക്കി
ന്റെ മെത്രാനും ൟകാൎയ്യത്തിൽ കളിപ്പാനുള്ളതിന്ന സം
ഗതിയാകയും ചെയ്തു: അതെന്തെ! ൟ അദ്ധ്യായത്തിൽ
എഴുതിയിരിക്കുംവണ്ണം ബ്രൊസമെത്രാപ്പൊലീത്തായൊ
ട ആശ്രമം സ്ഥാപിക്കുന്നതിന്നുള്ള അനുവാദം അപെക്ഷി
ച്ചതും കാൎയ്യത്തിന്ന യാതൊരു വിരൊധമില്ല എന്നുവിചാ
രിച്ച വെഗം ചെല്ലുന്നതിന്ന നമ്മുടെ പുണ്യവാളത്തിയെ
നിൎബ്ബന്ധിച്ചതും ആദെഹമത്രെ ആയത, എന്നാൽ ഇപ്പൊ
ൾ മെത്രാപ്പൊലീത്തായുടെ വിരൊധങ്ങൾ കെട്ടാറെ, മെ
ന്ദ്രൊസാ എന്ന പല്ലെൻസ്യാ മെത്രാൻ ചൊല്ലിയതായത:
,,തമ്മിൽതമ്മിൽ ശത്രുക്കളായിരുന്ന പീലാത്തൊസും ഹെ
,,റൊദെസും, ൟശൊമിശിഹാ മുഖാന്തരമായിട്ട സ്നെ
,,ഹിതന്മാരാകയും ചെയ്തു: എന്നാൽ ഇപ്പൊൾ സ്നെഹിത
,,ന്മാരായിരുന്ന ബ്രൊസ മെത്രാപ്പൊലീത്തായും നാമും
,,അമ്മ ത്രെസ്യ മുഖാന്തരമായിട്ട ശത്രുക്കളായി തീൎന്നിരി
,,ക്കുന്നു,, ൟവണ്ണം മെന്ദ്രൊസാ, മെത്രാൻ സങ്കടപ്പെട്ടി
രിക്കയിൽ കുറെ അധികമായിട്ടുള്ള എരിവുകൂടിയ ഒരെഴു

ത്ത ബൂഗ്രൊസ മെത്രാപ്പൊലീത്തായിക്ക എഴുതി അതിന്ന മുദ്രയിടാതെകണ്ടു നമ്മുടെ പുണ്യവാളത്തിയുടെ പക്കൽ അയച്ചു അതിനെ വായിച്ചു ബൊധിച്ചു യെംകിൽ മെത്രാപ്പൊലീത്തായിക്ക കൊടുപ്പാൻ പുണ്യവാളത്തിക്ക എഴുതിയ വെറിട്ടൊരു എഴുത്തിൽ അറിയിക്കയും ചെയ്തു. നമ്മുടെപുണ്യപതി തന്റെമഹാപക്ഷക്കാരൻ ആയിരുന്ന മെന്ദ്രൊസാ മെത്രാൻ ആ എഴുത്തിൽ എഴുതിയതെല്ലാം നെരായിരുന്നുവെങ്കിലും ചിലമൊഴികൾ സങ്കടംകൊണ്ടിരിക്കുന്ന ഹൃദയത്തിൽ നിന്ന പുറപ്പെട്ടതായിരുന്നതിനാൽ, ബൂഗ്രൊസ മെത്രാപ്പൊലീത്തായുടെ മനസ്സിനെ ഇളക്കുന്നതിന്നുപകരമായിട്ടു അധികം കുറ്പ്പിക്കുമെന്ന പുണ്യവാളത്തികണ്ടു ആയെഴുത്ത മെത്രാപ്പൊലീത്തായിക്ക കൊടുത്തയെക്കാതെ എത്രയും വിവെകമുള്ള അപീകയിൽ എന്നപൊലെ എഴുത്തിൽ പ്രകാശിപ്പിക്കെണ്ടുന്ന ന്യായങ്ങൾ ദൈവന്യായങ്ങൾ ആകുന്നുവെന്നും പ്രത്യെകം സർവ്വെശ്വരന്റെ സ്തുതിക്ക വിഘ്നംചെയ്യാൽ സർവ്വെശ്വരന്ന തിരുവുള്ളക്കെടാകുന്നുവെന്നും, മൊഴികളെല്ലാം മധുരമുള്ളതാകണമെന്നും മെന്ദ്രൊസാമെത്രാന്ന എഴുതിയറിയിച്ച വെറിട്ടൊരു എഴുത്ത എഴുതുവാൻ അപെക്ഷിക്കയും ചെയ്തു. മെന്ദ്രൊസാമെത്രാൻ പുണ്യവാളത്തിയുടെ വിവെകമുള്ള ഗുണദൊഷം ഒത്തുബൊധിച്ചു പുണ്യവാളത്തിയുടെ ആഗ്രഹംപൊലെ വെറിട്ടൊരു എഴുത്ത എഴുതി ബൂഗ്രൊസമെത്രാപ്പൊലീത്തായ്ക്ക കൊടുത്തയക്കയും ചെയ്തു. നമ്മുടെശുദ്ധമാകപ്പെട്ട അമ്മയുടെ സാധുത്വത്തിന്ന സമ്മാനംകൊടുപ്പാൻ സർവ്വെശ്വരൻ, മെന്ദ്രൊസ മെത്രാന്റെ തുവലിനെ നടത്തി എന്നു വിചാരിപ്പാൻ ന്യായമുണ്ടു അതെന്തെ ആ എഴുത്ത ബൂഗ്രൊസ മെത്രാപ്പൊലീത്തായുടെ ഇളക്കമില്ലാത്ത മനസ്സിനെ മെഴുകുപൊലെ ഉരുക്കി അത വായിച്ചുകഴിഞ്ഞപ്പൊൾ ആശ്രമം സ്ഥാപിക്കുന്നതിന്ന നമ്മുടെ പുണ്യവാളത്തിക്ക അനുവാദം കൊടുക്കയുംചെയ്തു. എന്നാ

ൽ മെൽചൊല്ലിയതിൻവണ്ണം നമ്മുടെപുണ്യവാളത്തി ക
ഴികെ ശെഷം എല്ലാവരും മട്ടത്ത ശരണമില്ലാതെ യിരി
ക്കയിൽ മെടമാസം ൧൨ തിയ്യതി ധൎമ്മശാലയിലെ വി
ചാരിപ്പുകാരൻ എൺാന്ത്രൊ ദെമത്താസ്സ എന്ന നല്ല കിള
വൻ, പുണ്യവാളത്തിയും കന്യാസ്ത്രീകളും പാൎത്തിരുന്നവീ
ട്ടിൽ ചെന്ന ആരൊടും മിണ്ടാതെ ആശ്രമം സ്ഥാപിക്ക
പ്പെട്ടപ്പൊൾ പെരുമാറുന്നതിന്ന തൂക്കിയിരുന്ന ചെറിയമ
ണിയുടെ കയറുപിടിച്ച വലിച്ച മണികൊട്ടുവാൻതുടങ്ങി
മണികെട്ടതിനൊട്ടുക്കൂടെ കന്യാസ്ത്രീകൾ എല്ലാവരും അ
നുവാദം കിട്ടിപ്പൊയി എന്ന മഹാ സന്തൊഷത്തൊട്ടു കൂ
ടെ ചൊല്ലികൊണ്ട ഒടിച്ചെന്നുനൊക്കിയപ്പൊൾ ഇതാകി
ളവൻ മഹാസന്തൊഷത്തൊട്ടുക്കൂടെ അനുവാദക്കടലാസ
കാട്ടുകയും ചെയ്തു.

യാതൊരു താമസംക്കൂടാതെ അതിൻെറ പിറെറ ദിവ
സം അതായത മെടമാസം ൧൩ തിയ്യതി ശുദ്ധമാകപ്പെ
ട്ട അമ്മ ബൃഗൊസ പട്ടണത്തിൽ താമസിച്ച നാളുകളി
ൽ കുമ്പസാരക്കാരനായിട്ട തെരിഞ്ഞെടുത്ത, പിന്നത്തെ
കാലങ്ങളിൽ ശുദ്ധമാകപ്പെട്ടഅമ്മ നിവ്യസുഖമായിട്ട മു
മ്പിൽക്കൂട്ടി അറിയിച്ചിരുന്നതുപൊലെ, കളഓറ എന്ന ദി
ക്കിൻെറ മെത്രാനായ മാൻസൊ എന്ന തെഒലൊഗീയ മ
ല്പാൻ കുൎബാന ചൊല്ലി ശുദ്ധ.— കുൎബാന എഴുന്നെള്ളിച്ച
വെക്കയും ചെയ്തു. ഇരംവണ്ണം നമ്മുടെ മഹാപുണ്യപതി
ജീവിതക്കാലത്തിൽ സ്ഥാപിച്ച കന്യാസ്ത്രീമഠങ്ങളിൽ ഒട്ടു
ക്കത്തെതായ പതിനെഴാമത്തെ ആശ്രമം സ്ഥാപിക്കപ്പെ
ട്ടു, അന്നാ ഉമ്മായുടെയും മാർ യൌസെപ്പ പുണ്യവാള
ൻെറയും നാമധെയത്താൽ അലംകരിക്കപ്പെട്ടുകയും ചെ
യ്തു. എന്നാൽ ആ ദിവസത്തിൽ തന്നെ ആ പട്ടണത്തിൽ
ഉണ്ടായിരുന്ന ദൊമ്മിനിക്കൊസ പുണ്യവാളൻെറ സഭ
ക്കാരുടെ കൊവെന്തയുടെ പ്രിയൊര വെറിട്ടൊരു കുൎബാ
ന പാട്ടുകയും, അതിന്ന ആരും അവരെ വിളിക്കാതെക്ക

ണ്ട എററം മിടുക്കന്മാരായിരുന്ന വാദ്യക്കാരരും പാട്ടുകാരരും കൂടി കർമ്മെലീത്ത ദെസ്കാൾസു കന്യാസ്ത്രീകൾ എണ്ണമില്ലാത്ത വിരൊധങ്ങളുടെ ഇടയിൽ അവരുടെ പട്ടണത്തിൽകടശി കാലുറച്ചുവെന്നുകണ്ട അവരുടെസന്തൊഷം വിശെഷപാട്ടുകളാലും വാദ്യംകൊണ്ടും കാട്ടുകയും ചെയ്തു.

കത്തരിന ദെത്തൊളൊസ എന്ന ഉത്തമസ്ത്രീയുടെ അഞ്ചാമത്തെ മകൾ ൟ ആശ്രമം സ്ഥാപിക്കപ്പെട്ടവുടനെ അതിൽ കൂടുകയും ചെയ്തു. അപ്പൊൾ ബൂഗ്ഗൊസ മെത്രാപ്പൊലീത്ത എററം വലിയ ഘൊഷത്തിന്നായിട്ട അവിടെ ചെന്ന കർമ്മങ്ങളെ എല്ലാം ആ ദെഹംതന്നെ കഴിച്ചതുകൂടാതെ എററം നല്ലതായ ഒരുപ്രസംഗം പറഞ്ഞു, അതുവരെ കാണിച്ചിരുന്ന വിരൊധങ്ങളാൽ അറിവുകുറഞ്ഞവൎക്ക ഉതെപ്പുണ്ടായിട്ടുണ്ടായിരുന്നുവെംകിൽ ആ പ്രസംഗംകൊണ്ട തീൎക്കയും ചെയ്തു: അതെന്തെ താൻ കർമ്മെലീത്ത ദെസ്കാൾസു സഭയെ എല്ലാപ്പൊഴും വളരെ മതിച്ചിരുന്നുവെന്നും, ൟ സഭയുടെ വന്ദിക്കപ്പെട്ട അടിസ്ഥാനക്കാരത്തിയായ അമ്മ ത്രെസ്യായെ സ്നെഹിച്ചിരുന്നുവെന്നും, ആയാശ്രമം സ്ഥാപിക്കുന്നതിന്ന എറിയ നാളത്തെക്ക അനുവാദം കൊടുക്കാതെയിരുന്നത അവരുടെ എററം വലിയ ഗുണത്തിന്നും ഉറപ്പിന്നുമായിട്ടാകുന്നുവെന്നും പരസ്യമായിട്ട പറകയും ചെയ്തു.

ൟ വണ്ണമൊക്കയും തീൎന്നുവെന്ന നമ്മുടെ ശുദ്ധമാക്കപ്പെട്ട അമ്മ കണ്ടപ്പൊൾ അനുഭവിച്ച സന്തൊഷവും തൃപ്തിയും ഇന്നപ്രകാരമെന്ന പറഞ്ഞൊപ്പിപ്പാൻ വഹിയാ. എന്നാൽ ഇതാ സൎവ്വെശ്വരൻ ഒടുക്കത്തെ പരീക്ഷ കഴിപ്പാൻ തിരുമനസ്സായി എന്നുപറയാം, അതായത: ഇരിക്കയിൽനിന്ന പുണ്യവാളത്തി തന്റെ കന്യാസ്ത്രീകളൊടുകൂടെ മരിപ്പാൻതക്ക യൊഗ്യത്തിൽ അകപ്പെടുകയും ചെയ്തു, അത എങ്ങിനെ യെന്നാൽ: ആളൻസൊൻ എന്ന ആറ, ബൂ

ഗ്രോസ പട്ടണത്തിന്റെ അരികിൽ ഒഴുകുന്ന ഒരുവലിയ
ആറത്രെ ആകുന്നത, ആയത കൎത്താവ ആകാശമൊക്ഷ
ത്തിൽ എഴുന്നെള്ളിയ തിരുനാളിന്ന ഭയങ്കരമായപ്രകാര
ത്തിൽ കവിഞ്ഞൊഴുകി, ബൂഗ്രോസ പട്ടണ വാസികൾ
യൊഗ്യപ്പെട്ടുപൊകുവാൻ തക്കവണ്ണം അതിന്റെവെള്ള
ങ്ങൾ പട്ടണത്തിൽ പരന്നു: ആ സമയത്ത നമ്മുടെപുണ്യ
വാളത്തി തന്റെകന്യാസ്ത്രീകളൊട്ടുക്രുടെ എന്തൊരുയൊ
ഗ്യത്തിൽ അകപ്പെട്ടു എന്നുള്ളത, ആ ദുഃഖത്തിന്നും ഭയത്തി
ന്നും പങ്കാളിയായിരുന്ന സാൻ വൎത്തുലൃമ്മായുടെ അന്നാ
എന്ന വാഴ്ത്തപ്പെട്ടവളുടെ പരമാൎത്ഥപ്പെട്ട വചനങ്ങളാൽ
നാം അറിയിക്കുന്നു: അവയാകുന്നു തെന്തെന്നാൽ, "നമ്മു
"ടെശുദ്ധമാകപ്പെട്ടഅമ്മയ്ക്കു ബൂഗ്രോസ പട്ടണത്തിൽവെ
"ച്ച ഒരുദിവസത്തിൽ വലിയ മൊഹാലസ്യം വന്നുവെ
"ന്ന ഞാനൊൎക്കുന്നു, ആ സമയത്ത വെള്ളത്തിൽ മുക്കിയ
"ഒരു നുറുക്ക അപ്പം ഞങ്ങൾ കൊടുത്തു ഇതാകുന്നു ഞങ്ങ
"ൾ ആ ദിക്കുതിക്ക ചെയ്യാൻ വശമായിരുന്ന സഹായം
"അതെന്തെ ഞങ്ങളുടെ ആശ്രമം ഒരാററിൻ കരയിൽ
"പണിചെയ്യപ്പെട്ടതാകുന്നു, എന്നാൽ ആരും ഞങ്ങളെ
"സഹായിപ്പാനും, ഞങ്ങൾ സഹായം അനെപക്ഷിപ്പാനും
"വശമാകാത്ത പ്രകാരത്തിൽ ആയാറ കവിഞ്ഞൊഴുകി
"യിരുന്നു, പഴെയതായിരുന്ന വീട ഇപ്പൊൾ വീഴുമെന്ന
"തൊന്നുവാൻ തക്കപ്രകാരത്തിൽ ഒഴുക്കിന്റെയും ഒളങ്ങ
"ളുടെയും അടിയാൽ ഞെട്ടുങ്ങിയിരുന്നു, ഞങ്ങളുടെ ശുദ്ധ
"മാകപ്പെട്ട അമ്മയുടെമുറി എല്ലായിലും മൊശമായിരുന്നു
"മെല്പൊട്ടുനൊക്കിയാൽ മെൽക്കൂട്ടിന്റെ ദ്വാരങ്ങൾ വ
"ഴിയായിട്ട നക്ഷത്രങ്ങളെ കാണായിരുന്നു, ആ പട്ടണ
"ത്തിൽ കുളിര ഏററം കട്ടപ്പമായിരുന്നതിനാലും ആ മു
"റിയുടെ ചുവരുകൾ പൊട്ടിയിരുന്നതിനാലും ആ മുറി
"യിൽ സാമാന്യമല്ലാത്ത കുളിരനുഭവിച്ചിരുന്നു: ആ വീട്ടി
"ന്റെ നിലമുറി നിറഞ്ഞ തട്ടൊളം വെള്ളം പൊങ്ങുക

,,ശ്യം ചെയ്തിരുന്നു: ശുദ്ധ·— കുമ്പാന മൂന്നാം തട്ടിലെ ഒരു
,,മുറിയിൽ കൊണ്ടുപൊയി എഴുന്നെള്ളിച്ച ഞങ്ങൾ എ
,,ല്ലാവരും ഇപ്പൊൾ മുങ്ങിചാകുമെന്ന പാൎത്തിരുന്നുംകൊ
,,ണ്ടു ഇടവിടാതെ ലുത്തനീയ എത്തിച്ചിരുന്നു, ഠരം യൊ
,,ഗ്യം ആറുമണിനെരംവരെ നിന്നു: ഞങ്ങൾ അനുക്രൂലം
,,പ്രാപിപ്പാനും, യാവനക്രൂട്ടങ്ങൾ എല്ലാം വെള്ളത്തിൽ
,,മുങ്ങിയിരുന്നതിനെകൊണ്ടു യാതൊന്നും തിൎമ്മാനും വശ
,,മില്ലാതെ കഷ്ടപ്പെട്ടിരുന്നു: എന്നാൽ ഞങ്ങളുടെ ശുദ്ധമാ
,,കപ്പെട്ട അമ്മ ആ യൊഗ്യത്തിന്റെ കാൎയ്യയാൽ വളരെ
,,ദുഃഖിച്ചിരുന്നതുക്രൂടാതെ, യാതൊന്നും നിശ്ചയിപ്പാൻ അ
,,റിയാമെലാത്ത പ്രകാരത്തിൽ ആകുവാൻ തക്കവണ്ണം
,,സൎവ്വെശ്വരൻ അവരെ ഉപെക്ഷിച്ചു എന്നുതൊന്നിയിരു
,,ന്നു: ഞങ്ങളുടെ ബുദ്ധി ഭ്രമം അധികമായിരുന്നതിനാൽ
,,ശുദ്ധമാകപ്പെട്ട അമ്മയ്ക്കു വല്ല യാവനകൊടുക്കുന്നതിന്ന
,,ഞങ്ങൾ മറന്നുപൊയി, നെരം നന്നാ കഴിഞ്ഞിരിക്കയി
,,ൽ എന്നൊടു പറഞ്ഞതായതു: എന്റെ മകളെ! കുറെ
,,അപ്പം ആനെപക്ഷിച്ച തരുന്നതിന്ന ഞാനപെക്ഷിക്കുന്നു,
,,അതെന്തെ മൊഹാലസ്യത്താൽ ഞാൻ മയങ്ങി പൊകു
,,ന്നു. ഠരം വചനങ്ങളെ കെട്ടാറെ എന്റെ ഹൃദയം ദുഃ
,,ഖത്താൽനിറഞ്ഞു, ഉടനെ ഒരു പുതുകന്ന്യാസ്ത്രീ വെള്ളത്തി
,,ൽ മുങ്ങി കുറെ അപ്പം എടുക്കയും ചെയ്തു: നമ്മുടെ ശുദ്ധ
,,മാകപ്പെട്ടവൾക്ക ഠരം ദിക്കുതിനെരത്ത ഞങ്ങൾ കൊടു
,,പ്പാൻ വശമായത ഇതാകുന്നു. സൎവ്വെശ്വരൻ ഞങ്ങളു
,,ടെ സഹായത്തിന്ന രണ്ടാളുകളെ യാത്രയാക്കിയില്ലായെ
,,ങ്കിൽ സംശയംക്രൂടാതെ ഞങ്ങൾഎല്ലാവരും മരിച്ചുപൊ
,,യെനെ: ആ രണ്ടുപെര എവിടെനിന്ന വന്നു എങ്ങനെ
,,വന്നു എന്നറിവാൻ ഞങ്ങൾവശമായില്ല: അവരവെള്ള
,,ത്തിൽമുങ്ങി വെള്ളം എളുപ്പത്തിൽ പുറത്ത ഒഴുകുവാൻ
,,തക്കവണ്ണം കതകുകളെയെല്ലാംപൊളിച്ചിട്ടു കാണാതാ
,,യി പൊകയും ചെയ്തു. ഞങ്ങളുടെ ശുദ്ധമാകപ്പെട്ട അ

,,മ്മയുടെമെറി ഇപ്പൊൾ വീഴുമെന്ന തൊന്നുവാൻ തക്കവ
,,ണ്ണം ഇളകിയിരുന്നു: വിശെഷിച്ച ഞാൻ മുമ്പിൽചൊല്ലി
,,യതിൻവണ്ണം കുളിര അധികമായിരുന്നതിനാൽ ഞാൻ
,,പെരുമാറിയിരുന്ന പൂടകൊണ്ടുള്ള പുതപ്പ രണ്ടും എടുത്ത
,,ഒന്നുകൊണ്ട അമ്മെനെ പുതച്ചു, മററെത അവരുടെ ക
,,ട്ടിലിന്നുചുററും വിരിച്ച മറെച്ചു ആയത ശുദ്ധമാകപ്പെ
,,ട്ട അമ്മ അറിഞ്ഞില്ല അറിഞ്ഞിരുന്നുവെങ്കിൽ ഒരുനാളും
,,സമ്മതിക്കാഞ്ഞെനെ, എന്നതിൻെറശെഷം അമ്മയ്ക്കു ഉ
,,റക്കംവരുവാൻ തുടങ്ങുന്നുവെന്ന ഞാൻ കണ്ടപ്പൊൾ കാ
,,വലായിട്ടഞാനരികിൽഇരുന്നു,ചിലപ്പൊൾ ഉണൎന്ന എ
,,ന്നെ വിളിച്ചിരുന്നു, അപ്പൊൾ ഞാൻ കട്ടിലിൽ നിന്ന
,,എഴുന്നെല്ക്കുന്നഭാവംകാണിച്ച വെഗത്തിൽ എത്തിയിരു
,,ന്നതുകൊണ്ട ശുദ്ധമാകപ്പെട്ട അമ്മ എന്നൊട, മകളെ!
,,എത്രയൊ വെഗത്തിൽവരുന്നു, എന്ന ഒരുസമയത്ത പ
,,റകയും ചെയ്തു,,

ഠരംവിവരമൊക്കയും നമ്മുടെവാഴ്ത്തപ്പെട്ടവളുടെ വ
ചനങ്ങളാൽ ഇവിടെ നാം കാണിച്ചത പ്രത്യെകം അവ
രുടെ വാചകത്തിൻെറയും ഹൃദയത്തിൻെറയും എല്ലാവ
രാൽ ആഗ്രഹിക്കപ്പെട്ടുവാൻ തക്ക പരമാൎത്ഥത്തിൻെറ ഒ
രുദൃഷ്ടാന്തം കാട്ടുവാൻവെണ്ടിയത്രെ ആകുന്നു. എന്നാൽ
മെലെഴുതിയ യൊഗ്യം കഴിഞ്ഞിട്ട, അവിടെ അമ്മത്രെ
സ്യ ഉണ്ടായിരുന്നതു കൊണ്ട ബൂൎഗ്ഗൊസ പട്ടണവാസിക
ൾ എല്ലാവരും മുഞ്ഞി ചാകുന്നതിന്ന സൎവ്വെശ്വരൻ അനു
സരിച്ചില്ലയെന്ന മെത്രാപ്പൊലീത്തായും മററനെകം പെ
രും പറഞ്ഞുവന്നിരുന്നു.

നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മയ്ക്കും തൻെറ യൊഗ്യത
യുള്ള മക്കളായ കന്യാസ്ത്രീകൾക്കും ദാരിദ്ര്യത്തിന്മെലുണ്ടാ
യിരുന്ന പക്ഷത്താലും, പിന്നത്തെ കാലങ്ങളിൽ കത്തരീ
ന ദെത്തൊളൊസാ എന്ന ഉത്തമസ്ത്രീക്ക യാതൊരുസങ്ക
ടംവരാതെയിരിപ്പാൻവെണ്ടീട്ടും, അവൾക്ക ഠരം പുണ്യപ്പെ

ട്ട സ്ത്രീ ചെയ്തിട്ടുണ്ടായിരുന്ന ഉപകാരങ്ങൾക്ക നന്ദികാട്ടുവാൻവെണ്ടീട്ടും, മെത്രാപ്പൊലിത്തഅറിയാതെപ്രൊവിൻസ്യാളിന്റെ അനുവാദത്തൊട്ടുകൂടെ മെൽചൊല്ലിയ സ്ത്രീയുടെ വസ്തുക്കളുടെമെലുണ്ടായിരുന്ന അവകാശം തക്ക ഉറപ്പുള്ള എഴുത്തുകളാൽ ഒഴികയും ചെയ്തു. ഇതുഹെതുവായിട്ട മറ്റുപ്രകാരത്തിൽ ഒരുകഴിവുണ്ടാകുന്നതിന്നുമുമ്പിൽ തന്റെ മക്കളെ വിട്ടുപെക്ഷിക്കുന്നതിന്ന ശുദ്ധമാകപ്പെട്ട അമ്മയ്ക്കു ധൈൎയ്യം തൊന്നായ്കയാൽ അവിടെ പാൎത്തിരുന്നു, ഇങ്ങനെയുള്ള ആഗ്രഹങ്ങളൊട്ടുകൂടെയിരിക്കയിൽ ഒരുദിവസം ശുദ്ധ.- കുൎബ്ബാന കൈക്കൊണ്ടുകഴിഞ്ഞപ്പൊൾ സൎവ്വെശ്വരൻ തന്നൊട അരുളിചെയ്തതായത: "എന്തെ സംശയിക്കുന്നു? ഇതിന്ന കഴിവുണ്ടാക്കീട്ടുണ്ട: നിനക്കുപൊകയും ആം,, ഠരം തിരുവചനങ്ങളെ കെട്ടാറെ തന്റെ പ്രിയപ്പെട്ട മക്കളുടെവിചാരം സൎവ്വെശ്വരൻ എറ്റിയിരുന്നുവെന്ന പുണ്യവാളത്തിക്ക തിരിഞ്ഞു എന്നതിനെകൊണ്ട യാത്രയ്ക്കു വട്ടംകൂട്ടി ചിങ്ങമാസം ആരംഭിച്ചപ്പൊൾ യാത്രയ്ക്കു പുറപ്പെട്ടുകയും ചെയ്തു.

എന്നാൽ ആവില മാൎയൌസെപ്പ പുണ്യവാളന്റെ ആശ്രമത്തിലെ ശ്രെഷ്ഠത്തിയായിരുന്നതിനാൽ പ്രൊവിൻസ്യാളിന്റെ കല്പനപ്രകാരം എഴുത്തുവഴിയായിട്ട അതിനെ ഭരിച്ചുവന്നിരുന്നുവെങ്കിലും ജൊലിയൊഴിഞ്ഞായപ്പൊൾ താൻ തന്നെഅവിടെചെന്ന ഭരിക്കണമെന്നുവെച്ച എങ്ങും താമസിയാതെ ചൊവ്വെ ആവില പട്ടണത്തിലെക്ക പൊകണമെന്നുള്ള അഭിപ്രായത്തൊട്ടുകൂടെ ബൂൎഗൊസ പട്ടണത്തിൽനിന്ന പുറപ്പെട്ടിരുന്നു, എന്നാൽ സൎവ്വെശ്വരൻ നമ്മുടെ വീരപത്നിക്ക ആസ്ഥമാക്കിയിരുന്ന മൊക്ഷമുടിയുടെ അലംകാരമൊക്കെയും തീൎന്നിരുന്നതിനെകൊണ്ട ആവിലയിൽ എത്തുന്നതിന്ന ഇടവരാതെ അല്ബ എന്ന നഗരിയിലെ ആശ്രമത്തിൽവെച്ച, അധികമായിട്ട സ്നെഹിച്ചിരുന്ന സൎവ്വെശ്വരനെ മുഖമുഖമായി ദൎശിപ്പാൻ

പൊകയും ചെയ്യു.

എന്നാൽ അതിന്റെ വിവരങ്ങൾ എല്ലാം ചരിത്രത്തിന്റെ അവസാനത്തിങ്കൽ വിവരമായിട്ട എഴുതുന്നതിന്ന നിയൊഗ മായിരിക്കകൊണ്ട ഒന്നാംക്രുറിനെ ഇവിടെ അവസാനിപ്പിച്ചു കൊണ്ട നമ്മുടെ പുണ്ണ്യവാളത്തിയുടെ അത്ഭുതമായ പുണ്ണ്യസുഖത്തിന്റെ എററം ഉചിതമായ സാക്ഷികൾ ആകുന്ന തന്റെ വിശെഷമായ പുണ്ണ്യങ്ങളെ വിസ്തരിക്കുന്നതിന്ന രണ്ടാം ക്രുറ ആരംഭിപ്പാൻ ന്യായമായിരിക്കുന്നു.

ഒന്നാം ക്രുറ സമാപ്തം.

## ഈ പുസ്തകത്തിൽ അടങ്ങിയിരിക്കു ന്നവകളുടെ കുറിപ്പ.

### ഒന്നാം കൂറ.


അദ്ധ്യായം. പക്ഷം.

കാഴ്ചവെപ്പ. ൧

൧. ത്രെസ്യപുണ്ണ്യവാളത്തിയുടെ പിറവിയും. ചെറു പ്രായവും പുണ്ണ്യവാളത്തി യുടെ മാതാപിതാക്കന്മാരുടെ അവസ്ഥയും പുണ്ണ്യവാളത്തിയുടെഅമ്മയുടെ മരണവും താൻ അപ്പൊൾ ചെയ്തതും. ൫

൨. പെണ്ണെതങ്ങളെ വളൎത്തി വന്നിരുന്ന മാർ അഗുസ്തീനൊസിന്റെ കന്ന്യാസ്ത്രീമഠത്തിൽ നമ്മുടെ പുണ്ണ്യവാളത്തി ഉൾക്കപ്പെടുന്നു, തന്റെ അതിശയമായ പുണ്ണ്യസുഖത്തെ മുമ്പിൽകൂട്ടി അറിയിപ്പാൻ ഉണ്ടായ ഒരു അതിശയം, പുണ്ണ്യവാളത്തിയുടെ ആത്മാവിൽ ഉണ്ടായ പകൎച്ചയും, ആ മഠത്തിൽനിന്ന വീട്ടിലൊട്ട പിന്തിരിഞ്ഞ വിവരവും, കൎമ്മെലീത്ത സഭയിൽ കൂടുവാൻ നിയൊഗിച്ച വിവരവും. ൰൫

൩. ത്രെസ്യ കൎമ്മെലൊ ദെവ മാതാവിന്റെ ആശ്രമത്തിൽ പൊയി കൂടുന്നതിന്ന അപ്പന്റെ വീട്ടിൽനിന്ന ഒടിപ്പൊയതും, മരിച്ചവരുടെ ദിവസത്തിൽ കൎമ്മെലീത്ത സഭയുടെ തിരുവസ്ത്രങ്ങളാൽ പരീക്ഷയുടെകാലം എതിരൊടുകൂടെ കഴിച്ചതും, പറഞ്ഞൊപ്പ ചെയ്ത വിവരവും. ൨൰

൪. നമ്മുടെപുണ്ണ്യവാളത്തിയുടെ ദീനങ്ങൾ വൎദ്ധിച്ച ശികിത്സയ്ക്കായിട്ട ആശ്രമത്തിൽനിന്നപുറപ്പെട്ട വെറിട്ടൊരു നഗരിയി

ഒന്നാം ക്രമം.

അദ്ധ്യായം. പക്ഷം.
ൽ പൊയതും, അവിടെവെച്ച സംഭവി
ച്ച ചില സംഗതികളും, ദീനങ്ങൾ ഭെ
ദംവരുന്നതിന്നുപകരം വൎദ്ധിച്ചപ്രകാര
വും, അപ്പന്റെ വീട്ടിൽ പിന്തിരിഞ്ഞിട്ടു
ണ്ടായ അത്ഭുതമായ കാൎയ്യവും, ആശ്രമ
ത്തിൽ പിന്തിരിഞ്ഞിട്ടു മൂന്നു സംവത്സരം
വരെ പാടുപെട്ടപ്രകാരവും, കടശി മാ
ൎയ്യെന്നസെപ്പ പുണ്യവാളന്റെ മദ്ധ്യസ്ഥ
ത്താൽസൌഖ്യമാക്കപ്പെട്ടവിവരവും. ൪൰
൫. ത്രേസ്യ പുണ്യവാളത്തിക്കുണ്ടായ ഒട്ടുക്ക
ത്തെ മന്ദതയും, തന്നെത്താൻ സൎവ്വെശ്വ
രന്ന മുഴുവനും കയ്യാളിക്കുന്നതിന്ന ചെ
യ്യു അന്തരംവരാത്ത പ്രതിജ്ഞയും. ൫൰
൬. നമ്മുടെ പുണ്യവാളത്തിയുടെ നൂതനമാ
യുള്ള പുണ്യ വീരന്മാൎക്കടുത്ത വ്യാപാര
ക്രമം. ൬൰
൭. നമ്മുടെ പുണ്യവാളത്തി എത്രയും ഏക
രപ്പെട്ട ധ്യാനത്തിന്ന സൎവ്വെശ്വരനാൽ
കരെറപ്പെടുന്നു, പല മഹാത്മാവുകൾ
പിശാചിനാൽ തട്ടിക്കപ്പെട്ടിരിക്കുന്ന പ്ര
കാരം വിധിക്കപ്പെടുന്നു. ൭൰
൮. ത്രേസ്യ ദൈവ സ്നേഹാഗ്നിയാൽ അത്ഭു
തമാംവണ്ണം എരിഞ്ഞിരിക്കയിൽ ഒരു
സെറാഫ മാലാഖാ ഒരു കുന്തത്താൽ അ
വരുടെ ശങ്കിനെ കുത്തുകയും ചെയ്യുന്നു. ൮൰
൯. ത്രേസ്യ പുണ്യത്തിൽ വൎദ്ധിച്ച എററം
സാംഗൊപാംഗമുള്ളതിനെ പ്രവൃത്തിക്കു
ന്നുണ്ടെന്ന പറഞ്ഞൊപ്പുചെയ്യുന്നു, കൎമ്മ

ഒന്നാംക്രമം.


അദ്ധ്യായം. പക്കം.

ലീത്ത സഭയെ പുത്തനാക്കുവാൻ നിശ്ച
യിക്കയും ചെയ്യുന്നു. ൮൭

൧൦. നമ്മുടെ പുണ്യവാളത്തി കർമ്മലീത്ത സ
ഭയെ പൂർവ്വ അലങ്കാരത്തൊടുകൂടെ സ്ഥാ
പിച്ചതിന്റെ ആരംഭങ്ങളും, അതിനാൽ
അനുഭവിച്ച സങ്കടങ്ങളും. ൯൭

൧൧. ശ്രെസ്ത്യ പുത്തൻ ആശ്രമത്തിൽ പൊയി
പൂർവ്വ റെഗുലയുടെ കാപ്പു സ്ഥാപിക്കുന്നു,
മുൻ സഹിച്ചതിൽ എററം വലിയതും നൂ
തനമായിട്ടുള്ളതുമായ സംകടങ്ങളെ അ
നുഭവിക്കയും ചെയ്യുന്നു. ൧൦൬

൧൨. ശ്രെസ്ത്യ പുത്തൻ ആശ്രമത്തിന്റെ മൂപ്പ
ത്തിയായി തെരിഞ്ഞെടുക്കപ്പെടുന്നു, പുണ്യ
ങ്ങളുടെ വീരന്മാർക്കുട്ടത്ത ദൃഷ്ടാന്തങ്ങളെ
കാട്ടുകയും ചെയ്യുന്നു. ൧൨൩

൧൩. നമ്മുടെപുണ്യവാളത്തി പുരുഷന്മാരുടെ
ഇടയിലും പൂർവ്വറെഗുലയുടെ കാപ്പു സ്ഥാ
പിക്കുന്നതിന്ന വിചാരിച്ചിരിക്കുന്നു, ക
ന്യാസ്ത്രീകളുടെ മററാശ്രമങ്ങളെ സ്ഥാ
പിപ്പാൻ സഭയുടെ തലവനായിരിക്കുന്ന
ജെനെരാളിനൊട ഉത്തരവു വാങ്ങിക്ക
യും ചെയ്യുന്നു. ൧൩൪

൧൪. ശ്രെസ്ത്യ മററ കന്യാസ്ത്രീകളുടെയും പുരു
ഷന്മാരുടെയും ഒന്നാമത്തെ കൊവെന്ത
യെയും സ്ഥാപിക്കുന്നു. ൧൪൨

൧൪ാം അദ്ധ്യായത്തിന്ന അനുബന്ധമായി
കൂട്ടി ചെർത്ത ചില വാഴ്ത്തപ്പെട്ടവരുടെ
വിവരം. ൧൫൭

# ഒന്നാം ക്രമ·


അദ്ധ്യായം· പക്ഷം·

൬൭· നമ്മുടെ പുണ്യവാളത്തി മററ കന്യാസ്ത്രീ ആശ്രമങ്ങളെ സ്ഥാപിക്കുന്നു, ചില പ്രത്യക്ഷങ്ങൾ ചെയ്യുന്നു, കൊമ്മിസ്സാരി അപ്പസ്തൊലീക്കാമാര നിയമിക്കപ്പെടുന്നു, ആവില പട്ടണത്തിൽ ഇൻക്കണ്ണസ്യൊനിന്റെ ആശ്രമത്തിന്റെ ശ്രെഷ്ഠത്തിയായിട്ടു തെരിഞ്ഞെടുക്കപ്പെടുന്നു· ൬൯൬

൬൮· ഇൻക്കണ്ണസ്യൊനിന്റെ ആശ്രമത്തിനുണ്ടായ മററുചിലഗുണങ്ങളും, അവിടെ സംഭവിച്ച ചില സംഗതികളും, പുണ്യവാളത്തി അതിന്നിടയിൽ ചില ആശ്രമങ്ങളെ സ്ഥാപിക്കുന്നതിന്നു ചെയ്യു പ്രയത്നങ്ങളും· ൭൬൭

൬൯· നമ്മുടെശുദ്ധമാക്കപ്പെട്ടഅമ്മ കല്പനപ്രകാരം തൊലെദൊ എന്ന പട്ടണത്തിലെ ആശ്രമം തന്റെ പാറാവായിട്ടു തെരിഞ്ഞെടുത്തു അവിടെ പൊകുന്നു, തന്നൊടും തന്റെമക്കളൊടും തന്റെസഭയൊടും ഞെരുക്കങ്ങളും വിരൊധങ്ങളും വർദ്ധിക്കുന്നു, യൊഹന്നൻ ആക്രൂസ പാറാവിൽ ഇടപ്പെടുന്നു· ൭൧൧

൭൰· സർവ്വെശ്വരൻ തമ്പുരാൻ നമ്മുടെ പുണ്യവാളത്തിയെ ആശ്വസിപ്പിക്കുന്നു, തന്റെ സഭയ്ക്കു ആഗ്രഹിക്കപ്പെട്ട സമാധാനം ഉണ്ടാകുമെന്ന് പുണ്യവാളത്തി ദൈവ അരുളപ്പാടാലെയും കാഴ്ചയാലെയും അറിഞ്ഞ വെളിപ്പെടുത്തുകയും ചെയ്യുന്നു ശ്രെഷ്ഠന്റെ കല്പനപ്രകാരം സല്ലമാൻക്ക മ

ഒന്നാം ക്രമം.

| അദ്ധ്യായം. | | പക്ഷം. |
|---|---|---|
| | ലെഗൊ എന്ന ദിക്കുകളിൽ പൊകയും ചെയ്യുന്നു. | ൨൩൭ |
| ൧൯. | ദൊന്ന കത്തരീന ദെകക്ലെറ്റാന ആരാകുന്നു, നമ്മുടെ ശുദ്ധമാകപ്പെട്ടവൾ വില്ലനൊവ ദെല്ലക്സാര എന്നദിക്കിൽ ഒരു ആശ്രമം സ്ഥാപിക്കുന്നതിന്നപൊകുന്നു, ആ വഴിയാത്രയിലുംഅവിടെചെന്നിട്ടും സംഭവിച്ച ചില സംഗതികളും. | ൨൯൭ |
| ൨൦. | നമ്മുടെപുണ്ണ്യവാളത്തിക്കുണ്ടായ ദീനം, പുണ്ണ്യവാളത്തിയുടെ ആങ്ങള ലൊരെൻസൊ മരിക്കുന്നു, പല്ലെൻസ്യ ദിക്കിൽ ഒരാശ്രമം സ്ഥാപിക്കുന്നു, നമ്മുടെ സഭ ശുദ്ധ- മാർപ്പാപ്പായുടെ കല്പന പ്രകാരം കല്സാദിക്കാരുടെ ക്രൂട്ടത്തിൽനിന്ന ഒരുവിധത്തിൽ വെറുതിരിയപ്പെട്ട തനതു പ്രൊവിൻസ്യാൾതെരിഞ്ഞെടുക്കപ്പെടുന്നു. | ൩൦൦ |
| ൨൧. | നമ്മുടെശുദ്ധമാകപ്പെട്ട അമ്മ സൊരീയ ആശ്രമം സ്ഥാപിച്ച വിവരവും, അതിന്നിടയിൽ തന്റെറ കല്പനപ്രകാരം ०രം ശൊടെഹന്നാ ഗ്രനാത്ത ആശ്രമം സ്ഥാപിച്ചവിവരവും, മറ്റ്ചില സംഗതികളും ഇതിൽ അടങ്ങിയിരിക്കുന്നു. | ൩൨൭ |
| ൨൨. | നമ്മുടെശുദ്ധമാകപ്പെട്ട അമ്മ ബുർഗൊസ എന്നനഗരിയിൽ ഒടുക്കത്തെ ആശ്രമം സ്ഥാപിക്കുന്നതിന്ന പൊയ വഴിയാത്രയുടെ വിവരവും, അതിനെ സ്ഥാപിക്കുന്നതിന്ന ഉണ്ടായ വിരൊധങ്ങളും, മറ്റചില സംഗതികളും. | ൩൩൯ |

343

৩৫৩

Indic Digital Archive Foundation
gpura.org